
എറകോന്നി

# നാഗനൂലിൽ - മണ്ണൂർ കുടുംബ ചരിത്രം



# എറകോന്നി
# നാഗനൂലിൽ - മണ്ണൂർ
# കുടുംബചരിത്രം

Malayalam
**NAGANNOOLIL-MANNUR KUDUMBACHARITRAM**
History

Edited by
**Naganoolil-Mannur Kudumbayogam**

Layout & Design : Don Bosco IGACT

First Published : 2003 February 1

Printed at : Don Bosco IGACT, Kochi - 28
Phone : 2806263, 2806411

(For Private Circulation only)







# ഭാരവാഹികൾ



**പി.എം. മാത്യു പ്ലാക്കാട്ട്**
*പ്രസിഡൻറ്*



**ജോസഫ്കുട്ടി
കിഴക്കേകോയിപ്പുറത്ത്**
*വൈസ് പ്രസിഡൻറ്*



**ജോജി അലക്സ്
മഠത്തിക്കാട്ടുകുന്നേൽ**
*സെക്രട്ടറി*




സാബു ഡി. മാത്യു
എഡിറ്റോറിയൽ സെക്രട്ടറി



ജോബ് അഞ്ചേരിൽ
എറകോന്നി കുടുംബയോഗം സെക്രട്ടറി



അനിൽ ജി. മാധവപ്പള്ളി
ട്രഷറർ



ജോജോ ഐസക്ക്
മണ്ണൂർ
ജോയിന്റ് സെക്രട്ടറി




ജോജോ ജോസഫ്
തെക്കേകോയിപ്പുറം
ജോയിന്റ് സെക്രട്ടറി



കെ.എം.ജോർജ്ജ്
തെക്കേകോയിപ്പുറം
ജോയിന്റ് സെക്രട്ടറി

# കമ്മറ്റി അംഗങ്ങൾ




എം.വി.ചാണ്ടി
മറത്തിക്കാട്ടുകുന്നേൽ




ജോസഫ്
നാഗനൂലിൽ




എം.വി.ജോർജ്ജ്
മാധവപ്പള്ളിൽ



സി.ജെ. ജോസഫ്
ചെല്ലങ്കോട്ട്




കെ.പി. ചെറിയാൻ
കോക്കപ്പുറം




ജോസഫ്
തലക്കുളം




# കമ്മറ്റി അംഗങ്ങൾ




സി.പി.സെബാസ്റ്റ്യൻ
കിഴക്കേനാഗനൂലിൽ



സി.എം. ജേക്കബ്
ചെരുകുന്നേൽ




ജോർജ്ജുകുട്ടി
തെക്കേകോയിപ്പുറം



ജോസ് തോമസ്
ഞാറ്റുകാലക്കുന്നേൽ




ജോർജ്ജ്
നാഗനൂലിൽ



കെ.എം.മാത്യു
വടക്കേകോയിപ്പുറം


# നാഗനൂലിൽ – മണ്ണൂർ കുടുംബത്തിലെ വൈദികർ



ഫാ.തോമസ്
മാധവപ്പള്ളി



ഫാ.കുഞ്ചുവർക്കിയച്ചൻ
നാഗനൂലിൽ




ഫാ.സക്കറിയാസ്
മണ്ണൂർ



ഫാ.ജോസഫ്
കോയിപ്പുറം




ഫാ. തോമസ്
പ്ലാക്കാട്ട്




ഫാ.ഗ്രേഷ്യൻ CMI
മണ്ണൂർ




# നാഗനൂലിൽ – മണ്ണൂർ കുടുംബത്തിലെ വൈദികർ



റെമിജീയൂസ് CMI




ഫാ.ജേക്കബ്
തൈത്തോട്ടം



ഫാ.ജോർജ്ജ്
ചെല്ലങ്കോട്ട്



ഫാ.ക്രിസ്റ്റ്യൻ CMI
പ്ലാക്കാട്ട്



ഫാ. തോമസ് S.J.
കോയിപ്പുറം




ഫാ.സക്കറിയാസ്
മണ്ണൂർ


## നാഗനൂലിൽ - മണ്ണൂർ കുടുംബത്തിലെ വൈദികർ




**ഫാ.തോമസ്**
മണ്ണൂർ




**ഫാ.ജെസ്റ്റിൻ**
കോയിപ്പുറം



**ഫാ.ജോസഫ്**
മണ്ണൂർ



**ഫാ.എബ്രാഹം CMI**
പുതിയാത്ത്




**ഫാ. ചെറിയാൻ**
തലക്കുളം



**ഫാ.ജോസ്**
മണ്ണൂർ



## നാഗനൂലിൽ - മണ്ണൂർ കുടുംബത്തിലെ വൈദികർ




**ഫാ.തോമസ്**
നാഗനൂലിൽ



**ഫാ.തോമസ്**
തലക്കുളം



**ഫാ.ജോസ്**
മൊളോപ്പറമ്പിൽ



**ഫാ.ജോർജ്ജ് MCBS**
വള്ളികാട്ടുകുഴി



**ഫാ. കുര്യൻ**
കോയിപ്പുറം



**ഫാ.ജെയിംസ് SDB**
പ്ലാക്കാട്ട്

# നാഗനൂലിൽ - മണ്ണൂർ കുടുംബത്തിലെ വൈദികർ



ഫാ.സിബി ലൂക്കോസ് CMI
വള്ളികാട്ടുകുഴി




ഫാ.ടോം ജോൺ OFM
തൈത്തോട്ടം

ഫാ.മത്തായി, നാഗനൂലിൽ

ഫാ. ജോസഫ്, പുതിയാത്ത്

ഫാ. ഇട്ടിച്ചെറിയത്, കോക്കപ്പുറം





# മുഖക്കുറിപ്പ്

നാഗനൂലിൽ-മണ്ണൂർ കുടുംബചരിത്രം ഇതര ചരിത്രഗ്രന്ഥങ്ങളിൽ നിന്ന് വ്യത്യസ്തമാകുന്നത് ഈ കുടുംബങ്ങളുടെ ചരിത്രം ഒരു ദേശത്തിന്റെയും കാലഘട്ടത്തിന്റെയും ചരിത്രമാകുന്നതുകൊണ്ടാണ്. ഒരു പറ്റം വ്യക്തികളുടെ ജനന-വിവാഹ-മരണങ്ങളുടെ അനുക്രമവിവരണമെന്നതിനേക്കാൾ ഒരു സഹസ്രാബ്ദം മുമ്പ് അങ്കമാലിയിൽ നിന്നുമെത്തി മേവിടയിലും മണർകാട്ടുമായി താമസിച്ച് വളർന്ന് വികാസം പ്രാപിച്ച ഒരു മഹാകുടുംബസമൂഹത്തിന്റെ സംഭവബഹുലമായ ജീവിതയാത്രയുടെ ചരിത്രമാണിത്.

എറകോന്നി എന്ന മഹാകുടുംബത്തിലെ ശാഖകൾ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും കുടിയേറിപ്പാർത്തു. പത്താം നൂറ്റാണ്ടു മുതലുള്ള ഈ മഹായാത്രകളെക്കുറിച്ചുള്ള സമ്പൂർണ്ണ അറിവിന്റെ അപര്യാപ്തത പഴയ ഏടുകളെ കൂട്ടിയോജിപ്പിക്കുവാൻ ഞങ്ങളെ പ്രയാസപ്പെടുത്തിയിട്ടുണ്ട്. ഭാവിതലമുറ ഇത്തരമൊരു പ്രതിസന്ധിയെ ഒരു കാരണവശാലും നേരിടാനിടവരരുത്. പതിനേഴാം നൂറ്റാണ്ടു മുതൽ എറകോന്നിയിൽ നിന്നും വെട്ടിക്കാട്ടു മാറിത്താമസിച്ച ഇട്ടിച്ചെറിയായുടെ കാലം മുതൽക്കുള്ള ചരിത്രരേഖകൾ നമുക്ക് ലഭ്യമാണ്. ഈ രേഖകളിൽ പ്രധാനപ്പെട്ട ഒന്നാണ് പരേതനായ കിഴക്കേക്കര ഇട്ടി ഐപ്പ് തയ്യാറാക്കിയ കൈയെഴുത്തു പ്രതി. ബഹു. സി.റ്റി. കൊട്ടാരത്തിലച്ചൻ 1971-ൽ പ്രസിദ്ധീകരിച്ച എറകോന്നി കുടുംബചരിത്രം ടി രേഖയെ അടിസ്ഥാനമാക്കി എഴുതിയതാണ്. നാഗനൂലിൽ-മണ്ണൂർ കുടുംബചരിത്ര ഗ്രന്ഥം എറകോന്നി കുടുംബചരിത്രത്തിൽ ഉൾപ്പെടുത്തുന്നതിൽ സഹായിച്ചത് ശ്രീ. എം.റ്റി. ജോർജ്ജ് തൈത്തോട്ടം, റവ. ഫാ.തോമസ് മണ്ണൂർ എന്നിവരാണ്.

എറകോന്നി കുടുംബചരിത്രം ലഭ്യമല്ലാതായിട്ട് വർഷങ്ങൾ കഴിഞ്ഞു. അന്ന് കുട്ടികളായിരുന്നവർ വളർന്ന് വലുതായി. വളരുന്ന നമ്മുടെ കുടുംബത്തിന്റെ ചരിത്രവും കാലഘട്ടത്തിന്റെ ആവശ്യമായി മാറി. ചരിത്രഗ്രന്ഥരചനയെക്കുറിച്ച് നമ്മുടെ കുടുംബക്കാർ നിരന്തരമായി ആവശ്യപ്പെട്ടതനുസരിച്ച് അത്തരമൊരു സാഹസിക യജ്ഞത്തെക്കുറിച്ച് ഞാനും ഗൗരവമായി ചിന്തിച്ചു. എന്റെ സഹോദരൻ റവ.ഫാ. ക്രിസ്റ്റ്യൻ പ്ലാക്കാട്ട് ഇതിനു

വേണ്ട സഹായം ഉണ്ടാകുമെന്ന് ഉറപ്പു നൽകുകയും ചെയ്തു. മാധവപ്പള്ളിൽ പ്രൊ. എം.വി. ജോർജും ഇത്തരമൊരു പരിശ്രമത്തിന് എല്ലാവിധ പിന്തുണയും നൽകി. കുടുംബാംഗങ്ങളുടെ സഹകരണം ഉറപ്പാക്കിയതിനു ശേഷം 2001 ജൂൺ മാസം 8ാം തീയതി വൈകുന്നേരം മാധവപ്പള്ളിൽ ഒരു യോഗം ചേർന്ന് കുടുംബചരിത്രരചനയുമായി മുമ്പോട്ടു പോകുവാൻ തീരുമാനിച്ചു. ഈ യോഗത്തിൽ പ്രൊഫ. എം.വി. ജോർജ്, ചാണ്ടിക്കുഞ്ഞ് മഠത്തിക്കാട്ടുകുന്നേൽ, ജോസഫ് കുട്ടി ഈറ്റിയാങ്കൽ, കെ.എം. ജോർജ്ജ് കോയിപ്പുറം, ജോജി മഠത്തിക്കാട്ടുകുന്നേൽ, സ്കറിയാച്ചൻ മണ്ണൂർ എന്നിവരും ഞാനും സംബന്ധിച്ചിരുന്നു. എന്തു കഷ്ടപ്പാടുകൾ സഹിച്ചും ചരിത്ര പുസ്തകം പുറത്തിറക്കണമെന്നും ഇതിനെ സംബന്ധിച്ച് ആലോചിക്കുവാനായി വിപുലമായ ഒരു യോഗം കൂടണമെന്നും തീരുമാനിച്ചു.

2001 ജൂലായ് 9-ാം തീയതി എൻെറ വസതിയിൽ വെച്ച് മറ്റൊരു യോഗം കൂടി. ഏകദേശം ഇരുപത്തഞ്ചോളം കുടുംബാംഗങ്ങൾ സംബന്ധിച്ചു. പ്രസ്തുത യോഗത്തിൽ വെച്ച് ഞാൻ പ്രസിഡൻറായും ജോസഫ്കുട്ടി ഈറ്റിയാങ്കൽ വൈസ് പ്രസിഡൻറായും പ്രൊഫ. ജോജി അലക്സ് മഠത്തിക്കാട്ടുകുന്നേൽ സെക്രട്ടറിയായും, സ്കറിയാച്ചൻ മണ്ണൂർ, കെ.എം. ജോർജ് കോയിപ്പുറം, ജോജോ തെക്കേകോയിപ്പുറം എന്നിവരെ ജോയിൻറ് സെക്രട്ടറിമാരായും അഡ്വ. അനിൽ മാധവപ്പള്ളിയെ ട്രഷററായും തെരഞ്ഞെടുത്തു. 16 അംഗ കമ്മറ്റിയേയും യോഗം നിയോഗിച്ചു. കൂടാതെ നമ്മുടെ കുടുംബത്തിലെ വൈദികരെല്ലാം ഇതിൻെറ രക്ഷാധികാരികളായിരിക്കുമെന്നും നിശ്ചയിച്ചു. ചരിത്രഗ്രന്ഥത്തിൻെറ മാനേജിംഗ് എഡിറ്ററായി പ്രൊഫ. സാബു ഡി മാത്യു തൊടുകയിലിനേയും തെരഞ്ഞെടുത്തു.

ഗ്രന്ഥരചനയുടെ ആരംഭനാളുകൾ മുതൽ ഈ സദുദ്യമത്തോട് ഏവരും കാണിച്ച താല്പര്യം പ്രത്യേകം എടുത്തു പറയട്ടെ. ഉത്തരവാദിത്വമുള്ള ജോലികൾക്കുശേഷം രാത്രി എത്ര വൈകിയിരുന്നും പുസ്തകരചനാ ജോലികൾ ചെയ്തുതീർക്കുവാൻ ഇവരാരും ഒരിക്കലും മടികാണിച്ചിട്ടില്ല. എല്ലാ ദിവസവും വൈകുന്നേരം 6.30 ന് എൻെറ വീട്ടിൽ എത്തുന്നവർ രാത്രി ഒൻപതരയോടെയാണ് മടങ്ങിപ്പോയിരുന്നത്. എൻെറ ജീവിതത്തിലെ വളരെ ഭാഗ്യം ചെയ്ത ഒരു ജോലി എന്ന നിലയിൽ ഈ ഗ്രന്ഥരചനയെ ഞാൻ കണ്ടു. ഒരുപക്ഷേ, എൻെറ ജീവിതത്തിലെ വളരെ സന്തോഷകരമായ ഒരു കാലമായി ഈ പുസ്തകരചനാകാലത്തെ ഞാൻ കാണുന്നു.

ഒരുമിച്ചുനിന്നാൽ നമുക്ക് നേടാനാവാത്തതായി ഒന്നുമില്ല. വൃഥാ നഷ്ടമാക്കിക്കളയുന്ന സമയം പ്രയോജനപ്രദമായി ഉപയോഗിച്ചാൽ എന്തെന്ത് അത്ഭുതങ്ങളാണ് നമുക്ക് ചെയ്യുവാൻ സാധിക്കുന്നത്. അതിനുള്ള ഒരു തെളിവുകൂടിയാണ് നാഗനൂലിൽ-മണ്ണൂർ കുടുംബചരിത്രഗ്രന്ഥം. ഈ ഗ്രന്ഥ





രചനയുടെ ആവശ്യത്തിലേക്ക് നമ്മുടെ വൈസ് പ്രസിഡൻറ്, സെക്രട്ടറിമാർ, കമ്മറ്റി മെമ്പർമാർ എന്നിവർ എന്നോടൊപ്പം കണ്ണൂർ, കാസർഗോഡ്, ചാലക്കുടി, തൃശ്ശൂർ, എരുമേലി, അങ്കമാലി, മണിമല എന്നിങ്ങനെ കേരളത്തിൻെറ വിവിധ സ്ഥലങ്ങളിലൂടെ വീടും കൂടും മറന്ന് നടന്നതിൻെറ ഫലമാണ് ഈ പുസ്തകമെന്ന് പറയട്ടെ. ഈ ഗ്രന്ഥത്തിൻെറ താളുകളിൽ രണ്ടു വർഷം നീണ്ട അവരുടെ പ്രയത്നമാണ് മഷിപുരണ്ടു കിടക്കുന്നതെന്ന സത്യം നാം വിസ്മരിക്കരുത്.

ഗ്രന്ഥരചനയുടെ ഓരോ നിമിഷവും അനുഭൂതികളാൽ നിറയപ്പെട്ടതായിരുന്നു. നമ്മുടെ കുടുംബത്തെ ഇന്നത്തെ നിലയിലേക്ക് കൊണ്ടുവന്നവരെ അനുസ്മരിക്കുന്നത് ഈയവസരത്തിൽ എൻെറ കടമയാണ്. അങ്കമാലിയിൽ നിന്നും പുതിയൊരു പ്രദേശത്തേയ്ക്ക് വരുവാനുള്ള ധീരത പ്രകടിപ്പിച്ച നമ്മുടെ ആ വലിയ പിതാവിൻെറ മുമ്പിൽ കൂപ്പുകൈകളോടെ മാത്രമേ നമുക്ക് നിൽക്കുവാനാകൂ. നമ്മുടെ ജനനത്തിനും വളർച്ചയ്ക്കും സഹായകമാകുകയും നമ്മുടെ കുടുംബത്തിൻെറ മഹിമ ഉയർത്തിക്കാണിക്കുകയും ചെയ്ത് ഇവിടെ നിന്നും എന്നന്നേയ്ക്കുമായി യാത്രപറഞ്ഞ പ്രപിതാ മഹന്മാരുടെ പരമ്പരകളെ നിറബാഷ്പങ്ങളോടെ ഞാൻ ഓർമ്മിക്കുന്നു. അവരുടെ ചൈതന്യത്തെ അടുത്ത തലമുറകളിലേക്ക് പകരുവാൻ നമുക്ക് സാധിക്കട്ടെ.

കുടുംബചരിത്രരചനയുടെ വഴികളിൽ തടസ്സമെന്തെന്നറിയാതെ ഞങ്ങളെ രക്ഷിച്ചുപോന്ന ജഗദീശ്വരനെ പ്രാർത്ഥനാപൂർവ്വം ഞാനിവിടെ ഓർമ്മിക്കുന്നു. ഞാനെന്തു പറയുമ്പോഴും ഗ്രന്ഥരചനയുടെ കാര്യത്തിൽ വിട്ടുവീഴ്ചയില്ലാതെ പ്രവർത്തിക്കുവാൻ സന്മനസ്സുകാണിച്ച വൈസ് പ്രസിഡൻറ് ജോസഫുകുട്ടി ഈറ്റിയാങ്കൽ സെക്രട്ടറി പ്രൊഫ. ജോജി അലക്സ് മഠത്തിക്കാട്ടുകുന്നേൽ, ജോയിൻറ് സെക്രട്ടറിമാരായജോജോ ജോസഫ് തെക്കേകോയിപ്പുറം, സ്കറിയാച്ചൻ മണ്ണൂർ എന്നിവരോട് എനിക്കുള്ള നന്ദി പ്രകടിപ്പിക്കുവാൻ സന്തോഷമുണ്ട്. കുടുംബചരിത്രരചനാകമ്മറ്റിയംഗങ്ങളുടെ പേരുകൾ പ്രത്യേകം എടുത്തുപറയേണ്ടതായിട്ടുണ്ടെങ്കിലും വിസ്താരഭയത്താൽ ഞാനതിന് മുതിരുന്നില്ല. അവരേയും നന്ദിയോടെ ഓർമ്മിക്കട്ടെ. നമ്മുടെ കുടുംബാംഗങ്ങളുടെ സഹകരണം ആരെയും അത്ഭുതപ്പെടുത്തുവാൻ പോന്നതായിരുന്നു. ഇത് എന്നെ സംബന്ധിച്ചിടത്തോളം സന്തോഷകരമായ ഒരനുഭവമായിരുന്നുവെന്ന് പ്രത്യേകം പറയട്ടെ. ഗ്രന്ഥരചനയോടനുബന്ധിച്ച് ആരെ സമീപിച്ചപ്പോഴും ഒന്നിന് പത്തായും പത്തിന് നൂറായുമുള്ള സഹകരണങ്ങളാണ് ഞങ്ങൾക്കു ലഭിച്ചതെന്നവിവരം സന്തോഷത്തോടെയും നന്ദിയോടെയും അറിയിക്കട്ടെ.

സി.എം.ഐ. സന്യാസസമൂഹത്തിൻെറ മുത്തോലി ആശ്രമത്തോട് ഞങ്ങൾക്ക് കടപ്പാടുണ്ട്. ചരിത്രാന്വേഷണത്തിൽ ആശ്രമത്തിലെ നാളാ

ഗമം ഞങ്ങൾക്ക് അടിസ്ഥാനമായി. എനിക്കു വേണ്ട സഹായങ്ങൾ തന്ന സി.എം.ഐ. സഭയുടെ ഇപ്പോഴത്തെ ആശ്രമാധിപൻ റവ. ഫാ. ഫിലിപ്പ് തുരുത്തിമറ്റത്തിനും മുൻ പ്രിയോർ റവ.ഫാ. ജോസഫ് മാത്യു നെടുംപറമ്പിലിനും ഞാൻ നന്ദിയർപ്പിക്കുന്നു. മുത്തോലി കർമ്മലീത്താമഠത്തിലെ ബഹു. മദർ സുപ്പീരിയറിനും ഇതര സന്യാസിനികൾക്കും നന്ദി പറയുവാൻ ഈയവസരം ഞാനുപയോഗിക്കട്ടെ.

ഈ ഗ്രന്ഥത്തിന് തൻെറ ജോലിത്തിരക്കിനിടയിലും ഒരു അവതാരിക എഴുതിത്തരുവാൻ സന്മസ്സു കാണിച്ച വെരി റവ. ഫാ. തോമസ് ഐയ്ക്കര സി.ഐ.ഐ.യോട് എനിക്കുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു. കുടുംബചരിത്രപുസ്തകപ്രകാശനത്തിന് ആശംസകൾർപ്പിച്ച പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, കേരളത്തിൻെറ ബഹു. റവന്യു നിയമ മന്ത്രി ശ്രീ. കെ. എം. മാണി, മുത്തോലി പള്ളി വികാരി റവ.ഫാ. സെബാസ്റ്റ്യൻ മണ്ണൂർ, എറകോന്നി കുടുംബയോഗം പ്രസിഡൻറ് ശ്രീ. ജോസഫ് വെട്ടുകാട്ടിൽ എന്നിവരേയും നന്ദിയോടെ ഓർമ്മിക്കുന്നു.

മനോഹരമായി ഈ ഗ്രന്ഥത്തിൻെറ ലേഔട്ടും പ്രിൻറിംഗും ചെയ്ത ഡോൺബോസ്കോ ഇഗാക്റ്റ് കൊച്ചിയ്ക്കും റവ. ഫാ. ജയിംസ് പ്ലാക്കാട്ടിനും ഡി.റ്റി.പി. ചെയ്തു തന്ന ബന്നി തെക്കേകോയിപ്പുറത്തിനും ജോസ് വള്ളികാട്ടുകുഴിയ്ക്കും പ്രത്യേകം നന്ദി.

അവസാനമായി ഒരു കാര്യം കൂടി. നാഗനൂലിൽ-മണ്ണൂർ കുടുംബചരിത്ര ഗ്രന്ഥം പൂർണ്ണമാണെന്ന് ഞാൻ ഒരിക്കലും അവകാശപ്പെടുകയില്ല. പൂർണ്ണമാക്കുന്നതിന് ഞങ്ങൾ പരമാവധി ശ്രമിച്ചിട്ടുണ്ട്. ആരെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അത് മന.പൂർവ്വമല്ല. പോരായ്മകൾ വന്നിട്ടുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കുവാൻ മടി കാണിക്കരുത്. അടുത്ത പതിപ്പ് പുറത്തിറക്കുമ്പോൾ അതുപകരിക്കും.

ഈ പുസ്തകത്തിന് അർത്ഥമുണ്ടാകുന്നത് നിങ്ങൾ ഇത് വായിക്കുമ്പോഴാണെന്ന് പ്രത്യേകം ഓർമ്മിച്ചുകൊണ്ടും നമ്മുടെ കുടുംബത്തിൻെറ സ്നേഹവും ഐക്യവും നിലനിർത്തുവാൻ ഈ ഗ്രന്ഥം ഉപകരിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ടും ഏവർക്കും ഒരിക്കൽകൂടി നന്ദിയർപ്പിച്ചുകൊണ്ടും ഈ ഗ്രന്ഥം നിങ്ങൾക്കായി സമർപ്പിക്കുന്നു.

**പി.എം. മാത്യു പ്ലാക്കാട്ട്**
കുടുംബയോഗം പ്രസിഡൻറ്





# അവതാരിക

കുടുംബമാണ് സംസ്ക്കാരത്തിൻെറയും സമൂഹത്തിൻെറയും പിള്ളത്തൊട്ടിൽ. കുടുംബത്തിൻെറ നിലവാരവും, പാരമ്പര്യങ്ങളും, ഭദ്രതയും, ശൈലികളും വ്യക്തികളുടെ വളർച്ചയിൽ നിർണ്ണായകപങ്കുവഹിക്കുന്നു. സ്നേഹമാണല്ലോ കുടുംബത്തിൻെറ ആധാരവും അന്ത:സത്തയും. പരസ്പരബന്ധങ്ങളുടെ നിസ്വാർത്ഥനികേതനങ്ങളായിരിക്കണം കുടുംബങ്ങൾ. വ്യക്തികൾ വളരുന്നതും പക്വത പ്രാപിക്കുന്നതും പാരസ്പര്യത്തിലൂടെയാണ്. കുടുംബത്തിൻെറ ജീവധാരയായ പാരസ്പര്യത്തിലൂടെ, കേരളത്തിലുടനീളം നാമിന്നു കാണുന്ന ശ്ലാഘനീയമായ ഒരു വളർച്ചയാണ് കുടുംബയോഗങ്ങളും, കുടുംബചരിത്രങ്ങളും, കുടുംബപാരമ്പര്യപഠനങ്ങളുമെല്ലാം. അവബോധം എപ്പോഴും സർഗ്ഗാത്മകമാണ്. അത് നമ്മെ നാമാക്കുന്നു. വിജയത്തിലേക്കു നയിക്കുന്നു. നമ്മെക്കുറിച്ചുള്ള അവബോധം, നമ്മുടെ വേരുകളെപ്പറ്റിയുള്ള അറിവും അഭിമാനവും നമുക്ക് കൂടുതൽ ഐക്യവും ആന്തരികകരുത്തും നൽകി നമ്മെ ഒന്നായി വളർത്തി നയിക്കുന്നു. ഈ അവബോധവും പഠനങ്ങളുമെല്ലാം നമ്മെ ദൈവികമായും സംഘാതമായും വളരെ വളർത്തും; തീർച്ച. വളരെ പ്രോത്സാഹജനകമായ ഈ ബോധ വത്ക്കരണപ്രക്രിയയുടെ പ്രതീക്ഷാനിർഭരവും മനോഹരവുമായ ഒരു പ്രതിഫലനമാണ് നാഗനൂലിൽ മണ്ണൂർ കുടുംബചരിത്രം.

പുരാതനവും പ്രശസ്തവുമായ എറകോന്നി കുടുംബത്തിൻെറ ഒരു ശാഖയാണ് നാഗനൂലിൽ മണ്ണൂർ കുടുംബം. എറകോന്നി കുടുംബാംഗങ്ങൾ കേരളത്തിലും പുറത്തും നൂറ്റാണ്ടുകളായി നിസ്തുലസേവനം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. നാടിൻെറ നന്മയ്ക്കായി വിവിധമണ്ഡലങ്ങളിൽ ധാരാളം ക്രിയാത്മകസംഭാവനകൾ നൽകിയിട്ടുള്ള നിരവധി പ്രമുഖ വ്യക്തികൾ എറകോന്നി കുടുംബാംഗങ്ങളുടെ ഇടയിലുണ്ട്. പ്രസിദ്ധ വിദ്യാഭ്യാസപ്രവർത്തകനായിരുന്ന റവ. ഡോ. സി.റ്റി. കൊട്ടാരം രചിച്ച എറകോന്നി

കുടുംബചരിത്രം 1972–ൽ പ്രസിദ്ധീകൃതമായി. കിഴക്കേക്കര പീടികയിൽ ഇട്ടിഐയ്പ് തയ്യാറാക്കിയ മൂലഗ്രന്ഥത്തെ ആധാരമാക്കിയാണ് എറകോന്നി കുടുംബചരിത്രം ബ. കൊട്ടാരത്തിലച്ചൻ എഴുതിയത്. ശ്രീ. എം. റ്റി. ജോർജ്ജ് തൈത്തോട്ടത്തിൻെറ പരിശ്രമഫലമായി നാഗനൂലിൽ മണ്ണൂർ ശാഖയെ പ്പറ്റിയും ഈ ചരിത്രത്തിൽ ചുരുക്കമായി പ്രതിപാദിച്ചിട്ടുണ്ട്. എറകോന്നി കുടുംബം നിരവധി ശാഖകൾ ഉൾക്കൊള്ളുന്ന വളരെ വലിയ ഒരു കുടുംബസമുച്ചയമെന്നു പറയാം. വിവിധശാഖകൾ അവയുടെ അനന്യതയും പ്രത്യേക ചരിത്രവസ്തുതകളും അഗാധമായി പഠിച്ചാൽമാത്രമേ തനിമയുള്ള ആകർഷകമായ കുടുംബചരിത്രഗ്രന്ഥങ്ങളുണ്ടാകൂ. നാഗനൂലിൽ മണ്ണൂർ കുടുംബചരിത്രം ഇതിനൊരു നല്ല മാതൃകയാണ്.

എറകോന്നിയിൽനിന്നും വെട്ടിക്കാട്ട് താമസമാക്കിയ തൊമ്മൻെറ തായ്‌വഴിയിലെ ഒരാൾ മേവിട തോടിനക്കരെ താമസമാക്കി. ഈ ശാഖയാണ് പിൽക്കാലത്ത് ഐക്കര തറവാടായി അറിയപ്പെടുന്നത്. ഈ കുടുംബത്തിലെ ഒരംഗമെന്ന നിലയിലും നാഗനൂലിൽ മണ്ണൂർ കുടുംബത്തോടും കുടുംബാംഗങ്ങളോടും എനിക്കുള്ള അഗാധമായ ബന്ധത്തിൻെറയും ആത്മാർത്ഥ സ്നേഹത്തിൻെറയും പേരിൽ നാഗനൂലിൽ മണ്ണൂർ കുടുംബചരിത്രത്തിന് ഒരു അവതാരിക എഴുതുന്നതിൽ എനിക്കതിയായ സന്തോഷമുണ്ട്, അഭിമാനമുണ്ട്.

ശ്രീ. പി.എം. മാത്യു പ്രസിഡൻറായുള്ള കമ്മിറ്റിയുടെ നേതൃത്വത്തിലാണ് ഈ കുടുംബചരിത്രം തയ്യാറാക്കപ്പെട്ടത്. അഗാധമായ അവബോധവും വസ്തുനിഷ്ഠമായ അഭിമാനവും കമ്മിറ്റിയംഗങ്ങളുടെ അക്ഷീണ അദ്ധ്വാനത്തിന് പ്രചോദനം നല്കി. ക്രമീകൃതവും കാര്യക്ഷമവുമായ പഠനതപസ്യയിലൂടെ പ്രസിഡൻറ് മാത്യു പ്ലാക്കാട്ട്, വൈസ് പ്രസിഡൻറ് ജോസഫ്കുട്ടി കിഴക്കേകോയിപ്പുറം, സെക്രട്ടറി പ്രൊഫ. ജോജി അലക്സ് മഠത്തിക്കാട്ടുകുന്നേൽ, മാനേജിംഗ് എഡിറ്റർ സാബു ഡി, മാത്യു ഇവർ ഉൾക്കൊള്ളുന്ന കമ്മിറ്റി വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ ഈ കുടുംബചരിത്രത്തിൻെറ പണി പൂർത്തിയാക്കി. കമ്മിറ്റിയംഗങ്ങൾക്കെല്ലാവർക്കും എൻെറ ആത്മാർത്ഥമായ അനുമോദനങ്ങളും ഹൃദയംഗമമായ നന്ദിയും. കുടുംബയോഗങ്ങളും കുടുംബചരിത്രങ്ങളും അംഗങ്ങളുടെ ഇടയിലെ ഐക്യവും സ്നേഹവും ശക്തമാക്കുന്നു. ബന്ധങ്ങൾ കൂടുതൽ വ്യക്തമാകുന്നു. സംഘാതമായ അർപ്പണത്തിനും സഹകരിച്ചുള്ള പ്രവർത്തനങ്ങൾക്കും ആക്കം നല്കുന്നു. ഈ കുടുംബചരിത്രവും സ്നേഹത്തിൻെറയും സഹകരണത്തിൻെറയും സുന്ദരമായൊരു പ്രതിഫലനമാണ്. നമുക്കെല്ലാവർക്കും അഭിമാനിക്കാവുന്ന, ഭാവിയിലും തുടരുവാൻ പോകുന്ന പ്രചോദനാത്മകമായ നല്ലൊരു കാൽവെയ്പ്പ്.





നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ക്രിസ്ത്വനുഭവത്തിൽ നിന്നും മുളച്ചുവളർന്നതാണല്ലോ നമ്മുടെ സീറോമലബാർ സഭ. ഇരുപതു നൂറ്റാണ്ടുകളിലേറെ പാരമ്പര്യവും ചരിത്രവുമുള്ള നമ്മുടെ സഭയുടെ പ്രശംസനീയമായ ഒരു ഘട്ടമാണല്ലോ സഭയിലെ അൽമായ ഭാഗഭാഗിത്വം. പള്ളികളും, പള്ളിക്കൂടങ്ങളും, സഭാസ്ഥാപനങ്ങളും, സന്യാസഭവനങ്ങളുമെല്ലാം ഈ ജനപങ്കാളിത്തത്തോടെയായിരുന്നു ആരംഭിച്ചിട്ടുള്ളതും, വളർന്നതും. നാമാണ് സഭയെന്ന ദൈവജനത്തിൻെറ ആത്മാർത്ഥവും അഗാധവുമായ വിശ്വാസമാണ് ഈ മനോഭാവത്തിൻെറ അടിസ്ഥാനം. നാഗനൂലിൽ മണ്ണൂർകുടുംബത്തിൻെറ ചരിത്രവും മനോഹരമായ ഈ മനോഭാവത്തിൻെറ വ്യക്തമായ സംഭാവനകൾ കാണുന്നത് വളരെ ചാരിതാർത്ഥ്യ ജനകമാണ്. ഏകദേശം ആയിരം വർഷങ്ങൾക്കു മുമ്പുപോലും ഈ കുടുംബക്കാരും അവരുടെ പൂർവ്വികരും സഭാപരവും സമൂഹികവുമായ കാര്യങ്ങളിൽ അതീവതല്പരരായിരുന്നതായി നമുക്കു കാണുവാൻ കഴിയുന്നുണ്ട്. എ.ഡി. 1002–ൽ പാലാ വലിയപള്ളിയുടെ സ്ഥാപനത്തിൽ എറകോന്നി, വയലക്കൊമ്പൻ, തറയിൽ, കൂട്ടുങ്കൽ കുടുംബക്കാർ നിർവ്വഹിച്ച പങ്ക് ചരിത്രവസ്തുതകളാണ്.

എറകോന്നിയുടെ ശാഖയായ നാഗനൂലിൽ മണ്ണൂർകടുംബവും ശ്ലാഘനീയമായ ഈ പാരമ്പര്യം നൂറ്റാണ്ടുകൾക്കുശേഷം മുത്തോലിയിൽ തുടർന്നതിൻെറ സജീവസാക്ഷ്യങ്ങൾ ചരിത്രരേഖകളിൽ സുവിദിതങ്ങളാണ്. മുത്തോലി കൊവേന്തയിലെ നാളാഗമപ്രതിപാദനങ്ങൾ പ്രത്യേകിച്ചും നമ്മുടെ ശ്രദ്ധയാകർഷിക്കുന്നവയാണ്. വാഴ്ത്തപ്പെട്ട ചാവറയച്ചനോട് സഹകരിച്ചുകൊണ്ട് മുത്തോലിയിലെ സി.എം.ഐ; സി.എം.സി. സന്യാസസഭകളുടെ രണ്ടു ഭവനങ്ങൾ, കൊവേന്തയും മഠവും, സ്ഥാപിക്കുന്നതിൽ നാഗനൂലിൽ മണ്ണൂർ കുടുംബത്തിൻെറ പേര് വളരെ നിർണ്ണായകമായിരുന്നു. മണ്ണൂർ, പ്ലാക്കാട്ട്, മാധവപ്പള്ളി, തലക്കുളം കുടുംബാംഗങ്ങൾ ചാവറ പിതാവിനെ സ്വീകരിച്ചതും കൊവേന്ത സ്ഥാപിക്കുന്നതിനായി സ്ഥലം ദാനംനൽകിയതുമെല്ലാം നാം ഇന്ന് നന്ദിയോടെ അനുസ്മരിക്കുന്ന ചരിത്രവസ്തുതകളാണ്. രൂപതകൾക്കും, സന്യാസസഭകൾക്കും പൊതുവായും പാലാ രൂപതക്കും സി.എം.ഐ; സി.എം.സി. സന്യാസസഭകൾക്കു പ്രത്യേകമായും എറകോന്നി, നാഗനൂലിൽ മണ്ണൂർ കുടുംബാംഗങ്ങളുടെ ഇടയിൽനിന്നും നിരവധി പ്രഗത്ഭരായ വൈദീകരും സന്യാസിനീസന്യാസികളും ഉണ്ടായിരുന്നു. ഇപ്പോഴുമുണ്ട് നമ്മുടെ കുടുംബങ്ങൾ നന്ദിയോടെ, അഭിമാനത്തോടെ അനുസ്മരിച്ച് ദൈവത്തിന് നന്ദിപറയേണ്ട സംപൂജ്യരായ വ്യക്തികൾ. സഭയെ പടുത്തുയർത്തുവാൻ സമ്പത്തു മാത്രമല്ല, അതിലേറെ കുടുംബങ്ങളിലെ വിലപ്പെട്ട വ്യക്തികളെ ദൈവത്തിന് ദാനമായി കൊടുക്കുന്ന– ദൈവവിളി ശ്രവിക്കുവാൻ മക്കളെ ഔദാര്യത്തോടെ അനുവ

ദിച്ചു പ്രോത്സാഹിപ്പിക്കുന്ന- കുടുംബപാരമ്പര്യം തികച്ചും അഭിമാനകരമാണ്, അനുകരണീയമാണ്. ഇതും സജീവമായി കാത്ത് സൂക്ഷിച്ച് വളർത്തേണ്ട വിശുദ്ധമായ നല്ലൊരു പാരമ്പര്യം.

നാഗനൂലിൽ മണ്ണൂർ കുടുംബാംഗങ്ങൾ സഭാമണ്ഡലത്തിലും സമൂഹിക രാഷ്ട്രീയ മണ്ഡലങ്ങളിലും വിലപ്പെട്ട സേവനങ്ങൾ അനുഷ്ഠിക്കുന്നുണ്ട്. കേരളത്തിലും, ഭാരതത്തിലുടനീളവും വിദേശരാജ്യങ്ങളിലും അവരുടെ സേവനം പ്രശംസനീയമാണ്. മലബാർപോലുള്ള കുടിയേറ്റ മേഖലകളിലും അദ്ധ്വാനനിർഭരമായ ധാരാളം സംഭാവനകൾ അവർ ചെയ്തിട്ടുണ്ട്. കാർഷിക രംഗത്തും രാഷ്ട്രീയ, വിദ്യാഭ്യാസ മണ്ഡലങ്ങളിലും വ്യക്തിമുദ്ര പതിച്ച നിരവധി അംഗങ്ങൾ ഈ കുടുംബത്തിന്റെ വലിയ ദാനങ്ങളാണ്. വിദ്യാഭ്യാസരംഗത്ത് കൂടുതൽ പഠനസാദ്ധ്യതകൾ കൈവന്നതോടെ പരമ്പരാഗതമായ കാർഷിക മേഖലകളിൽനിന്നും ചിലരെങ്കിലും മാറി മെഡിക്കൽ, എഞ്ചിനീയറിംഗ്, സ്കൂൾ, കോളേജ് അധ്യാപക ജോലികൾ തുടങ്ങിയവ സ്വീകരിച്ചുപോരുന്നു.

സാഹചര്യങ്ങൾ സംലഭ്യമാക്കുന്ന പുത്തൻ പുത്തൻ അവസരങ്ങൾ ഭാവാത്മകമായി ഉപയോഗിച്ചുകൊണ്ടുള്ള ഈ കുടുംബാംഗങ്ങളുടെ വളർച്ചയെ നമുക്കെല്ലാവർക്കും വളരെ സന്തോഷവും പ്രതീക്ഷയും നല്കുന്നു. ദൈവകൃപയുടെ നിരന്തരസഹായം നമുക്കെല്ലാവർക്കും ഉണ്ടാകട്ടെ.

നാഗനൂലിൽ, മണ്ണൂർ, പ്ലാത്തോട്ടം, കൊട്ടുകാപ്പള്ളി എന്നീ നാലു ശാഖകളായിക്കിടക്കുന്ന കുടുംബങ്ങളുടെ സമ്പൂർണ്ണ ചരിത്രം ശേഖരിച്ച് അവയെ വളരെ ശാസ്ത്രീയവും സമഗ്രവുമായി അവതരിപ്പിക്കുന്ന അത്യന്തം ശ്രമകരമായ ഒരു ദൗത്യത്തിന്റെ പൂർത്തീകരണമാണ് ഈ ഗ്രന്ഥം. മുന്നൂറിൽപരം കുടുംബങ്ങളായി കേരളത്തിനകത്തും പുറത്തുമായി വസിക്കുന്ന ഈ കുടുംബത്തിലെ അംഗങ്ങളെ യോജിപ്പിക്കാനുതകുന്ന തരത്തിലാണ് ഇതു തയ്യാറാക്കിയിരിക്കുന്നത്. പരസ്പരം അറിയുമ്പോഴാണല്ലോ ബന്ധങ്ങൾ കൂടുതൽ ഉറയ്ക്കുന്നത്. എല്ലാ വീടുകളിലെയും മിക്കവാറും എല്ലാ വിവരങ്ങളും ചേർത്തതിനു പുറമെ ഒരു പ്രദേശത്തിന്റെ ചരിത്രം കൂടിയാണ് ഈ ഗ്രന്ഥം. ഒരു കാലഘട്ടത്തിലെ മുത്തോലിയുടെ വളർച്ചയുടെയും വികാസത്തിന്റെയും ചരിത്രമാണിതെന്ന് മറ്റു കുടുംബചരിത്ര പുസ്തകങ്ങളിൽനിന്നും ഇതിനെ വ്യത്യസ്തമാക്കുന്നുണ്ടെന്നുള്ള വസ്തുത പ്രത്യേകം പറയട്ടെ.

കുടുംബചരിത്രങ്ങൾ നമ്മെപ്പറ്റിയുള്ള നമ്മുടെ അവബോധം കൂടുതൽ അഗാധമാക്കണം, വ്യക്തമാക്കണം. നമ്മുടെ കൂട്ടായ്മ വളർത്തണം, പരസ്പര സഹകരണത്തിനുള്ള രചനാത്മക വഴികൾ തെളിക്കണം. നമുക്ക് ഉള്ളവയെപ്പറ്റി സന്തോഷത്തോടെ നന്ദിയുള്ളവരായിരിക്കുമ്പോൾ നമ്മുടെ ചുറ്റുമുള്ള നിർദ്ധനരും നിരാലംബരും, അവഗണിക്കപ്പെടുന്നവരുമായ





ഈശോയുടെ കൊച്ചുസഹോദരങ്ങളിലേക്കും നമ്മുടെ ശ്രദ്ധതിരിയണം. നമ്മുടെ കുടുംബകൂട്ടായ്മ അങ്ങനെ ഔദാര്യനിർഭരമായ തുറവിയുള്ള ഒരു സഹോദരകൂട്ടായ്മയിലേക്ക് നമ്മെ ആനയിക്കുവാനിടയാകട്ടെ എന്ന് ഞാൻ പ്രാർത്ഥനാപൂർവ്വം ആശംസിക്കുകയാണ്. ഒരിക്കൽക്കൂടി ശ്രീ. പി.എം. മാത്യു പ്ലാക്കാട്ട് കൺവീനറായിട്ടുള്ള കമ്മിറ്റിക്ക് ആത്മാർത്ഥമായ അനുമോദനങ്ങൾ. നാഗനൂലിൽ മണ്ണൂർ കുടുംബചരിത്രം ബന്ധപ്പെട്ട കുടുംബങ്ങളുടെയും കുടുംബാംഗങ്ങളുടെയും ഉപരി ഐക്യത്തിനും പരസ്പര സഹകരണത്തിനും ഇടയാകട്ടെ. വളർച്ചയിൽനിന്ന് വളർച്ചയിലേക്കു നയിക്കുവാനും തലമുറകളെ തമ്മിൽ കൂടുതൽ അടുപ്പിക്കുവാനും ഈ കുടുംബചരിത്രം സഹായിക്കട്ടെ. ഇതിന്റെ ഉള്ളടക്കം എല്ലാവർക്കും ഒരുനുസ്യൂത ഉത്തേജനമായിത്തീരട്ടെയെന്ന ആശംസയോടെ, മനോഹരമായ മണ്ണൂർ നാഗനൂലിൽ കുടുംബചരിത്രം ഞാൻ അനുവാചകസമക്ഷം സന്തോഷത്തോടെ അവതരിപ്പിച്ചുകൊള്ളുന്നു.


റവ. ഡോ. തോമസ് ഐക്കര

സി. എം. ഐ.

DIRECTOR
CHAVARA INSTITUTE OF
INDIAN AND INTER-RELIGIOUS STUDIES
CORSO VITTORIO EMANUELE 294/10
00186 ROME, ITALY.



*(അവതാരികാകാരനായ റവ.ഡോ. തോമസ് ഐക്കര സി.എം.ഐ. 1936 ജനുവരി 23-ാം തീയതി മേവിടയിൽ ജനിച്ചു. മുത്തോലി സെൻറ് ആൻറണീസ് ഹൈ സ്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി 1954-ൽ സി.എം.ഐ. സന്യാസ സഭയിൽ പ്രവേശിച്ചു. പൂനാ പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും എം.എ. ബിരുദങ്ങൾ നേടി. 1964 ഏപ്രിൽ 6-ാം തീയതി വൈദികപട്ടം സ്വീകരിച്ചു. ബാംഗ്ലൂരിലുള്ള സി.എം.ഐ. സഭയുടെ ധർമ്മാരാം കോളേജിൽ തത്വശാസ്ത്രവിഭാഗത്തിൽ ജൂനിയർ ലക്ചററായി പഠിപ്പിച്ചശേഷം ഉപരിപഠനത്തിനായി 1966-ൽ യൂറോപ്പിലേയ്ക്ക് പോയി. ബൽജിയത്തുള്ള Catholic University of Louvain-ലെ French വിഭാഗത്തിൽനിന്നും ജർമ്മൻ തത്വശാസ്ത്രത്തിൽ Ph.D-യും ഇംഗ്ലണ്ടിലെ Oxford University-യിൽ നിന്നും ദൈവശാസ്ത്രത്തിൽ D.Phil-ഉം കരസ്ഥമാക്കി. 1947-ൽ ധർമ്മാരാമിൽ തിരിച്ചെത്തി തത്വശാസ്ത്ര-ദൈവ ശാസ്ത്ര ഫാക്കൽ*

റ്റികളിൽ അദ്ധ്യാപകനായി ജോലിചെയ്തു. 1978-ൽ സി.എം.ഐ. സഭയുടെ പ്രിയോർ ജനറലായി തെരഞ്ഞെടുക്കപ്പെട്ടു. സഭാചരി ത്രത്തിലെ ഏറ്റവും ചെറുപ്പക്കാരനായ ജനറലാണ് ഐക്കരയച്ചൻ. കോട്ടയം സെൻറ് ജോസഫ്സ് പ്രവിശ്യയുടെ പ്രൊവിൻഷ്യൽ, ദീപികയുടെ മാനേജിംഗ് എഡിറ്റർ, ധർമ്മാരാം വിദ്യാക്ഷേത്രം ബാംഗ്ളൂർ പഠനകേന്ദ്രത്തിൻെറ പ്രസിഡൻറ് തുടങ്ങിയ നിരവധി ഉത്തരവാദിത്വമേറിയ ജോലികൾ സ്തുത്യർഹമായി അദ്ദേഹം നിർവ്വഹിച്ചിട്ടുണ്ട്.

കൂടാതെ അദ്ദേഹം ദീപികയുടെ മാനേജിംഗ് എഡിറ്ററായിരുന്ന സമയത്താണ് ദീപികയെ രാഷ്ട്രദീപിക കമ്പനിയാക്കി പുത്തൻമേഖലകളിലേക്ക് നയിച്ചത്. കോൺഫറൻസ് ഓഫ് ഇൻഡ്യയുടെ ദേശീയ പ്രസിഡൻറ്, സി.ആർ.ഐ.യുടെ കേരളാ പ്രസിഡൻറ് S.M.R.C. (*Syro Malabar Religious Conference*)യുടെ സ്ഥാപകപ്രസിഡൻറ്, നിരവധി സന്യാസ സഭകളുടെ മോഡറേറ്റർ, അഡ്വൈസർ തുടങ്ങിയ നിലകളിലും അദ്ദേഹത്തിൻെറ സംഭാവനകൾ വളരെ വിലപ്പെട്ടതാണ്. കേരളത്തിലും, കേരളത്തിനു പുറത്ത് സി.എം.ഐ. മിഷൻ രംഗങ്ങളിലും വിദേശത്തും സി.എം.ഐ. സഭയുടെ പുതിയ സ്ഥാപനങ്ങൾക്കും സർഗ്ഗാത്മക സംരംഭങ്ങൾക്കും അദ്ദേഹം നിർണ്ണായക നേതൃത്വം നല്കി. ഭാരത കേന്ദ്രീകൃതമായ ബൗദ്ധീക പഠനകേന്ദ്രങ്ങളും സാഹചര്യബദ്ധമായ പരിശീലനഭവനങ്ങളുമൊക്കെ അദ്ദേഹത്തിൻെറ നേതൃത്വത്തിൽ ഇൻഡ്യയിലും വിദേശത്തും ഉയർന്നു വന്നു. ഈടുറ്റ പലഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. ധർമ്മാരാം വിദ്യാക്ഷേത്രത്തിൻെറ വളർച്ചയിൽ ഐക്കരയച്ചൻെറ നാനാവിധസംഭാവനകൾ വളരെ നിർണ്ണായകമായിരുന്നു.

ഇപ്പോൾ റോമിലെ C.I.I.S. (*Chavara Institute of Indian and Inter-religious Studies*)-ൻെറ *Director*-റായും *Dominican* സഭയുടെ സർവ്വകലാശാലയായ *Angelien*-ൽ പ്രൊഫസറായും ജോലിചെയ്യുന്നു. ധാരാളം നേതൃത്വഗുണങ്ങളുള്ള ഐക്കരയച്ചൻ നല്ലൊരു ഭരണകർത്താവും, പണ്ഡിതനും, വാഗ്മിയുമായി അംഗീകരിക്കപ്പെടുന്ന ഒരു പ്രൊഫസറും, അറിയപ്പെടുന്ന ഒരെഴുത്തുകാരനും എല്ലാറ്റിനുമുപരി സഭയിലും പുറത്തും ആദരിക്കപ്പെടുന്ന ഉത്തമനായ ഒരു സന്യാസവൈദികനുമാണ്. ഇപ്പോൾ റോമാ ആസ്ഥാനമാക്കി ബാംഗ്ളൂരിലും കോട്ടയത്തും ഇടയ്ക്കിടെവന്ന് തൻെറ അദ്ധ്യാപനസേവനധർമ്മം നിർവ്വഹിക്കുന്നു.)





Phone : (0482) 212216, 212217 & 214338
Fax : 0482-211379
E-mail addres:aramana@md4.vsnl.net.in

Bishop's House
P.B. No. 18
Palai - 686 575
Kerala, S.India

## ആശംസ

നാഗനൂലിൽ-മണ്ണൂർ കുടുംബങ്ങളുടെ വിശദമായ ഒരു കുടുംബചരിത്രഗ്രന്ഥം പ്രസിദ്ധീകരിക്കുന്നുവെന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. പാലാ വലിയ പള്ളിയുടെ നിർമ്മാണത്തിന് നേതൃത്വം നൽകിയ നാലു കുടുംബങ്ങളിൽ ഒന്നായ എറകോന്നി കുടുംബത്തിന്റെ ഒരു പ്രധാനശാഖയാണല്ലോ നാഗനൂലിൽ-മണ്ണൂർ കുടുംബം.

ചരിത്രമെഴുതി സൂക്ഷിക്കുന്നതിൽ കേരളീയരായ നാമെല്ലാവരും വിമുഖരാണ്. സമ്പന്നമായ നമ്മുടെ വിശ്വാസപാരമ്പര്യത്തിന്റെയും ക്രൈസ്തവസാക്ഷ്യത്തിന്റെയും ചരിത്രം കഴിഞ്ഞ കാലത്തിൽ നിന്ന് മതിയായ രേഖകളില്ലാതെ രൂപപ്പെടുത്തിയെടുക്കുകയെന്നത് ശ്രമകരമായ ഒരു ദൗത്യമാണ്. ചരിത്രരേഖകൾക്കു പുറമേ പാരമ്പര്യത്തിന്റെയും വായ്മൊഴിയുടേയും പിൻബലത്തിലൂടെ മാത്രമേ കഴിഞ്ഞ കാലത്തെക്കുറിച്ച് നമുക്കു അറിയുവാൻ സാധിക്കൂ. ഈ ചരിത്രഗ്രന്ഥം കുടുംബാംഗങ്ങൾ പരസ്പരം അറിയുന്നതിനും അതുവഴി സ്നേഹത്തിൽ ഒന്നാകുവാനും ഇടയാകണം. കഴിഞ്ഞകാലതലമുറ തങ്ങൾക്ക് പൈതൃകമായി ലഭിച്ച വിശ്വാസത്തെ പിൻതലമുറക്ക് പകർന്നു നൽകിയതെങ്ങനെയെന്ന് നാം പ്രത്യേകം പഠിക്കേണ്ടതുണ്ട്. നമുക്ക് തൊട്ടുപുറകെ വരുന്ന നമ്മിൽ നിന്നും ചിലത് പ്രതീക്ഷിക്കുന്നുണ്ടെന്ന യാഥാർത്ഥ്യം നാം വിസ്മരിക്കാൻ ഇടവരരുത്.


നാഗനൂലിൽ-മണ്ണൂർ കുടുംബത്തിൽ നിന്നും വൈദിക-സന്യാസജീവിതത്തിലേക്ക് ധാരാളം വിളികൾ ഉണ്ടായിട്ടുണ്ടെന്നുള്ള വസ്തുത സന്തോഷത്തോടെ അനുസ്മരിക്കുന്നു. ഈ സംരംഭത്തിന് എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

Pallikaparampil

**മാർ ജോസഫ് പള്ളിക്കാപറമ്പിൽ**
പാലാ രൂപതാ മെത്രാൻ

പാലാ
3.12.2002



## K.M. Mani

Minister for Revenue & Law

Thiruvananthapuram

### ആശംസ

രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും ചരിത്രം പോലെ തന്നെ ജനതയുടെ വളർച്ചയിൽ കുടുംബചരിത്രങ്ങൾക്കും പ്രാധാന്യമുണ്ട്. വിവിധ കാലഘട്ടങ്ങളിൽ വിവിധ മേഖലകളിൽ വിളങ്ങുകയും നാടിനു നേതൃത്വംകൊടുക്കുകയും ചെയ്തിട്ടുള്ള മിക്ക കുടുംബത്തലവന്മാരുടെയും വ്യക്തികളുടെയും വിലപ്പെട്ട സംഭാവനകളുടെ ചരിത്രം ഉറങ്ങിക്കിടക്കുന്ന അനുഭവമാണ് ഇന്നു നാം കാണുന്നത്. അവയെല്ലാം പുതിയ തലമുറയുടെ അറിവിലേയ്ക്ക് പകരുവാനുള്ള ശ്രമങ്ങൾ ഇന്നു വളരെ വിരളമാണ്. അങ്ങിനെയിരിക്കെ ക്രി.വ. 1000–ാമാണ്ടിൽ മേവിട വന്നു താമസിച്ച എറകോന്നി കാരണവരുടെ പിൻതലമുറ ഇന്ന് കേരളത്തിലും ഭാരതത്തിന്റെ എന്നല്ല ലോകത്തിന്റെ നാനാഭാഗങ്ങളിലും എത്തിക്കൊണ്ടിരിക്കയാണ്. എറകോന്നി മഹാകുടുംബത്തിന്റെ ഒരു പ്രധാനപ്പെട്ട ശാഖയായ നാഗനൂലിൽ–മണ്ണൂർ–കുടുംബത്തിന്റെ വിപുലവും വിശദവുമായ കുടുംബചരിത്രമെഴുതാൻ തയ്യാറായ എന്റെ സുഹൃത്ത് ശ്രീ. പി.എം. മാത്യു പ്ലക്കാട്ടിന്റെ നേതൃത്വത്തിലുള്ള കമ്മറ്റിയെ ഞാൻ അനുമോദിക്കുന്നു.

നാഗനൂലിൽ കുടുംബത്തിലെ ബഹുമാനപ്പെട്ട വൈദികരും കന്യാസ്ത്രീകളും– കാരണവന്മാരും മുത്തോലിയുടെയും പാലായുടെയും വികസനത്തിന് വളരെയധികം സഹായങ്ങൾ ചെയ്തിട്ടുണ്ട്. മണ്ണൂർ-നാഗനൂലിൽ കുടുംബാംഗങ്ങളുമായി എനിക്ക് പ്രത്യേകമായ ഒരു സുഹൃബന്ധമുണ്ട്. പ്രത്യേകിച്ചും ദിവംഗതനായ പെരിയ ബഹുമാനപ്പെട്ട സഖറിയാസ് മണ്ണൂരച്ചന് എന്നോടുള്ള സ്നേഹം അഗാധമായിരുന്നുവെന്ന് ഞാൻ നന്ദിയോടെ ഓർമ്മിക്കുന്നു.

ഈ കുടുംബചരിത്രത്തിന്റെ പ്രകാശനത്തിന് എന്റെ എല്ലാ ഭാവുകങ്ങളും ഞാൻ നേർന്നുകൊള്ളുന്നു.

പാലാ
01.12.2002

കെ.എം. മാണി



Ph: Pala (0482) 205982

## ST. GEORGE'S CHURCH, MUTHOLY

Mutholy P.O., Kottayam - 686 597



### ആശംസ

എറകോന്നി മഹാകുടുംബത്തിൻെറ ഒരു ശാഖയായ നാഗനൂലിൽ–മണ്ണൂർ കുടുംബത്തിൻെറ ചരിത്രം എഴുതി പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ വളരെ സന്തോഷമുണ്ട്. പ്രസ്തുത കുടുംബചരിത്രം മുത്തോലി പള്ളിയുടെയും മുത്തോലി ഇടവകയുടെയും കൂടി ചരിത്രമാണ് എന്നു പറയുന്നതിൽ എനിക്ക് അഭിമാനമുണ്ട്.

വി. മത്തായി ശ്ലീഹാ തൻെറ സുവിശേഷം ആരംഭിക്കുന്നത് ഈശോ മിശിഹായുടെ വംശാവലി രേഖപ്പെടുത്തിക്കൊണ്ടാണ്. പൂർവ്വികരുടെ വിശ്വാസചൈതന്യവും സഭാസ്നേഹവും തങ്ങളിൽ പകർത്തിക്കൊണ്ട്, എളിമയോടെ, നന്ദിയോടെ, ഇന്നത്തെ സമൂഹത്തിൽ നമ്മുടെ രക്ഷകനും കർത്താവുമായ യേശുക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്ന ജീവിതം നയിക്കുവാൻ നാഗനൂലിൽ–മണ്ണൂർ കുടുംബാംഗങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. കുടുംബചരിത്രം എഴുതി പ്രസിദ്ധീകരിക്കുന്ന നാഗനൂലിൽ–മണ്ണൂർ കുടുംബത്തിന് എല്ലാ ആശംസകളും അർപ്പിക്കുന്നു.

സ്നേഹപൂർവ്വം,

ഫാ. സെബാസ്റ്റ്യൻ മണ്ണൂർ
മുത്തോലി പള്ളി വികാരി

മുത്തോലി
05.12.2002



# ആശംസ

മുത്തോലിയിലെ പ്രശസ്തവും പുരാതനവുമായ നാഗനൂലിൽ മണ്ണൂർ കുടുംബത്തിൻെറ ചരിത്രം ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചു കാണുന്നതിൽ അതിയായ സന്തോഷമുണ്ട്. മുൻ തലമുറയുടെ ചരിത്രം പിൻ തലമുറക്കാർക്ക് ഒരു പ്രകാശവും പ്രചോദനവുമായിരിക്കും. അതിനാൽ ഈ ചരിത്രഗ്രന്ഥരചന തികച്ചും പ്രശംസനീയമായ ഒരു കാര്യമാണ്.

സി.എം.ഐ. സഭയ്ക്ക്, പ്രത്യേകിച്ച് മുത്തോലി ആശ്രമത്തിന്, നാഗനൂലിൽ മണ്ണൂർ കുടുംബത്തോട് വളരെയേറെ ബന്ധവും കടപ്പാടുമുണ്ട്. 1969 -ൽ വാഴ്ത്തപ്പെട്ട ചാവറ പിതാവ് മുത്തോലിയിൽ ഒരു കൊവേന്ത സ്ഥാപിക്കുന്നതിന് സ്ഥലം അന്വേഷിച്ചുവന്നപ്പോൾ അതിന് ആവശ്യമായ സ്ഥലം ദാനമായി നല്കിയത് മണ്ണൂർ നാഗനൂലിൽ കുടുംബത്തിൽപെട്ട മണ്ണൂർ പ്ലാക്കാട്ട് ചെറിയത് ഈപ്പൻ, മണ്ണൂർ മാധവപ്പള്ളി ചെറിയത് ചെറിയത്, മണ്ണൂർ തലക്കുളത്തിൽ മത്തായി ചെറിയത്, മണ്ണൂർ തൊമ്മൻ ചെറിയത് എന്നിവരാണെന്നുള്ള വസ്തുത ഈ അവസരത്തിൽ ഞാൻ സന്തോഷത്തോടെ അനുസ്മരിക്കുന്നു. മണ്ണൂർ കുടുംബത്തിലെ പിതാമഹന്മാരുടെ ഈ മഹാമനസ്കത ഇവിടെ സ്ഥാപിതമായ കൊവേന്തയിലൂടെ മുത്തോലി പ്രദേശത്തിൻെറ പിന്നീടുള്ള നാനാവിധ അഭിവൃദ്ധിക്ക് കാരണമായി. മുത്തോലി ആശ്രമത്തിലെ അച്ചന്മാർ മുൻകൈ എടുത്തു സ്ഥാപിച്ച മുത്തോലി കർമ്മലീത്താ മഠത്തിന് സ്ഥലം നൽകിയതും മണ്ണൂർ കുടുംബക്കാർ തന്നെയാണ്. നാഗനൂലിൽ മണ്ണൂർ കുടുംബത്തിൻെറ ത്യാഗശീലത്തിൻെറയും ആധ്യാത്മിക ചൈതന്യത്തിൻെറയും വ്യക്തമായ തെളിവാണ് ഈ കുടുംബത്തിൽ നിന്ന് ഉണ്ടായിട്ടുള്ള ധാരാളമായ വൈദിക സന്യാസ ദൈവവിളികൾ. സി.എം.ഐ. സഭയുടെ ആരംഭം മുതൽ ഇന്നുവരെ മണ്ണൂർ കുടുംബാംഗക്കാരായ ധാരാളം പേർ ഈ സഭയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്. ഇന്നും ധാരാളം സന്യാസ വൈദികർ പ്രശസ്തമായ സേവനം ചെയ്തുകൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ കുടുംബാംഗങ്ങൾ എല്ലാവരും അഭിനന്ദനം അർഹിക്കുന്നു.

ഇന്നത്തെ ഉപഭോഗസംസ്കാരത്തിൻെറ ഒരു വലിയ കുറവ് അത് വ്യക്തി കേന്ദ്രീകൃതമാണെന്നുള്ളതാണ്. തന്മൂലം സാമൂഹിക ബന്ധങ്ങളോ





കുടുംബബന്ധങ്ങളോ പരിഗണിക്കപ്പെടുന്നില്ല. വ്യക്തികൾക്ക് സ്വന്തം കാര്യത്തിൽ മാത്രമാണ് താല്പര്യം. അതുപോലെ തന്നെ ഈ പുതിയ സംസ്കാരം പ്രയോജനാധിഷ്ഠിതമാണ്. വൃദ്ധരും, രോഗികളുമായവരൊക്കെ ഉപയോഗശൂന്യരായി പരിഗണിക്കപ്പെടുന്നു, ഉപേക്ഷിക്കപ്പെടുന്നു, വിസ്മരിക്കപ്പെടുന്നു. ഈ പശ്ചാത്തലത്തിൽ കുടുംബബന്ധങ്ങളെ വിലമതിക്കുകയും പുനരുദ്ധരിക്കുകയും ചെയ്യുക വളരെ അത്യാവശ്യമായ ഒരു കാര്യമാണ്. അതിന് ഏറ്റവും സഹായകരമാണ് കുടുംബയോഗവും, പ്രത്യേകിച്ച് കുടുംബ ചരിത്ര രചനയും. അതിനാൽ ഈ കുടുംബചരിത്ര ഗ്രന്ഥരചനയിലൂടെ മണ്ണൂർ നാഗനൂലിൽ കുടുംബം സ്വന്തം കുടുംബത്തിൻെറ ഭദ്രതയും, ഐക്യവും, വളർച്ചയും ഉറപ്പുവരുത്തുകയാണ് ചെയ്തിട്ടുള്ളത്. മാത്രമല്ല ഈ സംരംഭം മറ്റു കുടുംബങ്ങൾക്കും ഒരു നല്ല മാതൃകയും ഉത്തേജനവും ആയിത്തീരുകയും ചെയ്യും.

ആയിരം വർഷം മുമ്പ് മുതലുള്ള ചരിത്രരേഖകൾ കണ്ടെടുത്ത് രണ്ടു കൊല്ലം കൊണ്ട് ഈ കുടുംബചരിത്ര ഗ്രന്ഥം മനോഹരമായി പ്രസിദ്ധീകരിച്ച ഗ്രന്ഥരചയിതാക്കളെ എത്ര അഭിനന്ദിച്ചാലും മതിയാവുകയില്ല. കാരണം വളരെ ത്യാഗ നിർഭരമായ ഒരു യജ്ഞമാണ് അവർ നടത്തിയിട്ടുള്ളത്.അവർക്ക് ഹൃദയംഗമമായ അനുമോദനങ്ങൾ. അതുപോലെ നാഗനൂലിൽ മണ്ണൂർ കുടുംബാംഗങ്ങൾക്ക് എല്ലാവർക്കും ഹൃദയം നിറഞ്ഞ ആശംസകളും പ്രാർത്ഥനകളും.

**ഫാ. ഫിലിപ്പ് തുരുത്തിമറ്റം സി.എം.ഐ.**
പ്രിയോർ
മുത്തോലി ആശ്രമം

മുത്തോലി
14.12.2002



## ആശംസ

വിശ്വാസം ജീവിക്കുന്ന, വിശ്വാസം സ്വജീവിത മാതൃകയിലൂടെ പ്രഘോഷിക്കുന്ന പുരാതനക്രൈസ്തവ കുടുംബമാണ് നാഗനൂലിൽ-മണ്ണൂർ കുടുംബം. കേരള ക്രൈസ്തവ സമൂഹത്തിലെ അറിയപ്പെട്ട കുടുംബങ്ങളിൽ ഒന്ന്. "സ്വജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്നവൻ അതിനെ നശിപ്പിക്കും; ഈ ലോകത്തിൽ തൻെറ ജീവനെ നശിപ്പിക്കുന്നവൻ നിത്യജീവനുവേണ്ടി അത് കണ്ടെത്തും" എന്ന യേശുവിൻെറ വചനത്താൽ ആകർഷിക്കപ്പെട്ട് ഈ കുടുംബാംഗങ്ങളിൽപെട്ട പലരും ലോകത്തിൻെറ വിവിധഭാഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. പ്രഗത്ഭരായ വൈദികരേയും സന്യസ്തരേയും ലോകത്തിനു സംഭാവന ചെയ്തിട്ടുണ്ട്. മുത്തോലി മഠം സ്ഥാപകരിൽ ഒരാളായ ബ. മർഗരിത്താമ്മ നാഗനൂലിൽ കുടുംബാംഗമാണ്. രാഷ്ട്രീയ രംഗത്തായാലും സാമൂഹ്യവേദികളിലായാലും തികഞ്ഞ ആത്മാർത്ഥതയോടും അർപ്പണബോധത്തോടും കൂടി പ്രവർത്തിക്കുന്നതിൽ ഈ കുടുംബാംഗങ്ങൾ ശ്രദ്ധാലുക്കളാണ്.

സഭയുടേയും സമുദായത്തിൻേറയും ഉത്തമ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും ക്രിയാത്കമായ രീതിയിൽ വെല്ലുവിളികളെ നേരിടുന്നതിനും ഈ കുടുംബാംഗങ്ങൾക്കുള്ള സന്നദ്ധതയും അർപ്പണ മനോഭാവവും അനുപമമാണ്. സൗമ്യതയും സൗഹൃദവും നിറഞ്ഞ പെരുമാറ്റം, നീതിക്കും സത്യത്തിനും വേണ്ടി വാദിക്കാനുള്ള ധീരത, ആവശ്യ സന്ദർഭങ്ങളിൽ സഹായഹസ്തവുമായി എവിടേയും ഓടിയെത്തുന്ന ഉത്സാഹം ഇവയെല്ലാം ഈ കുടുംബാംഗങ്ങളിൽ പ്രകടമായി കാണുവാൻ കഴിയും. ഇവർ തങ്ങളുടെ കുടുംബത്തിൻെറ തായ്‌വഴികളുടേയും തലമുറകളുടെയും ചരിത്രം അന്വേഷിച്ചു കണ്ടെത്തുന്നതിനുള്ള ശ്രമത്തിൽ ഏർപ്പെട്ടു കഴിഞ്ഞു. ഈ അന്വേഷണവും കണ്ടെത്തലും ഇവരുടെ സ്നേഹവും ഐക്യവും കൂടുതൽ ദൃഢതരമാക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ കുടുംബ ചരിത്ര രചനയ്ക്കു പിന്നിൽ അധ്വാനിച്ച എല്ലാവരേയും പ്രത്യേകം അനുമോദിക്കുന്നു.

sd/-


**സിസ്റ്റർ സുപ്പീരിയർ**

കർമലീത്താ മഠം, മുത്തോലി

മുത്തോലി

11.12.2002





## ആശംസ

എറകോന്നി കുടുംബത്തിൻെറ ശാഖയായ മുത്തോലി നാഗനൂലിൽ - മണ്ണൂർ കുടുംബക്കാർ ശാഖയുടെ ചരിത്രം പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. എറകോന്നി കുടുംബയോഗം പ്രസിഡൻറ് എന്ന നിലയിൽ അവർ പ്രസിദ്ധീകരിക്കുന്ന കുടുംബചരിത്രത്തിന് എല്ലാവിധ ആശംസകളും നേരുന്നു. കുടുംബയോഗ ഭാരവാഹികളുടെ ആത്മാർത്ഥമായ പരിശ്രമവും, അതോടൊപ്പം കുടുംബാംഗങ്ങളുടെ കലവറയില്ലാത്ത സഹകരണവുമാണ് ഇതിൻെറ വിജയം. കുടുംബയോഗത്തിൻെറ പ്രവർത്തനം അഭിവൃദ്ധിപ്പെടുന്നതിനും കൂടുതൽ അഭിനന്ദനാർഹമാകുന്നതിനും ദൈവം ഇടയാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഏതൊരു രാഷ്ട്രത്തിൻേറയും. സംസ്കാരത്തിൻേറയും അടിസ്ഥാനഘടകം കുടുംബമാണ്. രാഷ്ട്രനിർമ്മിതിയിൽ കുടുംബങ്ങൾ വഹിക്കുന്ന പങ്ക് സുപ്രധാനമാണ്. മൂലകുടുംബം ഏതെന്നോ അതിൽനിന്ന് പൊട്ടിവളർന്ന് പന്തലിച്ച ശാഖോപശാഖകൾ ഏവയെന്നോ അറിയുന്നവർ നമ്മുടെ നാട്ടിൽ അധികം പേർ ഉണ്ടായിരിക്കുമെന്ന് തോന്നുന്നില്ല. ഒരേ മാതാപിതാക്കളുടെ സന്താനപരമ്പരകൾ പോലും പലപ്പോഴും പരസ്പരം അറിയുവാനോ, സഹകരിക്കുവാനോ, സൗഹൃദബന്ധങ്ങൾ പുലർത്തുവാനോ ഇതുമൂലം കഴിയാതെ വരുന്നു. അടുത്ത ബന്ധുക്കൾ പോലും അകൽച്ചയിൽ കഴിഞ്ഞുകൂടുന്നു. ഒരേ കുടുംബത്തിൽപെട്ടവർക്കെങ്കിലും പരസ്പരം അറിയുവാനും, സ്നേഹബന്ധങ്ങൾ പുലർത്തുവാനും സാധിച്ചിരുന്നെങ്കിൽ തീർച്ചയായും നമ്മുടെ സമൂഹത്തിൽ ഇന്നുള്ളതിൽ കൂടുതൽ കെട്ടുറപ്പും, ഐക്യബോധവും ഉണ്ടാകുമായിരുന്നു. കുടുംബചരിത്രങ്ങൾ എഴുതിസൂക്ഷിക്കേണ്ട ആവശ്യകതയും ഇതത്രെ. ഐക്യരാഷ്ട്രസംഘടനയും, കത്തോലിക്കാ തിരുസ്സഭയും 1994 അന്താരാഷ്ട്ര കുടുംബ വർഷമായി പ്രഖ്യാപിച്ചു. കുടുംബബന്ധങ്ങളും പശ്ചാത്തലവും നന്നാക്കുക മാത്രമാണ് നാശോന്മുഖമായ മനുഷ്യവർഗ്ഗത്തിനുള്ള രക്ഷാമാർഗ്ഗമെന്ന് ലോകരാഷ്ട്ര നേതാക്കൾക്കും തിരുസ്സഭാധികാരികൾക്കും ബോധ്യമായി. ഈ അവസരത്തിൽ നമ്മുടെ കുടുംബയോഗത്തിൻെറ പ്രവർത്തനങ്ങൾ കൂടുതൽ അഭിവൃദ്ധി

പ്പെടട്ടെ. ഏകപിതാവായ ദൈവത്തിൻെറ മക്കൾ എന്ന നിലയിൽ സംതൃപ്തമായ ഒരു ജനതതിയെ വാർത്തെടുക്കുവാൻ ഈ പ്രയത്നങ്ങൾക്ക് സാധിക്കട്ടെ. പാദങ്ങൾക്ക് വിളക്കായും, വഴികാട്ടിയായും ഈ കുടുംബചരിത്രം പ്രശോഭിക്കട്ടെ എന്ന് സർവ്വാത്മനാ പ്രാർത്ഥിക്കുന്നു. എല്ലാ കുടുംബയോഗഭാരവാഹികൾക്കും അംഗങ്ങൾക്കും എൻെറ ഹൃദയം നിറഞ്ഞ നന്ദിയും വിജയാശംസകളും നേരുന്നു.


sd/–

**വി.സി. ജോസഫ്**

പാലാ, **വെട്ടുകാട്ടിൽ**

22.11.2002 പ്രസിഡൻറ്, എറകോന്നി കുടുംബയോഗം.





**ശ്രീ. എം.റ്റി. ജോർജ്ജ് തൈത്തോട്ടം**

**നാഗനൂലിൽ മണ്ണൂർ കുടുംബചരിത്രം**

**മൂലഗ്രന്ഥരചയിതാവ്**

# ഉള്ളടക്കം

**അദ്ധ്യായം** | **പേജ്**


### ഭാഗം - 1

എറകോന്നി മൂലകുടുംബം . . . . . 45
പാലാപള്ളിയും എറകോന്നി കുടുംബവും . . . . . 49
മുത്തോലി പള്ളി . . . . . 59
മുത്തോലിയുടെ പ്രാദേശിക ചരിത്രം . . . . . 64
ചാവറയച്ചനും മുത്തോലിയും . . . . . 67

### ഭാഗം - 2

**1. നാഗനൂലിൽ മണ്ണൂർ കുടുംബചരിത്രം**

**I നാഗനൂലിൽ**
a. നാഗനൂലിൽ തറവാട്ടുശാഖ . . . . . 85
b. കിഴക്കേ നാഗന്നൂലിൽ . . . . . 94
c. ചൊള്ളനാനിക്കൽ . . . . . 109
d. തെക്കേകോയിപ്പുറം . . . . . 121

**II പുതിയാത്ത് ശാഖ**
a. പുതിയാത്ത് . . . . . 134

**III കോക്കപ്പുറത്ത് ശാഖ**
a. കോക്കപ്പുറം . . . . . 152
b. ഈറ്റിയാങ്കൽ . . . . . 163

**IV വടക്കേ കോയിപ്പുറം ശാഖ**
a. വടക്കേ കോയിപ്പുറം തറവാട്ട് ശാഖ . . . . . 169
b. ഞാറ്റുകാലക്കുന്നേൽ . . . . . 180
c. കളപ്പുര ശാഖ . . . . . 191

**V കുന്നുംപുറം ശാഖ**
a കരോട്ട് കുന്നുംപുറം . . . . . 196
b. താഴത്ത് കുന്നുംപുറം . . . . . 208

2. മണ്ണൂർ

I മണ്ണൂർ തറവാട്ടുശാഖ . . . . . . . . . . . . . . . . . . . . . . 212
a. മണ്ണൂർ കരോട്ട് . . . . . . . . . . . . . . . . . . . . . . 220
b. മണ്ണൂർ തൈത്തോട്ടം . . . . . . . . . . . . . . . . . . . . . . 227
c. മണ്ണൂർ മണിമല . . . . . . . . . . . . . . . . . . . . . . 238
d. മണ്ണൂർ അങ്കമാലി . . . . . . . . . . . . . . . . . . . . . . 247
e. വള്ളികാട്ടുകുഴി . . . . . . . . . . . . . . . . . . . . . . 254

II പ്ലാക്കാട്ട് ശാഖ
a. പ്ലാക്കാട്ട് കുടുംബശാഖ . . . . . . . . . . . . . . . . . . . . . . 284
b. കിഴക്കേക്കര . . . . . . . . . . . . . . . . . . . . . . 314
c. പ്ലാക്കാട്ട് തൈത്തോട്ടം . . . . . . . . . . . . . . . . . . . . . . 324
d. മഠത്തിക്കാട്ടുകുന്നേൽ . . . . . . . . . . . . . . . . . . . . . . 334

III തലക്കുളം ശാഖ
a. തെക്കേ തലക്കുളം . . . . . . . . . . . . . . . . . . . . . . 349
b. തലക്കുളം തൈത്തോട്ടം . . . . . . . . . . . . . . . . . . . . . . 365
c. വടക്കേതലക്കുളം . . . . . . . . . . . . . . . . . . . . . . 373

IV മാധവപ്പള്ളി
a. മാധവപ്പള്ളി തറവാട് . . . . . . . . . . . . . . . . . . . . . . 374
b. ചെല്ലങ്കോട്ട് . . . . . . . . . . . . . . . . . . . . . . 392

3. പ്ലാത്തോട്ടം . . . . . . . . . . . . . . . . . . . . . . 418


4. കൊട്ടുകാപള്ളി . . . . . . . . . . . . . . . . . . . . . . 422

5. എറകോന്നി മൂലകുടുംബത്തിലെ മറ്റുശാഖകൾ
a. എറകോന്നി പുത്തൻപുര ശാഖ . . . . . . . . . . . . . . . . . . . . . . 426
b. എറകോന്നി തോടനാൽ ശാഖ . . . . . . . . . . . . . . . . . . . . . . 435
c. എറകോന്നി പുളിക്കൽ ശാഖ . . . . . . . . . . . . . . . . . . . . . . 439
d. വെട്ടിക്കാട്ട് വയലിൽ ശാഖ . . . . . . . . . . . . . . . . . . . . . . 444
e. തൊടുകയിൽ ശാഖ . . . . . . . . . . . . . . . . . . . . . . 446
f. പരിന്തിരിക്കൽ ശാഖ . . . . . . . . . . . . . . . . . . . . . . 451
g. കുടകശ്ശേരിൽ ശാഖ . . . . . . . . . . . . . . . . . . . . . . 452



# ഭാഗം – 1

# എറകോന്നി മൂലകുടുംബം


എറകോന്നി-ഇട്ടിച്ചെറിയ
കുടകശ്ശേരിൽ
അയർക്കുന്നം
പരിന്തിരിക്കൽ
മീനച്ചിൽ
പുളിക്കൽ
മേവിട
പോത്തൻ
നാഗനൂലിൽ
മുത്തോലി
വെട്ടിക്കാട്ട്
മേവിട
തൊടുകയിൽ
മേവിട
പുത്തൻപുരക്കൽ
തൊമ്മൻ, പാലാ

# എറകോന്നി മൂലകുടുംബം

കേരളത്തിൽ അങ്ങോളമിങ്ങോളം മാത്രമല്ല ഭാരതത്തിൻെറ വിവിധ ഭാഗങ്ങളിലും വിദേശത്തുമായി പടർന്നുപന്തലിച്ചുകിടക്കുന്ന ഒരു വലിയ കുടുംബമാണ് എറകോന്നി കുടുംബം. ഈ കുടുംബക്കാർ കൂടുതലും മീനച്ചിൽ താലൂക്കിൽ പല ശാഖോപശാഖകളായി താമസിക്കുന്നു. നാടിൻെറ സാമൂഹിക, സാംസ്ക്കാരിക, സാമ്പത്തീക, വിദ്യാഭ്യാസ, രാഷ്ട്രീയ രംഗങ്ങളിൽ ഈ കുടുംബക്കാർ ചെയ്യുന്നസേവനങ്ങൾ വളരെ മഹത്തരങ്ങളാണ്.

എ.ഡി. 1002-ൽ പാലാ പള്ളിയുടെ സ്ഥാപനത്തിന് വയലിക്കൊമ്പൻ, കൂട്ടുങ്കൽ, തറയിൽ എന്നീ കുടുംബക്കാരെ സംഘടിപ്പിച്ച് പള്ളി നിർമ്മിക്കുന്നതിൽ മുന്നിട്ടുനിന്ന് പ്രവർത്തിച്ചത് എറകോന്നി കുടുംബക്കാരാണ്. മീനച്ചിൽ ഭരണാധികാരികളായിരുന്ന മേവിട നമ്പിക്കാട്ട് കർത്താക്കന്മാരുടെ ആത്മാർത്ഥമായ പ്രോത്സാഹനവും ഇവർക്ക് ഇക്കാര്യത്തിലുണ്ടായിരുന്നു. പള്ളി സ്ഥാപകരായ എറകോന്നി ശാഖക്കാർ മീനച്ചിൽ താലൂക്കിൽ വന്നത് സംബന്ധിച്ച് പല ഐതിഹ്യങ്ങളും നിലവിലുണ്ട്.

എറകോന്നി കുടുംബത്തിലെ ആദ്യകാരണവർ ബാബേലിൽ നിന്നു വന്ന ഒരു യഹൂദക്രിസ്ത്യാനിയാണ് എന്ന് ഒരു പക്ഷം. ഇദ്ദേഹം മൈലാപ്പൂരിൽനിന്നും വന്ന ഒരു മാർത്തോമാ ക്രിസ്ത്യാനിയാണെന്നാണ് മറ്റൊരഭിപ്രായം. ഈ രണ്ട് അഭിപ്രായത്തേക്കാൾ കൂടുതൽ സ്വീകാര്യമായി തോന്നുന്നത് മറ്റൊരു വാദഗതിയാണ്.

ക്രിസ്തു വർഷം 10-ാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ മീനച്ചിൽ ഭരണാധിപന്മാരായിരുന്ന നമ്പിക്കാട്ട് കർത്താക്കന്മാർ എണ്ണ, ഉപ്പ് തുടങ്ങിയ തീണ്ടലുള്ള സാധനങ്ങൾ തൊട്ടുകൊടുത്ത് ശുദ്ധിവരുത്തുവാനായി മേവിട കൊണ്ടുവന്ന് പാർപ്പിച്ചതാണ് എന്നാണ് അഭിപ്രായം. ഇവർ ഇടപ്പള്ളിയിൽനിന്നു വന്ന് കോട്ടയത്തിനടുത്ത് മണർകാട് പ്രദേശത്ത് കല്ലക്കടമ്പ് എന്ന വീട്ടിൽ താമസിച്ചുവരുകയായിരുന്നു. ഈ അവസരത്തിലാണ് മേവിട കർത്താക്കന്മാരുടെ ക്ഷണം സ്വീകരിച്ച് മേവിട എറകോന്നി പുരയിടത്തിൽവന്നു താമസിച്ചത്. ഇങ്ങനെ താമസമാക്കിയ കുടുംബത്തലവൻ ക്രമേണ പണംകൊണ്ടും പദവികൊണ്ടും സുപ്രസിദ്ധനായി. ഇദ്ദേഹത്തിൻെറ കുടുംബം കുറെ വർഷങ്ങൾകൊണ്ട് സമ്പത്തിലും ആൾബ ലത്തിലും പ്രസിദ്ധരായിത്തീർന്നു.

മേവിട നമ്പിക്കാട്ട് കർത്താക്കന്മാരുടെ സമീപം വസിച്ചിരുന്ന എറകോന്നി മാപ്പിള യുദ്ധതന്ത്രങ്ങളിലും അതിവിദഗദ്ധനായിരുന്നു. ഒരിക്കൽ തെക്കുംകൂറിൻെറയും മീനച്ചിൽ കർത്താവിൻെറയും പടയാളികൾ അങ്കം വെട്ടുന്നതിനായി പരസ്പരം അഭിമുഖീകരിച്ചു. മീനച്ചിൽ കർത്തായുടെ പക്ഷത്ത് നിന്ന്





അങ്കത്തിന് തയ്യാറായത് എറകോന്നി മാപ്പിള ആയിരുന്നു. തെക്കുംകൂർ പടയിൽനിന്നും അതിസമർത്ഥനായ ഒരു യോദ്ധാവിനെ അവർ തെരഞ്ഞെടുക്കുകയും ചെയ്തു.

അങ്കത്തിന് സമയമായി. ഇരു വ്യക്തികളും അങ്കത്തട്ടിൽ കയറിനിന്നു. എറകോന്നിമാപ്പിള വിളിച്ചു പറഞ്ഞു "കുറച്ചു ചുണ്ണാമ്പ് കൊണ്ടുവരിക." അനുയായികൾ കുറെ ചുണ്ണാമ്പ് കൊണ്ടുവന്നുകൊടുത്തു. എറകോന്നിമാപ്പിള വാളിൻെറ വായ്ത്തല ചുണ്ണാമ്പിൽ മുക്കിയശേഷം അങ്കത്തട്ടിൽ നിന്നുകൊണ്ട് രണ്ടുമൂന്ന് മറിച്ചിൽ മറിഞ്ഞ ശേഷം വാൾ ചുഴറ്റി വീശിക്കൊണ്ട് പറഞ്ഞു "എല്ലാവരുടെയും കഴുത്തിൽ നോക്കൂ."

എല്ലാവരും പരസ്പരം കഴുത്തിൽ നോക്കി. എല്ലാവരുടെയും കഴുത്തിൽ ചുണ്ണാമ്പിൻെറ പാടുകൾ ഉണ്ടായിരുന്നു. പരിഭ്രാന്തരായ തെക്കുംകൂർ പടയാളികൾ അന്യോന്യം പകച്ചുനോക്കി. എറകോന്നിമാപ്പിളയുടെ ധീരമായ നോട്ടവും ചടുലമായ ചലനങ്ങളും കണ്ട് അവരുടെ ഉള്ളിൽ ഭയം വർദ്ധിച്ചു. തെക്കുംകൂർ രാജാവ് തോൽവി സമ്മതിച്ച് അടിയറവ് പറയുകയും ചെയ്തു. സന്തുഷ്ടരായ മീനച്ചിൽ പടയാളികൾ ആഹ്ലാദം കൊണ്ട് തുള്ളിച്ചാടി. വിജയശ്രീലാളിതനായി തിരിച്ചെത്തിയ എറകോന്നിമാപ്പിളക്ക് മേവിട തൊട്ട് വടക്കോട്ട് പുലിയന്നൂർ വരെയുള്ള പ്രദേശങ്ങൾ പതിച്ചുകൊടുത്തു. ഇന്നും മുക്കുതറ പാലം മുതൽ മീനച്ചിലാറുവരെയുള്ള പാടശേഖരങ്ങളും, കരപ്രദേശങ്ങളും ഈ കുടുംബക്കാരുടെ കൈവശമാണ്.

എറകോന്നി കുടുംബത്തിൻെറ ചരിത്രം പരിശോധിക്കുമ്പോൾ 11-ാം ശതാബ്ദംവരേയും11-ാം ശതാബ്ദത്തിന് ശേഷം 17-ാം ശതാബ്ദത്തിൻെറ ആദ്യഘട്ടം വരെയുമുള്ള ചരിത്രം വിശ്വാസയോഗ്യവും അനിഷേധ്യവുമായ ചിലരേഖകളുടെ അഭാവത്തിൽ വിട്ടുകളയേണ്ടതായി വന്നിട്ടുണ്ട്. 11-ാംശതാബ്ദത്തിലാകട്ടെ വിശ്വാസയോഗ്യമായ ചിലരേഖകൾ ലഭിച്ചിട്ടുമുണ്ട്. രേഖകൾ നഷ്ടപ്പെടുവാൻ ഇടയായ സാഹചര്യം ഒരു പക്ഷേ തിരുവിതാംകൂർ മഹാരാജാവായിരുന്ന മാർത്താണ്ഡവർമ്മയുടെ ആക്രമണമായിരുന്നിരിക്കാം. അദ്ദേഹത്തിൻെറ സൈന്യം 1752-ൽ പാലായും പരിസരപ്രദേശങ്ങളും ആക്രമിക്കുകയും വീടുകളും മറ്റും തീ വച്ചു നശിപ്പിക്കുകയും ചെയ്തു. ജനങ്ങൾ നാടുവിട്ടു പോവുകയും ചെയ്തു.

17-ാം നൂറ്റാണ്ടിൻെറ അവസാനം ഒരു മുകിലപ്പടയുടെ ആക്രമണത്തിൽ പാലാ വലിയ പള്ളിയുടെ രേഖകളും നഷ്ടപ്പെട്ടതായി അറിയുന്നു. പുരാതന നസ്രാണികുടുംബചരിത്രങ്ങൾ മിക്കവയും സ്ഥലത്തെ പള്ളികളുടെ ചരിത്രങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നതാകയാൽ പള്ളിയുടെ രേഖകൾ നഷ്ടപ്പെട്ടതോടുകൂടി എറകോന്നി കുടുംബചരിത്രരേഖകളും നഷ്ടപ്പെട്ടു എന്നു വേണം അനുമാനിക്കാൻ.

എറകോന്നി കുടുംബത്തിലെ ഒരാൾ 17-ാം നൂറ്റാണ്ടിൻെറ ആരംഭഘട്ടത്തോടുകൂടി മേവിട വെട്ടിയ്ക്കാട്ട് പുരയിടത്തിൽ പുരവച്ചു മാറിതാമസി

ച്ചു. ഇദ്ദേഹത്തിൻെറ പേര് ഇട്ടിച്ചെറിയത് എന്നായിരുന്നു. ഇദ്ദേഹത്തിന് 7 പുത്രന്മാർ ഉണ്ടായിരുന്നു. ഇവരിലൊരാൾ അയർക്കുന്നത്ത് കുടകശ്ശേരിയിലേയ്ക്ക് മാറിത്താമസിച്ചു. രണ്ടാമതൊരാൾ മീനച്ചിൽ പരിന്തിരിയ്ക്കലും മൂന്നാമൻ മേവിട തന്നെ പുളിയ്ക്കലും നാലാമൻ പോത്തൻ നെയ്യൂർ നാഗനൂലിലും അഞ്ചാമൻ തറവാടായ വെട്ടിയ്ക്കാട്ടും താമസ്സിച്ചു. ആറാമൻ മേവിട തൊടുകയിൽ പുരയിടത്തിലേയ്ക്ക് മാറിതാമസിച്ചു. ഏഴാമത്തെ പുത്രനായ തൊമ്മൻ പാലായിൽ പുത്തൻപുരയ്ക്കൽ താമസ്സിച്ചു. ഇതിൽ മിക്കവാറും ശാഖകളുടെ ചരിത്രഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

റവ. ഡോ.സി.റ്റി. കൊട്ടാരം മുൻകൈ എടുത്ത് പ്രസിദ്ധീകരിച്ച എറകോന്നി പുത്തൻപുരയ്ക്കൽ കുടുംബചരിത്രത്തിൽ നാഗനൂലിൽ ശാഖയുടെ ഒരു സംക്ഷിപ്തചരിത്രം ശ്രീ എം.റ്റി. ജോർജ്ജ് തൈത്തോട്ടം രചിച്ച് ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിൻെറ പരിഷ്കരിച്ചതും വിശദവുമായ ഒരു പതിപ്പാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ഈ ഗ്രന്ഥം.

ക്രിസ്തുവർഷം 10-ാം നൂറ്റാണ്ടിൻെറ ആദ്യഘട്ടത്തിൽ നമ്പിക്കാട്ട് ഞാവക്കാട്ടു കർത്താക്കന്മാർ ഇടപ്രഭുക്കന്മാരായിരുന്ന കാലത്ത് (ഇവർ തിരുനൽവേലി പട്ടണത്തുനിന്നും അതല്ല മധുരയിൽനിന്നും വന്നവരാണെന്നും ഐതീഹ്യമുണ്ട്) എണ്ണ, ഉപ്പ് മുതലായ തീണ്ടിയസാധനങ്ങൾ തൊട്ടു കൊടുക്കുന്നതിനായി ഒരു നസ്രാണികുടുംബം വേണമെന്നാലോചിച്ച് കോട്ട യം താലൂക്കിൽ മണർകാട്ട് കരയിൽ കല്ലക്കടമ്പ് വീട്ടിൽനിന്നും നമ്പിക്കാ ട്ട് കർത്താവിൻെറ സമീപമായ എറകോന്നി പുരയിടത്തിൽ താമസിപ്പിച്ചു. എറകോന്നിമാപ്പിള എന്ന കുടുംബപ്പേരും സ്ഥാപിതമായി. കല്ലക്കടമ്പ് ഗൃഹം മണർകാട് ഇപ്പോഴുള്ള യാക്കോബാ വലിയപള്ളിയുടെ മുറ്റത്തായി രുന്നു. മേവിട നമ്പിക്കാട്ടുനിന്നും മാറിത്താമസിച്ചതാണ് മീനച്ചിൽ ഞാവ ക്കാട് ഇടം.

*പാലാ വലിയപള്ളിയുടെ സ്ഥാപനത്തിന് മുൻകൈയെടുത്ത് എറകോന്നി മാപ്പിളയോടൊപ്പം സഹകരിച്ച മറ്റ് മൂന്ന് വീട്ടുകാർ എറകോന്നി മാപ്പിളക്ക് ശേഷമാണ് പാലായിൽ എത്തിയത് എന്നത് നിസംശയം പറയാം. അവർ നേരത്തെ ഉണ്ടായിരുന്നുവെങ്കിൽ നമ്പിക്കാട്ട് ഞാവക്കാട്ട് കർത്താക്കന്മാർ മണർകാട്ട് ദേശത്തുനിന്നും കോട്ടയം രാജാവിൻെറ കുടിയാനായ എറകോന്നി മാപ്പിളയെ ക്ഷണിച്ചുവരുത്തേണ്ട കാര്യമില്ലായിരുന്നു. തന്നെയുമല്ല മേവിട നമ്പിക്കാട്ടു മഠത്തിൽനിന്നും മാറിത്താമസിച്ചിട്ടുള്ളതാണ് മീനച്ചിൽ ഞാവക്കാട്ട് ഇടം. വയലക്കൊമ്പ്, തറയിൽ, കൂട്ടുങ്കൽ കുടുംബക്കാർ മീനച്ചിൽ കർത്താവിൻെറ കുടിയാന്മാരായിട്ടാണ് വന്നത് എന്ന് ഈ കുടുംബക്കാരുടെ കുടുംബരേഖകളിലും കാണുന്നുണ്ട്.*

*ഈ വക രേഖകളടങ്ങിയ പ്രമാണങ്ങൾ ഇന്നും മേവിട നമ്പിക്കാട്ടുമഠത്തിലുണ്ട്.*

●



# പാലാ വലിയപള്ളിയും എറകോന്നി കുടുംബവും

200 വർഷങ്ങൾക്കു മുൻപുവരെ കേരളം അനേകം ചെറുരാജ്യങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. സാമ്പത്തികമായും സൈനികമായും സഹായിക്കാൻ ശക്തിയുള്ള ജനസമുദായങ്ങളുടെ മൈത്രി സമ്പാദിക്കുവാൻ ഓരോ നാടുവാഴിയും ശ്രദ്ധിച്ചിരുന്നു. സാമ്പത്തിക – സൈനിക കാര്യങ്ങളിൽ പ്രബലന്മാരായിരുന്ന സുറിയാനി ക്രിസ്ത്യാനികളുമായുള്ള സഖ്യം ഓരോ നാടുവാഴിയും അഭിലഷിച്ചിരുന്നു. സവർണ്ണഹിന്ദുക്കൾക്ക് 'തീണ്ടൽശുദ്ധി' വരുത്തുവാൻ സുറിയാനിക്കാരുടെ സാമീപ്യം അത്യന്താപേക്ഷിതവുമായിരുന്നു. ഇക്കാരണങ്ങളാൽ ക്രിസ്ത്യാനികളുടെ മതപരമോ സാമൂഹികമോ ആയ പുരോഗതിക്ക് എന്തെങ്കിലും പ്രതിബന്ധം നേരിടുവാൻ നാട്ടുരാജാക്കന്മാർ അനുവദിച്ചിരുന്നില്ല. മാത്രമല്ല പല നാടുവാഴികളും ക്രിസ്ത്യാനികൾക്ക് ദേവാലയങ്ങൾ സ്ഥാപിച്ചു കൊടുക്കുകയോ അവ സ്ഥാപിക്കുന്നതിന് വേണ്ട സൗകര്യങ്ങളും സഹായങ്ങളും ചെയ്തു കൊടുക്കുകയോ ചെയ്തിരുന്നു.

പാലാ വലിയപള്ളി സ്ഥിതിചെയ്യുന്ന മീനച്ചിൽ താലൂക്ക് തെക്കുംകൂർ രാജാക്കന്മാരുടെ കീഴിൽ ചില ഇടപ്രഭുക്കന്മാർ ഭരണം നടത്തിയിരുന്ന പ്രദേശമാണ്. തെക്കുംകൂർ രാജ്യത്തിൻെറ വടക്കേഭാഗം കവണാറിൻെറ ഇരുവശങ്ങളിലുമായുള്ള പ്രദേശത്തെ ഭരിച്ചിരുന്ന സാമന്തർ വീരകേരള ദാമോദരൻ ചിങ്ങരെന്ന് മാറാപ്പേരുള്ള ഞാവക്കാട്ട് (മീനച്ചിൽ) കർത്താക്കന്മാരായിരുന്നു. കൊല്ലും കൊലയും അടക്കി പ്രതാപവാന്മാരായി വാണിരുന്ന കർത്താക്കന്മാരുടെ ശക്തിയും അധികാരങ്ങളും അനിയന്ത്രിതങ്ങളായിരുന്നെങ്കിലും അവർ സമാധാനപ്രിയന്മാരുമായിരുന്നു. എക്കാലത്തും ഭരണീയരുടെ ക്ഷേമൈശ്വര്യങ്ങളിൽ അതീവതല്പരരാണവർ. മീനച്ചിൽ കർത്താക്കന്മാർക്ക് സുറിയാനിക്രിസ്ത്യാനികളോട് ഉണ്ടായിരുന്ന പ്രത്യേക പ്രതിപത്തിയുടെ ശാശ്വതസ്മാരകമാണ് മാർത്തോമ്മാശ്ലീഹായുടെ നാമത്തിലുള്ള പാലാ വലിയപള്ളി.

പതിനൊന്നാം ശതാബ്ദം വരെ പാലാക്കാരായ കത്തോലിക്കർക്ക് ദിവ്യപൂജയിൽ സംബന്ധിക്കുവാനും മറ്റ് മതാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുവാനും അരുവിത്തുറ പള്ളിയിലാണ് പോകേണ്ടിയിരുന്നത്. പള്ളി നടത്തിക്കൊണ്ടുപോകുവാൻ കഴിവുള്ള നാലു വീട്ടുകാർ ഉണ്ടെങ്കിൽ പള്ളി വയ്ക്കുന്നതിനാവശ്യമായ സ്ഥലവും മറ്റ് ആനുകൂല്യങ്ങളും നൽകാമെന്ന് നാടുവാഴിയായ മീനച്ചിൽ കർത്താവ് സമ്മതിച്ചു.

അക്കാലത്ത് മൈലക്കൊമ്പ്പള്ളി ഇടവകയിൽ നിന്നും ആയുധാഭ്യാസിയായ ഒരു നസ്രാണി ഭാര്യാസമേതം മീനച്ചിൽ എന്ന സ്ഥലത്തെത്തി

കർത്താവിൻെറ സേനാനായകനായിരുന്ന വെളിയത്ത് കുറുപ്പെന്നു സ്ഥാന പ്പേരുള്ള തോയിക്കൽ പണിക്കരുടെ ആശ്രിതനായി കഴിഞ്ഞിരുന്നു. അയാൾ ഒരവസരത്തിൽ കുറുപ്പിൻെറ പ്രതിനിധിയായി, തെക്കുംകൂർ രാജാവിൻെറ ഒരു അങ്കക്കാരനെ തോല്പിച്ചു. അതിനെത്തുടർന്ന് കർത്താവിൻെറ പ്രീതിക്കും പ്രശംസക്കും പാത്രീഭൂതനായ ഇയാൾക്കു വയലക്കൊമ്പ് എന്ന പുരയിടം കൊടുത്ത് അവിടെ പാർപ്പിച്ചു.

തറയിൽ മാപ്പിള വി.തോമാശ്ലീഹായിൽ നിന്നും മാമ്മോദീസ സ്വീകരിച്ച പറവൂർ പാറയ്ക്കൽ പരമേശ്വരൻ നമ്പൂതിരിയുടെ സന്താന പരമ്പര യിൽപെട്ട ആളാണ്. ആ കുടുംബത്തിൽപെട്ട തൊമ്മൻ, യോഹന്നാൻ എന്ന രണ്ടു സഹോദരന്മാർ പറവൂർ രാജാവുമായി പിണങ്ങി നാടുവിട്ടു. ജ്യേഷ്ഠൻ പള്ളിപ്പുറത്തും സഹോദരൻ കടുത്തുരുത്തിയിലും താമസിച്ചി രുന്നു. പിൽക്കാലത്ത് ജ്യേഷ്ഠനായ തൊമ്മൻെറ മക്കളിൽ ഒരാൾ മീന ച്ചിൽ കർത്താവിൻെറ അധീനതയിൽപെട്ട പുലിയന്നൂർ തറയിൽ എന്ന പുരയിടത്തിൽ വന്ന് താമസമാക്കുകയും കച്ചവടംകൊണ്ട് കാലാന്തരത്തിൽ ധനവാനാകുകയും ചെയ്തു.

പള്ളിവയ്ക്കുവാൻ അനുവാദം ലഭിക്കേണ്ടതിന്, നാലുകുടുംബത്തെ തികയ്ക്കുന്നതിനു വേണ്ടി തറയിൽ മാപ്പിള തൻെറ സഹോദരനെ കുറവി ലങ്ങാട്ടുനിന്ന് കൊണ്ടുവന്ന് തൻെറ തൊഴുത്ത് ഇരുന്നിരുന്ന സ്ഥലത്ത് ഒരു വീട് വച്ച് താമസിപ്പിച്ചുവെന്നും കൂട് ഇരുന്നിരുന്ന സ്ഥലമായതുകൊണ്ട് കൂട്ടുങ്കൽ മാപ്പിള എന്ന പേരിൽ അറിയപ്പെട്ടതായും പറഞ്ഞുവരുന്നു.

അനന്തരം പള്ളി വയ്ക്കേണ്ട സ്ഥലത്തെ സംബന്ധിച്ച് ചില തർക്ക ങ്ങൾ ഉണ്ടാകയാൽ വയലക്കൊമ്പിൽ നിന്നും വടക്കുപടിഞ്ഞാറായും തറ യിൽ നിന്ന് തെക്കുകിഴക്കായും അളന്നാൽ വരുന്ന മദ്ധ്യസ്ഥലത്ത് പള്ളി വയ്ക്കണമെന്നും ആ സ്ഥലം ആരുടേതായിരുന്നാലും ഒഴിപ്പിച്ചു കൊടുത്തുകൊള്ളാമെന്നും കർത്താവ് കല്പിക്കയാൽ എല്ലാവരും അതു സമ്മതിച്ചു. അളന്നു തിട്ടപ്പെടുത്തിയപ്പോൾ ഇപ്പോൾ പള്ളി ഇരിക്കുന്ന സ്ഥലമാണ് മധ്യസ്ഥാനമായി കാണപ്പെട്ടത്.

അങ്ങനെ എറകോന്നി, വയലക്കൊമ്പ്, തറയിൽ, കൂട്ടുങ്കൽ എന്നീ നാല് വീട്ടുകാർ ഒന്നിച്ചാവശ്യപ്പെട്ടതിൻെറ ഫലമായി പള്ളി സ്ഥാപിക്കുന്നതിനു ള്ള അനുവാദം ലഭിച്ചു.

കൊല്ലവർഷം 177-ന്, ശരിയായി ക്രിസ്ത്വാബ്ദം 1002 ജൂലൈ മാസം 3-ന് നമ്മുടെ പിതാവ് മാർത്തോമ്മാശ്ലീഹായുടെ നാമത്തിൽ പള്ളിക്ക് കല്ലി ട്ടു. അക്കാലത്ത് ബാബേൽ പാത്രീയാർക്കീസിനാൽ മലങ്കരയിലെ മെത്രാ പ്പോലീത്തയായി വാഴിക്കപ്പെട്ട മാർ യോഹന്നാൻ മെത്രാപ്പോലീത്തയാണ് ശില വെഞ്ചരിച്ച് കുരിശ് സ്ഥാപിച്ചത്.







പാലാ കത്തീഡ്രൽ പള്ളി

പള്ളിപണിയുന്ന സ്ഥലത്തിനടുത്ത് മങ്ങാട്ട് പണിക്കർ മുതലായ പ്രബ ലന്മാരായ നായന്മാരും പാലാത്ത് ചെട്ടി, കുരുവിനാനിക്കൽ ചെട്ടി മുത ലായ ധനവാന്മാരായ ചെട്ടികളും കടവുപുഴ ചേകോൻ, കൂട്ടുങ്കൽ ചേകോൻ, വങ്ങാട്ട് ചേകോൻ മുതലായ പല ഈഴവരും പാർത്തിരുന്നു. പള്ളിപണിക്ക് ഇവരുടെയൊക്കെ തടസ്സങ്ങൾ ഉണ്ടാകാതിരുന്നില്ല. ഓരോ ദിവസവും പണിയുന്ന കല്ലുകൾ അതാതു രാത്രി തന്നെ വിരോധികൾ പൊളിച്ചെ ടുത്ത് ആറ്റിലെറിഞ്ഞിരുന്നു. അതിനാൽ പള്ളി പണി നടക്കാതെയായി. ഈ വിവരം കർത്താവിനെ അറിയിച്ചപ്പോൾ പള്ളിസ്ഥലത്തിന് അടുത്തു തന്നെ ഒരു കെട്ടിടം പണിയിച്ച് കർത്താവു തന്നെ അവിടെ താമസിച്ച് ദേവാലയനിർമ്മാണത്തിന് നേതൃത്വം നൽകി. തന്മൂലം പണികൾ തടസ്സം കൂടാതെ നടക്കുകയും 1003 ഏപ്രിൽ മാസം ഉയിർപ്പു ഞായറാഴ്ച പള്ളി

യുടെ വെഞ്ചരിപ്പുകർമ്മം ആഘോഷപൂർവ്വം നടത്തി ആദ്യമായി കുർബ്ബാന ചൊല്ലുകയും ചെയ്തു.

കാലാന്തരത്തിൽ പള്ളി സ്ഥാപിച്ച വീട്ടുകാർ പല ശാഖോപശാഖക ളായി പിരിഞ്ഞ് പ്രത്യേക ഭവനങ്ങൾ ഉണ്ടാക്കി പാർത്തതിനാലും അന്യ ദിക്കുകളിൽ നിന്ന് അനേകം ആളുകൾ കുടിയേറി പാർത്തതിനാലും ഇട വകക്കാരുടെ സംഖ്യ വർദ്ധിച്ചു വന്നു. വിശ്വാസികളുടെ സൗകര്യാർത്ഥം 1100-ൽ ഭരണങ്ങാനത്ത് ആനക്കല്ലുങ്കൽ പള്ളിയും 1101-ൽ ചേർപ്പുങ്കൽ പള്ളിയും സ്ഥാപിക്കപ്പെട്ടു. പാലാ ഇടവകയിൽ നിന്നും ഏതാനും പുതിയ വീടുകൾ ഈ പള്ളികളിൽ ഇടവകാംഗങ്ങളായിചേരുകയും ചെയ്തു. 1683 സെപ്തംബർ 8-ന് പരിശുദ്ധ ദൈവമാതാവിൻെറ ജനനത്തിരുനാൾ ദിവസം പാലാ ലാളം പള്ളിക്ക് കല്ലിട്ട് പണി ആരംഭിച്ചു. കുറെക്കാലത്തേക്ക് ഇതു പാലാ പള്ളിയുടെ കുരിശുപള്ളിയായാണ് അറിയപ്പെട്ടിരുന്നത്.

1002-ൽ സ്ഥാപിച്ച ആദ്യത്തെ പള്ളി തീരെ ചെറുതായിരുന്നു. കാലാന്തരത്തിൽ ഇടവകക്കാർ വർദ്ധിച്ചതോടെ അവരുടെ സൗകര്യാർത്ഥം പള്ളി യുടെ ദീർഘവിസ്താരങ്ങൾ വർദ്ധിപ്പിച്ച് മൂന്നോ നാലോ തവണ പൊളിച്ചു പണിയുകയുണ്ടായി. ഒടുവിൽ ശ്രാമ്പിക്കൽ ഇട്ടൻ മാപ്പിളയുടെ നേതൃത്വ ത്തിൽ പണികഴിപ്പിച്ചതാണ് ഇപ്പോഴത്തെ പഴയപള്ളി.

## പള്ളി ഭരണം

പാലാ പള്ളിയുടെ സ്ഥാപനം മുതൽ 700 വർഷക്കാലം എറകോന്നി, വയലക്കൊമ്പൻ, തറയിൽ, കൂട്ടുങ്കൽ എന്നി കുടുംബക്കാരാണ് പള്ളി കാര്യ ങ്ങൾ നടത്തിവന്നത്. പള്ളി സ്ഥാപകരായ ഈ നാല് കുടുംബക്കാരിൽ പെട്ട വീടുകൾക്ക് പല അധികാരങ്ങളും അവകാശങ്ങളും പൂർവ്വകാലം മുതൽക്കേ ഉണ്ടായിരുന്നു. പള്ളിയുടെ ആരംഭകാലം മുതൽ പള്ളിയുടെ വരവുചെലവുകളെല്ലാം ഇവർ തന്നെയാണ് ചെയ്തിരുന്നത്. ഈ ഇടവക യിലെ പട്ടക്കാർ അക്കാലത്തെ നാട്ടുനടപ്പ് അനുസരിച്ച്, ഓരോ ആഴ്ച ഓരോരുത്തർ എന്ന കണക്കിന് തവണപ്രകാരം വികാരിയായി ഇടവക ഭരണം നടത്തി വന്നിരുന്നു. ആദ്യകാലം മുതൽ എറകോന്നി, വയലക്കൊ മ്പൻ, എന്നീ കുടുംബക്കാർ ശവമടക്കുന്നത് ഏറ്റവും മുന്തിയ 6-ാം നിര യിലും തറയിൽ, കൂട്ടുങ്കൽ കുടുംബക്കാർ 5-ാം നിരയിലുമായിരുന്നു. ഇട വകക്കാരായ മറ്റ് വീട്ടുകാർക്ക് അതിനുതാഴെയുള്ള നിരകളിൽ മാത്രമേ ശവം അടക്കുവാൻ അനുവാദമുണ്ടായിരുന്നുള്ളൂ. മേൽപ്പറഞ്ഞ പല കുടും ബക്കാരും ശവമടക്കുന്നതിന് കുർബ്ബാനക്കിണ്ടിയെടുത്ത് കുഴിക്കാണമായി വയ്ക്കുകയായിരുന്നു പതിവ്.

പള്ളി സാമാനങ്ങൾ സൂക്ഷിക്കുന്നതിന് ഏഴുപൂട്ട് എന്ന പ്രത്യേക സംവി ധാനമുള്ള ഒരു നിക്ഷേപമുറി ഉണ്ടായിരുന്നു. അതിൻെറ ഒരു താക്കോൽ





തറയിൽ കുടുംബകാരണവരും വയലക്കൊമ്പിൽ കാരണവരും സൂക്ഷിച്ചി രുന്നു. മറ്റേ താക്കോൽ എറകോന്നി കുടുംബക്കാരണവരുടെ കൈവശവും ആയിരുന്നു സൂക്ഷിച്ചിരുന്നത്. തികച്ചും 750 കൊല്ലത്തേക്ക് ഈ നടപ ടിക്ക് ഭംഗം സംഭവിച്ചിരുന്നില്ല. ഇത്ര ദീർഘകാലം ഒരേ കുടുംബക്കാർ തന്നെ ഭരണം നടത്തിയിട്ടുള്ള പള്ളികൾ മലങ്കരയിൽ വേറെ ഉള്ളതായി കാണുന്നില്ല.

നാലു കുടുംബങ്ങളുടെ പ്രതിനിധികളുടെ അവകാശങ്ങളെക്കുറിച്ച് ഇട വകയിൽ വ്യാപകമായ എതിർപ്പും അമർഷവും ഉണ്ടായിരുന്നു. 4 വീട്ടു കാരുടെ പാരമ്പര്യാവകാശങ്ങൾ നിർത്തലാക്കണമെന്നും ജനാധിപത്യ രീതി യിൽ കൈക്കാരന്മാരെ തിരഞ്ഞെടുക്കണമെന്നും അപേക്ഷിച്ചു കൊണ്ട് കൊടുങ്ങല്ലൂർ അതിരൂപതാ അദ്ധ്യക്ഷന് ഇടവകക്കാർ നിവേദനം നൽകി. ഇവർക്ക് കട്ടക്കയം എബ്രഹാം മൽപ്പാൻെറ പിന്തുണയും ഉണ്ടായിരുന്നു. ഹർജി അനുവദിച്ചു കൊണ്ട് മേമ്പൂട്ടുകാരുടെ പക്കൽ നിന്നും താക്കോൽ വയ്പിക്കുന്നതിന് ഇടവകയോഗം കൂടി മൂന്ന് കൈക്കാരന്മാരെ തെരഞ്ഞെ ടുക്കുന്നതിനും വൈദികമേലദ്ധ്യക്ഷൻെറ കൽപന വന്നു. വൈമനസ്യ ത്തോടെ ആണെങ്കിലും ഇവർ താക്കോൽ വച്ചൊഴിഞ്ഞു. ഇപ്രകാരം നാമ മാത്രമായ ഒരു പള്ളിയോഗം ഉണ്ടായി. എങ്കിലും പള്ളി നടത്തിപ്പിൽ മേൽകൈ ഈ നാലു കുടുംബക്കാർക്കു തന്നെ ആയിരുന്നു. എന്നാൽ 1825-ൽ കട്ടക്കയത്ത് യൗസേപ്പ് മൽപ്പാൻ പാലാ പള്ളിയുടെ വികാരി ആയി നിയമിക്കപ്പെട്ടു. ഇടവകയിലെ പ്രതിനിധികൾ തമ്മിൽ ഉണ്ടായ അന്ത:ഛിദ്രങ്ങൾ അവസാനിപ്പിക്കുന്നതിനും അദ്ദേഹം മുൻകൈ എടുത്തു. അക്കാലത്തെ ഗോവർണ്ണദോർ ഒരു കമ്മറ്റിയെ പള്ളി ഭരണത്തെക്കുറിച്ച് പഠിക്കുന്നതിന് നിയോഗിക്കുകയും പള്ളി ഭരണം നടത്തുന്നതിന് ഇടവകജന ങ്ങളിൽ നിന്നു തന്നെ ഒരു സമിതിയെ എടുക്കണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു. പള്ളി കാര്യങ്ങളുടെ നിർവ്വഹണത്തിനായി അക്കാ ലത്തെ പ്രധാനികളായിരുന്ന 16 വീട്ടുകാരെ ഇടവകജനങ്ങൾ തന്നെ തെര ഞ്ഞെടുത്ത് യോഗക്കാരായി നിയമിക്കുകയും അവർ പള്ളിക്കാര്യങ്ങൾ നട ത്തി തുടങ്ങുകയും ചെയ്തു. തിരഞ്ഞെടുക്കപ്പെട്ടവരിൽ പകുതിയും പള്ളി സ്ഥാപകരായ 4 കുടുംബങ്ങളിൽ പെട്ടവരായിരുന്നു. യോഗക്കാരുടെ പേരു വിവരം 1. എറകോന്നി 2. പുളിക്കൽ 3. തയ്യിൽ 4. പൊരുന്നോലിൽ 5. പുത്തൻപുര 6. മൂലയിൽ 7. കീഴോടം 8. വയലൻ 9. വെള്ളാപ്പാ ടൻ 10. കൊട്ടുകാപ്പള്ളി 11. കുടക്കച്ചിറ 12. കട്ടക്കയം 13. പന യ്ക്കൽ 14. മണിമല 15. വയലക്കൊമ്പൻ 16. തുരുത്തിപ്പള്ളി. ഈ 16 വീട്ടുകാരിൽ അതാതു കാലത്തെ കാരണവൻ ആ കുടുംബത്തിൻെറ ഏതു ശാഖയിൽപ്പെട്ട ആളായിരുന്നാലും യോഗാംഗം ആയിരിക്കുമെന്നും നിശ്ചയിച്ചു. 100-ൽ അധികം കൊല്ലക്കാലം പാലാ ഇടവക യോഗം മേൽപ്പ

റഞ്ഞ 16 വീട്ടുകാർ മാത്രമായിട്ടാണ് നടന്നുവന്നത്. 1931-ൽ വേറെയും 16 വീട്ടുകാരെക്കൂടി കൂട്ടിച്ചേർത്ത് യോഗം വിപുലമാക്കുകയും ചെയ്തു. 1948 -ൽ പള്ളിയോഗം വീണ്ടും നവീകരിച്ചു.

പല പ്രാവശ്യങ്ങളിലായി ഇടവകയോഗം നവീകരിക്കപ്പെട്ടു എങ്കിലും 1959-ൽ മുത്തോലി പള്ളി ഒരു ഇടവകപള്ളി ആയി ഉയർത്തപ്പെടുന്നതു വരെ എറകോന്നി കുടുംബത്തിൻെറ ശാഖയായ നാഗനൂലിൽ, മണ്ണൂർ കുടുംബാംഗങ്ങൾ പാലാ പള്ളിയുടെ യോഗകമ്മറ്റിയിൽ സ്ഥിരമായി അംഗങ്ങളായിരുന്നു. കൂടാതെ രാക്കുളി പെരുന്നാളിലും മറ്റ് തിരുനാളുകൾക്കും തോമാശ്ലീഹായുടെ തിരുസ്വരൂപത്തിൻെറ സമീപത്തു തന്നെ നിൽക്കുന്നതിനും തിരുനാളിൻെറ മേൽനോട്ടം നടത്തുതിനും പ്രത്യേക പരിഗണനകൾ നൽകിയിരുന്നു.

## പാലായിൽ ഒരു അങ്ങാടി

മീനച്ചിൽ കർത്താക്കന്മാർക്ക് ക്രിസ്ത്യാനികളോടുള്ള പ്രത്യേക താല്പര്യം പരിഗണിച്ച് അവരുടെ കച്ചവട സൗകര്യങ്ങൾക്കായി എ.ഡി. 1736-ൽ പാലാ അങ്ങാടി സ്ഥാപിച്ചു. മീനച്ചിലാറിനു വടക്കേക്കരയിൽ, ചെട്ടിക്കുന്നിനു കിഴക്ക് കാടായിക്കിടന്നിരുന്ന അമ്പലപ്പുറത്ത്, ആശാരി പടിക്കൽ മുതലായ സ്ഥലങ്ങൾ വെട്ടിത്തെളിച്ച് പീടിക തറകൾക്കായി പതിച്ചു കൊടുത്തു. ചുരുങ്ങിയ കാലം കൊണ്ട് പാലാ അങ്ങാടി വളരെ അഭിവൃദ്ധി പ്രാപിച്ചു. കച്ചവടക്കാരിൽ പലരും പാണ്ടി, പാലക്കാട് മുതലായ പ്രദേശങ്ങളിൽ ഉള്ളവരുമായി ഇടപാടുകൾ നടത്തി, വമ്പിച്ച സ്വത്തുകാരായിത്തീരുകയും ചെയ്തു. അങ്ങാടിയിലെ ജനസംഖ്യയും നാൾക്കുനാൾ വർദ്ധിച്ചു വന്നു. അടുത്ത ദിക്കുകളിലൊന്നും വേറെ അങ്ങാടിയും കച്ചവടവും ഉണ്ടായിരുന്നില്ല. അതിനാൽ പാലാ അങ്ങാടിക്ക് വളരെ പ്രശസ്തിയും ലഭിച്ചു.

പാലാ അങ്ങാടിയുടെ ഐശ്വര്യം ഏറെക്കാലത്തേക്ക് നീണ്ടു നിന്നില്ല. 1752-ൽ തിരുവിതാംകൂർ മാർത്താണ്ഡവർമ്മ രാജാവിൻെറ സചിവനായ രാമയ്യൻ ദളവ തെക്കുംകൂർ രാജ്യം പിടിച്ചടക്കി തിരുവിതാംകൂറിനോട് ചേർത്തു. കർത്താവിൻെറ ഭരണത്തിൽ പെട്ടിരുന്ന മീനച്ചിൽ പ്രദേശങ്ങളും നിഷ്പ്രയാസം തിരുവിതാംകൂറിന് അധീനമായി. കർത്താവ് യുദ്ധത്തിന് ഒരുങ്ങാതെ ശത്രുസൈന്യത്തിന് കീഴടങ്ങുകയാണ് ഉണ്ടായത്. എന്നിട്ടും പട്ടാളക്കാർ പാലാ അങ്ങാടി മുഴുവൻ കൊള്ളയടിക്കുകയും കെട്ടിടങ്ങൾക്ക് കൊള്ളി വയ്ക്കുകയും ചെയ്തു. ചെറ്റപ്പുരകളെല്ലാം പട്ടാളക്കാർ പൊളിച്ചു കൊണ്ടുപോയി. ലാളം പള്ളിക്കകത്ത് കൂട്ടിയിട്ട് തീവയ്ക്കുകയാൽ പള്ളി





യുടെ മേൽക്കൂരയും അഗ്നിക്കിരയായി. ജനങ്ങൾ ഭയന്ന് നാലുപാടും ഓടിക്കളഞ്ഞു. മിക്കവരും കിഴക്കൻ മലകളെ അഭയം പ്രാപിച്ചു. രാജ്യം തിരുവിതാംകൂറിന് പൂർണ്ണമായും കീഴ്പ്പെട്ടു. നാട്ടിൽ സമാധാനം സ്ഥാപിതമായതിനുശേഷമാണു മലകളിലും ദൂരെ ദിക്കുകളിലും അഭയം പ്രാപിച്ചിരുന്ന ജനങ്ങൾ വന്നത്.

## രാക്കുളി തിരുനാൾ പാലായുടെ ഉത്സവം

മീനച്ചിലാറിൻെറ വക്കത്ത് പ്രകൃതി സൗന്ദര്യം ഓളം വെട്ടുന്ന പരിസരങ്ങളിൽ എത്ര വലിയ വെള്ളപ്പൊക്കത്തിൽ നിന്നും വിമുക്തമായി ഏറ്റവും സൗകര്യപ്രദവുമായ സ്ഥാനത്തുള്ള ഈ ദേവാലയത്തിൻെറ ഇരിപ്പും പള്ളിപുരയിടത്തെയും കുരിശും തൊട്ടിയേയും തഴുകിക്കൊണ്ടുള്ള പുഴയുടെ കിടപ്പും വേനൽക്കാലത്ത് ആറ്റുമണൽപ്പുറത്തിൻെറ പരപ്പും വിരിപ്പും എല്ലാം ഈ പള്ളിയുടെ പ്രാരംഭപ്രവർത്തകന്മാർ കലാബോധം നിറഞ്ഞവരും ദീർഘവീക്ഷണം ഉള്ളവരും ആണ് എന്ന് വിളംബരം ചെയ്യുന്നു. ജനുവരി 5, 6 തീയതികളിൽ പാലാ വലിയപള്ളിയിൽ ആഘോഷിക്കപ്പെട്ടുവരുന്ന രാക്കുളി (ദനഹ) തിരുനാൾ ഒരു ദേശീയ മഹോത്സവമായിട്ടാണ് കരുതപ്പെടുന്നത്. ഐശ്വര്യസമ്പൂർണ്ണമായ പള്ളിപ്പരിസരങ്ങൾ തിരുനാൾ കാലത്ത് ഒരു നഗരത്തിൻെറ ഭാവരൂപങ്ങൾ കൈക്കൊള്ളുകയും ചെയ്തു. ഉൾനാടുകളിൽ എല്ലാം യാത്രാസൗകര്യങ്ങൾ വർദ്ധിക്കുകയും വ്യാപാരസ്ഥാപനങ്ങൾ ഏർപ്പെടുത്തുകയും അയൽപ്രദേശങ്ങളിൽ അനേകം പുതിയ ദേവാലയങ്ങളും അവിടെയെല്ലാം പല തിരുനാൾ ആഘോഷങ്ങളും ഉണ്ടാവുകയും ചെയ്തിട്ടുള്ളതിനാൽ അടുത്ത കാലത്ത് രാക്കുളി തിരുനാളിന് ആൾക്കൂട്ടവും, പള്ളിപ്പരിസരങ്ങളിലെ കച്ചവടവും അല്പം കുറഞ്ഞിട്ടുണ്ടെങ്കിലും തിരുനാളിൻെറ പ്രാധാന്യത്തിനും പ്രശസ്തിക്കും യാതൊരു കുറവും സംഭവിച്ചിട്ടില്ല.

## നിർഭാഗ്യകരമായ ചില സംഭവങ്ങൾ

17-ാം നൂറ്റാണ്ടിൻെറ അവസാനത്തിൽ പാലാ പള്ളിയെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ഒരു അത്യാഹിതം സംഭവിച്ചു. ഏതോ ഒരു മുഹമ്മദീയ പട പാലായിൽ എത്തുകയും പള്ളി തീവച്ചു നശിപ്പിക്കുകയും ഉണ്ടായി. 'പാശാട വന്നു പള്ളിയതങ്ങും ചൂട്ടും ഇട്ടു വെന്തെരിച്ചു' എന്ന് പരമ്പരയാ പറഞ്ഞുവരുന്നതിൽ നിന്നും അത് ഏതോ മുകിലപ്പടയുടെ ആക്രമണമായിരുന്നു എന്ന് വേണം കരുതാൻ. പാശാട എന്ന് പാഷാ പടയുടെ അതായത് മുകിലപടയുടെ തത്ഭവം ആകാനും സാധ്യതയുണ്ട്.

## കുടവഴക്ക്

1833-ൽ കുടവഴക്ക് എന്ന പേരിൽ പാലായിൽ നടന്ന ഒരു കലാപവും പള്ളിയുടെ ക്രമാനുഗതമായ വളർച്ചയ്ക്ക് തടസ്സം സൃഷ്ടിച്ചു. കൃഷിയിലും കച്ചവടത്തിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന ക്രിസ്ത്യാനികൾക്ക് അക്കാലത്ത് സർക്കാർ സർവ്വീസുകളിൽ വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചിരുന്നില്ല. അന്നത്തെ സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് ക്രിസ്ത്യാനികളോട് പൊതുവെ പുച്ഛവും ആയിരുന്നു. 1829-ൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ ദേവാലയങ്ങൾ ഒന്നും പണികഴിപ്പിക്കുവാൻ പാടില്ല എന്ന് കാണിച്ചു കൊണ്ടുള്ള ഒരു രാജകീയ വിളംബരം ഉണ്ടായതിൽ ക്രിസ്ത്യാനികൾ തീർത്തും അതൃപ്തരായിരുന്നു. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ തിരുവിതാംകൂർ രാജകുടുംബത്തിൽ നിന്നും ഉാലത്തമ്പലത്തിലേയ്ക്ക് സംഭാവന ചെയ്ത ഒരു പട്ടുകുട, വെള്ളാപ്പാട്ട് കാവിൽ നിന്നും ക്രിസ്ത്യാനികൾ തിങ്ങിപ്പാർക്കുന്ന പാലാ കമ്പോള മധ്യത്തിലൂടെ ആഘോഷപൂർവ്വം കൊണ്ടുപോകുന്ന വിവരം ഇവിടുത്തെ ഉദ്യോഗസ്ഥന്മാരിൽ നിന്നും നസ്രാണികൾ അറിഞ്ഞു. ക്രിസ്ത്യാനികളോട് എതിർപ്പുള്ള ചില ഉദ്യോഗസ്ഥന്മാർ തങ്ങളെ മന:പൂർവ്വം അവഹേളിക്കുന്നതിനായി ഏർപ്പെടുത്തിയ ഒരു ആഘോഷമായിട്ടാണ് ഇതിനെ ക്രിസ്ത്യാനികൾ കണ്ടത്.

പാലാ വലിയപള്ളി, ഉാലംപള്ളി, പുത്തൻപള്ളി എന്നീ പള്ളികളിലെ ഇടവകക്കാരും വൈദികരും ചേർന്ന് കീഴ്നടപ്പിന് വിരുദ്ധമായി നടത്തുന്ന ഈ ആഘോഷം തടയണമെന്ന് നിശ്ചയിച്ചു. പാലാ പള്ളി ഇടവകക്കാരനും മുത്തോലി നാഗനൂലിൽ നിന്നും ദത്തവകാശത്തിൽ കൊട്ടുകാപ്പള്ളിയിൽ പോയ കാരണവരുടെ മകനും ആയ കൊട്ടുകാപ്പള്ളിൽ തൊമ്മൻ എന്ന ആളിന്റെ നേതൃത്വത്തിൽ ജനങ്ങൾ സംഘടിക്കുകയും കീഴ്നടപ്പ് അനുസരിച്ച് ആഘോഷങ്ങൾ നിർത്തിവച്ചിട്ടേ ജാഥ കടന്നുപോകാവൂ എന്ന് ശഠിക്കുകയും ചെയ്തു. കമ്പോളം സ്ഥാപിച്ച കാലം മുതൽ ക്രിസ്ത്യാനികൾക്ക് അടുത്ത ആരാധനയും ആഘോഷങ്ങളുമല്ലാതെ അന്യമതസ്ഥരുടെ ആഘോഷങ്ങൾ വരുന്നതാകയാൽ കമ്പോളത്തിന്റെ പടിഞ്ഞാറെ അറ്റത്തു വരുമ്പോൾ കൊട്ടുംഘോഷവും നിർത്തിപ്പോരുന്ന കീഴ്നടപ്പ് നിലവിലുണ്ടായിരുന്നു. ഇതിനു വിസമ്മതിച്ചതിന്റെ പേരിൽ ആഘോഷത്തിന് എഴുന്നള്ളിച്ച ആനയെ എറിഞ്ഞ് ഓടിക്കുകയും ചെയ്തു. വിവരമറിഞ്ഞ ദിവാൻ പേഷ്കാർ പാലാ കമ്പോളത്തിലുള്ള എല്ലാ ക്രിസ്ത്യാനികളെയും അറസ്റ്റു ചെയ്ത് കൈവിലങ്ങു വച്ച് പാറാവിലാക്കാൻ ഉത്തരവിട്ടു. അതനുസരിച്ച് പാലായിലുള്ള മൂന്ന് ഇടവകകളിലും പെട്ട 22 പൗരപ്രമുഖരെ





അറസ്റ്റു ചെയ്തു തിരുവനന്തപുരത്ത് കൊണ്ടുപോയി. തുടർന്ന് രാജഭടന്മാർ എല്ലാ ക്രൈസ്തവഭവനങ്ങളിലും കയറിയിറങ്ങി ക്രിസ്ത്യാനികളെ പീഡിപ്പിച്ചു. ഇതെത്തുടർന്ന് പാലായിലും പരിസരങ്ങളിലുമുള്ള പ്രായപൂർത്തിയായ പുരുഷന്മാരെല്ലാം ഒളിവിൽ പോയി. പാലാ പള്ളി വികാരി ആയിരുന്ന കട്ടക്കയത്തിൽ ഔസേപ്പ് മല്പാനും മറ്റ് വൈദികരും ശെമ്മാശന്മാരുമൊന്നിച്ച് മലയാറ്റൂർ പള്ളിയിൽ പോയി താമസിച്ചു.

## എക്സ്ട്രാ പോലീസ് രംഗത്ത്

ബന്ധനസ്ഥരായ ആളുകളെ സഹായിക്കാനും അന്വേഷിക്കാനുമായി കിഴക്കേക്കര ഇട്ടി ഐപ്പ്, മണ്ണൂർ ഇട്ടിച്ചെറിയത് എന്നീ രണ്ടു മഹാന്മാർ പുറപ്പെട്ടു. ഇവർ രണ്ടുപേരും കാഴ്ചയിൽ വളരെ യോഗ്യതയുള്ളവരും അവസ്ഥ സകലതും തികഞ്ഞവരുമായിരുന്നു. തടവുകാരെ വിടുവിച്ചു കൊണ്ടുപോരാമെന്ന് അവർക്കുള്ള വിചാരത്താൽ ഇക്കാര്യത്തെപ്പറ്റി സകല അധികാരത്തോടും കൂടി എക്സ്ട്രാ പോലീസ് എന്നൊരു ഉദ്യോഗസ്ഥൻ ഏറ്റുമാനൂരിൽ വന്നതായി കേട്ടു. അദ്ദേഹത്തെ കാണുന്നതിനായി പുറപ്പെട്ട് കട്ടച്ചിറ വരെ ചെന്ന സമയം കാൺമാനാഗ്രഹിച്ച എക്സ്ട്രാപോലീസ് ഇവരുടെ എതിരെ വരികയും സിംഹം, ആനയുടെ നേരെ എതിർക്കുന്നതുപോലെ കലഹിച്ച് പിടിച്ച് മീനച്ചിൽ കൊണ്ടുവന്ന് വിലങ്ങും വച്ച് കൂട്ടരുടെകൂടെ തടവിൽ ആക്കുകയും ചെയ്തു.

മർദ്ദിതരും അപമാനിതരുമായി ജയിലിൽ പാർപ്പിക്കപ്പെട്ടിരുന്ന ഉന്നത കുലജാതരായ ആ ക്രൈസ്തവ നേതാക്കളെ ഏതു വിധേനയും മോചിപ്പിക്കാനുള്ള ശ്രമങ്ങളൊന്നും ഫലവത്തായില്ല. അപ്പോൾ കയ്യാലയ്ക്കകം, കൊങ്ങോല എന്നീ കുടുംബങ്ങളിലെ ധീരരായ രണ്ടു വനിതകൾ കാൽനടയായി തിരുവനന്തപുരത്തിന് പുറപ്പെട്ട് എല്ലാ വിഷമങ്ങളും തരണം ചെയ്ത് രാജപത്നിയുടെ സമക്ഷം എത്തി പാലായിൽ നടന്ന സംഭവത്തിന്റെ സത്യാവസ്ഥ അവരെ ബോധിപ്പിച്ചു. അവരിൽ അലിവു തോന്നിയ രാജ്ഞി വിവരം രാജാവിനെ അറിയിച്ചു. അന്വേഷണം നടത്തിയ രാജാവിന് പ്രതികൾ കുറ്റക്കാരല്ലെന്ന് മനസ്സിലായി. അവരെ മോചിപ്പിക്കുവാനുള്ള കല്പന പുറപ്പെടുവിക്കുകയും ചെയ്തു. 1834 ജനുവരി 7-ന് ജയിൽമുക്തരായവർക്ക് പാലായിൽ ഗംഭീരസ്വീകരണം നല്കപ്പെട്ടു. പക്ഷെ ശാരീരികമായും മാനസികമായും അവരെല്ലാവരും തളർന്നിരുന്നു. കുടവഴക്കുമൂലം സമുദായത്തിനുണ്ടായ ആഘാതം കഠിനമായിരുന്നു. സാമ്പത്തികമായും അത് അവരെ പിടിച്ചുലച്ചു.

## പാലാ കുരിശുപള്ളി

പാലായുടെ വിജയഗോപുരമാണ് നഗരമദ്ധ്യത്തിലുള്ള കുരിശുപള്ളി. ഇതു തന്നെയാണ് പാലായുടെ സുരക്ഷിതത്വത്തിൻെറ അച്ചാരവും. പാലാ ഇടവകയിൽപെട്ട എറകോന്നി കുടുംബത്തിലെ പടിഞ്ഞാറെക്കര കുടുംബക്കാർ ഒരുമിച്ചുകൂടി 1837-ൽ ഒരു കുരിശുപള്ളി പണിയുവാൻ തീരുമാനിച്ചു. വിശുദ്ധ തോമാശ്ലീഹായുടെ നാമത്തിലാണ് ഇത് പണി കഴിപ്പിച്ചത്. പരിശുദ്ധ കന്യാമറിയത്തിൻെറ അമലോത്ഭവം ഒരു വിശ്വാസ സത്യമായി പ്രഖ്യാപിക്കപ്പെട്ടത് 1904-ൽ ആണ്. അതിനു ശേഷമാണ് കുരിശുപള്ളിയോട് ചേർന്ന് അമലോത്ഭവമാതാവിൻെറ നാമത്തിൽ ഒരു കപ്പേളകൂടി പണികഴിപ്പിച്ചതും പ്രസിദ്ധമായ ജൂബിലിതിരുന്നാളിന് തുടക്കം കുറിച്ചതും. ഏറെ കാലങ്ങൾക്കുശേഷം കപ്പേള മാത്രം നിലനിർത്തി ക്കൊണ്ട് കുരിശുപള്ളി പൊളിച്ചു മാറ്റി. പിന്നീട് പാലാ രൂപതയുടെ ആവിർഭാവത്തോടെ പാലാ നഗരത്തിൻെറ പ്രൗഢിക്കും പ്രതാപത്തിനും ഇണങ്ങുന്ന വിധത്തിൽ പുതിയ ഒരു ചാപ്പൽ നിർമ്മിക്കപ്പെട്ടു. ചെത്തി മിനുക്കിയ കരിങ്കല്ലു കൊണ്ടു മാത്രം പണിതുയർത്തിയ ഈ കപ്പേളക്ക് 150-ഓളം അടി ഉയരമുണ്ട്. ഇതിനു മുകളിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ഒറ്റക്കൽ പ്രതിമയ്ക്ക് 5 ടൺ ഭാരമുണ്ട്. അമലോത്ഭവമാതാവിൻെറ നാമത്തിൽ പാലാ അങ്ങാടിയിലുള്ള കുരിശുപള്ളിയിൽ ആണ്ടുതോറും നടത്തിവരുന്ന ജൂബിലി തിരുനാൾ പാലായുടെ ദേശീയ ഉത്സവമെന്നാണ് വിശേഷിപ്പിക്കപ്പെടുന്നത്. പാലാ പ്രദേശങ്ങളിൽ നിന്നും മലബാറിലും ഹൈറേഞ്ചിലും മറ്റും കുടിയേറിപ്പാർത്തവരും അന്യദേശവാസികളും കൂട്ടത്തോടെ നാട്ടിലെത്തുന്നതും ഈ തിരുനാളിനാണ്.

പാലാ പ്രദേശത്തിൻെറ വികാസം പാലാ വലിയപള്ളിയുമായി ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. പാലാ വലിയപള്ളിയുടെ ചരിത്രമാകട്ടെ, എറകോന്നി കുടുംബത്തിൻെറ ചരിത്രവുമായും ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ പൂർവ്വികർ വിശ്വാസത്തെ വളർത്തിയപ്പോഴും തങ്ങളുടെ കുടുംബത്തെയും കുടുംബക്കാരെയും മറന്നില്ലെന്നാണ് ചരിത്രം വിളിച്ചോതുന്നത്. പാലായെ ഇന്നത്തെ രൂപത്തിൽ ആക്കിത്തീർത്തതിൻെറ പിന്നിൽ നമ്മുടെ പൂർവ്വികരുടെ രക്തത്തിൻെറയും വിയർപ്പിൻെറയും നനവും ബുദ്ധിയുടെയും ശക്തിയുടെയും മികവുമുണ്ടെന്നതിൽ നമുക്കഭിമാനിക്കാം.

●



# മുത്തോലി ഇടവകപ്പള്ളി

പതിനെട്ടാം നൂറ്റാണ്ടിൻെറ മദ്ധ്യശതകത്തിൽ മുത്തോലിയിലും പരിസരപ്രദേശത്തുമുള്ള കത്തോലിക്കരായ ആളുകൾ പാലാ വലിയ പള്ളി ഇടവകക്കാരായിരുന്നു. ഇവർക്ക് ആത്മീയകാര്യങ്ങൾ നടത്തുന്നതിന് ആ പള്ളിയായിരുന്നു ആശ്രയം.

മീനച്ചിലാറിൻെറ തീരത്തോട് ചേർന്നു കിടക്കുന്ന ഈ കൊച്ചു കുന്നിൻപ്രദേശത്തിൻെറ അടിവാരങ്ങളെ ചുറ്റിഒഴുകുന്ന കൊച്ചുകൊച്ചു അരുവികളും തോടുകളും മീനച്ചിലാറിനെ കെട്ടിപ്പുണരുന്നു. പച്ചപരവതാനി വിരിച്ച നെൽപ്പാടങ്ങളും കേരവൃക്ഷങ്ങളും കൊണ്ട് അടിവാരം മനോഹാരിതമാണ്. അടിവാരത്തിനു മുകളിൽ ഇടതൂർന്ന് തിങ്ങിനിൽക്കുന്ന റബ്ബർമരങ്ങളും ഫലവൃക്ഷങ്ങളും ഈകൊച്ചുഗ്രാമത്തെ സുന്ദരവും സമ്പൽസമൃദ്ധവുമാക്കിയിരിക്കുന്നു.

ഒരു നൂറ്റാണ്ടുമുമ്പ് വർഷകാലങ്ങളിൽ മീനച്ചിലാറും കൈവഴി തോടുകളും നിറഞ്ഞുകവിഞ്ഞ് ഒഴുകുമായിരുന്നു. ഈകാഴ്ചകൾ കണ്ടു ഗ്രാമവാസികൾ ഭയചകിതരായി നോക്കി നിന്നിട്ടുണ്ട്. ആ കാലഘട്ടങ്ങളിൽ പാലായിലേയ്ക്കുള്ള യാത്ര ജീവന്മരണ പോരാട്ടം തന്നെയായിരുന്നു. ചങ്ങാടങ്ങളിലും വള്ളങ്ങളിലും മറ്റുമുള്ള ആ യാത്രകൾ ഇന്നോർക്കുമ്പോൾ വളരെ രസകരമായി തോന്നുന്നു. ഇന്ന് മീനച്ചിലാറ്റിലും കൈവഴികളിലും അടുത്തടുത്ത് പാലങ്ങളും റോഡുകളും ധാരാളമുണ്ട്.

ഗ്രാമവാസികളിൽ ഭൂരിഭാഗവും കത്തോലിക്കരാണ്. ഇവരുടെ പ്രത്യേകതാൽപര്യത്താൽ 1854-ൽ മുത്തോലി കുന്നിൻമുകളിൽ മനോഹരമായ ഒരു കുരിശുപള്ളി സ്ഥാപിക്കുവാൻ മെത്രാസനമന്ദിരത്തിൽ നിന്നും അനുമതി ലഭിച്ചു. പാലാ പള്ളിയുടെ ആദ്യകാല കുരിശു പള്ളികളിൽ ഒന്നാണ് ഇത്. കുരിശുപള്ളി സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം നാഗനൂലിൽ മണ്ണൂർ കുടുംബക്കാർ ദാനമായി നൽകിയതായിട്ടാണ് കത്തീഡ്രൽ പള്ളിയുടെ യോഗപുസ്തകങ്ങളിൽ നിന്നു കിട്ടിയ വിവരങ്ങൾ 1850-60 കളിൽ മുത്തോലി കൊവേന്തയുടെ സ്ഥാപനത്തിൻെറ ആലോചനകൾക്കും മറ്റുമായി പുണ്യശ്ലോകനായ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ പലപ്രാവശ്യം ഈ കുരിശുപള്ളിയിൽ വന്നു താമസിച്ചിട്ടുണ്ട്. അങ്ങനെ വാഴ്ത്തപ്പെട്ട ചാവറയച്ചൻെറ പാദസ്പർശമേറ്റിട്ടുള്ള ഈ കുരിശുപള്ളി നാൾക്കുനാൾ അനുഗൃഹീതമായിത്തീർന്നു.

അന്ന് മണ്ണൂർ നാഗനൂലിൽ കുടുംബങ്ങളിലെ കാരണവന്മാർ പലരും പാലാ പള്ളിയുടെ പള്ളിയോഗകമ്മറ്റിയിൽ അംഗങ്ങളായിരുന്നു. ഇവരുടെ നിരന്തര പരിശ്രമത്താൽ സ്ഥിരമായി ഒരു വൈദികനെ ഈ കുരിശുപള്ളിയിൽ നിയമിക്കുകയുണ്ടായി. 1940-ൽ പള്ളി കുറെക്കൂടി

വിസ്തൃതമാക്കി. 1960-ൽ ഈ കുരിശുപള്ളിയെ സ്വതന്ത്ര ഇടവകയായി ഉയർത്തി.

നാഗനൂലിൽ ബഹുമാനപ്പെട്ട കുഞ്ഞുവർക്കിയച്ചൻ ദാനമായി നൽകിയ പണംകൊണ്ട് പള്ളിയോട് ചേർന്നു കിടന്നിരുന്ന തൊടുകയിൽ പുരയിടം വാങ്ങി. മാറിമാറി വന്നിരുന്ന ബഹുമാനപ്പെട്ട വൈദികർ പള്ളിയുടെ പുരോഗതി ലക്ഷ്യമാക്കി ധാരാളം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ബഹുമാനപ്പെട്ട മണ്ണൂർ സക്കറിയാസച്ചന്റെ കാലത്ത് പണികഴിപ്പിച്ചതാണ് പള്ളിമേട. ബഹുമാനപ്പെട്ട പ്ലാക്കാട്ടു തോമാച്ചൻ പള്ളിഭരണത്തിൽ നിന്നും വിരമിച്ച ശേഷം പള്ളിയോട് ചേർന്ന് സ്വന്തം ചെലവിൽ ഒരു മുറി പണികഴിപ്പിച്ച് അവിടെയാണ് വിശ്രമജീവിതം നയിച്ചത്.

നാലു ദശവർഷക്കാലം പിന്നിട്ടപ്പോൾ ഇടവകജനങ്ങളുടെയും കുടുംബങ്ങളുടെയും എണ്ണം വർദ്ധിച്ചു. അടുത്ത ഗ്രാമങ്ങളിലെല്ലാം മനോഹരമായ ദേവാലയങ്ങൾ സ്ഥാപിതമായി.

മുത്തോലിയിലെ ജനങ്ങൾക്ക് ഒരു മനോഹര ദേവാലയം ഉണ്ടാക്കണമെന്ന് ആഗ്രഹമായി. 1981-ൽ ബഹുമാനപ്പെട്ട ജോസഫ് പുതിയാത്തച്ചന്റെ ഭരണകാലത്ത് പള്ളിയുടെ പുനർനിർമ്മാണത്തെപ്പറ്റി ആലോചിക്കുകയും അതിന് അംഗീകാരം വാങ്ങുകയും ചെയ്തു. ഫണ്ടു സ്വരൂപണം മുതലായ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു. 1983 സെപ്റ്റംബർമാസത്തിൽ ബഹുമാനപ്പെട്ട കുര്യാക്കോസ് പാങ്ങോട്ടിൽ അച്ചൻ വികാരി ആയിരുന്നപ്പോൾ പഴയപള്ളി പൊളിച്ച് ഒരു പാരീഷ്ഹാൾ നിർമ്മിക്കുകയും പുതിയ പള്ളിക്ക് തറക്കല്ലിടുകയും ചെയ്തു. ഇടവകജനങ്ങളുടെ സാമ്പത്തികവും ശാരീരികവുമായ അകമഴിഞ്ഞ സഹകരണത്താൽ ധൃതഗതിയിൽ പണിനടത്തി. 1984 മാർച്ച് അവസാനത്തോടെ പണി പൂർത്തിയായി. 1984 ഏപ്രിൽ12-ന് അഭിവന്ദ്യ ജോസഫ് പള്ളിക്കാപറമ്പിൽ തിരുമേനി പുതിയ ദേവാലയം കൂദാശചെയ്തു.

മുത്തോലി കുന്നിന്റെ നെറുകയിൽ സ്ഥിയിചെയ്യുന്ന ഈ മനോഹരമായ ദേവാലയം കുഞ്ഞുങ്ങളെ തന്റെ ചിറകിൻകീഴിൽ സംരക്ഷിച്ചു കൊണ്ടിരിക്കുന്ന തള്ളക്കോഴിയെപ്പോലെ മുത്തോലി ഗ്രാമത്തിലെ സർവ ചരാചരങ്ങളെയും കാത്തു രക്ഷിക്കുന്നു. ദേവാലയഗോപുരത്തിൽ നിന്ന് നോക്കിയാൽ അയൽ ഗ്രാമങ്ങളും, തലപ്പള്ളി സ്ഥിതി ചെയ്യുന്ന പാലാനഗരം പോലും ദൃശ്യമാണ്. പള്ളിയുടെ മുമ്പിൽ പടിഞ്ഞാറുവശത്തായി മീനച്ചിലാറിന്റെ പ്രധാനകൈവഴിയായി ഒഴുകുന്ന നെയ്യൂർ തോടും തോടിനക്കരെയുള്ള നോക്കെത്താത്ത വൻ പാടശേഖരങ്ങളും തോടിനിക്കരെയുള്ള ഗതാഗതതിരക്കേറിയ കൊടുങ്ങൂർ-മുത്തോലി റോഡും പള്ളിയെ ഒന്നുകൂടി മനോഹരമാക്കുന്നു. മിനിസിവിൽ സ്റ്റേഷനും പ്രശസ്ത കോളേജുകളും മെത്രാസനമന്ദിരവും ആശുപത്രികളും മറ്റനവധി സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന പാലാ നഗരത്തിലേയ്ക്ക് ഇപ്പോൾ 6 കിലോമീറ്റർ ദൂരമേയുള്ളു. കേരളത്തിന്റെ നാനാഭാഗങ്ങളിലേയ്ക്കുമുള്ള ഒട്ടനവധി ബസുകൾ ഇതുവഴി കടന്നുപോകുന്നു.







മുത്തോലി സെന്റ് ജോർജ്ജ് ദേവാലയം.

മുത്തോലി-ചേർപ്പുങ്കൽ ജംഗ്ഷനിൽ സ്ഥാപിതമായിരിക്കുന്ന ഉത്തുംഗ മനോഹരമായ കപ്പേള മുത്തോലി പള്ളിയുടെ അഭിമാനസ്തംഭമാണ്. പന്തത്തലയിലും ഒരു കപ്പേളയുണ്ട്. ഇരു കപ്പേളകളിലും ഭക്തജനങ്ങളും യാത്രക്കാരും നേർച്ചകാഴ്ചകളർപ്പിച്ച് പ്രാർത്ഥിക്കുന്നു. പള്ളി ജംഗ്ഷനിൽ ഉള്ള മരിയാ ഗൊരേത്തിയുടെ കപ്പേള പുതിയാത്ത് ജോസഫ് അച്ചന്റെ സ്മരണക്ക് വേണ്ടി പരേതനായ ശ്രീ സ്ക്കറിയാ പുതിയാത്ത് ദാനമായി പണികഴിപ്പിച്ചുകൊടുത്തതാണ്.

വിശുദ്ധ ഗീവർഗീസിന്റെ നാമധേയത്തിലാണ് ഈ ദേവാലയം. 18-ാം നൂറ്റാണ്ടിൽ ഇന്നത്തെപ്പോലെ ആധുനിക ജീവിതസൗകര്യങ്ങളോ ജനവാസമോ ഇല്ലായിരുന്നു. മനുഷ്യൻപ്രകൃതിയോടും വന്യമൃഗങ്ങളോടും മല്ലിട്ടു ജീവിക്കുന്ന കാലം, നൂതന ചികിത്സാ സൗകര്യങ്ങളോ, ആശുപത്രികളോ ഉണ്ടായിരുന്നില്ല. പഞ്ഞവും പടയും വസന്തയും മനുഷ്യന്റെ പേടിസ്വപ്നങ്ങളായിരുന്നു. പകർച്ചവ്യാധികളെയും വിഷജന്തുക്കളെയും മനുഷ്യൻ ഒന്നുപോലെ ഭയപ്പെട്ടിരുന്നു. വിശുദ്ധ സെബസ്ത്യാനോസിന്റെയും വിശുദ്ധഗീവർഗീസിന്റെയും മാദ്ധ്യസ്ഥതയിൽ ജനത്തിന് അമിതമായ വിശ്വാസം ഉണ്ടായിരുന്നു. അതിനാലായിരിക്കണം ഈ വിശുദ്ധന്മാരുടെ തിരുനാളുകൾ ഇവിടെ അത്യാഡംബരപൂർവം നടത്തി വരുന്നു. വിശുദ്ധസെബസ്ത്യാനോസിന്റെ തിരുനാളാണ് ഏറ്റവും പ്രധാനം. ഈ രണ്ടു വിശുദ്ധന്മാരുടെയും മദ്ധ്യസ്ഥതയിൽ വളരെ അത്ഭുതങ്ങളും നടന്നിട്ടുണ്ട്. ജാതിമതഭേദമന്യേ ഈ തിരുനാളുകളിൽ ജനങ്ങൾ പങ്കെടുക്കുന്നു. ഈ ദേവാലയത്തിന്റെ ഇപ്പോഴത്തെ വികാരി റവ. ഫാ. സെബാസ്റ്റ്യൻ മണ്ണൂരാണ്.

ഈ ഇടവകയെ നയിച്ച ബഹു.വികാരിമാരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഫാ. വർക്കി പുളിക്കിയിൽ
ഫാ. ജോൺ പൊറ്റേടം
ഫാ. തോമസ് കലേക്കാട്ടിൽ (സീനിയർ)
ഫാ. ഐസക്ക് കൊട്ടുകാപ്പള്ളി
ഫാ. തോമസ് മുറിഞ്ഞകല്ലേൽ
ഫാ. തോമസ് മണ്ണഞ്ചേരിൽ
ഫാ. ജോസഫ് കുന്നപ്പള്ളിൽ
ഫാ. ജേക്കബ് തയ്യിൽ
ഫാ. ഇത്താക്ക് പുതുമന
ഫാ. ജോസഫ് കിഴക്കേക്കര
ഫാ. തോമസ് വടക്കേമുറിയിൽ
ഫാ. മത്തായി കിഴക്കേക്കര
ഫാ. തോമസ് കുന്നേൽ
ഫാ. സ്കറിയാ പൂവത്തുങ്കൽ
ഫാ. തോമസ് പറത്താനം
ഫാ. ജേക്കബ് ഏർത്തയിൽ
ഫാ. ജോർജജ് കിഴക്കേക്കുറ്റ്
ഫാ. മാത്യു കുഴിഞ്ഞാലിൽ
ഫാ. തോമസ് പാറേമ്മാക്കൽ
ഫാ. മാത്യു മണ്ണൂക്കുശുമ്പിൽ
ഫാ. അബ്രാഹം തെങ്ങുംതോട്ടത്തിൽ
ഫാ. സ്കറിയാ മണ്ണൂർ
ഫാ. ജോൺ കടൂക്കുന്നേൽ
ഫാ. ജോസഫ് തെരുവപ്പുഴ
ഫാ. അബ്രാഹം വലിയപറമ്പിൽ
ഫാ. സെബാസ്റ്റ്യൻ പനയ്ക്കകുഴി
ഫാ. ജേക്കബ് വെള്ളരിങ്ങാട്ട്
ഫാ. ജോസഫ് നരിമറ്റത്തിൽ
ഫാ. എമ്മാനുവേൽ തേവടിയിൽ
ഫാ. എമ്മാനുവേൽ മുത്തുമാക്കുഴി
ഫാ. പോൾ മറ്റത്തിക്കുന്നേൽ
ഫാ. ജോസഫ് പുതിയാത്ത്
ഫാ. കുര്യാക്കോസ് പാങ്ങോട്ടിൽ
ഫാ. ജോസഫ് ഇടത്തുംപറമ്പിൽ
ഫാ. തോമസ് കലേക്കാട്ടിൽ (ജൂനിയർ)
ഫാ. തോമസ് പുരയിടം
ഫാ. സെബാസ്റ്റ്യൻ മണ്ണൂർ





## സെൻറ് ജോർജ്ജ് എൽ.പി സ്കൂൾ

ബ്രിട്ടീഷ് ഭരണകാലത്ത് സ്ഥാപിതമായ ഈ സരസ്വതീ ക്ഷേത്രത്തിൻെറ മുൻകാല ചരിത്രങ്ങളിലേയ്ക്ക് ഊളിയിടുവാൻ ശ്രമിക്കുമ്പോൾ അനർഘങ്ങളായ മുത്തുചിപ്പികളും ഒരു വേള മറ്റൊരിടത്തും കണ്ടെത്തുവാൻ കഴിയാത്ത അസുലഭസംഭവങ്ങളും നമ്മുടെ മനസ്സിൽ മിന്നിമറയും.

മീനച്ചിൽ താലൂക്കിലെ ആദ്യകാലത്തെ പ്രൈമറി സ്കൂളായി 1908-ൽ ആരംഭിച്ചു. പ്രാരംഭം ഒരു കൊട്ടിൽകെട്ടിയായിരുന്നു. അന്ന് പ്രതിഫലേച്ഛ കൂടാതെ വിദ്യപകരാൻ സഹായിച്ചവരാണ് ചെമ്പിളാവുകാരൻ തയ്യിൽ കൊച്ചാശാനും അദ്ദേഹത്തിൻെറ സഹോദരൻ നാരായണനാശാനും. ഇന്നുള്ള കെട്ടിടത്തിൻെറ കിഴക്കു പടിഞ്ഞാറു ഭാഗം ബഹുമാനപ്പെട്ട പൊറ്റേടത്തിൽ ജോൺ അച്ചൻ വികാരിയായിരുന്ന കാലത്ത് നിർമ്മിച്ചതാണ്. ഇന്നത്തെപ്പോലെ റോഡുകളും പാലങ്ങളും ഇല്ലാതിരുന്ന കാലത്ത് ഇവിടെ ആരംഭിച്ച വിദ്യാലയം മുത്തോലിക്കാർക്കു മാത്രമല്ല. കൊഴുവനാൽ, കെഴുവകുളം, പുലിയന്നൂർ, മീനച്ചിൽ, വെള്ളിയേപ്പള്ളി മുതലായ സ്ഥലങ്ങളിലെ ജനങ്ങൾക്കും വിജ്ഞാനം പകരാൻ ഉപകരിച്ചിരുന്നു. സ്കൂൾ ആരംഭിച്ചപ്പോൾ 4-ാം ക്ലാസ് വരെയേ ഉണ്ടായിരുന്നുള്ളു. അന്ന് 5-ാം ക്ലാസിൽ പഠിക്കണമെങ്കിൽ പാലാ ഗവൺമെൻറ് സ്കൂളായിരുന്നു ആശ്രയം. അവിടെ ഗ്രാമവാസികളായ കുട്ടികൾക്ക് പല അവഗണനകളും അനുഭവിക്കേണ്ടി വന്നു. ബഹുമാനപ്പെട്ട കലേക്കാട്ടിൽ വലിയ തോമസ് അച്ചൻെറ ഭരണകാലത്ത് ഇന്നു കാണുന്ന തെക്കോട്ടുള്ള ഹാൾ പണിയിച്ചു. 1916-ൽ ഒ.എം. ചെറിയാൻ റെയിഞ്ച് ഇൻസ്പെക്ടറായിരുന്ന കാലത്ത് ഇവിടെ 7-ാം ക്ലാസ് വരെ അനുവദിച്ചു. അന്നത്തെ മാനേജർ പുതുമന ഇത്താക്കച്ചൻ ആയിരുന്നു. പല തരത്തിലുള്ള ചേരിപ്പോരുകളും അധികാരവടംവലിയും മൂലം ഏറെതാമസിയാതെ കിഴക്കേകര അച്ചൻെറ ഭരണകാലത്ത് സ്കൂളിൻെറ അംഗീകാരവും ഗ്രാൻറും നഷ്ടപ്പെട്ടു. അന്ന് ചങ്ങനാശ്ശേരി എസ്.ബി കോളജ് പ്രിൻസിപ്പലായിരുന്ന പുരയ്ക്കലച്ചൻെറ സഹായത്തോടെ അംഗീകാരവും ഗ്രാൻറും വീണ്ടെടുത്തു. 1913-ൽ എം.ഡി കുര്യാക്കോസ് ഹെഡ്മാസ്റ്റർ ആയിരുന്നപ്പോൾ അദ്ദേഹത്തിൻെറ അക്ഷീണയത്നത്താൽ ഈ സരസ്വതീക്ഷേത്രത്തെ ഒരു സുവർണ്ണകാലഘട്ടത്തിലാക്കി. പ്രശസ്തരായ സാഹിത്യ നായകന്മാരെ വരുത്തി, സാഹിത്യ സെമിനാറുകൾ നടത്തി. ഈ സ്ഥാപനത്തിന് പേരും പ്രശസ്തിയും ഉണ്ടാക്കി. ഈകലാലയത്തിൽ നിന്നും അക്ഷരദീപം കൊളുത്തിയ വിദ്യാർത്ഥികൾ പലരും ഉന്നതബിരുദധാരകളായി രാജ്യത്തിൻെറ നാനാഭാഗ ങ്ങളിൽ മുത്തോലിയുടെ പേരും പ്രശസ്തിയും നിലനിർത്തുന്നു.

1961-ൽ ഉണ്ടായ വിദ്യാഭ്യാസ പരിഷ്കാരങ്ങളുടെ ഫലമായി 4-ാം ക്ലാസ് വരെ മാത്രമായി തീർന്നുവെങ്കിലും ഇന്നും പഴയകാലങ്ങളെ സ്മരിച്ചുകൊണ്ട് നല്ലനിലയിൽ ഈ വിദ്യാലയം പ്രവർത്തിക്കുന്നു.

●

# മുത്തോലിയുടെ പ്രാദേശിക ചരിത്രം

കോട്ടയം ജില്ലയിലെ മീനച്ചിൽതാലൂക്കിൽ പുലിയന്നൂർ വില്ലേ ജിൽ ഉൾപ്പെട്ടുകിടക്കുന്ന പ്രദേശമാണ് മുത്തോലി. ഏകദേശം 200 കൊല്ലം മുമ്പുവരെ കേരളത്തിൻെറ ഭരണംനടത്തിയിരുന്നത് പ്രഭുക്കന്മാരും ഇടപ്രഭുക്കന്മാരും നാടുവാഴികളുമായിരുന്നു. എന്നാൽ വിവിധപ്രദേശങ്ങളിൽ ഭരണം നടത്തിയിരുന്ന നാടുവാഴികളെ ഏകോപിപ്പിച്ച് ഒരു തിരുവിതാംകൂർ സംസ്ഥാനം രൂപീകരിച്ചത് വേണാട് രാജാവായിരുന്ന വീരമാർത്താണ്ഡവർമ്മ മഹാരാജാവാണ് (1729-1758). ഈ ഏകീകരണത്തിന്നുമുൻപ് മുത്തോലി, കൊഴുവനാൽ, പാലാ, ഭരണങ്ങാനം എന്നീ പ്രദേശങ്ങൾ മീനച്ചിൽ കർത്താവ് എന്ന ഇടപ്രഭുവിൻെറ അധികാരപരിധിയിലാണ് ഉൾപ്പെട്ടിരുന്നത്. നീതിന്യായം നടത്തുക, കരംപിരിക്കുക തുടങ്ങിയ അധികാരങ്ങൾ മീനച്ചിൽ കർത്താക്കന്മാർ നേരിട്ടുനടത്തിയിരുന്നു.

പഴയ നാട്ടുരാജാക്കന്മാരുടേയും മീനച്ചിൽ കർത്താക്കന്മാരുടേയും ഓർമ്മ അവശേഷിക്കുന്നവിധത്തിൽ ഇന്നും പാലാ കേന്ദ്രമായുള്ള താലൂക്കും സർക്കാർ ഓഫീസുകളും മീനച്ചിൽ എന്നപേരിലാണ് അറിയപ്പെടുന്നത്. കർത്താക്കന്മാരുടെ ഒരു പൂർവ്വികൻ മധുരയിൽനിന്നുംവന്ന് ഇവിടെ വാസമുറപ്പിക്കുകയും അദ്ദേഹത്തിൻെറ അനന്തിരവന്മാർ ഇടപ്രഭുക്കളും നാടുവാഴികളുമായിത്തീരുകയും ചെയ്തു. മധുരനിവാസികളായ ഹൈന്ദവരുടെ ഒരു ദേവത മീനാക്ഷീദേവിയാണ്. തമിഴിലെ മീനാച്ചി മലയാളത്തിലെ മീനാക്ഷിയായി. മീനാച്ചിയെന്ന ശബ്ദം ഉപയോഗിച്ചിരുന്ന തമിഴരുമായുള്ള ബന്ധംമൂലം അവരുടെ അധികാരസീമയിൽപെട്ട പ്രദേശത്തിന്ന് മീനച്ചിൽ എന്ന നാമമുണ്ടായതായിട്ടാണ് ഐതിഹ്യം.

നാടുവാഴിയായ മീനച്ചിൽ കർത്താവുതന്നെയാണ് ക്രിസ്തുവർഷം 1736-ൽ മീനച്ചിലാറിൻെറ വടക്കേക്കരയിൽ ഇപ്പോൾ പാലാ നഗരം സ്ഥിതിചെയ്യുന്ന സ്ഥലത്ത് ഒരു അങ്ങാടി സ്ഥാപിച്ചത്. കാടുപിടിച്ചുകിടന്നിരുന്ന കുറേസ്ഥലം വെട്ടിത്തെളിച്ച് കമ്പുനാട്ടി അതിരുകൾ തിട്ടപ്പെടുത്തി അന്നത്തെ പ്രഭുകുടുംബങ്ങൾക്ക് പതിച്ചുകൊടുത്തുകൊണ്ട് പാലാ അങ്ങാടിയുടെ ഉത്ഘാടനം കർത്താവുതന്നെ നിർവ്വഹിച്ചതായി കാണുന്നുണ്ട്. ജനങ്ങൾക്ക് അന്നവും ആടയാഭരണങ്ങളും നൽകിയ അങ്ങാടിയെ അമൃതു നൽകിയ പാലാഴിക്ക് തുല്യമായിട്ടായിരുന്നു കരുതിയിരുന്നത്. അങ്ങനെ അങ്ങാടി പാലാഴി എന്നറിയപ്പെടാൻ തുടങ്ങി. കാലക്രമേണ 'പാലാഴി' പാലാ എന്നായിമാറി.

ചരിത്രാതീതകാലം മുതൽ ലോകത്ത് അറിയപ്പെട്ടിരുന്ന സാംസ്കാരികകേന്ദ്രങ്ങൾ എല്ലാം നദീതീരങ്ങളിലാണല്ലോ വികാസം പ്രാപി ച്ചിരുന്നത്.





പുരാതനസംസ്കാരങ്ങളായ അരുവിത്തുറ, ഭരണങ്ങാനം പാലാ, മുത്തോലി, ചേർപ്പുങ്കൽ മുതലായ സാംസ്കാരികകേന്ദ്രങ്ങൾ നദീതീരങ്ങളോ, നദീതീരങ്ങളോട് ബന്ധപ്പെട്ടതോ ആയ രീതിയിലാണ് വികാസം പ്രാപിച്ചിട്ടുള്ളത്. മീനച്ചിൽ പ്രദേശത്തിൻെറ ചരിത്രം ആരംഭിക്കുന്നതു തന്നെ മീനച്ചിൽ കർത്താക്കന്മാരുടേയും മേവിട കർത്താക്കന്മാരുടേയും പാലാ വലിയപള്ളിയുടേയും ആരംഭത്തോടുകൂടിയാണ്. പാലാ വലിയ പള്ളി സ്ഥാപിക്കുന്നതിന്നു 10-ാം നൂറ്റാണ്ടിൽ മേവിടയിൽ താമസിച്ചിരുന്ന എറകോന്നി മാപ്പിള വഹിച്ചപങ്ക് വളരെപ്രധാനപ്പെട്ട ഒന്നാണ്. അക്കാലഘട്ടത്തിൽ മേവിടയോട് അടുത്തുള്ളപ്രദേശങ്ങൾ എല്ലാം അറിയപ്പെട്ടിരുന്നത് മേവാട് എന്നപേരിലാണ്. ഇന്നും പഴയ പുസ്തകങ്ങളിലും രേഖകളിലും മുത്തോലി, പന്തത്തല മുതലായ പ്രദേശങ്ങളിലെ ആൾക്കാർ മേവിടക്കാർ എന്ന് എഴുതിയിട്ടുള്ളതായി കാണുന്നു. എന്നാൽ മുത്തോലിയുടെ ചരിത്രം പ്രത്യേകമായി ആരംഭിക്കുന്നത് ഏകദേശം 17-ാം നൂറ്റാണ്ടോടുകൂടിയാണ്. 17-ാം നൂറ്റാണ്ടിലും 18-ാം നൂറ്റാണ്ടിലും ലോകത്തിന്നു മുഴുവൻ വളരെയധികം വികാസമുണ്ടായിട്ടുള്ളതായി ചരിത്രത്തിൽ കാണുന്നുണ്ട്. മുത്തോലിയുടേയും പരിസരപ്രദേശങ്ങളുടെയും വികാസത്തിൻെറ പാത നോക്കിയാൽ ഒന്നുരണ്ടു കാര്യങ്ങളിൽ അധിഷ്ഠിതമാണ് എന്നു കാണാം. ഒന്ന് ഇവിടെയുള്ള ആരാധനാ ലയങ്ങൾ. രണ്ട് മഹാമനസ്കരായ ഇവിടുത്തെ പൂർവ്വികർ.

ഒരു സ്ഥലത്തിൻെറ വികാസത്തിൽ അവിടുത്തെ ദേവാലയങ്ങളുടെ പങ്ക് എടുത്തുപറയത്തക്ക ഒന്നാണ്. മുത്തോലിയുടെ വികാസത്തിൽ പ്രധാനപങ്ക് വഹിച്ചിട്ടുള്ളത് 1854-ൽ സ്ഥാപിച്ച ഇടവകദേവാലയവും 1869-ൽ സ്ഥാപിച്ച കോവേന്തയും 1885-ൽ സ്ഥാപിച്ച കന്യകാ മഠവുമാണ്. ഇവിടുത്തെ വിശ്വാസികൾ ദേവാലയത്തിന്നുകീഴിൽ ഒത്തൊരുമിച്ച് പ്രവർത്തിച്ചതിന്നുഫലമായാണ് മുത്തോലിയിലിന്നുകാണുന്ന ഹൈസ്കൂളുകൾ, സർക്കാർ ഓഫീസുകൾ, റോഡുകൾ, പാലങ്ങൾ തുടങ്ങിയവ. അടുത്തപ്രദേശങ്ങളിൽ ഒന്നും വിദ്യാലയങ്ങൾ ഇല്ലാതിരുന്ന കാലഘട്ടത്തിൽ ഇവിടെ വിദ്യാലയങ്ങൾ സ്ഥാപപിച്ച മുത്തോലിയിലെ നമ്മുടെ പൂർവ്വികന്മാരുടെ മഹാമനസ്കതയെയും ക്രാന്തദർശിത്വത്തേയും എത്ര പുകഴ്ത്തിയാലും അധികമാവില്ല.

മുത്തോലിയുടെ ചരിത്രത്തിൻെറ താളുകൾ മറിക്കുമ്പോൾ കാണുന്ന ഒരു മഹത്വ്യക്തിയാണ് വാഴ്ത്തപ്പെട്ട ബഹു:ചാവറയച്ചൻ. ചാവറയച്ചൻ 1869 നവംബർ 11-ന് മുത്തോലിയിൽ വരുകയും ഈ നാട്ടുകാരായ മണ്ണൂർ, പ്ലാക്കാട്ട് ഈപ്പൻ, മാധവപ്പള്ളീൽ ചെറിയത് ചെറിയത്, തലക്കുളത്തിൽ മത്തായി ചെറിയത്, മണ്ണൂർ തൊമ്മൻ ചെറിയത് എന്നീ നാല് കുടുംബത്തിലെ കാരണവന്മാർ കോവേന്ത സ്ഥാപിക്കു ന്നതിന്ന് സ്ഥലം

ദാനമായി നൽകുകയുംചെയ്തു. ഈ സംഭവം മുത്തോലിയുടെ വികസനത്തിൻെറ ചരിത്രത്തിൽ തങ്കലിപികളിൽ ചേർക്കേണ്ട ഒരു സംഗതിയാണ്.

ഒരു നാടിന് എന്തൊക്കെ വേണമോ അതൊക്കെ നിർമ്മിക്കുവാൻ വാഴ്ത്തപ്പെട്ട ചാവറയച്ചനും അദ്ദേഹത്തിൻെറ അനന്തരഗാമികളും മുൻകൈയെടുത്ത് പ്രവർത്തിച്ചു. ഉദാഹരണത്തിന്ന് മുത്തോലി കൊവേന്ത, മുത്തോലി മഠം, മുത്തോലി-കൊടുങ്ങൂർ റോഡ്, രണ്ടു ഹൈസ്കൂൾ റ്റി.റ്റി.ഐ, മുത്തോലി പോസ്റ്റാഫീസ്, പുലിയന്നൂർ വില്ലേജ് ഓഫീസ് എന്നിവ ഇവയിൽ ചിലതുമാത്രമാണ്. 1896-ൽ ആരംഭിച്ച പാലാ സെ: തോമസ്സ് ഹൈസ്കൂൾ മീനച്ചിൽ താലൂക്കിലെതന്നെ ഹൈസ്കൂൾ ആയിത്തീർന്നു. ഇതു സ്ഥാപിക്കുവാൻ മുൻകൈയെടുത്ത് പ്രവർത്തിച്ചത് നാഗനുലിൽ – മണ്ണൂർ കുടുംബക്കാരായ റവ:ഫാ.തോമസ്സ് മാധവപ്പള്ളിയും, ഫാ: ജോർജ്ജ് നാഗനൂലിലും ആണ്. പാലാ സെ.തോമസ്സ് ഹൈസ്കൂൾ ഈ നാടിൻെറയും അയൽനാടിൻെറയും വിദ്യാഭ്യാസപുരോഗതിക്ക് അടിസ്ഥാനമിട്ടു. കൂടാതെ മുത്തോലി പഞ്ചായത്തിൽ പുലിയന്നൂർ വാർഡിൽ ഒരു ഗവ.ജൂണിയർ ടെക്നിക്കൽ സ്കൂളും, ഒരു ഫസ്റ്റ് ഗ്രേയിഡ് ഹോസ്പിറ്റൽ എന്നിങ്ങനെയുള്ള സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. 1950-ൽ മുത്തോലിയുടെ പരിസരത്ത് പാലാ വലിയപള്ളിയുടേതായി ഒരു ഫസ്റ്റ് ഗ്രേഡ് കോളേജ് ആരംഭിക്കുകയും പിന്നീട് അത് പാലാ രൂപത യുടേതായി മാറുകയുംചെയ്തു. ഈ കോളേജ് നാട്ടിലും അയൽ പ്രദേശ ങ്ങളിലുമുള്ള ജനങ്ങളുടെ ഉന്നതവിദ്യാഭ്യാസത്തിന്ന് കാരണഭൂ തമായി.

മുത്തോലിയുടെ വികസനത്തിന്നു പ്രധാനപങ്കുവഹിച്ച നാഗ നൂലിൽ മണ്ണൂർ വീടുകളിലെ കാരണവന്മാരുടെ ദീർഘദൃഷ്ടിയും കഠിനാ ദ്ധ്വാനവും എത്ര പ്രകീർത്തിച്ചാലും മതിയാവുകയില്ല. നമ്മുടെ വീട്ടുകാർ ആദ്യകാലകുടിയേറ്റകേന്ദ്രമായ അറക്കുളം, കടയനിക്കാട്, നെയ്യാറ്റിൻകര, എരുമേലി, ആലക്കോട്, പേരാമ്പ്ര, സൌത്ത് കാനറാ, മംഗലംഡാം, വെള്ളരിക്കുണ്ട്, മുക്കം, തിരുവമ്പാടി എന്നീ സ്ഥലങ്ങളിലേക്ക് കുടിയേറിപാർക്കുകയുണ്ടായി. നമ്മുടെ വീട്ടുകാരുടെ കുടിയേറ്റംകൊണ്ട് ചെന്നുപറ്റിയ സ്ഥലങ്ങളും ഒന്നാന്തരം സാംസ്കാരികകേന്ദ്രങ്ങളായി. ഇവർ എടുത്ത കാട്ടുപ്രദേശങ്ങൾ ഇവരുടെ കഠിനാദ്ധ്വാനംകൊണ്ട് വിള ഭൂമിയാക്കി മാറ്റിയെടുത്തു. അങ്ങനെ നമ്മുടെ കുടുംബങ്ങൾക്കും പൊതുവിൽപറഞ്ഞാൽ നമ്മുടെ നാടിനും വികസനമുണ്ടായി. അങ്ങനെ മുത്തോലി കനകമുത്തുകളെ വാർത്തെടുക്കുന്ന ഒരു പ്രദേശമായി വളർന്നു. ദൈവാനുഗ്രഹം സമൃദ്ധമായുണ്ടായ ഒരു പ്രദേശമാണ് മുത്തോലിയെന്നത് നിസ്സംശയം പറയാം.



# വാഴ്ത്തപ്പെട്ട ചാവറയച്ചനും മുത്തോലിയും



ഏതാണ്ട് 200 വർഷങ്ങൾക്കു മുമ്പുള്ള മുത്തോലിയിൽ നിന്നും ഇന്നുള്ള മുത്തോലിയുടെ പുരോഗതിയെക്കുറിച്ച് പറയുമ്പോൾ ഏതൊരാൾക്കും പുണ്യചരിതനായ വാഴ്ത്തപ്പെട്ട ചാവറയച്ചനെ വിസ്മരിക്കുവാൻ സാധിക്കുകയില്ല.

1805 ഫെബ്രുവരി 10-ന് ചേന്നംകരി ഇടവകയിൽ ചാവറ കുടുംബത്തിൽ കുര്യാക്കോസ്, മറിയം ദമ്പതികളുടെ ഇളയ മകനായി ചാവറയച്ചൻ ഭൂജാതനായി. ഒരു ജ്യേഷ്ഠനും നാലു സഹോദരിമാരും ഉൾപ്പെടുന്ന ആ കൊച്ചു കുടുംബം ദൈവവിശ്വാസത്തിലും ദൈവമാതൃഭകതിയിലും മുന്നിട്ടു നിന്നിരുന്നു. അങ്ങനെ ബാല്യം മുതൽക്കേ മാതൃഭകതിയിൽ വേരൂന്നിക്കൊണ്ട് സുകൃതസമ്പന്നമായ ഒരു ജീവിതം നയിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

1817-ൽ പള്ളിപ്പുറം സെമിനാരിയിൽ ചേർന്ന അദ്ദേഹം ഭകതിയിലും പഠനത്തിലും ഒരുപോലെ ശോഭിച്ചിരുന്നു. ഇക്കാലത്ത് വിവിധ ഭാഷകളിൽ പാണ്ഡിത്യവും നേടി. ഇദ്ദേഹത്തിൻെറ മാതാപിതാക്കന്മാരും ഏക സഹോദരനും കാലയവനികയ്ക്കുള്ളിൽ മറഞ്ഞത് ചാവറയച്ചൻ സെമിനാരിയിൽ പഠിക്കുന്ന കാലഘട്ടത്തിലായിരുന്നു. ചാവറക്കുടുംബം പുരുഷസന്താനമില്ലാതെ അനാഥമായപ്പോൾ വൈദികപഠനം അവസാനിപ്പിക്കുവാൻ ബന്ധുക്കൾ അദ്ദേഹത്തെ നിർബന്ധിച്ചു. എങ്കിലും ദൈവത്തോടു ചെയ്ത വാഗ്ദാനം പാലിക്കുവാൻ വേണ്ടി ആദർശം മുറുകെപ്പി

ടിച്ചുകൊണ്ട് തന്റെ കുടുംബാവകാശം സഹോദരിഭർത്താവിനു നൽകി അവരെ വീട്ടിലാക്കിയശേഷം അദ്ദേഹം വൈദികപഠനം തുടർന്നു.

1829 നവംബർ 29-ന് ചാവറയച്ചൻ പൗരോഹിത്യം സ്വീകരിച്ചു. സെമിനാരിയിൽ മല്പാനച്ചനെ സഹായിക്കുന്ന ജോലിയിലാണ് അദ്ദേഹത്തെ ആദ്യം നിയമിച്ചത്. അദ്ദേഹത്തിന്റെ ഗുരുക്കന്മാരായിരുന്ന പാലയ്ക്കൽ തോമാ മല്പാനും പോരൂക്കര തോമാ മല്പാനും വനവാസികളെപ്പോലെ ഏകാന്തജീവിതം നയിക്കുവാനുള്ള അനുവാദത്തിന് വരാപ്പുഴ മൗറേലിയൂസ് മെത്രാപ്പോലീത്തായെ സമീപിച്ചു. എന്നാൽ സ്വന്തം വിശുദ്ധീകരണത്തോടൊപ്പം ഏവർക്കും ഉപകാരപ്രദമാംവണ്ണം ഒരു സന്യാസസഭ സ്ഥാപിക്കുന്നതാണ് കൂടുതൽ ഉചിതമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കുറിയാക്കോസച്ചനും ഒരു സന്യാസവൈദികനാകാൻ തീക്ഷ്ണമായി ആഗ്രഹിച്ചിരുന്നതിനാൽ ഇവരോടൊത്ത് സഭാസ്ഥാപനത്തിനായി ഇറങ്ങിത്തിരിച്ചു. അങ്ങനെ 1831-ൽ പ്രശാന്തസുന്ദരമായ മാന്നാനംകുന്ന് തിരഞ്ഞെടുത്ത് ഒരു ദർശനവീട് സ്ഥാപിച്ചു. കേരള ക്രൈസ്തവ ജീവിതത്തിനും പ്രവർത്തനത്തിനും പുതിയ ഒരു ദിശാബോധം നൽകുന്നതിൽ നിർണ്ണായക പങ്കു വഹിച്ച ഒരു സന്യാസസഭയായി ഇന്നും സി.എം.ഐ സഭ ഉയർന്നുനിൽക്കുന്നത് ഈ ചെറിയ തുടക്കത്തിൽ നിന്നാണ്.

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വിശ്വാസജീവിതത്തിൽ മൊട്ടിട്ട് വികസിച്ച് പരിമളം പരത്തിയ സുന്ദര സുരഭില കുസുമമായി കുര്യാക്കോസച്ചൻ ശോഭിച്ചു തുടങ്ങി. അവരുടെ ഇടയിൽ നിന്നും ആദ്യമായി വാഴ്ത്തപ്പെട്ടവൻ എന്ന പേരു വിളിക്കപ്പെട്ട ചാവറയച്ചൻ താൻ ജീവിച്ചിരുന്ന കാലഘട്ടത്തിനുവേണ്ടി എന്താണ് ചെയ്യാത്തത്? ജാതിമതഭേദമന്യേ സമ്പന്ന-ദരിദ്ര വ്യത്യാസമില്ലാതെ നിലകൊണ്ട സാമൂഹിക പരിഷ്കർത്താവ്, കേരളത്തിലെ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ ജനയിതാവ്, ആരാധനക്രമനവീകരണത്തിൽ തന്റേതായ പങ്കു വഹിച്ച നവോത്ഥാരകൻ, ക്രിസ്തീയകുടുംബജീവിതത്തെ ചൈതന്യപൂർണ്ണമാക്കിയ നല്ല അപ്പൻ, വിലപ്പെട്ട സേവനത്തിലൂടെ കത്തോലിക്ക വിദ്യാഭ്യാസരംഗത്ത് മായാത്ത മുദ്ര പതിപ്പിച്ച പ്രതിഭാസമ്പന്നൻ, ആതുരർക്കും ആലംബഹീനർക്കും അഭയം നൽകുന്ന ജീവകാരുണ്യസ്ഥാപനങ്ങളുടെ ആരംഭകൻ, ദൈവമനുഷ്യ ബന്ധങ്ങളുടെ ആഴങ്ങളിലേക്ക് ഊളിയിട്ട് ഇറങ്ങി സ്വാനുഭവം ഭാവനാത്മകഭാഷയിൽ പകർത്തിയ പ്രശസ്തസാഹിത്യകാരൻ, ഹൃദയത്തെ ആഴത്തിൽ സ്പർശിക്കുവാൻ കഴിഞ്ഞ ഉജ്ജ്വല വാഗ്മി, കേരളത്തിലെ ക്രൈസ്തവസന്യാസത്തിന്റെ ഉപജ്ഞാതാവ്, കേരള സഭയെ ശീശ്മയിൽ നിന്നും രക്ഷപെടുത്തി പ്രതിസന്ധി നിറഞ്ഞ ഒരു കാലഘട്ടത്തിൽ അവളെ ധീരമായി നയിച്ച അതിസമർത്ഥനായ വികാരി ജനറാൾ, അനഭിഷിക്ത മെത്രാൻ തുടങ്ങിയ





നിലകളിൽ വാഴ്ത്തപ്പെട്ട ചാവറയച്ചൻ അമൂല്യ സംഭാവനകൾ കാഴ്ച വച്ചു.

1831-ൽ മാന്നാനം ആശ്രമ സ്ഥാപനത്തിനുശേഷം അദ്ദേഹം എൽതുരുത്ത്, വാഴക്കുളം, പുളിങ്കുന്ന്, അമ്പഴക്കാട്, കൂനംമാവ് എന്നിവിടങ്ങളിൽ ആശ്രമങ്ങൾ സ്ഥാപിച്ചു. 1866-ൽ കൂനംമാവിൽ ആദ്യത്തെ കന്യകാമഠവും അദ്ദേഹം സ്ഥാപിച്ചു. ഇദ്ദേഹത്തിന്റെ തീവ്രമായ ആഗ്രഹത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായാണ് പിന്നീട് മുത്തോലിയിൽ ഒരു കൊവേന്തയും കന്യകാമഠവും സ്ഥാപിക്കുവാൻ ഇടയായത്. 1871 ജനുവരി 3-ന് അന്ത്യകൂദാശകൾ സ്വീകരിച്ച് ചാവറയച്ചൻ കർത്താവിൽ നിദ്ര പ്രാപിച്ചു. ചാവറയച്ചന്റെ ഭൗതിക ശരീരം കൂനംമാവ് സെന്റ് ഫിലോമിന ആശ്രമ ദേവാലയത്തിൽ സംസ്കരിച്ചു. 1889 കൂനംമാവ് ആശ്രമം ലത്തീൻ റീത്തുകാർക്ക് വിട്ടു കൊടുത്തപ്പോൾ പൂജ്യ അവശിഷ്ടങ്ങൾ മാന്നാനത്ത് കൊണ്ടുവന്ന് ആശ്രമദേവാലയത്തിൽ സ്ഥാപിച്ചു.

1986 ഫെബ്രുവരി 8-ന് പരിശുദ്ധപിതാവ് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ കോട്ടയത്ത് വച്ച് ജനലക്ഷങ്ങളുടെ സാന്നിദ്ധ്യത്തിൽ ഇദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു.

## മുത്തോലി ആശ്രമദേവാലയത്തിന്റെ സ്ഥാപനം

1853 മുതൽ 1868 വരെ കേരളസഭയെ ഭരിച്ചിരുന്ന കർമ്മലീത്താ മിഷനറി ബർണ്ണർദീനോസ് മെത്രാപ്പോലീത്തായുടെ ഭരണകാലത്ത് ഈ നാട്ടിൽ ഒരു കൊവേന്ത സ്ഥാപിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ സഭാതലപശ്ചാത്തലം അന്നതിന് അനുകൂലമല്ലാതിരുന്നതിനാൽ കൊവേന്ത സ്ഥാപനത്തിന് തടസ്സം നേരിട്ടു. 1868 സെപ്റ്റംബർ 5-ന് അദ്ദേഹത്തിന്റെ പിൻഗാമിയായി ലെയോനർദ്ദ് മെത്രാപ്പോലീത്ത നിയമിതനായി. ഈ അവസരത്തിൽ അദ്ദേഹത്തിന്റെ പക്കൽ ഈ ദിക്കിലെ വൈദികരും ജനങ്ങളും ഒത്തു ചേർന്ന് കൊവേന്തസ്ഥാപനത്തിനായി വീണ്ടും അപേക്ഷ സമർപ്പിച്ചു. അതിന്റെ പകർപ്പ് മുത്തോലി കൊവേന്ത നാളാഗമത്തിൽ താഴെപ്പറയുന്ന രീതിയിൽ കാണപ്പെടുന്നു.

"എത്രയും പെരിയ ബഹുമാനപ്പെട്ട വരാപ്പുഴ മെത്രാപ്പോലീത്ത അച്ചാന അരികത്തു നിൽക്കുന്ന ബഹു.പട്ടക്കാരൻ വായിച്ചു ബോധിപ്പിക്കുന്നതിന്, പാലായിൽ ആനക്കല്ലുങ്കൽ (ഭരണങ്ങാനം), അരുവിത്തുറ, പ്രവിത്താനം, ചേർപ്പുങ്കൽ, പുന്നത്തുറ, പൈങ്ങുളം എന്നീ പള്ളികളുടെ ബ. വികാരിമാരും ഈ ദേശത്തുള്ള പട്ടക്കാരും, കൈക്കാരന്മാരും യോഗക്കാരും കൂടെ ബോധിപ്പിക്കുന്ന സങ്കടമെന്തെന്നാൽ, ഞങ്ങളുടെ

ഈ കിഴക്കേ ദേശങ്ങളിൽ ക്രിസ്ത്യാനികൾ ഉണ്ടായിരിക്കുകയും പല ഇടവകപള്ളികൾ ഉണ്ടായിരിക്കുകയും ഇവിടങ്ങളിൽ നിന്ന്, മാന്നാനത്ത് കൊവേന്തയ്ക്കും വാഴക്കുളത്ത് കൊവേന്തയ്ക്കും പോകുന്നതിന് വളരെ ദൂരം ഉള്ളതിനെക്കൊണ്ടു പട്ടക്കാർക്ക് ആണ്ടുതോറുമുള്ള ധ്യാനത്തിനും ലോകർക്ക് നാല്പതുമണി ആരാധന മുതലായ ഭകതാനുഷ്ഠാനങ്ങളിൽ സംബന്ധിക്കുന്നതിനും വളരെ പ്രയാസവും ബുദ്ധിമുട്ടും ആയിരിക്കുന്നതിനാലും ഒരു കൊവേന്ത ഞങ്ങളുടെ ഈ ദിക്കിൽ ഉണ്ടായാൽ ഇവ ഒക്കെയും എളുപ്പമാകുന്നതു കൂടാതെ കൊവേന്ത പട്ടക്കാരുടെ പ്രസംഗം മുതലായ ദിവ്യകർമ്മങ്ങൾ കൊണ്ടും സന്മാതൃകയാലും ഈ ദിക്കിലെ ക്രിസ്ത്യാനികൾക്ക് ആത്മ ഉപകാരവും വിശ്വാസവർദ്ധനവും ഉണ്ടാകുമെന്ന് ഞങ്ങൾ ശരണപ്പെടുന്നു.


റോക്കോസ് മെത്രാൻ വന്നതിൻെറ ശേഷം ഈ ദിക്കിൽ ഒരു കൊവേന്ത ഉണ്ടാകുന്നതിന് കാലം ചെയ്ത എത്രയും പെ.ബഹു. ബർണ്ണർദീനോസ് മെത്രാപ്പോലീത്താ വളരെ ആഗ്രഹിക്കുകയും ഞങ്ങളിൽ ചിലരോടു കല്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ അന്ന് ഈ പള്ളികളിൽ ചിലത് മുഴുവനായും ചിലത് ഭാഗികമായും ഗോവാക്കീഴിലായിരുന്നതിനാലും മറ്റും ഈ ആഗ്രഹം നിറവേറ്റുന്നതിനിടയായില്ല. എന്നാൽ ബഹു. അച്ചൻെറ വാഴ്ചക്കാലം ആകുന്ന ഇപ്പോൾ ദൈവാനുഗ്രഹത്താൽ വാദങ്ങളും വഴക്കുകളും ഇല്ലാതെയായിത്തീരുകയും ബഹു. അച്ചൻെറ കല്പന എല്ലാ ഇടവകകളിലും ഒന്നുപോലെ നടത്തുന്നതിനാൽ ഈ ആറ്റുവഴി പുന്നത്തുറയ്ക്കുമേൽ ആനക്കല്ലുങ്കൽ-ക്കു താഴെ ഒരു കൊവേന്ത പണിയിച്ചു നടത്തുന്നതിന് അച്ചൻെറ മനോഗുണത്താൽ തെളിഞ്ഞ് ആയതിന് തക്ക ദർശനപ്പട്ടക്കാരെ കല്പിച്ചയച്ച് സ്ഥലം നിശ്ചയപ്പെടുത്തുകയും മറ്റും ചെയ്യുന്നതായാൽ സുഖത്തിനും കൊവേന്ത മുതലായ കെട്ടിടങ്ങളുടെ പണിച്ചെലവിനും വേണ്ടുന്ന പണം ഞങ്ങൾ പള്ളികളിൽ നിന്നും, ജനങ്ങളിൽ നിന്നും പിരിച്ച് നടത്തുന്നതാകുന്നു.

ആയതുകൊണ്ട് ബഹു. അച്ചൻെറ മനോഗുണത്തിൽ തെളിഞ്ഞ് മനോഗുണത്തിൻെറ കല്പന ഉണ്ടായി ഞങ്ങളുടെ സങ്കടം തീർത്ത് രക്ഷിപ്പാറാകണമെന്ന് ചൊല്ലു വിളിക്കും ചിറ്റാഴ്മയ്ക്കും എല്ലായ്പ്പോഴും ആസ്ഥമായിരുക്കുന്നു. ഞങ്ങളുടെ മേൽ വാഴ്വും ശെമ്മൂർത്ഥവും ഉണ്ടാകുമാറാകണമെന്നപേക്ഷിക്കുന്നു.

1869-ാം കാലം ഇടവമാസം 3-ാം തീയതി ചേർപ്പുങ്കൽ പുന്നത്തുറ വികാരി സ്കറിയ കത്തനാർ, മുണ്ടാട്ടുചുണ്ട ഗീവർഗ്ഗീസ് കത്തനാർ, കട്ടക്കയത്ത് മത്തായി കത്തനാർ, കൊട്ടുകാപ്പള്ളിൽ തൊമ്മൻ കത്തനാർ, ആന







മുത്തോലി ആശ്രമ ദേവാലയവും ആശ്രമവും.

കല്ലുങ്കൽ വികാരി സ്കറിയ കത്തനാർ തുടങ്ങി 24 വൈദികരും 36-ഓളം അൽമായ പ്രമുഖരും അപേക്ഷയിൽ ഒപ്പിട്ടിരുന്നു.

ഈ അപേക്ഷ കണ്ട് ലെയോനാർദ്ദ് മെത്രാപ്പോലീത്ത താൻ മുമ്പിനാലെ ആഗ്രഹിച്ചിരുന്ന കാര്യം, നടപ്പിൽ വരുന്നുവെന്നു കണ്ട് സന്തോഷിക്കുകയും പെ.ബ. ഒന്നാമത്തെ പൊതു പ്രിയോരായ കുര്യാക്കോസ് ഏലിയാസച്ചനെയും, തൻെറ ദലഗാത്തായ (പ്രതിനിധി) ബ. ലെയോപ്പോർദ്ദ് മിഷനറി അച്ചനെയും വിവരം അറിയിച്ച് ആലോചിച്ചതിനുശേഷം താഴെ കാണുന്ന കല്പന കൊടുത്തു.

'നിങ്ങളുടെ ആ ദിക്കിൽ ഒരു കൊവേന്തയും മറ്റും ഉണ്ടാകുന്നതിന് നമ്മുടെ കാരണവർ താല്പര്യപ്പെട്ടിരുന്നതുപോലെ തന്നെ നാമും ആഗ്രഹിച്ചിരിക്കയിൽ നിങ്ങൾ ഇത്രയും ആളുകൾ ഒരുമിച്ചു നമ്മെ ബോധിപ്പിക്കുകയും കൊവേന്ത മുതലായവകളുടെ പണിയും മറ്റും നടത്തുന്നതിന് നിങ്ങൾ തന്നെ ഭാരമേറ്റിയിരിക്കുന്നതിനെയും നാം ബോധിച്ചു വളരെ സന്തോഷിക്കുന്നു.

എന്തുകൊണ്ടെന്നാൽ, ഒരു ദിക്കിൽ ഒരു കൊവേന്തയും മറ്റും ഉണ്ടാകുന്നതിന് ആ ദിക്കിലെ ജനങ്ങൾ താല്പര്യപ്പെടുമ്പോൾ അതിനാൽ തന്നെ സത്യവിശ്വാസത്തിലും, പുണ്യ ജീവിതത്തിലും എരിവും, താല്പര്യവും അവർക്കുണ്ടെന്ന, സ്വരകഷയേയും, പൊതുഗുണത്തേയും അന്വേഷിക്കുന്നു എന്നും തെളിവാകുന്നു. ആയതിനാൽ നിങ്ങളുടെ അപേക്ഷയെ നന്മനസ്സോടെ നാം കൈക്കൊള്ളുകയും കൊവേന്ത സ്ഥാപിക്കുന്നതിനു വേണ്ടുന്ന ദുഷ്ക്കരത്തമൊക്കെയും നമ്മുടെ ദലഗാത്തായ പെ.ബ.ലെയോപ്പോൾദ് മൂപ്പച്ചൻ പാദ്രിക്കും, കൊവേന്തകളുടെ പ്രിയോരായ പെ.ബ.കുര്യാക്കോസ് ഏലിയാസ് പട്ടക്കാരനും കൊടുക്കുകയും ചെയ്തിരിക്കുന്നു. ആകയാൽ ഇവർ രണ്ടുപേരും കൂടി അഥവാ ഒരുത്തൻ തന്നെ താമസിയാതെ ആ ദിക്കിലേക്ക് വരുന്നതാകയാൽ കൊവേന്ത പണിയേണ്ട സ്ഥലവും മറ്റും കാണുകയും, നിശ്ചയിക്കുകയും ചെയ്യും. എന്നാൽ നിങ്ങൾ ഈ നല്ല കാര്യം ആരംഭിച്ചാൽ മാത്രം പോരാ, പിന്നെയോ കടശ്ശി വരെ നിലനിന്ന് മുഴുവനായി നിറവേറ്റിയെങ്കിലേ ഫലം വരുന്നുള്ളൂ എന്നോർത്തു കൊള്ളണം. സാധനവും കല്പനയും പെ.ബ.പ്രിയോരച്ചനെ ഏല്പിച്ചു കൊടുക്കുകയും വേണം.

ഇതു മഞ്ഞുമ്മേൽ നമ്മുടെ അരമനയിൽ നിന്ന് 1869 ഇടവം 21-ാം തീയതി പ്രൊ. ലെയോനാർദ്ദ് ലൂയിസ് മെത്രാപ്പോലീത്താ. - (ഒപ്പ്) "

ഈ കല്പന പള്ളിക്കാർക്ക് കിട്ടിയ ശേഷം കൊവേന്തയ്ക്ക് സ്ഥലം കണ്ട് നിശ്ചയിക്കുന്നതിനും മറ്റും പ്രിയോരച്ചൻെറ വരവ് സന്തോഷത്തോടെ പാർത്തിരിക്കുകയും വരുന്നതിന് താമസം കണ്ട് പ്രിയോരച്ചൻെറ പക്കലേക്ക് വീണ്ടും അപേകഷ അയയ്ക്കുകയും ചെയ്തു. എന്നാൽ പ്രിയോരച്ചനും ലെയോപോൾഡ് മിഷനറിയ്ക്കും മെത്രാപ്പോലീത്ത അവറുകളുടെ കല്പനയും പള്ളിക്കാരുടെ മുറിയാതെയുള്ള അപേക്ഷയും കണ്ട് ഉടനെ പാലായ്ക്കു പുറപ്പെടണമെന്നു നിശ്ചയിച്ചു. അനുകൂലമല്ലാത്ത കാലാവസ്ഥയും ദേഹാസ്വാസ്ഥ്യവും മൂലം പ്രിയോരായ ചാവറയച്ചന് തൻെറ പാലായ്ക്കുള്ള വരവ് മാറ്റിവയ്ക്കേണ്ടി വന്നു. കാലാവസ്ഥ അനുകൂലമായി വന്നപ്പോൾ ലെയോപോൾഡ് മിഷനറിക്ക് ലെയോനാർദ്ദ് മെത്രാപ്പോലീത്തായുടെ കൂടെ വത്തിക്കാൻ സൂനഹദോസിനു പോകേണ്ടി വന്നു. മെത്രാപ്പോലീത്ത കൊവേന്തകൾക്ക് ദലഗാദായിട്ട് ലെയോപോൾഡ് അച്ചൻെറ അനുജൻ ജരാർദ്ദ് മിഷനറി അച്ചനെ നിശ്ചയിച്ചു.

ചാവറയച്ചനും ജരാർദ്ദച്ചനും കൂടി 1869 ഒക്ടോബർ മാസം കൂനമ്മാവിൽ നിന്നും പുറപ്പെട്ട് നവംബർ മാസം ഒന്നാം തീയതി മാന്നാനത്തു വരു





കയും ആ യാത്രയിൽ ശീശ്മക്കാരുടെ കാര്യത്തെക്കുറിച്ച് ആലോചിക്കുകയും, അവരിൽ ചില ദുർബുദ്ധികൾ നമ്മുടെ പ്രിയോരച്ചൻെറ മേൽ ദൂഷ്യങ്ങൾ പറയുകയും വിരോധമായിട്ട് ചില ഹർജികൾ മീനച്ചിൽ തഹസിൽദാർക്ക് കൊടുക്കുകയും ചെയ്തു. ആനക്കല്ലുങ്കൽ നിന്ന് ചാവറയച്ചനും മിഷനറിയച്ചനും പാലായിൽ തിരിച്ചുവരികയും അവിടെ താമസിച്ച് കൊവേന്ത കാര്യം കൊണ്ട് ആലോചിച്ചതിൽ സ്ഥലത്തെക്കുറിച്ച് ഓരോരുത്തരും ഓരോ അഭിപ്രായം പറഞ്ഞു. ചിലർ പുലിയന്നൂർ മിഷനറി ബംഗ്ലാവു കൊള്ളാമെന്നും മറ്റു ചിലർ കുരുവിനാൽ പള്ളി ഇരിക്കുന്ന അള ഉയർന്നകുന്ന് കൊള്ളാമെന്നും. ഇങ്ങനെ ഓരോരുത്തരും ഓരോരോ വിധം പറയുകയും ചിലർ മുത്തോലി കുന്നിനെക്കുറിച്ചും പറയുകയുണ്ടായി. ഇപ്രകാരം പലവിധ അഭിപ്രായം ഉണ്ടാകയാൽ ചാവറയച്ചനും ജരാർദ്ദച്ചനും കൂടെ ആലോചിച്ച് സ്ഥലം നേരിട്ടുകണ്ട് തീർച്ചയാക്കുന്നതിന് നിശ്ചയിച്ചു.

പ്രിയോരച്ചനു നടക്കുന്നതിനുള്ള വശക്കേടാൽ പാലായിൽ തന്നെ താമസിക്കുകയും ജരാർദച്ചൻ ചില അച്ചൻമാരോടുകൂടെ മേൽ എഴുതിയ ചില സ്ഥലങ്ങൾ പോയി നോക്കിയതിനു ശേഷം പാലായിലേയ്ക്ക് പിന്തിരിഞ്ഞ് പ്രിയോരച്ചനുമായി ആലോചിച്ച് മുത്തോലികുന്ന് എല്ലാം കൊണ്ടും കൊള്ളാമെന്ന് അഭിപ്രായപ്പെട്ടു. പിറ്റെ ദിവസം കാലത്ത് കുർബാനയും മറ്റും കഴിഞ്ഞ് ഇരുവരും ഒന്നിച്ച് മുത്തോലിക്ക് വരുന്നതിന് നിശ്ചയിച്ചു. എന്നാൽ മുത്തോലിക്കുന്ന് ആറ്റിൽ നിന്ന് ഉദ്ദേശം 300 അടി ഉയരം ഉള്ളതിനാലും ആറ്റിൽ നിന്ന് കയറുന്നതിന്, ശരിയായ കടവും വഴിയും ഇല്ലാത്തതിനാലും വയസ്സനും ദേഹപുഷ്ടിയുള്ളവനുമായ ചാവറയച്ചൻ നടന്നു കേറുന്നതിന് ബുദ്ധിമുട്ടുള്ളതുകൊണ്ട് മഞ്ചലു വരുത്തണമെന്നും, ആയതിന് തഹസീൽദാരുടെ മഞ്ചല് ചോദിക്കുന്നതിന് ആളു പോകണമെന്നും മറ്റും അച്ചന്മാരും ഇടവകക്കാരിൽ പ്രധാനപ്പെട്ട ചിലരും ആലോചിക്കുന്നത് പ്രിയോരച്ചനറിഞ്ഞപ്പോൾ, കൊവേന്ത സ്ഥാപിക്കേണ്ടും സ്ഥലത്ത് കയറുന്നതിന് വാഹനമൊന്നും എനിക്കു വേണ്ട, ദൈവാനുഗ്രഹത്താൽ കുറെ ബുദ്ധിമുട്ടി കാൽനടയായി തന്നെ കയറണമെന്നാണ് എൻെറ ആഗ്രഹം എന്നു പറഞ്ഞുകൊണ്ട്, മഞ്ചൽ അന്വേഷിപ്പ് മുടക്കി, നവംബർ മാസം 8-ാം തീയതി പാലായിൽ നിന്ന് തിരിച്ച് കാലത്ത് 10 മണിയോടുകൂടി പന്തത്തലക്കടവിൽ വള്ളം അടുത്തു. അവിടെ നിന്ന് വളരെ സാവധാനത്തിൽ നടന്ന് മറ്റു ചിലരുടെ സഹായത്തോടുകൂടെ പ്രിയോരച്ചനും, ജരാർദച്ചനും മറ്റു ചില അച്ചന്മാരും പന്ത്രണ്ടുമണിക്കു മുൻപ് മുത്തോലി കുരിശുപള്ളിയിൽ വന്നു കയറി.

12 മണിക്കുശേഷം ഉച്ചഭക്ഷണവും കഴിച്ച് കുറെ വിശ്രമിച്ചതിനുശേഷം അവിടെനിന്ന് ഈ കുന്നിൻെറ മേൽനിരപ്പിൽക്കൂടെ വടക്കേച്ചെരിവുവരെ ജനങ്ങളാൽ മുമ്പുകൂട്ടിവെട്ടിയിരുന്ന വഴിയിലൂടെ എല്ലാവരും പുറപ്പെട്ട് കുന്നിൻെറ വടക്കേ അറ്റത്തെ കാടുവെട്ടിത്തെളിച്ച്, കെട്ടിയുണ്ടാക്കിയ വിരി പന്തലിൻെറ കീഴെ വന്നിരുന്നതിൻെറശേഷം ജരാർദച്ചൻ കയ്യിലുണ്ടായിരുന്ന കുഴൽകണ്ണാടി എടുത്ത് അവിടെനിന്നും നാലുഭാഗത്തേക്കും നോക്കിക്കണ്ടതിനു ശേഷം വീണ്ടും പന്തലിൽ വന്നിരുന്ന സമയം, നല്ല സ്ഥലം, നല്ല കാറ്റ് ഇവിടെത്തന്നെ നമുക്ക് കൊവേന്ത സ്ഥാപിക്കണം. "അങ്ങനെ തന്നെ" എല്ലാവരും ഒരു വാക്കാലെ സമ്മതിച്ചു പറഞ്ഞു. ആയതിൻെറ ശേഷം ചേർപ്പുങ്കൽ, പുന്നത്തുറ പള്ളികളുടെ വികാരി കാരപ്പുഴയ്ക്കൽ എന്നു പറയുന്ന അറയ്ക്കൽ കുഞ്ചറിയാച്ചൻ മണ്ണൂർ നാഗനൂലിക്കാരുടെയും മറ്റും ഓരോ ഭവനങ്ങൾ നമ്മുടെ വല്ല്യ പ്രിയോരച്ചനെ ചൂണ്ടിക്കാണിച്ചു കൊടുത്തു. പിന്നീട് പ്രിയോരച്ചൻ ഇവിടെനിന്നും ആറ്റിലേയ്ക്ക് പോകുന്നതിന് എളുപ്പത്തിൽ വഴിയുണ്ടോ, എത്ര ദൂരമുണ്ട് എന്നും മറ്റും ചോദിച്ചപ്പോൾ ഉണ്ട് എന്നും എളുപ്പവഴിക്ക് തന്നെ നമുക്ക് ഇറങ്ങിപ്പോകാമെന്നും കുഞ്ചറിയാച്ചൻ മറുപടിപറഞ്ഞു.

പിന്നീട് മണ്ണൂർ ചെറിയതിൻെറ നേതൃത്വത്തിൽ വഴി വെട്ടിത്തെളിക്കാൻ പോകുകയും രണ്ട് നാഴികകൊണ്ട് വഴി തീർത്ത് തിരിച്ചുവരികയും ചെയ്തു. അതിനുശേഷം സ്ഥലത്തിൻെറ ഉടമസ്ഥന്മാരായ മണ്ണൂർ പ്ലാക്കാട്ട് ചെറിയത് ഈപ്പൻ, മണ്ണൂർ മാധവപ്പള്ളി ചെറിയത് ചെറിയത്, മണ്ണൂർ തലക്കുളത്തിൽ മത്തായി ചെറിയത്, മണ്ണൂർ തൊമ്മൻ ചെറിയത് ഇങ്ങനെ മണ്ണൂർക്കാരായ നാല് കുടുംബക്കാർ കൊവേന്ത സ്ഥാപിക്കുന്നതിന് സ്ഥലം ദാനമായിത്തരുന്നതിന് സമ്മതിച്ചു. സ്ഥലം പ്രിയോരച്ചൻെറ പേരിൽ പതിക്കുന്നതിനുള്ള അപേക്ഷയുമായി മീനച്ചിൽ തഹസീൽദാർ ശ്രീമാൻ ലങ്കയ്യൻ അവറുകളുടെ പക്കൽ ചെന്ന് വിവരങ്ങൾ ഒക്കെയും അറിയിച്ചപ്പോൾ പേരുകാരുടെ സമ്മതം എഴുതിക്കണം എന്നു പറഞ്ഞു. ഞാൻ തന്നെ അവിടെ വന്ന് എല്ലാം ശരിയാക്കിതന്നു കൊള്ളാം എന്ന് അദ്ദേഹം അറിയിച്ചു.

കൊവേന്തയ്ക്ക് സ്ഥലം ദാനം ചെയ്ത വിഷയത്തിൽ ഒരു ദൈവിക പ്രേരണ ഉണ്ടായതായി നളാഗമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രിയോരച്ചന്റെയും പാലിയക്കാരുടെയും മറ്റച്ചന്മാരുടെയും മുൻപാകെ സ്ഥലം കൊടുക്കാൻ സമ്മതിച്ചെങ്കിലും അവരിൽ ചിലർക്ക് പിന്നീട് മനസ്സുകേടു വരികയും അവർ തമ്മിൽ തമ്മിൽ സമ്മതപത്രം കൊടുക്കണമോ വേണ്ടയോ എന്നു സംശയിച്ചു നിൽ






ക്കുകയും ചെയ്തു. ഇവരിൽ എല്ലാവരിലും പ്രായം കുറഞ്ഞവനായ തൊമ്മൻ ചെറിയതിനെക്കൊണ്ട് ഈ വിസമ്മതം പറയുന്നതിന് ചുമതലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു.

ഈ വിവരം അയാളുടെ ഭാര്യയായ ഏലി എന്ന സ്ത്രീ കേട്ടു. ദൈവഭക്തയായിരുന്ന ആ സ്ത്രീരത്നം വളരെ ദു:ഖിതയായി. അതേ ദിവസം തന്നെ മുത്തോലി കുരിശുപള്ളിയിൽ കുർബ്ബാന കഴിഞ്ഞു പ്രിയോരച്ചൻ നടത്തിയ പ്രസംഗം കേട്ട അവർ വീട്ടിൽ വന്ന് ഭർത്താവിനോട് കൊവേന്ത സ്ഥാപിക്കുന്നതിന് മനസ്സില്ലയോ എന്നു ചോദിച്ചു. അപ്പോൾ ഭർത്താവ് തനിക്ക് മനസ്സുകേടില്ലെന്നും മനസ്സില്ലാത്ത ചിലർ എന്നോട്, എനിക്ക് മനസ്സില്ലെന്ന് എല്ലാവരോടും അറിയിക്കണമെന്ന് പറയുന്നു. എന്നാൽ താനൊന്നും തീരുമാനിച്ചിട്ടില്ലെന്നും പറഞ്ഞു. അപ്പോൾ ഭാര്യ ഏലി, ''നമ്മൾ നാലു വീട്ടുകാരല്ലേ, ബാക്കി മൂന്നു വീടുകളിലും ഒന്നിൽ കൂടുതൽ മക്കളുണ്ടല്ലോ, നമ്മൾ ഒരാളല്ലേ ഉള്ളൂ. അപ്പനും ഇല്ല. ഒരു സഹോദരൻ കൂടെ ഉണ്ടായിരുന്നെങ്കിൽ പകുതിക്ക് അവകാശി ആകുമായിരുന്നില്ലേ, തന്നെയുമല്ല, ദൈവകാര്യത്തിന് കുറെ സ്ഥലം വിട്ടുകൊടുക്കുന്നതുകൊണ്ട് ദൈവാനുഗ്രഹം കൂടുകയേയുള്ളൂ. ആയതിനാൽ നിങ്ങൾ മറ്റുള്ളവരെക്കൂടി പറഞ്ഞു മനസ്സുവരുത്തി പള്ളിക്കു സ്ഥലം കൊടുക്കണം'' എന്ന് അപേക്ഷിച്ചു.

ഭാര്യയുടെ ഉപദേശത്തിൽ മനസ്സു തിരിഞ്ഞ അദ്ദേഹം അപ്പോൾ തന്നെ മറ്റുള്ളവരെയും കൂട്ടി പള്ളിയിലേക്ക് പുറപ്പെട്ടു. ഈ സമയം ആ ഗൃഹനാഥ വീട്ടിലെ പ്രാർത്ഥനാമുറിയിൽ മാതാവിന്റെ തിരുസ്വരൂപത്തിൻ മുമ്പാകെ മുട്ടുകുത്തി ഏറെ സമയം കണ്ണുനീരോടെ പ്രാർത്ഥിച്ചു. അതിന്റെ ഫലമെന്നോണം നാലുപേരും ഏകപക്ഷീയമായി സമ്മതിച്ച് പള്ളിക്ക് സ്ഥലം നൽകുവാൻ തീരുമാനിക്കുകയും നൽകി തിരിച്ചുവരികയും ചെയ്തു.

അതനുസരിച്ച് 1869 നവംബർ പതിനൊന്നാം തീയതി മീനച്ചിൽ തഹസീൽദാർ ഇവിടെ വരികയും പ്രിയോരച്ചൻെറ ദിവ്യത്വം കണ്ട് സന്തുഷ്ടനായ തഹസീൽദാർ കാര്യങ്ങൾ എല്ലാം ഭംഗിയായി ശരിയാക്കിക്കൊടുത്തു. അന്നേ ദിവസം പ്രിയോരച്ചൻെറ പേരിൽ മണ്ണൂർക്കാരായ നാല് വീട്ടുകാർ പാലാ പള്ളിയുടെ വികാരിയും, ചേർപ്പുങ്കൽ പള്ളിയുടെ വികാരിയും, കൊട്ടുകാപ്പള്ളി ചെറിയതും, തെരുവിൽ മത്തായിയും സാക്ഷിയായും എഴുതി പ്രമാണത്തിൻെറ ശരിപ്പകർപ്പ് താഴെക്കൊടുക്കുന്നു.







ഈ പ്രമാണം എഴുതിത്തീർത്തതിനു ശേഷം പ്ലാക്കാട്ട് ചെറിയത് ഈപ്പൻ ഇടവകയിൻെറ മൂപ്പനാകയാലും ഇയാൾ തനിച്ച് ഏതാനും സ്ഥലം തിരിച്ച് എടുത്ത് ദേഹണ്ഡം നടത്തി വന്നതിനാലും മറ്റും ഈപ്പനെക്കൊണ്ട് പ്രത്യേക പ്രമാണം എഴുതിയ്ക്കണമെന്ന് ചിലർ അഭിപ്രായപ്പെട്ടു. അതിൻ പ്രകാരം താഴെപ്പറയുന്ന വിധം പ്രമാണം എഴുതി.

"1045-ാമാണ്ട് തുലാമാസം 27-ാം തീയതി ഏറ്റുമാനൂർ പ്രവർത്തിയിൽ മാന്നാനം മുതലായ കൊവേന്തകളുടെ പെ. ബഹു. പ്രിയോരച്ചന് പുലിയന്നൂർ പ്രവർത്തിയിൽ- മുരിയ്ക്കനാട് മുറിയിൽ മണ്ണൂർ പ്ലാക്കാട്ട് ചെറിയത് ഈപ്പൻ എഴുതിക്കൊടുക്കുന്ന ഉടമ്പടി.

ഞാൻ ദേഹണ്ഡം ചെയ്ത് അനുഭവിച്ച് വരുന്ന പുലിയന്നൂർ പ്രവർത്തിയിൽ നെയ്യൂർ മുറിയിൽ വടക്ക് കടൂക്കുന്ന് പുരയിടത്തിനും, തെക്ക് കടൂക്കുന്ന് പുരയിടത്തിനും, പുരയിടത്തിപറമ്പിനും, പടിഞ്ഞാറ് മുത്തോലി ചേരിയ്ക്കലിനും, വടക്ക് കടൂക്കുന്ന് ചേരിയ്ക്കലിനും, കല്ലാനിയ്ക്കാട്ട് ചേരിയ്ക്കലിനും, കിഴക്ക് കടൂക്കുന്ന് പുരയിടത്തിനു തെക്കും, ആകെ 30 പറ വിത്ത് പാട് സ്ഥലം രണ്ട് പുരയിടമായി പൊതുവൽത്തുരുത്തി ദേഹണ്ഡം ചെയ്തു വരുന്ന സ്ഥലം കൊവേന്ത പളളി വയ്ക്കുന്നതിനായി എൻെറ മനസ്സാലെ ഞാൻ ഒഴിഞ്ഞു തന്നിരിക്കുന്നു. സ്ഥലം മുറപോലെ പേരിൽ പതിച്ച് പള്ളി വയ്ക്കുന്നതിന് തെരുവിൽ ഈപ്പൻ മത്തായി, കൊട്ടുകാപ്പള്ളിൽ ചെറിയത് ചെറിയത് സാകഷിയോടു കൂടി ഈ ഉടമ്പടി എഴുതിക്കൊടുത്തത് പ്ലാക്കാട്ട് ചെറിയത് ഈപ്പൻ - (ഒപ്പ്).

പ്രിയോരച്ചനും ജരാർദ മൂപ്പച്ചനും അന്നു തന്നെ അതായത് 1869 നവംബർ 11-ാം തീയതി എല്ലാവരോടും യാത്ര പറഞ്ഞ് പറപ്പെട്ടു. ജനങ്ങൾ അവരെ ആറ്റുകടവുവരെ അനുഗമിച്ചു. പിരിയാൻ നേരം എല്ലാവരുടെയും പേർക്ക് മണ്ണൂർ പ്ലാക്കാട്ട് ചെറിയത് ഈപ്പൻ ചാവറയച്ചനോട് ആശീർവാദം അപേക്ഷിച്ചപ്പോൾ ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ എന്നു പറഞ്ഞ് ദൈവകൃപയ്ക്കായി പ്രാർത്ഥിച്ചതിനു ശേഷം വഞ്ചിയിൽ കയറി യാത്ര പുറപ്പെട്ടു. ഇത് ചാവറയച്ചൻെറ അവസാന യാത്രയായിരുന്നു. കാരണം പിന്നീട് ഒരു ദീർഘയാത്ര ചെയ്യാനാവാത്ത വിധം അദ്ദേഹം കഷീണിതനായിത്തീർന്നു.

മാന്നാനത്ത് എത്തിയ ചാവറയച്ചൻ നമുക്ക് മുത്തോലിയിൽ പോയി 'അവിടെനിന്ന് വളരെയധികം സമ്പാദ്യം ഉണ്ടാക്കാം എന്ന് ഞാൻ ശരണപ്പെടുന്നു' എന്നു പറഞ്ഞുകൊണ്ട് കൊവേന്തയുടെ പണിയും മറ്റ് കാര്യങ്ങളും നടത്തുന്നതിനു വേണ്ടി പേരൂക്കര കുര്യാക്കോസ് ഏലിയാസച്ചനെയും സ്കറിയ അപ്രേം കളത്തിൽ അച്ചനെയും ചുമതലപ്പെടുത്തി. ഈ കുന്നിന് മുത്തോലി എന്ന് പേരു വരാൻ എന്താണ് കാരണം എന്ന് മനസ്സി

ലാകുന്നില്ല. എന്തുകൊണ്ടെന്നാൽ ഇതിൻെറ പടിഞ്ഞാറെ ഭാഗം കടോക്കുന്ന് എന്നും, തെക്കേ ഭാഗം കല്ലാനിക്കാട് എന്നും ആണ് രേഖകളിൽ കാണുന്നത്. എന്തുകൊണ്ടെന്നാൽ കടുവ വസിച്ചിരുന്നതിനാൽ കടുവാക്കുന്ന് എന്നും കല്ലും ആനിയും ഉണ്ടായിരുന്നതിനാൽ കല്ലാനിക്കാട് എന്നും ഉണ്ടാകാൻ സാധ്യത ഉണ്ട്. *നാളാഗമത്തിൽ ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്. മുത്തോലി എന്ന് പേരുണ്ടാകുവാൻ ഇങ്ങനെയുള്ള കാരണങ്ങൾ കാണുന്നില്ലാത്തതിനാൽ ഭാവിയിൽ ഇരിക്കുന്ന ജ്ഞാനമുത്തുകളുടെ ഓലിയെ അർത്ഥമാക്കിക്കൊണ്ട് ഒരു ദൈവവിചാരണയാൽ ഈ നാമം ഉത്ഭവിച്ചത് എന്ന് സങ്കല്പിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ മുത്തോലി കൊവേന്ത, മുത്തോലി പള്ളി, മുത്തോലി കന്യകാമഠം, മുത്തോലി ഇംഗ്ലീഷ് സ്കൂൾ, മുത്തോലി മലയാളം സ്കൂൾ ഇവകളിൽ നിന്ന് ദീർഘകാലമായി വിളയുവാനിരിക്കുന്ന ആ ജ്ഞാനമുത്തുകളുടെ ഓലി ആയതിനാൽ ഈ ദേശത്തുള്ള സകലജനങ്ങൾക്കും രക്ഷിതാവിൻെറ ദിവ്യ മുത്തോലി ഉറവയിൽ നിന്ന് ജ്ഞാനപൈതങ്ങൾ ആയ ദൈവാനുഗ്രഹങ്ങളെ പ്രാപിക്കുന്നതിനും എത്രയോ എളുപ്പമാകുന്നു.*

1870-ൽ ജനുവരി മാസത്തിൽ കൊവേന്തയ്ക്ക് അടിസ്ഥാനമിട്ട് പണി ആരംഭിച്ചു. കൊവേന്തയ്ക്ക് വി. യോഹന്നാൻ ക്രൂസിൻെറ നാമമാണ് കൊടുത്തത്. എന്നാൽ മഠത്തിൻെറ പണിയിൽ ബഹു. അച്ചന്മാർ ദത്തശ്രദ്ധരായതിനാൽ കൊവേന്തപ്പണി തുടർന്നു കൊണ്ടുപോകാൻ സാധിച്ചില്ല. 1884-ൽ മഠം പണി ഒരു വിധം തീർന്നപ്പോൾ ബഹു. ലയോണാർദച്ചൻെറ ചുമതലയിൽ വീണ്ടും ആശ്രമം പണി തുടർന്നു. അങ്ങനെ 1885-ൽ ആണ് നിയമാനുസൃതമായ ആശ്രമവാസം ഇവിടെ ആരംഭിക്കുന്നത്. കൊവേന്തയുടെ പണി 1890 നവംബർ ഒന്നിന് പൂർത്തിയായി.

## മുത്തോലി മഠം

മുത്തോലിയിൽ ഒരു കൊവേന്തയ്ക്ക് സ്ഥലം നിശ്ചയിച്ചപ്പോൾ തന്നെ ഇവിടെ ഒരു കന്യകാലയവും സ്ഥാപിക്കുന്നതിന് പുണ്യചരിതനും പുരോഗമനോന്മുഖനുമായ ചാവറയച്ചൻ തീക്ഷ്ണമായി ആഗ്രഹിച്ചിരുന്നു. തൻെറ ഈ ആഗ്രഹത്തെപ്പറ്റി പലപ്പോഴും പലരോടും സംസാരിച്ചിരുന്നതായി മുത്തോലി കൊവേന്തയുടെ നാളാഗമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ആഗ്രഹം ഫലമണിയുന്നതിനു മുൻപ് നമ്മുടെ പുണ്യപിതാവ് 1871 ജനുവരി 3-ാം തീയതി ദിവംഗതനായി. തൻെറ പിൻഗാമികൾ വഴി ഈ ആഗ്രഹം പൂർത്തികരിക്കുന്നതിനുള്ള നിർദ്ദേശം സഭാഗംങ്ങൾക്ക് എഴുതിയ മരണപത്രികയിൽ നാം വായിക്കുന്നുണ്ട്. 1870 ആഗസ്റ്റ് മാസത്തിൽ മരണപത്രിക തയ്യാറാക്കി തന്നെ ശുശ്രൂഷിച്ചിരുന്ന സന്യാസിയെ ഏല്പിച്ചു.





മുത്തോലി മഠം സ്ഥാപനത്തെപറ്റി ഈ മരണപത്രികയിൽ പറഞ്ഞിരിക്കുന്ന ഭാഗം താഴെ ചേർക്കുന്നു.

തെക്കോട്ട് ഇനിയും കൊവേന്തകൾ ഉണ്ടാകുവാൻ ആവശ്യവും എളുപ്പവും ആയതിനാൽ മാന്നാനത്തുനിന്ന് തെക്കോട്ടും കിഴക്ക്പടിഞ്ഞാറുമായി ഈ രണ്ടു കൊവേന്തകളും ചില മഠങ്ങളും ആവശ്യമായതിനാൽ ആയതു നിറവേറ്റുവാൻ ഒരാൾ മാന്നാനത്ത് നൊവിഷ്യറ്റ് ആക്കിയാൽ എത്രയും കഷണത്തിൽ ഈ കൊവേന്തകളും മഠങ്ങളും നടക്കുകയും ചെയ്യും. തത്തമ്പളളിയിൽ ഒന്ന്, മാവേലിക്കരയിൽ ഒന്ന്, അതിന് തെക്കായി കിഴക്കും പടിഞ്ഞാറും ഓരോന്ന് ഉണ്ടായാൽ വരാപ്പുഴ, കൊല്ലം എന്നീ വികാരി അപ്പസ്തോലിക്കായിലുള്ള വിശ്വാസികളുടെ ആത്മനടത്തിപ്പിനും എത്രയും നല്ലതും, ആവശ്യവും മുത്തോലി എന്ന സ്ഥലത്തും മാന്നാനത്തും രണ്ട് മഠങ്ങളും ആവശ്യം തന്നെ ഇതിനൊക്കെ നിങ്ങളുടെ അല്പമായ ബുദ്ധിമുട്ടും ഉത്സാഹവും മതിയായിരിയ്ക്കയും ചെയ്യും.

മുത്തോലിയിലും ഒരു മഠം ഉണ്ടാകണമെന്ന ചാവറയച്ചൻെറ ആഗ്രഹപ്രകാരം രണ്ടാം പൊതുപ്രിയോർ ആയിരുന്ന ബഹു. കുര്യാക്കോസ് ഏലിയാസച്ചൻ (പോരുക്കരയച്ചൻ) കൂനമ്മാവുങ്കലെ കന്യാസ്ത്രീ മഠം കൊണ്ടുണ്ടാകുന്ന നന്മകൾ കണ്ട് ആ ഗുണങ്ങൾ ഈ ഭാഗങ്ങളിലും ഉണ്ടാകുന്നതിൽ വളരെ താല്പര്യപ്പെട്ടു. ഇതിനുള്ള വഴികൾ ആലോചിച്ചു വരിക



മുത്തോലി കർമ്മലീത്താ മഠത്തിൻെറ ആരംഭകാലത്തെ കെട്ടിടം.

യിൽ അന്ന് മാന്നാനത്ത് വികാരി ആയിരുന്ന കട്ടക്കയത്തിൽ ബഹു. ചാണ്ടി ഔസേപ്പച്ചനും പ്രിയോരച്ചനും കൂടെ കിഴക്കേഭാഗത്ത് ഒന്ന് ആവശ്യമാണ് എന്നും ആയത് പാലായിൽ ആയാൽ കൊള്ളാം എന്നും ആലോചിച്ചപ്പോൾ ബഹു. കട്ടക്കയത്തിൽ വലിയ ചാണ്ടിയച്ചൻ പാലായിലേക്കാൾ കുറെക്കൂടി ഒതുക്കവും സമീപേ നല്ല ക്രിസ്ത്യാനികളുടെ വീടുകൾ അധികവും ഉള്ളതിനാൽ കൂടുതൽ പ്രയോജനം വരുന്നത് മുത്തോലിയിൽ ആക്കുകയാണ് നല്ലത് എന്ന് പറഞ്ഞു. എന്നാൽ അങ്ങനെ ആകട്ടെ എന്ന് കല്പിക്കുകയും താല്പര്യപ്പെടുത്തുകയും ആയതിന് പെരിയ ബഹു. പ്രിയോരച്ചൻ സമ്മതിച്ചു പിരിയുകയും ചെയ്തു.

പിന്നീട് 1880 നവംബർ 24-ന് ജനറാളച്ചൻ വി. യോഹന്നാൻ ക്രൂസിന്റെ തിരുനാളിന് ഇവിടെ വന്നു. കന്യാസ്ത്രീമഠം സ്ഥാപനത്തിന് സ്ഥലം നിശ്ചയിക്കുന്നതിനെക്കുറിച്ച് ചർച്ചകളും നടന്നു. കുരിശുപള്ളി മേടിച്ച് (ഇപ്പോഴത്തെ ഇടവകപ്പള്ളി) അവിടെ മഠം സ്ഥാപിക്കുകയും അതിനു പകരം ഇവിടെയുള്ള കൊവേന്ത കപ്പേള പള്ളി തീരുമ്പോൾ ഉപയോഗമില്ലാതാകുന്നതിനാൽ അത് ഇടവകക്കാർക്ക് ഒഴിഞ്ഞു കൊടുത്തു കൊള്ളുകയും അവരുടെ കാര്യം നടത്തുന്ന അച്ചൻ ബംഗ്ലാവിൽ പാർത്തുകൊണ്ട് കപ്പേളയിൽ അവരുടെ ആത്മ തിഷ്ടതികൾ നടത്തത്തക്കവിധം നിശ്ചയിക്കുകയും മഠം പണിക്കായി ഏതാനും കല്ല് കൊവേന്തപ്പറമ്പിന്റെ തെക്കേ അറ്റത്ത് ചുമപ്പിച്ചു വയ്ക്കുകയും ചെയ്തു. എന്നാൽ നാട്ടിലെ ഒരു വിഭാഗം ജനങ്ങളുടെ എതിർപ്പുമൂലം ഈ തീരുമാനം ഉപേകഷിച്ചു. കൊവേന്തക്കാരുടെ വകയായ കവിണുകാട്ടു പറമ്പിൽ മഠം പണിയാമെന്നുള്ള അഭിപ്രായവും ചില അസൗകര്യം മൂലം ഉപേകഷിക്കേണ്ടി വന്നു.

മഠത്തിന് സ്ഥലനിർണ്ണയം ചെയ്യാൻ സാധിക്കാതെ ഇച്ഛാഭംഗത്തോടെ ജനറാളച്ചൻ മാന്നാനത്തേയ്ക്ക് തിരിച്ചു പോയി. അദ്ദേഹം മഠത്തിന്റെ സ്ഥല നിർണ്ണയത്തിനും മറ്റ് കാര്യങ്ങളുടെ നടത്തിപ്പിനുമായി ചങ്ങനാശ്ശേരി ബഹു. മത്തായി മറിയം അച്ചൻ, ബഹു. തളിയത്ത് വർക്കിയച്ചൻ, പാലാ കൊട്ടുകാപ്പള്ളി ഇട്ടിച്ചെറിയത് എന്നിവരെ ചുമതലപ്പെടുത്തി.

ചരിത്രരേഖകൾ പരിശോധിച്ചതിൽ നിന്നും മുത്തോലിയിൽ ഒരു കൊവേന്ത സ്ഥാപിക്കുന്നതിന് ഈ നാട്ടിലെ ജനങ്ങൾ കാണിച്ച ആവേശവും ഉത്സാഹവും മഠം സ്ഥാപനത്തിന്റെ കാര്യത്തിൽ ഉണ്ടായിരുന്നില്ല എന്നു കാണുന്നു. ഇതിനു കാരണമായി തോന്നുന്നത് കൊവേന്തയുടെ പണി ഉദ്ദേശിച്ച വേഗത്തിൽ തീരാതിരുന്നത് ആയിരിക്കാം. കൂടാതെ നൂറ് വർഷങ്ങൾക്കു മുൻപ് കന്യാകാലയങ്ങളെപ്പറ്റി കേവലം തുച്ഛമായ അറിവു മാത്രമേ സാധാരണജനങ്ങൾക്കുണ്ടായിരുന്നുള്ളൂ. സ്ത്രീവിദ്യാഭ്യാസത്തിന് അക്കാലത്ത് പ്രാധാന്യം കൊടുത്തിരുന്നില്ല. അന്ന് സ്ത്രീകൾ സ്വഭവനത്തിന്റെ പൂമുഖം പോലും വിരളമായേ ദർശിച്ചിരുന്നുള്ളൂ. അക്കാലത്ത്





പൊതുജനങ്ങളുടെ അദ്ധ്യാത്മികവും ബൗദ്ധികവും സാംസ്ക്കാരികവുമായ ഉന്നമനത്തിനു വേണ്ടി മുന്നിട്ടുനിന്ന് പ്രവർത്തിച്ചിരുന്നത് അധികവും കൊവേന്തയിലെ സന്യാസവൈദികരായിരുന്നു. കന്യകാലയം കൊണ്ട് സമൂഹത്തിന് ഉണ്ടാകുന്ന പ്രയോജനം മനസ്സിലാക്കിയിരുന്ന ഈ യോഗീവര്യന്മാരാണ് മഠം സ്ഥാപനത്തിന് മുൻകൈ എടുത്ത് പ്രവർത്തിച്ചത്. അന്ന് മുത്തോലി കൊവേന്തയിൽ ബഹു. തളിയത്ത് വർക്കിയച്ചനും, ബഹു. മത്തായി മറിയം അച്ചനും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ മഠം കെട്ടിടം പണിയുടെ ഉത്തരവാദിത്വം ഭരമേൽപ്പിച്ച് ബഹു. മൂലയിൽ ലയോനാർദ് അച്ചനെ മാന്നാനത്തു നിന്നും മുത്തോലിയിൽ അയച്ചു.

*ബഹു. ലയോനാർദ് അച്ചൻ കൊവേന്തയ്ക്ക് സ്ഥലം നൽകിയ വീട്ടുകാരുമായി ആലോചിച്ചതനുസരിച്ച് മണ്ണൂർ കുടുംബക്കാരുടെ വകയായിരുന്ന – കൊവേന്തയുടെ പടിഞ്ഞാറു വശത്ത് കാടുവെട്ടിത്തെളിച്ച് കൃഷിക്ക് ഉപയുക്തമായി ഇട്ടിരുന്ന – സ്ഥലം നൽകുവാൻ കുടുംബക്കാർ തയ്യാറായി. ഈ സ്ഥലത്തിന്റെ ഉടമ മണ്ണൂർ ഇട്ടി ചെറിയത് ആയിരുന്നു. ഉടമസ്ഥന്റെ നിയോഗപ്രകാരം ആണ്ടുതോറും 12 കുർബാന വീതം ചൊല്ലണം എന്ന കരാറിൽ കൊവേന്തയുടെ പേരിൽ 2 ഏക്കർ 23 സെൻറ് സ്ഥലം 128-ാം നമ്പർ ആധാര പ്രകാരം എഴുതിക്കൊടുത്തു. കൊവേന്ത ഈ സ്ഥലം 1890-ൽ മഠത്തിന് കൊടുക്കുകയും സ്ഥലത്തിൻ മേലുള്ള ബാധ്യതയായ 12 കുർബാന വർഷം തോറും മഠത്തിൽ നിന്നും ചൊല്ലിക്കുകയും ചെയ്തു.*

സ്ഥലം ലഭ്യമായ ഉടനെ തന്നെ ബഹു. ലയോനാർദ് അച്ചൻ കെട്ടിടം പണിയെക്കുറിച്ച് പരിജ്ഞാനമുള്ള ചാവറ ഓസേപ്പച്ചനുമായി ആലോചന നടത്തി. ഒരു പ്ലാൻ തയ്യാറാക്കി ഈ പ്ലാൻ അനുസരിച്ച് 1880-ൽ പണി ആരംഭിച്ചു. ചുമപ്പിച്ചു വെച്ചിരുന്ന വെട്ടുകല്ലിനു പുറമേ പോരാതെ വന്ന വെട്ടുകല്ല് വാനം മാന്തിയപ്പോൾ കിട്ടി. പണി അവസാനിച്ചതോടെ വെട്ടുകല്ലും തീർന്നു. പണി വേഗം തീർക്കണമെന്ന ഉദ്ദേശത്തോടെ കൊവേന്തയുടെ പണി തൽക്കാലം നിർത്തി വയ്ക്കുകയും കൊവേന്തക്കായി ശേഖരിച്ചിരിക്കുന്ന കല്ല്, കക്ക, തടി മുതലായവ മഠം പണിക്ക് വിനിയോഗിക്കുകയും ചെയ്തു. കൊവേന്തയുടെ പണി പിന്നീടായാലും നടക്കുമെന്ന് ബഹു. അച്ചന്മാർക്ക് ബോധ്യമുണ്ടായിരുന്നു. മഠം പണിക്ക് ആവശ്യമായ പണം ലഭിക്കുന്നതിനു വേണ്ടി ഭാഗ്യക്കുറി, പണപ്പിരിവ് മുതലായവ നടത്തി. 1888 ഓഗസ്റ്റ് 31-ാം തീയതി മൂലയിൽ ബഹു. ലെയോനാർദ് അച്ചൻ വി. ഔസേപ്പിതാവിന്റെ നാമത്തിൽ മുത്തോലി മഠത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നടത്തി. മഠം വെഞ്ചരിപ്പ് നടത്തിയ ദിവസം തന്നെ പാലാപ്പള്ളി ഇടവക പുഞ്ചക്കുന്നേൽ ത്രേസ്യ, അനുജത്തി മറിയം, മുത്തോലി ഇടവകക്കാരായ നാഗനൂലിൽ മറിയം, കട്ടക്കയത്ത് വയലിൽ അന്ന, ഇടമറ്റം ഇടവക മുണ്ടാട്ടുചുണ്ടയിൽ ബ്രജീത്ത എന്നീ അഞ്ചുപേരെ പുതു കന്യാ

സ്ത്രീകളായി മഠത്തിൽ എടുക്കുകയും ചെയ്തു. ഇവർ നവകുസുമങ്ങൾ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.


മഠം പ്രവർത്തിച്ചു തുടങ്ങി എങ്കിലും സാമ്പത്തിക ഞെരുക്കവും ബാലാരിഷ്തതകളും തുടർന്നുപോന്നു. കാലാകാലങ്ങളിൽ മഠത്തിൽ ചേർന്ന് സന്യാസിനികൾ ആയിത്തീർന്ന സഹോദരിമാരുടെ പത്രമേനി കൊടുത്തു വാങ്ങിച്ചവയും പത്രമേനിവകയിൽ ലഭിച്ച പുരയിടങ്ങളും ആണ് ഇന്ന് മഠത്തിനുള്ളത്. ഈ അവസരത്തിൽ എടുത്തു പറയേണ്ട ഒരു സംഗതി തലക്കുളത്തിലെ രണ്ട് പെൺകുട്ടികളുടെ മഠപ്രവേശനചരിത്രമാണ്. ബാല്യത്തിൽ തന്നെ മാതാപിതാക്കൾ മരിച്ചു പോയതിനാൽ റോസ് (7), അന്ന (5) എന്നീ 2 പെൺകുട്ടികൾ വല്ല്യമ്മയായ തലക്കുളത്തിൽ അന്നമ്മയുടെ കൂടെ മഠത്തിൽ വന്നു താമസിച്ചിരുന്നു. അവരുടെ പത്രമേനിയായി മഠത്തിന് അടുത്തുകിടന്നിരുന്ന തലക്കുളം പറമ്പ്, പ്ലാത്തിപ്പറമ്പ്, റോഡിന് താഴെയുള്ള നിലം ഇവ മഠത്തിന് കൈമാറി. 1926 സെപ്റ്റംബർ 6-ന് കുട്ടികളുടെ വല്ല്യമ്മ നിര്യാതയായി. കുട്ടികൾ 1933-ൽ മഠത്തിൽ ചേർന്ന് സി. മർത്ത, സി.മേരി എന്നീ പേരുകൾ സ്വീകരിച്ചു.

മുത്തോലിയുടെ എല്ലാവിധ പുരോഗതിക്കും നിദാനമായി ഭവിച്ചത് ഇവിടെ വളരെ നേരത്തെ തന്നെ ആരംഭിച്ച വിദ്യാകേന്ദ്രങ്ങളാണ്. മുത്തോലി കൊവേന്ത, മഠം ഇവയുടെ സ്ഥാപനം മുത്തോലിയുടെ വികാസചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. മുത്തോലിയുടെ സാമ്പത്തിക-വിദ്യാഭ്യാസ -സാംസ്ക്കാരിക-സാമൂഹിക-രാഷ്ട്രീയ രംഗത്തെ നേട്ടങ്ങൾ ഇത്തരത്തിലുണ്ടാകുന്നതിൽ മണ്ണൂർ- നാഗനൂലിൽ കുടുംബങ്ങൾ വഹിച്ച പങ്ക് എത്ര വലുതാണ്! നമ്മുടെ പൂർവ്വികർ നൽകിയ പുരയിടങ്ങളിലാണ് കൊവേന്തയും കന്യാകാമഠവും സ്കൂളുകളും ഇന്നും സ്ഥിതിചെയ്യുന്നതെന്നത് നമ്മുടെ പ്രപിതാമഹന്മാരെക്കുറിച്ച് അഭിമാനത്തോടെ ഓർമ്മിക്കുവാൻ നമുക്കിട വരുത്തും.



# ഭാഗം - 2

# നാഗനൂലാൽ ശാഖ


പോത്തൻ നാഗനൂലിൽ
പോത്തൻ നാഗനൂലിൽ I
ഇട്ടിച്ചെറിയത് - മണ്ണൂർ II
പ്ലാത്തോട്ടം- മുത്തോലി III
കൊട്ടുകാപ്പള്ളി - പാലാ IV
മത്തായി പുതിയാത്ത്
വർക്കി നാഗനൂലിൽ
പോത്തൻ കോക്കപ്പുറം
ഔസേപ്പ് വടക്കേകോയിപ്പുറം
ഉലഹന്നൻ കുന്നുംപുറം
Fr. മത്തായി നാഗനൂലിൽ
പോത്തൻ കിഴക്കേനാഗനൂലിൽ
കുര്യൻ (I) നാഗനൂലിൽ
ഉലഹന്നൻ ചൊള്ളനാനിക്കൽ
മത്തായി തെക്കേകോയിപ്പുറം
Fr. തോമസ് (വലിയതോമാച്ചൻ)
ഏലി വട്ടമല (I A)
മറിയം Sr. (I B)
റോസ ഇലവുങ്കൽ (I C)
അന്ന ആഡ്രോസ് (I D)
ത്രേസ്യാ തുരുത്തിയിൽ (I E)
ഔസേപ്പ് നാഗനൂലിൽ (I F)
Fr. കുഞ്ഞുവർക്കിയച്ചൻ (I G)
ബ്രിജീത്ത് Sr. (I H)
മാമ്മി (IF1)
കുര്യൻ (IF2)
റോസ (IF3)
അന്നമ്മ (IF4)
ക്ലാരക്കുട്ടി പാറേക്കാട്ട് (IF5)
ഏലിക്കുട്ടി കുടക്കച്ചിറ (IF6)
ത്രേസ്യക്കുട്ടി മൊളോപ്പറമ്പിൽ (IF7)
ചെറിയാൻ (IF8)
വർക്കി (IF9)
ജോസഫ് (IF10)
ഇത്തമ്മ കുന്നയ്ക്കാട്ട് (IF11)
മേരി മറ്റപ്പള്ളിൽ (IF12)

# നാഗനൂലിൽ ശാഖ

## പോത്തൻ മകൻ പോത്തൻ

മുത്തോലി നാഗനൂലിൽ തറവാട്ടിൽ താമസമാക്കിയ പോത്തന് ആറ് ആൺമക്കളുണ്ടായി. ഒന്നാമൻ മത്തായി പുതിയാത്ത്, രണ്ടാമൻ വർക്കി തറവാട്ടിൽ, മൂന്നാമൻ പോത്തൻ കോക്കപ്പുറത്ത്, നാലാമൻ ഔസേപ്പ് കോയിപ്പുറത്ത്, അഞ്ചാമൻ ഉലഹന്നൻ കുന്നുംപുറത്തും താമസിച്ചു. ആറാമൻ മത്തായിച്ചൻ വൈദികനായി സേവനമനുഷ്ഠിച്ചു.

## പോത്തൻ മകൻ വർക്കി

തറവാട്ടിൽ താമസിച്ച വർക്കിക്ക് ആദ്യവിവാഹത്തിൽ രണ്ടു പുത്രന്മാരുണ്ടായി. അവരിൽ ഒന്നാമൻ പോത്തൻ കിഴക്കേനാഗനൂലിലും രണ്ടാമൻ കുര്യൻ തറവാട്ടിലും താമസിച്ചു. ആദ്യഭാര്യ മരിച്ചുപോകയാൽ വർക്കി തിരുവാർപ്പ് മുപ്രക്കാട്ടുനിന്നും പുനർവിവാഹം ചെയ്തു.

പുനർവിവാഹത്തിലെ ആദ്യപുത്രനായ ഉലഹന്നൻ ചൊള്ളനാ നിക്കൽ താമസിച്ചു. രണ്ടാമത്തെ പുത്രനാണ് വൈദികനായി ദീർഘ കാലം സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട വലിയതോമാച്ചൻ. ഇളയ പുത്രൻ മത്തായി തെക്കേകോയിപ്പുറത്തു താമസിച്ചു. ഏകപുത്രിയെ നടുവിലേവെട്ടുവയലിൽ വിവാഹം ചെയ്തയച്ചു.

## I വർക്കി മകൻ കുര്യൻ

തറവാട്ടിൽ താമസിച്ച കുര്യൻ, ചിറക്കടവ് കിഴക്കേതലയ്ക്കൽ നിന്നും റോസയെ വിവാഹംകഴിച്ചു. ഇവർക്ക് ഏലി, മറിയം, റോസ, അന്ന, ത്രേസ്യ, ഔസേപ്പ്, കുഞ്ഞുവർക്കിയച്ചൻ, സി. ബ്രജീത്ത് എന്നിങ്ങനെ എട്ടു സന്താനങ്ങൾ ജനിച്ചു.

## IA കുര്യൻ മകൾ ഏലി

കുര്യന്റെ മക്കളിൽ മൂത്തയാളായ ഏലിയെ പാലാ വട്ടമലയിൽ ജോസഫ് വിവാഹം ചെയ്തു. ഇവർക്ക് കുഞ്ഞൗസേപ്പ്, ഏലി, സി. പ്രിൻസിസ്ക, സി. ഇഗ്നേഷ്യാ, തോമസ് എന്നീ അഞ്ചു മക്കളുണ്ടായി. സി. പ്രിൻസി സ്കയും, സി. ഇഗ്നേഷ്യയും C.M.C. സഭയിൽ ചേർന്ന് ദീർഘകാലം സേവനം ചെയ്തശേഷം ഇഹലോകവാസം വെടിഞ്ഞു.





## IB കുര്യൻ മകൾ മറിയം (സി. മർഗ്ഗരീത്താമ്മ)

നാഗനൂലിൽ കുര്യൻ, റോസ എന്നീ മാതാപിതാക്കൾക്ക് 1869 ആഗസ്റ്റ് 18-ാം തീയതി ജനിച്ച മറിയം, മുത്തോലി മഠത്തിന്റെ സ്ഥാപക ദിനത്തിൽത്തന്നെ കന്യകാലയജീവിതം ആരംഭിച്ചു. 1891 മാർച്ച് മാസം 5-ാം തീയതി അഭിവന്ദ്യ ലദീഞ്ഞ് മെത്രാനിൽനിന്നും സഭാവസ്ത്രം സ്വീകരിക്കുകയും ചെയ്തു. മുത്തോലി മഠത്തിന്റെ സ്ഥാപകദിനത്തിൽ അർത്ഥിനികളായിച്ചേർന്ന അഞ്ചുപേരെ ''നവകുസുമങ്ങൾ'' എന്ന അപരനാമത്താലാണ് അറിയപ്പെടുന്നത്. ചങ്ങനാശ്ശേരിൽ ഒരു മഠം സ്ഥാപിക്കുവാനായി 1892-ൽ സിസ്റ്റർ മർഗ്ഗരീത്തായെ അവിടേക്കു നിയമിച്ചു. 1895 ജൂലൈമാസം 5-ാം തീയതി നിത്യവ്രതവാഗ്ദാനം നടത്തി മേലധികാരികളുടെ നിർദ്ദേശാനുസരണം ജൂലൈ 21 ാം തിയതി വിസിറ്റേഷൻ സഭക്കാരെ പരിശീലിപ്പിക്കുന്നതിന് കൈപ്പുഴ മഠത്തിലേക്ക് യാത്ര തിരിച്ചു. 1896 മാർച്ചുമാസം 12-ാം തീയതി മുതൽ സിസ്റ്റർ വൈക്കം മഠത്തിലാണ് സേവനമനുഷ്ഠിച്ചത്. 1900 ആണ്ടിൽ മുത്തോലി മഠത്തിന്റെ പുനഃസ്ഥാപനകാലത്ത് സിസ്റ്റർ മർഗ്ഗരീത്താ മുത്തോലിയിൽ എത്തി. 1903 മുതൽ 1910 വരെയും 1913 മുതൽ 1919 വരെയും മുത്തോലി മഠത്തിന്റെ സുപ്പീരിയറായും സ്തുത്യർഹമാംവിധം സേവനമനുഷ്ഠിക്കുകയും ചെയ്തു. തുടർന്ന് ബഹുമാനപ്പെട്ട മർഗ്ഗരീത്താമ്മയെ 1921 ജൂൺ 3-ാം തീയതി രാമപുരം മഠത്തിന്റെ സ്ഥാപനത്തിനായി നിയോഗിച്ചു. അന്നുമുതൽ 1930 വരെ 9 കൊല്ലം ആ മഠത്തിന്റെ സുപ്പീരിയറായി ജോലിനോക്കി.

1930 ലെ പൊതുശ്രേഷ്ഠ (ഇന്നത്തെ മദർജനറൽ) തെരഞ്ഞെടുപ്പിൽ ബഹുമാനപ്പെട്ട മർഗ്ഗരീത്താമ്മ ചങ്ങനാശ്ശേരി രൂപതയിലെ കർമ്മലീത്താമഠങ്ങളുടെ പ്രഥമ പൊതുശ്രേഷ്ഠയായി തെരഞ്ഞെടുക്കപ്പെടുകയും 1936 വരെ ആ ജോലി ഉത്തരവാദിത്തപൂർവ്വം നിർവ്വഹിക്കുകയും ചെയ്തു. പൊതുശ്രേഷ്ഠമഠം (മദർജനറൽ ഹൗസ്) അന്ന് മുത്തോലി ആയിരുന്നതിനാൽ ബഹുമാനപ്പെട്ട അമ്മയുടെ താമസവും മുത്തോ ലിൽ ആയിരുന്നു. 1936-ലെ പൊതുശ്രേഷ്ഠതെരഞ്ഞെടുപ്പിൽ ബഹു മാനപ്പെട്ട മർഗ്ഗരീത്താമ്മ ഒന്നാം കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ടു. 1942-ൽ സകലജോലികളിൽനിന്നും പിന്മാറി പ്രാർത്ഥനാനിർഭരമായ ജീവിതത്തിൽ മുഴുകി.

ക്ലേശങ്ങളും കഷ്ടതകളും സാമ്പത്തികബുദ്ധിമുട്ടുകളും ഈ സിസ്റ്ററിന്റെ ജീവിതത്തിൽ എന്നും ഉണ്ടായിരുന്നു. എങ്കിലും വിശ്വാസം, സ്നേഹം, പ്രാർത്ഥന എന്നിവവഴിയായി ഇവയെല്ലാം വിജയപൂർവ്വം തരണംചെയ്യുവാൻ സിസ്റ്ററിന് കഴിഞ്ഞു. 1950 ആഗസ്റ്റ് 7-ാം തീയതി

81-ാം വയസ്സിൽ ബഹുമാനപ്പെട്ട അമ്മ കർത്താവിൽ നിദ്രപ്രാപിച്ചു. മൃതദേഹം മുത്തോലി മഠംവക സിമിത്തേരിയിൽ സംസ്കരിച്ചു.

## IC കുര്യൻ മകൾ റോസ

റോസയെ പ്രവിത്താനം ഇലവുങ്കൽ വിവാഹം ചെയ്തയച്ചു. റോസക്ക് മാണി, കുര്യൻ, തൊമ്മൻ, കുഞ്ഞേപ്പ്, സി. മർഗ്ഗരീത്ത C.M.C, ത്രേസ്യാ, മാമ്മി എന്നീ ഏഴു മക്കൾ ജനിച്ചു.

## ID കുര്യൻ മകൾ അന്ന

കുര്യന്റെ മക്കളിൽ നാലാമത്തെയാളായ അന്നയെ പന്തത്തല ആഡ്രോത്ത് അവിരാ വിവാഹം ചെയ്തു. ഇവർക്ക് മർഗ്ഗരീത്താ, കുഞ്ഞൗസേപ്പ്, അവിരാ, മാണി, കുര്യാച്ചൻ, തോമസ് എന്നീ ആറു മക്കളുണ്ടായി.

## IE കുര്യൻ മകൾ ത്രേസ്യാ

ത്രേസ്യായെ ഭരണങ്ങാനം തുരുത്തിയിൽ ദേവസ്യാ വിവാഹം ചെയ്തു. ഇവർക്ക് സി. ഉർസില, C.M.C, കുഞ്ഞെറുക്കൻ, സി. എസ്തർ F.C.C., മാമ്മി, തൊമ്മൻ, ഔസേപ്പ് എന്നീ ആറു മക്കളുണ്ടായി.

## IF കുര്യൻ മകൻ ഔസേപ്പ്

ഔസേപ്പ് തറവാട്ടിൽ താമസിച്ചു. അദ്ദേഹം ആദ്യം വിവാഹം ചെയ്തത് പാലാ പൂവേലിൽ അന്നമ്മയെ ആണ്. അവർക്ക് മാമ്മി എന്ന ഒരു പെൺകുട്ടി ജനിച്ചു. അധികനാൾ കഴിയുംമുമ്പേ അന്നമ്മ നിര്യാതയായി.

## IF1 ഔസേപ്പ് മകൾ മാമ്മി

ഏകപുത്രിയായ മാമ്മി കർമ്മലീത്താ സഭയിൽ ചേർന്ന് സി. സിസ്സിലിയ എന്ന പേരു സ്വീകരിച്ചു. സി. സിസ്സിലിയ 1906 സെപ്തബർ 20-ന് ജനിച്ചു. 1929 ഡിസംബർ 28-ന് മഠപ്രവേശനം നടത്തി. ബഹുമാനപ്പെട്ട സിസ്റ്റർ 1959 ജൂലൈ 28-ന് 53-ാം വയസ്സിൽ ചരമമടഞ്ഞു.

ഔസേപ്പ് മാധവപ്പള്ളിയിൽ ചെറിയത് മകൾ അന്നമ്മയെ പുനർവിവാഹം ചെയ്തു. ഈ വിവാഹത്തിൽ കുര്യൻ, റോസ, അന്നമ്മ, ക്ലാരക്കുട്ടി, ഏലിക്കുട്ടി, ത്രേസ്യാക്കുട്ടി, ചെറിയാൻ, വർക്കി, ജോസഫ്, ഇത്തമ്മ, മേരി എന്നിങ്ങനെ പതിനൊന്ന് മക്കൾ ജനിച്ചു.





## IF2 കുര്യൻ

പുനർവിവാഹത്തിലെ മൂത്തപുത്രനായ കുര്യൻ അയർക്കുന്നം കൂടകശ്ശേരിൽ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. മക്കൾ ജനിക്കുന്നതിനു മുമ്പുതന്നെ കുര്യൻ മരണമടഞ്ഞു. ഏലിക്കുട്ടിയെ വയലാ തേക്കുംകാട്ടിൽ ദേവസ്യാ മാണി പുനർവിവാഹം ചെയ്തു.

## IF3 റോസ


സി.ബ്രിജീത്ത്

റോസ കർമലീത്താ മഠത്തിൽ ചേർന്നു. സി. ബ്രജീറ്റ് എന്ന പേരു സ്വീകരിച്ചു. അദ്ധ്യാപികയായി റിട്ടയർ ചെയ്ത ബ്രിജീത്താമ്മ ചേർപ്പുങ്കൽ മഠത്തിൽ വിശ്രമജീവിതം നയിച്ചു. 2001 ഡിസംബർ 26-ന് നിര്യാതയായി. ബഹു. സിസ്റ്റർ നാഗനൂലിൽശാഖയുടെ ചരിത്രരേഖകൾ എഴുതിത്തരുന്ന തിന് വളരെ സഹായിച്ച ഒരുവ്യക്തിയാണ്.

## IF4 അന്നമ്മ


സി.ഫെബിയാന

അന്നമ്മ മംഗലാപുരം ബഥനി മഠത്തിൽചേർന്ന് സി. ഫെബിയാന എന്ന പേരു സ്വീകരിച്ച് ഇപ്പോൾ കോഴിക്കോട് മഠത്തിൽ വിശ്രമിക്കുന്നു.

## IF5 ക്ലാര

ക്ലാരക്കുട്ടിയെ ജ്യോതിഷപണ്ഡിതനും ചരിത്രപണ്ഡിതനുമായ അപ്പി പാറേക്കാട്ട് - പൂവരണിയിൽ വിവാഹം കഴിച്ചു. ഇവർക്ക് എമിലി, സി. തെയോഫിൻ, ജോസഫ്, ജോർജ്ജ്, അപ്പച്ചി, ചാണ്ടിക്കുഞ്ഞ് എന്നീ ആറ് മക്കളുണ്ടായി. ക്ലാരമ്മ 1-7-1981ലും അപ്പി 8-9-1991ലും നിര്യാത രായി.

## IF6 ഏലിക്കുട്ടി

ഏലിക്കുട്ടിയെ പ്ലാശനാൽ കുടക്കച്ചിറയിൽ ഫിലിപ്പ് വിവാഹം ചെയ്തു. ഇവർക്ക് റോസിലി, മേരി, അന്നക്കുട്ടി, ലിസ്സി, ജോസഫ് എന്നീ അഞ്ച് മക്കളുണ്ടായി. ഇവർ വയനാട്ടിൽ പയ്യംപള്ളിൽ താമസമാക്കി. ഏലിക്കുട്ടി 2001 സെപ്റ്റംബർ 16-ന് നിര്യാതയായി.

## IF7 ത്രേസ്യാക്കുട്ടി

ത്രേസ്യാക്കുട്ടിയെ പൂവരണി മൊളോപ്പറമ്പിൽ തോമസ് വിവാഹം ചെയ്തു കാഞ്ഞിരമറ്റത്ത് താമസിക്കുന്നു. ഇവർക്ക് അക്കമ്മ, പെണ്ണമ്മ, ലീലാമ്മ, സിസ്സിലി, കുഞ്ഞാപ്പൻ, ഫാദർ ജോസ് (ആസ്സാം രൂപത, ഡിബ്രഗർ രൂപത മിഷനറി സിസ്റ്റേഴ്സ് ഓഫ് ക്രിസ്റ്റ്യൻ) എന്നീ ആറ് മക്കൾ ജനിച്ചു. അക്കമ്മ, പെണ്ണമ്മ, ലീലാമ്മ, സിസ്സിലി എന്നിവർ മിഷ്യൻ സന്യാസിനീസമൂഹത്തിൽ ചേർന്നു സേവനമനുഷ്ഠിക്കുന്നു.

## IF8 ചെറിയാൻ (പാപ്പു)

ചെറിയാൻ മുത്തോലി പ്ലാക്കാട്ട് ഈപ്പൻ മകൾ പെണ്ണമ്മയെ വിവാഹം ചെയ്ത് മൈസൂറിൽ കക്കിഞ്ചയിലേയ്ക്കു മാറിത്താമസിച്ചു. ഇദ്ദേഹത്തിന് ജോയി, ബേബി, സണ്ണി, ബെന്നി, ലീലാമ്മ എന്നീ അഞ്ചു മക്കളുണ്ടായി.

## ചെറിയാൻ മകൻ ജോയി

ജോയി, മുത്തോലി ഞാറ്റുകാലാകു ന്നേൽ തോമസിൻെറ മകൾ തെയ്യാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ഷാജി, ഷാൻറി, ഷാനി, ഷൈജ, ഷിൽമി, ഷിജി എന്നീ ആറ് മക്കളുണ്ടായി. ഷാൻറി C.M.C സഭയിൽ ചേർന്ന് സി. മാഗിയെന്ന പേരു സ്വീകരിച്ചു. ഇപ്പോൾ നവീകരണ പ്രസ്ഥാനങ്ങളിൽ ഏർപ്പെട്ട് ആലുവായിൽ സേവനമനുഷ്ഠിക്കുന്നു.



ലീനാമ്മ, സി.മാഗി CMC, അഡ്വ. സണ്ണി ചെറിയാൻ.



## ചെറിയാൻ മകൻ ബേബി

ചെറിയാൻെറ രണ്ടാമത്തെ മകൻ ബേബി തറവാട്ടിൽ താമസിക്കുന്നു.

## ചെറിയാൻ മകൻ സണ്ണി

സണ്ണി അഡ്വക്കേറ്റായി തലശ്ശേരിയിൽ പ്രാക്ടീസ് ചെയ്യുന്നു. സണ്ണി പേരാവൂർ അടിച്ചിലാമാക്കൽ മാത്യു മകൾ അഡ്വ. മേരിയെ വിവാഹം ചെയ്ത് തലശ്ശേരിയിൽ താമസിക്കുന്നു. ഇവർക്ക് നവീൻ ചെറിയാൻ എന്നൊരു പുത്രനും നൂതൻ ട്രീസാ ചെറിയാൻ എന്നൊരു പുത്രിയുമുണ്ട്.

## ചെറിയാൻ മകൻ ബെന്നി

ചെറിയാൻെറ നാലാമത്തെ മകൻ ബെന്നി 28-ാം വയസ്സിൽ അകാലചരമം പ്രാപിച്ചു.

## ചെറിയാൻ മകൾ ലീലാമ്മ

ചെറിയാൻെറ മക്കളിൽ അഞ്ചാമത്തെ ആളായ ലീലാമ്മയെ കട്ടപ്പന പ്ലാത്തോട്ടത്തിൽ സ്കറിയ മകൻ സ്കറിയ വിവാഹം ചെയ്തു. ഇവർക്ക് സുജാത എന്ന ഒരു പെൺകുട്ടിയുണ്ട്.

## IF9 ഔസേപ്പ് മകൻ വർക്കി (വക്കൻസാർ)

വർക്കി അതിരമ്പുഴ തൈപ്പ റമ്പിൽ ദേവസ്യാച്ചൻ മകൾ മറിയാമ്മയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിച്ചു. ഇദ്ദേഹം മുത്തോലി സെൻറ് ജോർജ്ജ് എൽ. പി. എസിൽ ദീർഘകാലം അദ്ധ്യാപകനായും പ്രഥമാദ്ധ്യാപകനായും സേവനമനുഷ്ഠിച്ച് വിരമിച്ചു. ഇവർക്ക് ഔസേപ്പച്ചൻ, സെബാസ്ററ്യൻ, ജോർജ്ജ്, തങ്കമ്മ, ഫാ. തോമസ് (റ്റോമിച്ചൻ), ലിസിയമ്മ എന്നീ ആറുമക്കളുണ്ടായി. വക്കൻസാർ 1990 ഒക്ടോബർ 12-ന് നിര്യാതനായി. മറിയാമ്മ 2000-ാം മാണ്ട് ഒക്ടോബർ 25ാം തീയതി നിര്യാതയായി.



നാഗനൂലിൽ വർക്കി മറിയാമ്മ ദമ്പതികൾ

## വർക്കി മകൻ ഔസേപ്പച്ചൻ

മൂത്തപുത്രൻ ഔസേപ്പച്ചൻ അവിവാഹിതനായി തറവാട്ടിൽ താമസിച്ചു. 29-ാം വയസ്സിൽ നിര്യാതനായി.

## വർക്കി മകൻ സെബാസ്റ്റ്യൻ (അപ്പി)

രണ്ടാമത്തെ പുത്രനായ സെബാസ്റ്റ്യൻ ഐങ്കൊമ്പ് കരൂർ വീട്ടിൽനിന്ന് ലൗലിയെ വിവാഹംചെയ്തു. മുത്തോലിയിൽ താമസിക്കുന്നു. ഇവർക്ക് ടിൻേറാ, ടിനു എന്നീ രണ്ടു കുട്ടികൾ ഉണ്ട്. ഇവർ വിദ്യാർത്ഥികളാണ്.

## വർക്കി മകൻ ജോർജ്ജ്

മൂന്നാമത്തെ പുത്രൻ ജോർജ്ജ് തോട്ടയ്ക്കാട് അമ്പലത്തട്ടേൽ (ചോതിരക്കുന്നേൽ) ഔസേപ്പച്ചൻ മകൾ കുസുമത്തിനെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് ജാസ്മിൻ, ജോസ്മിൻ, ജൂലി എന്നീ മൂന്ന് പെൺമക്കൾ ഉണ്ട്. ഇവർ വിദ്യാർത്ഥികളാണ്.

## വർക്കി മകൾ തങ്കമ്മ

പെൺമക്കളിൽ മൂത്തയാളായ തങ്കമ്മയെ കൂടല്ലൂർ ഞാറ്റുകാലാ യിൽ വർക്കി മകൻ സണ്ണി വിവാഹം ചെയ്തു. ഇവർക്ക് ബിബിൻ, ജോബിൻ, ബിൻസി എന്നീ മൂന്ന് മക്കൾ ഉണ്ട്.

## വർക്കി മകൻ ടോമിച്ചൻ (Rev. Fr. തോമസ് നാഗനൂലിൽ)

മക്കളിൽ അഞ്ചാമത്തെ ആളായ ടോമിച്ചൻ 1963 ജൂലൈ 31ന് ജാതനായി. സ്ക്കൂൾ വിദ്യാഭ്യാസ ത്തിനുശേഷം വൈദികവിദ്യാർത്ഥിയായി പാലാ രൂപതയുടെ മൈനർ സെമിനാരിയിൽ ചേർന്ന് പഠനം നടത്തി. പിന്നീട് മംഗലപ്പുഴ സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി. 1990 ജനുവരി മൂന്നിന് പൗരോഹിത്യം സ്വീകരിച്ചു. നീലൂർ, പട്ടിത്താനം തുടങ്ങിയ ഇടവകകളിൽ സേവനംചെയ്തശേഷം ഉപരിപഠനത്തിനായി ബൽജിയത്തിലേക്ക് പുറപ്പെട്ടു. തിയോളജിയിൽ ഡോക്ടറേറ്റ് നേടി തിരിച്ചെത്തിയ ഇദ്ദേഹം, ഇപ്പോൾ പാലാരൂപതാ ബൈബിൾ അപ്പസ്റ്റോലേറ്റ് ഡയറക്ടറായും ഫാത്തിമാപുരം ഇടവകവികാരിയായും സേവനംചെയ്യുന്നു. ഇദ്ദേഹം ഒരുനല്ല വാഗ്മിയും സംഘാടകനുമാണ്.

## വർക്കി മകൾ ലിസിയമ്മ

ലിസിയമ്മയെ അമയന്നൂർ കാരയ്ക്കലോലിക്കൽ രാജു വിവാഹം ചെയ്തു. ഇവർക്ക് അജിത് എന്ന ഒരു പുത്രനുണ്ട്.





## IF10 ഔസേപ്പ് മകൻ ജോസഫ്

ഔസേപ്പിൻെറ രണ്ടാമത്തെ വിവാഹത്തിലെ മക്കളിൽ ഒൻപതാമത്തെ ആളായ ജോസഫ് ബാല്യത്തിൽത്തന്നെ മരിച്ചു.

## IF11 ഔസേപ്പ് മകൾ ഇത്തമ്മ

ഇത്തമ്മയെ തീക്കോയി കുന്നയ്ക്കാട്ട് ജോസഫ് വിവാഹം ചെയ്തു. ഇവർക്ക് ബേബി, തങ്കമ്മ, സിസിലി, ജോസ്, ഷാജി, തങ്കച്ചൻ, മോളി എന്നീ ഏഴ് മക്കൾ ഉണ്ട്.

## IF12 ഔസേപ്പ് മകൾ മേരി

ഔസേപ്പിൻെറ മക്കളിൽ ഏറ്റവും ഇളയ ആളായ മേരിയെ പൂവരണി മറ്റപ്പള്ളി ബേബി വിവാഹം ചെയ്തു. ഇവർക്ക് തോമാച്ചൻ, ലാലി, ആൻസി, ബൈജു, ഷാജി, ബെറ്റി എന്നീ ആറ് മക്കൾ ഉണ്ട്. മേരി 4-5-199-ൽ നിര്യാതയായി.


## IG കുര്യൻ മകൻ കുഞ്ഞുവർക്കിയച്ചൻ

കുര്യൻെറ മക്കളിൽ ഏഴാ മത്തെ ആളായ ബഹു. കുഞ്ഞുവർക്കിയച്ചൻ 1882 ൽ ജനിച്ചു. 1909 ൽ വൈദികപട്ടം സ്വീകരിച്ചു. രാമപുരം, അതിരമ്പുഴ, കാഞ്ഞിരപ്പള്ളി തുടങ്ങിയ പള്ളികളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. ഇദ്ദേഹം പാലാ സെൻറ് തോമസ് ഹൈസ്ക്കൂൾ മാനേജരായിരുന്നു. ഹൈസ്ക്കൂൾ കെട്ടിടത്തിൻെറ ഓഫീസിൻെറ പടിഞ്ഞാറുള്ള ഭാഗം പണികഴിപ്പിച്ചത് അദ്ധ്വാന ശീലനായ ഫാ. ജോർജ്ജ് നാഗനൂലിൽ ആണ്. സ്ക്കൂളിൻെറ നിർമ്മാണത്തിനായി അദ്ദേഹം വഹിച്ച ഭാരവും സഹിച്ച ത്യാഗവും വളരെ വലുതാണ്. ഇദ്ദേഹത്തിൻെറ സാമ്പത്തിക സഹായംകൊണ്ടാണ് മുത്തോലി ഇടവകപള്ളി പിൽക്കാലത്ത് തൊടുകയിൽ പുരയിടം വാങ്ങിച്ചത്. കുഞ്ഞുവർക്കിച്ചൻെറ മൃതശരീരം പാലാ കത്തീഡ്രൽ പള്ളിയിലാണ് അടക്കം ചെയ്തിരിക്കുന്നത്. പരേതൻെറ ചരമദിനം ഇടവകച്ചിലവിൽ ഒക്ടോബർ 25-ന് മുത്തോലി പള്ളിയിൽ ആചരിച്ചുപോരുന്നു.

## IH കുര്യൻ മകൾ ബ്രിജീത്ത

കുര്യൻെറ മക്കളിൽ ഏറ്റവും ഇളയ ആളായ സി. ബ്രിജീത്ത 1878 ഒക്ടോബർ 27-ന് ജനിച്ചു. 1911 ജൂൺ 19-ന് C.M.C സന്യാസിനീ സമൂഹത്തിൽ ചേർന്നു. ബഹുമാനപ്പെട്ട അമ്മ 1932 മാർച്ച് മൂന്നിന് നിര്യാതയായി.

## കിഴക്കേനാഗനൂലിൽ ശാഖ






# കിഴക്കേനാഗനൂലിൽ ശാഖ

## I പോത്തൻ കിഴക്കേനാഗനൂലിൽ

നാഗനൂലിൽ തറവാട്ടിൽ താമസ്സമാക്കിയ പോത്തന് ആറ് ആൺമക്കൾ ഉണ്ടായി. രണ്ടാമൻ വർക്കി നാഗനൂലിൽ തറവാട്ടിൽ താമസിച്ചു. വർക്കിയുടെ അഞ്ചുമക്കളിൽ മൂത്തയാളായ പോത്തൻ കിഴക്കേ നാഗനൂലിലേയ്ക്ക് മാറിത്താമസിച്ചു. പോത്തന് ഏലി എന്ന ഏക പുത്രിമാത്രം ജനിച്ചു.

## IA ഏലി കിഴക്കേനാഗനൂലിൽ

ഏലിയെ മുത്തോലി പ്ലാക്കാട്ട് കിഴക്കേക്കര ജോസഫ് വിവാഹം ചെയ്തു ദത്തവകാശമായി കിഴക്കേ നാഗനൂലിൽ താമസമാക്കി. ഇവർക്ക് റോസ, ബ്രിജീത്ത എന്നീ രണ്ട് പുത്രിമാർ ജനിച്ചു.

## IA (2) ജോസഫ് - ഏലി മകൾ ബ്രിജീത്ത

ബ്രിജീത്തായെ കരൂർ തൂണുങ്കൽ ദേവസ്യാ വിവാഹം കഴിച്ചു. അവർക്ക്, കുഞ്ഞേപ്പ്, തെയ്യാമ്മ, ഏലിക്കുട്ടി, മറിയക്കുട്ടി, അച്ചാമ്മ എന്നീ അഞ്ച് മക്കൾ ഉണ്ടായി. ഏക പുത്രൻ കുഞ്ഞേപ്പ് (ജോസഫ്) ചമ്പക്കുളം തയ്യിൽ റോസമ്മയെ വിവാഹം കഴിച്ചു. അവർക്ക് പാപ്പച്ചൻ, ഇത്തമ്മ, ചാക്കോച്ചൻ, ടോമിച്ചൻ, വർക്കിയച്ചൻ, ലീലാമ്മ, കുഞ്ഞുമേരി, അപ്പച്ചൻ എന്നീ എട്ടു മക്കൾ ഉണ്ടായി.

## IA (1) ജോസഫ് ഏലി മകൾ റോസ

റോസയെ പാലാ ചീരാങ്കുഴി മത്തായി വിവാഹം ചെയ്ത് കിഴക്കേ നാഗനൂലിൽ ദത്തവകാശമായി താമസിച്ചു. ഇവർക്ക് പോത്തൻ (പാപ്പച്ചൻ), ഏലിക്കുട്ടി, അന്നമ്മ എന്നീ മൂന്ന് മക്കളുണ്ടായി. മത്തായിയുടെ ആദ്യഭാര്യ മരിച്ചുപോകയാൽ അദ്ദേഹം മുത്തോലി പ്ലാക്കാട്ട് കോരയുടെ മകൾ കുഞ്ഞാമ്മിയെ പുനർവിവാഹം ചെയ്ത് ചെറുകുന്നേലേയ്ക്ക് മാറിത്താമസിച്ചു. മത്തായി 85-ാമത്തെ വയസ്സിൽ 1970 ഒക്ടോബർ 27-ന് നിര്യാതനായി.

## IA (1) a പോത്തൻ (പാപ്പച്ചൻ) കിഴക്കേനാഗനൂലിൽ

മത്തായിയുടെ മൂത്ത പുത്രൻ പോത്തൻ മുത്തോലി മണ്ണൂർ ലൂക്കാതൊമ്മൻ മകൾ മാമ്മിയെ വിവാഹം ചെയ്ത് മുത്തോലി കിഴക്കേ നാഗനൂലിൽ താമസിച്ചു. ഇവർക്ക് റോസ, തോമസ്, ജോസഫ്, മാത്യു, ഏലിക്കുട്ടി,

ഫിലിപ്പ്, ജോർജ്, സെബാസ്റ്റ്യൻ എന്നീ 8 പുത്രീപുത്രന്മാർ ഉണ്ടായി. പോത്തൻ 1980 ഫെബ്രുവരി 13-ന് 75-ാം വയസ്സിലും മാമ്മി 1995 ഓഗസ്റ്റ് 1-ന് 88-ാം വയസ്സിലും നിര്യാതരായി.



പോത്തൻ കിഴക്കേ നാഗനൂലിൽ ഭാര്യ മാമ്മിയും

## IA (1) a1 പോത്തൻ മകൾ റോസ

പോത്തൻെറ മൂത്ത പുത്രി റോസയെ വലവൂർ കുഴികുളം ജോസഫ് വിവാഹം ചെയ്തു. ഇവർക്ക് ജോസ്, ഫിലിപ്പ്, റോസമ്മ, വൽസമ്മ, സെലിൻ, ലിസമ്മ, എൽസി, ആൻസി, സെലിൻ എന്നീ 9 പുത്രീപുത്രന്മാർ ഉണ്ടായി. മൂത്തമകൻ ജോസ് 25-ാം വയസ്സിലും സെലിൻ ചെറുപ്പത്തിലും മരിച്ചു. മക്കളിൽ രണ്ടാമത്തെ ആളായ ഫിലിപ്പ് പലപ്രാവശ്യം കരൂർ പഞ്ചായത്ത് പ്രസിഡൻറായും ഇപ്പോൾ വലവൂർ ബാങ്ക് പ്രസിഡൻറായും സേവനം ചെയ്യുന്നു. മക്കളിൽ ആറാമത്തെ ആളായ ലിസമ്മ കർമ്മലീത്താ മഠത്തിൽ ചേർന്ന് ലിസ് ജോ എന്ന പേര് സ്വീകരിച്ച് ഇപ്പോൾ മുത്തോലി മഠത്തിൽ സേവനം ചെയ്യുന്നു. സിസ്റ്റർ ലിസ് ജോ ഹൈസ്കൂൾ അദ്ധ്യാപികയാണ്.

## IA (1) a2 തോമസ് (കൊച്ച്)

പോത്തൻെറ മക്കളിൽ രണ്ടാമത്തെ ആളായ തോമസ് കുറവിലങ്ങാട് പാറ്റാനിയിൽ കുഞ്ഞവറാച്ചൻെറയും അന്നക്കുട്ടിയുടെയും മകൾ ചിന്നമ്മയെ വിവാഹം ചെയ്ത് നെയ്യാറ്റിൻകരയ്ക്കടുത്ത് നെട്ടയിൽ താമസിക്കുന്നു. ഇവർക്ക് ബേബി, മേരിയമ്മ, ജെസ്സമ്മ, ഷീലമ്മ, ജാൻസി, റ്റോം, എബി എന്നി ഏഴ് പുത്രീപുത്രന്മാർ ഉണ്ട്. തോമസിൻെറ മൂത്തമകൻ ബേബി ആറാമത്തെ വയസിൽ നിര്യാതനായി.

## തോമസ് മകൾ മേരിയമ്മ

മേരിയമ്മയെ കുറവിലങ്ങാട് മേനംപടത്ത് തോമാച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ജീൻ, ജിനു എന്നീ രണ്ട് മക്കൾ ഉണ്ട്. തോമസ് അദ്ധ്യാപകനാണ്.

## തോമസ് മകൾ ജെസമ്മ

ജെസമ്മയെ കൂത്താട്ടുകുളത്തിനടുത്ത് പനച്ചിക്കൽ ജോണി വിവാഹം ചെയ്തു. ഇവർക്ക് വിനീത, വിശാൽ എന്നീ രണ്ട് മക്കളുണ്ട്. ജോണി







കിഴക്കേ നാഗനൂലിൽ സി.പി. തോമസും (കൊച്ച്) കുടുംബാംഗങ്ങളും.

കണ്ണൂർ മിലിട്ടറി സ്കൂൾ പ്രിൻസിപ്പലും ജെസ്സമ്മ എറണാകുളം സെൻട്രൽ സ്കൂൾ അദ്ധ്യാപികയുമാണ്.

### തോമസ് മകൾ ഷീലമ്മ

ഷീലമ്മയെ പൂഞ്ഞാർ കരിയാപുരയിടത്തിൽ മത്തച്ചൻെറ മകൻ പുന്നൂസ് വിവാഹം ചെയ്തു പൂഞ്ഞാറിൽ താമസിക്കുന്നു. ഇവർക്ക് ബിബിൻ, ജിബിൻ, നിഖിൽ എന്നീ മൂന്ന് പുത്രന്മാരുണ്ട്.

### തോമസ് മകൾ ജാൻസി

ജാൻസിയെ കാപ്പുംതല പണ്ടാരക്കാപ്പിൽ ജോസ് വിവാഹം ചെയ്തു. ഇവർക്ക് ജെറി, സച്ചിൻ, എന്ന രണ്ട് പുത്രന്മാരുണ്ട്.

### തോമസ് മകൻ റ്റോം

തോമസിൻെറ മക്കളിൽ ആറാമത്തെ ആളായ റ്റോം കൊരട്ടി തൂങ്കുഴിയിൽ പരേതനായ തോമാച്ചൻെറ മകൾ അനിതയെ വിവാഹം ചെയ്തു തിരുവനന്തപുരത്ത് താമസിക്കുന്നു. ഇവർക്ക് നിക്കോളാസ്, അമൽ എന്നീ രണ്ട് പുത്രന്മാരുണ്ട്.

### തോമസ് മകൻ എബി

തോമസിൻെറ മക്കളിൽ ഇളയ പുത്രനായ എബി കോതമംഗലം തയ്യിൽ ആൻറണി മകൾ ലിറ്റിയെ വിവാഹം ചെയ്തു നെട്ടയിൽ താമസിക്കുന്നു. ഇവർക്ക് തോമസ് എബി എന്ന ഒരാൺകുട്ടിയുണ്ട്.

### IA (1) a3 പോത്തൻ മകൻ ജോസഫ് (അപ്പച്ചൻ)

പോത്തൻെറ മക്കളിൽ മൂന്നാമത്തെ ആളായ അപ്പച്ചൻ മീനച്ചിൽ കിഴക്കേടത്ത് തൊമ്മി മകൾ ചിന്നമ്മയെ വിവാഹം ചെയ്തു. ഇവർക്ക് സിസമ്മ, സാലമ്മ, ഷൈനി, ബിജു, ലിൻറ എന്നീ അഞ്ചു മക്കൾ ഉണ്ട്. അപ്പച്ചൻ 1976 സെപ്തംബർ 13-ാം തീയതി നിര്യാതനായി. അപ്പച്ചൻ താമസിച്ചിരുന്നത് വടക്കാഞ്ചേരിയിലാണ്.

### അപ്പച്ചൻ മകൾ സിസ്സമ്മ

അപ്പച്ചൻെറ മൂത്തമകൾ സിസമ്മയെ നിലമ്പൂർ കണ്ടത്തിൻകര ടോമി വിവാഹം ചെയ്തു. ഇവർക്ക് സിമി, റീറ്റു എന്നീ രണ്ട് മക്കൾ ഉണ്ട്.

### അപ്പച്ചൻ മകൾ സാലമ്മ

സാലമ്മയെ പാലക്കാട് മുണ്ടൂർ വടയാറ്റുകുഴിയിൽ സാബു വിവാഹം ചെയ്തു. അപ്പച്ചൻെറ ഇളയ മക്കളായ ഷൈനി, ബിജു, ലിൻറ എന്നിവർ വിദ്യാർത്ഥികളാണ്.





### IA (1) a4 പോത്തൻ മകൻ മാത്യു

പോത്തൻെറ മക്കളിൽ നാലാമത്തെ ആളായ മാത്യു പൈങ്ങുളം പുന്നക്കുന്നേൽ സ്കറിയായുടെ മകൾ ചിന്നമ്മയെ വിവാഹം ചെയ്തു നെട്ടയിൽ താമസിക്കുന്നു. ഇവർക്ക് സിജി, ജിജി, റെജി, വിജി എന്നീ നാല് പുത്രന്മാർ ഉണ്ട്. മാത്യു 1975 സെപ്തംബർ 28-ാം തീയതി നിര്യാതനായി.

### മാത്യു മകൻ സിജി

മാത്യുവിൻെറ മൂത്ത മകൻ സിജി കവീക്കുന്ന് മൂന്നുമാക്കൽ കുഞ്ഞപ്പൻെറ മകൾ തങ്കമ്മയെ വിവാഹം ചെയ്തു. ഇവർക്ക് മാത്യു, അന്ന എന്നീ രണ്ട് മക്കളുണ്ട്.

### മാത്യു മകൻ ജിജി

മാത്യുവിൻെറ മക്കളിൽ രണ്ടാമത്തെ ആളായ ജിജി മണ്ണാർകാട് എലവനാൽ ജോർജുകുട്ടിയുടെ മകൾ റിൻസിയെ വിവാഹം ചെയ്തു.ഇവർക്ക് ജിത്തുൽ, ആനി എന്നീ രണ്ടു മക്കളുണ്ട്.

### മാത്യു മകൻ റെജി

റെജി കോഴിക്കോട് കുളത്തിങ്കൽ ജോർജിൻെറ മകൾ ജയയെ വിവാഹം ചെയ്തു. ഇപ്പോൾ ചെന്നൈയിൽ ബിസിനസ് നടത്തുന്നു. ഇവർക്ക് ആൻ മാത്യു എന്ന ഒരു മകൾ ഉണ്ട്.

### മാത്യു മകൻ വിജി

മാത്യുവിൻെറ ഇളയ പുത്രനായ വിജി മംഗലാപുരം ബൽത്തങ്ങാടി മാതോത്ത് മിനുവിനെ വിവാഹം ചെയ്തു. ഇവർ രണ്ടു പേരും ദുബായിൽ ജോലി ചെയ്യുന്നു.

### IA (1) a5 പോത്തൻ മകൾ ഏലിക്കുട്ടി (സി. ജൂസ്സാ)



സി.ജൂസ്സാ

പോത്തൻെറ മക്കളിൽ അഞ്ചാമത്തെ ആളായ ഏലിക്കുട്ടി കർമ്മലീത്താ മഠത്തിൽ ചേർന്ന് സി. ജൂസ്സാ എന്ന പേര് സ്വീകരിച്ചു. ഇപ്പോൾ വാരിയാനിക്കാട് മഠത്തിലെ മദർ സുപ്പീരിയറാണ്.

### IA (1) a6 പോത്തൻ മകൻ ഫിലിപ്പ്

പോത്തൻെറ മക്കളിൽ ആറാമത്തെയാളായ ഫിലിപ്പ് കോട്ടയം പുലിക്കുട്ടിശ്ശേരി കളമ്പുകാട്ടുശ്ശേരിൽ സ്കറിയാച്ചൻെറ മകൾ അന്നമ്മയെ

വിവാഹം ചെയ്തു. ഇവർക്ക് തങ്കച്ചൻ, ലൗലി, ബിജു, ഹണിമോൾ എന്നീ നാല് മക്കൾ ഉണ്ട്. ഇവർ നെട്ടയിൽ താമസിക്കുന്നു.

## ഫിലിപ്പ് മകൻ തങ്കച്ചൻ

ഫിലിപ്പിൻെറ മൂത്തമകനായ തങ്കച്ചൻ അമ്പാറനിരപ്പേൽ കുഴിമേത്താട്ട് മേഴ്സിയെ വിവാഹം ചെയ്തു. അനുമോൾ, മിനിമോൾ എന്നീ രണ്ടു മക്കൾ ഉണ്ട്.

## ഫിലിപ്പ് മകൾ ലൗലി

ലൗലിയെ പുന്നത്തുറ ചൂരപ്പുഴയിൽ അപ്പച്ചൻെറ മകൻ സാബു വിവാഹം ചെയ്തു. ഇവർക്ക് ഡാനി എന്നൊരു മകൻ ഉണ്ട്.

ഫിലിപ്പിൻെറ ഇളയമകൾ ഹണി ടീച്ചർ ആണ്. ബിജു വിദ്യാർത്ഥിയാണ്.

## IA (1) a7 പോത്തൻ മകൻ ജോർജ്ജ്

പോത്തൻെറ മക്കളിൽ ഏഴാമനായ ജോർജ്ജ് കപ്പാട് തെരുവംകുന്നേൽ കൊച്ചിൻെറ മകൾ ചിന്നമ്മയെ വിവാഹം ചെയ്തു. ഇവർക്ക് 6 മക്കൾ ജനിച്ചു. ഷാൻറി, ഷിബി, ഷീജ, ഷാജൻ, ഷിജി എന്നിവരാണ് മക്കൾ. ഒരു കുട്ടി ബാല്യത്തിൽ മരിച്ചു. ഇവർ ഇപ്പോൾ പാലായിൽ താമസിക്കുന്നു.

## ജോർജ്ജ് മകൾ ഷാൻറി

ജോർജ്ജിൻെറ മക്കളിൽ മൂത്തയാളായ ഷാൻറിയെ രത്നഗിരി ചിറയിൽ പരേതനായ പോളിൻെറ മകൻ ജോഷി വിവാഹം ചെയ്തു. ഇവർക്ക് പോളച്ചൻ, മണിക്കുട്ടി, ചിന്നുക്കുട്ടി എന്നീ മൂന്ന് മക്കളുണ്ട്.

## ജോർജ്ജ് മകൻ ഷിബി

ജോർജ്ജിൻെറ മക്കളിൽ രണ്ടാമത്തെ ആളായ ഷിബി സജീവ രാഷ്ട്രീയപ്രവർത്തകനാണ്. യൂത്ത്ഫ്രണ്ട് (ബി)യുടെ സംസ്ഥാന ജനറൽ സെക്രട്ടറിയായ ഇദ്ദേഹം ഇപ്പോൾ ഗതാഗതവകുപ്പുമന്ത്രിയായ കെ.ബി. ഗണേഷ്കുമാറിൻെറ ഓഫീസ് സെക്രട്ടറിയാണ്.

ജോർജ്ജിൻെറ ഇളയ മക്കളായ ഷീജ, ഷാജൻ, ഷിജി എന്നിവർ വിദ്യാർത്ഥികളാണ്.

## IA (1) a 8 പോത്തൻ മകൻ സെബാസ്റ്റ്യൻ (ദേവസ്യാച്ചൻ)

പോത്തൻെറ ഇളയപുത്രനായ ദേവസ്യാച്ചൻ കുറവിലങ്ങാട് പാറ്റാനിയിൽ എബ്രാഹം, റീത്താമ്മ ദമ്പതികളുടെ മകൾ തങ്കമ്മയെ വിവാഹം ചെയ്ത്







കിഴക്കേ നാഗനൂലിൽ സി.പി. സെബാസ്റ്റ്യനും കുടുംബാംഗങ്ങളും.

മുത്തോലി കിഴക്കേനാഗനൂലിൽ തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് പ്രദീപ്, രാജേഷ്, സോമോൻ എന്നീ മൂന്ന് പുത്രന്മാർ ഉണ്ട്.

ദേവസ്യാച്ചൻെറ മൂത്തമകൻ പ്രദീപ് അടിച്ചിറ പുല്ലത്തിൽ ചെറിയാൻെറ മകൾ ഷൈനിയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിക്കുന്നു. പ്രദീപ് പാലായിൽ പാരലൽ കോളേജ് നടത്തുന്നു. യൂത്ത് കോൺഗ്രസ് കൊഴുവനാൽ മണ്ഡലം പ്രസിഡൻറായും പ്രവർത്തിക്കുന്നു. പ്രദീപ് – ഷൈനി ദമ്പതികൾക്ക് സെബാസ്റ്റ്യൻ എന്നൊരു പുത്രനുണ്ട്.

ദേവസ്യാച്ചൻെറ രണ്ടാമത്തെ മകനായ രാജേഷ് കുടുംബത്തിൽ കൃഷി കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ഇദ്ദേഹം യൂത്ത്ഫ്രണ്ട് (ബി) പാലാ നിയോജകമണ്ഡലം പ്രസിഡൻറ് കൂടിയാണ്.

ദേവസ്യാച്ചൻെറ ഇളയപുത്രനായ സോമോൻ കോഴിക്കോട് ലക്കിടിയിൽ നിന്ന് ബി.എച്ച്.എം. പൂർത്തിയാക്കി ഇപ്പോൾ അമേരിക്കയിൽ ജോലി ചെയ്യുന്നു.

റബർകൃഷിയുടെ സിരാകേന്ദ്രമായ മീനച്ചിൽ താലൂക്കിൽ അത്യുല്പാദനശേഷിയുള്ള റബർ തൈകൾ കർഷകർക്ക് ലഭ്യമാക്കുവാൻ റബർ നേഴ്സറി എന്ന ആശയം ആദ്യമായി കൊണ്ടുവന്ന് റബർ ബോർഡിൻെറ പ്രശംസ പിടിച്ചുപറ്റിയ വ്യക്തിയാണ് ദേവസ്യാച്ചൻ. ഇദ്ദേഹം ഇപ്പോഴും

നേഴ്സറി രംഗത്ത് തുടരുന്നു. കൊഴുവനാൽ പഞ്ചായത്തിലെ സ്വതന്ത്ര കർഷകസംഘടനയുടെ പ്രസിഡൻറാണ്. ഇതോടൊപ്പം തന്നെ സാമുദായിക സാംസ്കാരിക രംഗത്ത് സജീവമായി പ്രവർത്തിക്കുന്നു.

## IA(1)b റോസ-മത്തായി മകൾ ഏലിക്കുട്ടി (സി. സെലിൻ)



സി.സെലിൻ CMC


മത്തായിയുടെ ആദ്യവിവാഹത്തിലെ മക്കളിൽ രണ്ടാമത്തെ ആളായ ഏലിക്കുട്ടി കർമ്മലീത്താ മഠത്തിൽ ചേർന്ന് സി. സെലീന എന്ന പേരു സ്വീകരിച്ചു. സ്കൂളദ്ധ്യാപികയായും നിരവധി മഠങ്ങളിൽ മദർ സുപ്പീരിയറായും സേവനം ചെയ്തു. 1994 നവംബർ 13-ന് 85-ാം വയസ്സിൽ രാമപുരം മഠത്തിൽ വച്ച് നിര്യാതയായി.

## IA(1) c റോസ മത്തായി മകൾ അന്നമ്മ

മത്തായിയുടെ ഇളയ പുത്രിയായ അന്നമ്മയെ പൂവത്തോടു കൊട്ടാരത്തുംകുഴിയിൽ മത്തായി വിവാഹം കഴിച്ചു. ഇവർക്ക് ഏലിക്കുട്ടി, ദേവസ്യാച്ചൻ, മത്തച്ചൻ, കുറുവച്ചൻ, റോസമ്മ, മേരിയമ്മ എന്നീ ആറ് മക്കൾ ജനിച്ചു. മത്തച്ചൻ വാഴക്കുളം സഹകരണബാങ്ക് പ്രസിഡൻറായി സേവനം ചെയ്യുന്നു. അന്നമ്മയുടെ ഭർത്താവു മത്തായി 13.5.1999-ൽ നിര്യാതനായി.



# കിഴക്കേ നാഗനൂലിൽ ചെരുകുന്നേൽ ശാഖ



മത്തായി കിഴക്കേ നാഗനൂലിലും (ചെരുകുന്നേൽ) ഭാര്യ കുഞ്ഞാമ്മിയും.

കിഴക്കേ നാഗനൂലിൽ തവകാശിയായി താമസിച്ച മത്തായി ആദ്യ ഭാര്യ റോസയുടെ മരണശേഷം മുത്തോലി പ്ലാക്കാട്ട് കോരയുടെ മകൾ കുഞ്ഞാമ്മിയെ പുനർവിവാഹം ചെയ്ത് ചെരുകുന്നേൽ താമസമാക്കി. ഈ വിവാഹത്തിൽ തോമസ് കുര്യൻ, ജോസഫ്, മാത്യു, ത്രേസ്യാമ്മ, മറിയാമ്മ, വക്കച്ചൻ, സെബാസ്റ്റ്യൻ, ചാക്കോച്ചൻ, ഏലമ്മ എന്നീ 10 മക്കളുണ്ടായി. കുഞ്ഞാമ്മി (മറിയം) 18.12.1981-ൽ നിര്യാതയായി


## IA (1) d മത്തായി മാമ്മി മകൻ തോമസ്



കിഴക്കേ നാഗനൂലിൽ (ചെരുകുന്നേൽ) തൊമ്മച്ചനും ഭാര്യ മേരിയും.

തൊമ്മച്ചൻ മുത്തോലി മണ്ണൂർ തോമസ് മകൾ മേരിയെ (കുഞ്ഞുപെണ്ണ്) വിവാഹം ചെയ്ത് നെയ്യാറ്റിൻകരയ്ക്കടുത്ത് നെട്ടയിൽ താമസിച്ചു. ഇവർക്ക് മേരി, അച്ചാമ്മ, ഫിലോമിന, പുഷ്പ ജോയൻ, ലിസ, പ്രഭ, ടോം എന്നീ 8 മക്കളുണ്ട്. തൊമ്മച്ചൻ 13.6.1988-ൽ നിര്യാതനായി.

## തൊമ്മച്ചൻ മകൾ മേരി



സി. മൈക്കിൾ മേരി

മേരിയെ പാലാ കട്ടക്കയത്ത് ചെറിയാൻ വിവാഹം കഴിച്ചു. ഇവർക്ക് ഷീലമ്മ, ഡെയ്സി, ജോഷി എന്നീ മൂന്ന് സന്താനങ്ങൾ ജനിച്ചു.



സി. കൺസീലിയ

### തൊമ്മച്ചൻെറ മകൾ അച്ചാമ്മ

അച്ചാമ്മ തിരുഹൃദയ സന്യാസിനിസഭയിൽ ചേർന്ന് സി. മൈക്കിൾ മേരി എന്ന പേരു സ്വീകരിച്ച് ഇപ്പോൾ ഉജ്ജയിനിൽ ജോലിചെയ്യുന്നു.

### തൊമ്മച്ചൻ മകൾ ഫിലോമിന

ഫിലോമിന തിരുഹൃദയമഠത്തിൽ ചേർന്ന് സി. കൺസീലിയ എന്ന പേരു സ്വീകരിച്ച് പാലായിൽ ജോലി ചയ്യുന്നു.

### തൊമ്മച്ചൻ മകൾ പുഷ്പ

പുഷ്പയെ അയർക്കുന്നം പന്തപ്പാക്കൽ ജോസ് വിവാഹം ചെയ്തു. ഇവർക്ക് ജിഷ്, റ്റിമ്മി, ജോവിൻ എന്നീ 3 മക്കളുണ്ട്. ജോസ് 18.4.2000-ൽ നിര്യാതനായി.

### തൊമ്മച്ചൻ മകൻ ജോയൻ

ജോയൻ തീക്കോയി കണ്ടത്തുങ്കര വീട്ടിൽ മറിയാമ്മയെ വിവാഹം ചെയ്ത് നെട്ടയിൽ താമസിക്കുന്നു. ഇവർക്ക് തോമസ് എന്ന ഒരു പുത്രനും മറിയം എന്ന ഒരു പുത്രിയുമുണ്ട്.

### തൊമ്മച്ചൻ മകൾ ലിസ

ലിസയെ മാമ്പുഴക്കരി വേങ്ങാന്തറ കുട്ടപ്പൻ മകൻ ജോസ്സി വിവാഹം ചെയ്തു. ഇവർക്ക് ഔസേപ്പച്ചൻ എന്ന ഒരു പുത്രനും കാതറൈൻ, അന്നു, ചിന്നു എന്നീ 3 പുത്രിമാരുമുണ്ട്.

### തൊമ്മച്ചൻ മകൾ പ്രഭ

പ്രഭയെ ആറാട്ടുകുഴി ഉഷസ് ഭവനിൽ ടോമി വിവാഹം ചെയ്തു. ഇവർക്ക് മത്തായി, തോമസ് എന്നീ 2 ആൺകുട്ടികളുണ്ട്.

### തൊമ്മച്ചൻ മകൻ ടോം

ടോം വാഴൂർ പുതുവയലിൽ ബീനായെ വിവാഹംചെയ്തു. ഇവർക്ക് സൂസ്സൻ മരിയാ ടോം, സെലിൻ ടോം എന്നീ രണ്ട് പെൺകുട്ടികളുണ്ട്.

### IA (1) e മത്തായി മകൻ കുര്യൻ

കുര്യൻ അവിവാഹിതനായി ഇളയ സഹോദരൻ ചാക്കോച്ചനോടൊത്ത് മുത്തോലിയിൽ താമസിക്കുന്നു.





### IA (1) f മത്തായി മകൻ ജോസഫ് (കുഞ്ഞേപ്പ്)

കുഞ്ഞേപ്പ് എലിക്കുളം കട്ടക്കയത്തിൽ ചെറിയാൻ മകൾ മേരിയെ വിവാഹം ചെയ്ത് നെട്ടയിൽ താമസിക്കുന്നു. ഇവർക്ക് മറിയാമ്മ, ലീലാമ്മ, ബേബി, റീത്താമ്മ എന്നീ നാല് മക്കളുണ്ട്.

### ജോസഫ് മകൾ മറിയാമ്മ

മറിയാമ്മയെ മീനച്ചിൽ നന്തികാട്ട് കണ്ടത്തിൽ പാപ്പച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ജോജു, അജു, ടോം എന്നി മൂന്ന് ആൺമക്കളുണ്ട്. ജോജുവും ടോമും ഇംഗ്ലണ്ടിൽ ജോലി ചെയ്യുന്നു. ജോജു, ടോം എന്നിവ രുടെ ഭാര്യമാരും ഇംഗ്ലണ്ടിലാണ്.

### ജോസഫ് മകൾ ലീലാമ്മ

ലീലാമ്മയെ വാഴൂർ വെട്ടുവയലിൽ ജോസ് വിവാഹം ചെയ്തു. ഇവർക്ക് നിഷ, ജോണി എന്നീ രണ്ടു കുട്ടികളുണ്ട്.

### ജോസഫ് മകൻ ബേബി

ബേബി ചേനപ്പാടിയിൽ കര്യനാട്ട് ബേബിയുടെ മകൾ ഷാജിയെ വിവാഹം ചെയ്തു നെട്ടയിൽ താമസിക്കുന്നു. ബേബി, പനിച്ചിമൂട്ടിൽ സ്വർണ്ണ വ്യാപാരം നടത്തുന്നു. ഇവർക്ക് റിയാ, ഗിയാ എന്നീ രണ്ടു മക്കളുണ്ട്. ഇവർ വിദ്യാർത്ഥികളാണ്.

### ജോസഫ് മകൾ റീത്താമ്മ

റീത്താമ്മയെ വെൺചെമ്പ് ചേലമറ്റത്തിൽ ജോസ് വിവാഹം ചെയ്തു. ഇരുവരും അദ്ധ്യാപകരാണ്. ഇവർക്ക് ജിസാ, ജെറിൻ എന്നീ രണ്ടു മക്കളുണ്ട്.

### IA (1) g മത്തായി മകൻ മാത്യു

മാത്യു തോടനാൽ നായിപ്പുരയിടത്തിൽ ഔസേഫ് മകൾ റോസമ്മയെ വിവാഹം ചെയ്തു ദത്തവകാശത്തിൽ താമസിക്കുന്നു. ഇവർക്ക് ജോസ്, പയസ്, ജെയ്സമ്മ, സണ്ണി, ലൗലി എന്നീ അഞ്ച് മക്കളുണ്ടായി. മൂത്തമകൻ ജോസ് ഞണ്ടുപാറ മാളിയേക്കൽ തോമസ് മകൾ ജെയ്സമ്മയെ വിവാഹം ചെയ്ത് തോടനാൽ താമസിക്കുന്നു. ഇവർക്ക് മാത്യു, തോമസ് എന്നി രണ്ടു മക്കളുണ്ട്. മാത്യുവിൻെറ രണ്ടാമത്തെ പുത്രനായ പയസ്സ്

പൂവത്തോട് പൊട്ടനാനിയ്ക്കൽ കൊച്ചിൻെറ മകൾ മേരിക്കുട്ടിയെ വിവാഹം ചെയ്ത് മുണ്ടക്കയത്തിനടുത്ത് പറത്താനത്ത് താമസിക്കുന്നു. ഇവർക്ക് അനു, മിനു, നീനാ എന്നീ മൂന്ന് പെൺകുട്ടികളുണ്ട്. മാത്യുവിൻെറ മക്കളിൽ മൂന്നാമത്തെ ആളായ ജെയ്സമ്മയെ കുമളിയിൽ മാളിയേക്കൽ അപ്പച്ചൻ വിവാഹം ചെയ്ത് കുമളിയിൽ താമസിക്കുന്നു. ഇവർക്ക് ആശ, ഷോണ, പാപ്പച്ചൻ എന്നീ മൂന്ന് കുട്ടികളുണ്ട്.

മാത്യുവിൻെറ മക്കളിൽ നാലാമത്തെ ആളായ സണ്ണി പെരിങ്ങളത്ത് നെടുങ്കനാൽ സെലിനെ വിവാഹം ചെയ്ത് നായിപ്പുരയിടം തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് ജാക്സൺ, ജെയിംസുകുട്ടി എന്നീ രണ്ട് ആൺകുട്ടികളുണ്ട്. മാത്യുവിൻെറ ഇളയ മകളായ ലൗലിയെ കടുത്തുരുത്തി പുത്തൻപുരയ്ക്കൽ ബേബിച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ക്രിസ് എന്ന ഒരു പുത്രൻ ഉണ്ട്. ലൗലി അദ്ധ്യാപികയാണ്.

## IA (1) h മത്തായി മകൾ തെയ്യാമ്മ

തെയ്യാമ്മയെ വാഴൂർ കളത്തൂർ അപ്പച്ചൻ വിവാഹം ചെയ്ത് ചെങ്കല്ലേൽ താമസിക്കുന്നു. ഇവർക്ക് സാലി, ജോണി, ജോസ്കുട്ടി, റ്റെസി, ഷീലമ്മ, മിനി എന്നീ 6 മക്കളുണ്ട്. 1997 ജൂലൈ 27-ന് തെയ്യാമ്മ നിര്യാതയായി.

## IA (1) i മത്തായി മകൾ മറിയാമ്മ

മറിയാമ്മ കർമ്മലീത്താ മഠത്തിൽ ചേർന്ന് സി. അനൻസിയാ എന്ന പേരു സ്വീകരിച്ച് ദീർഘകാലം മുത്തോലി ട്രെയിനിംഗ് സ്കൂളിൽ സേവനമനുഷ്ഠിച്ച ശേഷം ഇപ്പോൾ മുത്തോലി മഠത്തിൽ വിശ്രമിക്കുകയാണ്. സിസ്റ്റർ സ്കൂൾ സേവനത്തിനുശേഷം പലമഠങ്ങളിലും മദർ സുപ്പീരിയർ ആയി സേവനം ചെയ്തിട്ടുണ്ട്.


സി.അനൻസീയ CMC

## IA (1) j മത്തായി മകൻ വക്കച്ചൻ

വക്കച്ചൻ പൈകയിൽ ഇടപ്പാടി (തൂങ്കുഴി) കൊച്ചുകുട്ടിയുടെ മകൾ റോസമ്മയെ വിവാഹം ചെയ്ത് നെട്ടയിൽ താമസിക്കുന്നു. ഇവർക്ക് ഷേർളി, ലിസി, റോസിലി, മാത്തുക്കുട്ടി, ജോർജ്ജുകുട്ടി, ആൻസി, റ്റോം, റ്റെസി, ജോഷി എന്നീ ഒമ്പത് മക്കളുണ്ട്. വക്കച്ചൻ 9-1-1985-ൽ നിര്യാനായി.

വക്കച്ചൻെറ മൂത്തമകൾ ഷേർളിയെ അമ്പൂരിയിൽ പാലയ്ക്കാട്ട് വീട്ടിൽ തങ്കച്ചൻ വിവാഹം ചെയ്തു. ഇവർക്ക് സ്മിത, ജോജി, ജോമി എന്നീ മൂന്ന് കുട്ടികളുണ്ട്. വക്കച്ചൻെറ രണ്ടാമത്തെ മകൾ ലിസിയെ ആറുകാണിയിൽ





പെരുമന വീട്ടിൽ തൊമ്മച്ചൻ വിവാഹം ചെയ്തു. ഇവർക്ക് സുധീപ്, സുധറോസ് എന്നീ രണ്ടു കുട്ടികൾ ഉണ്ട്. വക്കച്ചൻെറ മക്കളായ ലിസിയും റോസിലിയും ഇരട്ട സഹോദരികളാണ്. റോസിലിയെ അമ്പൂരിയിൽ വെട്ടിക്കാവുങ്കൽ ജോയിച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ലിബി, അനില എന്നീ രണ്ട് പെൺമക്കൾ ഉണ്ട്. വക്കച്ചൻെറ മകൻ മാത്തുക്കുട്ടി ചേനപ്പാടി കരിയനാട്ട് ഇട്ടിരാച്ചൻെറ മകൾ സുബിയെ വിവാഹം ചെയ്തു. ഇവർ നെട്ടയിൽ താമസിക്കുന്നു. ഇവർക്ക് റോസ്ന, എലിസബത്ത് എന്നീ രണ്ട് പെൺമക്കൾ ഉണ്ട്. മാത്തുക്കുട്ടി പനച്ചിമൂട്ടിൽ ജൂവലറി നടത്തുന്നു.

വക്കച്ചൻെറ മകൻ ജോജോ (ജോർജ്ജുകുട്ടി) നെട്ടയിൽ സെൻറ് തോമസ് ഹൈസ്കൂളിൽ ജോലിയിലിരിക്കെ 1992 ജൂലൈ ഒന്നിന് അകാലത്തിൽ നിര്യാതനായി. വക്കച്ചൻെറ മകൾ ആൻസിയെ പാലാ കുറുമണ്ണിൽ ചവറനാനിക്കൽ കുട്ടിയച്ചൻെറ മകൻ അലക്സ് വിവാഹം ചെയ്തു. ആൻസി, സൗദി അറേബ്യയിലും അലക്സ് കേന്ദ്ര ഗവ. സർവീസിൽ ബോംബെയിലും ജോലി ചയ്യുന്നു. ഇവർക്ക് ആൽബിൻ, കെബിൻ എന്നീ രണ്ട് ആൺകുട്ടികൾ ഉണ്ട്.

വക്കച്ചൻെറ മകൻ ടോം പാല അന്തീനാട് കല്ലറയ്ക്കൽ ആൻസലത്തിൻെറ മകൾ ഷീബയെ വിവാഹം ചെയ്തു. ടോം സി.ആർ.പി.എഫിൽ ജോലി ചെയ്യുന്നു. ഷീബ കുവൈറ്റിൽ ജോലി ചെയ്യുന്നു. ഇവർക്ക് ഗ്രേഷ്മ എന്ന ഒരു പെൺകുട്ടിയുണ്ട്. വക്കച്ചൻെറ മകൾ റ്റെസിയെ പ്രവിത്താനം പുലയൻപറമ്പിൽ ദേവസ്യാച്ചൻെറ മകൻ ഷാജി വിവാഹം ചെയ്തു. ഇവർക്ക് അരുണ, അഖില, അലോഷ്യസ് എന്നീ മൂന്നുകുട്ടികൾ ഉണ്ട്.

വക്കച്ചൻെറ ഇളയ പുത്രനായ ജോഷി സി.എം.ഐ. സഭയിൽ ചേർന്ന് ഇപ്പോൾ മദ്രാസ് ലയോള കോളേജിൽ എം.എസ്.സി.യ്ക്ക് പഠിക്കുന്നു. വക്കച്ചൻ 9-1-1985-ൽ നിര്യാതനായി

## IA (1) k മത്തായി മകൻ ദേവസ്യാച്ചൻ

ദേവസ്യാച്ചൻ ഇടമറുക് മൂക്കൻതോട്ടത്തിൽ മേരിക്കുട്ടിയെ വിവാഹം ചെയ്ത് കപ്പാട് താമസിക്കുന്നു. ഇവർക്ക് സിബി, സാബു, സാജു, സിൽവി, സിന്ധു, മഞ്ജു എന്നീ ആറ് മക്കൾ ജനിച്ചു. ദേവസ്യാച്ചൻെറ മക്കളിൽ മൂത്ത ആളായ സിബി എടത്വായ്ക്ക് സമീപം പച്ച എന്ന സ്ഥലത്ത് വള്ളപുരയ്ക്കൽ വീട്ടിൽ നിന്നും ഷീബയെ വിവാഹം ചെയ്തു. ഇവർക്ക് വിന്നി, വിനയ് എന്നീ രണ്ട് മക്കളുണ്ട്. സിബി ഇപ്പോൾ ഗുജറാത്തിൽ സ്വന്തമായി ബിസിനസ് ചെയ്യുന്നു.

രണ്ടാമത്തെ പുത്രനായ സാബു ആനിക്കാട് കുന്നേൽതാഴെ വീട്ടിൽ നിന്നും ജെയിനിനെ വിവാഹം ചെയ്തു തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് അലിനാ ടോം, ഐയ്നാ ടോം, അലൻ ടോം എന്നി മൂന്ന് കുട്ടികൾ ഉണ്ട്. മൂന്നാമത്തെ പുത്രനായ സാജു ഗുജറാത്തിൽ ബിസിനസ് ചെയ്യുന്നു.

മക്കളിൽ നാലാമത്തെ ആളായ സിൽവിയെ മല്ലികശ്ശേരി പരിന്തിരിയ്ക്കൽ കുര്യൻ മകൻ ജോബിറ്റ് വിവാഹം ചെയ്തു. ഇവർക്ക് ആഷി, റിച്ചു എന്നീ രണ്ടു കുട്ടികളുണ്ട്. ഇളയപുത്രിമാരായ സിന്ധുവും മഞ്ജുവും വിദ്യാർത്ഥികളാണ്.

## IA (1) l മത്തായി മകൻ ചാക്കോച്ചൻ

ചാക്കോച്ചൻ അമ്പാറ കലയത്തിനാൽ ഔസേഫ് മകൾ റോസമ്മയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് മനോജ്, സ്വപ്ന, ലീനാ, അനു എന്നീ നാല് മക്കളുണ്ട്. ചാക്കോച്ചന്റെ മൂത്ത മകനായ മനോജ് കങ്ങഴ മുണ്ടത്താനം മാങ്കോട്ട് ജോസഫ് മകൾ ഷീജയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് ശില്പ, ജേക്കബ് എന്നീ രണ്ടു കുട്ടികളുണ്ട്

മക്കളിൽ രണ്ടാമത്തെ ആളായ സ്വപ്ന ബി.എസ്.സി. നേഴ്സിംഗ് പാസായി. സ്വപ്നയെ കണ്ണൂർ പള്ളിക്കുന്ന് ദീപക് ഭവനിൽ ഉമേഷ് വിവാഹം ചെയ്തു ഇരുവരും ദുബായിൽ ജോലി ചെയ്യുന്നു. മക്കളിൽ മൂന്നാമത്തെ ആളായ ലീനായെ അയർക്കുന്നം ചൂരപ്പുഴ അപ്പച്ചന്റെ മകൻ സോയി വിവാഹം ചെയ്ത് അയർക്കുന്നത്ത് താമസിക്കുന്നു.

ചാക്കോച്ചന്റെ ഇളയപുത്രിയായ അനു ബാംഗ്ലൂരിൽ നേഴ്സിംഗ് വിദ്യാർത്ഥിനിയാണ്.


## IA (1) m മത്തായി മകൾ ഏലമ്മ

ഏലമ്മയെ കാഞ്ഞിരമറ്റം വെട്ടുവേലിൽ കുഞ്ഞാപ്പൻ മകൻ തൊമ്മച്ചൻ വിവാഹം ചെയ്ത് തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് ഷൈനി, ഷാജി, ഷോണി എന്നീ മൂന്ന് മക്കളുണ്ട്. തൊമ്മച്ചൻ 1991 ഒക്ടോബർ 27 –ന് നിര്യാതനായി.

●



## നാഗനൂലിൽ ചൊള്ളാനിക്കൽ ശാഖ



# നാഗനൂലിൽ ചൊള്ളനാനിക്കൽ ശാഖ

നാഗനൂലിൽ തറവാട്ടിൽ താമസിച്ച വർക്കിയുടെ മൂന്നാമത്തെ പുത്രനായ ഉലഹന്നൻ ചൊള്ളനാനിക്കലേയ്ക്ക് (മുത്തോലിക്കടവിൽ) മാറി ത്താമസിച്ചു.

## I ഉലഹന്നൻ ചൊള്ളനാനിക്കൽ

ഉലഹന്നൻ കൊഴുവനാൽ കൈപ്പൻപ്ലാക്കൽ വീട്ടിൽനിന്നും അന്നമ്മയെ വിവാഹം ചെയ്തു. അവർക്ക് കുഞ്ഞുപെണ്ണ്, മാമ്മി, ഔസേപ്പ്, വർക്കി എന്നീ നാലു സന്താനങ്ങൾ ജനിച്ചു.


## IC ഉലഹന്നൻ മകൾ കുഞ്ഞുപെണ്ണ്

മൂത്തമകൾ കുഞ്ഞുപെണ്ണിനെ ചേർപ്പുങ്കൽ മൂത്തശ്ശേരിൽ മത്തായി വിവാഹം ചെയ്തു. ഇവർക്ക് അന്നക്കുട്ടി, മാണി, കുട്ടിയമ്മ കുഞ്ഞിലോ എന്നീ നാലു മക്കൾ ജനിച്ചു. കുഞ്ഞിലോ രാമപുരം ഇടക്കരനിന്നും വിവാഹം കഴിച്ചു. ഇവർക്ക് മക്കളുണ്ടായിരുന്നില്ല.

മൂത്തമകൾ അന്നക്കുട്ടിയെ പൂവരണി കാഞ്ഞമലയിൽ വിവാഹം ചെയ്തയച്ചു.

ഇളയപുത്രി കുട്ടിയമ്മയെ ചേർപ്പുങ്കൽ ചെട്ടിറാത്ത് വിവാഹം ചെയ്തയച്ചു.

## മത്തായി മകൻ മാണി



വി.എം. മാത്യു
കങ്ങഴക്കാട്ട്

മാണിക്ക് മാത്യു, ഏലിക്കുട്ടി, അന്നക്കുട്ടി, ചാക്കോച്ചൻ, ജോയി എന്നീ അഞ്ചുമക്കൾ ജനിച്ചു.

മൂത്ത മകൻ മാത്യു വിവാഹം ചെയ്തത് തിടനാട് കൊട്ടാര ത്തിൽ തോമസ് മകൾ അമ്മിണിക്കുട്ടിയെ ആണ്. ഇദ്ദേഹം ളാലം ബ്ലോക്ക് പഞ്ചായത്തിൻെറ പ്രഥമ പ്രസിഡൻെറും ദീർഘകാലം മുത്തോലി സെൻറ് ആൻെറണീസ് ഹൈസ്കൂൾ അദ്ധ്യാപകനുമായിരുന്നു. ഇദ്ദേഹം 2000 മെയ്മാസം 23-ാം തീയതി നിര്യാതനായി. അമ്മിണിക്കുട്ടി മുത്തോലി സെൻറ് ജോസഫ് സ്കൂൾ അദ്ധ്യാപികയായി റിട്ടയർ ചെയ്തു. ഇപ്പോൾ അമ്മിണി ക്കുട്ടിയും കുടുംബവും ചേർപ്പുങ്കൽ താമസിക്കുന്നു.





മാണിയുടെ രണ്ടാമത്തെ പുത്രൻ ചാക്കോച്ചൻ ആനിക്കാട്ട് കുഴി വേലിൽ ത്രേസ്യാമ്മയെ വിവാഹം ചെയ്ത് മുത്തോലി പന്തത്തല താമ സിക്കുന്നു. ത്രേസ്യാമ്മ മുത്തോലി ഈസ്റ്റ് സർവ്വീസ് സഹകരണബാങ്ക് സെക്രട്ടറിയായി ജോലിയിൽ നിന്നും വിരമിച്ചു.

മാണിയുടെ ഇളയപുത്രൻ തോമസ് (ജോയി) മൂഴൂർ തെക്കേമുറി യിൽ മാണിയുടെ മകൾ ഏലിക്കുട്ടിയെ വിവാഹം ചെയ്ത് ചേർപ്പുങ്കൽ താമസിക്കുന്നു. അധ്യാപകരായ തോമസ്സും ഏലിക്കുട്ടിയും സർവ്വീസിൽ നിന്നും വിരമിച്ചു.

മാണിയുടെ പെൺമക്കളിൽ മൂത്തയാളായ ഏലിക്കുട്ടി അവിവാ ഹിതയായി തറവാട്ടിൽ താമസിക്കുന്നു.

ഇളയ പുത്രി അന്നക്കുട്ടിയെ കടപ്ലാമറ്റം കാരിക്കാട്ടിൽ വിവാഹം ചെയ്തയച്ചു.

## ID ഉലഹന്നൻ മകൾ മാമ്മ

മാമ്മിയെ അരുവിത്തുറ വലിയവീട്ടിൽ വിവാഹംചെയ്തയച്ചു. ഇവർക്ക് കുഞ്ഞൗസേപ്പ്, കുഞ്ചിലോ എന്നീ രണ്ട് ആൺമക്കളും ത്രേസ്യാക്കുട്ടി, കുഞ്ഞറോത എന്നീ രണ്ടു പെൺമക്കളും ഉണ്ടായി.

## IA ഉലഹന്നൻ മകൻ ഔസേപ്പ്

ഉലഹന്നൻെറ മൂത്തപുത്രൻ ഔസേപ്പ് പയപ്പാറ്റിൽ മൈലാടൂർ പുത്തൻകണ്ടത്തിൽനിന്നും അന്നമ്മയെ വിവാഹം ചെയ്തു മുത്തോലി എക്കരയിലും പിന്നീട് കതമ്പയിലും മാറിത്താമസിച്ചു. ഇവർക്ക് ജോൺ, അന്നക്കുട്ടി, വർക്കി, ചാക്കോ, മാമ്മി, ജോസഫ്, തോമസ് എന്നീ ഏഴ് മക്കൾ ജനിച്ചു.

## IA1 ഔസേപ്പ് മകൻ ജോൺ (കൊച്ച് )

ഔസേപ്പിൻെറ മൂത്തപുത്രൻ ജോൺ ഇളങ്ങുളം കരിപ്പാലിൽ നിന്നും ഏലിയാമ്മയെ വിവാഹം ചെയ്തു. അദ്ദേഹം മലബാറിൽ കോഴി ക്കോട് കുടിയേറിത്താമസിച്ചു. ഇവർക്ക് ജോസഫ്, ജോൺ, ചിന്നമ്മ, മാത്യു, ജോർജ്ജ്, തോമസ്, ആൻറണി, അച്ചാമ്മ, മേരിക്കുട്ടി, ശോശാമ്മ എന്നീ പത്തു മക്കൾ ജനിച്ചു. ജോണിൻെറ മൂത്തപുത്രൻ ജോസഫ് ഇരുപതാമത്തെ വയസ്സിൽ അകാലചരമം പ്രാപിച്ചു.

ജോണിൻെറ മക്കളിൽ രണ്ടാമത്തെയാളായ ജോൺ പതിപ്പള്ളിൽ മേരിയെ വിവാഹംചെയ്ത് ചിറ്റാരിക്കലിനടുത്ത് പറമ്പിൽ എന്ന സ്ഥലത്ത്

താമസിക്കുന്നു. ഇവർക്ക് ബിസി, ബീന, ബിന്ദു, ബിജു, സുശീല, ശോഭ എന്നീ ആറുമക്കളുണ്ട്. ജോൺ 2001-ൽ 66-ാംവയസ്സിൽ നിര്യാതനായി.

ജോണിൻെറ മക്കളിൽ മൂത്തയാളായ ബിസി കളപ്പുരയ്ക്കൽനിന്നും സിൽവിയെ വിവാഹം കഴിച്ചു. ഇവർക്ക് മേരി എന്ന ഒരു പെൺകുഞ്ഞുണ്ട്. മക്കളിൽ രണ്ടാമത്തെയാളായ ബീനയെ ചന്ദ്രൻകുന്നേൽ ജോജൻ വിവാഹം ചെയ്തു. ഇവർക്ക് ഒരാൺകുട്ടിയുണ്ട്. ജോണിൻെറ ഇളയമക്കൾ എല്ലാവരും വിദ്യാർത്ഥികളാണ്.

ജോൺ (കൊച്ച്) മകൾ ചിന്നമ്മ എസ്. ഡി. സന്യാസസമൂഹ ത്തിൽ ചേർന്ന് സി. മരിയാനി എന്ന പേരു സ്വീകരിച്ചു. പഴങ്ങനാട് ഹോസ്പിറ്റലിൽ നേഴ്സിംഗ് അദ്ധ്യാപികയായി ജോലിയിൽനിന്നും വിരമി ച്ചതിനുശേഷം ഇപ്പോൾ ആലുവാ ചുണങ്ങുംവേലി ആതുരാലയത്തിൽ സേവനംചെയ്യുന്നു.

ജോണിൻെറ മക്കളിൽ നാലാമത്തെ ആളായ മാത്യു പൈക തൂങ്കുഴിയിൽനിന്നും ഏലിക്കുട്ടിയെ വിവാഹംചെയ്ത് കോഴിക്കോട് കക്കോടിയിൽ താമസിക്കുന്നു. ഇവർക്ക് സജി, സീന എന്നീ രണ്ടു മക്കളുണ്ട്. മാത്യു കേന്ദ്രസർവ്വീസിൽനിന്നും വിരമിച്ച് വിശ്രമജീവിതം നയിക്കുന്നു. മാത്യുവിൻെറ മക്കളിൽ മൂത്തയാളായ സജി കോഴിക്കോടിനടുത്ത് തെറ്റയിൽനിന്ന് ബിന്ദുവിനെ വിവാഹം ചെയ്തു. ഇവർക്ക് മാത്യു, ജോസഫ് എന്നീ രണ്ടു പുത്രന്മാരുണ്ട്. സജി ഹയർ സെക്കൻററി സ്കൂൾ അധ്യാപകനാണ്. ബിന്ദു എസ്.ബി.റ്റി. (തേഞ്ഞിപ്പാലം) ഉദ്യോഗസ്ഥയാണ്. മാത്യുവിൻെറ പുത്രി സീനയെ കോഴിക്കോട്ട് അറയ്ക്കൽ മോഹൻ വിവാഹം ചെയ്തു. ഇവർക്ക് ജോസഫ് എന്നൊരാൺകുട്ടിയുണ്ട്.

ജോണിൻെറ (കൊച്ച്) മക്കളിൽ അഞ്ചാമത്തെ ആളായ ജോർജ്ജ് കുടക്കച്ചിറ വീട്ടിൽ ലീനയെ വിവാഹം ചെയ്തു കാഞ്ഞംങ്ങാട് താമസിക്കുന്നു. ഇവർക്ക് ബിനു, ബിനി, ബിനറ്റ്, ബിന്യാ എന്നീ നാലു മക്കളുണ്ട്. ഇവർ വിദ്യാർത്ഥികളാണ്. ബിനു അഡ്വക്കേറ്റായി കാഞ്ഞങ്ങാട് പ്രാക്ടീസ് ചെയ്യുന്നു.

ജോണിൻെറ മക്കളിൽ ആറാമത്തെയാളായ തോമസ് ആലക്കോട്ട് തേർത്തല്ലി വട്ടമല ത്രേസ്യാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ജോഷി, സന്തോഷ്, സുരേഷ്, ഷീന എന്നീ നാലു മക്കളുണ്ട്. ജോഷി പാലാവയൽ എമ്പ്രയിൽ ജയയെ വിവാഹം ചെയ്തു. സന്തോഷ് കല്യാണം കഴിഞ്ഞ് അധികംകഴിയും മുമ്പേ മരിച്ചു. സുരേഷ് അധ്യാപകനാണ്. ഷീന വിദ്യാർത്ഥിയാണ്.

ജോണിൻെറ മക്കളിൽ ഏഴാമത്തെയാളായ ആൻറണി പൈകയിൽ എടച്ചേരി പൗവത്തുനിന്നും ലില്ലിയെ വിവാഹം ചെയ്ത് കോഴിക്കോട്ടു താമസിക്കുന്നു. ഇവർക്ക് ജിജി, സിജി, റെജി, ലിജി എന്നീ നാലു പെൺമക്കളുണ്ട്. ഇവർ വിദ്യാർത്ഥികളാണ്. ആൻറണി കോഴിക്കോട്ട് നടക്കാവിൽ





ബിസിനസ് ചെയ്യുന്നു. ഭാര്യ ലില്ലി വെള്ളരി ഗവ. എൽ.പി.എസ്. ഹെഡ്മിസ്ട്രസാണ്.

കൊച്ചിൻെറ മക്കളിൽ എട്ടാമത്തെയാളായ അച്ചാമ്മയെ നരിവേലിൽ ജോസഫ് വിവാഹം ചെയ്ത് കാഞ്ഞങ്ങാടിനടുത്ത് താമസിക്കുന്നു. ഇവർക്ക് ജെനി, ജെറ്റി, ജെൻസി, ജിനു എന്നീ നാലു മക്കളുണ്ട്. ജെനി എസ്. ഡി സന്യാസസമൂഹത്തിൽ കന്യാസ്ത്രീയാണ്.

കൊച്ചിൻെറ മക്കളിൽ ഒമ്പതാമത്തെയാളായ മേരിക്കുട്ടിയെ അടയ്ക്കാമുണ്ടയ്ക്കൽ തോമസ് വിവാഹം കഴിച്ചു. തോമസ് പി ആൻഡ് റ്റിയിൽ ജോലി ചെയ്യുന്നു. ഇവർക്ക് ബെറ്റ്സി, റ്റെസി എന്നീ രണ്ടുമക്കളുണ്ട്. കോഴിക്കോട്ട് മേത്തോട്ടതാഴം എന്ന സ്ഥലത്ത് താമസിക്കുന്നു. കൊച്ചിൻെറ ഇളയപുത്രിയായ ശോശാമ്മയെ തെക്കേൽ അഗസ്റ്റിൻ വിവാഹം ചെയ്തു. ഇവർക്ക് സ്മിത, സുമേഷ് എന്നീ രണ്ടു മക്കളുണ്ട്. ഇവർ വിദ്യാർത്ഥികളാണ്. അഗസ്റ്റിൻ കേന്ദ്ര ഗവ. സർവ്വീസിൽ കർണ്ണാടകയിൽ ജോലി ചെയ്യുന്നു.

## IA2 ഔസേപ്പ് മകൾ അന്നക്കുട്ടി

അന്നക്കുട്ടിയെ കപ്പാട് കണ്ടത്തിൽ വക്കച്ചൻ വിവാഹം ചെയ്തു. ഇവർക്ക് തൊമ്മച്ചൻ, ജോസ്, മേരിക്കുട്ടി, അമ്മിണി, കുഞ്ഞമ്മ എന്നീ അഞ്ചുമക്കളുണ്ട്.

## IA3 ഔസേപ്പ് മകൻ വർക്കി

ഔസേപ്പിൻെറ മക്കളിൽ മൂന്നാമത്തെ ആളായ വർക്കി, ഏഴാച്ചേ രിൽ നെടുമ്പള്ളിൽ ഫ്രഞ്ചുവിൻെറ മകൾ ആനിക്കുട്ടിയെ വിവാഹം ചെയ്ത് മുത്തോലി ഐക്കരയിലേക്കു മാറിത്താമസിച്ചു. ഇവർക്ക് ഗ്രേസി, മേരിക്കുട്ടി, ആലീസ്, ലില്ലി, ജോസ്, കൊച്ചുറാണി, മോളി, സണ്ണി, ജെസി എന്നീ ഒമ്പതു മക്കളുണ്ടായി. വർക്കി 1995 ആഗസ്റ്റ് 11-ന് നിര്യാതനായി.

വർക്കിയുടെ മൂത്തമകൾ ഗ്രേസിയെ തൊടുപുഴ പൈകടയിൽ തൊമ്മച്ചൻ മകൻ ജോസ് വിവാഹം ചെയ്ത് ഇപ്പോൾ മലബാറിൽ മണക്കടവിൽ താമസിക്കുന്നു. ഇവർക്ക് ബിജി, സോളി, തോമസ്, ജോജോ, സുമി, സുനി എന്നീ ആറു മക്കളുണ്ട്.

വർക്കി മകൾ മേരിക്കുട്ടിയെ മുത്തോലി വടക്കേമുറിയിൽ വർക്കി മകൻ സെബാസ്റ്റ്യൻ (അപ്പച്ചൻ) വിവാഹം ചെയ്തു. ഇവർക്ക് ജാൻസി, ആനിയമ്മ, ഷൈനി, മിനി, ആശ, നിഷ എന്നീ ആറു പെൺകുട്ടികളുണ്ട്.

വർക്കിയുടെ മക്കളിൽ മൂന്നാമത്തെ ആളായ ആലീസ് ക്ലാരിസ്റ്റ് സന്യാസിനീസമൂഹത്തിൻെറ മിഷനറി സഭയിൽ (C.F.M.S.S) ചേർന്ന് സിസ്റ്റർ മേഴ്സി എന്ന പേരുസ്വീകരിച്ച് ഇപ്പോൾ വിജയവാഡയിൽ സേവനം ചെയ്യുന്നു.



ചൊള്ളാനിക്കൽ വർക്കിച്ചനും ഭാര്യ ആനിക്കുട്ടിയും.

വർക്കിയുടെ മക്കളിൽ നാലാമത്തെ ആളായ ലില്ലി ആരാധനാ സന്യാസിനീസമൂഹത്തിൽ ചേർന്ന് സിസ്റ്റർ ക്ലാരിസ് എന്ന പേരുസ്വീകരിച്ചു. ഇപ്പോൾ പാലാ ക്രൈസ്റ്റ്ഹാളിൽ പ്രൊവിൻഷ്യാൾ ഹൗസിൽ സേവനം ചെയ്യുന്നു.

വർക്കിയുടെ ആൺമക്കളിൽ മൂത്തയാളായ ജോസ് അടുക്കം കൊച്ചട്ടൊന്നിൽ കുര്യാച്ചൻെറ മകൾ മേരിക്കുട്ടിയെ വിവാഹം ചെയ്ത് ഐക്കരതറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് ജോമി, സിജോ എന്നീ രണ്ടു കുട്ടികളുണ്ട്. രണ്ടുപേരും വിദ്യാർത്ഥികളാണ്. ശ്രീ ജോസ് ജോർജ്ജ് നാട്ടിൽ അറിയപ്പെടുന്ന ഒരു കാർഷിക വിദഗ്ദ്ധനാണ്. 1996-ലെ സംസ്ഥാന ഗവൺമെൻറിൻെറ മികച്ച ക്ഷീരകർഷകനുള്ള *ക്ഷീരധാര* അവാർഡ് അദ്ദേഹം നേടുകയുണ്ടായി. മുത്തോലി ക്ഷീരോൽപ്പാദക സഹകരണസംഘം ഡയറക്ടർബോർഡ് മെമ്പർകൂടിയാണ് ഇദ്ദേഹം. ഇദ്ദേഹത്തിൻെറ ഡയറിഫാം സംസ്ഥാനമൊട്ടുക്ക് ശ്രദ്ധനേടിയിട്ടുള്ളതാണ്.

വർക്കിയുടെ മക്കളിൽ ആറാമത്തെ ആളായ കൊച്ചുറാണിയെ കൊല്ലത്ത് തോണ്ടെല്ലിൽ ഫ്രാൻസീസ് വിവാഹം ചെയ്തു. ഇപ്പോൾ മദ്രാ സിൽ താമസിക്കുന്നു. ഫ്രാൻസീസ് മദ്രാസ് ഹാർബറിൽ ഉദ്യോഗസ്ഥനാണ്. കൊച്ചുറാണി നേഴ്സിംഗ് അദ്ധ്യാപികയായി ജോലിചെയ്യുന്നു. ഇവർക്ക് സുനി, സ്മിത എന്നീ രണ്ടു പെൺകുട്ടികളുണ്ട്. ഇരുവരും വിദ്യാർത്ഥികളാണ്.





വർക്കിയുടെ മക്കളിൽ ഏഴാമത്തെ ആളായ മോളിയെ മേവിട ഉള്ളുരുപ്പിൽ തൊമ്മച്ചൻെറ മകൻ സണ്ണി വിവാഹം കഴിച്ചു. ഇപ്പോൾ ഉദ്യോഗാർത്ഥം ബോംബെയിൽ താമസിക്കുന്നു. സണ്ണി കസ്റ്റംസ് വകുപ്പിലും മോളി കോളേജ് അദ്ധ്യാപികയായും ജോലിചെയ്യുന്നു. ഇവർക്ക് ആനി, ആഗ്നസ് എന്നീ രണ്ടു കുട്ടികളുണ്ട്.

മക്കളിൽ എട്ടാമത്തെ ആളായ സണ്ണി ഭരണങ്ങാനം കലയത്തിനാൽ ജോസിയെ വിവാഹം ചെയ്ത് കുറുമണ്ണിൽ താമസിക്കുന്നു. ഇവർക്ക് ജോർജ്, ഫ്രാൻസി, ആൻേറാ, ആൽഫി എന്നീ നാലു മക്കളുണ്ടായി. ജോർജ്ജ് ബാല്യത്തിൽത്തന്നെ മരിച്ചുപോയി. മറ്റുള്ള കുട്ടികൾ വിദ്യാർത്ഥികളാണ്.

വർക്കിയുടെ ഇളയപുത്രിയായ ജെസിയെ മേരിലാൻഡ് കാരിയാങ്കൽ സേവ്യറിൻെറ മകൻ സണ്ണി വിവാഹം ചെയ്തു. ഇവർക്ക് ജിസ്സ്, ജിസ്മി, ആഗി എന്നീ മൂന്നുകുട്ടികളുണ്ട്. ഇവർ വിദ്യാർത്ഥികളാണ്.

## IA4 ഔസേപ്പ് മകൻ ചാക്കോ

ഔസേപ്പിൻെറ മക്കളിൽ നാലാമത്തെ ആളായ ചാക്കോ അരുവി ത്തുറ വെള്ളൂക്കുന്നേൽ (വഴക്കുഴ) വർക്കി മകൾ മറിയാമ്മയെ വിവാഹം ചെയ്ത് മുത്തോലിയിൽ കല്ലാനിക്കാട്ട് താമസിക്കുന്നു. ഇവർക്ക് ജോസ്, വത്സമ്മ, എമിലി എന്നീ മൂന്നു മക്കളുണ്ട്. ചാക്കോ മുത്തോലിയിലെ സാമൂഹികസാംസ്കാരിക പ്രവർത്തനങ്ങളിൽ മുന്നിൽനിന്നിരുന്ന വ്യക്തിയായിരുന്നു. ചാക്കോ 25-07-1986-ൽ നിര്യാതനായി. മറിയാമ്മ 20-08-200ൽ നിര്യാതയായി.

## ചാക്കോ മകൻ ജോസ്

ചാക്കോയുടെ ഏകപുത്രനായ ജോസ് എഞ്ചിനിയറിംഗ് ബിരുദധാരിയാണ്. ഇദ്ദേഹം തറവാട്ടിൽ താമസിക്കുന്നു.

ചാക്കോയുടെ മകളായ വത്സമ്മയെ രാമപുരത്ത് കട്ടക്കയത്ത് ജോയി വിവാഹം ചെയ്തു. ഇവർക്ക് സൗമ്യ, മേരി എന്നീ രണ്ടു പെൺകുട്ടികളുണ്ട്.

ചാക്കോ യുടെ ഇളയപുത്രിയായ എമിലിയെ എലിക്കുളം പിണ മുറുകിൽ കൊച്ചിൻെറ മകൻ അപ്പച്ചൻ (ജോർജ്ജ്) വിവാഹം ചെയ്തു ഇപ്പോൾ മലബാറിൽ പാണത്തൂരിൽ താമസിക്കുന്നു. ഇവർക്ക് ടോണി യാ, റോണിയാ, ജോസഫ് എന്നീ മൂന്നു മക്കളുണ്ട്.

## IA5 ഔസേപ്പ് മകൾ മാമ്മി

ഔസേപ്പിൻെറ മക്കളിൽ അഞ്ചാമത്തെ ആളായ മാമ്മി തിരുഹൃദയ സന്യാസിനീസമൂഹത്തിൽ ചേർന്ന് സിസ്റ്റർ ജലാർദ്ദ് എന്ന പേരു സ്വീക



ജോസഫ് നാഗനൂലിലും (പൂവരണി) കുടുംബവും.



രിച്ചു. ബഹുമാനപ്പെട്ട സിസ്റ്റർ 1973 ജൂൺ 13-ന് നിര്യാതയായി. തമ്പലക്കാട്ട് മഠത്തിൽ സംസ്ക്കരിച്ചു.

## IA6 ഔസേപ്പ് മകൻ ജോസഫ് (കുഞ്ഞേപ്പ്)

ഔസേപ്പിൻെറ മക്കളിൽ ആറാമത്തെ ആളായ കുഞ്ഞേപ്പ് പൂവരണി കാഞ്ഞമലയിൽനിന്നും ചിന്നമ്മയെ വിവാഹം ചെയ്ത് നാഗനൂലിൽ എന്ന വീട്ടുപേരിൽത്തന്നെ പൂവരണിയിൽ താമസമാക്കി. അദ്ദേഹം സെൻറ് വിൻസെൻറ് ഡി പോൾ സ്ഥാപക അംഗങ്ങളിൽ ഒരാളാണ്. സംഘടനയുടെ സെക്രട്ടറിയായി അഞ്ചുകൊല്ലം പ്രവർത്തിച്ചിട്ടുണ്ട്. പൂവരണിയിൽ സെൻറ് വിൻസെൻറ് ഡി പോൾ സൊസൈറ്റിയുടെ സ്ഥാപനത്തിന് നേതൃത്വം കൊടുത്തത് അദ്ദേഹമാണ്. ഇപ്പോഴും വിൻസെൻറ് ഡി പോളിൽ സജീവ പ്രവർത്തകനാണ്. പൂവരണി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡൻ റായി 21 വർഷക്കാലം സേവനം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിൻെറ ഭരണകാല ത്താണ് ഹെഡ് ഓഫീസ്, പൈക, മീനച്ചിൽ എന്നീ ബ്രാഞ്ചുകളും കെട്ടിടങ്ങളും ഉണ്ടാക്കിയത്. പൂവരണി കർഷകയൂണിയൻ ആരംഭിച്ചത് ഇദ്ദേഹത്തിൻെറ ശ്രമഫലമായിട്ടാണ്. കേരവികസനസമിതി പ്രസിഡൻറായും ഇദ്ദേഹം പ്രവർത്തിച്ചുപോരുന്നു.

കുഞ്ഞേപ്പ് ചിന്നമ്മ ദമ്പതികൾക്ക് മേഴ്സി, ജോസ്, കൊച്ചുറാണി, ബേബിച്ചൻ, ലാലിമോൾ, മിനിമോൾ, ബിനോയി എന്നീ പുത്രീപുത്രന്മാ രുണ്ട്.

## ജോസഫ് മകൾ മേഴ്സി

മേഴ്സിയെ വാഴക്കുളം പുൽപ്പറമ്പിൽ ജോസഫിൻെറ മകൻ ജോസ് വിവാഹം ചെയ്ത് തൃപ്പൂണിത്തുറയിൽ താമസിക്കുന്നു. ജോസ് കൊച്ചിൻ റിഫൈനറിയിൽ ജോലിചെയ്യുന്നു. മേഴ്സി അദ്ധ്യാപികയാണ് ഇവർക്ക് ജോബി, ജിബി, സബി എന്നീ ആൺമക്കളുണ്ട്. ഇവർ വിദ്യാർത്ഥികളാണ്

കുഞ്ഞേപ്പിൻെറ മക്കളിൽ രണ്ടാമത്തെ ആളായ ജോസ് നരിയ ങ്ങാനം തുണ്ടത്തിൽ മത്തായിയുടെ മകളായ റജിയെ വിവാഹം കഴിച്ച് മണ്ണാർകാട്ടിനടുത്ത് ഇരുമ്പകച്ചോലയിൽ താമസിക്കുന്നു. അഡ്വക്കേറ്റായ ജോസ് കേരളാ കോൺഗ്രസ്സ് (എം) പാലക്കാട് ജില്ലാ പ്രസിഡൻറായി പ്രവർത്തിക്കുന്നു. ഇവർക്ക് രസ്മി, രജിത്ത്, ശരത് എന്നീ മൂന്നു മക്കൾ ഉണ്ട്. ഇവർ വിദ്യാർത്ഥികളാണ്.

മക്കളിൽ മൂന്നാമത്തെ ആളായ കൊച്ചുറാണിയെ ചെമ്പൻതൊട്ടി യിൽ ഞള്ളിമാക്കൽ പാപ്പച്ചൻ മകൻ ജോസ് വിവാഹം ചെയ്ത് കണ്ണൂരിൽ താമസിക്കുന്നു. ജോസ് സജീവമായി കാരിസ്മാറ്റിക് നവീകരണ പ്രസ്ഥാ നത്തിൽ പ്രവർത്തിക്കുന്നു. കൊച്ചുറാണി സ്കൂൾ അദ്ധ്യാപികയാണ്.

ഇവർക്ക് മുട്ടു, ആരി, അജിത് എന്നീ മൂന്നു മക്കളുണ്ട്. ഇവർ വിദ്യാർത്ഥി കളാണ്.

കുഞ്ഞേപ്പിൻെറ മകൻ ബേബിച്ചൻ അവിവാഹിതനായി മാതാപി താക്കളോടൊപ്പം തറവാട്ടിൽ താമസിക്കുന്നു.

ജോസഫിൻെറ മകൾ ലാലിയെ കരൂർ വെള്ളരിങ്ങാട്ട് ചെറിയാ ച്ചൻ വിവാഹം ചെയ്ത് പാലായിൽ താമസിക്കുന്നു. ഇരുവരും കിഴതടിയൂർ സഹകരണ ബാങ്കിൽ ജോലിചെയ്യുന്നു. ഇവർക്ക് റിൻറാ, റിനു, സ്മി എന്നീ മൂന്നു പെൺമക്കളുണ്ട്. ഇവർ വിദ്യാർത്ഥിനികളാണ്.

കുഞ്ഞേപ്പിൻെറ മക്കളിൽ ആറാമത്തെ ആളായ മിനിമോളെ കൊച്ചു പ്പള്ളിൽ പെരുമാട്ടിൽകുന്നേൽ ജേക്കബിൻെറ മകൻ റജി വിവാഹം കഴിച്ചു. ഇവർ ഇപ്പോൾ ഇറണാകുളത്ത് കലൂരിൽ താമസിക്കുന്നു. റജി ഷെയർമാർ ക്കറ്റ് എം.ഡി. ആണ്. ഇവർക്ക് അമൽ, രാഹുൽ എന്നീ രണ്ട് ആൺമ ക്കളും റോസമ്മയെന്ന ഒരു പെൺകുട്ടിയുമുണ്ട്.

ജോസഫിൻെറ ഇളയ മകനായ ബിനോയി നാലു വർഷമായി സിങ്കപ്പൂരിൽ ജോലിചെയ്യുന്നു. ബിനോയി മുത്തോലി നെടുമ്പുറത്ത് ജോസഫ് മകൾ സീമയെ വിവാഹം ചെയ്തു.

## IA7 ഔസേപ്പ് മകൻ കുഞ്ഞമ്മച്ചൻ (തോമസ്)

ഔസേപ്പിൻെറ ഇളയപുത്രനായ കുഞ്ഞമ്മച്ചൻ പൈങ്ങുളം പട്ടേട്ട് ഉലഹന്നൻ മകൾ ത്രസ്യാമ്മയെ വിവാഹം ചെയ്ത് വടക്കൻചേരിക്കു സമീപം കണിച്ചിപരിതിൽ താമസിക്കുന്നു. ഇവർക്ക് ബേബിച്ചൻ, അമ്മിണി, സിബിച്ചൻ, ജിൻസി എന്നീ നാലു മക്കളുണ്ട്. കുഞ്ഞമ്മച്ചൻ മുത്തോലിയിൽ കലാസാംസ്ക്കാരിക രംഗങ്ങളിൽ സജീവമായി പ്രവർത്തിച്ചിട്ടുണ്ട്. മുത്തോലി എസ്. ജി. ആർട്സ് ക്ലബ്ബിൻെറ ആദ്യകാല പ്രവർത്തകനാണ്. കൂടാതെ കേരളാ കോൺഗ്രസ്സിൻെറ ആദ്യകാല പ്രവർത്തകനുമായിരുന്നു. ഇപ്പോൾ കരിസ്മാറ്റിക് നവീകരണപ്രസ്ഥാനത്തിൽ സജീവമായി പ്രവർത്തി ക്കുന്നു. ഇദ്ദേഹം 1959-ലെ വിമോചന സമരത്തിൽ സജീവമായി നേതൃത്വം നൽകിയ ആളാണ്.

കുഞ്ഞമ്മച്ചൻെറ മൂത്തമകൻ ബേബിച്ചൻ പെരുമ്പാവൂർ മാലികുടി യിൽനിന്നും മേരിക്കുട്ടിയെ വിവാഹം ചെയ്ത് വടക്കൻചേരിയിൽ താമ സിക്കുന്നു. ബേബിച്ചൻ പോലീസ് ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗസ്ഥനാണ്. ഇവർക്ക് ആദർശ്, ആതിര എന്നീ രണ്ടു മക്കളുണ്ട്.

കുഞ്ഞമ്മച്ചൻെറ മകൾ അമ്മിണിയെ പീച്ചി കുന്നുംപുറത്ത് തോമസ് വിവാഹം കഴിച്ചു. ഇവർ കണ്ണാറ എന്ന സ്ഥലത്തു താമസിക്കുന്നു. ഇവർക്ക് ബ്ലസി, ബിബിൻ, അനിഷ, അനിറ്റാ എന്നീ നാലു മക്കളുണ്ട്. അനിഷ, അനിറ്റ എന്നിവർ ഇരട്ടസഹോദരങ്ങളാണ്.





കുഞ്ഞമ്മച്ചൻെറ മകൻ സിബിച്ചൻ വടക്കൻചേരിയിൽ വല്ലയിൽ ...യെ വിവാഹം ചെയ്ത് മാതാപിതാക്കളോടൊപ്പം താമസിക്കുന്നു. ഇവർക്ക് കിരൺ, കെവിൻ എന്നീ രണ്ടു മക്കളുണ്ട്. ഇവർ വിദ്യാർത്ഥിക ളാണ്.

കുഞ്ഞമ്മച്ചൻെറ ഇളയപുത്രിയായ ജിൻസിയെ വാണിയംപാറ മറ്റത്തിൽ ജോർജ് വിവാഹം ചെയ്ത് വാണിയംപാറയിൽ താമസിക്കുന്നു. ഇവർക്കു ...ബിൻ, ജിബിൻ എന്നീ രണ്ടു മക്കളുണ്ട്.

## IB ഉലഹന്നൻ മകൻ വർക്കി

വർക്കി കിഴപറയാർ വെള്ളാപ്പാട്ട് ഏലിയെ വിവാഹം ചെയ്ത് മുത്തോലി കവലിൽ ചൊള്ളനാനിക്കൽ തറവാട്ടിൽ താമസിച്ചു. ഇവർക്ക് ജോൺ, ...യക്കുട്ടി, ചിന്നമ്മ, തെയ്യാമ്മ എന്നീ നാലു മക്കളുണ്ട്.

## IB1 വർക്കി മകൻ ജോൺ (കൊച്ച് )

മൂത്തപുത്രനായ ജോൺ രാമപുരം ഇടക്കര പുത്തൻപുരയിൽ നിന്നും മത്തായി മകൾ കുഞ്ഞാമിയെ വിവാഹം ചെയ്തു. ഇവർക്ക് ജോർജ്ജ്, രാജമ്മ, മേരി, സെലിൻ എന്നീ നാലു മക്കളുണ്ട്. ഇപ്പോൾ ചന്ദനയ്ക്കാംപാറയിൽ താമസിക്കുന്നു. കുഞ്ഞാമി 2002 മാർച്ച് 29-ന് നിര്യാതയായി. ജോൺ 2002 നവംബർ 27-ന് നിര്യാതനായി.

## ജോൺ മകൻ ജോർജ്ജുകുട്ടി

ജോർജ്ജുകുട്ടി പൂഞ്ഞാർ വള്ളിയാംതടത്തിൽ ചാണ്ടി മകൾ മേരിയെ വിവാഹം ചെയ്തു. ഇവർക്ക് ജോജോ, സിജോ എന്നീ രണ്ട് ആൺകുട്ടികൾ ജനിച്ചു. ജോജോ മദ്രാസിൽ ജോലിചെയ്യുന്നു. സിജോ വിദ്യാർത്ഥിയാണ്. ഭാര്യ അകാലത്തിൽ നിര്യാതയായതിനെത്തുടർന്ന് ചന്ദനയ്ക്കാംപാറ ...തനംമാക്കൽ മത്തായി മകൾ ആലീസിനെ പുനർവി വാഹം ചെയ്തു. ഈ വിവാഹത്തിൽ ജോസഫ് എന്ന ഒരാൺകുട്ടിയും ബിജി, സിജി എന്നീ ഇരട്ടപെൺകുട്ടികളും ജനിച്ചു. ഇവർ വിദ്യാർത്ഥികളാണ്.

## ജോൺ മകൾ രാജമ്മ

രാജമ്മയെ തലമുണ്ടകത്തിൽ വർക്കി മകൻ ജോൺ വിവാഹം ചെയ്തു. ഇവർക്ക് സിബി, ബിജി എന്നീ രണ്ടു കുട്ടികളുണ്ട്.

## ജോൺ മകൾ മേരി

മേരിയെ പൈസക്കരി ഇടവക പന്തലാങ്കൽ മൈക്കിൾ മകൻ ആഗസ്തി വിവാഹം ചെയ്തു. ഇവർക്ക് ഷാജി, ഷിബി എന്നീ രണ്ടു പുത്രന്മാരും ഷീബ എന്ന ഒരു പുത്രിയും ജനിച്ചു.

## ജോൺ മകൾ മേരി

സെലിനെ തുടിയംപ്ലാക്കൽ മത്തായി മകൻ ജോസ് വിവാഹം ചെയ്തു. ഇവർക്ക് ദീപാ, ദിവ്യാ, ലിൻഡാ എന്നീ മൂന്നു പെൺകുട്ടികളും പ്രിൻസ് എന്ന ഒരാൺകുട്ടിയും ജനിച്ചു.

## IB2 വർക്കി മകൾ മറിയക്കുട്ടി

മറിയാമ്മയെ കാഞ്ഞിരപ്പള്ളി കുരിശുംമൂട്ടിൽ ചെറിയാച്ചൻ മകൻ ചാക്കോച്ചൻ വിവാഹം ചെയ്തു. ഇവർക്ക് എത്സമ്മ, ബാബു, വിൽസൺ, ഏലിയാമ്മ എന്നീ നാലു മക്കളുണ്ട്.

## IB3 വർക്കി മകൾ ചിന്നമ്മ

ചിന്നമ്മയെ ഇടമറ്റം മുണ്ടാട്ടുചുണ്ടയിൽ ഔസേപ്പച്ചൻ വിവാഹം ചെയ്ത് ഇടമറ്റത്ത് താമസിക്കുന്നു. ഇവർക്ക് രാജമ്മ, മേരി, റോസമ്മ, പയസ്, ജോർജ്ജ്, ജോസഫ് എന്നീ ആറു മക്കളുണ്ട്.

രാജമ്മയെ എരുമേലി കരിനാട്ട് ജോസഫ് വിവാഹം ചെയ്തു. ഇരുവരും യു.എസ്.എ-യിൽ ജോലി ചെയ്യുന്നു. മേരിയെ കാടാംകുളം ആയവന സിറിയക്ക് വിവാഹം ചെയ്തു. റോസമ്മയെ ചങ്ങനാശ്ശേരി കായി ത്തറയിൽ വിവാഹം ചെയ്തയച്ചു. മൂത്തമകൻ പയസ്സ് കോഴഞ്ചേരി സെൻറ് തോമസ് കോളേജ് അദ്ധ്യാപകനാണ്. ഇദ്ദേഹത്തിൻെറ പത്നി വൈക്കം കണ്ടത്തിൽ സോളിയാണ്. സോളി കോഴഞ്ചേരി ഇൻഡ്യൻ ഓവർസീസ് ബാങ്കിൽ ജോലി ചെയ്യുന്നു. ജോർജ്ജ് തൊടുപുഴ മഞ്ചേരിയിൽ സൂസനെ വിവാഹം ചെയ്ത് യു. എസ്. എ-യിൽ ജോലിചെയ്യുന്നു. ജോസഫ് ചങ്ങനാശ്ശേരി പാലാക്കുന്നേൽ ബെറ്റിയെ വിവാഹം ചെയ്ത് യു. എസ്. എ-ൽ ജോലി ചെയ്യുന്നു.


## IB4 വർക്കി-മകൾ തെയ്യാമ്മ

തെയ്യാമ്മയെ ആലപ്പുഴ കാപ്പിൽ (പൂണിയിൽ) വർക്കിച്ചൻ വിവാഹം ചെയ്ത് തത്തംപള്ളിയിൽ താമസിക്കുന്നു. ഇവർക്ക് മോൻസി, മേഴ്സി, ആലീസ്, ബാബു, ജോജോ, ജോളി എന്നീ ആറ് മക്കളുണ്ട്. വർക്കിയച്ചൻ 1999-ൽ നിര്യാതനായി.

●



## തെക്കേകോയിപ്പുറം ശാഖ



# തെക്കേകോയിപ്പുറം ശാഖ

## I വർക്കി മകൻ മത്തായി

നാഗനൂലിൽ തറവാട്ടിൽ താമസിച്ച വർക്കിയുടെ മകൻ മത്തായി പാലായിൽ മണ്ഡപത്തിൽനിന്ന് ത്രേസ്യയെ വിവാഹം ചെയ്ത് തെക്കേ കോയിപ്പുറത്ത് മാറിത്താമസിച്ചു. ഇവർക്ക് വർക്കി, തൊമ്മൻ, ജോസഫ്, മത്തായി, ഫിലിപ്പ് എന്നീ അഞ്ചു പുത്രന്മാരും കുഞ്ഞേലി, കൊച്ചന്ന എന്നീ രണ്ടു പുത്രിമാരും ജനിച്ചു.

## IG ഫിലിപ്പ് തെക്കേകോയിപ്പുറം

തെക്കേകോയിപ്പുറത്ത് തറവാട്ടിൽ താമസമാക്കിയ ഇളയമകൻ ഫിലിപ്പ് (കുഞ്ഞിപ്പാപ്പൻ) അയർക്കുന്നത്ത് കുടകശ്ശേരിൽ കോവുക്കുന്നേൽ



തെക്കേകോയിപ്പുറത്ത് മത്തായി ഫിലിപ്പും മറിയാമ്മയും.

മറിയാമ്മയെ വിവാഹംകഴിച്ച് തറവാട്ടിൽ താമസിച്ചു. ഇവർക്ക് പെണ്ണമ്മ എന്ന ഒരു പുത്രിയും അപ്പച്ചൻ (മാത്യു), സ്കറിയാച്ചൻ, ഔസേപ്പച്ചൻ, ജോർജ്ജുകുട്ടി എന്നീ നാലുപുത്രന്മാരും ഉണ്ടായി. ഫിലിപ്പ് 1993





സെപ്റ്റംബർ 20-ാം തീയതിയും, മറിയാമ്മ 1992 മാർച്ച് 17-ാം തീയതിയും നിര്യാതരായി.

## IG 1 ഫിലിപ്പ് മകൾ പെണ്ണമ്മ

ഫിലിപ്പിൻെറ മൂത്തപുത്രി പെണ്ണമ്മയെ പാലായിൽ മണിയഞ്ചിറ ക്കുന്നേൽ ജോസഫ് വിവാഹംകഴിച്ചു. ഇവർക്ക് അലക്സ്, ഫിലിപ്പ് എന്നീ രണ്ടു പുത്രന്മാരും ലിസമ്മ, ഗ്രേസമ്മ, റ്റെസിയമ്മ എന്നീ മൂന്നുപുത്രി മാരും ഉണ്ടായി.

## IG 2 ഫിലിപ്പ് മകൻ മാത്യു (അപ്പച്ചൻ)

ഫിലിപ്പിൻെറ മൂത്തപുത്രൻ മാത്യു (അപ്പച്ചൻ) പാലായിൽ മണിയ ഞ്ചിറക്കുന്നേൽ (പുഞ്ചക്കുന്നേൽ) മേരിയെ വിവാഹം കഴിച്ച് മുത്തോലി യിൽ താമസിക്കുന്നു. ഇവർക്ക് ഒരു പുത്രനും ഒരു പുത്രിയും ഉണ്ട്. മാത്യുവിൻെറ മൂത്തപുത്രി മേരിയെ (മേഴ്സി) കൊഴുവനാൽ വടക്കേ ക്കുറ്റ് ബേബിച്ചൻ വിവാഹംകഴിച്ചു. ഇവർക്ക് മിനു എന്ന ഒരു പുത്രിയും കുര്യച്ചൻ, മാത്തച്ചൻ എന്നീ രണ്ടു പുത്രന്മാരും ഉണ്ട്. മാത്യുവിൻെറ മകൻ ഫിലിപ്പ് (ബെന്നി), ഉരുളികുന്നം പാലക്കുഴയിൽ ബിനിയെ വിവാഹം കഴിച്ച് മാതാപിതാക്കളോടൊപ്പം മുത്തോലിയിൽ താമസിക്കുന്നു. ബെന്നി പാലായിൽ കമ്പ്യൂട്ടർ ബിസിനസ്സ് നടത്തുന്നു.




തെക്കേകോയിപ്പുറത്ത് മാത്യുവും കുടുംബവും.

## IG 3 ഫിലിപ്പ് മകൻ കറിയാച്ചൻ

ഫിലിപ്പിൻെറ രണ്ടാമത്തെ പുത്രൻ കറിയാച്ചൻ കുടമാളൂർ താഴത്തു കരിമ്പുമാലിയിൽ റോസമ്മയെ വിവാഹംകഴിച്ച് മലബാറിൽ കാഞ്ഞങ്ങാടിനടുത്ത് എണ്ണപ്പാറയിൽ താമസിക്കുന്നു. ഇവർക്ക് ബെന്നി (ഫിലിപ്പ്), ബോസ് (ചെറിയാൻ), ബെജി (മാത്യു), ജിബി എന്നീ നാലുപുത്രന്മാർ ഉണ്ട്. മൂത്തപുത്രൻ ബെന്നി തീക്കോയി പുതുകുളങ്ങര റജിയെ വിവാഹം കഴിച്ച് മലബാറിൽ താമസിക്കുന്നു. ഇവർക്ക് റോണി എന്ന ഒരുപുത്രനും റെന്നി, റെറ്റി എന്നീ രണ്ടുപുത്രിമാരും ഉണ്ട്. കറിയാച്ചൻെറ രണ്ടാമത്തെ പുത്രൻ ബോസ് തേർത്തല്ലി മാളിയേക്കൽ നിമ്മിയെ വിവാഹംകഴിച്ച് എണ്ണപ്പാറയിൽ താമസിക്കുന്നു. ഇവർക്ക് അരുണിമ റോസ് എന്ന ഒരു പുത്രിയുണ്ട്. കറിയാച്ചൻെറ ഇളയപുത്രന്മാരായ ബെജി മോനും, ജിബിയും വിദ്യാർത്ഥികളാണ്.

## IG 4 ഫിലിപ്പ് മകൻ ജോസഫ് (ഔസേപ്പച്ചൻ)

ഫിലിപ്പിൻെറ മൂന്നാമത്തെപുത്രൻ ഔസേപ്പച്ചൻ പെരിങ്ങളം കദളിക്കാട്ടിൽ ഏലിക്കുട്ടിയെ വിവാഹംകഴിച്ച് മുത്തോലിയിൽ താമസിക്കുന്നു. ഇവർക്ക് സണ്ണി, തോമസ്സ്, ജോജോ എന്നീ മൂന്നു പുത്രന്മാരുണ്ട്. മൂത്ത പുത്രൻ സണ്ണി അറക്കുളം പുളിയൻമാക്കൽ ലിസിയെ വിവാഹംചെയ്തു. ഇവർക്ക് അലീസ എന്ന ഒരുപുത്രിയും ജോസഫ്, ജെയിംസ് എന്നീ രണ്ടുപുത്രന്മാരും ഉണ്ട്. പുത്രന്മാർ ഇരട്ടസഹോദരങ്ങളാണ്.



ഫിലിപ്പ് മകൻ ജോസഫും (ഔസേപ്പച്ചൻ) കുടുംബാംഗങ്ങളും.



ലിസി ഗവ. സർവ്വീസിൽ, ആരോഗ്യവകുപ്പിൽ നേഴ്സാണ്. ഔസേപ്പച്ചൻെറ രണ്ടാമത്തെ പുത്രൻ തോമസ്, വാരിയാനിക്കാട് നിരപ്പേൽ ഷേർലിയെ വിവാഹംകഴിച്ചു. ഇവർക്ക് പ്രിയമോൾ എന്ന ഒരുപുത്രിയുണ്ട്. ഔസേപ്പച്ചൻെറ മൂന്നാമത്തെപുത്രനായ ജോജോ വിദ്യാർത്ഥിയാണ്.

## IG 5 ഫിലിപ്പ് മകൻ ജോർജ്ജുകുട്ടി

ഫിലിപ്പിൻെറ ഇളയമകൻ ജോർജ്ജുകുട്ടി മണ്ണയ്ക്കനാട് പകലോമറ്റത്തിൽ ആയ കുമ്പുളുങ്കൽ കുഞ്ഞുമാണിയുടെ ഇളയപുത്രി അച്ചാമ്മയെ വിവാഹംകഴിച്ച് തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് ഒരുപുത്രനും രണ്ടു പുത്രിമാരുമുണ്ട്. മൂത്തപുത്രി സിൽവിയെ പാലയ്ക്കാട്ടുമല നെല്ലിയാനിയിൽ സോജൻ വിവാഹംകഴിച്ചു. ഇവർക്ക് സുബിൻ (അലക്സ്) എന്ന ഒരുപുത്രനും സോന (അന്ന) എന്ന ഒരുപുത്രിയും ഉണ്ട്. ജോർജ്ജുകുട്ടിയുടെ രണ്ടാമത്തെപുത്രി ബിൻസിയും ഇളയപുത്രൻ ബിൻസുമോനും വിദ്യാർത്ഥികളാണ്. ജോർജുകുട്ടി നാഗനൂലിൽ- മണ്ണൂർ കുടുംബചരിത്രരചനാ കമ്മറ്റിയംഗംകൂടിയാണ്.

## I A മത്തായി മകൻ വർക്കി

മത്തായിയുടെ മൂത്തപുത്രൻ വർക്കി, മേവിട വെട്ടിക്കാട്ടുകുന്നേൽ അന്നമ്മയെ വിവാഹംകഴിച്ച് പഴനിലത്ത് താമസമാക്കി. അവർക്ക് മത്തായി, ജോസഫ് എന്നീ രണ്ടുപുത്രന്മാരും, ത്രേസ്യ, മറിയം, ഏലിക്കുട്ടി എന്നീ പുത്രിമാരും ജനിച്ചു.

## I A 1 വർക്കി മകൾ ത്രേസ്യാ

വർക്കിയുടെ മൂത്തമകൾ ത്രേസ്യയെ പൈകയിൽ വെച്ചൂർ കുഞ്ഞ് വിവാഹം ചെയ്തു. അവർക്ക് ആറു പുത്രന്മാരും മൂന്നുപുത്രിമാരും ജനിച്ചു. പുത്രന്മാരിൽ രണ്ടുപേർ സെൻറ് പോൾ സൊസൈറ്റിയിലെ വൈദികരായ ഫാ. ലിയോ, ഫാ. പോൾ എന്നിവരാണ്. ഇളയമകൻ ഡോ. ജയിംസ് E.N.T. സ്പെഷ്യലിസ്റ്റായി സേവനമനുഷ്ഠിക്കുന്നു. മറ്റു പുത്രന്മാരായ കൊച്ച്, ഔസേപ്പച്ചൻ, കറിയാച്ചൻ എന്നിവർ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു. ഏലിക്കുട്ടിയും സിസിലിയും ക്ലാരമഠത്തിൽ സന്യാസിനികളായി സേവനംചെയ്യുന്നു. അന്നമ്മയെ ഭരണങ്ങാനം പാറങ്കുളങ്ങര വീട്ടിൽ വിവാഹം ചെയ്തയച്ചു.

## I A 2 വർക്കി മകൾ മറിയം

വർക്കിയുടെ രണ്ടാമത്തെ മകൾ മറിയം (മാമ്മി)യെ മേവിട നായിപുരയിടത്തിൽ ദേവസ്യാ വിവാഹംകഴിച്ചു. അവർ മേവിടയിൽ താമസി

ക്കുന്നു. ഇവർക്ക് അഗസ്റ്റ്യൻ, ജോർജ്ജ്, മേരി, ചിന്നമ്മ എന്നിങ്ങനെ നാലുമക്കളുണ്ട്. മൂത്തമകൻ അഗസ്റ്റ്യൻ തറവാട്ടിൽ താമസിക്കുന്നു. മകൾ മേരിയെ ഭരണങ്ങാനം കൊട്ടാരത്തുംകുഴിയിൽ തോമസ്മാത്യു വിവാഹം കഴിച്ചു. ഇദ്ദേഹം ഒരു ചിരിത്രപണ്ഡിതനും സാഹിത്യകാരനുമാണ്. രണ്ടാമത്തെ പുത്രൻ ജോർജ്ജ് C.M.I സഭയിൽ വൈദികനായി ഇപ്പോൾ കാഞ്ഞിരപ്പള്ളി മേരിക്യൂൻസ് ഹോസ്പിറ്റൽ മാനേജരായി സേവനമനുഷ്ഠിക്കുന്നു. ഇളയമകൾ ചിന്നമ്മ C.M.C. സഭയിൽ ചേർന്ന് സി. ആലീസ് മരിയ എന്ന പേർ സ്വീകരിച്ച് ഹൈസ്കൂൾ അദ്ധ്യാപികയായി റിട്ടയർചെയ്തു. ഇപ്പോൾ വിളക്കുമാടം മഠത്തിൻെറ മദർസുപ്പീരിയറായി സേവനമനുഷ്ഠിക്കുന്നു.

## I A 3 വർക്കി മകൻ മത്തായി

മത്തായി കൊങ്ങാണ്ടൂർ കുളക്കാട്ടുവയലിൽ ജോസഫ് മകൾ ഏലിക്കുട്ടിയെ വിവാഹംചെയ്ത് പുന്നയ്ക്കലേക്ക് മാറിത്താമസിച്ചു. ഇവർക്ക് അച്ചാമ്മ, ജോസ്, ചിന്നമ്മ, ജോർജ്ജ്, ലൈസമ്മ, ജസമ്മ എന്നിങ്ങനെ ആറു മക്കളുണ്ടായി. മൂത്തപുത്രി അച്ചാമ്മ ആരാധനാമഠത്തിൽ ചേർന്ന് സി. ആനീസ് എന്ന പേരുസ്വീകരിച്ചു. സി. ആനീസ് ഹൈസ്ക്കൂൾ അദ്ധ്യാപികയായി സേവനംചെയ്തു റിട്ടയർചെയ്ത് ഇപ്പോൾ കടനാട്



തെക്കേകോയിപ്പുറത്ത് വർക്കി മത്തായിയും കുടുംബാംഗങ്ങളും.







സി. തെരേസ് കോയിപ്പുറം റോമിൽ വച്ച് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായെ സന്ദർശിക്കുന്നു.

മഠത്തിൽ വിശ്രമിക്കുന്നു. മക്കളിൽ രണ്ടാമത്തെയാളായ ജോസ്, പാദുവായിൽ കുഴി പ്ലാലയിൽ പാപ്പച്ചൻെറ മകൾ ലീലാമ്മയെ വിവാഹംചെയ്ത് മേവിടയിൽ താമസിക്കുന്നു. മിലിട്ടറിസർവ്വീസിൽനിന്നും റിട്ടയർചെയ്ത ജോസ് ഇപ്പോൾ കൃഷികാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ഇവർക്ക് ലിജിമോൾ, ജോമോൻ, സാജുമോൻ എന്നിങ്ങനെ മൂന്നുമക്കളുണ്ട്. മൂത്തമകൾ ലിജിയെ വയലാ, കന്നുവെട്ടിയിൽ ജോളി വിവാഹംചെയ്തു. ഇവർക്ക് പോപ്പിയെന്ന ഒരു ആൺകുട്ടിയുണ്ട്. ജോമോൻ L.I.C യിൽ ജോലിചെയ്യുന്നു. ഇളയപുത്രൻ സാജു I.T.I വിദ്യാർത്ഥിയാണ്.

മത്തായിയുടെ മക്കളിൽ മൂന്നാമത്തെ ആളായ ചിന്നമ്മ ആരാധനാമഠത്തിൽ ചേർന്ന് സി. മരിയ എന്ന പേർ സ്വീകരിച്ചു. ഇപ്പോൾ ചീങ്കല്ലേൽ L.P. സ്ക്കൂൾ ഹെഡ്മിസ്ട്രസായി സേവനംചെയ്യുന്നു.

മത്തായിയുടെ മക്കളിൽ നാലാമത്തെയാളായ ജോർജ്ജ് (വക്കച്ചൻ) കാഞ്ഞിരമറ്റം തോലാനിക്കൽ മാത്യുവിൻെറ മകൾ മോളിയെ വിവാഹം ചെയ്ത് പുന്നയ്ക്കൽ തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് മജിമോൾ, മജേഷ്, മരിയ എന്നിങ്ങനെ മൂന്നുമക്കളുണ്ട്. മൂത്തമകൾ മജിമോൾ MSc വിദ്യാർത്ഥിനിയാണ്. ഏകമകൻ മജേഷ് BCA വിദ്യാർത്ഥിയാണ്. ഇളയ മകൾ ഹൈസ്ക്കൂൾ വിദ്യാർത്ഥിനിയാണ്. ശ്രീ ജോർജ്ജ് കുടുംബചരിത്ര രചന കമ്മിറ്റി ജോയിൻറ് സെക്രട്ടറിയാണ്. ഇദ്ദേഹം മുത്തോലിയിലെ

അറിയപ്പെ ടുന്ന സാമൂഹികപ്രവർത്തകരിൽ ഒരാളാണ്. ഇപ്പോൾ വിൻസെൻഡി പോൾ പ്രസിഡൻറായും സേവനംചെയ്യുന്നു. കരിസ്മാറ്റിക് നവീകരണപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നു.

മത്തായിയുടെ മക്കളിൽ അഞ്ചാമത്തെ ആളായ ലൈസമ്മയെ ആർപ്പുക്കര പാലമറ്റത്തിൽ മത്തച്ചൻ വിവാഹംചെയ്തു. മത്തച്ചൻ കോട്ടയം മെഡിക്കൽ കോളേജിനടുത്ത് അശോകാപ്രസ്സ് എന്ന സ്ഥാപനം നടത്തുന്നു. ഇവർക്ക് ഷിൻേറായെന്ന ഒരുപുത്രനും ആൻസിയെന്ന ഒരുപുത്രിയുമുണ്ട്. ഇവർ വിദ്യാർത്ഥികളാണ്. മത്തായിയുടെ ഇളയപുത്രിയായ ജസ്സമ്മ തിരുഹൃദയസഭയിൽ ചേർന്ന് സിസ്റ്റർ തെരേസ് എന്ന പേര് സ്വീകരിച്ചു. സിസ്റ്റർ രണ്ടാം വട്ടവും തിരുഹൃദയമഠത്തിൻെറ കൗൺസിലറായി സേവനമനുഷ്ഠിക്കുന്നു. St.Thomas T.T.I യിൽ അദ്ധ്യാപികയായ സിസ്റ്റർ ഫിലിപ്പിൻസ്, റോം എന്നിവിടങ്ങളിൽ ഉന്നതവിദ്യാഭ്യാസംനടത്തിയിട്ടുണ്ട്. റോം സന്ദർശിച്ച് പരിശുദ്ധപിതാവിനെ നേരിട്ടുകാണുകയും ചെയ്തിട്ടുണ്ട്.

## I A 4 വർക്കി മകൾ ഏലിക്കുട്ടി

വർക്കിയുടെ മക്കളിൽ നാലാമത്തെയാളായ ഏലിക്കുട്ടി C.M.C സഭയിൽചേർന്ന് സിസ്റ്റർ പട്രീഷ്യാ എന്ന പേര് സ്വീകരിച്ചു. മദർസുപ്പീരിയറായും സ്ക്കൂൾ ഹെഡ്മിസ്ട്രസായും സേവനംചെയ്തിട്ടുള്ള സിസ്റ്റർ ഇപ്പോൾ കൂനമ്മാവ് മഠത്തിൽ വിശ്രമജീവിതം നയിക്കുന്നു.

## I A 5 വർക്കി മകൻ ജോസഫ് (പാപ്പച്ചൻ)

പാപ്പച്ചൻ കുറിച്ചിത്താനത്ത് പുത്തൻപുരയ്ക്കൽ (പകലോമറ്റത്തിൽ)നിന്നും അന്നമ്മയെ വിവാഹംകഴിച്ച് തറവാടായ പഴനിലത്ത് താമസിച്ചു. ഇവർക്ക് ജോർജ്ജ്, അപ്പച്ചൻ, പയസ്സ്, മാത്തച്ചൻ, തോമസ് എന്ന് അഞ്ച് ആൺമക്കളും ഗ്രേസി, കുട്ടിയമ്മ, ത്രേസ്യാമ്മ, മേരിക്കുട്ടി എന്നീ നാലു പെൺമക്കളുമുണ്ട്. പാപ്പച്ചൻ 1999 നവംബർ 19-ാം തീയതി നിര്യാതനായി.

പാപ്പച്ചൻെറ മൂത്തപുത്രൻ ജോർജ്ജ് കൊഴുവനാൽ ഇടിയാകുന്നേൽനിന്നും കുട്ടിയമ്മയെ വിവാഹംചെയ്തു. ഇവർക്ക് ബിനോയി, ബിനു, ബിൻസ് എന്നീ മൂന്നു പുത്രന്മാർ ജനിച്ചു. ഭാര്യ കുട്ടിയമ്മ മരിച്ചുപോയതിനാൽ ജോർജ്ജ് പിഴക് പുത്തൻപുരയ്ക്കൽ ഷൈനിയെ പുനർവിവാഹം ചെയ്ത് ഏലപ്പാറയിൽ താമസിക്കുന്നു. ഇവർക്ക് ഒരാൺകുട്ടിയുണ്ട്. ആദ്യവിവാഹത്തിലെ മൂത്തപുത്രൻ ബിനോയി നെടുങ്കണ്ടത്ത് പുറ്റനാനി







തെക്കേകോയിപ്പുറത്ത് (പഴനിലത്ത്) അപ്പച്ചനും കുടുംബാംഗങ്ങളും.

ക്കൽ ബിൻസിയെ വിവാഹംചെയ്തു. ഇവർക്ക് ഒരു ആൺകുട്ടിയുണ്ട്. ബിനു, ബിൻസ് എന്നിവർ വിദ്യാർത്ഥികളാണ്.

പാപ്പച്ചൻെറ മക്കളിൽ രണ്ടാമത്തെ ആളായ ഗ്രേസിയെ തറക്കുന്ന് ചൂരനോലിൽ അപ്പച്ചൻ വിവാഹംചെയ്ത് മൂഴൂരിൽ താമസിക്കുന്നു. ഇവർക്ക് റെജി, റെനി, റോയി, റോമി എന്നീ നാലുമക്കളുണ്ട്.

പാപ്പച്ചൻെറ മക്കളിൽ മൂന്നാമത്തെയാളായ കുട്ടിയമ്മ ആരാധന മഠത്തിൽ ചേർന്ന് Sr. എൽസിറ്റ് കോയിപ്പുറം എന്ന പേരുസ്വീകരിച്ച് നാഗാലാൻഡിൽ മിഷൻരംഗത്ത് സേവനംചെയ്യുന്നു.

പാപ്പച്ചൻെറ മക്കളിൽ നാലാമത്തെയാളായ അപ്പച്ചൻ (എമ്മാനുവൽ) ഇടമറ്റത്ത് മുണ്ടാട്ട് ആലീസിനെ വിവാഹംചെയ്തു കെഴുവങ്കുളത്ത് താമസിക്കുന്നു. ഇവർക്ക് നിഷ, നിക്സൺ എന്നീ രണ്ടുമക്കളുണ്ട്. നിഷയെ പിണ്ണാക്കനാട് കോക്കാട്ട് ഷാജി വിവാഹംചെയ്തു. ഇവർ ഇപ്പോൾ കാനഡായിൽ ജോലിചെയ്യുന്നു. ഇളയപുത്രൻ നിക്സൺ വിദ്യാർത്ഥിയാണ്.

പാപ്പച്ചൻെറ മക്കളിൽ അഞ്ചാമത്തെയാളായ പയസ്സ് (ജോസഫ്) പൂവരണി പന്തലാനിക്കൽ ജോസഫിൻെറ മകൾ ലില്ലിയെ വിവാഹം ചെയ്ത് മണ്ണാർക്കാട്ട് താമസിക്കുന്നു. ഇദ്ദേഹം മണ്ണാർകാട് M.E.S കോളേജ് പ്രഫസർ ആണ്. സംസ്ഥാനത്ത് അറിയപ്പെടുന്ന ഒരു കായികതാരമായ

ജോസഫ് പാലക്കാട് ജില്ലാറെസിലിംഗ് അസോസിയേഷൻ സെക്രട്ടറികൂടിയാണ്. ഇവർക്ക് മിനു, കുക്കു, ബിറ്റ എന്നീ മൂന്നുകുട്ടികളുണ്ട്.

പാപ്പച്ചന്റെ മക്കളിൽ ആറാമത്തെയാളായ ത്രേസ്യാമ്മ, ആരാധനമഠത്തിൽ ചേർന്ന് Sr.റെറ്റസി മരിയാ കോയിപ്പുറം എന്ന പേരുസ്വീകരിച്ചു. ഇപ്പോൾ കാഞ്ഞിരപ്പള്ളി തുലാപ്പള്ളിമഠത്തിൽ മദർസുപ്പീരിയറാണ്.

മക്കളിൽ ഏഴാമത്തെയാളായ മേരിക്കുട്ടിയെ പൂവരണി ചുക്കനാ നിക്കൽ സെബാസ്റ്റ്യൻ വിവാഹംചെയ്തു. ഇവർക്ക് ജിൻേറാ, ജിസ്നാ എന്നീ രണ്ടുമക്കളുണ്ട്.

പാപ്പച്ചന്റെ മക്കളിൽ എട്ടാമത്തെയാളായ മാത്തച്ചൻ (മാത്യു) ചെങ്ങളം നെടുംതകിടിയേൽ ഷൈനിയെ വിവാഹംചെയ്തു. കൊഴുവനാൽ ഇളപ്പുങ്കൽ താമസിക്കുന്നു. ഇവർക്ക് ലിയാൻ, ആൽബിൻ എന്നീ രണ്ടുമക്കളുണ്ട്.

പാപ്പച്ചന്റെ ഇളയപുത്രനായ തോമസ് ചുങ്കപ്പാറ മാടപ്പാട്ട് പ്രസീനയെ വിവാഹംചെയ്ത് തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് അമലു എന്ന ഒരു കുട്ടിയുണ്ട്. ഇദ്ദേഹം പാലാ ബാറിൽ അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്യുന്നു. ഇപ്പോൾ പാലാ ബാർഅസോസിയേഷൻ സെക്രട്ടറികൂടിയാണ്.

## IB മത്തായി മകൻ തൊമ്മൻ

നാഗനൂലിൽനിന്നും തെക്കേകോയിപ്പുറത്ത് താമസമാക്കിയ മത്തായിയുടെ രണ്ടാമത്തെപുത്രൻ തൊമ്മൻ ഇളയപുത്രൻ ഫിലിപ്പിനോടൊപ്പം തറവാട്ടിൽ താമസിച്ചു. തൊമ്മൻ പാലായിൽ വാഴയിൽ കുഞ്ഞന്നയെ വിവാഹംചെയ്തു. ത്രേസ്യായെന്ന ഏകപുത്രി ജനിച്ചശേഷം മാതാവ് കുഞ്ഞന്ന മരണമടഞ്ഞു. തൊമ്മൻ 6-6-1970-ൽ മരണമടഞ്ഞു. ത്രേസ്യായെ കിഴ പറയാർ തറപ്പേൽ വർക്കിജോസഫ് വിവാഹംകഴിച്ചു. ഇദ്ദേഹം മുൻമീന ച്ചിൽ പഞ്ചായത്ത് പ്രസിഡൻറുകൂടിയാണ്. അവർക്ക് T.J ജോർജ്ജ് (പാപ്പച്ചൻ) ജോസഫ് തോമസ്(അപ്പച്ചൻ), ബേബിച്ചൻ, മാർട്ടിൻ (സണ്ണി) എന്നീ നാലു പുത്രന്മാരും അച്ചാമ്മ, ചാച്ചിയമ്മ, മറിയമ്മ, റോസമ്മ എന്നീ നാലു പുത്രിമാരും ജനിച്ചു. മക്കളിൽ അഞ്ചാമത്തെയാളായ ബേബിച്ചൻ യൗവ്വനത്തിൽ (1968) മരണമടഞ്ഞു. പെൺമക്കളിൽ അച്ചാമ്മ, ചാച്ചിയമ്മ എന്നിവർ സെൻെറ് ആൻസ് മിഷൻ സന്യാസസമൂഹത്തിൽചേർന്ന് സിസ്റ്റർ ജയിൻ ഫ്രാൻസ്, സിസ്റ്റർ എലിസബത്ത് എന്നീ പേരുകൾ സ്വീകരിച്ച് വിശാഖപട്ടണത്ത് ജോലിചെയ്യുന്നു. മറിയമ്മയെ കൈനകരിയിൽ കളപ്പുരയ്ക്കൽ ദേവസ്യാച്ചൻ വിവാഹംചെയ്തു. ഡോ. റോസമ്മയെ അങ്കമാലി തച്ചിൽ ഡോ. തേമസ് വിവാഹംചെയ്തു. ഇരുവരും അങ്കമാലി ലിറ്റിൽഫ്ളവർ ഹോസ്പിറ്റലിൽ ജോലിചെയ്യുന്നു.





## IC മത്തായി മകൾ കുഞ്ഞേലി

തെക്കേകോയിപ്പുറത്ത് മാറിത്താമസിച്ച മത്തായിയുടെ മക്കളിൽ മൂന്നാമത്തെയാളായ കുഞ്ഞേലിയെ പാലാ പുളിയ്ക്കൽ ഐപ്പ് തൊമ്മൻ (കൊച്ചേട്ടൻ) വിവാഹംചെയ്തു. ഇവർക്ക് ജോസഫ് (കുഞ്ഞ്), മാത്യു (കുഞ്ഞുമത്തായി) എന്നീ രണ്ടാൺമക്കളും ഏലിക്കുട്ടിയെന്ന ഒരുമകളും ഉണ്ടായി.

## ID മത്തായി മകൾ കൊച്ചന്ന

നാഗനൂലിൽനിന്നും കോയിപ്പുറത്ത് മാറിത്താമസിച്ച മത്തായിയുടെ മക്കളിൽ നാലാമത്തെയാളായ കൊച്ചന്നയെ പൂവരണി (പുല്ലാട്ട്) കണ്ടത്തിൻകരയിൽ കുഞ്ഞ് വിവാഹംചെയ്തു. ഇവർക്ക് മത്തായി, ഔസേപ്പച്ചൻ, തൊമ്മച്ചൻ എന്നീ മൂന്നുപുത്രന്മാരും അന്നക്കുട്ടി, ഏലിക്കുട്ടി, കുഞ്ഞാമ്മ, ത്രേസ്യക്കുട്ടി, റോസക്കുട്ടി എന്നീ അഞ്ചുപുത്രിമാരുമുണ്ട്. മത്തായി, തൊമ്മച്ചൻ, ഏലിക്കുട്ടി, കുഞ്ഞാമ്മ എന്നിവർ നിര്യാതരായി. അന്നക്കുട്ടി, കർമ്മലീത്താമഠത്തിൽ ചേർന്ന് സിസ്റ്റർ ബൽബീനാ എന്ന പേർ സ്വീകരിച്ചു. ഇപ്പോൾ മുത്തോലി മഠത്തിൽ വിശ്രമിക്കുന്നു. അദ്ധ്യാപികയായും, പ്രധാനാദ്ധ്യാപികയായും ദീർഘകാലം സേവനംചെയ്തിട്ടുണ്ട്. ത്രേസ്യാക്കുട്ടി ആരാധനാമഠത്തിൽ ചേർന്ന് സിസ്റ്റർ ലിസ്യുട്രീസാ എന്ന പേർ സ്വീകരിച്ചു. അദ്ധ്യാപികയായി ജോലിയിൽനിന്നുംവിരമിച്ച സിസ്റ്റർ ഇപ്പോൾ കുര്യനാട് മഠത്തിൽ വിശ്രമിക്കുന്നു. റോസക്കുട്ടി പാറ്റ്നായിൽ മിഷൻ സന്യാസിനിയായി സേവനംചെയ്യുന്നു.

## IE മത്തായി മകൻ ജോസഫ് (റവ. ഫാ. ജോസഫ് കോയിപ്പുറം)

മത്തായിയുടെ ആൺമക്കളിൽ മൂന്നാമത്തെയാളായ ജോസഫ് (ജനനം 1898) വൈദികപഠനത്തിനുശേഷം 1925 ഡിസംബർ 20-ന് വാരാപ്പുഴയിൽനിന്നും വൈദികപട്ടം സ്വീകരിച്ചു. കുറവിലങ്ങാട്ട് അസേന്തിയായും പിന്നീട് ഏഴുവർഷക്കാലം പാലാ സെൻെറ് തോമസ് സ്ക്കൂൾ മാനേജരായും സേവനമനുഷ്ഠിച്ചു. തുടർന്ന് പുന്നത്തുറ, അറക്കുളം, ഇടമറുക്, പാലാ പുത്തൻപള്ളി, കുറുമണ്ണ്, പ്ലാശനാൽ, അരുവിത്തുറ, ഇലഞ്ഞി, മുട്ടുചിറ, നരിയങ്ങാനം, കൂടല്ലൂർ, തോട്ടയ്ക്കാട് എന്നീ പള്ളികളിൽ വികാരിയായും സേവനമനുഷ്ഠിച്ചു. കൂടല്ലൂർ പള്ളി

പുതുക്കിപണിതതും അറക്കുളം പുത്തൻ പള്ളിപണിയിച്ചതും ഇദ്ദേഹമാണ്. പിന്നീട് പാലാ കത്തീഡ്രൽപള്ളി വികാരിയായി ഏഴുവർഷക്കാലം സേവനമനുഷ്ഠിച്ചു. ഇദ്ദേഹം സെൻറ്തോമസ് സ്കൂൾ മാനേജരായിരുന്ന കാലത്താണ് പ്രൈമറിസ്കൂളിനും ട്രെയിനിംഗ്സ്കൂളിനും

പുതിയകെട്ടിടം നിർമ്മിച്ചത്. ഔദ്യോഗിക ജീവിതത്തിനുശേഷം പാലാ കത്തീഡ്രൽ പള്ളിയിൽ വിശ്രമജീവിതംനയിച്ചു. പാലാരൂപതയിലെ പ്രഗൽഭരായ വൈദികരിൽ ഒരാളായ ഇദ്ദേഹം 1992 ഫെബ്രുവരി 13-ന് ദിവംഗതനായി. പാലാ കത്തീഡ്രൽ പഴയപള്ളിയിൽ കബറടക്കി.

## IF മത്തായി മകൻ മത്തായി

നാഗനൂലിൽനിന്നും തെക്കേകോയിപ്പുറത്ത് മാറിത്താമസിച്ച മത്തായിയുടെ മക്കളിൽ ആറാമത്തെയാളായ മത്തായി പൊൻകുന്നത്ത് കുന്നേൽ മാളികയിൽ മാമ്മിയെ വിവാഹംകഴിച്ച് ദത്തവകാശത്തിൽ പൊൻകുന്നത്ത് താമസിച്ചു. ഇവർക്ക് മാത്യു, ചിന്നമ്മ, മറിയക്കുട്ടി, തൊമ്മച്ചൻ, കുട്ടിയച്ചൻ എന്നീ അഞ്ച് പുത്രീപുത്രന്മാർ ജാതരായി.

## IF 1 മത്തായി മകൻ മാത്യു


മാത്യു (പാപ്പച്ചൻ) തന്റെ ആദ്യഭാര്യയുടെ മരണശേഷം മുണ്ടക്കയത്തിനടുത്ത് മുക്കടയിൽ കൊല്ലക്കൊമ്പിൽനിന്നും ഏലിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്ക് പ്രിയ എന്നൊരു മകളുണ്ടായി. മാത്യു ബാഗ്ലൂർ H.M.T യിലെ ഉദ്യോഗസ്ഥനായി വിരമിച്ചു. ഇപ്പോൾ ബാഗ്ലൂരിൽ താമസിക്കുന്നു.

## IF 2 മത്തായി മകൾ ചിന്നമ്മ

ചിന്നമ്മയെ മുക്കൻ തോട്ടത്തിൽ പാപ്പച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ഡോളി, ബേബി, ഫ്രാൻസീസ്, ജോസുകുട്ടി, മാത്യു, ജാൻസ്സി, ലില്ലി, സിബി എന്നീ എട്ടുമക്കളുണ്ടായി. ഇപ്പോൾ മാനത്തൂരിൽ താമസി ക്കുന്നു.

## IF 3 മത്തായി മകൾ മറിയക്കുട്ടി

മറിയക്കുട്ടിയെ എരുമേലിൽ തൂങ്കുഴിയിൽ പാപ്പച്ചൻ വിവാഹം ചെയ്തു. ഇവർ ഡെയ്സി, ഗീതാ, എന്നീ രണ്ടുപെൺകുട്ടികളുണ്ട്. മറിയ ക്കുട്ടി അകാലത്തിൽ നിര്യാതയായി.



തൊമ്മച്ചൻ മകൻ
ജോർജ്ജുകുട്ടി

## IF 4 മത്തായി മകൻ തൊമ്മച്ചൻ

മത്തായിയുടെ ആൺമക്കളിൽ രണ്ടാമത്തെയാളായ തൊമ്മച്ചൻ പാലായിൽ ഇളങ്ങുളത്തു (പുഞ്ചേക്കുന്നേൽ) കുരുവിള മകൾ തെയ്യാമ്മയെ വിവാഹംകഴിച്ച് ചേർപ്പുങ്കലിന് സമീപം മാറിടത്തു താമസിക്കുന്നു. ഇവർക്ക് മേരി, റോസിലി, ജോർജ്ജ്കുട്ടി, കൊച്ചുത്രേസ്യ,





അൽഫോൻസാ എന്നീ അഞ്ച് മക്കൾ ജനിച്ചു. തൊമ്മച്ചന്റെ മൂത്തമകൾ മേരി (ലൗലി)യെ റാന്നി, കണ്ണമ്പള്ളിൽ ഇടിമണ്ണിക്കൽ ജോസഫിന്റെ മകൻ ഔസേഫ്കുട്ടി (ബാബു) വിവാഹംചെയ്തു. ഇപ്പോൾ കുടുംബസമേതം ദുബായിൽ താമസ്സിക്കുന്നു. ഇവർക്ക് അമ്പിളി, അനിൽ എന്നീ രണ്ടുമക്കളുണ്ട്.

തൊമ്മച്ചന്റെ മകൾ ഡയാന(റോസ്‌ലി)യെ വടയാർ മാപ്പിളപ്പറമ്പിൽ ജോസഫിന്റെ മകൻ ജോർജ്ജ് വിവാഹംകഴിച്ചു. ഡയാന സ്കൂൾ അദ്ധ്യാപികയാണ്. ജോർജ്ജ് Ex.- Service ആണ്. ഇവർക്ക് രസ്മി, ഉണ്ണി എന്നീ രണ്ടുകുട്ടികളുണ്ട്.

തൊമ്മച്ചന്റെ ഏകപുത്രനായ ജോർജ്ജ്കുട്ടി പ്ലാശനാൽ അധികാരത്തിൽ ഫ്രാൻസീസ്സിന്റെ മകൾ ലൗലിയെ വിവാഹംചെയ്തു. ഇവർ ദുബായിൽ ജോലിയിലായിരിക്കെ ജോർജ്ജ്കുട്ടി 1995 നവംബർ 28-ന് തന്റെ 36-ാം വയസ്സിൽ ഒരുകാറപകടത്തിൽ മരണ മടഞ്ഞു. അവർക്ക് തോമസ് (രാഹുൽ) ത്രേസ്സ്യാമ്മ (രവീണ) കാതെറൻ (രജിത) എന്നീ മൂന്നുകുട്ടികളുണ്ട്. രവീണയും രജിതയും ഇരട്ടസഹോദരിമാരാണ്. ലൗലി ഇപ്പോൾ ഭർത്താവിന്റെവീട്ടിൽ താമസിക്കുന്നു. കുട്ടികൾ മൂന്നും വിദ്യാർത്ഥികളാണ്.

തൊമ്മച്ചൻ മകൾ ഡാർളി (കൊച്ചുത്രേസ്യ)യെ പിഴക് ഇടഞ്ഞെട്ടയിൽ മാത്യു എബ്രഹാം വിവാഹംചെയ്തു തലയോലപ്പറമ്പിൽ താമസിക്കുന്നു. ഇവർക്ക് ശ്രുതി, സംഗീത എന്ന രണ്ടുപെൺകുട്ടികളുണ്ട്.

തൊമ്മച്ചന്റെ ഇളയപുത്രിയായ ലീനായെ(അൽഫോൻസാ) ഭരണങ്ങാനം ചുമപ്പുങ്കൽ ജോസഫിന്റെ മകൻ ജോമോൻ വിവാഹംചെയ്തു. ഇവർക്ക് അന്ന, ജോസഫ് എന്നീ രണ്ടുകുട്ടികളുണ്ട്.

## IF 5 മത്തായി മകൻ കുട്ടിയച്ചൻ


മത്തായിയുടെ ഇളയപുത്രൻ കുട്ടിയച്ചൻ നെടുംകണ്ടത്തിൽ പീലിയാനിക്കൽ മറിയാമ്മയെ വിവാഹംകഴിച്ച് പൊൻകുന്നത്ത് തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് ബെറ്സി, ബെൻസി എന്നീ രണ്ടുപുത്രിമാരും ബേബിച്ചനെന്ന ഒരുപുത്രനും ജനിച്ചു.

ബെഴ്സിയെ കൊരട്ടിക്കടുത്ത് കടുമൂഴിയിൽ കല്ലൂക്കുളങ്ങര ഷാജി വിവാഹംകഴിച്ചു. ഇവർക്ക് രണ്ടുകുട്ടികളുണ്ട്.

ബെൻസിയെ പൈകയിൽ കൊരട്ടിയിൽ ഷിമ്മി വിവാഹംകഴിച്ചു. ഇവർ പൈകയിൽ ബിസിനസ്സ് ചെയ്യുന്നു.

കുട്ടിച്ചന്റെ ഏകമകൻ ബേബിച്ചൻ പിതാവിനോടൊപ്പം തറവാട്ടിൽ താമസിക്കുന്നു.

# പുതിയാത്ത് ശാഖ






# പുതിയാത്ത് ശാഖ

നാഗനൂലിൽ തറവാട്ടിൽ താമസമാക്കിയ പോത്തൻെറ ആറ് ആൺമക്കളിൽ മൂത്തയാളായ മത്തായി പുതിയാത്ത് മാറിത്താമസിച്ചു. മത്തായിക്ക് മൂന്ന് ആൺമക്കളുണ്ടായി. മത്തായി, പോത്തുണ്ണി, കുഞ്ഞമ്മൻ.

## മത്തായി മകൻ മത്തായി

മത്തായിയുടെ മൂത്തപുത്രനായ മത്തായി വൈദികനായിത്തീർന്നു. സുപ്രസിദ്ധവാഗ്മിയായിരുന്നു ഇദ്ദേഹം. ദീർഘനാൾ വരാപ്പുഴ മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1990 ൽ പ്രകാശനം ചെയ്ത പാലാ കത്തീഡ്രൽ പള്ളിയുടെ സ്മരണികയിൽ ബ:കൊച്ചുമത്തായിയച്ചൻ 19-ാം നൂറ്റാണ്ടിൻെറ ആദ്യദശകത്തിൽ ചങ്ങനാശ്ശേരി രൂപതയിൽ സേവനം ചെയ്തിരുന്നതായി കാണുന്നു.

## മത്തായി മകൻ പോത്തുണ്ണി

മത്തായിയുടെ രണ്ടാമത്തെ പുത്രനായ പോത്തുണ്ണി മേവിട മൂലമുണ്ടയിലേക്കു ദത്തുപോയി.

മത്തായിയുടെ മൂന്നാമത്തെ മകനായ കുഞ്ഞമ്മൻ പുളിങ്കുന്ന് വാച്ചാപറമ്പിൽനിന്നും വിവാഹം കഴിച്ച് തറവാട്ടിൽ താമസിച്ചു. അദ്ദേഹം സന്താനങ്ങളില്ലാതെ അകാലത്തിൽ മരിച്ചു.

സഹോദരൻെറ മരണാനന്തരം പോത്തുണ്ണി പുതിയാത്ത് തറവാട്ടിൽ തിരികെവന്ന് താമസമാക്കി. ഒരു പുത്രനും (കുഞ്ഞ്) മൂന്ന് പുത്രിമാരുമുണ്ടായി.

## പോത്തുണ്ണി മകൻ കുഞ്ഞ് (പാപ്പി)

പോത്തുണ്ണിയുടെ ഏകപുത്രനായ കുഞ്ഞ് മാന്നാനത്ത് പെരുമാലിൽനിന്നും വിവാഹം കഴിച്ചു. ഇവർക്ക് പോത്തൻ, കുഞ്ഞുവർക്കി എന്നീ രണ്ടു പുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു.

## I കുഞ്ഞ് മകൻ പോത്തൻ

കുഞ്ഞിൻെറ മൂത്തപുത്രനായ പോത്തൻ മൂലമുണ്ടയിൽ താമസമാക്കി. അദ്ദേഹം ഇടമറ്റത്ത് പുലിക്കുന്നേൽ കുഞ്ഞേലിയെ വിവാഹം കഴിച്ചു. ഇവർക്ക് കുഞ്ഞുപെണ്ണ്, അച്ചാമ്മ, അപ്പി, കുട്ടി, കൊച്ചോ എന്നീ അഞ്ചുപെൺമക്കളും കുഞ്ഞേപ്പ് എന്ന പുത്രനുമുണ്ടായി.

## II കുഞ്ഞ് മകൻ കുഞ്ഞുവർക്കി

കുഞ്ഞിൻെറ (പാപ്പി) ഇളയപുത്രനായ കുഞ്ഞുവർക്കി പൂവരണി പാറേക്കാട്ടുനിന്നും അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് കുഞ്ഞൗത, പാപ്പി, സ്കറിയ, കുഞ്ഞ് എന്നീ നാലുമക്കൾ ഉണ്ടായി.

കുഞ്ഞിൻെറ (പാപ്പി)യുടെ മൂന്നുപുത്രിമാരിൽ ഒരാളെ പാലാ കിഴക്കേക്കര (താഴത്തുവീട്ടിൽ) വിവാഹം ചെയ്തയച്ചു. ദീർഘകാലം പാലാ സെൻറ് തോമസ് ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിച്ച കെ. സി. സെബാസ്റ്റ്യൻ ഇവരുടെ പുത്രനാണ്. ഒരു പുത്രിയെ കൊഴുവനാൽ കിഴക്കേമുറിയിലും മൂന്നാമത്തെ പെൺകുട്ടിയെ പാലാ ചെറുചെപ്പിലും വിവാഹം ചെയ്തയച്ചു.

## IA പോത്തൻ മകൾ കുഞ്ഞുപെണ്ണ്

മൂലമുണ്ടയിൽ താമസിച്ച പോത്തൻെറ മൂത്തമകളായ കുഞ്ഞുപെണ്ണിനെ പാറേക്കാട്ട് ഉലഹന്നാൻ വിവാഹം ചെയ്തു. ഇവർക്ക് കുഞ്ഞ്, സ്കറിയ, മത്തായി, പാപ്പച്ചൻ, തോമാച്ചൻ, ഔസേപ്പച്ചൻ, മാണിച്ചൻ എന്നീ ഏഴ് ആൺമക്കളും കുഞ്ഞേലി, തെറുതിക്കുട്ടി എന്നീ രണ്ടു പെൺമക്കളും ജനിച്ചു.

## IB പോത്തൻ മകൾ അച്ചാമ്മ

പോത്തൻെറ രണ്ടാമത്തെ മകൾ അച്ചാമ്മയെ കൊഴുവനാൽ പെരികലക്കാട്ട് കുഞ്ഞ് (തൊമ്മൻ) വിവാഹംകഴിച്ച് തെക്കെ മൂലമുണ്ടയിൽ (ഞാറക്കുഴിയിൽ) ദത്തവകാശത്തിൽ താമസമാക്കി. ഇവർക്ക് കുഞ്ഞുകുട്ടി എന്ന പുത്രനും ഏലിക്കുട്ടി, കുഞ്ഞുപെണ്ണ്, മറിയക്കുട്ടി, കുട്ടി യമ്മ എന്നീ നാലു പുത്രിമാരും ഉണ്ടായി.



കൊഴുവനാൽ തെക്കേമൂലമുണ്ടയിൽ തൊമ്മൻ എബ്രാഹവും ഭാര്യ മറിയാമ്മ എബ്രാഹവും.

അവരിൽ ഏലിക്കുട്ടിയെ കൊഴുവനാൽ പൊന്നുംപുരയിടത്തിൽ കുഞ്ഞുമത്തായിയും, കുഞ്ഞുപെണ്ണിനെ പാദുവാ കൂർക്കമറ്റത്തിൽ വർക്കിയച്ചനും, മറിയക്കുട്ടിയെ അയർക്കുന്നത്ത് എടയാലിയിൽ കുഞ്ഞും വിവാഹം കഴിച്ചു. ഏലിക്കുട്ടിക്ക് പെണ്ണമ്മ, ചെറിയാച്ചൻ, തങ്കമ്മ,





…ലിക്കുട്ടി, ജോസ്സ്, കൊച്ചുത്രേസ്യ എന്നീ ആറുമക്കൾ ജനിച്ചു. കുഞ്ഞുപെണ്ണിന് ആലീസ്, പെണ്ണമ്മ, ഫിലോ, ജോർജ്ജുകുട്ടി, സെലിൻ, …ളിൻ എന്നീ ആറു മക്കളുണ്ട്. സെലിൻ എഫ്.സി.സി. സഭയിൽ ചേർന്ന് സന്ന്യാസിനിയായി. സെലിൻ സ്കൂളദ്ധ്യാപികയായി സേവനം ചെയ്യുന്നു.

മറിയക്കുട്ടിക്ക് തങ്കമ്മ, മാത്തുക്കുട്ടി, തോമാച്ചൻ, ഔസേപ്പച്ചൻ, സൂസ്സമ്മ, …ിംസ്, അവിരാച്ചൻ, ജോബി, എന്നീ എട്ടു മക്കളുണ്ട്. കുട്ടിയമ്മ ബാല്യത്തിൽത്തന്നെ നിര്യാതയായി.

## തൊമ്മൻ-അച്ചാമ്മ ദമ്പതി മകൻ കുഞ്ഞുകുട്ടി

കുഞ്ഞുകുട്ടി ചേർപ്പുങ്കൽ കീച്ചറക്കുടുംബാംഗമായ മാമ്മിയെ വിവാഹം കഴിച്ചു. അവർക്ക് പാപ്പച്ചൻ, അവിരാച്ചൻ, ഇന്നാമ്മ, മേരി, ഏലിക്കുട്ടി, ത്രേസ്യാമ്മ എന്നീ ആറുമക്കൾ ജനിച്ചു.

## കുഞ്ഞുകുട്ടി മകൻ പാപ്പച്ചൻ

പാപ്പച്ചൻ പുന്നത്തുറ പൊറ്റേടത്തിൽ നൈനാൻെറ പുത്രി ത്രേസ്യാമ്മയെ വിവാഹംകഴിച്ചു. ഇവർക്ക് കുട്ടിയച്ചൻ, മേഴ്സി, ആൻസി, ബിനോയി എന്നീ നാലുകുട്ടികൾ ജനിച്ചു. ഇവരിൽ ബിനോയി വൈദികനായി മേഘാലയത്തിൽ സേവനം ചെയ്യുന്നു.

## കുഞ്ഞുകുട്ടി മകൻ അവിരാച്ചൻ (എബ്രാഹം)

അവിരാച്ചൻ പൈക പാറേക്കാട്ട് മറ്റപ്പള്ളിൽ കുഞ്ഞേപ്പിൻെറ മകൾ ഏലമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ഷൈനി, ഷിൻേറാ എന്നീ രണ്ടു മക്കൾ ഉണ്ടായി. ഇവർ കൊഴുവനാൽ തറവാട്ടിൽ (ഞാറക്കുഴിയിൽ) താമസിക്കുന്നു. ഷൈനിയെ എലിവാലി കിഴക്കേക്കര കുര്യാക്കോസ് മകൻ പ്രിൻസ് വിവാഹം ചെയ്ത് എറണാകുളത്ത് താമസിക്കുന്നു. പ്രിൻസ് എൻജിനീയറാണ്. ഷിൻേറാ വിദ്യാർത്ഥിയാണ്.

## കുഞ്ഞുകുട്ടി മകൾ ഇത്താമ്മ

ഇത്താമ്മ തിരുഹൃദയമഠത്തിൽ ചേർന്ന് സി. അനസ്താസിയ എന്ന പേര് സ്വീകരിച്ചു. സ്കൂൾ സേവത്തിൽനിന്നും വിരമിച്ച് തമ്പലക്കാട്ടു മഠത്തിൽ വിശ്രമിക്കുന്നു.

## കുഞ്ഞുകുട്ടി മകൾ മേരി

മേരിയെ ചെറുവള്ളിൽ കാട്ടൂപീടികയിൽ ജോസഫ് വിവാഹം കഴിച്ചു.



കൊഴുവനാൽ തെക്കേമൂല മുണ്ടയിൽ എബ്രാഹവും ഭാര്യ ഏലമ്മയും കുടുംബാംഗങ്ങളും. ഷൈനി ഭർത്താവ് പ്രിൻസ്സ് മകൻ ഷിൻേറാ.

ഇവർക്ക് തങ്കച്ചൻ, റ്റോമി, മിനി, സുനി, ബിനോയി എന്നീ അഞ്ചു മക്കൾ ജനിച്ചു. ഇവരിൽ ബിനോയി വൈദികവിദ്യാർത്ഥിയാണ്.

## കുഞ്ഞുകുട്ടി മകൾ ഏലിക്കുട്ടി

ഏലിക്കുട്ടിയെ കടപ്ലാമറ്റത്ത് കുന്നപ്പള്ളി കുഞ്ഞ് വിവാഹം കഴിച്ചു. ഇവർക്ക് ഷാജി, ബിജു, സജി എന്നീ മൂന്ന് ആൺമക്കളുണ്ടായി. ഇവർ കാഞ്ഞാങ്ങാട്ട് താമസിക്കുന്നു.

## കുഞ്ഞുകുട്ടി മകൾ ത്രേസ്യാമ്മ

ത്രേസ്യാമ്മയെ നാലുമുക്ക് പ്ളാത്തിക്കൽ എബ്രാഹം വിവാഹം കഴിച്ചു.

## IC പോത്തൻ മകൾ അപ്പി

പോത്തൻെറ മൂന്നാമത്തെ മകൾ അപ്പിയെ പാലാ മണിയഞ്ചിറ യിൽ വിവാഹം ചെയ്തയച്ചു. അപ്പിക്ക് കുഞ്ഞ്, പീലിക്കുട്ടി, ഔസേപ്പച്ചൻ, പാപ്പച്ചൻ, തോമാച്ചൻ, അച്ചാമ്മ എന്നീ ആറുമക്കൾ ഉണ്ട്. ഇതിൽ പാപ്പച്ചൻ സലേഷ്യൻ സഭയിൽ ചേർന്ന് വൈദികനായി ഷില്ലോംഗിൽവച്ച് തീവ്ര വാദികളുടെ വെടിയേറ്റ് രക്തസാക്ഷിത്വം വരിച്ചു.





## ID പോത്തൻ മകൾ കുട്ടി

നാലാമത്തെ മകൾ കുട്ടിയെ കരൂർ കുട്ടിയാനിയിൽ കുഞ്ഞൗസേപ്പ് വിവാഹം കഴിച്ചു. ഇവർക്ക് പാപ്പച്ചൻ, അച്ചാമ്മ, കുട്ടിയമ്മ, മറിയക്കുട്ടി എന്നീ നാലുമക്കളുണ്ട്. അച്ചാമ്മയെ കാഞ്ഞിരമറ്റത്ത് ആലയ്ക്കൽ ചാക്കോച്ചനും, കുട്ടിയമ്മയെ കാവാലത്ത് കരിപ്പാശ്ശേരിൽ ഔസേപ്പച്ചനും വിവാഹം ചെയ്തു. മറിയക്കുട്ടിയെ വിവാഹം ചെയ്തിരിക്കുന്നത് എം. ജി. യൂണിവേഴ്സിറ്റിയുടെ പ്രഥമ വൈസ് ചാൻസലറായിരുന്ന പയപ്പാറ്റിൽ അറയ്ക്കൽ ഡോ. എ. ടി. ദേവസ്യാ ആണ്.

## IE പോത്തൻ മകൻ കൊച്ചോ

അഞ്ചാമത്തെ മകൾ കൊച്ചോയെ പാലാ പുഞ്ചക്കുന്നേൽ കുഞ്ഞൗസേപ്പ് വിവാഹം കഴിച്ചു. ഇവർക്ക് കൊച്ച്, കുട്ടിയച്ചൻ, തോമാച്ചൻ, ഔസേപ്പച്ചൻ, ചെറിയാച്ചൻ എന്നീ അഞ്ച് ആൺമക്കളും ജനിച്ചു. ഇവരിൽ തോമ്മാച്ചനും ഔസേപ്പച്ചനും സലേഷ്യൻ സഭയിൽ ചേർന്ന് വൈദികരായി. ഇന്നാമ്മ തിരു ഹൃദയമഠത്തിലും, തെയ്യാമ്മ ക്ലാരമഠത്തിലും ചേർന്ന് സന്യാസിനികളായി.

## IF പോത്തൻ മകൻ കുഞ്ഞേപ്പ്

പോത്തൻെറ ഏകപുത്രനായ കുഞ്ഞേപ്പ് അരുവിത്തുറ പുളുക്കിയിൽ കുറുവച്ചൻെറ മകൾ റോസമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് കുട്ടിയച്ചൻ എന്നു പേരുള്ള ഒരു പുത്രനുണ്ടായി. ഏറെ താമസിയാതെ മാതാവ് റോസമ്മ അകാലചരമം പ്രാപിച്ചു.

റോസമ്മയുടെ മരണശേഷം കുഞ്ഞേപ്പ് അയർക്കുന്നത്ത് വല്യേ ലിൽ പോത്തൻെറ മകൾ റോസമ്മയെ വിവാഹം ചെയ്തു. ഈ വിവാഹത്തിൽ പെണ്ണമ്മ, കുട്ടപ്പൻ, അച്ചാമ്മ, അപ്പച്ചൻ, ബേബിച്ചൻ, ലീലാമ്മ, റോസമ്മ, അവിരാച്ചൻ, വത്സമ്മ, ലൂസിയാമ്മ, വർക്കിയച്ചൻ എന്നീ പതിനൊന്ന് മക്കൾ ജനിച്ചു. കുഞ്ഞേപ്പ് പിന്നീട് കെഴുവങ്കുളത്ത് പുള്ളിയിൽ പുരയിടത്തിലേക്കു മാറിത്താമസിച്ചു. അതിനുശേഷം പുള്ളിയിൽ കുഞ്ഞേപ്പ് എന്നപേരിലാണ് അറിയപ്പെട്ടിരുന്നത്.

## കുഞ്ഞേപ്പ് മകൻ കുട്ടിയച്ചൻ

കുഞ്ഞേപ്പിൻെറ ആദ്യവിവാഹത്തിലെ മകൻ കുട്ടിയച്ചൻ ഐങ്കൊമ്പ് തെക്കേക്കണ്ടത്തിൽ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ജോമോൻ, ജോജി, ജോണി എന്നീ മൂന്ന് ആൺമക്കളുണ്ടായി. ഇവരിൽ ജോമോൻ എറണാകുളത്തും, ജോജി മദ്രാസിലും, ജോണി അമേരിക്കയിലും സ്ഥിര താമസമാക്കി. കുട്ടിയച്ചൻ കുടുംബസഹിതം മദ്രാസിൽ താമസിച്ചിരുന്നു

പിന്നീട് നാട്ടിലേക്കു തിരിച്ചുവരുകയും ഏറെത്താമസിയാതെ മരണമടയുകയും ചെയ്തു.

## കുഞ്ഞേപ്പ് മകൾ പെണ്ണമ്മ

കുഞ്ഞേപ്പിൻെറ രണ്ടാംവിവാഹത്തിലെ മൂത്തമകൾ പെണ്ണമ്മയെ ഐക്കൊമ്പിൽ ചോക്കാട്ട് കുട്ടിയച്ചൻ വിവാഹം കഴിച്ചു. ഇവർക്ക് ഡാർളി, സോവിച്ചൻ, ഉണ്ണി, കുഞ്ഞുമോൻ, പ്രിൻസ് എന്നീ അഞ്ചുമക്കളുണ്ടായി.

## കുഞ്ഞേപ്പ് മകൻ കുട്ടപ്പൻ

കുഞ്ഞേപ്പിൻെറ പുനർവിവാഹത്തിലെ പുത്രനായ കുട്ടപ്പൻ അഞ്ഞൂറ്റിമംഗലം കുടക്കച്ചിറ കുഞ്ഞിൻെറ മകൾ വത്സമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ലിസി, സണ്ണി, സാജു, ലീന, ബാബു, സുനിൽ എന്നീ ആറുമക്കളുണ്ട്. കുട്ടപ്പൻ ഇപ്പോൾ ഏന്തയാറ്റിൽ താമസിക്കുന്നു.

## കുഞ്ഞേപ്പ് മകൾ അച്ചാമ്മ

അച്ചാമ്മയെ കപ്പാട്ട് കപ്പലുമാക്കൽ പാപ്പച്ചൻ വിവാഹം കഴിച്ചു. ഇപ്പോൾ മംഗലാപുരത്ത് സിറിലാൽ എന്നസ്ഥലത്ത് താമസിക്കുന്നു. ഇവർക്ക് റ്റോമി, ജോസ്, സണ്ണി, സിബി എന്നീ ആൺമക്കളും ഡോളി, ജിജി എന്നീ പെൺമക്കളുമുണ്ട്.

## കുഞ്ഞേപ്പ് മകൻ അപ്പച്ചൻ

അപ്പച്ചൻ തുരുത്തിവെള്ളേക്കളത്തിൽ ഔതച്ചൻെറ മകൾ സിസിലിക്കുട്ടിയെ വിവാഹം കഴിച്ചു. റോസിലി, കുട്ടിയച്ചൻ, ബേബി എന്നിവർ മക്കളാണ്.

## അപ്പച്ചൻ മകൾ റോസിലി

റോസിലിയെ അരുവിത്തുറ പ്ലാത്തോട്ടത്തിൽ മാത്തച്ചൻ വിവാഹം കഴിച്ചു.

## അപ്പച്ചൻ മകൻ കുട്ടിയച്ചൻ

കുട്ടിയച്ചൻ കൈനടി പട്ടർകളത്തിൽ ജോർജ്ജിൻെറ മകൾ ഷൈനിയെ വിവാഹം കഴിച്ചു. അപ്പച്ചൻ നിര്യാതനായി. കുടുംബം കൊഴുവനാൽ മലയിരുത്തിയേൽ താമസിക്കുന്നു.

## കുഞ്ഞേപ്പ് മകൻ ബേബി

ബേബി എയർഫോഴ്സിൽ കുറെക്കാലം സേവനമനുഷ്ഠിച്ചശേഷം





തിരികെവന്ന് അവിവാഹിതനായി സ്വസഹോദരൻ അപ്പച്ചൻെറ ഭവനത്തിൽ താമസിക്കുന്നു.

## കുഞ്ഞേപ്പ് മകൾ ലീലാമ്മ

ലീലാമ്മയെ പൂവത്തിളപ്പ് ഇലവനാൽ ഉമ്മച്ചൻെറ മകൻ ജോർജ്ജുകുട്ടി വിവാഹംകഴിച്ച് മണ്ണാർകാട്ട് താമസിക്കുന്നു. ഇവർക്ക് ലാലി, സോജൻ, സോവിച്ചൻ എന്നീ മൂന്നുമക്കളുണ്ട്.

## കുഞ്ഞേപ്പ് മകൾ റോസമ്മ

റോസമ്മ ക്ലാരമഠത്തിൽ ചേർന്ന് സി. വിമൽ റോസ് എന്ന പേരു സ്വീകരിച്ചു. മരിയൻസെൻററിൽ നേഴ്സായി ജോലി ചെയ്തശേഷം ഇപ്പോൾ പഞ്ചാബിൽ മിഷൻപ്രവർത്തനം നടത്തുന്നു.

## കുഞ്ഞേപ്പ് മകൻ അവിറാച്ചൻ

അവിരാച്ചൻ അയർക്കുന്നത്ത് വെട്ടുവേലിൽ ഓനച്ചൻെറ മകൾ ലില്ലിക്കുട്ടിയെ വിവാഹം കഴിച്ചു. ഇപ്പോൾ മലയിരുത്തിയിൽ താമസിക്കുന്നു. ഇവർക്ക് സിസി, ജോസി, ജോബി, സൂസമ്മ, ജോയിസ് എന്നീ അഞ്ചു മക്കളുണ്ട്. ഇവരിൽ സിസിയെ കുറുപ്പുംതറ മറ്റപ്പള്ളിൽ ബിന്ദു വിവാഹം കഴിച്ചു. രണ്ടുകുട്ടികളുമുണ്ട്. ജോസി, ജോബി, സൂസമ്മ, ജോയിസ് ഇവർ വിദ്യാർത്ഥികളാണ്. അവിരാച്ചൻ മരണമടഞ്ഞു.

## കുഞ്ഞേപ്പ് മകൾ വത്സമ്മ

വത്സമ്മയെ പന്തത്തല പടിഞ്ഞാറെമുറിയിൽ തോമസിൻെറ മകൻ തോമസുകുട്ടി വിവാഹം കഴിച്ചു. ഇവർക്ക് ബോബി, ബാബു, ബെൻസി എന്നീ മൂന്നു മക്കളുണ്ട്.

## കുഞ്ഞേപ്പ് മകൾ ലൂസിയാമ്മ

ലൂസിയാമ്മയെ മരങ്ങാട്ടുപള്ളിയിൽ കരിക്കാട്ടുകണ്ണിയേൽ ചാക്കോ യുടെ മകൻ തോമാച്ചൻ വിവാഹം കഴിച്ചു. ജേക്കബ്, സൗമ്യ, വിബിൻ എന്നീ മൂന്നു മക്കൾ ഉണ്ട്.

കുഞ്ഞേപ്പിൻെറ ഇളയ മകൻ വർക്കിച്ചൻ അവിവാഹിതനായി അങ്കമാലിയിൽ താമസിക്കുന്നു.

## പുതിയാത്ത് പാപ്പി (കുഞ്ഞ് ) മകൻ കുഞ്ഞുവർക്കി

പുതിയാത്തു തറവാട്ടിൽ താമസിച്ച കുഞ്ഞുവർക്കി പൂവരണി പാറേക്കാട്ടുനിന്ന് അന്നമ്മയെ വിവാഹം കഴിച്ചു. അവർക്ക് കുഞ്ഞൗത, പാപ്പി, സ്കറിയ, കുഞ്ഞ് എന്നീ നാല് ആൺമക്കൾ ജനിച്ചു.

## IIA കുഞ്ഞുവർക്കി മകൻ കുഞ്ഞവുത

കുഞ്ഞൗത പുന്നത്തറ കാക്കത്തുരുത്തേൽ വർക്കിയുടെ മകൾ കുഞ്ഞുപെണ്ണിനെ വിവാഹം കഴിച്ചു. ഇവർക്ക് വക്കച്ചൻ, അവിരാച്ചൻ, മത്തച്ചൻ, കുഞ്ഞ്, അന്നമ്മ എന്നീ അഞ്ചു മക്കൾ ജനിച്ചു. കുഞ്ഞൗത



പുതിയാത്ത് കുഞ്ഞൗതയുടെ കുടുംബം.

നെടിയീന്തുങ്കൽ പുരയിടത്തിലേക്കു മാറിത്താമസിച്ചു. 39-ാം വയസ്സിൽ കുഞ്ഞൗത മരണമടഞ്ഞു. ഇളയപുത്രൻ കുഞ്ഞ് ശൈശവത്തിൽ മരിച്ചു. 13-4-86-ൽ കുഞ്ഞൗതയുടെ ഭാര്യ കുഞ്ഞുപെണ്ണ് മരിച്ചു.

## IIA1 കുഞ്ഞവുത മകൻ വക്കച്ചൻ

വക്കച്ചൻ പാദുവാ കൂർക്കമറ്റത്തിൽ കുഞ്ഞുമാത്തുവിൻെറ മകൾ കുട്ടിയമ്മയെ വിവാഹം കഴിച്ചു. ഒരുവർഷം കഴിഞ്ഞപ്പോൾ കുട്ടിയമ്മ മരിച്ചു. പിന്നീട് പ്രവിത്താനത്ത് ചന്ദ്രൻകുന്നേൽ (മുണ്ടമറ്റം) കുഞ്ഞാപ്പൻെറ മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് മേരിക്കുട്ടി, കുട്ടിയച്ചൻ, ജോയി, ലീലമ്മ, ദേവസ്യാച്ചൻ, ലില്ലി, കൊച്ചുറാണി, ഫിലോമിന, ജോർജ്ജ്, ലൂസ്സി, ജോഷി എന്നീ പതിനൊന്നു മക്കൾ ഉണ്ടായി.

ഇവരിൽ ലില്ലിക്കുട്ടിയും കൊച്ചുറാണിയും ഇരട്ടസഹോദരങ്ങളായിരുന്നു. അതിൽ കൊച്ചുറാണി ബാല്യത്തിലേ മരിച്ചു. വക്കച്ചൻെറ ഭാര്യ മറിയാമ്മ 27-12-91-ലും വക്കച്ചൻ 10-8-96-ലും ഇഹലോകവാസം വെടിഞ്ഞു.





## വക്കച്ചൻ മകൾ മേരിക്കുട്ടി

മേരിക്കുട്ടിയെ മടക്കത്താനത്ത് തലച്ചിറ ജോൺ മകൻ ജോയി വിവാഹം കഴിച്ചു. ഇവർക്ക് ബിജു, ബിനിമോൾ എന്നീ രണ്ടു കുട്ടികൾ ഉണ്ട്. ബിജു അലഹബാദിൽ ബജാജ് കമ്പനിയിൽ എഞ്ചിനീയറാണ്.

## വക്കച്ചൻ മകൻ കുട്ടിയച്ചൻ (ഫാ. എബ്രഹാം പുതിയാത്ത്)

ഇദ്ദേഹം C.M.I സഭയിൽ ചേർന്ന് വൈദികനായി. ഇപ്പോൾ ഉപ്പുതറ പാപ്പ് ചാവറ റിന്യൂവൽ സെൻറർ ധ്യാനകേന്ദ്രത്തിൻെറ ഡയറക്ടറായി സേവനമനുഷ്ഠിക്കുന്നു.

## വക്കച്ചൻ മകൻ ജോയി

ജോയി മണ്ണൂത്തെക്കേൽ (മുത്തോലി) കുഞ്ഞുമത്തായിയുടെ മകൾ കൊച്ചുത്രേസ്യായെ വിവാഹംകഴിച്ച് വണ്ണപ്പുറത്തു താമസിക്കുന്നു. ഇവർക്ക് ഷാർജറ്റ്, ഷിനോജ് എന്നീ രണ്ടു മക്കൾ ഉണ്ട്. ഇവരിൽ ഷാർജറ്റിനെ വെണ്ണി ആലയ്ക്കൽ റോബിൻ വിവാഹം കഴിച്ചു. ഇവർക്കു രണ്ടു ആൺകുട്ടികളുണ്ട്. ഷാർജറ്റ് അദ്ധ്യാപികയായി ജോലി ചെയ്യുന്നു. ഷിനോജ് വിദ്യാർത്ഥിയാണ്.



സി. മെർലിൻ

## വക്കച്ചൻ മകൾ ലീലാമ്മ

ലീലാമ്മ കണ്ണൂർ ഉർസലയിൻ കോൺവെൻറിൽ ചേർന്ന് സി. മെർലിൻ എന്ന പേരുസ്വീകരിച്ചു. ഇപ്പോൾ വടക്കേഇന്ത്യയിൽ നൈനിറ്റാൾ ഡിസ്ട്രിക്റ്റിലുള്ള മഠത്തിൻെറ സുപ്പീരിയറും ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററും ആയി സേവനമനുഷ്ഠിക്കുന്നു.

## വക്കച്ചൻ മകൻ ദേവസ്യാച്ചൻ

ദേവസ്യാച്ചൻ തൊടുപുഴ ആഞ്ഞിലിമൂട്ടിൽ മത്തായിയുടെ മകൾ കുഞ്ഞൂഞ്ഞമ്മയെ വിവാഹം കഴിച്ച് തൊടുപുഴയിൽ താമസിക്കുന്നു. ശീതൾ, നീൽ, ഗീത് എന്നീ മൂന്നുമക്കൾ ഉണ്ട്. എല്ലാവരും വിദ്യാർത്ഥികളാണ്.

## വക്കച്ചൻ മകൾ ലില്ലിക്കുട്ടി

ലില്ലിക്കുട്ടിയെ പാറമ്പുഴ ചെമ്പോട്ട് വർക്കിയുടെ മകൻ ജോർജ്ജുകുട്ടി വിവാഹം കഴിച്ചു. ഇവർക്ക് ജൂബി, ജോബിൻ എന്നീ രണ്ടു കുട്ടികളുണ്ട്. ഇവരും വിദ്യാർത്ഥികളാണ്.



സി. ഫിലോ

## വക്കച്ചൻ മകൾ ഫിലോമിന

ഫിലോമിന കണ്ണൂർ ഉർസുലയിൻ കോൺവെൻറിൽ ചേർന്ന് സി. ഫിലോ ജോർജ്ജ് എന്ന പേരു സ്വീകരിച്ചു കണ്ണൂരിൽ ഹയർസെക്കൻററി സ്കൂൾ പ്രിൻസിപ്പൽ ആയി സേവനം ചെയ്യുന്നു. അതിനു പുറമേ അസി. പ്രൊവിൻഷ്യാളിൻെറ ജോലിയുമുണ്ട്.

## വക്കച്ചൻ മകൻ ജോർജ്ജ്

ജോർജ്ജ് പയപ്പാർ അറയ്ക്കൽ ചെട്ടിപ്പുഴ ചെറിയാൻെറ മകൾ മേഴ്സിയെ വിവാഹം ചെയ്തു. ജമ്മ്യ, ജയ്സ്, ജസ്റ്റിൻ എന്നിവരാണ് മക്കൾ. എല്ലാവരും വിദ്യാർത്ഥികളാണ്.

## വക്കച്ചൻ മകൾ ലൂസി

ലൂസിയെ മല്ലികശ്ശേരി ആനിത്തോട്ടത്തിൽ നരിതൂക്കിൽ പരേത നായ തൊമ്മച്ചൻെറ മകൻ കുട്ടിയച്ചൻ (ജോസ് ആനിത്തോട്ടം) വിവാഹം കഴിച്ചു. ഇവർക്ക് മൂന്നു കുട്ടികൾ. മജോ, ടിജോ, ലിജോ. മൂവരും വിദ്യാർത്ഥികളാണ്.

## വക്കച്ചൻ മകൻ ജോഷി

ജോഷി കൂടല്ലൂർ വേങ്ങയിൽ കെ. എം. മാത്യുവിൻെറ മകൾ മോളിയെ വിവാഹം കഴിച്ചു. ഇവർക്ക് റോണി, റോഷ്നി, രേഷ്മ എന്നീ മൂന്നുകുട്ടികളുണ്ട് ജോഷി കിഴതടിയൂർ സഹകരണ ബാങ്കിൽ ജോലി ചെയ്യുന്നു. മോളി ഉള്ളനാട് പി. എച്ച്. സെൻററിൽ ജോലിചെയ്യുന്നു.

## IIA2 കുഞ്ഞവുത മകൻ അവിരാച്ചൻ

കുഞ്ഞൗതയുടെ രണ്ടാമത്തെ മകൻ അവിരാച്ചൻ വാഴൂർ കല്ലൂർ ദേവസ്യാച്ചൻെറ മകൾ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർ മുത്തോലിൽ താമസിക്കുന്നു. ഇവർക്ക് ജോസുകുട്ടി, ബേബിച്ചൻ, മേരിക്കുട്ടി, ഇയ്യാമ്മ, സെലിൻ, ആനിയമ്മ, റോസമ്മ, കുഞ്ഞുമോൻ, ജോയിമോൻ, സണ്ണിമോൻ എന്നീ പത്തുമക്കളുണ്ടായി. അന്നമ്മ1990 ഏപ്രിൽ 1-ാം തീയതി നിര്യാതയായി. അവിരാച്ചൻ ദീർഘകാലം മുത്തോലി പഞ്ചായത്ത് ഭരണസമിതി യംഗമായും പഞ്ചായത്തു വൈസ് പ്രസിഡൻറായും സേവനം ചെയ്തിട്ടുണ്ട്. ഇദ്ദേഹം മുത്തോലി എസ്. ജി. ആർട്ട്സ് ക്ലബ്ബിൻെറ ആദ്യകാലം മുതലുള്ള പ്രവർത്തകനും, മുത്തോലി സെൻറ് ജോർജ്ജ് C.Y.M.A യുടെ യും വിൻസെൻറ് ഡി പോളിൻെറയും സജീവപ്രവർത്തകനും ആണ്.







പുതിയാത്ത് അവിരാച്ചൻ, സി.മേരി ആൻ ജോസ്, സി. സെലിൻ.

ഇദ്ദേഹത്തിൻേറകൂടി പ്രവർത്തനഫലമായാണ് മുത്തോലിപ്പള്ളി വായനശാലക്കെട്ടിടം നിർമ്മിക്കുവാൻ സാധിച്ചത്.

## അവിരാച്ചൻ മകൻ ജോസുകുട്ടി (അപ്പി)

ജോസുകുട്ടി മുണ്ടക്കയം കുട്ടിക്കൽ ചെപ്പായിൽ മത്തായിയുടെ മകൾ ലിസ്സിയെ വിവാഹം കഴിച്ച് വണ്ണപ്പുറത്തു താമസിക്കുന്നു. ഇവർക്ക് സോണി, സിജോ എന്നീ രണ്ടു മക്കളുണ്ട്. ഇരുവരും വിദ്യാർത്ഥികളാണ്.

## അവിരാച്ചൻ മകൻ ബേബിച്ചൻ

ബേബിച്ചൻ തൊടുപുഴ പുഞ്ചേക്കുന്നേൽ ചെറിയാൻെറ മകൾ ഡയ്സിയെ വിവാഹം കഴിച്ചു. ഇപ്പോൾ വണ്ടിപ്പെരിയാറിനടുത്തു ഡൈമുക്ക് എന്ന സ്ഥലത്തു താമസിക്കുന്നു. ഇവർക്ക് ബിൻസ്, ബിൻസി, ബിജിൻ, ബിനിമോൾ എന്നീ നാലു മക്കളുണ്ട്. ഇവർ എല്ലാവരും വിദ്യാർത്ഥികളാണ്.

## അവിരാച്ചൻ മകൾ മേരിക്കുട്ടി

മേരിക്കുട്ടിയെ ആറുമാനൂർ പടിഞ്ഞാറേക്കുറ്റ് (അരങ്ങത്ത്) കുഞ്ഞൗതയുടെ മകൻ കുഞ്ഞൂഞ്ഞ് വിവാഹം ചെയ്തു. ഇവർക്ക് സോണിയ, സോബിയ, സോജൻ എന്ന മൂന്നു മക്കളുണ്ട്. മേരിക്കുട്ടി കോതനല്ലൂർ H.S. അദ്ധ്യാപികയായി ജോലി ചെയ്യുന്നു.

മകൾ സോണിയായെ കുറുപ്പുന്തറ കൂട്ടുവാംപറമ്പിൽ ഷാജി വിവാഹം കഴിച്ചു. ഇവർ കുടുംബസമേതം കുവൈറ്റിൽ ജോലി ചെയ്യുന്നു.

സോബിയായെ ഏറ്റുമാനൂർ നരിക്കുഴിയിൽ റോഷൻ വിവാഹം ചെയ്തു ഇരുവരും ദുബായിൽ ജോലി ചെയ്യുന്നു. സോജൻ വിദ്യാർത്ഥി യാണ്.

## അവിരാച്ചൻ മകൾ ഇയ്യാമ്മ

ഇയ്യാമ്മയെ കൊഴുവനാൽ കൈപ്പൻപ്ലാക്കൽ തെക്കേൽ വർക്കിയുടെ മകൻ അഡ്വ. റ്റി.വി. അബ്രഹാം വിവാഹം ചെയ്തു. ഇവർക്ക് നോബി, ജോബി, ബോബി എന്നീ മൂന്നു ആൺകുട്ടികളുണ്ട്. ഇവർ വിദ്യാർത്ഥിക ളാണ്. ഇവർ കുടുംബസമേതം കോട്ടയത്തു താമസിക്കുന്നു. റ്റി. വി. അബ്രഹാം അഡ്വേക്കറ്റായി കോട്ടയത്ത് പ്രാക്ടീസ് ചെയ്യുന്നു. ഇദ്ദേഹം കേരളാകോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറിയായി പ്രവർത്തി ക്കുന്നു. കോട്ടയം ജില്ലാ കൗൺസിൽ പ്രഥമപ്രസിഡൻറ്, കൊഴുവനാൽ പഞ്ചായത്ത് ഭരണസമിതിയംഗം, സഹകരണ ബാങ്ക് ഭരണസമിതിയംഗം എന്നീ നിലകളിൽ പ്രശസ്തമായ സേവനം ചെയ്തിട്ടുണ്ട്. ഇയ്യാമ്മ കോട്ടയം ബസേലിയസ് കോളജ് അദ്ധ്യാപികയായി ജോലിചെയ്യുന്നു.

## അവിരാച്ചൻ മകൾ സെലിൻ

സെലിൻ കർമ്മലീത്താ സഭയിൽ ചേർന്ന് സി. സെലിൻ എന്ന പേരു സ്വീകരിച്ചു. ഇപ്പോൾ കുറവിലങ്ങാട് H.S. അദ്ധ്യാപികയായി ജോലി ചെയ്യുന്നു. നേരത്തെ മുത്തോലി മഠാംഗമായിരുന്ന കാലത്ത് സൺഡേ സ്ക്കൂൾ അദ്ധ്യാപികയായും, മറ്റ് ഇടവകകളിലെ എല്ലാ ആദ്ധ്യാത്മികവും, സാമൂഹികവുമായ പ്രവർത്തനങ്ങളിലും സജീവമായി പ്രവർത്തിച്ചിട്ടുണ്ട്.

## അവിരാച്ചൻ മകൾ ആനിയമ്മ

ആനിയമ്മയെ വരാപ്പുഴ പുത്തൻപള്ളി പഞ്ഞിക്കാരൻ ജോസഫി ൻെറ മകൻ ബാബു വിവാഹം ചെയ്തു. ഇപ്പോൾ ഇരിഞ്ഞാലക്കുടയിൽ താമസിക്കുന്നു. ഇവർക്ക് ലിജോ, ജിജോ, വീണ എന്നീ മൂന്നു മക്കളുണ്ട്. ഇവർ വിദ്യാർത്ഥികളാണ്.

## അവിരാച്ചൻ മകൾ റോസമ്മ

റോസമ്മയെ അടിവാരം ചാമക്കാലായിൽ മത്തായിയുടെ മകൻ ജോർജ്ജ് വിവാഹം കഴിച്ചു. ഇവർ മംഗലാപുരത്തിനടുത്ത് ഉറിജ എന്ന സ്ഥലത്ത് താമസിക്കുന്നു. ഇവർക്ക് റാണിമോൾ റോസ് മോൾ, എന്ന് രണ്ട് പെൺമക്കളുണ്ട്.

## അവിരാച്ചൻ മകൻ കുഞ്ഞുമോൻ

കുഞ്ഞുമോൻ ചെങ്ങളത്ത് പറമ്പുകാട്ടിൽ മാത്യുവിൻെറ മകൾ ആൻസിയെ വിവാഹം കഴിച്ചു. ഇവർക്ക് ഷെല്ലൂ, ഷെഫിൻ, ഷിൻറു എന്നീ മൂന്നുമക്കളുണ്ട്. ഇപ്പോൾ കെഴുവങ്കുളത്തു താമസിക്കുന്നു.





## അവിരാച്ചൻ മകൻ ജോയിമോൻ

ജോയിമോൻ എലിക്കുളം അടയ്ക്കനാട്ട് തോമസിൻെറ മകൾ റാണിയെ വിവാഹം കഴിച്ചു കൊഴുവനാലിൽ (മലയിരുത്തി) താമസിക്കുന്നു. ഇവർക്ക് അനു, ഡിനു എന്നീ രണ്ടു കുട്ടികളുണ്ട്. ജോയിമോൻ K.S.R.T.C യിൽ ജോലിചെയ്യുന്നു.

## അവിരാച്ചൻ മകൻ സണ്ണി

സണ്ണി കടവൂർ കാട്ടർകുടിയിൽ ജേക്കബ്ബിൻെറ മകൾ ഷെൽസിയെ വിവാഹം ചെയ്ത് മുത്തോലിയിൽ തറവാട്ടിൽ പിതാവിനോടൊപ്പം താമ സിക്കുന്നു. ഇവർക്ക് ആൻമരിയ എന്നു പേരുള്ള ഒരു പെൺകുട്ടിയുണ്ട്.

## IIA5 കുഞ്ഞവുത മകൾ അന്നമ്മ

കുഞ്ഞൗതയുടെ ഏക പുത്രി അന്നമ്മ കർമ്മലീത്താമഠത്തിൽ ചേർന്ന് സി. മേരി ആൻ ജോസ് എന്ന പേരു സ്വീകരിച്ചു. ഇപ്പോൾ അദ്ധ്യാ പികയായി ജോലിയിൽനിന്നും വിരമിച്ച് മുത്തോലി മഠത്തിൽ വിശ്രമജീവിതം നയിക്കുന്നു. സി. മേരി ആൻ ജോസ് 2002 നവംബർ 3-ാം തിയതി നിര്യാതയായി.

## IIA3 കുഞ്ഞവുത മകൻ മത്തച്ചൻ

കുഞ്ഞൗതയുടെ നാലാമത്തെ മകൻ മത്തച്ചൻ തുരുത്തി വെള്ളേ ക്കളത്തിൽ കുഞ്ഞിൻെറ മകൾ ത്രേസ്യമ്മയെ വിവാഹം ചെയ്തു. ഇപ്പോൾ കോതമംഗലത്തിനടുത്ത് കരംപാറയിൽ താമസിക്കുന്നു. ഇവർക്ക് കുഞ്ഞ്, ലിസിയമ്മ, ആനിയമ്മ, റോസമ്മ, ജിമ്മിച്ചൻ, ജോയിസിക്കുട്ടി എന്നീ ആറു മക്കളുണ്ട്.

## മത്തച്ചൻ മകൻ കുഞ്ഞ്

കുഞ്ഞ് നീറന്താനത്ത് കണ്ടത്തുങ്കര ജോസഫിൻെറ മകൾ ഡെയ് സിയെ വിവാഹം കഴിച്ച് തൊടുപുഴയ്ക്കടുത്ത് നടുക്കണ്ടത്ത് താമസിക്കുന്നു. ഇവർക്ക് ഡിജോ, ചിക്കു എന്നീ രണ്ട് ആൺമക്കൾ ഉണ്ട്. ഇരുവരും വിദ്യാർത്ഥികളാണ്.

## മത്തച്ചൻ മകൾ ലിസിയമ്മ

ലിസ്സിയമ്മയെ മണിമല കൊക്കപ്പുഴ ഔസേപ്പച്ചൻെറ മകൻ തൊമ്മ ച്ചൻ വിവാഹം കഴിച്ചു. ഇവർക്ക് മോനായി, സീനാമോൾ, ഡീനാമോൾ എന്നീ മൂന്ന് മക്കൾ ഉണ്ട്. ഇപ്പോൾ പെരുന്തൽമണ്ണയിൽ താമസിക്കുന്നു.



സി. ആനിയും സി. റോസിയും

## മത്തച്ചൻ മക്കൾ ആനിയമ്മ, റോസമ്മ

ഇരട്ട സഹോദരികളായ ആനിയമ്മയും റോസമ്മയും ചങ്ങനാശ്ശേരി ആരാധനാമഠത്തിൽ ചേർന്ന് സി. ആനി, സി. റോസി എന്നീ പേരുകൾ സ്വീകരിച്ചു. ആനി ഇപ്പോൾ പുന്നപ്ര ആരാധനാമഠത്തിൽ സേവനം ചെയ്യുന്നു. സി. റോസി പച്ച സെ. ജോസഫ്സ് ഹോസ്പിറ്റലിലും ജോലി ചെയ്യുന്നു.

## മത്തച്ചൻ മകൻ ജിമ്മിച്ചൻ

ജിമ്മിച്ചൻ അടിമാലി ചേലാട് കളപ്പുരയിൽ സി.പി. ജോസഫിന്റെ മകൾ ഷാലിയെ വിവാഹം ചെയ്തു കോതമംഗലത്തു തറവാട്ടിൽ മാതാപിതാക്കളോടൊത്ത് താമസിക്കുന്നു. ഇവർക്ക് നീതുഷ, ഗീതുഷ, നിമിഷ എന്നീ മൂന്നു പെൺമക്കളാണ്. ഇവർ മൂവരും വിദ്യാർത്ഥികളാണ്.

## മത്തച്ചൻ മകൾ ജോയിസിക്കുട്ടി

മത്തച്ചൻ മകൾ ജോയിസിക്കുട്ടിയെ പൈകയിൽ ചക്കാലയ്ക്കൽ മത്തായിയുടെ മകൻ ദേവസ്യാച്ചൻ വിവാഹം ചെയ്തു. ഇവർക്ക് സെബിൻ, ജെസ്സിൻ, ജോയി എന്നീ മൂന്നു മക്കളുണ്ട്.

## IIB കുഞ്ഞുവർക്കി മകൻ പാപ്പി

പാപ്പി C. M. I സഭയിൽ ചേർന്ന് വൈദികപട്ടത്തിന് പഠിച്ചുകൊണ്ടിരിക്കെ അകാലത്തിൽ രോഗബാധിതനായി നിര്യാതനായി. ശവസംസ്കാരം മാന്നാനം ആശ്രമത്തിൽ നടത്തി.

## IIC കുഞ്ഞുവർക്കി മകൻ സ്കറിയാ

സ്കറിയാ പൊൻകുന്നത്ത് കുന്നേൽ കൊച്ചുകുഞ്ഞിന്റെ മകൾ മാമ്മിയെ വിവാഹം ചെയ്തു തറവാട്ടിൽ താമസിച്ചു. ഇവർക്ക് കുട്ടപ്പൻ എന്ന പുത്രൻ ജനിച്ചു.

സ്കറിയാ തന്റെ മുത്തച്ഛന്റെ സഹോദരൻ പുതിയാത്തു കൊച്ചുമത്തായിച്ചന്റെ (നാഗനൂലിൽ) സ്മരണക്കായി മുത്തോലി പള്ളിവാതുക്കൽ വി. മരിയാഗൊരേത്തിയുടെ നാമത്തിൽ മനോഹരമായ ഒരു കപ്പേള പണിതീർത്ത് പള്ളിയ്ക്കു നല്കുകയുണ്ടായി. സ്കറിയ 1979 നവംബർ 6-നും ഭാര്യ മാമ്മി 1988 ആഗസ്ററ് 2-നും നിര്യാതരായി.







പുതിയാത്ത് ജോസഫ് സ്കറിയായും കുടുംബാംഗങ്ങളും.

## IIC1 സ്കറിയാ മകൻ കുട്ടപ്പൻ (ജോസഫ് )

കുട്ടപ്പൻ ഇടമറ്റം ഇലഞ്ഞിമറ്റത്തിൽ അന്തോനിച്ചന്റെ മകൾ കുട്ടിയമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ലീസമ്മ, ബാബു, സലോമി, സഖറിയാസ് എന്നീ നാലു മക്കൾ ജനിച്ചു.

## കുട്ടപ്പൻ മകൾ ലീസമ്മ

ലീസമ്മയെ ആറുമാനൂർ കൊറ്റത്തിൽ ദേവസ്യായുടെ മകൻ അപ്പച്ചൻ (സെബാസ്റ്റ്യൻ) വിവാഹം ചെയ്തു. ഇപ്പോൾ ആറുമാനൂരിൽ താമസിക്കുന്നു. അപ്പച്ചൻ കോട്ടയത്ത് ബിസിനസ്സ് നടത്തുന്നു. ഇവർക്ക് ദീപ്തി, ദീപു എന്നീ രണ്ടു മക്കളുണ്ട്.

## കുട്ടപ്പൻ മകൻ ബാബു (ജോർജ്ജ്)

ബാബു മുത്തോലി തലക്കുളത്തിൽ ചെറിയാൻ മകൾ ഡോളിയെ വിവാഹം കഴിച്ചു കൊഴുവനാൽ മലയിരുത്തിയിൽ താമസിക്കുന്നു. ഇവർക്ക് ജോഫി, ആൻമിട്ടു എന്നീ രണ്ടു കുട്ടികളുണ്ട്.

## കുട്ടപ്പൻ മകൾ സലോമി

സലോമിയെ കുറുമണ്ണ് വടക്കൻപൂവേലിൽ കൊച്ചിന്റെ മകൻ ഔസേപ്പച്ചൻ വിവാഹം ചെയ്തു. ഇവർക്ക് എമി, തോമസ് എന്നീ രണ്ട് മക്കളുണ്ട്.

## കുട്ടപ്പൻ മകൻ സഖറിയാസ്

സഖറിയാസ് കാഞ്ഞിരപ്പള്ളി ഏർത്തയിൽ ലൂക്കോസിന്റെ മകൾ മിനി (എലിസബത്ത്)യെ വിവാഹം ചെയ്ത് തറവാട്ടിൽ മാതാപിതാക്കളോടൊപ്പം താമസിക്കുന്നു. M.A., L.L.B ബിരുദധാരിയായ സഖറിയാസ്



പരേതനായ ഫിലിപ്പും കുടുംബാംഗങ്ങളും.



കാഞ്ഞിരപ്പള്ളിയിൽ ബിസിനസ്സ് നടത്തുന്നു. ഇവർക്ക് ഈപ്പൻ, താര, സുമം എന്നീ മൂന്നു കുട്ടികളുണ്ട്. മിനി അദ്ധ്യാപികയാണ്.

## III) കുഞ്ഞുവർക്കി മകൻ കുഞ്ഞ്

കുഞ്ഞ് (ഫിലിപ്പ്) അയർക്കുന്നം കുടകശ്ശേരിൽ (കൂവക്കാലായിൽ) മത്തായിയുടെ മകൾ ഏലിക്കുട്ടിയെ വിവാഹം ചെയ്ത് മുത്തോലിയിൽ താമസിച്ചു. ഇവർക്ക് പെണ്ണമ്മ, ജോർജ്, ലീലമ്മ, ബേബിച്ചൻ, തങ്കച്ചൻ എന്നീ അഞ്ചു മക്കളുണ്ട്. ഫിലിപ്പ് ഗണിതശാസ്ത്രത്തിൽ പണ്ഡിതനായി രിന്നു. അദ്ദേഹവും സൈനികസേവനം നടത്തിയിട്ടുണ്ട്. ഫിലിപ്പ് 1993 ഏപ്രിൽ 24-ാം തീയതി നിര്യാതനായി.

## ഫിലിപ്പ് മകൾ പെണ്ണമ്മ

പെണ്ണമ്മയെ പാലാ പൊരുന്നോലിൽ സഖറിയാസിൻെറ മകൻ മത്തച്ചൻ വിവാഹം ചെയ്തു. ഇവർക്ക് പ്രകാശ്, ഷൈനി, മിനി, സന്തോഷ് എന്നീ നാലു മക്കളുണ്ടായി. സന്തോഷ് ടാറ്റായിൽ എൻജിനീയറായി ജോലി നോക്കുന്നു.

## ഫിലിപ്പ് മകൻ ജോർജ്ജ് (ജോസുകുട്ടി)

ജോസുകുട്ടി പുലിക്കുട്ടിശ്ശേരി ആഞ്ഞിലിത്തറയിൽ ജോസഫ് മകൾ തെയ്യാമ്മയെ വിവാഹം ചെയ്തു. ഇപ്പോൾ മാതാവിനോടൊപ്പം തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് ജിനു, ജൂണി എന്നീ രണ്ടു മക്കളുണ്ട്. ജോസു കുട്ടി കൊഴുവനാൽ റബ്ബർ ബിസിനസ്സ് നടത്തുന്നു.

## ഫിലിപ്പ് മകൾ ലീലമ്മ

ലീലമ്മയെ കാഞ്ഞിരപ്പള്ളി വടക്കേൽ ചാക്കോയുടെ മകൻ സെബാസ്റ്റ്യൻ വിവാഹം ചെയ്ത് കുടുംബസമേതം കോഴിക്കോട്ടു താമസി ക്കുന്നു. സെബാസ്റ്റ്യൻ ബിസിനസ്സ് നടത്തുന്നു. ഇവർക്ക് സോണിയ, സനു എന്നീ രണ്ടു കുട്ടികളുണ്ട്.

## ഫിലിപ്പ് മകൻ ബേബിച്ചൻ


ബേബിച്ചൻ വെളിയനാടു പഞ്ചാരപുത്തൻപരയിൽ അപ്പച്ചൻെറ മകൾ സാലിയമ്മയെ വിവാഹം ചെയ്തു മണ്ണാർക്കാട്ടു താമസിക്കുന്നു. ഇവർക്ക് ബിബിൻ, ബോബൻ എന്നീ രണ്ട് ആൺകുട്ടികളുണ്ട്. ബേബിച്ചൻ ബിസിനസ്സ് ചെയ്യുന്നു.

## ഫിലിപ്പ് മകൻ തങ്കച്ചൻ

തങ്കച്ചൻ മുളക്കുളം പെരിയപ്പുറത്ത് കുര്യൻെറ മകൾ ട്രീസയെ വിവാഹം കഴിച്ചു. കുടുംബസമേതം ബോംബെയിൽ താമസിക്കുന്നു. തങ്കച്ചൻ ബോംബെയിൽ റബ്ബർ ബിസിനസ്സ് നടത്തുന്നു. ഇവർക്ക് ലിസ്സ്, ക്രിസ്സ് എന്നീ രണ്ടു പെൺമക്കളുണ്ട്.

•

# കോക്കപ്പുറം ശാഖ






# കോക്കപ്പുറം ശാഖ

നാഗനൂലിൽ തറവാട്ടിൽ താമസിച്ച പോത്തന് ആറു മക്കൾ ഉണ്ടായി. മത്തായി പുതിയാത്തും, വർക്കി നാഗനൂലിൽ തറവാട്ടിലും, പോത്തൻ കോക്കപ്പുറത്തും, ഔസേപ്പ് വടക്കേകോയിപ്പുറത്തും, ഉലഹന്നൻ കുന്നുംപുറത്തും താമസമാക്കി. ഇളയപുത്രൻ മത്തായിച്ചൻ വൈദികനായി.

## പോത്തൻ കോക്കപ്പുറം

കോക്കപ്പുറത്തു മാറിത്താമസിച്ച പോത്തന് ഇട്ടിച്ചെറിയ, പോത്തൻ, കുരുവിള, ഔസേപ്പ് എന്നീ നാലു പുത്രന്മാർ ജനിച്ചു.

## പോത്തൻ മകൻ ഇട്ടിച്ചെറിയ

ഇട്ടിച്ചെറിയ വൈദികപട്ടം സ്വീകരിച്ച് വിജയപുരം രൂപതയിൽ ദീർഘകാലം സേവനമനുഷ്ഠിച്ചു. തൻെറ ജീവിതത്തിൻെറ സായംകാലം വീട്ടിൽ വന്ന് വിശ്രമജീവിതം നയിച്ചു. ഏറെത്താമസിയാതെ ദിവംഗതനായി. സ്വന്തം ഇടവകയായ മുത്തോലി പള്ളിയിൽ കബറടക്കി.

## പോത്തൻ മകൻ ഔസേപ്പ്

ഔസേപ്പ് കുടമാളൂർ മുട്ടത്തുപാടത്ത് മറിയത്തിനെ വിവാഹം ചെയ്ത് മുത്തോലിയിൽ തന്നെ ഈറ്റിയാങ്കൽ താമസമാക്കി. (ഈറ്റിയാങ്കൽ ഉപശാഖ വായിക്കുക).

## 2 പോത്തൻ മകൻ കുരുവിള

പോത്തൻ മകൻ കുരുവിള തിരുവാർപ്പ് മുപ്പറത്തറ വീട്ടിൽ നിന്ന് മറിയത്തിനെ വിവാഹം കഴിച്ചു തറവാട്ടിൽ താമസിച്ചു. ഇവർക്ക് പോത്തൻ എന്നൊരു പുത്രനും മറിയം എന്നൊരു പുത്രിയും ജനിച്ചു.

## 2A കുരുവിള മകൻ പോത്തൻ

പോത്തൻ ചേർപ്പുങ്കൽ നെടുംപുറത്തു നിന്നും അന്നയെ വിവാഹം കഴിച്ചു തറവാട്ടിൽ താമസിച്ചു. ഇവർക്ക് മറിയം, ഏലി എന്നീ രണ്ടു പുത്രിമാർ ജനിച്ചു. പോത്തൻ യൗവ്വനത്തിൽ തന്നെ മരിച്ചു. മൂത്തപുത്രി മറിയത്തിനെ കൊഴുവനാൽ തോണക്കരയിലും, ഇളയപുത്രി ഏലിയെ ആനിക്കാട് പാലാപ്പറമ്പിലും വിവാഹം ചെയ്തയച്ചു.

## 2 B കുരുവിള മകൾ മറിയം

മറിയത്തിനെ പാലായിൽ പനയ്ക്കൽ തൊമ്മച്ചൻ വിവാഹം കഴിച്ചു. ഇവർക്ക് കുഞ്ഞുമറിയാമ്മ എന്ന ഏകപുത്രി ജനിച്ചു. കുഞ്ഞുമറിയാമ്മയെ പനയ്ക്കൽ കുടുംബത്തിലെ തന്നെ മറ്റൊരു തൊമ്മച്ചൻ വിവാഹം ചെയ്ത് ദത്തവകാശത്തിൽ താമസിച്ചു.

## 1 പോത്തൻ മകൻ പോത്തൻ

പോത്തൻ വിവാഹിതനായി തറവാട്ടിനടുത്തുള്ള പുരയിടത്തിൽ താമസിച്ചു. അദ്ദേഹത്തിന് പോത്തൻ, റോസ എന്നീ രണ്ടു മക്കൾ ജനിച്ചു.

തൻെറ സഹോദരൻ കുരുവിളയുടെ ഏക മകൻ പോത്തൻ യൗവ്വനത്തിൽ തന്നെ മരിച്ചു പോവുകയും അദ്ദേഹത്തിൻെറ രണ്ടുപെൺകുട്ടികളെ വിവാഹം ചെയ്തയയ്ക്കുകയും ചെയ്തതിനാൽ സഹോദരൻ കുരുവിളയുടെ സംരക്ഷണത്തിനും കുടുംബത്തിൻെറ നിലനിൽപ്പിനും വേണ്ടി തറവാടായ കോക്കപ്പുറത്തേക്കു ഇദ്ദേഹം തിരിച്ചു പോന്നു.

## 1A പോത്തൻ മകൾ റോസ

പോത്തൻെറ ഏകമകൾ റോസയെ അയർക്കുന്നത്ത് കുടകശ്ശേരിൽ പടിഞ്ഞാറെക്കര ഇണ്ടേപ്പച്ചൻ (ജോസഫ്) വിവാഹം ചെയ്തു. ഇവർക്ക് കുരുവിള, പോത്തൻ, കുഞ്ഞാക്കോ, കുഞ്ഞേപ്പ്, അന്നമ്മ എന്നീ അഞ്ചു പുത്രീപുത്രന്മാർ ജനിച്ചു. ഇവരിൽ കുഞ്ഞാക്കൊ ആണ് മുത്തോലി തലക്കുളത്തിൽ ദത്താവകാശത്തിൽ വന്നത്. കുഞ്ഞേപ്പിൻെറ ഏകമകൻ ഫാ. ജോസഫ് പടിഞ്ഞാറെക്കര, തിരുവല്ലാ രൂപതയിലെ പ്രശസ്തനായ ഒരു വൈദികനായിരുന്നു.

## 1B പോത്തൻ മകൻ പോത്തൻ

ഇദ്ദേഹം കരൂർ ഞാവള്ളിൽ പുത്തൻപുരയ്ക്കൽ നിന്നും ത്രേസ്യാമ്മയെ വിവാഹം ചെയ്ത് കോക്കപ്പുറത്തു തറവാട്ടിൽ താമസിച്ചു. ഇവർക്ക് കുറു (പോത്തൻ), ഔത, അന്ന എന്നീ മൂന്നു മക്കളുണ്ടായി.

## 1B (1) പോത്തൻ മകൻ കുറു (പോത്തൻ)

കുറു വാഴക്കുളം ചൊള്ളനാമഠത്തിൽ നിന്നും ഏലിയെ വിവാഹം കഴിച്ച് തറവാട്ടിൽ താമസിച്ചു. അവർക്ക് ജോസഫ് എന്ന മകനും, ഏലിക്കുട്ടി എന്ന മകളും ജനിച്ചു. ഭാര്യ ഏലി അകാലത്തിൽ നിര്യാതയായതിനാൽ കുറു കരൂർ വെള്ളമറ്റത്തിൽ ഏലിയെ പുനർവിവാഹം ചെയ്തു. ഈ വിവാഹത്തിൽ ത്രേസ്യാ, റോസക്കുട്ടി, പാപ്പച്ചൻ, മത്തച്ചൻ, വർക്കിയച്ചൻ, തോമ്മാച്ചൻ, ഫ്രഞ്ചൂച്ചൻ, കുട്ടപ്പൻ, ഫിലോമിന എന്നീ ഒൻപതു പുത്രീപു





ത്രന്മാർ ജാതരായി. 12-05-1943-ൽ കുറുവും 07-04-1975 -ൽ ഏലിയും നിര്യാതരായി. കുറുവിൻെറ മരണശേഷം മക്കൾ മാതാവിനോടൊപ്പം മരങ്ങാട്ടുപള്ളിയിലേയ്ക്ക് മാറി താമസിച്ചു.

## 1B (1) a കുറു മകൻ ജോസഫ് (കൊച്ച്)

കുറുവിൻെറ ആദ്യവിവാഹത്തിലെ മകൻ ജോസഫ് (കൊച്ച്) പൈകതരിതൂക്കിൽ സേവ്യർ മകൾ മറിയത്തെ വിവാഹം കഴിച്ച് ഞണ്ടുപാറയിൽ കോക്കപ്പുറത്ത് എന്ന വീട്ടുപേരിൽ താമസിച്ചു. ഇവർക്ക് ഏലിക്കുട്ടി, ബേ



കുറുവിൻെറ മകൾ സി. എലിസബത്ത് മകൻ ജോസഫും ഭാര്യ മറിയവും.

ബിച്ചൻ, മേരി, ത്രേസ്യാ എന്നീ നാലു പുത്രീപുത്രന്മാർ ഉണ്ടായി. ജോസഫ് 1985 സെപ്റ്റംബർ 15-ാം തീയതിയും മറിയം 2002 നവംബർ 21-നും നിര്യാതനായി.

ജോസഫിൻെറ മൂത്തമകൾ ഏലിക്കുട്ടിയെ കൊഴുവനാൽ മണിയങ്ങാട്ട് ചാണ്ടി വിവാഹം ചെയ്ത് ആര്യങ്കാവിൽ താമസിക്കുന്നു. ഇവർക്ക് ആലീസ്, മോളി, സെലിൻ, ജോയി എന്നീ നാലു മക്കളുണ്ടായി. സി. ആലീസ് എസ്. എച്ച്. കോൺവൻറിൽ ചേർന്ന് ഇപ്പോൾ കോട്ടയം മെഡിക്കൽ സെൻറർ ഹോസ്പിറ്റലിൽ നേഴ്സിംഗ് സ്കൂൾ പ്രിൻസിപ്പലാണ്.

ജോസഫിൻെറ രണ്ടാമത്തെ പുത്രി മേരി അവിവാഹിതയായി സഹോദരൻ ബേബിച്ചനോടൊപ്പം താമസിക്കുന്നു.

ജോസഫിൻെറ ഇളയപുത്രി ത്രേസ്യാമ്മയെ കാഞ്ഞിരമറ്റം കൊട്ടാരത്തിൽ മാത്യു വിവാഹം ചെയ്തു. ഇവർക്ക് ചാക്കോച്ചൻ എന്ന പുത്രനും ജാൻസി എന്നൊരു പുത്രിയുമുണ്ട്.

## ജോസഫ് മകൻ സേവ്യർ (ബേബിച്ചൻ)

കരൂർ പുത്തൻപുരയ്ക്കൽ നിന്നും പെണ്ണമ്മയെ വിവാഹം ചെയ്ത് ഞണ്ടുപാറയിൽ താമസിക്കുന്നു. പെണ്ണമ്മ എലിക്കുളം പഞ്ചായത്ത് വൈസ് പ്രസിഡൻറായി സേവനം ചെയ്തിട്ടുണ്ട്. ഇവർക്ക് ഡോണി, ജയിംസ്, ജോർജ്ജുകുട്ടി, ഡാനി എന്നീ നാലു മക്കളുണ്ട്.

ഡോണി മസ്കറ്റിൽ ജോലി ചെയ്യുന്നു. ജയിംസ്, ജോർജ്ജുകുട്ടി, ഡാനി എന്നിവർ വിദ്യാർത്ഥികളാണ്.

## 1B (1) c കുറു മകൾ ഏലിക്കുട്ടി

കുറുവിൻെറ ആദ്യവിവാഹത്തിലെ പുത്രിയായ ഏലിക്കുട്ടി സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയിൽ ചേർന്ന് സി. എലിസബത്ത് എന്ന പേരു സ്വീകരിച്ചു. വളരെക്കാലം മംഗലാപുരം കാസാഗയ മഠത്തിൽ സേവനമനുഷ്ഠിച്ചു. 12-12-1989 -ൽ നിര്യാതയായി.

## 1B (1) c കുറു മകൾ ത്രേസ്യാ

കുറുവിൻെറ രണ്ടാം വിവാഹത്തിലെ മൂത്തപുത്രിയായ ത്രേസ്യയെ (കുഞ്ഞുപെണ്ണ്) കാണക്കാരിയിൽ വാഴക്കാലായിൽ വി.ജോർജ്ജ് വിവാഹം ചെയ്തു. ജോർജ്ജ് അദ്ധ്യാപകനായിരുന്നു. ഇവർക്ക് ആഗസ്, ലൗലി, ജോസ്, അൽഫോൻസ, വിൻസൻറ്, വിക്ടർ എന്നീ ആറു മക്കളുണ്ടായി.

ആഗസ് ഹോളി സ്പിരിറ്റ് കോൺവൻറിൽ ചേർന്ന് സി. ഗോൺസാല എന്ന പേരു സ്വീകരിച്ച് ഇൻഡോറിൽ സേവനം ചെയ്യുന്നു. സഭയിലെ പ്രൊവിൻഷ്യാളായി ഒൻപതു വർഷത്തോളം സേവനം ചെയ്തിട്ടുണ്ട്.

ലൗലിയെ ചേന്നാട്ടുവയലിൽ ജേക്കബ്ബ് വിവാഹം ചെയ്ത് കോതമംഗലത്തു താമസിക്കുന്നു. ലൗലി അദ്ധ്യാപികയായി റിട്ടയർ ചെയ്തു.

ജോസ് ബറോഡയിൽ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകനാണ്.

വിൻസൻറ് ബോംബയിൽ ഐ.ബി.പി. കമ്പനിയിൽ ചീഫ് ഡിവിഷണൽ മാനേജരായി റിട്ടയർ ചെയ്തു.

അൽഫോൻസാ ജർമ്മനിയിൽ അദ്ധ്യാപികയായി സേവനമനുഷ്ഠിച്ച ശേഷം ഇപ്പോൾ കാണക്കാരിയിൽ താമസിക്കുന്നു.





## ത്രേസ്യാ-ജോർജ്ജ് മകൻ വിക്ടർ ജോർജ്ജ്



വിക്ടർ ജോർജ്ജ് വാഴക്കാലയിൽ

ത്രേസ്യാ-ജോർജ്ജ് ദമ്പതികളുടെ ഇളയപുത്രനായ വിക്ടർ കലാലയ വിദ്യാഭ്യാസത്തിനു ശേഷം ഫോട്ടോഗ്രാഫിയിൽ വിദഗ്ദ്ധ പരിശീലനം നേടി. 1981-ൽ മലയാള മനോരമയിൽ ഫോട്ടോഗ്രാഫറായി ജോലിയിൽ പ്രവേശിച്ചു. ആദ്യം മുതൽ തന്നെ തനതായ ഒരു ശൈലി വളർത്തിയെടുത്തു. പിന്നീട് ഇത് വിക്ടർ ടച്ച് എന്ന പ്രയോഗത്താൽ അറിയാൻ തുടങ്ങി.

ചുരുങ്ങിയ കാലയളവിൽ ചീഫ് ഫോട്ടോഗ്രാഫർ പദവിയിലേയ്ക്ക് ഉയർന്ന വിക്ടർ ഒരു ലെൻസ് ആർട്ടിസ്റ്റ് ആയി മാറി. നിരവധി ദേശീയ, അന്തർദ്ദേശീയ അവാർഡുകൾ നേടി. ഇവയിൽ പ്രസ്സ് ഫോട്ടോഗ്രാഫേഴ്സ് അസ്സോസിയേഷൻ അവാർഡ് 1987, സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ അവാർഡ്, ബൾഗേറിയൻ ഇൻറർനാഷണൽ അവാർഡ് 1988 ഇവ ഉൾപ്പെടുന്നു.

പേരു വെച്ചിട്ടില്ലെങ്കിൽ പോലും സാധാരണ വായനക്കാർ വിക്ടറിൻെറ ചിത്രങ്ങൾ തിരിച്ചറിയാൻ തുടങ്ങി. പേപ്പട്ടി വിഷബാധയേറ്റു മരിക്കുന്ന ബാലൻെറ ചിത്രം, നീന്തൽ താരം അനിതാസൂദിൻെറ അമ്മയുടെ ആഹ്ളാദപ്രകടനം, നഗ്നനായ തെരുവ്ബാലൻെറ കൈ പിടിച്ചു നടത്തുന്ന പോലീസുകാരൻെറ ചിത്രം എന്നിങ്ങനെ നിരവധി ചിത്രങ്ങൾ വായനക്കാരുടെ മനസ്സിൽ എന്നും പതിഞ്ഞു നില്ക്കും.

പ്രകൃതിസ്നേഹിയായ വിക്ടറിന് മഴ എന്നും ഹരമായിരുന്നു. മഴയെപ്പറ്റി ഒരു ഫോട്ടോഗ്രാഫി പുസ്തകം ഇറക്കാനുള്ള പരിശ്രമത്തിലായിരുന്നു വിക്ടർ. 2001 ജൂലൈ 9-ന് ഉടുമ്പന്നൂരിലെ വെള്ളിയാനിയിൽ ഉരുൾപൊട്ടി; വർഷകാലത്തെ ഈ പ്രതിഭാസം ക്യാമറയിലാക്കാൻ എത്തിയ വിക്ടർ രണ്ടാമതുണ്ടായ ഉരുൾ പൊട്ടലിൽപെട്ടു മരണമടഞ്ഞു. കേരളം കണ്ട ഏറ്റവും പ്രഗത്ഭനായ ലെൻസ് ആർട്ടിസ്റ്റ് നമുക്കതോടെ നഷ്ടമായി.

ഭരണങ്ങാനം മഴുവണ്ണൂർ ഇട്ടിയവിര മകൾ ലില്ലിയാണ് ഭാര്യ. രണ്ടു മക്കൾ ഉണ്ട്.

## 1B (1) f കുറു മകൾ റോസക്കുട്ടി

കുറുവിൻെറ മക്കളിൽ നാലാമത്തെയാളായ റോസക്കുട്ടി അവിവാഹിതയായി സഹോദരരോടൊപ്പം മരങ്ങാട്ടുപള്ളിയിൽ താമസിച്ചു. റോസക്കുട്ടി 09-05-1969-ൽ നിര്യാതയായി.

കുറുവിൻെറ അഞ്ചാമത്തെ മകനായ പാപ്പച്ചൻ 18-01-1950 ലും ആറാമത്തെ മകനായ മത്തച്ചൻ 22-05-1957-ലും നിര്യാതരായി. ഇവർ അവിവാഹിതരായിരുന്നു.

## 1B (1) g കുറു മകൻ വർക്കിച്ചൻ

കുറുവിൻെറ മക്കളിൽ ഏഴാമത്തെയാളായ വർക്കിച്ചൻ മരങ്ങാട്ടുപള്ളി നെല്ലിത്താനത്തുമല കളപ്പുരയ്ക്കൽ തോമസിൻെറ മകൾ ഏലിക്കുട്ടിയെ വിവാഹം ചെയ്ത് മരങ്ങാട്ടുപള്ളിയിൽ താമസിക്കുന്നു. ഇവർക്ക് ഷാലി, ഫിൻസി, ലീനാ എന്നീ മൂന്നു പെൺമക്കളുണ്ട്.

ഷാലിയെ (എലിസബത്ത്) കുറവിലങ്ങാട് തൈപ്പറമ്പിൽ ബേബി വിവാഹം ചെയ്തു. ഷാലി ലേബർ ഇൻഡ്യാ പബ്ലിക് സ്കൂളിൽ ജോലി ചെയ്യുന്നു. ഇവർക്ക് കാതറൈൻ, ജോസഫ് എന്നീ രണ്ടു മക്കളുണ്ട്.

ഫിൻസിയെ കോതനല്ലൂർ കുറ്റിക്കാട്ടുകുന്നേൽ ഡൊമിനിക് വിവാഹം ചെയ്തു. ഫിൻസി ഹയർസെക്കൻററി സ്കൂൾ അദ്ധ്യാപികയാണ്. ഇവർക്ക് ജസ്റ്റിൻ എന്നൊരാൺകുട്ടിയുണ്ട്.



കോക്കപ്പുറത്ത് വർക്കിയച്ചനും ഭാര്യ ഏലിക്കുട്ടിയും കുടുംബാംഗങ്ങളും.





വർക്കിയച്ചൻെറ ഇളയപുത്രി ലീനയെ ചെമ്മലമറ്റം കാരയ്ക്കാട്ട് ചാൾസ് വിവാഹം ചെയ്തു. ഇരുവരും അദ്ധ്യാപകരാണ്. ഇവർക്ക് ജോസഫ് എന്നൊരാൺകുട്ടിയുണ്ട്.

കുറുവിൻെറ മക്കളിൽ എട്ടാമത്തെയാളായ തോമാച്ചൻ ഇളയ സഹോദരൻ ചെറിയാനോടൊപ്പം താമസിച്ചു. അവിവാഹിതനായ തോമാച്ചൻ 09-06-1998-ൽ നിര്യാതനായി.

കുറുവിൻെറ മക്കളിൽ ഒൻപതാമത്തെയാളായ ഫ്രഞ്ചൂച്ചൻ സഹോദരരോടൊപ്പം മരങ്ങാട്ടുപള്ളിയിൽ താമസിച്ചു. അവിവാഹിതനായ ഫ്രഞ്ചൂച്ചൻ 20-07-1964-ൽ നിര്യാതനായി.

## 1B (1) j കുറു മകൻ ചെറിയാൻ (കുട്ടപ്പൻ)

കുട്ടപ്പൻ ഉരുളികുന്നത്ത് കല്ലനാനിക്കൽ ജോസഫ് മകൾ മറിയക്കുട്ടിയെ വിവാഹം കഴിച്ച് കടപ്ലാമറ്റത്തു താമസിക്കുന്നു. ചെറിയാൻ ദീർഘകാലത്തെ അദ്ധ്യാപകവൃത്തിക്കു ശേഷം ഹെഡ്മാസ്റ്ററായി കടപ്ലാമറ്റം സ്കൂളിൽ നിന്നും റിട്ടയർ ചെയ്തു. ഇദ്ദേഹം ഒരു രാഷ്ട്രീയ-സാമൂഹിക പ്രവർത്തകനാണ്. മറിയക്കുട്ടി ദീർഘകാലത്തെ അദ്ധ്യാപകവൃത്തിക്കു ശേഷം മരങ്ങാട്ടുപള്ളി സ്കൂളിൽ നിന്നും റിട്ടയർ ചെയ്തു.



കോക്കപ്പുറത്ത് ചെറിയാൻ, ഭാര്യ മറിയക്കുട്ടിയും കുടുംബാംഗങ്ങളും.

ചെറിയാൻ- മറിയാമ്മ ദമ്പതികൾക്ക് ബിനു, നീനറ്റ്, ജ്യോതിഷ് എന്നീ മൂന്നു മക്കളുണ്ട്.

ചെറിയാന്റെ മൂത്തപുത്രനായ ബിനു (ഫിലിപ്പ്) മാനത്തൂർ കാക്കിയാനിയിൽ ഡി. ഔസേപ്പിന്റെ പുത്രി ഷർമ്മിളയെ വിവാഹം ചെയ്തു. ബിനു പാലാ അർബൻ ബാങ്കിൽ ജോലി ചെയ്യുന്നു. ഷർമ്മിള പി.ജി.ബിരുദധാരിണിയാണ്. ഇവർക്ക് നിഖിത എന്നൊരു പുത്രിയുണ്ട്.

ചെറിയാന്റെ മകൾ നീനറ്റിനെ മുത്തോലി തലക്കുളത്തിൽ ഔസേപ്പച്ചന്റെ മകൻ റെജി വിവാഹം ചെയ്തു. ഇവർക്ക് ജോൺസ് എന്നൊരു മകനുണ്ട്.

കുട്ടപ്പന്റെ ഇളയപുത്രൻ ജ്യോതിഷ് ടൂറിസത്തിൽ ബിരുദാനന്തര ബിരുദത്തിനുശേഷം എം.ഫിൽ. ബിരുദത്തിനു പഠിക്കുന്നു.

കുറുവിന്റെ ഇളയപുത്രി ഫിലോമിന ബാല്യത്തിൽ തന്നെ (14-02-1950 -ൽ) നിര്യാതയായി.

## 1B (2) പോത്തൻ മകൻ ഔത (ജോസഫ്)

കോക്കപ്പുറത്ത് താമസിച്ച പോത്തന്റെ രണ്ടാമത്തെ പുത്രൻ ഔതച്ചൻ മുത്തോലി പ്ലാക്കാട്ട് കോരയുടെ മകൾ കുഞ്ഞേലിയെ വിവാഹം കഴിച്ച് മാതൃഭവനമായ കരൂർ കൈത്തുംകരയിൽ താമസിച്ചു. ഇവർക്ക് തെയ്യാമ്മ, കുട്ടപ്പൻ, കുഞ്ഞൂഞ്ഞ്, തോമാച്ചൻ, ഫിലിപ്പ് എന്നീ അഞ്ച് മക്കളുണ്ടായി. 1972-ൽ 85-ാം വയസ്സിൽ ഔതച്ചൻ നിര്യാതനായി.

## 1B (2)a ഔതച്ചൻ മകൾ തെയ്യാമ്മ

തെയ്യാമ്മയെ പാലാ രാമപുരത്ത് വീട്ടിൽ ജോർജ്ജ് വിവാഹം ചെയ്തു. ഇപ്പോൾ പെരുമ്പാവൂരിൽ താമസിക്കുന്നു. ഇവർക്ക് ജോസഫ്, കിസാൻ, ഷേർളി, ഷെമലി, ബെറ്റി, സാബു, ബാബു, റാണി എന്നീ എട്ടു മക്കൾ ഉണ്ടായി.

ഇവരിൽ ഷമിലി സ്നേഹഗിരി സന്യാസിനി സമൂഹത്തിൽ ചേർന്ന് സി. വിമല എന്ന പേരു സ്വീകരിച്ചു. സഭയുടെ ആദ്യത്തെ പ്രൊവിൻഷ്യാൾ ആയിരുന്ന സി. വിമല ഇപ്പോൾ പൂവത്തിളപ്പ് മുണ്ടൻകുന്ന് മഠത്തിൽ മദറായി സേവനം ചെയ്യുന്നു.

## 1B (2) b ഔതച്ചൻ മകൻ ജോസഫ് (കുട്ടപ്പൻ)

കുട്ടപ്പൻ ആമ്പല്ലൂർ കണ്ണമ്പുഴ മണ്ണുത്തി അന്തോനി മകൾ എൽസിയെ വിവാഹം ചെയ്ത് തൃശ്ശൂർ അടുത്ത് തിരൂരിൽ താമസിക്കുന്നു. ഇവർക്ക് ഫിലോ, ജെസ്സി, സണ്ണി, ബാബു, സാബു, വിൽസൺ എന്നീ ആറ് മക്കളുണ്ട്.





കുട്ടപ്പന്റെ ഭാര്യ എൽസി 19-12-2000-മാണ്ട് 72-ാം വയസ്സിൽ നിര്യാതയായി.

ജോസഫിന്റെ മകൾ ഫിലോയെ തൃശ്ശൂരിനടുത്ത് പൂമലയിൽ പൂവൻപുഴയ്ക്കൽ വർക്കി മകൻ അപ്പച്ചൻ വിവാഹം ചെയ്തു. ഇവർക്ക് വർക്കി, ജോസഫ് എന്നീ രണ്ടു മക്കളുണ്ട്.

ജോസഫിന്റെ മകൾ ജെസ്സിയെ തൃശ്ശൂരിനടുത്ത് പൂമലചിറയിൽ മ്യാലിൽ മാത്തുക്കുട്ടി വിവാഹം ചെയ്തു. ഇവർക്ക് റ്റിറ്റി, ക്യൂൻസ്, റ്റിറ്റോ എന്നീ മൂന്ന് മക്കൾ ഉണ്ട്.

ജോസഫിന്റെ മകൻ സണ്ണി മണ്ണുത്തി കുത്തൂർ വീട്ടിൽ പോൾ മകൾ മേരിയെ വിവാഹം ചെയ്തു. ഇവർക്ക് സിജോ, സിനോ എന്നീ രണ്ടു മക്കൾ ഉണ്ട്.

ജോസഫിന്റെ മകൻ ബാബു തിരൂർ കുളങ്ങര പൗലോസ് മകൾ മേരിയെ വിവാഹം ചെയ്ത് ശങ്കരൻചിറയിൽ താമസിക്കുന്നു. ഇവർക്ക് അമൽ എന്ന ഒരു കുട്ടിയുണ്ട്.

ജോസഫിന്റെ മകൻ സാബു അളഗപ്പാനഗർ മഞ്ഞളി ലോനാ മകൾ ആലീസിനെ വിവാഹം ചെയ്ത് അളഗപ്പാനഗറിൽ താമസിക്കുന്നു. ഇദ്ദേഹം മിലിട്ടറി സർവ്വീസിൽ നിന്നും വിരമിച്ചു. ഇവർക്ക് സജോ, സനോ, അനിക്സ് എന്നീ മൂന്ന് കുട്ടികൾ ഉണ്ട്.

ജോസഫിന്റെ മകൻ വിൽസൻ കൂത്താട്ടുകുളം വാരിക്കാട്ടുകുഴി വർക്കിയുടെ മകൾ കൊച്ചുറാണിയെ വിവാഹം ചെയ്തു അളഗപ്പാനഗറിൽ താമസിക്കുന്നു. ഇവർക്ക് ഗ്ലാഡിയ, റോസ എന്നീ രണ്ടു മക്കൾ ഉണ്ട്. വിൽസൻ അളഗപ്പാനഗർ ടെക്സ്റ്റെയിൽസ് മില്ലിൽ ജോലി ചെയ്യുന്നു.

## 1B (2)c ഔതച്ചൻ മകൻ കുഞ്ഞൂഞ്ഞ് (സിറിയക്)

കുഞ്ഞൂഞ്ഞ് പീച്ചി വെട്ടത്ത് ഔസേഫ് മകൾ അച്ചാമ്മയെ വിവാഹം ചെയ്ത് പീച്ചിയിൽ താമസിക്കുന്നു. ഇവർക്ക് മേഴ്സി, ഷീബാ, ഗീത, ജോസ്, സണ്ണി, ഷാൻറി എന്നീ ആറു മക്കൾ ഉണ്ട്. കുഞ്ഞൂഞ്ഞിന്റെ മൂത്ത മകൾ മേഴ്സിയെ മുളളക്കര പാവു മകൻ ജോസ് വിവാഹം ചെയ്ത് കൊരട്ടിയിൽ താമസിക്കുന്നു. ഇവർക്ക് ജിഷോ, ജിജോ, ജിൽസി എന്നീ മൂന്ന് മക്കൾ ഉണ്ട്.

കുഞ്ഞൂഞ്ഞിന്റെ രണ്ടാമത്തെ മകൾ ഷീബയെ കൊല്ലം പുത്തൻവീട്ടിൽ തോമസ് മകൻ ജേക്കബ്ബ് വിവാഹം ചെയ്തു. ഇവർക്ക് അനിൽ, അഞ്ചു, നിഷ എന്നീ മൂന്നു മക്കളുണ്ട്.

കുഞ്ഞൂഞ്ഞിന്റെ മകൾ ഗീതയെ ചാലക്കുടി പുത്തൻപുരയ്ക്കൽ ജോസഫ് മകൻ രാജു വിവാഹം ചെയ്തു. ഇവർക്ക് അരുൺ, മിഥുൻ എന്നീ രണ്ട് മക്കളുണ്ട്.

കുഞ്ഞൂഞ്ഞിൻെറ മകൻ ജോസ് മൂവാറ്റുപുഴ പുല്ലാട്ടുകുഴി യോഹന്നാൻ മകൾ മോളിയെ വിവാഹം ചെയ്തു. ഇവർക്ക് ഋഷി, റിച്ചു എന്നീ രണ്ടു മക്കൾ ഉണ്ട്. ജോസ് മിലിട്ടറി സർവ്വീസിൽ നിന്നും വിരമിച്ചു. മോളി സൗദിയിൽ ജോലി ചെയ്യുന്നു.

കുഞ്ഞൂഞ്ഞ് മകൻ സണ്ണി കളപ്പുരയിൽ മത്തായി മകൾ ഷൈലയെ വിവാഹം ചെയ്തു. ഇവർ തൃശൂരിൽ താമസിക്കുന്നു. ഇവർക്ക് സോനു എന്നൊരു മകളുണ്ട്.

കുഞ്ഞൂഞ്ഞിൻെറ മകൾ ഷാൻറിയെ തൃശ്ശൂർ മുളക്കുപുള്ളി തോമസ് മകൻ ജോണി വിവാഹം ചെയ്തു. ഇവർക്ക് നിഖിൽ, ആതിര എന്നീ രണ്ടു മക്കളുണ്ട്.

## 1B (2) d ഔതച്ചൻ മകൻ തോമാച്ചൻ

20–ാം വയസ്സിൽ നിര്യാതനായി.

## 1B (2) e ഔതച്ചൻ മകൻ ഫിലിപ്പ്

അവിവാഹിതനായി സഹോദരൻ ജോസഫിൻെറ കൂടെ താമസിക്കുന്നു.


## 1B (3) പോത്തൻ മകൾ അന്ന

അന്നയെ പാലായിൽ ഞാവള്ളിൽ പുത്തൻപുരയ്ക്കൽ മാണി വിവാഹം കഴിച്ചു. ഇവർക്ക് കൊച്ച് (ദേവസ്യ), ഫിലിപ്പ്, കുര്യൻ, അന്നക്കുട്ടി, ഇട്ടിയവിര, മാണി, ഏലിക്കുട്ടി എന്നീ ഏഴ് പുത്രീപുത്രന്മാർ ജനിച്ചു. മാണി 30–05–1977 ലും അന്ന 14–10–1988 ലും നിര്യാതരായി. ഏലിക്കുട്ടി എസ്. എച്ച്.കോൺവൻറിൽ ചേർന്ന് സി. ജെയിംസ് മേരി എന്ന പേരുസ്വീകരിച്ചു. ഫിലിപ്പിൻെറ മകൻ ഫാ. എമ്മാനുവേൽ സി.എം.ഐ ഇപ്പോൾ തെക്കേ അമേരിക്കയിൽ സേവനം ചെയ്യുന്നു.



# കോക്കപ്പുറം ഈറ്റിയാങ്കൽ ശാഖ

## (കിഴക്കേകോയിപ്പുറം)



# കോക്കപ്പുറം ഈറ്റിയാങ്കൽ ശാഖ

## (കിഴക്കേകോയിപ്പുറം)

നാഗനൂലിൽ നിന്നും കോക്കപ്പുറത്ത് താമസമാക്കിയ പോത്തന്, ഇട്ടിച്ചെറിയ, പോത്തൻ, കുരുവിള, ഔസേപ്പ് എന്നീ നാലു പുത്രന്മാർ ഉണ്ടായി. അതിൽ ഇട്ടിച്ചെറിയ വൈദികനായി വിജയപുരം രൂപതയിൽ ദീർഘകാലം സേവനമനുഷ്ഠിച്ചു. പിന്നീട് മുത്തോലിയിൽ വീട്ടിൽ വന്ന് വിശ്രമജീവിതം നയിച്ചു. ഏറെത്താമസിയാതെ ദിവംഗതനായി. മൃതദേഹം മുത്തോലി പളളിയിൽ കബറടക്കി. പോത്തനും കുരുവിളയും തറവാട്ടിൽ താമസിച്ചു. ഔസേപ്പ് ഈറ്റിയാങ്കൽ പുരയിടത്തിൽ മാറിത്താമസിച്ചു.

### 4 പോത്തൻ മകൻ ഔസേപ്പ്

നാഗനൂലിൽ കോക്കപ്പുറത്ത് പോത്തൻെറ ഇളയ മകനായ ഔസേപ്പ് കുടമാളൂർ മുട്ടത്തുപാടത്ത് വീട്ടിൽ നിന്നും മറിയത്തിനെ വിവാഹം കഴിച്ച് മുത്തോലിയിൽ തന്നെ ഈറ്റിയാങ്കൽ പുരയിടത്തിൽ താമസിച്ചു. മറിയത്തിന് മുട്ടത്തുപാടത്ത് കുടുംബത്തിൽനിന്നും പരമ്പരാഗതമായി കിട്ടിയിരുന്ന നേത്രചികിത്സയിൽ പരിജ്ഞാനമുണ്ടായിരുന്നു. അതിനാൽ ധാരാളം രോഗികളെ ആയുർവേദ വിധിപ്രകാരം സൗജന്യമായി ചികിത്സിച്ചു ഭേദപ്പെടുത്തിയിട്ടുണ്ട്. ചില താളിയോലഗ്രന്ഥങ്ങളും കൈയെഴുത്തു പ്രതികളും ഇന്നും ഈറ്റിയാങ്കൽ കുടുംബത്തിലെ കിഴക്കേകോയിപ്പുറത്ത് വീട്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

ഔസേപ്പ് -മറിയം ദമ്പതികൾക്ക് പോത്തൻ എന്നൊരു പുത്രനുണ്ടായി. 35-ാമത്തെ വയസ്സിൽ ഔസേപ്പ് ചരമം പ്രാപിച്ചു. മറിയം ദൈവപരിപാലനയിൽ ഏകയായി പുത്രനെ വളർത്തി അവിടെത്തന്നെകഴിഞ്ഞു.

### 4 A ഔസേപ്പ് മകൻ പോത്തൻ

ഓസേപ്പിൻെറ ഏകപുത്രൻ പോത്തൻ അയർക്കുന്നത്ത് കുടകശ്ശേരി മോനിപ്പള്ളി കാലായിൽ ഉതുപ്പു മകൾ എളേച്ചിയമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് മറിയാമ്മ എന്ന ഏകപുത്രി ജനിച്ചു. മറിയാമ്മയ്ക്ക് ഒരു വയസ്സായപ്പോൾ മറിയാമ്മയുടെ മാതാവ് ഏലി ചരമം പ്രാപിച്ചു. വലിയമ്മയായ മറിയം ആണ് കുട്ടിയെ പരിപാലിച്ചു വളർത്തിയത്.





### 4 A (1) പോത്തൻ മകൾ മറിയാമ്മ

പോത്തൻെറ ഏകപുത്രി മറിയാമ്മയെ അതിരമ്പുഴ മാടപ്പള്ളിയിൽ ദേവസ്യായുടെയും വെമ്പളളി കാവുംപറമ്പേൽ ഏലിയുടെയും (ഏലി നിധീരിക്കൽ മാണിക്കത്തനാരുടെ സഹോദരി പുത്രിയാണ്) മകൻ അബ്രാഹം



ഈറ്റിയാങ്കൽ (കിഴക്കേ കോയിപ്പുറത്ത്) അബ്രാഹം മറിയം ദമ്പതികൾ.

വിവാഹം ചെയ്തു ദത്തവകാശത്തിൽ താമസിച്ചു. ഇദ്ദേഹം മാന്നാനം ഹൈസ്കൂളിലെ ആദ്യകാല വിദ്യാർത്ഥികളിൽ ഒരാളായിരുന്നു. ഇദ്ദേഹം പിന്നീട് മുത്തോലി കൊടുങ്ങൂർ റോഡ്സൈഡിൽ മുത്തോലിയിൽ തന്നെ ഈറ്റിയാങ്കൽ കുടുംബം വക ഉണ്ടായിരുന്ന കിഴക്കേകോയിപ്പുറത്ത് പുരയിടത്തിലേയ്ക്ക് വീടു പണിയിച്ച് താമസം മാറ്റി. ഇപ്പോൾ കിഴക്കേകോയിപ്പുറം എന്ന പേരിലാണ് ഈ കുടുംബം അറിയപ്പെടുന്നത്.

അബ്രാഹം – മറിയാമ്മ ദമ്പതികൾക്ക് ഏലമ്മ, മോളിക്കുട്ടി, ചിന്നമ്മ, കുട്ടിയച്ചൻ എന്നീ നാലു സന്താനങ്ങൾ ഉണ്ടായി. മറിയാമ്മ 1976 സെപ്റ്റംബർ 16-ന് 78-ാം വയസ്സിലും അബ്രാഹം 1977 ആഗസ്റ്റ് 14-ന് 83-ാം വയസ്സിലും നിര്യാതരായി.

## 4 A (1) a അബ്രാഹം-മറിയം മകൾ ഏലമ്മ (ഏലിക്കുട്ടി)

ഏലിക്കുട്ടിയെ കോട്ടയം ഗാന്ധിനഗറിൽ മുടിയൂർക്കര മുക്കോശ്ശേരിൽ ജോസഫ് മകൻ കുര്യൻ വിവാഹം ചെയ്തു. ഇരുവരും അദ്ധ്യാപകരായി ദീർഘകാലസേവനത്തിനുശേഷം റിട്ടയർ ചെയ്തു. ഇവർക്ക് ജെസ്സി, സജി എന്നീ രണ്ടു മക്കൾ ഉണ്ടായി. ജെസ്സിയെ കൊല്ലപ്പള്ളിൽ തയ്യിൽ തങ്കച്ചൻ വിവാഹം ചെയ്തു.

സജി കോതമംഗലം നാക്കോലയിൽ നിന്നും ലൂസിയെ വിവാഹം കഴിച്ചു. സജി മുണ്ടക്കയം ട്രസ്റ്റ് ഹോസ്പിറ്റലിൽ ജനറൽ സൂപ്പർവൈസർ ആണ്. ലൂസി നാല്പാത്തിമല എം.ജി.യൂണിവേഴ്സിറ്റി പ്രോജക്ടിൽ കോ-ഓഡിനേറ്റർ ആണ്.

## 4 A (1) b അബ്രാഹം-മറിയം മകൾ മോളിക്കുട്ടി

ബാല്യത്തിലെ മരിച്ചു.

## 4 A (1) c അബ്രാഹം-മറിയം മകൾ ചിന്നമ്മ (അന്നമ്മ)

അന്നമ്മയെ കളത്തൂർ കൂനാമ്പുറത്ത് മത്തായി മകൻ തോമസ് വിവാഹം ചെയ്തു. ഇരുവരും അദ്ധ്യാപകരായി ദീർഘകാലസേവനത്തിനു ശേഷം



കിഴക്കേ കോയിപ്പുറത്ത് (ഈറ്റിയാങ്കൽ) അബ്രാഹം മറിയാമ്മ ദമ്പതികളുടെ മകൾ ഏലമ്മ ഭർത്താവ് കുര്യൻ, അന്നമ്മ ഭർത്താവ് തോമസ്, മകൻ കുട്ടിയച്ചൻ (മദ്ധ്യം).





റിട്ടയർ ചെയ്തു. ഇവർക്ക് ഷിബു, ഷിനോയ് എന്നീ രണ്ടു പുത്രന്മാർ ഉണ്ട്. ഷിനോയ് ഗവ.സ്കൂൾ അദ്ധ്യാപകനാണ്. ഷിബു, കോതമംഗലത്ത് കോലഞ്ചേരിൽ ജോണിയുടെ മകൾ അനുവിനെ വിവാഹം ചെയ്തു. ഷിബു, വിപ്രോകമ്പനിയിലും അനു ടെക്നോപാർക്കിലും എഞ്ചിനീയേഴ്സ് ആണ്.

## 4 A(1)d അബ്രാഹം-മറിയം മകൻ ജോസഫ്കുട്ടി (കുട്ടിയച്ചൻ)

അബ്രാഹം - മറിയം ദമ്പതികളുടെ ഏകപുത്രൻ ജോസഫ്കുട്ടി കരിങ്കുന്നം മുഞ്ഞനാട്ട്-മഞ്ഞക്കടമ്പിൽ ജോസഫിൻെറയും കടപ്ലാമറ്റം തുരുത്തിയിൽ മറിയാമ്മയുടെയും ഇളയ മകൾ റോസമ്മയെ വിവാഹം ചെയ്ത് മുത്തോലി കിഴക്കേകോയിപ്പുറത്ത് തറവാട്ടിൽ താമസിക്കുന്നു. വിവിധ സ്ഥലങ്ങളിൽ അദ്ധ്യാപകനായി ജോലി നോക്കിയ ഇദ്ദേഹം കൊഴുവനാൽ ഗവ.സ്കൂളിൽ നിന്നും 1998-ൽ റിട്ടയർ ചെയ്തു. 1961-68 കാലഘട്ടങ്ങളിൽ മുത്തോലി എസ്.ജി.ആർട്സ് ക്ലബ്ബിലെ ഒരു സജീവപ്രവർത്തകനും അഭിനേതാവുമായിരുന്ന ഇദ്ദേഹം ഇപ്പോൾ നാഗനൂലിൽ കുടുംബചരിത്ര രചനാകമ്മറ്റിയുടെ വൈസ് പ്രസിഡൻറാണ്. സാമൂഹിക പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നുണ്ട്.

ജോസഫ്കുട്ടി - റോസമ്മ ദമ്പതികൾക്ക് അബ്രഹാം റോജോ, ജോസ് റിജ്ജു എന്നീ രണ്ടു പുത്രന്മാരും റെജീനാ എന്നൊരു പുത്രിയുമുണ്ട്. പുത്ര



കിഴക്കേ കോയിപ്പുറത്ത് (ഈറ്റിയാങ്കൽ) ജോസഫ്കുട്ടി റോസമ്മ ദമ്പതികളും കുടുംബവും.

ന്മാർ രണ്ടുപേരും ബി.ടെക് ബിരുദധാരികളാണ്. ഇരുവരും സോഫ്റ്റ്വെയർ രംഗത്ത് വിദഗ്ദ്ധപരിശീലനം നേടി മൾട്ടി നാഷണൽ കമ്പനികളിൽ ജോലിചെയ്യുന്നു.

## ജോസഫ്കുട്ടി മകൻ റോജോ


റോജോ എറണാകുളം പരുത്തിക്കൽ അലക്സിന്റെ മകൾ മഞ്ജുവിനെ വിവാഹം ചെയ്തു. മഞ്ജു ഡോക്ടറാണ്. ഇരുവരും ഇപ്പോൾ അമേരിക്കയിൽ ആണ്.

ജോസഫുകുട്ടിയുടെ ഇളയ മകൾ റെജീനായെ വൈക്കത്ത് മേരിഗിരിയിൽ (വെട്ടുവഴിയിൽ) ഒ. വർക്കിയുടെ മകൻ റോയി വിവാഹം ചെയ്തു. സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരിയായ റോയി എറണാകുളത്ത് സ്വന്തമായി കൺസ്ട്രക്ഷൻ കമ്പനി നടത്തുന്നു. റെജീനാ M.A., B.Ed. ബിരുദധാരിയാണ്.

●



# വടക്കേകോയിപ്പുറം ശാഖ



# വടക്കേകോയിപ്പുറം തറവാട്ടു ശാഖ

## ഔസേപ്പ്

നാഗനൂലിൽ തറവാട്ടിൽ താമസിച്ച പോത്തൻെറ നാലാമത്തെ പുത്രൻ ഔസേപ്പ് വടക്കേ കോയിപ്പുറത്തേയ്ക്ക് മാറിത്താമസിച്ചു. ഔസേപ്പിന് പോത്തൻ, ഔസേപ്പ്, ഉലഹന്നാൻ, മത്തായി എന്നീ നാല് പുത്രന്മാർ ജനിച്ചു. മൂത്തപുത്രൻ പോത്തൻ ഞാറ്റുകാലക്കുന്നേലും രണ്ടാമൻ ഔസേപ്പ് വടക്കേകോയിപ്പുറത്ത് തറവാട്ടിലും മൂന്നാമൻ ഉലഹന്നൻ കളപ്പുരയ്ക്കലും താമസിച്ചു. നാലാമൻ മത്തായി വൈദികനായി.

## ഔസേപ്പ് മകൻ ഔസേപ്പ്

വടക്കേകോയിപ്പുറത്ത് താമസമാക്കിയ ഔസേപ്പിന് ഒരു പുത്രനും രണ്ടു പുത്രിമാരും ജനിച്ചു. ഒരു പുത്രി ഏലിയെ കൊഴുവനാൽ വെട്ടുവയലിൽ ഉലഹന്നൻ വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രിയെ കുരുവിനാൽ കല്ലൂക്കുന്നേൽ വിവാഹം ചെയ്തയച്ചു.

## I ഔസേപ്പ് മകൻ കുഞ്ഞമ്മൻ (തോമസ്)

ഔസേപ്പിൻെറ ഏകപുത്രൻ കുഞ്ഞമ്മൻ പൂവരണി പുല്ലാട്ട് നിന്നും ത്രേസ്യായെ വിവാഹം ചെയ്തു. ഇവർക്ക് ത്രേസ്യാ എന്നൊരു പുത്രി ജനിച്ചു. ഏറെത്താമസിയാതെ 1906-ൽ കുഞ്ഞമ്മൻെറ ഭാര്യ ത്രേസ്യാ നിര്യാതയായി. അതിനുശേഷം കുഞ്ഞമ്മൻ ഇടമറ്റത്ത് ഇലഞ്ഞിമറ്റത്തിൽ ഏലിയെ പുനർ വിവാഹം ചെയ്തു. ഈ വിവാഹത്തിൽ ജോസഫ്, തോമസ്, വർക്കിച്ചൻ, മാത്യു, മറിയക്കുട്ടി, ഏലിക്കുട്ടി എന്നീ ആറ് മക്കൾ ജനിച്ചു.

## I A കുഞ്ഞമ്മൻ മകൾ ത്രേസ്യാ

കുഞ്ഞമ്മൻെറ ആദ്യവിവാഹത്തിലെ പുത്രി ത്രേസ്യായെ മായം പ്പള്ളിയിൽ വർക്കി വിവാഹം ചെയ്തു. ഇവർക്ക് ചെറിയാൻ, തോമസ്, *ജോർജ്ജ് എന്നീ മൂന്ന് പുത്രന്മാരും* ഏലിക്കുട്ടി, തെയ്യാമ്മ എന്നീ രണ്ടു പുത്രിമാരും ഉണ്ടായി.

## I B കുഞ്ഞമ്മൻ മകൻ ജോസഫ് (കുഞ്ഞേപ്പ്)

കുഞ്ഞമ്മൻെറ പുനർവിവാഹത്തിലെ മൂത്തപുത്രൻ ജോസഫ് പാലായിൽ തെരുവിൽനിന്നും അന്നമ്മയെ വിവാഹം ചെയ്ത് വാഴൂരിൽ [കാനം] താമസമാക്കി. ഇവർക്ക് തോമസ്, ജോസഫ്, മത്തായിക്കുഞ്ഞ്, ഏലിക്കുട്ടി, ജോർജ്ജ്, പെണ്ണമ്മ, ത്രേസ്യാമ്മ, ഗ്രേസി, റോസമ്മ, ബേബി, സെബാസ്റ്റ്യൻ എന്നിങ്ങനെ പതിനൊന്ന് പുത്രീപുത്രന്മാരുണ്ടായി.





## I B1 ജോസഫ് മകൻ തോമസ് (ഫാ. തോമസ് കോയിപ്പുറം)

ജോസഫിൻെറ മൂത്തപുത്രൻ തോമസ് 20-01-1929-ൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം മുത്തോലിയിലും, ഹൈസ്ക്കൂൾ വിദ്യാഭ്യാസം പാലാ സെൻറ് തോമസ് ഹൈസ്ക്കൂളിലും നടത്തിയതിനുശേഷം ചങ്ങനാ ശ്ശേരി എസ്. ബി. കോളജിൽനിന്നും ഡിഗ്രിയെടുത്തു. 1950-ൽ ഈശോ സഭയിൽ ചേർന്നു വൈദികപഠനം തുടങ്ങി. പൂനയിൽവച്ച് 1962 മാർച്ചിൽ വൈദികപട്ടം സ്വീകരിച്ചു. 14 വർഷം ആന്ധ്രാ ലയോളാകോളജിൻെറ മാനേജരായും തിരുച്ചിനാപ്പള്ളി, ബിനുകുണ്ട, ശാന്തിനഗർ, ഗുണ്ടൂർ എന്നീ ഇടവകകളിൽ വികാരിയായും സേവനം ചെയ്തു. നാഗാലങ്കയിലെ പള്ളി സ്ഥാപിച്ചത് ഇദ്ദേഹത്തിൻെറ പരിശ്രമഫലമായിട്ടാണ്. രണ്ടുവർഷം Catholic Congregation of Blind ൻെറ ഡയറക്ടറായി മുരിങ്ങൂരിൽ [പോട്ട] സേവനമനുഷ്ഠിച്ചു. ഇപ്പോൾ ലയോളകോളജ് കരിംനഗർ ആന്ധ്രാപ്രദേശിൽ പ്രൊവിൻഷ്യൽ ആയി സേവനം ചെയ്യുന്നു.

## I B2 ജോസഫ് മകൻ ജോസഫ് (കൊച്ചാപ്പൻ)

ജോസഫിൻെറ രണ്ടാമത്തെ പുത്രൻ ജോസഫ് മണിമല പൈങ്ങോട്ട് മറിക്കുട്ടിയെ വിവാഹം ചെയ്ത് മലബാറിൽ നറുക്കിലക്കാട്ട് താമസിക്കുന്നു. അവർക്ക് രണ്ടു പുത്രന്മാരും മൂന്നു പുത്രിമാരും ഉണ്ട്. മൂത്തപുത്രി മേരിയമ്മയെ കാഞ്ഞങ്ങാട്ട് തേക്കുംകാട്ടിൽ ജോസ് വിവാഹംചെയ്തു. ഇവർക്ക് വിപിൻ, ചിപ്പി എന്നീ രണ്ടു കുട്ടികളുണ്ട്.

മക്കളിൽ രണ്ടാമത്തെ ആളായ സണ്ണി മാളിയേക്കൽ കൊച്ചുറാണിയെ വിവാഹംചെയ്ത് കോട്ടമലയിൽ താമസിക്കുന്നു. ഇവർക്ക് റിയ, റോണി എന്നിങ്ങനെ രണ്ടു കുട്ടികളുണ്ട്. മക്കളിൽ മൂന്നാമത്തെ ആളായ റ്റെസിയെ ചെറുവണ്ണാമൂഴി ആലക്കളത്തിൽ പ്രസാദ് ദാസ് വിവാഹം ചെയ്തു. ഇവർക്ക് മരത്, മുന്നു എന്നീ രണ്ടു കുട്ടികളുണ്ട്. കൊച്ചാപ്പൻെറ മക്കളിൽ രണ്ടാമത്തെ ആളായ റ്റോമി മുട്ടുചിറ മുരിക്കൻ വീട്ടിൽ നിന്നും ഷാമയെ വിവാഹം ചെയ്ത് സൗത്ത് ആഫ്രിക്കയിൽ ജോലി ചെയ്യുന്നു. ഇവർക്ക് ഷാരോൺ, തരുൺ എന്നിങ്ങനെ രണ്ടു കുട്ടികളുണ്ട്.

കൊച്ചാപ്പൻെറ ഇളയപുത്രി മേഴ്സിയെ കോഴിക്കോട് കല്ലാച്ചിയിൽ പാംപ്ലാനിയിൽ ഔസേപ്പച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ടോബിൻ, സച്ചിൻ എന്നീ രണ്ടു പുത്രന്മാരുണ്ട്.

## I B3 ജോസഫ് മകൻ K.J. മത്തായി (മത്തായിക്കുഞ്ഞ് )

വാഴൂരിൽ താമസമാക്കിയ കുഞ്ഞേപ്പിൻെറ മക്കളിൽ മൂന്നാമനായ മത്തായിക്കുഞ്ഞ്, വൈക്കം മണിപ്പാടത്ത് ജോയിയമ്മയെ വിവാഹം ചെയ്ത് മുത്തോലിയിൽ താമസമാക്കി. മാത്യു ബിരുദപഠനത്തിന് ശേഷം

ഹൈസ്ക്കൂൾ അദ്ധ്യാപകനായും, പിന്നീട് മുത്തോലി സെൻറ് ആൻറണീസ് ഹൈസ്ക്കൂൾ പ്രഥമാദ്ധ്യാപകനായും സേവനമനുഷ്ഠിച്ചശേഷം റിട്ടയർ ചെയ്തു. ഇവർക്ക് ഡെന്നി, ഡോണി, ഡോജി, ഡെൻസി, ഡിജു എന്നിങ്ങനെ അഞ്ചു മക്കളുണ്ടായി. ഡെന്നിയും, ഡോണിയും ഇരട്ടസഹോദരങ്ങളാണ്. ഇവർ ഗവ. കോൺട്രാക്ടർമാരായി ജോലിനോക്കുന്നു. ഡെന്നി, തൊടുപുഴ പൈകടയിൽനിന്നും ജിഷയെ വിവാഹം ചെയ്തു മുത്തോലിയിൽ താമസിക്കുന്നു. ഇവർക്ക് ആൻമി, എബി എന്നിങ്ങനെ രണ്ടു കുട്ടികളുണ്ട്. ഡോണി ഏറ്റുമാനൂർ ചിറയിൽനിന്നും ഗേളിയെ വിവാഹം ചെയ്തു മുത്തോലിയിൽ താമസിക്കുന്നു. ഇവർക്ക് മാളു, മാത്തുണ്ണി എന്നീ രണ്ടു കുട്ടികളുണ്ട്. മത്തായിക്കുഞ്ഞിൻെറ മക്കളിൽ മൂന്നാമത്തെ ആളായ ഡോജി [ഡോ. പ്രദീപ് മാത്യു] പൊൻകുന്നം കളത്തൂർ നിന്നും ഡോ. ലീനയെ വിവാഹം ചെയ്തു പാലായിൽ താമസിക്കുന്നു. പ്രദീപ് കോട്ടയം മെഡിക്കൽ കോളജിൽനിന്നും M.B.B.S., M.D. ബിരുദങ്ങൾ കരസ്ഥമാക്കി ഗവ. സർവ്വീസിൽ പീഡിയാട്രീഷ്യനായി പാലായിൽ ജോലി ചെയ്യുന്നു. ഡോ. ലീന M.D. ബിരുദധാരിണിയാണ്. ഇവർക്ക് പൊന്നു എന്നൊരു പുത്രിയുണ്ട്. മത്തായിക്കുഞ്ഞിൻെറ മക്കളിൽ നാലാമത്തെ ആളായ ഡെൻസി M.Sc., B.Ed ബിരുദധാരിണിയാണ്. ഡെൻസിയെ ചെത്തിപ്പുഴ അയിത്തമറ്റത്തിൽ ഔസേപ്പച്ചൻ [M.A, B.Ed] വിവാഹം ചെയ്തു. ഇവർ ഗൾഫിൽ ജോലി ചെയ്യുന്നു. ഇവർക്ക് മേരി ആൻ, ജോയിസ് ആൻ എന്നീ രണ്ടു കുട്ടികളുണ്ട്. മത്തായിക്കുഞ്ഞിൻെറ ഇളയപുത്രൻ ഡിജു [ദിലീപ്] M.C.A. പഠനത്തിനുശേഷം മദ്രാസിൽ ജോലിചെയ്യുന്നു. ദിലീപ്, ആലപ്പുഴ മങ്കൊമ്പ് പരുവാപറമ്പിൽ ഫിലിപ്പിൻെറ മകൾ ആൻസിയെ വിവാഹം ചെയ്തു.

## I B4 ജോസഫ് മകൾ ഏലിക്കുട്ടി

വാഴൂരിൽ താമസിച്ച ജോസഫിൻെറ മക്കളിൽ നാലാമത്തെ ആളായ ഏലിക്കുട്ടിയെ നറുക്കിലക്കാട്ട് തെങ്ങുംപള്ളിൽ തൊമ്മച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ആനിയമ്മ, മറിയമ്മ, ബാബു, സാജൻ, ലാലി, റാണി, ജോഷി എന്നീ ഏഴു മക്കളുണ്ട്. തൊമ്മച്ചൻ 16-05-82-ൽ നിര്യാതനായി.

## I B5 ജോസഫ് മകൻ ജോർജ്ജ് (വക്കച്ചൻ)

വാഴൂരിൽ താമസിച്ച ജോസഫിൻെറ മക്കളിൽ അഞ്ചാമത്തെ ആളായ വക്കച്ചൻ [ജോർജ്ജ്] മുത്തോലി എലവനാൽ ജോർജ്ജിൻെറ മകൾ പെണ്ണമ്മയെ വിവാഹം ചെയ്തു നറുക്കിലക്കാട്ടു താമസിക്കുന്നു. ഇദ്ദേഹം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായി റിട്ടയർചെയ്തു. ഇദ്ദേഹത്തിനു ഷിബു, ഷൈബാ, റോബിൻ, ബർക്കുമാൻസ്, മഞ്ചു എന്നീ അഞ്ചു മക്കളുണ്ട്.

വക്കച്ചൻെറ മൂത്തമകൻ ഷിബു പുലിക്കരുമ്പ്, കാപ്പുകാട്ടിൽ ലിസിയെ വിവാഹം ചെയ്തു. ഇവർക്ക് ജോർജ്ജ് എന്നൊരു പുത്രനുണ്ട്. മക്കളിൽ





രണ്ടാമത്തെ ആളായ ഷീബയെ ആലക്കോട് പാറേക്കുളത്ത് ജോഷി വിവാഹം ചെയ്തു. ഇവർക്ക് ശില്പാ, വിജിൽ എന്നീ രണ്ടു മക്കളുണ്ട്. മക്കളിൽ മൂന്നാമത്തെ ആളായ റോബി കട്ടംകവലവയിലക്കുന്നേൽ ദീപയെ വിവാഹം ചെയ്തു. നാലാമത്തെ ആളായ ബർക്കുമാൻസ്, പിതാവിനോടൊപ്പം താമസിക്കുന്നു. മക്കളിൽ അഞ്ചാമത്തെ ആളായ മഞ്ജുവിനെ തേർത്തല്ലി മൈലാടൂർ ബെന്നി വിവാഹം ചെയ്തു. അവർക്ക് ജെമ്മ എലീന എന്ന ഒരു പുത്രിയുണ്ട്.

## I B6 ജോസഫ് മകൾ പെണ്ണമ്മ

ജോസഫിൻെറ മക്കളിൽ ആറാമത്തെ ആളായ പെണ്ണമ്മയെ കുടിയാന്മല മറ്റത്തിൽ ബേബി വിവാഹം ചെയ്തു. ഇവർക്ക് സജി, സുജ, സാജു, ജെയ്മോൻ, ജിയോ എന്നീ അഞ്ച് മക്കളുണ്ട്.

## I B7 ത്രേസ്യാമ്മ

ജോസഫിൻെറ മക്കളിൽ ഏഴാമത്തെ ആളായ ത്രേസ്യാമ്മയെ ചങ്ങനാശ്ശേരി മാമ്മൂട്ടിൽ ഫ്രാൻസീസ് [ബേബി] വിവാഹം ചെയ്തു. ഇവർ രണ്ടുപേരും കോളജ് അദ്ധ്യാപകരായി റിട്ടയർ ചെയ്തു. ഇവർക്ക് സിന്ധു, സോണി, വിനീത, കെവിൻ എന്നീ നാലു മക്കളുണ്ട്.

## I B8 ഗ്രേസി

ജോസഫിൻെറ മക്കളിൽ എട്ടാമത്തെ ആളായ ഗ്രേസിയെ കാഞ്ഞിരമറ്റത്ത് നെടുംതകിടിയേൽ ജയിംസ് വിവാഹം ചെയ്തു. ഇവർ രണ്ടുപേരും ആഫ്രിക്കയിൽ അദ്ധ്യാപകരായി ജോലിചെയ്യുന്നു. ഇവർക്ക് എബി, മരിയ എന്നീ രണ്ടു മക്കളുണ്ട്.

## I B9 റോസമ്മ

ജോസഫിൻെറ മക്കളിൽ 9-ാമത്തെ ആളായ റോസമ്മയെ ചേർത്തല വരേക്കാട്ട് ജോർജ്ജ് [പാപ്പച്ചൻ] വിവാഹം ചെയ്ത് എറണാകുളത്ത് താമസിക്കുന്നു. ജോർജ്ജ് തൃക്കാക്കര ഭാരത്മാതാ കോളജ് റിട്ടയേർഡ് പ്രിൻസിപ്പാളാണ്. ഇവർക്ക് നിഖിൽ, ശാരിക, ഗോപൻ എന്നീ മൂന്നു മക്കളുണ്ട്.

## I B10 ബേബി (ഫ്രാൻസിസ് )

ജോസഫിൻെറ മക്കളിൽ പത്താമത്തെ ആളായ ഫ്രാൻസിസ് പറവൂർ പാത്തിക്കുളങ്ങര ടെസ്സനെ വിവാഹം ചെയ്ത് എറണാകുളത്തു താമസിക്കുന്നു. ബേബി തൃക്കാക്കര ഭാരത്മാതാ കോളേജ് പ്രൊഫസറാണ്. ഇവർക്ക് ടാനിയാ, ടോണി, ലിയാ എന്നീ മൂന്നു മക്കളുണ്ട്.

## I B11 ജോസ് (സെബാസ്റ്റ്യൻ)

ജോസഫിൻെറ മക്കളിൽ ഇളയ ആളായ ജോസ് [സെബാസ് റ്റ്യൻ] നെടുംകുന്നം കുമ്പുളുവേലിൽ ഇളപ്പുങ്കൽ മേഴ്സിയെ വിവാഹം ചെയ്ത് വാഴൂരിൽ തറവാട്ടിൽ താമസിക്കുന്നു. ഇദ്ദേഹം കെ.എസ്.ഇ.ബി. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. മേഴ്സി കാനറാബാങ്ക് ഓഫീസ റാണ്. ഇവർക്ക് തൽവി, ജെസ്വിൻ എന്നീ രണ്ടു മക്കളുണ്ട്.

## I C കുഞ്ഞമ്മൻ മകൻ തോമസ്

കോയിപ്പുറത്ത് കുഞ്ഞമ്മൻെറ രണ്ടാമത്തെ പുത്രനായ തോമസ് പാലാ കിഴക്കേക്കര മറിയക്കുട്ടിയെ വിവാഹം ചെയ്ത് ആദ്യകാലത്ത് മുത്തോലിയിൽ കോക്കപ്പുറത്ത് താമസിച്ചു. അതിനുശേഷം പേരാമ്പ്ര പന്തിരിക്കരയിൽ താമസമാക്കി. തോമസ് പാലായിലെ ആദ്യകാല അഡ്വക്കറ്റുമാരിൽ ഒരാളായിരുന്നു. ഇവർക്ക് കുഞ്ഞാപ്പച്ചൻ, ചെറിയാച്ചൻ തങ്കമ്മ ജോസ്, ജോർജ്ജ്, ഗ്രേസി, മേരിക്കുട്ടി, ലില്ലിക്കുട്ടി, സോഫി, തോമസ് എന്നീ പത്തു മക്കളുണ്ടായി.

## I C1 കുഞ്ഞാപ്പച്ചൻ (ഫാ. ജെസ്റ്റിൻ കോയിപ്പുറം സി.എം.ഐ)

റവ. ഡോ. ജസ്റ്റിൻ കോയിപ്പുറം 1935 ഡിസംബർ എട്ടാം തീയതി ജനിച്ചു. മുത്തോലി സെൻറ് ആൻറണീസ് സ്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. 1952-ൽ സി.എം.ഐ സഭയിൽ പ്രവേശിച്ചു. 1954-ൽ ആദ്യവ്രതവാഗ്ദാനം നടത്തി. പൂനാ പേപ്പൽ സെമിനാരിയിൽനിന്നും തത്വശാസ്ത്രത്തിൽ എം.എ. ബിരുദം നേടി. ബാംഗ്ളൂർ ധർമ്മാരാം കോളേജിൽ ദൈവശാസ്ത്രപഠനം പൂർത്തിയാക്കി. 1962 മെയ് 17-ാം തീയതി വൈദികപട്ടം സ്വീകരിച്ചു. വൈദികപരിശീലനത്തിനുശേഷം രണ്ടുവർഷം ധർമ്മധാരാം കോളജിൽ തത്വശാസ്ത്രവിഭാഗത്തിൽ ലക്ച്ചററായി സേവനമനുഷ്ഠിച്ചു. അതിനു ശേഷം ഉപരിപഠനത്തിനായി ഏതാനും വർഷം റോമിലും, അമേരിക്കയിലുമായിരുന്നു. റോമിലെ ഗ്രിഗോറിയൻ സർവ്വകലാശാലയിലും അമേരിക്കയിലെ യെയിൻ സർവ്വകലാശാലയിലും തത്വശാസ്ത്രത്തിൽ ഗവേഷണം നടത്തി. 1968-ൽ പി.എച്ച്.ഡി. ബിരുദം കരസ്ഥമാക്കി. 1971-ൽ സി.എം.ഐ സഭയുടെ റോമിലെ പ്രഥമ പ്രൊക്കുറേറ്റർ ജനറൽ ആയി നിയമിതനായി. പത്തുവർഷം നീണ്ടുനിന്ന അദ്ദേഹത്തിൻെറ ഈ കാലഘട്ടത്തിൽ സി.എം.ഐ സഭയുടെ പ്രഥമ പ്രൊക്കൂരാഭവനവും സി.എച്ച്എസ്. എന്ന പഠനകേന്ദ്രവും റോമിൽ സ്ഥാപിതമായി.

1981-ൽ ബാംഗ്ളൂർ ധർമ്മാരാം കോളജിൽ റക്ടർ സ്ഥാനംകൂടി ഏറ്റെടുത്തതോടെ അദ്ദേഹത്തിൻെറ ഇൻഡ്യയിലെ ഉത്തരവാദിത്വനിർഭരമായ സേവനം ആരംഭിച്ചു. മൂന്നുവർഷത്തെ ധർമ്മാരാം ജോലിക്കുശേഷം 1984-ൽ പൂനാ കാർമ്മൽ വിദ്യാഭവനത്തിൻെറ റക്ടറായി അദ്ദേഹം നിയമിതനായി. 1987 മുതൽ 1999 വരെയുള്ള ദീർഘകാലഘട്ടം അദ്ദേഹത്തിൻെറ





സേവനരംഗം സി.എം.ഐ സഭയുടെ കോഴിക്കോടു പ്രവിശ്യാഭവനമായിരുന്നു. മൂന്നുപ്രാവശ്യം ഈ പ്രവിശ്യയുടെ പ്രൊവിൻഷ്യാളായും ഒരുതവണ ഫിനാൻസ് സെക്രട്ടറിയായും സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. ഈ കാലഘട്ടത്തിൽ കോഴിക്കോട്ടു പ്രവിശ്യയുടെ വിവിധ നിർമ്മാണാത്മക പ്രവർത്തനങ്ങളിൽ അദ്ദേഹം വിലപ്പെട്ട നേതൃത്വം നൽകി. 1999-ൽ അദ്ദേഹം വീണ്ടും റോമിലെ പ്രൊക്കു റേറ്റർ ജനറലായി നിയമിതനായി. റോമാ നഗരത്തിൽ സി.എം.ഐ സഭയ്ക്കുവേണ്ടി പുതിയൊരു ഭവനംകൂടി സ്ഥാപിക്കുന്നതിൽ അദ്ദേഹത്തിൻെറ പങ്ക് വളരെ നിർണ്ണായകമായിരുന്നു. ഇപ്പോഴും അദ്ദേഹം സി.എം.ഐ സഭയുടെ റോമിലെ ഔദ്യോഗിക പ്രതിനിധിയായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു. ബഹു. ജസ്റ്റിനച്ചൻ വളരെ അംഗീകരിക്കപ്പെടുന്ന ഒരു സന്യാസഭരണാധികാരിയും, പണ്ഡിതനും, വാഗ്മിയുമായ വലിയൊരു സന്യാസ വൈദീകനുമാണ്. ഇപ്പോൾ CMI സഭയുടെ ജനറൽ കൗൺസിലറും പ്രൊക്കുറേറ്ററുമായി സേവനം ചെയ്യുന്നു.

## I C2 ചെറിയാച്ചൻ

തോമസിൻെറ മക്കളിൽ രണ്ടാമത്തെ ആളായ ചെറിയാച്ചൻ തോടനാൽ പൗവ്വത്തിൽനിന്നും ക്ലാരമ്മയെ വിവാഹംചെയ്തു. ഇവർക്ക് റ്റെസി, ബിൻസി, ജാൻസി എന്നീ മൂന്നു പുത്രിമാർ ജനിച്ചു. അധികം താമസിയാതെ ചെറിയാച്ചൻെറ ഭാര്യ മരിച്ചു. പിന്നീട് ചെറിയാച്ചൻ, കുളത്തുവയലിൽ വെള്ളാപ്പള്ളി അന്നക്കുട്ടിയെ പുനർവിവാഹം ചെയ്തു. ഈ വിവാഹത്തിൽ രജനി, മനോജ് എന്നീ രണ്ടു മക്കളുണ്ടായി. ചെറിയാച്ചൻെറ ആദ്യവിവാഹത്തിലെ മൂത്തപുത്രി റ്റെസിയെ, പാലാ പുതുമന ജോസ് വിവാഹം ചെയ്തു. ഇവർക്ക് വീണ, ഉണ്ണി എന്നീ രണ്ടു മക്കളുണ്ട്. ചെറിയാച്ചൻെറ രണ്ടാമത്തെ മകളായ ബെൻസിയെ പന്തിരിക്കര തേവർകോട്ടയിൽ ബേബി വിവാഹം ചെയ്തു. ഇവർക്ക് മിനു, അപ്പു എന്നീ രണ്ടു കുട്ടികളുണ്ട്. ചെറിയാച്ചൻെറ മൂന്നാമത്തെ മകളായ ജാൻസിയെ വൈക്കം ചക്കാലയ്ക്കൽ ദേവസ്യാച്ചൻ വിവാഹം ചെയ്തു. ജാൻസി അദ്ധ്യാപികയാണ്. ഇവർക്ക് ഗീതു എന്നൊരു പുത്രിയുണ്ട്. ചെറിയാച്ചൻെറ പുനർവിവാഹത്തിലെ മൂത്തപുത്രി രജനിയെ കോഴിക്കോടു പാലാപറമ്പിൽ റജി വിവാഹം ചെയ്തു. ഇവർക്ക് ശില്പ എന്നൊരു പുത്രിയുണ്ട്. ചെറിയാച്ചൻെറ ഇളയമകൻ മനോജ് കോഴിക്കോട് പുതുശ്ശേരി ഷെറിനെ വിവാഹം ചെയ്തു. ചെറിയാച്ചൻ ഇപ്പോൾ പേരമ്പ്രയ്ക്കടുത്ത് തോണ്ടയാട് എന്ന സ്ഥലത്തു താമസിക്കുന്നു.

## I C3 തങ്കമ്മ

തോമസിൻെറ മക്കളിൽ മൂന്നാമത്തെ ആളായ തങ്കമ്മയെ തളിപ്പറമ്പിനടുത്ത് വെള്ളോറതൊഴുത്തുങ്കവയലിൽ തോമസ് വിവാഹം ചെയ്തു.

ഇവർക്ക് റ്റോം, ഷേർലി, ജോർജ്ജ്, കിഷൻ, രാജീവ് എന്നീ അഞ്ചു മക്കളുണ്ട്.

## I C4 ജോസ്

തോമസിൻെറ മക്കളിൽ നാലാമത്തെ ആളായ ജോസ് കൂരാച്ചുണ്ട് പൂന്തോട്ടത്തിൽ എത്സമ്മയെ വിവാഹം ചെയ്തു പന്തരിക്കരയ്ക്കടുത്ത് താമസിക്കുന്നു. ഇവർക്ക് സജി, സണ്ണി എന്നീ രണ്ട് പുത്രന്മാരുണ്ട്. മൂത്തപുത്രൻ സജി ആലക്കോട് കുമ്പുക്കൽ ലതയെ വിവാഹം ചെയ്തു. ഇവർക്ക് ജോമോൻ, ചിഞ്ചു എന്നീ രണ്ടു മക്കളുണ്ട്. രണ്ടാമത്തെ പുത്രനായ സണ്ണി മണിക്കാട്ടുകുന്നേൽ ജാൻസിയെ വിവാഹം ചെയ്തു. ഇവർക്ക് ചിന്നു എന്നൊരു പുത്രിയുണ്ട്.

## I C5 ജോർജ്ജ്

തോമസിൻെറ മക്കളിൽ അഞ്ചാമത്തെ ആളായ ജോർജ്ജ് പെരിന്തൽമണ്ണ തൈപ്പറമ്പിൽ ജയിനമ്മയെ വിവാഹം ചെയ്ത് കോഴിക്കോട്ട് മലാപ്പറമ്പിൽ താമസിക്കുന്നു. ഇവർക്ക് ആശാ, വർഷാ എന്നീ രണ്ടു പുത്രിമാരുണ്ട്.

## I C6 ഗ്രേസി

തോമസിൻെറ മക്കളിൽ ആറാമത്തെ ആളായ ഗ്രേസിയെ പാലാ മാധവത്ത് ജോയി വിവാഹം ചെയ്തു. ഇദ്ദേഹം സൗത്ത് ഇൻഡ്യൻ ബാങ്ക് മാനേജരായി റിട്ടയർ ചെയ്തു. ഇവർക്ക് ദീപ, മഞ്ജു, മിനു എന്നീ മൂന്നു പുത്രിമാരുണ്ട്. ഇവരിൽ മിനുവിന് BSc.-യ്ക്ക് ഗാന്ധിയൂണിവേഴ്സിറ്റിയിൽ നിന്ന് I$^{st}$ റാങ്ക് നേടിയിട്ടുണ്ട്. MSc. I$^{st}$ റാങ്ക് നേടി. ഫിസിക്സിൽ C.S.I.R. ഫെലോഷിപ്പുനേടി കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ഗവേഷണം ചെയ്യുന്നു. ദീപയെ കുന്നക്കോട്ട് മാത്യു സെബാസ്റ്റ്യൻ വിവാഹം ചെയ്തു. മഞ്ജുവിനെ ഉള്ളനാട് ഒറ്റപ്ലാക്കൽ സുരേഷ്മാത്യു വിവാഹം ചെയ്തു.

## I C7 മേരിക്കുട്ടി

തോമസിൻെറ മക്കളിൽ ഏഴാമത്തെ ആളായ മേരിക്കുട്ടിയെ കൂത്തുപ്പറമ്പ് മലേപ്പറമ്പിൽ ചാണ്ടി വിവാഹം ചെയ്തു. ഇദ്ദേഹം കൂത്തുപറമ്പു കോളേജിൽനിന്നും റിട്ടയർ ചെയ്തു. ഇവർക്ക് അജു, നീനു, ചിന്നു എന്നീ മൂന്നു മക്കളുണ്ട്.

## I C8 ലില്ലിക്കുട്ടി

തോമസിൻെറ മക്കളിൽ എട്ടാമത്തെ ആളായ ലില്ലിക്കുട്ടിയെ കാഞ്ഞിരപ്പള്ളി കരിപ്പാപ്പറമ്പിൽ മാത്യു വിവാഹം ചെയ്തു. മാത്യു സൗത്ത്





ഇൻഡ്യൻ ബാങ്കുമാനേജരായി ജോലിചെയ്യുന്നു. ഇവർക്ക് ഡൊമിനിക്, ടോം എന്നീ രണ്ടു പുത്രന്മാരുണ്ട്.

## I C9 സോഫി

തോമസിൻെറ മക്കളിൽ ഒമ്പതാമത്തെ ആളായ സോഫിയെ ഈരാറ്റുപേട്ട വെള്ളൂക്കുന്നേൽ സാജൻ വിവാഹം ചെയ്തു. ഇവർക്ക് സഞ്ചു, ജോപ്പു, അപ്പു എന്നീ മൂന്നു മക്കളുണ്ട്.

## I C10 തോമസ്

തോമസിൻെറ ഇളയമകനായ തോമസ് ചങ്ങനാശ്ശേരി കോച്ചേരിയിൽ പ്രിൻസിയെ വിവാഹം ചെയ്തു പന്തിരിക്കര തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് റ്റീനു, റ്റോണി എന്നീ രണ്ടു മക്കളുണ്ട്.

## I D കുഞ്ഞമ്മൻ മകൻ വർക്കിച്ചൻ

കുഞ്ഞമ്മൻെറ മക്കളിൽ നാലാമത്തെ ആളായ വർക്കിച്ചൻ ബാല്യത്തിൽതന്നെ നിര്യാതനായി.

## I E കുഞ്ഞമ്മൻ മകൻ മാത്യു (പാപ്പച്ചൻ)

കുഞ്ഞമ്മൻെറ ഇളയമകനായ പാപ്പച്ചൻ കരൂർ കയത്തുംങ്കര മേരി [മാമ്മി]യെ വിവാഹം ചെയ്തു കോയിപ്പുറത്തു തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് ജോയിച്ചൻ, ലീലാമ്മ, ജോസ്, ലൂസി, വത്സമ്മ, സെലിൻ, റാണി,



പാപ്പച്ചനും സഹോദരി സി. ഫിലോമിന, മക്കളായ റാണി, സി.സെലിൻ, സി. മരീന, സി. എലിസബത്ത്, ഫാ. കുര്യാച്ചൻ, മാത്തച്ചൻ എന്നിവരും.

കുര്യാച്ചൻ, മാത്തച്ചൻ എന്നീ ഒൻപതു മക്കളുണ്ട്. പാപ്പച്ചൻെറ ഭാര്യ മാമ്മി 1969 ജൂലൈ 11-നു മരിച്ചു.

### I E1 തോമസ് (ജോയിച്ചൻ)

പാപ്പച്ചൻെറ മൂത്തമകൻ ജോയിച്ചൻ പാലാ മൈലാടൂർ പുത്തൻപുരയിൽ ആൻസിയെ വിവാഹം ചെയ്ത് മുത്തോലിയിൽ താമസിക്കുന്നു. ഇവർക്ക് അഞ്ചു, അജോ എന്നീ രണ്ടു മക്കളുണ്ട്. അഞ്ചു MSc. വിദ്യാർത്ഥിനിയും, അജോ BSc. വിദ്യാർത്ഥിയുമാണ്.

### I E2 ലീലമ്മ

പാപ്പച്ചൻെറ മക്കളിൽ രണ്ടാമത്തെ ആളായ ലീലമ്മ ആരാധനാമഠത്തിൽ ചേർന്ന് സി. എലിസബത്ത് എന്ന പേരുസ്വീകരിച്ചു. ഇപ്പോൾ വടകര സ്കൂളിലെ അദ്ധ്യാപികയും, വടകര മഠത്തിൽ മദർ സുപ്പീരിയറായും സേവനമനുഷ്ഠിക്കുന്നു.

### I E3 ജോസ്

പാപ്പച്ചൻെറ മക്കളിൽ മൂന്നാമത്തെ ആളായ ജോസ് മൂലമറ്റം മഞ്ഞക്കുന്നേൽ ലില്ലിയെ വിവാഹം ചെയ്ത് മണ്ണാർകാടിനടുത്ത് തച്ചംപാറയിൽ താമസിക്കുന്നു. ഇവർക്ക് ജ്യോതിസ്, ജോജിസ്, ജോയിസ് എന്നീ മൂന്നു പുത്രന്മാരുണ്ട്. ഇവർ മൂന്നുപേരും വിദ്യാർത്ഥികളാണ്.

### I E4 ലൂസി

പാപ്പച്ചൻെറ മക്കളിൽ നാലാമത്തെ ആളായ ലൂസി ആരാധനാമഠത്തിൽചേർന്ന് സി. മരീനാ എന്നു പേരു സ്വീകരിച്ച് ഇപ്പോൾ കൂത്താട്ടുകുളം ദേവമാതാ ഹോസ്പിറ്റലിൽ സേവനമനുഷ്ഠിക്കുന്നു.

### I E5 വത്സമ്മ

പാപ്പച്ചൻെറ മക്കളിൽ അഞ്ചാമത്തെ ആളായ വത്സമ്മയെ ചേർപ്പുങ്കൽ കോയിക്കൽ ഔസേപ്പച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ചിന്തു, ചിന്നു എന്നീ രണ്ടു പുത്രിമാരുണ്ട്.

### I E6 സെലിൻ

പാപ്പച്ചൻെറ മക്കളിൽ ആറാമത്തെ ആളായ സെലിൻ ആരാധനാമഠത്തിൽ ചേർന്നു. സെലിൻ പാലാ അൽഫോൻസാ കോളേജ് മലയാളം വകുപ്പിൽ പ്രൊഫസറായി സേവനമനുഷ്ഠിക്കുന്നു.





### I E7 റാണി

പാപ്പച്ചൻെറ മക്കളിൽ ഏഴാമത്തെ ആളായ റാണിയെ ചേർത്തല അറയ്ക്കപ്പറമ്പിൽ ബാബു വിവാഹം ചെയ്തു. ഇവർക്ക് ജോബിൻ, ജോതി എന്നീ രണ്ടു മക്കളുണ്ട്.

### I E8 കുര്യാച്ചൻ (ഫാ. കുര്യൻ കോയിപ്പുറം)

പാപ്പച്ചൻെറ മക്കളിൽ എട്ടാമത്തെ ആളായ കുര്യാച്ചൻ വൈദിക നായി ബീഹാറിൽ മുസ്സാഫർപ്പൂർ രൂപതയിൽ സേവനമനുഷ്ഠിച്ചശേഷം ഇപ്പോൾ തക്കല രൂപതയിൽ മാർപ്പാടിപള്ളി വികാരിയായി സേവനമനുഷ്ഠിക്കുന്നു.

### I E9 മാത്തച്ചൻ

പാപ്പച്ചൻെറ ഇളയപുത്രനായ മാത്തച്ചൻ ഭരണങ്ങാനം പൂവത്തി നാൽ തൊമ്മച്ചൻെറ മകൾ ഫെൻസിയെ വിവാഹംചെയ്ത് കോയിപ്പുറത്തു തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് മരിയാ, മാത്യൂസ് എന്നീ രണ്ടു മക്കളുണ്ട്.

### I F മറിയക്കുട്ടി

കുഞ്ഞമ്മൻെറ മക്കളിൽ ആറാമത്തെയാളായ മറിയക്കുട്ടിയെ പാലാ കട്ടക്കയം [മുപ്രയിൽ] തോമസ് വിവാഹം ചെയ്ത് തൊടുപുഴയ്ക്കടുത്ത് ഇളംദേശത്ത് താമസിക്കുന്നു. ഇവർക്ക് ലിസിയമ്മ, വത്സമ്മ, ജയിംസ്, റ്റോമിച്ചൻ, ആൻസമ്മ, ഡെയ്സി, സാലി, മാത്തച്ചൻ എന്നിങ്ങനെ എട്ടു മക്കളുണ്ട്. ഇതിൽ റ്റോമിച്ചൻ ഡോക്ടറായിട്ടും, മാത്തച്ചൻ അഡ്വക്കറ്റായിട്ടും സേവനമനുഷ്ഠിക്കുന്നു. മറിയക്കുട്ടിയുടെ ഭർത്താവ് തോമസ് നിര്യാതനായി.


### I G ഏലിക്കുട്ടി

കുഞ്ഞമ്മൻെറ മക്കളിൽ ഇളയ ആളായ ഏലിക്കുട്ടി ആരാധനാമഠത്തിൽചേർന്ന് സി. ഫിലോമിന എന്ന പേരു സ്വീകരിച്ചു. ഇപ്പോൾ കടനാട് മഠത്തിൽ സേവനമനുഷ്ഠിക്കുന്നു.

### ഔസേപ്പ് മകൻ മത്തായി (ഫാ. മത്തായി)

വടക്കേകോയിപ്പുറത്തു മാറിത്താമസിച്ച ഔസേപ്പിൻെറ ഇളയപുത്രൻ മത്തായി വൈദീകനായി. 19-ാം നൂറ്റാണ്ടിൻെറ ആദ്യദശകത്തിൽ ചങ്ങനാശ്ശേരി രൂപതയ്ക്കുവേണ്ടി വൈദീകനായി സേവനം ചെയ്തിട്ടുള്ളതായി പാലാ കത്തീഡ്രൽ പള്ളിയുടെ 1990-ലെ സ്മരണികയിൽ കാണുന്നു. ഇദ്ദേഹം നാഗനൂലിൽ കൊച്ചുമത്തായിയച്ചൻ എന്ന പേരിലാണ് അറിയപ്പെടുന്നത്.

# ഞാറ്റുകാലക്കുന്നേൽ ശാഖ






# ഞാറ്റുകാലക്കുന്നേൽ ശാഖ

നാഗനൂലിൽ തറവാട്ടിൽ താമസിച്ച പോത്തൻെറ നാലാമത്തെ പുത്രൻ ഔസേപ്പ് വടക്കേകോയിപ്പുറത്ത് മാറിത്താമസിച്ചു. ഇദ്ദേഹത്തിൻെറ മൂത്തപുത്രൻ പോത്തൻ ഞാറ്റുകാലക്കുന്നേലേയ്ക്ക് മാറിത്താമസിച്ചു. പോത്തന് കുഞ്ഞമ്മൻ, ഇട്ടൂപ്പ് എന്നീ രണ്ടു പുത്രന്മാരുണ്ടായി. കുഞ്ഞമ്മൻ മാത്തിൽപുരയിടത്തിലേക്കു മാറിത്താമസിച്ചു.

## 2. പോത്തൻ മകൻ ഇട്ടൂപ്പ്

പോത്തൻെറ ഇളയമകനായ ഇട്ടൂപ്പ് ഭരണങ്ങാനം മൂത്തേടത്ത് അന്നമ്മയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിച്ചു. ഇവർക്ക് കുഞ്ഞേലി, അച്ചാമ്മ എന്നീ രണ്ടു പുത്രിമാർ ജനിച്ചു.

## 2B അച്ചാമ്മ (സൂസന്നാമ്മ)



സി. സൂസന്ന
ഞാറ്റുകാലക്കുന്നേൽ

ഇട്ടൂപ്പിൻെറ രണ്ടാമത്തെ മകളായ അച്ചാമ്മ കർമ്മലീത്താമഠത്തിൽ ചേർന്നു സി. സൂസന്ന എന്ന പേരുസ്വീകരിച്ചു. മുത്തോലി മഠത്തിൻെറ സ്ഥലത്തോടു ചേർന്ന് സിസ്റ്ററിൻെറ പത്രമേനിയായി കുറെ സ്ഥലവും മഠത്തിനു കൊടുത്തിട്ടുണ്ട്. സി. സൂസന്നാ ദീർഘകാലം അധ്യാപികയായി സേവനമനുഷ്ഠിച്ചതിനു ശേഷം റിട്ടയർ ചെയ്തു. സിസ്റ്റർ ദീർഘകാലം നോവിഷ്യേറ്റ് മിസ്ട്രസ് ആയും പല മഠങ്ങളിലും മദർ സുപ്പീരിയ റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1998 മെയ് 9-ാം തീയതി സൂസന്നാമ്മ നിര്യാതയായി. ഭൗതികശരീരം മുത്തോലി മഠത്തിൻെറ സിമിത്തേരിയിൽ സംസ്കരിച്ചു.


## 2A കുഞ്ഞേലി

ഇട്ടൂപ്പിൻെറ മൂത്തപുത്രി കുഞ്ഞേലിയെ പാലാ പുഞ്ചക്കുന്നേൽ [മണിയഞ്ചിറക്കുന്നേൽ] ഔസേപ്പ് വിവാഹം ചെയ്ത് ദത്തവകാശത്തിൽ താമസിച്ചു. ഇവർക്ക് ജോസഫ് [കുഞ്ഞാപ്പച്ചൻ] അച്ചാമ്മ എന്നീ രണ്ടു മക്കളുണ്ട്.



ഞാറ്റുകാലക്കുന്നേൽ ഔസേപ്പും ഭാര്യ
കുഞ്ഞേലിയും.

## 2A1 കുഞ്ഞാപ്പച്ചൻ (ജോസഫ് )



ഞാറ്റുകാലക്കുന്നേൽ ജോസഫ് (കുഞ്ഞാപ്പച്ചൻ)

ജോസഫ്-കുഞ്ഞേലി ദമ്പതികളുടെ പുത്രനായ കുഞ്ഞാപ്പച്ചൻ കുടമാളൂർ താഴത്തുകരിമ്പുമാലിയിൽ പൗലോസ് മകൾ പെണ്ണമ്മയെ വിവാഹം ചെയ്ത് ഞാറ്റുകാലക്കുന്നേൽ തറവാട്ടിൽ താമസിച്ചു. ഇവർക്ക് ജോസ്, ഗ്രേസി, ആനിയമ്മ, റോസമ്മ, പൗലോസ്, കൊച്ചുറാണി, റ്റെസിയമ്മ, തോമാച്ചൻ, റോമി, സാജു എന്നീ പത്തു മക്കളുണ്ടായി. കുഞ്ഞാപ്പച്ചൻ മുത്തോലി C.Y.M.A യുടെ ആദ്യകാലസജീവപ്രവർത്തകനും മു ത്തോലി സെൻറ് ജോർജ് വായന ശാലയുടെ സ്ഥാപകരിൽ ഒരാളുമായിരുന്നു. കുഞ്ഞാപ്പച്ചൻ 1988 ഒക്ടോബർ 16-ന് നിര്യാതനായി.

## 2A1a കുഞ്ഞാപ്പച്ചൻ മകൻ ജോസ്

കുഞ്ഞാപ്പച്ചൻെറ മൂത്തപുത്രൻ ജോസ് കടുത്തുരുത്തി അറുനൂറ്റി മംഗലം ഇടവക നീരാളാക്കോട്ടിൽ ഔതച്ചൻെറ മകൾ റോസമ്മയെ വിവാഹം ചെയ്ത് ഇപ്പോൾ പാലായിൽ 12-ാം മൈലിൽ താമസിക്കുന്നു. ഇദ്ദേഹം P.W.D. അസി: എക്സിക്യൂട്ടീവ് എഞ്ചിനീയറായി ഇപ്പോൾ കോട്ടയം



ഞാറ്റുകാലക്കുന്നേൽ ജോസും, മാതാവ് പെണ്ണമ്മയും കുടുംബാംഗങ്ങളും.




ഗാന്ധിനഗറിൽ ജോലിചെയ്യുന്നു. ഇദ്ദേഹത്തിന് ലിൻറു, റ്റിറ്റോ, മരിയാ എന്നീ മൂന്നു മക്കളുണ്ട്. മൂത്തമകൾ ലിൻറു എൻജിനിയറിംഗ് വിദ്യാർത്ഥിനിയാണ്. മറ്റുകുട്ടികൾ വിദ്യാർത്ഥികളാണ്.

## 2A1b കുഞ്ഞാപ്പച്ചൻ മകൾ ഗ്രേസി

കുഞ്ഞാപ്പച്ചൻെറ മക്കളിൽ രണ്ടാമത്തെ ആളായ ഗ്രേസിയെ പാലാ കൊച്ചുകാക്കനാട്ട് തോമസ് വിവാഹം ചെയ്ത് നെല്ലിയാനിയിൽ താമസിക്കുന്നു. തോമസ് ഫെഡറൽബാങ്ക് ഉദ്യോഗസ്ഥനും ഗ്രേസി ഹൈസ്ക്കൂൾ അദ്ധ്യാപികയുമാണ്. ഇവർക്ക് ജോബി, സുബി എന്നീ രണ്ടു മക്കളുണ്ട്. ജോബി എംടെക് വിദ്യാർത്ഥിയും, സുബി ഡിഗ്രി വിദ്യാർത്ഥിയുമാണ്.

## 2A1c കുഞ്ഞാപ്പച്ചൻ മകൾ ആനിയമ്മ

കുഞ്ഞാപ്പച്ചൻെറ മക്കളിൽ മൂന്നാമത്തെ ആളായ ആനിയമ്മയെ വാഴൂർ പ്ലാക്കാട്ട് മഠത്തിക്കാട്ടുകുന്നേൽ ഈപ്പൻ മകൻ തോമസ് വിവാഹം ചെയ്ത് ചേർപ്പുങ്കൽ താമസിക്കുന്നു. തോമസ് റബ്ബർബോർഡ് ഉദ്യോഗ സ്ഥനും ആനിയമ്മ ഹൈസ്ക്കൂൾ അദ്ധ്യാപികയുമാണ്. ഇവർക്ക് രഞ്ചു, അജിത് എന്നീ രണ്ടു മക്കളുണ്ട്. രഞ്ചു എഞ്ചിനീയറിംഗ് വിദ്യാർത്ഥിയാണ്.



ഞാറ്റുകാലക്കുന്നേൽ പൗസും കുടുംബവും

## 2A1d കുഞ്ഞാപ്പച്ചൻ മകൾ റോസമ്മ

കുഞ്ഞാപ്പച്ചൻെറ മക്കളിൽ നാലാമത്തെ ആളായ റോസമ്മയെ വേഴങ്ങാനത്ത് പുളിയനാനിക്കൽ ഫ്രാൻസീസ് വിവാഹം ചെയ്തു. അവർക്ക് റീനി, ലിറ്റി എന്നീ രണ്ടു മക്കളുണ്ട്.

## 2A1e കുഞ്ഞാപ്പച്ചൻ മകൻ പൗലോസ് (പൗസ്)

കുഞ്ഞാപ്പച്ചൻെറ മക്കളിൽ അഞ്ചാമത്തെ ആളായ പൗസ്

മണി മല അഴകത്ത് തോമസിന്റെ മകൾ ജിജിയെ വിവാഹംചെയ്ത് മുത്തോ ലിയിൽ താമസിക്കുന്നു. പൗസ്-ജിജി ദമ്പതികൾക്ക് ചിന്നു, ചിക്കു എന്നീ രണ്ടു കുട്ടികളുണ്ട്.

## 2A1f കുഞ്ഞാപ്പച്ചൻ മകൾ കൊച്ചുറാണി

കുഞ്ഞാപ്പച്ചന്റെ മക്കളിൽ ആറാമത്തെ ആളായ കൊച്ചുറാണിയെ മേലുകാവിനടുത്ത് കോണിപ്പാട് വാഴചാരിക്കൽ ജോസഫ് മകൻ ചാണ്ടിക്കുഞ്ഞ് വിവാഹം ചെയ്തു. ഇവർക്ക് ഔസേപ്പച്ചൻ, ജോണി എന്നീ രണ്ടു മക്കളുണ്ട്.

## 2A1g കുഞ്ഞാപ്പച്ചൻ മകൾ ടെസിയമ്മ

കുഞ്ഞാപ്പച്ചന്റെ മക്കളിൽ ഏഴാമത്തെ ആളായ ടെസിയമ്മയെ ചേനപ്പാടി ചേറാടിയിൽ ദേവസ്യാ മകൻ ജോസഫ് വിവാഹം ചെയ്തു. ഇവർക്ക് ഗീതു, രമ്യ, വർഷ എന്നീ മൂന്നു കുട്ടികളുണ്ട്.

## 2A1h കുഞ്ഞാപ്പച്ചൻ മകൻ തോമാച്ചൻ

കുഞ്ഞാപ്പച്ചന്റെ മക്കളിൽ എട്ടാമത്തെ ആളായ തോമാച്ചൻ ളാക്കാട്ടൂർ തടമുറിയിൽ വർക്കി മകൾ മിനിയെ വിവാഹം ചെയ്ത് മുത്തോ ലിയിൽ താമസിക്കുന്നു. ഇവർക്ക് റ്റോം, ജോർജ്ജുകുട്ടി എന്നീ രണ്ടു കുട്ടികളുണ്ട്.



ഞാറ്റുകാലക്കുന്നേൽ പരേതനായ ജോസഫിന്റെ ഭാര്യ പെണ്ണമ്മയും മക്കളായ തോമാച്ചൻ, റോമി, സാജു എന്നിവർ കുടുംബാംഗങ്ങളോടൊപ്പം.



## 2A1i കുഞ്ഞാപ്പച്ചൻ മകൻ റോമ

കുഞ്ഞാപ്പച്ചന്റെ മക്കളിൽ 9-ാമത്തെ ആളായ റോമി നെടുംകുന്നം ഇടത്തിനകത്ത് നിഷയെ വിവാഹം ചെയ്ത് മുത്തോലിയിൽ താമസിക്കുന്നു. ഇവർക്ക് ഗ്രീഷ്മ, രേഷ്മ എന്നീ രണ്ടു കുട്ടികളുണ്ട്.

## 2A1j കുഞ്ഞാപ്പച്ചൻ മകൻ സാജു

കുഞ്ഞാപ്പച്ചന്റെ ഇളയമകനായ സാജു മാതാവിനോടൊപ്പം തറവാട്ടിൽ താമസിക്കുന്നു.

## 2A2 അച്ചാമ്മ

കുഞ്ഞേലി-ഔസേപ്പ് ദമ്പതികളുടെ ഏകപുത്രി അച്ചാമ്മയെ കാണക്കാരി തുമ്പക്കരയിൽ ചാക്കോ മകൻ കുര്യാക്കോസ് വിവാഹംചെയ്ത് പട്ടിത്താനത്ത് താമസിക്കുന്നു. കുര്യാക്കോസ് കുറവിലങ്ങാട് ദേവമാതാ കോളേജ് പ്രൊഫസറായും അച്ചാമ്മ ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് പ്രൊഫസറായും സേവനമനുഷ്ഠിച്ചു റിട്ടയർ ചെയ്തു. ഇവർക്ക് രാജേഷ്, രോഷ്നി എന്നീ രണ്ടു മക്കളുണ്ട്. രാജേഷ് Ph.D സീനിയർ റിസേർച്ച് ഫെല്ലോയാണ്. രോഷ്നി M.Sc. വിദ്യാർത്ഥിനിയാണ്.

# കരോട്ടു ഞാറ്റുകാലക്കുന്നേൽ

വടക്കേകോയിപ്പുറത്തു താമസിച്ചിരുന്ന ഔസേപ്പിൻെറ മൂത്തപുത്രൻ പോത്തൻ ഞാറ്റുകാലക്കുന്നേൽ മാറിത്താമസിച്ചു. പോത്തന് കുഞ്ഞമ്മൻ, ഇട്ടൂപ്പ് എന്നീ രണ്ടു പുത്രന്മാരുണ്ടായി.

## I പോത്തൻ മകൻ കുഞ്ഞമ്മൻ

പോത്തൻെറ മൂത്തപുത്രനായ കുഞ്ഞമ്മൻ അയർക്കുന്നത്ത് കുടകശ്ശേരിയിൽ നിന്നും അന്നമ്മയെ വിവാഹം ചെയ്ത് മഠത്തിൽപുരയിടത്തിലേക്കു മാറിത്താമസിച്ചു. ഇവർക്ക് പീലി എന്നൊരു പുത്രനും അന്ന എന്നൊരു പുത്രിയും ജനിച്ചു. ഏകപുത്രി അന്നയെ ഏറ്റുമാനൂർ ഞരമ്പുരിൽ വിവാഹം ചെയ്തയച്ചു. ഇവർക്ക് കുഞ്ഞ്, കുഞ്ഞൗത, വർക്കി, ചാക്കോച്ചൻ എന്നീ നാലു മക്കളുണ്ടായി. ചാക്കോച്ചൻ 30-07-2002ൽ നിര്യാതനായി.

## I A കുഞ്ഞമ്മൻ മകൻ പീലി

പീലിയുടെ ആദ്യവിവാഹം മീനച്ചിൽ കല്ലൂക്കുന്നേൽനിന്നും ആയിരുന്നു. ഭാര്യ മരിച്ചുപോയതിനാൽ രണ്ടാമത് പാലാ വാഴയിൽനിന്നും വിവാഹം ചെയ്തു. രണ്ടാമത്തെഭാര്യയും മരിച്ചുപോയതിനാൽ പീലി ഭരണങ്ങാനത്ത് നെല്ലിയേൽക്കുന്നേൽ ത്രേസ്യാമ്മയെ വിവാഹം ചെയ്ത് ഞാറ്റുകാലക്കുന്നേൽ കരോട്ട് പുരയിടത്തിൽ താമസമാക്കി. ഇവർക്ക് തോമസ്, അന്നമ്മ, അബ്രഹാം, ത്രേസ്യ എന്നീ നാലു മക്കളുണ്ടായി.

## I A1 പീലി മകൻ തോമസ് (കൊച്ച് )

പീലിയുടെ മൂത്തപുത്രൻ തോമസ് പയപ്പാർ മൈലാടൂരിൽനിന്ന് അന്നക്കുട്ടിയെ വിവാഹം ചെയ്ത് കരോട്ട് ഞാറ്റുകാലക്കുന്നേൽ തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് ത്രേസ്യാമ്മ, ഏലിക്കുട്ടി, ജോസ് എന്നീ മൂന്നു മക്കൾ ഉണ്ടായി. തോമസ് മുത്തോലി C.Y.M.A യുടെ ആദ്യകാല സജീവ പ്രവർത്തകനും മുത്തോലി പള്ളിയുടെ പുനർനിർമ്മാണകാലത്ത് പള്ളികൈക്കാരനുമായിരുന്നു.

## I A1a ത്രേസ്യാമ്മ (തെയ്യാമ്മ)

തോമസിൻെറ മൂത്തമകൾ തെയ്യാമ്മയെ മുത്തോലി നാഗനൂലിൽ പാപ്പുവിൻെറ (ചെറിയാൻ) മകൻ ജോയി വിവാഹം ചെയ്ത് ഇപ്പോൾ








ഞാറ്റുകാലക്കുന്നേൽ തോമസും ഭാര്യ അന്നക്കുട്ടിയും കുടുംബാംഗങ്ങളോടൊപ്പം.

മംഗലാപുരത്തിനടുത്ത് ഖണ്ഡിവായിൽ താമസിക്കുന്നു. ഇവർക്ക് ഷാജി, ഷാൻറി, ഷാനി, ഷൈജ, ഷിൽവി, ഷിജി എന്നീ ആറു മക്കളുണ്ടായി. ഷാൻറി C.M.C. സഭയിൽ ചേർന്ന് സി. മാഗി എന്ന പേരു സ്വീകരിച്ച് ആലുവാമഠത്തിൽ സേവനം ചെയ്യുന്നു.

## I A1b തോമസ് മകൾ ഏലിക്കുട്ടി

തോമസിൻെറ രണ്ടാമത്തെ പുത്രി ഏലിക്കുട്ടിയെ മുത്തോലി കടൂക്കുന്നേൽ സൈമൺ (കുഞ്ഞ്) വിവാഹം ചെയ്ത് വെള്ളരിക്കുണ്ടിനടുത്ത് പാത്തി ക്കരയിൽ താമസിക്കുന്നു. ഇവർക്ക് ബിനോ, ബിൻസി, ബിബിൻ എന്നീ മൂന്നു മക്കളുണ്ട്.



ലിജോ ജോസ്
ഞാറ്റുകാലക്കുന്നേൽ

## I A1c തോമസ് മകൻ ജോസ്

തോമസിൻെറ ഏകപുത്രൻ ജോസ് മറ്റക്കര തിരുനിലത്തിൽ കുര്യാക്കോ വർക്കി മകൾ ലില്ലിയെ വിവാഹം ചെയ്ത് തറവാട്ടിൽ മാതാപിതാക്കളോടൊപ്പം താമസിക്കുന്നു. ജോസ് വിൻസൻറ് ഡി പോൾ സഖ്യത്തിൻെറ സജീവപ്രവർത്തകനും ഒരു സാമൂഹികസേവകനുമാണ്. ജോസ്, ലില്ലി ദമ്പതികൾക്ക് ലിജോ, ലിൻറ, ഉണ്ണി എന്നീ മൂന്നു

മക്കളുണ്ടാ യി. മൂത്തപുത്രൻ ലിജോ ഹൃദയസംബന്ധമായ അസുഖത്താൽ 1990 സെപ്റ്റംബർ 8-ാം തീയതി 9-ാം വയസ്സിൽ നിര്യാതനായി. ഇളയകുട്ടികൾ വിദ്യാർത്ഥികളാണ്.

## I A2 പീലി മകൾ അന്നമ്മ

പീലിയുടെ മക്കളിൽ രണ്ടാമത്തെ ആളായ അന്നമ്മയെ ഏറ്റുമാനൂർ ഒഴുകയിൽ കുഞ്ഞുകൊച്ച് വിവാഹം ചെയ്തു. ഇവർക്ക് തങ്കമ്മ, തങ്കച്ചൻ, ഫിലിപ്പ് എന്നീ മൂന്നു മക്കളുണ്ടായി.

## I A3 പീലി മകൻ അബ്രാഹാം

പീലിയുടെ മക്കളിൽ മൂന്നാമത്തെ ആളായ അബ്രഹാം ആനിക്കാട് ചെരിപുറത്തുനിന്ന് മേരിയെ വിവാഹം ചെയ്തു ഞാറ്റുകാലക്കുന്നേൽ മഠത്തിൽ പുരയിടത്തിൽ താമസിക്കുന്നു. ഇവർക്ക് ഫിലിപ്പ്, ബേബി, സോഫി, മേഴ്സി എന്നീ നാലു മക്കളുണ്ടായി. അബ്രഹാം മുത്തോലി C.Y.M.A യുടെ ആദ്യകാല സജീവപ്രവർത്തകരിൽ ഒരാളായിരുന്നു.

## I A3a അബ്രാഹം മകൻ ഫിലിപ്പ്

അബ്രാഹത്തിൻെറ മൂത്തപുത്രൻ ഫിലിപ്പ് ചങ്ങനാശ്ശേരി മുള്ളൻ കുഴിയിൽനിന്ന് ആലീസിനെ വിവാഹം ചെയ്ത് തിരുനെൽവേലിയിൽ താമസിക്കുന്നു. ഇരുവരും M.S.W. ബിരുദധാരികളാണ്. ഫിലിപ്പ് DANIDA അഡ്വൈസറായി തമിഴ്നാട്ടിൽ ജോലിചെയ്യുന്നു. ഇവർക്ക് ഇന്ദു, രേണു എന്നീ രണ്ടു പുത്രിമാർ ഉണ്ട്. ഇവർ വിദ്യാർത്ഥികളാണ്.

## I A3b അബ്രാഹം മകൻ ബേബി

അബ്രാഹമിൻെറ രണ്ടാമത്തെ പുത്രനായ ബേബി അയർക്കുന്നത്ത് വയലിൽ കുടുംബത്തിൽനിന്നും മേഴ്സിയെ വിവാഹം ചെയ്തു മാതാപിതാക്കളോടൊപ്പം മഠത്തിൽ തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് ഇന്ദു, സിന്ധു, രഞ്ജു എന്നീ മൂന്നു പുത്രിന്മാരുണ്ട്. ഇവർ വിദ്യാർത്ഥിനികളാണ്.

അബ്രാഹത്തിൻെറ മക്കളിൽ മൂന്നാമത്തെ ആളായ അപ്പു എന്ന കുട്ടി ബാല്യത്തിൽതന്നെ മരിച്ചു.

## I A3c അബ്രാഹം മകൾ സോഫി

അബ്രാഹത്തിൻെറ മക്കളിൽ നാലാമത്തെ ആളായ സോഫിയെ പാലാ ആനിത്തോട്ടത്തിൽ ബേബി വിവാഹം ചെയ്തു. അവർക്ക് സുബി, സുമി, സുബിൻ എന്നീ മൂന്നു മക്കളുണ്ട്.







ഞാറ്റുകാലക്കുന്നേൽ അബ്രാഹവും, ഭാര്യ മേരിയും കുടുംബാംഗങ്ങളും.

## I A3d അബ്രാഹം മകൾ മേഴ്സി


അബ്രാഹത്തിന്റെ ഇളയപുത്രി മേഴ്സിയെ കാഞ്ഞിരപ്പള്ളി പാറത്തോട്ടിൽ അങ്ങേവീട്ടിൽ റജി വിവാഹം ചെയ്തു. ഇവർക്ക് ജോയൽ, നോയൽ എന്നീ രണ്ടു മക്കളുണ്ട്. ബേബി കോൾഇൻഡ്യാലിമിറ്റഡ് വാരണാസിയിൽ ജോലി ചെയ്യുന്നു.

## I A4 പീലി മകൾ ത്രേസ്യാ

പീലിയുടെ ഇളയപുത്രി ത്രേസ്യാമ്മയെ കാഞ്ഞിരപ്പള്ളി നായിപുരയിടത്തിൽ കുഞ്ഞേപ്പ് വിവാഹം ചെയ്തു. ഇവർക്ക് ആലീസ്, മേരി, വാവച്ചൻ, ജോസ്, ലില്ലി, ആനിയമ്മ, റോസമ്മ, ടെൽമ്മ, ജോർജ്ജുകുട്ടി എന്നീ ഒമ്പതു മക്കളുണ്ട്.



# വടക്കേകോയിപ്പുറം കളപ്പുരയ്ക്കൽ ശാഖ



# വടക്കേകോയിപ്പുറം
# കളപ്പുരയ്ക്കൽ ശാഖ

## I ഉലഹന്നൻ കളപ്പുരയ്ക്കൽ

നാഗനൂലിൽനിന്നും വടക്കേകോയിപ്പുറത്തേക്ക് മാറിത്താമസിച്ച ഔസേപ്പിൻെറ ആൺമക്കളിൽ മൂന്നാമനായ ഉലഹന്നൻ പുളിങ്കുന്നു ചാത്തൻ പറമ്പിൽനിന്നും ത്രേസ്യാമ്മയെ വിവാഹം ചെയ്തു മുത്തോലി കളപ്പുരയ് ക്കൽ പുരയിടത്തിലേക്കു മാറിത്താമസിച്ചു. ഇവർക്ക് തൊമ്മൻ, ത്രേസ്യാ, മറിയാമ്മ എന്നീ മൂന്നുമക്കൾ ജനിച്ചു.

## I A ഉലഹന്നൻ മകൻ തൊമ്മൻ

തൊമ്മൻ പുളിങ്കുന്നു ഇല്ലിപ്പറമ്പിൽനിന്നും മറിയാമ്മയെ വിവാഹം ചെയ്തു. അവർക്ക് തമ്പി, മറിയാമ്മ, ഔസേപ്പ്, മാത്തൻ എന്നീ നാലു മക്കൾ ജനിച്ചു.

## I A1 തൊമ്മൻ മകൻ തമ്പി

തമ്പി ഭരണങ്ങാനം മാറാമറ്റത്തിൽനിന്നും വിവാഹം ചെയ്തു. അവർക്ക് ഒരു കുട്ടി ജനിച്ചു. കുട്ടി ബാല്യത്തിൽതന്നെ മരിച്ചു. തമ്പിയും യൗവനത്തിൽതന്നെ നിര്യാതനായി. ഭാര്യ സ്വന്തം വീട്ടിലേക്കു തിരികെ പ്പോയി.

## I A2 തൊമ്മൻ മകൾ മറിയാമ്മ

മറിയാമ്മയെ ഞാവള്ളിൽ പനമറ്റത്തിൽ ചാക്കോ വിവാഹം ചെയ്ത് പാലാവയലിൽ താമസിക്കുന്നു. ഇവർക്ക് കുഞ്ഞാക്കോ, അന്നമ്മ, ഏലിക്കുട്ടി, മാമ്മി, റോസമ്മ, ഔസേപ്പ് എന്നീ ആറു മക്കളുണ്ട്.

## I A3 തൊമ്മൻ മകൻ ഔസേപ്പ്


ഔസേപ്പ് നെടുംകുന്നം ഇടയാടിയിൽനിന്നും അന്നമ്മയെ വിവാഹം ചെയ്തു എരുമേലിയിൽ താമസമാക്കി. അവർക്ക് ത്രേസ്യാമ്മ, മറിയാമ്മ, ചാച്ചിയമ്മ, ഏലിക്കുട്ടി, റോസമ്മ, തോമസ്, ലൂസിക്കുട്ടി, ലില്ലിക്കുട്ടി, ഈത്തമ്മ, ജോൺ എന്നീ പത്തു മക്കൾ ജനിച്ചു. ഔസേപ്പ് 28-02-1964-ൽ നിര്യാതനായി. അന്നമ്മ 26-08-1980-ൽ നിര്യാതയായി.

## I A3a ഔസേപ്പ് മകൾ ത്രേസ്യാമ്മ

ത്രേസ്യാമ്മയെ കരിക്കാട്ടൂർ കുറ്റാരപ്പള്ളിൽ ചാക്കോ വിവാഹം ചെയ്തു. ഭർത്താവ് അകാലത്തിൽ മരിച്ചു. സന്താനങ്ങൾ ഉണ്ടായിരുന്നില്ല. ഭർത്താവിൻെറ മരണശേഷം ത്രേസ്യാമ്മ സ്വഭവനത്തിൽ തിരികെവന്ന് സഹോദരനോടൊപ്പം എരുമേലിയിൽ താമസിക്കുന്നു.







കളപ്പുരക്കൽ ഔസേപ്പും ഭാര്യ ത്രേസ്യാമ്മയും.

## I A3b ഔസേപ്പ് മകൾ മറിയാമ്മ

മറിയാമ്മയെ തോട്ടയ്ക്കാട്ട് ചോതിരക്കുന്നേൽ ജോൺ വിവാഹം ചെയ്തു. ഇവർക്ക് ആനിയമ്മ എന്നൊരു പെൺകുട്ടി ജനിച്ചു. മറിയാമ്മ അകാലത്തിൽ മരിച്ചു. കുട്ടി ഒരപകടത്തിൽപെട്ട് 1953-ൽ മരിച്ചു.

## I A3c ഔസേപ്പ് മകൾ ചാച്ചിയമ്മ



സി. തെരേസ് മേരി

ചാച്ചിയമ്മ അസ്സീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമാക്കുലേറ്റ് (A.S.M.I) മഠത്തിൽ ചേർന്ന് സി. തെരേസ് മേരി എന്ന പേരു സ്വീകരിച്ചു. ആന്ധ്രയിൽ വച്ച് തൻെറ 72-ാം വയസ്സിൽ 13-10-1998-ൽ നിര്യാതയായി.



സി. കാതറൈൻ

## I A3d ഔസേപ്പ് മകൾ ഏലിക്കുട്ടി

ഏലിക്കുട്ടിയും A.S.M.I മഠത്തിൽ ചേർന്ന് സി. കാതറൈൻ ഫ്രാൻസീസ് എന്ന പേരു സ്വീകരിച്ചു. 11-10-1988-ൽ തൻെറ 60-ാം വയസ്സിൽ ചേർത്തലയിൽ വച്ച് നിര്യാതയായി.

## I A3e ഔസേപ്പ് മകൾ റോസമ്മ

റോസമ്മ ശിശുവായിരിക്കെ നാലാം വയസ്സിൽ മരിച്ചു.

## I A3f ഔസേപ്പ് മകൻ തോമസ് (അപ്പച്ചൻ)

അപ്പച്ചൻ പുളിങ്കുന്നിനടുത്ത് മങ്കൊമ്പ് കൊട്ടാരത്തിൽ വീട്ടിൽ നിന്നും തോമാച്ചൻെറ മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ആൻസി, ബെൻസി, സിസി, ഡെയ്സി, ജോസി, രാജി എന്നീ ആറു കുട്ടികളുണ്ട്. മൂത്തമകൾ ആൻസിയെ കറുകച്ചാൽ അടുത്ത് നെടുങ്കുന്നം ചാലുങ്കൽ സണ്ണി വിവാഹം ചെയ്തു. ഇരുവരും ബോംബെയിൽ ജോലി ചെയ്യുന്നു. രണ്ടാമത്തെ മകൾ ബെൻസിയെ പാലാവയൽ വടക്കൻ വീട്ടിൽ ബോബൻ വിവാഹം ചെയ്തു. മൂന്നാമത്തെ മകൾ സിസിയെ എടത്വാ പരുമൂട്ടിൽ തോമസ് (കുഞ്ഞുമോൻ) വിവാഹം ചെയ്തു. ഇരുവരും സൗദിയിൽ ജോലിചെയ്യുന്നു. നാലാമത്തെ മകൾ ഡെയ്സി സൗദിയിൽ ജോലിചെയ്യുന്നു. അപ്പച്ചൻെറ ഏകമകൻ ജോസി M.Sc കംമ്പ്യൂട്ടർ വിദ്യാർത്ഥിയാണ്. അപ്പച്ചൻെറ ഇളയപുത്രി രാജി ബോംബെയിൽ നേഴ്സാണ്.

## I A3g ഔസേപ്പ് മകൾ ലൂസിക്കുട്ടി

ലൂസിക്കുട്ടി ഹോളിക്രോസ് കോൺവെൻറിൽ ചേർന്ന് സി. ക്രിസ്റ്റി എന്ന പേരു സ്വീകരിച്ചു. ഇപ്പോൾ ഡൽഹിയിൽ സേവനംചെയ്യുന്നു.

## I A3h ഔസേപ്പ് മകൾ ലില്ലിക്കുട്ടി


ലില്ലിക്കുട്ടിയെ തിരുവനന്തപുരം ശംഖുമുഖം പുഷ്പവിലാസം വീട്ടിൽ ജസ്റ്റിൻ വിവാഹം ചെയ്തു. അദ്ദേഹം ബിസിനസ്സുകാരനാണ്. ഇവർക്ക് ശോഭ, അനു, കുസുമം, പ്രിയ എന്നീ നാലു പെൺകുട്ടികൾ ഉണ്ട്.

## I A3i ഔസേപ്പ് മകൾ ഇത്തമ്മ

ഇത്തമ്മയെ കറിക്കാട്ടൂർ തടത്തിൽപറമ്പിൽ തോമസ് വിവാഹം ചെയ്തു. ഇവർക്ക് വിമല, അനു, സിറിൾ, ദീപ എന്നീ നാലു മക്കളുണ്ട്.







ജോൺ ജോസഫ് കളപ്പുരയ്ക്കൽ

## I A3j ഔസേപ്പ് മകൻ ജോൺ (തങ്കച്ചൻ)

തങ്കച്ചൻ തൊടുപുഴ പുത്തേട്ട് തോമാച്ചൻ മകൾ ഫിലോമിനയെ വിവാഹം ചെയ്തു. ഇവർക്ക് ജെസ്സീറ്റ, ജെീസ്, ജോസി, ജോബിൻ എന്നീ നാലു മക്കളുണ്ട്. 40-ാം വയസ്സിൽ (8/10/1984-ൽ) തങ്കച്ചൻ നിര്യാത നായി. മൂത്തമകൾ ജസ്സീറ്റ ഡൽഹിയിൽ നേഴ്സായി ജോലിചെയ്യുന്നു. മറ്റുള്ളവർ വിദ്യാർത്ഥികളാണ്.

## I A4 തൊമ്മൻ മകൻ മാത്തൻ

മാത്തൻ അവിവാഹിതനായിരുന്നു. അദ്ദേഹം മിലിട്ടറി സർവ്വീസിൽ ചേർന്ന് രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ട്. പാക്കിസ്ഥാനിൽ സീയൽകോട്ട് എന്ന സ്ഥലത്തുവച്ച് നിര്യാതനായി.


## I B ഉലഹന്നൻ മകൾ ത്രേസ്യാ (ചാച്ചി)

ത്രേസ്യയെ കിഴതടിയൂർ (പാല) പീടികയിൽ കിഴക്കേക്കര ഇട്ടിഐപ്പ് മകൻ ഇട്ടിഐപ്പ് വിവാഹം ചെയ്ത് പീടികത്തറവാട്ടിൽ താമസിച്ചു. അവർക്ക് ഇട്ട്യേപ്പ്, തൊമ്മൻ, ഉലഹന്നൻ, വർക്കി എന്നീ നാലു പുത്രന്മാർ ഉണ്ടായി. പിതാവ് ഇട്ടിഐപ്പ് കിഴക്കേക്കര കുടുംബപരിപാലന ഉടമ്പടിയുടെ കാരണഭൂതനും കൊല്ലവർഷം 1092 മുതൽ നടത്തിപ്പോരുന്ന കുടുംബയോഗത്തിൻെറ ജനയിതാവും കൊല്ലവർഷം 1106-ൽ എഴുതിയ എറകോന്നി പുത്തൻപുര കുടുംബചരിത്രത്തിൻെറ കർത്താവും ആണ്. അദ്ദേഹത്തിൻെറ കൈയ്യെഴുത്ത് പ്രതിയിൽനിന്നാണ് എറകോന്നി കുടുംബത്തിൻെറ ചരിത്രപരമായ വിവരങ്ങൾ ലഭിച്ചിട്ടുള്ളത്. അദ്ദേഹം ഒരു നടനകലാനിപുണനായിരുന്നു. അദ്ദേഹത്തിൻെറ മാനേജുമെൻറിൽ ഒരു നടനകലാസമിതി പ്രവർത്തിച്ചിരുന്നു. ഇദ്ദേഹം 1961-ൽ 88-ാമത്തെ വയസ്സിലും ത്രേസ്യാ 1955 മാർച്ചിലും നിര്യാതയായി.

## I C ഉലഹന്നൻ മകൾ മറിയാമ്മ


മറിയാമ്മയെ പ്ലാക്കാട്ട് കിഴക്കേക്കര വർക്കിയുടെ മകൻ വർക്കി വിവാഹം ചെയ്തു മുത്തോലിൽ താമസിച്ചു. ഇവർക്ക് കുഞ്ചിലോ, കുഞ്ഞൗത, മത്തായി, ഈത്തമ്മ എന്നീ നാല് മക്കൾ ജനിച്ചു.

## കുന്നുംപുറം ശാഖ






## കരോട്ടുകുന്നുംപുറം ശാഖ



# നാഗനൂലിൽ കുന്നുംപുറം ശാഖ

നാഗനൂലിൽ തറവാട്ടിൽ താമസമാക്കിയ പോത്തൻെറ ആറുമക്കളിൽ അഞ്ചാമൻ, ഉലഹന്നൻ, കുന്നുംപുറത്ത് മാറിത്താമസിച്ചു.

## പോത്തൻ മകൻ ഉലഹന്നൻ (മൂന്നാം തലമുറ)

ഉലഹന്നന് രണ്ട് പുത്രന്മാരും 6 പുത്രിമാരും ജനിച്ചു. പുത്രന്മാർ രണ്ടും അകാലത്തിൽ തന്നെ നിര്യാതരായി.

പുത്രിമാരിൽ ഒരാളെ കിഴക്കേക്കര കുടുംബത്തിൽ കരോട്ടേവീട്ടിൽ ഇട്ടി ഐപ്പിൻെറ പുത്രൻ വർക്കി വിവാഹം ചെയ്തു. അവർക്ക് ഇട്ടി ഐപ്പ്, തൊമ്മൻ, ഉലഹന്നൻ, വർക്കി എന്നീ നാലുപുത്രന്മാരും ഏലി, മറിയം എന്നീ രണ്ട് പുത്രിമാരും ജനിച്ചു. ഒരു പുത്രിയെ പുളിങ്കുന്ന് കുഴിയടിയിൽ വിവാഹം ചെയ്തയച്ചു.

ഒരു പുത്രി അന്നമ്മയെ ഭരണങ്ങാനം തോട്ടത്തിൽ മാണി എന്ന ആളെക്കൊണ്ട് വിവാഹം ചെയ്യിച്ച് ദത്തവകാശമായി താമസിപ്പിച്ചു. മറ്റു പുത്രിമാരെപ്പറ്റി വിവരങ്ങൾ ഒന്നും ലഭിച്ചിട്ടില്ല.

## ഉലഹന്നാൻ മകൾ അന്നമ്മ (നാലാം തലമുറ)

മാണി അന്നമ്മ ദമ്പതികൾക്ക് ഉലഹന്നൻ എന്ന പുത്രനും നാല് പുത്രിമാരും ജനിച്ചു.

പുത്രിമാരിൽ ഒരാളെ പുലിക്കുന്നേൽ കുടുംബത്തിൽ ഞായറുകുളം വീട്ടിലും രണ്ടാമത്തെ ആളെ ചങ്ങനാശ്ശേരി മൂലയിൽ കുടുംബത്തിലും മൂന്നാമത്തെ ആളെ ഭരണങ്ങാനം ചുങ്കപ്പുര വീട്ടിലും ഇളയ പുത്രിയെ പ്രവിത്താനം കൊടിത്തോട്ടം കുടുംബത്തിലും വിവാഹം ചെയ്തയച്ചു.

## 1 മാണി മകൻ ഉലഹന്നൻ (കുഞ്ഞച്ചൻ)

കുഞ്ഞച്ചൻ മുട്ടുചിറ മുരിക്കൻ കുടുംബത്തിൽ നിന്നും ആദ്യ വിവാഹം ചെയ്തു. ഈ വിവാഹത്തിൽ ഔസേപ്പ്, ചാക്കോ എന്ന പുത്രന്മാരും സി. സർഫീനാ, അന്നമ്മ, ഏലിയാമ്മ എന്നീ പുത്രിമാരും ജനിച്ചു. ആദ്യ ഭാര്യ മരിച്ചുപോകയാൽ കുഞ്ഞച്ചൻ ആലപ്പുഴ മുഹമ്മ യോഗ്യ വീട്ടിൽ നിന്നും ചാച്ചിയമ്മയെ പുനർവിവാഹം ചെയ്തു. ഈ വിവാഹത്തിൽ കുഞ്ഞുപെണ്ണ്, ചാച്ചിയമ്മ എന്നീ രണ്ടു പുത്രിമാർ ജനിച്ചു.



# കരോട്ടുകുന്നുംപുറം ശാഖ

## 1 A ഉലഹന്നൻ മകൻ ഔസേപ്പ്

കുഞ്ഞച്ചൻെറ മൂത്തപുത്രൻ ഔസേപ്പ് പൂവരണി പാറേക്കാട്ടിൽ നിന്നും ത്രേസ്യാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ജോൺ, അന്നമ്മ, റോസമ്മ, ഏലിക്കുട്ടി, ജോസഫ്, ചെറിയാൻ എന്നീ ആറ് മക്കൾ ജനിച്ചു.

## 1A (1) ഔസേപ്പ് മകൻ ജോൺ



കുന്നുംപുറം ജോസഫ് ജോണും അന്നക്കുട്ടിയും.

ജോൺ പുളിങ്കുന്ന് ഇല്ലിപ്പറമ്പിൽ നിന്നും മറിയമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ജോസഫ് എന്ന ഒരു പുത്രൻ ജനിച്ചു.

ജോണിൻെറ ഭാര്യ മറിയമ്മ മരിച്ചുപോകയാൽ പാലാ ചെമ്പകശ്ശേരിയിൽ നിന്നും അഡ്വ. ചെറിയാൻ മകൾ അന്നക്കുട്ടിയെ പുനർവിവാഹം ചെയ്തു. ഇവർക്ക് ജോൺ, ജോസഫ്, ഗീയാച്ചൻ, ആനിയമ്മ, ലിസിയമ്മ, മോളി, കുഞ്ഞൂഞ്ഞമ്മ എന്നീ ഏഴ് മക്കൾ ജനിച്ചു.

## 1A (1) a ജോൺ മകൻ ജോസഫ് (പാപ്പൂച്ചൻ)

പാപ്പൂച്ചൻ കൈനകരി കണിച്ചേരിയിൽ നിന്നും ത്രേസ്യാമ്മയെ വിവാഹം ചെയ്ത് കോതമംഗലത്തിനടുത്ത് കൂവള്ളൂരിൽ താമസിക്കുന്നു. ഇവർക്ക് ബിജു, ബീനാ, ബീറ്റാ, ബിനോയി, ബിന്നി എന്നീ അഞ്ച് മക്കൾ ജനിച്ചു.

പാപ്പൂച്ചൻെറ മകൻ ബിജു തുടങ്ങനാട് വാഴചാരിക്കൽ നിന്നും ലൂസിയെ വിവാഹം ചെയ്തു. ഇവർക്ക് ആൽബിൻ, മെൽബിൻ എന്നീ രണ്ട് കുട്ടികൾ ഉണ്ട്. ബിജു കുടുംബസമേതം ഓസ്ട്രിയയിൽ ജോലി ചെയ്യുന്നു.

മൂത്തമകൾ ബീനായെ കോതമംഗലം പാലമറ്റത്തിൽ ചെറുപറമ്പിൽ ബെന്നി വിവാഹം കഴിച്ചു. ഇവർക്ക് സിസിലി, മാത്തച്ചൻ എന്നീ രണ്ട് മക്കൾ ഉണ്ട്. കുടുംബസമേതം നിലമ്പൂരിൽ താമസിക്കുന്നു.

ബീറ്റായെ അയർക്കുന്നത്ത് അരങ്ങത്ത് അലക്സ് വിവാഹം ചെയ്തു. ഇവർക്ക് റോണി, റിയാ, തെരേസാ എന്നീ മൂന്ന് കുട്ടികൾ ഉണ്ട്.

പാപ്പൂച്ചൻെറ മകൻ ബിനോയി ഗൾഫിൽ ജോലിചെയ്യുന്നു. ഇളയപുത്രൻ ബിന്നി കോതമംഗലത്ത് ബിസിനസ്സ് ചെയ്യുന്നു.



നാഗനൂലിൽ കുന്നുംപുറം ഉലഹന്നാൻ ജോസഫും കുടുംബവും.





ജോൺ മകൻ ജോസഫും (പാപ്പച്ചൻ) ഭാര്യ ത്രേസ്യാമ്മയും

## 1A (1)b ജോൺ മകൻ ജോൺ (ജോണച്ചൻ)

ജോണച്ചൻ അവിവാഹിതനായി സഹോദരനോടൊപ്പം മുത്തോലിയിൽ താമസിക്കുന്നു.

## 1A (1) c ജോൺ മകൻ ജോസഫ് (സണ്ണി)

സണ്ണി അവിവാഹിതനായി സഹോദരനോടൊപ്പം മുത്തോലിയിൽ താമസിക്കുന്നു.

## 1A (1) d ജോൺ മകൻ ഗീയാച്ചൻ (ജോൺഗി)

ഇദ്ദേഹം മറ്റക്കര തേക്കനാടി മാത്യുമകൾ എൽസമ്മയെ വിവാഹം ചെയ്തു. ഇവർക്ക് അനുമോൾ, ജോണിമോൻ, കൊച്ചുമോൾ എന്നീ മൂന്ന് മക്കൾ ഉണ്ട്.

അനുമോളെ പൊൻകുന്നം ചെന്നാംകുന്ന് ഗണപതിപ്ലാക്കൽ ബിജു വിവാഹം കഴിച്ചു. ഇവർക്ക് എലീസാ എന്നൊരു കുട്ടിയുണ്ട്. ഇവർ കുടുംബസമേതം കാനഡയിൽ ജോലി ചെയ്യുന്നു.

ഗീയാച്ചന്റെ ഏകപുത്രൻ ജോണിമോൻ ഹോട്ടൽ മാനേജ്മെന്റ് ബിരുദം നേടിയശേഷം കാനഡയിൽ ജോലിചെയ്യുന്നു.



ജോൺ ഗീ കുന്നുംപുറവും കുടുംബവും.

കൊച്ചുമോൾ കോയമ്പത്തൂരിൽ ബി.ഫാം. വിദ്യാർത്ഥിനിയാണ്.

ജോൺഗീ ദീർഘകാലം ദീപിക ദിനപത്രത്തിൻെറ പാലാ ബ്യൂറോയുടെ ചീഫ് സർക്കുലേഷൻ മാനേജരായി ജോലിചെയ്തിട്ടുണ്ട്. ജോൺഗീയും എൽസമ്മയും പാലാ ലയൺസ് ക്ലബിൻെറ പ്രസിഡൻറായും ദീർഘകാലം സേവനം ചെയ്തിട്ടുണ്ട്. ജോൺഗീ മുത്തോലി വിൻസെൻറ് ഡി പോൾ സൊസൈറ്റിയുടെ സജീവ പ്രവർത്തകനാണ്. ഇപ്പോൾ കുടുംബസമേതം കാനഡയിലാണ്.

## 1A (1) e ജോൺ മകൾ ആനിയമ്മ

ആനിയമ്മയെ മുളന്തുരുത്തിയിൽ മലയൻ വീട്ടിൽ നിന്നും ഡോ. ഐസക്ക് മകൻ രാജൻ വിവാഹം ചെയ്ത് മുത്തോലിയിൽ താമസിക്കുന്നു. രാജനും ആനിയമ്മയും ദീർഘകാലം പശ്ചിമ ജർമ്മനിയിൽ ജോലി ചെയ്തിരുന്നു. ആനിയമ്മ കാരിത്താസിൻെറ ഓഫീസിൽ കാഷ്യർ-അക്കൗണ്ടൻറ് ആയിരുന്നു. ഇവർ ഡിവൈൻ, അസ്സീസ്സി എന്നീ ധ്യാനകേന്ദ്രങ്ങളിൽ കൗൺസിലേഴ്സ് ആയി സേവനം ചെയ്യുന്നു. അതോടൊപ്പം തന്നെ സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുന്നു. ഇവർക്ക് റാണി, റോബി എന്നീ രണ്ടു മകൾ ഉണ്ട്. റാണി മെഡിക്കൽ ട്രാൻസ്ക്രിപ്ഷനിസ്റ്റ് ആയി കോയമ്പത്തൂരിൽ ജോലിചെയ്യുന്നു. റോബി വിദ്യാർത്ഥിയാണ്.







ആനിയമ്മയും കുടുംബവും. രാജൻ ഐസക്ക്, ആനിമ്മ രാജൻ, റാണി & റോബി.

## 1A (1) f ജോൺ മകൾ ലിസിയമ്മ

ലിസിയമ്മയെ കൂട്ടിക്കൽ വലിയവീട്ടിൽ കുറ്റിയാനിക്കൽ കുറുവച്ചൻ വിവാഹം ചെയ്തു. ഇവർക്ക് മിനിമോൾ, ലിജോമോൻ എന്നീ രണ്ടു മക്കൾ ഉണ്ട്. ലിസിയമ്മ നിര്യാതയായി.

## 1A (1) g ജോൺ മകൾ മോളമ്മ

മോളമ്മ തലയോലപറമ്പിനടുത്ത് നീർപ്പാറയിൽ അസ്സീസ്സി മൗണ്ടിൽ ഡഫ് ആൻറ് ബ്ലൈൻഡ് സ്കൂളിൽ ജോലി ചെയ്യുന്നു. മോളമ്മ അവിവാഹിതയാണ്.

## 1A (1) h ജോൺ മകൾ കുഞ്ഞൂഞ്ഞമ്മ

കുഞ്ഞൂഞ്ഞമ്മയെ ഇലഞ്ഞി തോട്ടുവേലിൽ ജോയി വിവാഹം ചെയ്തു. ഇവർക്ക് ഔസേപ്പച്ചൻ, അനു എന്നീ രണ്ട് മക്കൾ ഉണ്ട്. അനു അടുത്ത കാലത്ത് നിര്യാതയായി.

## 1A (2) ഔസേപ്പ് മകൾ അന്നമ്മ

ഔസേപ്പിൻെറ മക്കളിൽ രണ്ടാമത്തെയാളായ അന്നമ്മയെ പുളിങ്കുന്ന് പുരയ്ക്കൽ വീട്ടിൽ വിവാഹം ചെയ്തയച്ചു. ഭർത്താവ് മരിച്ചുപോകയാൽ സഹോദരൻ ചെറിയാനോടൊപ്പം താമസിച്ചിരുന്നു. അന്നമ്മ നിര്യാതയായി.

## 1A (3) ഔസേപ്പ് മകൾ റോസമ്മ

റോസമ്മ കർമ്മലീത്താ സന്യാസിനിസമൂഹത്തിൽ ചേർന്ന് സി. ലൂസിയാ എന്ന പേരു സ്വീകരിച്ചു. സി. ലൂസിയാ നിര്യാതയായി.

## 1A (4) ഔസേപ്പ് മകൾ ഏലിക്കുട്ടി

ഏലിക്കുട്ടിയെ വൈയ്ക്കത്ത് കൊച്ചുകാട്ടിത്തറ മാമ്മച്ചൻ വിവാഹം ചെയ്തു. അവർക്ക് രാജമ്മ, ലിസിയമ്മ, വൽസമ്മ എന്നീ മൂന്ന് പെൺമക്കളുണ്ട്.

## 1A (5) ഔസേപ്പ് മകൻ ജോസഫ്


കുന്നുംപുറം കെ.ജെ. ജോസഫും ഭാര്യ മറിയക്കുട്ടിയും.

ഔസേപ്പിൻെറ ആൺമക്കളിൽ രണ്ടാമത്തെയാളായ ജോസഫ് പുളിങ്കുന്ന് വാടയ്ക്കൽ (അത്തിക്കളം) വീട്ടിൽ നിന്നും മറിയക്കുട്ടിയെ വിവാഹം ചെയ്തു. അവർക്ക് തെയ്യാമ്മ, മാമ്മച്ചൻ, കുഞ്ഞമ്മച്ചൻ, മാമ്മിക്കുട്ടി, ജോണച്ചൻ, ചേച്ചക്കുട്ടി, ഇക്കോച്ചൻ, കുര്യാച്ചൻ, അന്നമ്മ എന്നീ ഒൻപത് മക്കൾ ജനിച്ചു.

## 1A (5) a ജോസഫ് മകൾ തെയ്യാമ്മ

തെയ്യാമ്മയെ ആലപ്പുഴ തത്തംപള്ളിൽ കോയിപ്പള്ളിൽ ജോണച്ചൻ വിവാഹം ചയ്തു. അവർക്ക് ലിസ്സി, ജോഫി, മേഴ്സി, റ്റെസ്സി, ജെസ്സി എന്നീ അഞ്ചുമക്കൾ ജനിച്ചു. തെയ്യാമ്മയും ജോണച്ചനും നിര്യാതരായി.

## 1A (5) b ജോസഫ് മകൻ മാമ്മച്ചൻ

മാമ്മച്ചൻ (മാനുവൽ) തൃശൂർ തയ്യിൽ കുടുംബത്തിൽ നിന്നും ആനിയമ്മയെ വിവാഹം ചെയ്ത് ഇപ്പോൾ തൃശൂർ ജില്ലയിൽ പഴയന്നൂർ എന്ന സ്ഥലത്ത് താമസിക്കുന്നു. ഇവർക്ക് ജോജോ എന്നൊരു പുത്രനുണ്ട്. ജോജോ വിദ്യാർത്ഥിയാണ്.

## 1A (5) c ജോസഫ് മകൻ കുഞ്ഞമ്മച്ചൻ (കെ.ജെ. തോമസ്)

കുഞ്ഞമ്മച്ചൻ കാവാലത്ത് കരിപ്പാശ്ശേരിയിൽ നിന്നും മറിയമ്മയെ വിവാഹം ചെയ്തു. അദ്ദേഹം വിശാഖപട്ടണത്ത് എഞ്ചിനീയറായി ജോലി ചെയ്യുന്നു. ഇവർക്ക് ജോഫി, ഷെബി, ലിബി, പ്രിബി, പീറ്റർ എന്നീ അഞ്ചു





മക്കളുണ്ട്. ജോഫി നെടുങ്ങാടി ബാങ്കിൽ ഉദ്യോഗസ്ഥനാണ്. ഷെബി എഞ്ചിനീയറായി ജോലിചെയ്യുന്നു. മറ്റുള്ളവർ വിദ്യാർത്ഥികളാണ്. മറിയമ്മ സ്കൂൾ ടീച്ചറാണ്.

## 1A (5) d ജോസഫ് മകൾ മാമ്മിക്കുട്ടി

മാമ്മിക്കുട്ടിയെ തൊടുപുഴ നെടുങ്ങാട്ട് വർക്കിയച്ചൻ വിവാഹം ചെയ്തു. ഇവർക്ക് പ്ലീനാ, സാൻേറാ, ജെസ്സി എന്നീ മൂന്ന് മക്കളുണ്ട്. ഇവർ വയനാട്ടിൽ താമസിക്കുന്നു.

## 1A (5) e ജോസഫ് മകൻ ജോണച്ചൻ

ജോണച്ചൻ ചങ്ങനാശ്ശേരി നെടുങ്കുന്നത്ത് വീണപ്ലാക്കൽ (അക്കരപറമ്പിൽ) തോമസ് ജോണിൻെറ മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ബോബി, ബോസ്, ബിജി എന്നീ മൂന്ന് കുട്ടികൾ ഉണ്ട്. രണ്ടു പേരും അദ്ധ്യാപകരായി ജോലിനോക്കുന്നു. ഇപ്പോൾ മലപ്പുറത്ത് താമസിക്കുന്നു.

## 1A (5) f ജോസഫ് മകൾ ചേച്ചക്കുട്ടി (സിസ്സിലി)

ചേച്ചക്കുട്ടിയെ മണ്ണാർകാട്ട് ചെമ്പളായിൽ മാത്തുച്ചൻ വിവാഹം ചെയ്തു. അദ്ദേഹം ഇപ്പോൾ മലപ്പുറത്ത് ബിസിനസ്സ് ചെയ്യുന്നു. ഇവർക്ക് സിജി, സജി എന്നീ രണ്ടു മക്കളുണ്ട്.

## 1A (5) g ജോസഫ് മകൻ ഇക്കോച്ചൻ (കെ.ജെ. കുരുവിള)

ഇക്കോച്ചൻ-മണ്ണാർക്കാട്ട് മുത്തനാട്ട് താടിചേട്ടൻെറ മകൾ എത്സമ്മയെ വിവാഹം ചെയ്തു. ഇദ്ദേഹം പ്ലാൻററ്‍ ആണ്. ഇവർക്ക് മീര എന്നൊരു മകളുണ്ട്. ഇപ്പോൾ മണ്ണാർകാട്ട് താമസിക്കുന്നു.

## 1A (5) h ജോസഫ് മകൻ കുര്യാച്ചൻ

കുര്യാച്ചൻ കോട്ടയത്ത് കരിമുണ്ടയ്ക്കൽ അഡ്വക്കേറ്റ് കെ.സി. മാത്യുവിൻെറ മകൾ റീനിയെ വിവാഹം ചെയ്തു. ഏറെക്കാലം വിദേശത്ത് ജോലി നോക്കിയശേഷം ഇപ്പോൾ കോട്ടയത്ത് കഞ്ഞിക്കുഴിയിൽ സ്ഥിരതാമസമാക്കി. ഇവർക്ക് സംഗീത് (അപ്പു) എന്നൊരു ആൺകുട്ടിയുണ്ട്.

## 1A (5) i ജോസഫ് മകൾ അന്നമ്മ

അന്നമ്മ കോഴിക്കോട് ജില്ലയിൽ കൂമ്പാറ എന്ന സ്ഥലത്ത് ഒരു മഠത്തിൽ ആതുരസേവനം ചെയ്യുന്നു.

## 1A (6) ഔസേപ്പ് മകൻ ചെറിയാൻ



ഔസേപ്പ് മകൻ ചെറിയാൻ
കുന്നുംപുറം.

ചെറിയാൻ ആലപ്പുഴ ഒറ്റത്തെങ്ങിൽ (ചേന്നക്കാട്ട്) മാത്യുവിൻെറയും മറിയാമ്മയുടെയും മകൾ മേരിയെ വിവാഹം ചെയ്തു. ഇവർക്ക് ജോജി, ഡാർളി, വത്സ, ബോബൻ, ആൻസി, റ്റോമി, റോയി എന്നീ ഏഴുമക്കളുണ്ട്.



കുന്നുംപുറത്ത് ചെറിയാൻെറ ഭാര്യ മേരിയമ്മയും മക്കളും.

## 1A (6) a ചെറിയാൻ മകൻ ജോജി

ജോജി പുളിങ്കുന്ന് മാളിയേക്കൽ എട്ടുകെട്ട് വീട്ടിൽ റാണിയെ വിവാഹം ചെയ്തു. ഇവർക്ക് റിയ, എലൈസ എന്നീ രണ്ടു മക്കളുണ്ട്. ജോജി ആലുവായിൽ ദന്തൽ സർജനായി ജോലിചെയ്യുന്നു. റിയ എം.ബി.എ. വിദ്യാർത്ഥിനിയാണ്. എലൈസ പ്ലസ്ടു വിദ്യാർത്ഥിനിയാണ്.

## 1A (6) b ചെറിയാൻ മകൾ ഡാർളി

ഡാർളിയെ മുട്ടുചിറ കരിമുണ്ടയ്ക്കൽ ഡോ. കെ.ജി. ജോർജ്ജ് വിവാഹം ചെയ്തു. ഇപ്പോൾ കോഴിക്കോട്ട് താമസിക്കുന്നു. ഇവർക്ക് ജിയോ, ലിസ്സ്,





മരിയ എന്നീ മൂന്ന് മക്കളുണ്ട്. ലിസ്സ് എൻജിനീയർ ആണ്. ലിസ്സിനെ വിവാഹം ചെയ്തിരിക്കുന്നത് മഞ്ഞാക്കൽ വീട്ടിൽ കുര്യനാണ്. ഇവർ സിംഗപ്പൂരിൽ ജോലിചെയ്യുന്നു. ഡോക്ടറായ ജിയോ ബോംബെ KEM കോളേജിൽ MS ബിരുദത്തിനു പഠിക്കുന്നു. മരിയ ബാംഗ്ലൂരിൽ ആർക്കിടെക്ട് ആയി ജോലി ചെയ്യുന്നു.

## 1A (6) c ചെറിയാൻ മകൾ വത്സ

വത്സയെ വടക്കൻ പറവൂർ പയ്യപ്പള്ളിൽ ജോൺ മകൻ ജേക്കബ് വിവാഹം ചെയ്തു. ഇപ്പോൾ ദുബായിൽ ജോലി ചെയ്യുന്നു. ഇവർക്ക് ജോൺ, ചെറിയാൻ എന്നീ രണ്ടു മക്കളുണ്ട്. ഇവർ വിദ്യാർത്ഥികളാണ്.

## 1A (6) d ചെറിയാൻ മകൻ ബോബൻ

ബോബൻ ചേർത്തല അന്ത്രപ്പേർ ലീലാമ്മയെ വിവാഹം ചെയ്തു. ഇദ്ദേഹം പ്ലാൻറർ ആണ്. ഇവർക്ക് ചെറിയാൻ, റോസ് മേരി, റ്റിയാ മേരി എന്നീ മൂന്ന് മക്കളുണ്ട്. ഇപ്പോൾ തിരുവനന്തപുരത്ത് താമസിക്കുന്നു.

## 1A (6) e ചെറിയാൻ മകൾ ആൻസി

ആൻസിയെ അങ്കമാലി നെടുന്തല്ലി മാത്യു ഹാരീസ് വിവാഹം ചെയ്തു. ഇദ്ദേഹം അബുദാബിയിൽ എൻജിനീയറാണ്. ഇവർക്ക് തോമസ്, ആൻമേരി, മേരി ആൻ എന്നീ മൂന്ന് മക്കളുണ്ട്. തോമസ് മദ്രാസ് ഐ.ഐ.റ്റി. വിദ്യാർത്ഥിയാണ്.

## 1A (6) f ചെറിയാൻ മകൻ റ്റോമി

റ്റോമി പാലാ കുരുവിനാക്കുന്നേൽ സിറിയക്ക് മകൾ ആനിയെ വിവാഹം ചെയ്തു. ഇദ്ദേഹം പ്ലാൻററാണ്. ഇവർക്ക് ചെറിയാൻ, സിറിയക്ക് എന്നീ രണ്ട് മക്കളുണ്ട്. ഇപ്പോൾ തിരുവനന്തപുരത്ത് താമസിക്കുന്നു.

## 1A (6) g ചെറിയാൻ മകൻ റോയി

റോയി മുട്ടുചിറ നീരാക്കൽ ദേവസ്യാച്ചൻെറ മകൾ റാണിയെ വിവാഹം ചെയ്തു. എഞ്ചിനീയറിംഗ് പാസായി അഹമ്മദ്ബാദിൽ നിന്നും MBA ബിരുദംനേടിയ അദ്ദേഹം ഡൽഹി നെസ്‌ലെ കമ്പനിയിൽ മാർക്കറ്റിംഗ് ജനറൽ മാനേജരായി ജോലി ചെയ്യുന്നു. ഇവർക്ക് മറിയം, ചെറിയാൻ എന്നീ രണ്ടുമക്കളുണ്ട്.

●

# താഴത്തു കുന്നുംപുറം ശാഖ

## 1 B കുന്നുംപുറത്ത് കുഞ്ഞച്ചൻ മകൻ ചാക്കോ

ചാക്കോ കുറവിലങ്ങാട്ട് നിധീരിക്കൽ നിന്നും മറിയത്തിനെ വിവാഹം കഴിച്ചു. അവർക്ക് അക്കമ്മ, മറിയക്കുട്ടി, പാപ്പച്ചൻ, വക്കച്ചൻ, ഔസേപ്പച്ചൻ, ത്രേസ്യാമ്മ, ഏലിയാമ്മ, തൊമ്മച്ചൻ എന്നീ എട്ടു പുത്രീപുത്രന്മാർ ജാതരായി.

### 1 B (1) ചാക്കോ മകൾ അക്കമ്മ

അക്കമ്മയെ കടനാട് കാഞ്ഞിരത്തുങ്കൽ കുഞ്ഞമ്മൻ വിവാഹം കഴിച്ചു. ഇവർക്ക് മറിയക്കുട്ടി, അപ്പച്ചൻ, ഔസേപ്പച്ചൻ, മാമ്മച്ചൻ, ചെറിയാൻ, വർക്കിച്ചൻ, ബേബിച്ചൻ, ജോജി, ലീലാമ്മ, ബേബിയമ്മ, സി. അൻേറാണിയാ എന്നീ പതിനൊന്നു മക്കൾ ഉണ്ട്.

### 1 B (2) ചാക്കോ മകൾ മറിയക്കുട്ടി

മറിയക്കുട്ടിയെ കപ്പാട് തലച്ചിറ കുടുംബത്തിൽ തൊഴുത്തുങ്കവയലിൽ തോമസ് (കൊച്ച്) വിവാഹം ചെയ്തു. ഇവർക്ക് വക്കച്ചൻ, പാപ്പ, പെണ്ണമ്മ, ഔസേപ്പച്ചൻ, മാമ്മച്ചൻ, അപ്പച്ചൻ, ബേബി, സണ്ണി, ലീലാമ്മ, സോബിയാമ്മ, ആനിയമ്മ, കുറുവച്ചൻ എന്നീ 12 മക്കൾ ജനിച്ചു.

### 1 B (3) ചാക്കോ മകൻ ജോൺ (പാപ്പച്ചൻ)

ജോൺ ചങ്ങനാശ്ശേരി തച്ചങ്കരി വീട്ടിൽ നിന്നും ചാൾസ് മകൾ ആനിയെ വിവാഹം ചെയ്തു. കണ്ണൂർ നെല്ലിക്കുറ്റിയിൽ താമസിച്ചു. അവർക്ക് ജെയിംസ്, ത്രേസ്യാമ്മ, ഔസേപ്പച്ചൻ, മാത്തുക്കുട്ടി, മേരിക്കുട്ടി എന്നീ അഞ്ചു സന്താനങ്ങൾ ജാതരായി.

മൂത്തപുത്രൻ ജെയിംസ് ഭാര്യാസമേതം തളിപ്പറമ്പിൽ താമസിച്ചു. അടുത്ത കാലത്ത് നിര്യാതനായി.

പുത്രി ത്രേസ്യാമ്മ അവിവാഹിതയായി സഹോദരൻ ഔസേപ്പച്ചനോടൊപ്പം താമസിക്കുന്നു.

ഔസേപ്പച്ചൻ കണ്ണൂരിൽ വായാട്ടുപറമ്പ് പള്ളിത്തറയിൽ നിന്നും പെണ്ണമ്മയെ വിവാഹം ചെയ്ത് കാസർകോഡ് കാലിച്ചാനടുക്കത്ത് താമസിക്കുന്നു. അവർക്ക് സനീഷ്, അനീഷ് എന്നീ രണ്ട് കുട്ടികളുണ്ട്.

പാപ്പച്ചൻെറ ഇളയപുത്രൻ മാത്തുക്കുട്ടി ചേർപ്പുങ്കൽ മറ്റത്തിൽ കുഞ്ഞുമോളെ വിവാഹം ചെയ്തു നെല്ലിക്കുറ്റിയിൽ താമസിക്കുന്നു. ഇവർക്ക് ആഷിൽ നിർമ്മൽ, ഷാരോൺ നിർമ്മൽ എന്നീ രണ്ടു കുട്ടികളുണ്ട്.

പാപ്പച്ചൻെറ ഇളയപുത്രി മേരിക്കുട്ടി സഹകരണ ബാങ്ക് സെക്രട്ടറിയായി ശ്രീകണ്ഠാപുരത്ത് ജോലിനോക്കുന്നു. ഇപ്പോൾ ശ്രീകണ്ഠാപുരത്ത് താമസിക്കുന്നു.





### 1 B (4) ചാക്കോ മകൻ ജോർജ്ജ് (വക്കച്ചൻ)

വക്കച്ചൻ പുളിങ്കുന്ന് വാച്ചാപറമ്പിൽ (നെല്ലിത്താനം) റോസമ്മയെ വിവാഹം ചെയ്തു. അവർക്ക് മറിയമ്മ, മാമ്മച്ചൻ, ഏലിയാമ്മ, അച്ചാമ്മ, കറിയാച്ചൻ എന്നീ അഞ്ച് മക്കളുണ്ടായി. ഇപ്പോൾ കണ്ണൂർ ജില്ലയിൽ അരിക്കമല എന്ന സ്ഥലത്ത് താമസിക്കുന്നു. വക്കച്ചൻ നിര്യാതനായി.

വക്കച്ചൻെറ മകൾ മറിയമ്മയെ അരിയ്ക്കമല പുല്ലാട്ട് ചാക്കോ വിവാഹം കഴിച്ചു. അവർക്ക് ഷീലമ്മ, ഷോളി, ഷൈജു, ഷിബു, ഷിജോ, റൂബി, റോയി എന്നീ ഏഴു മക്കൾ ജനിച്ചു.

വക്കച്ചൻ മകൻ മാമ്മച്ചൻ ചെമ്പംതൊട്ടി മറ്റത്തിൽ ആനിയമ്മയെ വിവാഹം ചെയ്തു. ഇവർ അരീക്കമല താമസിക്കുന്നു. ഇവർക്ക് ജിജോ, ജിസൺ, ജിനേഷ്, ജിഥിൻ, ജോൺസൺ, നിഖിത എന്നീ ആറുമക്കൾ ഉണ്ട്.

വക്കച്ചൻെറ മകൾ ഏലിയാമ്മയെ ചെമ്പേരി നായ്പുരയിടത്തിൽ അപ്പച്ചൻ വിവാഹം കഴിച്ചു. അവർക്ക് സാജൻ, സജീവ്, സിന്ധു, സുനിൽ, സീമ, സനീഷ് എന്നീ ആറ് മക്കൾ ഉണ്ട്.

വക്കച്ചൻെറ മകൾ അച്ചാമ്മയെ കുളത്തുവയൽ ഞള്ളിമാക്കൽ ജേക്കബ വിവാഹം കഴിച്ചു. ഇവർക്ക് സീമ, ഋഥിക് എന്നീ രണ്ടു കുട്ടികളുണ്ട്. സീമ ടീച്ചർ ആയി ജോലിനോക്കുന്നു. ഋഥിക് എൻജിനീയറിംഗ് വിദ്യാർത്ഥിയാണ്.

വക്കച്ചൻ മകൻ കറിയാച്ചൻ ചെമ്പംതൊട്ടി മുണ്ടക്കൽ ഈത്തമ്മയെ വിവാഹം കഴിച്ചു. അവർക്ക് ജൂലി, ജിനോ, ജിൻസി എന്നീ മൂന്ന് കുട്ടികളുണ്ട്.

### 1 B (5) ചാക്കോ മകൻ ഔസേപ്പച്ചൻ (ജോസഫ്)

ഔസേപ്പച്ചൻ അയർക്കുന്നം മണ്ണുംമൂട്ടിൽ മേരിക്കുട്ടിയെ വിവാഹം കഴിച്ചു. അവർക്ക് ലീലാമ്മ എന്ന ഒരു പുത്രി ജനിച്ചു. ലീലാമ്മ ഉറുസുലൈൻ കോൺവെൻറ് നൈനിറ്റാളിൽ ചേർന്ന് സി. സിറിൾ എന്ന പേര് സ്വീകരിച്ചു.

ആദ്യഭാര്യ മരിച്ചുപോകയാൽ ഔസേപ്പച്ചൻ കടപ്ലാമറ്റം വടക്കേൽ (പാലാംതട്ടേൽ) വി.എക്സ്. ചെറിയാൻെറ മകൾ പെണ്ണമ്മയെ വിവാഹം ചെയ്തു. പുനർവിവാഹത്തിൽ ഔസേപ്പച്ചന് ഏലിക്കുട്ടി, സെലിൻ, ചാക്കോച്ചൻ, ജെസിയമ്മ, ജോസ്ബെൽ, ലീയോച്ചൻ എന്നീ ആറുമക്കൾ ജനിച്ചു.

മൂത്തമകൾ ഏലിക്കുട്ടിയെ നിലമ്പൂർ വള്ളിക്കാവുങ്കൽ ജോർജ്ജ് വിവാഹംകഴിച്ചു. അവർക്ക് ബിൽബി എന്ന ഒരു പുത്രനുണ്ട്.

ഔസേപ്പച്ചൻെറ മകൾ സെലിനെ എടത്തൊട്ടി ഇളംതുരത്തി ഇ.കെ. കുരുവിള വിവാഹം കഴിച്ചു. ഇവർക്ക് പാട്രിക്ക്, ഫ്രെഡി എന്നീ രണ്ട് മക്കൾ ഉണ്ട്.

ഔസേപ്പച്ചൻെറ മകൻ ചാക്കോച്ചൻ പെരിന്തൽമണ്ണ മാവേലിക്കുന്ന് മേരിക്കുട്ടിയെ വിവാഹം ചെയ്തു. അദ്ദേഹം കൽപറ്റയിൽ പി.ഡബ്ല്യു.ഡി. യിൽ ജോലിചെയ്യുന്നു. അവർക്ക് ഗ്രീഷ്മ, ആനിമേരി ജേക്കബ് എന്നീ രണ്ട് കുട്ടികൾ ഉണ്ട്.

ഔസേപ്പച്ചൻെറ മകൾ ജസ്സിയമ്മയെ കാഞ്ഞിരപ്പള്ളി പുത്തൻപുരയിൽ ജോസ് വിവാഹം ചെയ്തു. ഇവർക്ക് കാതറിൻ മരിയ എന്ന ഒരു മകൾ ഉണ്ട്.

ഔസേപ്പച്ചൻെറ മകൾ ജോസ്ബല്ലിനെ തൊടുപുഴ മങ്ങാട്ട് ജോർജ്ജു കുട്ടി വിവാഹം ചെയ്തു. ജോസ്ബൽ ബീഹാറിൽ എൻ.റ്റി.പി.സി.യിൽ ടീച്ചറായി ജോലിചെയ്യുന്നു.

ഔസേപ്പച്ചൻെറ ഇളയപുത്രൻ ലിയോച്ചൻ കർണ്ണാടകത്തിൽ കൃഷി യിൽ ഏർപ്പെട്ടിരിക്കുന്നു. അദ്ദേഹം പുളിങ്ങോം നൂറാംമാക്കൽ ലൗലിയെ വിവാഹം കഴിച്ചു. ഭാര്യ മരിച്ചുപോയതുകൊണ്ട് ചെങ്ങന്നൂർ പാലാപറ മ്പിൽ ജോസഫിൻെറ മകൾ ലില്ലിയെ പുനർവിവാഹം ചെയ്തു. ഇവർക്ക് ജോസഫ്, ജേക്കബ് എന്നീ രണ്ട് മക്കൾ ഉണ്ട്.

## 1 B (6) ചാക്കോ മകൾ ത്രേസ്യാമ്മ

ത്രേസ്യാമ്മയെ പൂവരണി പരിപ്പീറ്റത്തോട്ട് ചെറിയത് വിവാഹം കഴിച്ചു. ഇവർക്ക് ബേബിച്ചൻ,ചാക്കോച്ചൻ, ആനിയമ്മ, വക്കച്ചൻ, ഏലിയാമ്മ, ജോണി, തൊമ്മിക്കുഞ്ഞ്, സെലിൻ, ബാബു എന്നീ 9 മക്കൾ ഉണ്ട്.

## 1 B (7) ചാക്കോ മകൾ ഏലമ്മ

ഏലമ്മയെ പാലാ കിഴതടിയൂർ കിഴക്കേക്കര മത്തായി മകൻ തൊമ്മൻ വിവാഹം ചെയ്ത് പാലക്കാട് കാഞ്ഞിരപ്പുഴ എന്ന സ്ഥലത്ത് താമസിക്കു ന്നു. ഇവർക്ക് കുഞ്ഞാമ്മ, ഈപ്പച്ചൻ, ചാക്കോച്ചൻ, റ്റോമി, ജോർജ്ജുകുട്ടി, ടോണി എന്നീ 6 മക്കളുണ്ട്.

## 1 B (8) ചാക്കോച്ചൻെറ മകൻ തൊമ്മച്ചൻ

തൊമ്മച്ചൻ ആലപ്പുഴ നടക്കൽ വീട്ടിൽനിന്നും തോമസ് മകൾ ഏലിക്കു ട്ടിയെ വിവാഹം ചെയ്തു. ഇവർക്ക് മേരി (മേമ്മ), ചാക്കോച്ചൻ, ടോമി, റ്റെസി എന്നീ നാല് മക്കൾ ഉണ്ട്.

തൊമ്മച്ചൻെറ മൂത്ത മകൾ മേരിയെ കൂരോപ്പട നാഞ്ഞില്ലത്ത് ഫ്രാൻസീസ് മകൻ മാത്യു വിവാഹം കഴിച്ചു. ഇപ്പോൾ ശ്രീകണ്ഠാപുരത്ത് താമസിക്കുന്നു. ഇരുവരും ഹൈസ്കൂൾ അദ്ധ്യാപകരാണ്. ഇവർക്ക് മനു എന്ന ഒരു മകൻ ഉണ്ട്.

തൊമ്മച്ചൻെറ പുത്രൻ ചാക്കോച്ചൻ വെമ്പള്ളി പാലമറ്റത്തിൽ ബേബിച്ചൻ മകൾ മഞ്ജുവിനെ വിവാഹം ചെയ്ത് ബാംഗ്ലൂരിൽ താമസി ക്കുന്നു. ചാക്കോച്ചൻ ബിസിനസ്സ് ചെയ്യുന്നു.





തൊമ്മച്ചൻെറ മകൻ റ്റോമി മാള അടുത്ത് ഊക്കൻവീട്ടിൽ പാറക്കട വിൽ പോൾ മകൾ ലിറ്റിയെ വിവാഹം ചെയ്ത് അങ്കമാലിയിൽ താമസി ക്കുന്നു. ഇവർക്ക് നീൽ, കൺമണി എന്നീ രണ്ട് കുട്ടികൾ ഉണ്ട്. റ്റോമി മദ്രാ സിൽ ജോലി ചെയ്യുന്നു.

തൊമ്മച്ചൻെറ ഇളയ പുത്രി ടെസ്സിയെ പള്ളിപ്പുറത്ത് കടവൻവീട്ടിൽ ജോർജ്ജുകുട്ടി വിവാഹം ചെയ്തു. ഇവർക്ക് ജെറിൽ, ഷെറിൽ എന്നീ രണ്ട് കുട്ടികൾ ഉണ്ട്.

## 1 C സി. സർഫീനാ

കുഞ്ഞച്ചൻെറ ആദ്യവിവാഹത്തിലെ മൂത്തപുത്രിയായ സി. സർഫീനാ കർമ്മലീത്താ മഠത്തിൽ ചേർന്നു. സി. സർഫീനാ നിര്യാതയായി.

## 1 D കുഞ്ഞച്ചൻ മകൾ അന്നമ്മ

കുഞ്ഞച്ചൻെറ രണ്ടാമത്തെ പുത്രിയായ അന്നമ്മയെ കുമ്പുളന്താനം വീട്ടിൽ വിവാഹം ചെയ്തയച്ചു. ഏറെത്താമസിയാതെ ഭർത്താവ് മരിച്ചു പോകയാൽ സ്വഭവനത്തിൽ തിരിച്ചുവന്ന് സഹോദരൻ ചാക്കോയോടൊപ്പം താമസിച്ചു. അന്നമ്മ നിര്യാതയായി.

## 1 E കുഞ്ഞച്ചൻ മകൾ ഏലിയാമ്മ

ഏലിയാമ്മയെ വെമ്പള്ളി കാവുംപറമ്പിൽ മാത്തച്ചൻ വിവാഹം ചെയ്തു. ഇവർക്ക് കുഞ്ഞുമാണി, ഏലി എന്നീ രണ്ടു മക്കൾ ഉണ്ട്.


## 1 F കുഞ്ഞച്ചൻ മകൾ കുഞ്ഞന്നമ്മ (കുഞ്ഞുപെണ്ണ്)

കുഞ്ഞച്ചൻെറ പുനർവിവാഹത്തിലെ മൂത്തപുത്രിയായ കുഞ്ഞന്നമ്മയെ ഭരണങ്ങാനം ഓലിക്കതുണ്ടത്തിൽ വിവാഹം ചെയ്തയച്ചു. ഇവർക്ക് അപ്പ ച്ചൻ, കുറുവച്ചൻ, മത്തായിക്കുഞ്ഞ്, കുഞ്ഞ്, മാമിക്കുട്ടി എന്നീ അഞ്ച് മക്കൾ ജനിച്ചു.

## 1 G കുഞ്ഞച്ചൻ മകൾ ചാച്ചിയമ്മ

കുഞ്ഞച്ചൻെറ ഏറ്റവും ഇളയ പുത്രിയായ ചാച്ചിയമ്മയെ ഭരണങ്ങാനം ഓലിക്കൽ വിവാഹം ചെയ്തയച്ചു.

# മണ്ണൂർ തറവാട്ടു ശാഖ



# മണ്ണൂർ തറവാട്ടു ശാഖ

നാഗനൂലിൽനിന്നും മണ്ണൂരേയ്ക്ക്മാറിത്താമസിച്ച ഇട്ടിച്ചെറിയതിന് ഈപ്പൻ, തൊമ്മൻ, ചെറിയത്, മത്തായി, ഔസേപ്പ് എന്നീ അഞ്ച് പുത്രന്മാരും രണ്ട് പുത്രിമാരും ജനിച്ചു.


മൂത്തപുത്രിയെ പാലാ, തെരുവിൽ ഈപ്പൻ മകൻ മത്തായി വിവാഹം ചെയ്തു. ഇവർക്ക് ഈപ്പൻ, ദേവസ്യാ എന്ന രണ്ട് പുത്രന്മാരും രണ്ട് പുത്രിമാരും ജനിച്ചു.

രണ്ടാമത്തെ പുത്രിയെ മുത്തോലി മുരിക്കനാട് തയ്യിൽ വിവാഹം ചെയ്തയച്ചു. മണ്ണൂരിൽ നിന്നും ഈപ്പൻ പ്ലാക്കാട്ടും ചെറിയത് മാധവപ്പള്ളിലും മത്തായി തലക്കുളത്തിലും മാറിത്താമസിച്ചു. തൊമ്മൻ തറവാട്ടിൽ താമസിച്ചു. തൊമ്മൻ തറവാട്ടിൽ താമസിച്ചു. അഞ്ചാമത്തെ പുത്രൻ ഔസേപ്പ് വൈദികവിദ്യാർത്ഥിയായിരിക്കെ മരണമടഞ്ഞു.

## ഇട്ടിച്ചെറിയത് മകൻ തൊമ്മൻ

മണ്ണൂർ തറവാട്ടിൽ താമസിച്ച തൊമ്മൻ മണിമല കളത്തൂർ നിന്നും വിവാഹം ചെയ്തു. ചെറിയത് എന്ന ഒരു പുത്രനും രണ്ട് പുത്രിമാരും ജനിച്ചു. പുത്രിമാരിൽ ഒരാളെ വൈക്കത്ത് പറയ്ക്കാട്ടും മറ്റെയാളെ പാലായിൽ തലച്ചിറയിലും വിവാഹം ചെയ്തുവിട്ടു. മുത്തോലിപ്പള്ളി ആരംഭകാലത്ത് സ്ഥാപിക്കുന്നതിന് മുന്നിട്ട് പ്രവർത്തിച്ചിരുന്ന തൊമ്മൻ 38-ാമത്തെ വയസ്സിൽ ചരമംപ്രാപിച്ചു.

## I തൊമ്മൻ മകൻ ചെറിയത് (കുഞ്ഞച്ചൻ)



മുത്തോലി ആശ്രമദേവാലയത്തിനുള്ളിൽ സംസ്കരിച്ച മണ്ണൂർ കുഞ്ഞച്ചന്റെ കബറിടം.

തൊമ്മന്റെ ഏകമകൻ ചെറിയത് (കുഞ്ഞച്ചൻ) ഭരണങ്ങാനത്ത് പൂണ്ടിക്കുളത്തുനിന്ന് ഏലിയെ വിവാഹം കഴിച്ചു. ഈ വിവാഹത്തിൽ തൊമ്മൻ, ലൂക്കാ, ചെറിയത് എന്ന മൂന്ന് പുത്രന്മാരും ത്രേസ്യാ, ഇത്തമ്മ എന്ന രണ്ട് പുത്രിമാരും ജനിച്ചു.





ചെറിയതിന്റെ ഭാര്യ മരിച്ചുപോകയാൽ പുളിങ്കുന്ന് മാളിയംപുരയ്ക്കൽനിന്നും പുനർവിവാഹം ചെയ്തു. ഈ വിവാഹത്തിൽ ഔസേപ്പ്, വർക്കി എന്ന രണ്ട് പുത്രന്മാരും മറിയാമ്മ എന്ന പുത്രിയും ജനിച്ചു.

ചെറിയത് തന്റെ പുനർവിവാഹത്തിലെ മക്കളോടൊന്നിച്ച് കൊങ്ങാണ്ടൂരിൽ സ്ഥലം എടുത്ത് താമസിക്കുമ്പോഴാണ് കൂർക്കമറ്റത്തിൽ കുടുംബാംഗങ്ങളുടെ സഹകരണത്തോടുകൂടി പാദുവാ പള്ളി പണിയിച്ചത്. പിന്നീട് താമസംവിനാ മുത്തോലിയിലേയ്ക്ക് തിരിച്ചുവന്ന് വാർദ്ധക്യകാലം മണ്ണൂർ തറവാട്ടിൽത്തന്നെ താമസിച്ചു. മുത്തോലി കർമ്മലീത്ത ആശ്രമവും മഠവും സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം കൊടുത്തും ധനസഹായം ചെയ്തും മുൻകൈയെടുത്തു പ്രവർത്തിച്ചവരിൽ ഒരാളാണ് ഇദ്ദേഹം. 1929 ആഗസ്റ്റ് 8-ാം തീയതി അദ്ദേഹം ചരമംപ്രാപിക്കുകയും മുത്തോലി ആശ്രമ ദേവാലയത്തിൽ സംസ്കരിക്കപ്പെടുകയും ചെയ്തു.

ചെറിയാന്റെ ആദ്യവിവാഹത്തിലെ മക്കളായ തൊമ്മച്ചൻ തൈത്തോട്ടത്തിലും ലൂക്കാ വള്ളികാട്ടുകുഴിയിലും ചെറിയത് തറവാട്ടിലും താമസിച്ചു. പുത്രിമാരിൽ ത്രേസ്യായെ പാലായിൽ പനയ്ക്കൽ കല്ലൂക്കുന്നേലും ഇത്തമ്മയെ പനയ്ക്കൽ കാരയ്ക്കാട്ടും വിവാഹം ചെയ്തയച്ചു. ചെറിയതിന്റെ പുനർവിവാഹത്തിലെ മക്കളായ ഔസേപ്പ് മണിമലയിലേയ്ക്കും വർക്കി അങ്കമാലിയിലേയ്ക്കും കുടുംബസമേതം കുടിയേറിപാർത്തു. പുത്രി മറിയാമ്മയെ ചേർപ്പുങ്കൽ ചെറുശ്ശേരി മാന്നാത്ത് വിവാഹം ചെയ്തയച്ചു.

## IC ചെറിയത് മകൻ ചെറിയത് (കുഞ്ഞപ്പൻ)

മണ്ണൂർ കുഞ്ഞച്ചന്റെ മൂന്നാമത്തെ പുത്രൻ കുഞ്ഞപ്പൻ പാലാ യിൽ കൊട്ടുകാപ്പള്ളിയിൽ പുതുമനയിൽ നിന്നും ത്രേസ്യായെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിച്ചു. അവർക്ക് സ്കറിയ, തൊമ്മൻ, ഇത്താക്ക്, ജോസഫ്, കുഞ്ഞേലി, മത്തായി, അന്നമ്മ എന്നിങ്ങനെ ഏഴ് പുത്രീപുത്ര ന്മാർ ഉണ്ടായി.

## IC₁ കുഞ്ഞപ്പൻ മകൻ സ്കറിയ

**(Rev. Fr.** സഖറിയാസ് മണ്ണൂർ സീനിയർ)

കുഞ്ഞപ്പന്റെ മൂത്തപുത്രൻ സ്കറിയ(മണ്ണൂർ വല്യച്ചൻ) വൈദികനായി. ഇദ്ദേഹം കാഞ്ഞിരപ്പള്ളി, കവീക്കുന്ന്, മലയിഞ്ചിപ്പാറ, ചേനപ്പാടി, കൂട്ടിക്കൽ, മണിമല, കൊഴുവനാൽ, കാക്കൂർ, മീനച്ചിൽ, മുത്തോലി എന്നീ പള്ളികളിൽ വികാരിയായും സ്തുത്യർഹമാംവിധം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മലയിഞ്ചിപ്പാറ, ചേനപ്പാടി എന്നീ പള്ളികളും കൊഴുവനാൽ ഫാത്തിമാമിഷൻ ഹോസ്പിറ്റൽ, മുത്തോലി സെന്റ് ജോർജ്ജ് ദേവാലയത്തിന്റെ പള്ളിമേട, സെന്റ് ജോർജ്ജ് വായനശാല എന്നിവയും ഇദ്ദേഹത്തിന്റെ

സ്ഥിരപരിശ്രമത്തിൻെറയും കഠിനാദ്ധ്വാനത്തിൻെറയും ഫലമായി പണിതുയർത്തിയിട്ടുള്ളതാണ്. തൻെറ വാർദ്ധക്യകാലം മുത്തോലി പള്ളിമേടയിൽ വിശ്രമജീവിതം നയിച്ചു. സഭാസേവനത്താലും സാമൂഹിക സേവനത്താലും ധന്യമായ ഈ ജീവിതം 1988 മെയ് 13-ന് 95-ാം വയസ്സിൽ അസ്തമിച്ചു. അദ്ദേഹത്തെ മുത്തോലി പള്ളിയിൽ കബറടക്കി.

## $IC_3$ കുഞ്ഞപ്പൻ മകൻ ഇത്താക്ക് (Fr. ഗ്രേഷ്യൻ C.M.I)

കുഞ്ഞപ്പൻെറ മൂന്നാമത്തെ പുത്രൻ ഇത്താക്ക് C.M.I സഭയിൽ ചേർന്ന് ഫാ. ഗ്രേഷ്യൻ എന്ന പേര് സ്വീകരിച്ചു. അദ്ദേഹം തലോർ, പള്ളിപ്പുറം, മംഗലാപുരം മുതലായ കൊവേന്തകളിൽ പ്രിയോരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ കാഞ്ഞിരപ്പള്ളി മേരിക്യൂൻസ് ഹോസ്പിറ്റലിൽ ഡയറക്ടർ, ദീപികാ ഓഫീസ് മാനേജർ, മാന്നാനം സെൻറ് ജോസഫ്സ് പ്രസ് മാനേജർ എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. തൻെറ വാർദ്ധക്യകാലം അദ്ദേഹം മുത്തോലി കൊവേന്തയിൽ വിശ്രമി ക്കുകയും 1999 ഓഗസ്റ്റ് 16-ാം തീയതി 99-ാം വയസ്സിൽ നിര്യാതനാവു കയും ചെയ്തു. അദ്ദേഹത്തെ മുത്തോലി മൊണാസ്ട്രിയിൽ സംസ്കരിച്ചു.

## $IC_4$ കുഞ്ഞപ്പൻ മകൻ ജോസഫ്

കുഞ്ഞപ്പൻെറ നാലാമത്തെ പുത്രൻ ജോസഫ് ഭരണങ്ങാനം പൈകടയിൽനിന്നും കുഞ്ഞേലിയെ വിവാഹം ചെയ്ത് മണ്ണൂർതറവാട്ടിൽ താമസിച്ചു. ഇവർക്ക് പെണ്ണമ്മയെന്ന ഒരു പുത്രി ജനിച്ചു. 24-ാമത്തെ വയസ്സിൽ ജോസഫ് മരണമടഞ്ഞു. അധികം താമസിയാതെ ഭാര്യ കുഞ്ഞേലി നിര്യാതയായി.

ഏകപുത്രി പെണ്ണമ്മയെ തോട്ടയ്ക്കാട് പെരുമങ്ങാട്ടു ജോസഫ് (അപ്പച്ചൻ) വിവാഹം ചെയ്തു. ഇവർക്ക് ലീലാമ്മ, മാമ്മച്ചൻ, കുഞ്ഞൂഞ്ഞമ്മ, തങ്കമ്മ എന്നീ നാല് മക്കൾ ഉണ്ടായി. ലീലാമ്മയും കുഞ്ഞൂഞ്ഞമ്മയും കുടുംബസമേതം ജർമ്മനിയിൽ ജോലിചെയ്യുന്നു.

## $IC_5$ കുഞ്ഞപ്പൻ മകൾ കുഞ്ഞേലി

കുഞ്ഞപ്പൻെറ (ചെറിയത്) പെൺമക്കളിൽ മൂത്തയാൾ കുഞ്ഞേലി കർമ്മലീത്താ മഠത്തിൽ ചേർന്ന് സിസ്റ്റർ റെജീനാ എന്ന പേരു സ്വീകരിച്ചു. റെജീനാമ്മ രാമപുരം C.M.C മഠത്തിൽ മദർ സുപ്പീരിയറായും രാമപുരം സ്കൂളിൽ ദീർഘകാലം അദ്ധ്യാപികയായും സേവനം ചെയ്തിട്ടുണ്ട്. സി.റെജീന 1954-ൽ നിര്യാതയായി.





## $IC_6$ കുഞ്ഞപ്പൻ മകൻ മത്തായി (കൊച്ചൂഞ്ഞ്)

ചെറിയതിൻെറ മക്കളിൽ ആറാമത്തെ ആളായ കൊച്ചൂഞ്ഞ് തോട്ടയ്ക്കാട്ട് പെരുമങ്ങാട്ട് കൊച്ചിൻെറ മകൾ റോസയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിച്ചു. ഇവർക്ക് സ്കറിയ, ജോർജ്ജ്, തെയ്യാമ്മ, ആലമ്മ, ഫിലോമിന എന്നീ അഞ്ച് പുത്രീപുത്രന്മാർ ഉണ്ടായി.

## കൊച്ചൂഞ്ഞ് മകൻ സ്കറിയാ

കൊച്ചൂഞ്ഞിൻെറ മൂത്തപുത്രൻ സ്കറിയ മറ്റക്കര (കരിമ്പാനി) മറ്റക്കരോട്ട് നിന്നും അന്നമ്മയെ വിവാഹംചെയ്ത് തറവാട്ടിൽ താമസിച്ചു. ഇവർക്ക് ബേബി, ലില്ലിക്കുട്ടി, ജോർജ്ജുകുട്ടി, മാത്തുക്കുട്ടി, ലിസ്സമ്മ, ലിൻസി, നോബിൾ എന്നീ ഏഴ് പുത്രീപുത്രന്മാർ ഉണ്ടായി. സ്കറിയാച്ചൻ നാട്ടിൽ രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ അറിയപ്പെട്ടിരുന്ന വ്യക്തിയാണ്. ഇദ്ദേഹം 1996 ജൂലൈ 13-ന് 66-ാം വയസ്സിൽ നിര്യാതനായി.

സ്കറിയാച്ചൻെറ മൂത്തപുത്രൻ ബേബി പുനലൂർ തുമ്പശ്ശേരിൽ ജോസഫ് മകൾ ക്ലാരമ്മയെ വിവാഹം ചെയ്ത് മണ്ണാർകാട്ട് താമസിക്കുന്നു. ഇവർക്ക് ശാലു, കിഷോർ എന്നീ രണ്ടു കുട്ടികൾ ഉണ്ട്.

സ്കറിയാച്ചൻെറ മക്കളിൽ രണ്ടാമത്തെ ആളായ ലില്ലിക്കുട്ടിയെ അയർക്കുന്നം പ്ലാത്തോട്ടത്തിൽ കുര്യൻെറ മകൻ ചാക്കോച്ചൻ വിവാഹം ചെയ്ത് മണ്ണാർക്കാട്ട് താമസിക്കുന്നു. ഇവർക്ക് അനു, നുനു, സുനു എന്നീ മൂന്ന് പുത്രിമാർ ഉണ്ട്. ചാക്കോച്ചൻ 45-ാമത്തെ വയസ്സിൽ 1995-ൽ നിര്യാതനായി.

സ്കറിയാച്ചൻെറ മക്കളിൽ മൂന്നാമത്തെ ആളായ ജോർജ്ജ്കുട്ടി കുറിച്ചിത്താനം കാരാമയിൽ സ്കറിയാ മകൾ ആനിയമ്മയെ വിവാഹംചെയ്ത് മുത്തോലിയിൽ താമസിക്കുന്നു. ഇവർക്ക് ഷീൻ, അലൻ എന്നീ രണ്ട് പുത്രിമാരും ഷോൺ എന്ന പുത്രനും ഉണ്ട്.

സ്കറിയാച്ചൻെറ മക്കളിൽ നാലാമത്തെ ആളായ മാത്തുക്കുട്ടി പൂഞ്ഞാറിൽ കൈപ്പള്ളി എന്ന സ്ഥലത്ത് താമസിക്കുന്നു.

സ്റിയാച്ചൻെറ മക്കളിൽ അഞ്ചാമത്തെ ആളായ ലിസ്സമ്മയെ എരുമേലിയിൽ ഇരുപ്പക്കാട്ട് പാപ്പച്ചൻെറ മകൻ മാത്തച്ചൻ വിവാഹം ചെയ്ത് എരുമേലിയിൽ താമസിക്കുന്നു. ഇവർക്ക് റിയ, ഔസേപ്പച്ചൻ എന്നീ രണ്ട് മക്കൾ ഉണ്ട്.

മക്കളിൽ ആറാമത്തെ ആളായ ലിൻസിയെ പാലാ മൂഴയിൽ വക്കച്ചൻെറ മകൻ സാബു വിവാഹം ചെയ്ത് പാലായിൽ താമസിക്കുന്നു. ഇവർക്ക് ഒരു പുത്രനുണ്ട്.

സ്കറിയാച്ചന്റെ ഇളയപുത്രൻ നോബിൾ കുറുമള്ളൂർ തെക്കേച്ചെരുവിൽ ഉലഹന്നാന്റെ മകൾ ലൈലയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് സ്കറിയാച്ചൻ, ജോൺ എന്നീ രണ്ട് പുത്രന്മാർ ഉണ്ട്.

## IC$_6$b കൊച്ചൂഞ്ഞ് മകൻ ജോർജ്ജ്

കൊച്ചൂഞ്ഞിന്റെ രണ്ടാമത്തെ പുത്രനായ ജോർജ്ജ് മോനിപ്പള്ളി വെട്ടത്ത് മേരിയെ വിവാഹം ചെയ്ത് തളിപ്പറമ്പിനടുത്ത് പന്നിയൂരിൽ താമസിക്കുന്നു. ഇവർക്ക് ജെയ്സൺ എന്ന ഒരു പുത്രനും പ്രേമ എന്ന ഒരു പുത്രിയും ഉണ്ട്.

ജെയ്സൺ ആലക്കോട് മറ്റളളിൽ മോളിയെ വിവാഹംചെയ്ത് തളിപ്പറമ്പിനടുത്ത് പന്നിയൂരിൽ താമസിക്കുന്നു. ഇവർക്ക് റെക്സ്, അലക്സ് എന്നീ രണ്ടു പുത്രന്മാർ ഉണ്ട്. ജെയ്സൺ തളിപ്പറമ്പിൽ ഹൈസ്ക്കൂൾ അദ്ധ്യാപകനായി ജോലി നോക്കുന്നു.

പുത്രി പ്രേമയെ വൈക്കത്ത് ജോണി വിവാഹം ചെയ്തു. ഇവർക്ക് ഒരു കുട്ടിയുണ്ട്.

## IC$_6$c കൊച്ചുഞ്ഞ് മകൾ തെയ്യാമ്മ

കൊച്ചുഞ്ഞിന്റെ മകൾ തെയ്യാമ്മ ആരാധനാമഠത്തിൽ ചേർന്ന് സി. ലോറൻസ് എന്ന പേര് സ്വീകരിച്ചു. ജർമ്മനിയിൽ നഴ്സിംഗ് പഠനം പൂർത്തിയാക്കിയ സിസ്റ്റർ ലോറൻസ് കർണ്ണാടകത്തിൽ ഷിമോഗയിൽ സേവനം ചെയ്യുന്നു.

## IC$_6$d കൊച്ചൂഞ്ഞ് മകൾ ആലമ്മ

കൊച്ചുകുഞ്ഞിന്റെ മക്കളിൽ നാലാമത്തെ ആളായ ആലമ്മയെ കാഞ്ഞിരമറ്റത്ത് വെട്ടുവയലിൽ കുഞ്ഞാപ്പന്റെ മകൻ അവിരാച്ചൻ വിവാഹം ചെയ്ത് കാഞ്ഞിരമറ്റത്ത് താമസിക്കുന്നു. ഇവർക്ക് കുട്ടിയച്ചൻ, ജോണിച്ചൻ, ആൻസി, ജെയിംസ്, ലിൻസ്, ജോബി, ടോം, റ്റിൻസി, ജെയിസൺ, കൊച്ചുമോൾ എന്നീ പത്ത് പുത്രീപുത്രന്മാർ ഉണ്ട്.

## IC$_6$e കൊച്ചൂഞ്ഞ് മകൾ ഫിലോമിന

കൊച്ചുകുഞ്ഞിന്റെ ഇളയ പുത്രി ഫിലോമിന തിരുഹൃദയമഠത്തിൽ ചേർന്ന് സിസ്റ്റർ റെജീന എന്ന പേര് സ്വീകരിച്ചു. ഇപ്പോൾ വയലാ മഠത്തിൽ മദർ സുപ്പീരിയർ ആണ്. വിവിധ ഹോസ്പിറ്റലുകളിൽ സേവനം ചെയ്തിട്ടുള്ള സിസ്റ്റർ തന്റെ നഴ്സിംഗ് ഉപരിപഠനം ജർമ്മനിയിലായിരുന്നു.





## IC$_7$ കുഞ്ഞപ്പൻ മകൾ അന്നമ്മ


അന്നമ്മ വെട്ടുവയലിൽ

കുഞ്ഞപ്പന്റെ ഇളയ പുത്രി അന്നമ്മയെ കൊഴുവനാൽ വെട്ടുവയലിൽ അബ്രഹാം വിവാഹം ചെയ്തു. ഇവർക്ക് വി. എ. ജോൺ (പാപ്പച്ചൻ) എന്ന പുത്രൻ ജനിച്ചു. ഇദ്ദേഹം ഒരു പ്രമുഖ പ്ലാന്ററും വ്യവസായിയും ആയിരുന്നു. പാപ്പച്ചൻ പുലിക്കുട്ടിശ്ശേരി മണ്ണൂർ പറമ്പിൽ ജോസഫ് ജോണി ന്റെ മൂത്തപുത്രി മേരിയെ(ലീലാമ്മ) വിവാഹം ചെയ്തു. ഇവർക്ക് പത്ത് സന്താനങ്ങൾ ജനിച്ചു. ആറ് ആണും നാലു പെണ്ണും. മൂത്തയാൾ എബി മണർകാട്ട് താമസിക്കുന്നു. രണ്ടാമത്തെ ആൾ ജോബി തൃക്കാക്കര താമസിക്കുന്നു. മൂന്നാമത്തെ ആൾ ജിബി കെഴുവങ്കുളത്തു താമ സിക്കുന്നു. നാലാമത്തെ ആൾ ലിൻസി കാലിഫോർണിയിലും (യു.എസ്.എ.) അൽഫോൻസി ഡൽഹിയിലും റ്റിസാ വൈറ്റില എറണാകുളത്തും. ബേബി, തോമസ്, മാത്യൂസ് എന്നിവർ തറവാട്ടിലും താമസം. മറിയാമ്മ നിര്യാതയായി.

## IH ചെറിയത് (കുഞ്ഞച്ചൻ) മകൾ മറിയാമ്മ

കുഞ്ഞച്ചന്റെ പുനർവിവാഹത്തിലെ ഏകപുത്രിയായ മറിയാമ്മയെ ചേർപ്പുങ്കൽ ചെറുശ്ശേരിയിൽ (മാന്നാത്ത്) വിവാഹം കഴിച്ചയച്ചു.

# മണ്ണൂർ കരോട്ട് ശാഖ

## IC(2) ചെറിയതു മകൻ തൊമ്മൻ

ചെറിയതിൻെറ രണ്ടാമത്തെ പുത്രൻ തൊമ്മൻ വള്ളോംപുരയിട ത്തിൽ നിന്നും വർക്കി, മറിയം മകൾ മറിയാമ്മയെ വിവാഹം ചെയ്തു. നെല്ലാനിക്കമുറിയിൽ പുരയിടത്തിലേക്ക് മാറിത്താമസിച്ചു. ഇവർക്ക് സ്കറിയാ, തോമസ്, ഐസക്ക്, ജോസഫ് എന്നിങ്ങനെ നാലു പുത്രന്മാരും കുഞ്ഞുപെണ്ണ്, തെയ്യാമ്മ എന്നീ രണ്ടു പുത്രിമാരും ഉണ്ട്.

## IC(2)a തൊമ്മൻ മകൾ മറിയം (കുഞ്ഞുപെണ്ണ്)

തൊമ്മൻെറ മൂത്തമകൾ മറിയത്തിനെ (കുഞ്ഞുപെണ്ണ്) മുത്തോ ലി ചീരാംകുഴിയിൽ (ചെരികുന്നേൽ) മത്തൻെറ മകൻ തൊമ്മച്ചൻ വിവാഹം ചെയ്ത് തിരുവനന്തപുരത്ത് നെട്ടയിൽ താമസിക്കുന്നു. അവർക്ക് മേരി, അച്ചാമ്മ, ഫിലോമിനാ, ജോയൻ, പുഷ്പ, ലിസ, റ്റോം, പ്രഭ ഇന്നിങ്ങനെ ഏഴു മക്കൾ ഉണ്ട്. രണ്ടാമത്തെ മകൾ അച്ചാമ്മ തിരുഹൃദയമഠത്തിൽ ചേർന്ന് സി. മൈക്കിൾ മേരി എന്ന പേരു സ്വീകരിച്ച് ഉജ്ജ്യിനിയിൽ മിഷനിൽ 33 വർഷമായി ജോലി നോക്കുന്നു. മിഷനിൽ പല സ്ഥലങ്ങളിലായി 4 പ്രാവശ്യം മദർ സുപ്പീരിയറായി. ഇപ്പോൾ മിഷൻവക നാട്ടിലുള്ള നംപ്യാകുളം മഠത്തിൽ സുപ്പീരിയറായി ജോലി നോക്കുന്നു. മൂന്നാമത്തെ മകൾ ഫിലോമിനായും തിരുഹൃദയമഠത്തിൽ ചേർന്നു. ബാംഗ്ലൂർ Nursery Training പാസ്സായി. തെക്കൻ മിഷനിൽ തിരുവനന്തപുരത്ത് 15 വർഷം ജോലി ചെയ്തു. ഇപ്പോൾ ചക്കാമ്പുഴ നേഴ്സറിയിൽ അദ്ധ്യാപികയായി ജോലി നോക്കുന്നു.

## IC(2)b തൊമ്മൻ മകൻ സ്കറിയാ (കുട്ടപ്പൻ)

തൊമ്മൻെറ രണ്ടാമത്തെ മകൻ സ്കറിയാ മാന്നാനത്ത്, പഴയ കിരിയിൽ ജോസ്, റോസ മകൾ മറിയമ്മയെ വിവാഹം ചെയ്ത് വെള്ളരിക്കു ണ്ടിൽ താമസിക്കുന്നു. ഇവർക്ക് മേരി, തോമസുകുട്ടി, ജോസ്, റോസമ്മ, ലിസമ്മ, ജോയൻ എന്നീ ആറ് മക്കളുണ്ട്. സ്കറിയാ 54-ാമത്തെ വയസ്സിൽ 1981 ജൂലൈ 23-നും നിര്യാതനായി.

### സ്കറിയാ മകൾ മേരി

സ്കറിയായുടെ മൂത്തമകൾ മേരി തിരുഹൃദയമഠത്തിൽ ചേർന്ന് സി. മേരി മണ്ണൂർ എന്ന പേരു സ്വീകരിച്ചു. പി.ഡി.സി കഴിഞ്ഞ് മഠത്തിൽ





സ്കറിയ മകൾ സി.മേരി.

ചേർന്ന സിസ്റ്റർ തുടർന്ന് പഠിച്ച് B.Sc, B.Ed പാസ്സായി. മാനത്തൂർ, അറക്കുളം, വിളക്കുമാടം എന്നീ സ്കൂളുകളിൽ ജോലി നോക്കിയിട്ടുണ്ട്. കുടക്കച്ചിറ ഹൈസ്ക്കൂളിൻെറ ഹെഡ്മിസ്ട്രസായി ജോലിയിൽനിന്നും റിട്ടയർചെയ്യു. സിസ്റ്റർ മാനത്തൂർ, അറക്കുളം എന്നീ മഠങ്ങളിലായിട്ട് 3 പ്രാവശ്യം (9 വർഷം) മദർ സുപ്പീരിയറായും, ഒരു പ്രാവശ്യം പ്രൊവിൻഷ്യൽ സെക്രട്ടറിയായും, 3 വർഷം പ്രൊവിൻഷ്യൽ കൗൺസിലറായും ജോലിനോക്കിയിട്ടുണ്ട്.

### സ്കറിയാ മകൻ തോമസുകുട്ടി

തോമസുകുട്ടി ചേർപ്പുങ്കൽ ആരംപുളിക്കൽ നിന്നും മാത്യു മകൾ ജോളിയെ വിവാഹം ചെയ്തു. ഇവർക്ക് റ്റിജോ, റ്റിറ്റോ, റ്റിൻേറാ എന്നീ 3 പുത്രന്മാരും റ്റിൻസി എന്ന ഒരു പുത്രിയും ഉണ്ട്. മൂത്തപുത്രൻ റ്റിജോ എൻ ജിനീയറിംഗ് കഴിഞ്ഞ് എറാണാകുളത്ത് ജോലി നോക്കുന്നു. രണ്ടാമത്തെ പുത്രൻ റ്റിറ്റോ ബി.കോം കഴിഞ്ഞ് PGDCA ചെയ്യുന്നു. റ്റിൻേറാ B.A-യ്ക്കു പഠിയ്ക്കുന്നു. റ്റിൻസി VIII-ൽ പഠിക്കുന്നു.



സ്കറിയ മകൻ തോമസുകുട്ടിയും കുടുംബവും.

### സ്കറിയാ മകൻ ജോസ് (റവ. ഫാ. ജോസ് മണ്ണൂർ)

സ്കറിയായുടെ മൂന്നാമത്തെ പുത്രൻ ജോസ് തലശ്ശേരി രൂപതയ്ക്കുവേണ്ടി 1981 ഡിസംബർ 18-ന് വൈദികനായി. വായാട്ടുപറമ്പ് ഉദയഗിരിയ്ക്കു അടുത്തുള്ള താബോർ, ജോസ്ഗിരി, തളിപ്പറമ്പ് എന്നീ പള്ളികളിൽ വികാരിയായി ജോലി നോക്കിയിട്ടുണ്ട്. ഇപ്പോൾ പാണത്തൂർ പള്ളിയിൽ വികാരിയായി ജോലി നോക്കുന്നു. താബോർ പള്ളിയും തളിപ്പറമ്പിലെ സെൻെറ് മേരീസ് പാരീഷ്ഹാളും മനോഹരമായി പണിപൂർത്തിയാക്കിയത് അദ്ദേഹത്തിൻെറ ശ്രമഫലമാണ്.

### സ്കറിയാ മകൾ റോസമ്മ

റോസമ്മയെ എടൂർ വിലങ്ങുപാറ തോമസ് മകൻ ജോർജ്ജ് തോമസ് വിവാഹം ചെയ്തു. ഇവർക്ക് ജിലു, ജിസ്സ് എന്നീ രണ്ട് പുത്രിമാർ ഉണ്ട്. രണ്ടുപേരും പഠിച്ചുകൊണ്ടിരിക്കുന്നു. ജോർജജും റോസമ്മയും എടൂർ ഹൈസ്ക്കൂളിൽ അധ്യാപകരാണ്.

### സ്കറിയാ മകൾ ലിസമ്മ

ലിസമ്മയെ വെള്ളരിക്കുണ്ടിൽ കൊട്ടുകാപ്പള്ളി പുതുമനയിൽ ഔസേപ്പച്ചൻ മകൻ ബേബിച്ചൻ വിവാഹം ചെയ്തു. ഇവർക്ക് പയസ്സ്, എന്ന ഒരു ആൺകുട്ടിയും അൽഫോൻസ എന്ന ഒരു പെൺകുട്ടിയും ഉണ്ട്. ലിസ്സമ്മയും ബേബിച്ചനും വെള്ളരിക്കുണ്ട് സെൻറ് ജൂഡ്സ് ഹൈസ്ക്കൂളിൽ പഠിപ്പിക്കുന്നു.

### സ്കറിയാ മകൻ ജോയൻ

ജോയൻ ഇലവനാൽ ജോർജ്ജ് മകൾ ലാലിയെ വിവാഹം ചെയ്തു അമ്മയോടൊത്തു തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് ലിൻറ, ലിജോ, ലിനു എന്നീ മൂന്ന് കുട്ടികൾ ഉണ്ട്. കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്നു.

### IC(2)c തൊമ്മൻ മകൻ തോമസ് (ഫാ. തോമസ് മണ്ണൂർ)

തൊമ്മൻെറ മൂന്നാമത്തെ മകൻ തോമസ് പാലാ രൂപതയിൽ ചേർന്ന് വൈദികനായി. മുത്തോലപുരം, മുത്തോലി, ചക്കാമ്പുഴ, പ്രവിത്താനം എന്നീ പള്ളികളിൽ വികാരിയായും ചക്കാമ്പുഴ, പ്രവിത്താനം ആശുപത്രികളിൽ ഡയറക്ടറായും ജോലി ചെയ്തു. ചക്കാമ്പുഴ ആശുപത്രി ഇദ്ദേഹത്തിൻെറ ശ്രമഫലമായി ഉണ്ടായതാണ്. പാലാ സെൻെറ് തോമസ് പ്രസ് മാനേജരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പ്രവിത്താനത്ത് ആയിരുന്ന കാലത്ത് പെട്ടെന്ന് രോഗം ബാധിച്ച് ശരീരത്തിൻെറ വലതുവശം തളരുകയും







സ്കറിയ മകൻ ജോയനും കുടുംബവും മാതാവ് മറിയാമ്മയോടൊത്ത്.

ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. നീണ്ട ഇരുപത്തിയൊന്ന് വർഷം ബഹു: തോമ്മാച്ചൻ രോഗബാധിതനായി കഴിഞ്ഞു. ആദ്യനാളുകളിൽ കുമ്മണ്ണൂർ Priest Home-ലും പിന്നീട് സ്വന്തം വീട്ടിലും കഴിഞ്ഞു. 1998 ഫെബ്രുവരി 1-ാം തീയതി അദ്ദേഹം ചരമം പ്രാപിച്ചു. ഭൗതികശരീരം മുത്തോലി ഇടവക ദേവാലയത്തിൽ സംസ്കരിച്ചു.

### IC(2)d. തൊമ്മൻ മകൻ ഐസക്ക് (ഇത്താക്ക്)

തൊമ്മൻെറ നാലാമത്തെ മകൻ ഐസക്ക് കരൂർ പടിഞ്ഞാറക്കര കൂട്ടപ്ലാക്കൽ (എറകോന്നി) മേരിയെ വിവാഹം ചെയ്ത് മുത്തോലി തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് 4 പുത്രന്മാരും 3 പുത്രിമാരും ഉണ്ട്. മൂത്ത മകൾ മേഴ്സിയെ മാനത്തൂർ ഇരുവേലിക്കുന്നേൽ ആൻറണി മകൻ മത്തച്ചൻ വിവാഹം ചെയ്തു. ഇവർക്ക് അരുൺ, അനു, ആൽബിൻ എന്നീ പുത്രീപുത്രന്മാർ ഉണ്ട്. ഇവർ പഠിച്ചുകൊണ്ടിരിക്കുന്നു. രണ്ടാമത്തെ മകൾ ജെസമ്മയെ ചേർപ്പുങ്കൽ മറ്റപ്പള്ളി ജോസ് വിവാഹം ചെയ്തു. ഇവർക്ക് ജിലു, ആൽഫി എന്ന് രണ്ട് പെൺമക്കൾ ഉണ്ട്. ഇരുവരും പഠിക്കുന്നു. മൂന്നാമത്തെ മകൾ ലിസമ്മയെ വിളക്കുമാടം ചെമ്പകശ്ശേരിയിൽ ജോസ്



തൊമ്മൻ മകൻ ഐസക്കും (ഇത്താക്ക്) കുടുംബവും.

വിവാഹം ചെയ്തു. ഇവർക്ക് ഐസക്ക് എന്ന ഒരു ആൺകുട്ടിയും, റിയാ എന്ന ഒരു പെൺകുട്ടിയും ഉണ്ട്.

## ഐസക്ക് മകൻ റ്റോമിച്ചൻ

മൂന്നാമത്തെ മകൻ റ്റോമിച്ചൻ പൂവിത്തി[illegible] പൊറുങ്ങനാൽ ഐസക്ക് മകൾ ജെസിയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺമക്കളും, ഒരു പെൺകുട്ടിയും ഉണ്ട്. ജിൻറാ, ജിതിൻ, തോമസുകുട്ടി ഇവർ വിദ്യാർത്ഥികളാണ്.

## ഐസക്ക് മകൻ മാത്തുക്കുട്ടി

അഞ്ചാമത്തെ മകൻ മാത്തുക്കുട്ടി നീലൂർ പുതിയിടത്ത് മാത്യു മകൾ മായയെ വിവാഹം ചെയ്തു. മാത്തുക്കുട്ടി എറണാകുളത്ത് ജോലി ചെയ്യുന്നു. ഇവർക്ക് ജോസഫ്(ഐവാൻ) എന്ന ഒരു മകൻ ഉണ്ട്.

## ഐസക്ക് മകൻ ജോജോ (സ്കറിയാച്ചൻ)

ആറാമത്തെ മകൻ മകൻ ജോജോ B.B.M ഡിഗ്രിയും റ്റി.റ്റി.സി. യും കഴിഞ്ഞ് ഇപ്പോൾ ആന്ധ്രയിൽ രാമകുണ്ഡത്ത് ജോലിചെയ്യുന്നു. ജോജോ രാഷ്ട്രീയ സാമുദായിക സാംസ്കാരികരംഗത്ത് സജീവമായി





പ്രവർത്തിക്കുന്ന ആളാണ്. കേരളാ വിദ്യാർത്ഥി കോൺഗ്രസിൻെറ കോട്ടയം ജില്ലാ സെക്രട്ടറിയും, കേരള കോൺഗ്രസ് മണ്ഡലം സെക്രട്ടറിയുമാണിപ്പോൾ. K.C.Y.M മുത്തോലി യൂണിറ്റ് പ്രസിഡൻറായി സജീവമായിട്ട് പ്രവർത്തിക്കുന്നു. നാഗനൂലിൽ മണ്ണൂർ കുടുംബചരിത്രരചനയുടെ ജോയിൻറ് സെക്രട്ടറിയും കൂടിയാണ് ഇദ്ദേഹം.

## ഐസക്ക് മകൻ റ്റിജോ

ഏഴാമത്തെ പുത്രൻ റ്റിജോ പാലാ സെൻെറ് തോമസ് കോളേജിൽ എം.കോം. വിദ്യാർത്ഥിയാണ്.

## IC(2)e തൊമ്മൻ മകൻ ജോസഫ്

(റവ. ഫാ. ജോസഫ് മണ്ണൂർ)

മണ്ണൂർ തൊമ്മൻ-മറിയാമ്മ ദമ്പതികളുടെ മക്കളിൽ അഞ്ചാമ നായ ഔസേപ്പച്ചൻ 1940 മാർച്ച് മാസം 18-ാം തീയതി ജാതനായി. ഹൈസ്ക്കൂൾ വിദ്യാഭ്യാസം മുത്തോലി സെൻറ് ആൻറണീസ് സ്ക്കൂളിൽ പൂർത്തിയാക്കിയശേഷം വൈദികപഠനത്തിനായി പാലാ മൈനർ സെമിനാരിയിൽ ചേർന്നു. പിന്നീട് ആലുവ മംഗലപ്പുഴ സെമിനാരിയിൽ നിന്നും വൈദികപഠനം പൂർത്തിയാക്കി. 1967 മാർച്ച് 11-ാം തീയതി മുത്തോലി കർമ്മലീത്താ ആശ്രമദേവാലയത്തിൽവച്ച് അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു.

വൈദികനായശേഷം സഭാധികാരികൾ അദ്ദേഹത്തെ തലശ്ശേരി രൂപതയിലെ അജപാലനശുശ്രൂഷയ്ക്കായി നിയോഗിച്ചു. അദ്ദേഹം വികാരിയായി മണക്കടവ്, വെള്ളാട്, കീഴ്പ്പള്ളി ചമൽ, മാലാപറമ്പ്, പാലൂർ കോട്ട, പുല്ലു രാംമ്പാറ, കോടഞ്ചേരി, മരുതോങ്കര തുടങ്ങിയ ദേവാലയങ്ങളിൽ സ്തുത്യർഹമായ സേവനംചെയ്തിട്ടുണ്ട്. അദ്ദേഹത്തിൻെറ ശ്രമഫലമായാണ്, മണക്കടവ്, വെള്ളാട്, കീഴ്പ്പള്ളി, ചമൽ, മലാപ്പറമ്പ്, പാലൂർകോട്ട, കോടഞ്ചേരി എന്നീ ആറു ദേവാലയങ്ങൾ മനോഹരമായി നിർമ്മിച്ചിട്ടുള്ളത്. 2001 ജനുവരി ഒന്നിന് കോടഞ്ചേരിയിൽ നിർമ്മിച്ചുവെഞ്ചരിച്ച മനോഹരമായ ഫൊറോനാപ്പള്ളി, കേരളത്തിലെതന്നെ വലിയ ദേവാലയങ്ങളിലൊന്നാണ്. പുല്ലൂരാമ്പ്ര ഹോസ്പിറ്റൽ, മലാപ്പറമ്പ് D.S.T കോൺവെൻറ്, അസ്സീസി കോൺവെൻറ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, കോടഞ്ചരി പാരീഷ്ഹാൾ, പ്ലസ് ടു തുടങ്ങിയവയ്ക്കെല്ലാം ആവശ്യമായ കെട്ടിടങ്ങൾ ഇദ്ദേഹത്തിൻെറ നേതൃത്വത്തിൽ പൂർത്തിയാക്കപ്പെട്ടവയാണ്.

ഇപ്പോൾ ബഹു. ജോസഫ് അച്ചൻ മരുതോംകര ഫൊറോനാപ്പള്ളി വികാരിയായി സേവനം ചെയ്തുകൊണ്ടിരിക്കുന്നു.


## IC(2)f തൊമ്മൻ മകൾ തെയ്യാമ്മ

തൊമ്മന്റെ ആറാമത്തെ മകൾ തെയ്യാമ്മ S.S.L.C കഴിഞ്ഞ് പാലാ തിരുഹൃദയമഠത്തിൽ ചേർന്ന് സി. തോമസ് മേരി എന്ന പേരു സ്വീകരിച്ചു. മഠത്തിൽ പ്രവേശിച്ചശേഷം T.T.C പാസ്സായി. രാമപുരം, പറത്താനം, മൂലമറ്റം എന്നീ സ്ക്കൂളുകളിൽ അദ്ധ്യാപികയായി ജോലിനോക്കിയിട്ടുണ്ട്. മൂലമറ്റത്ത് പഠിപ്പിച്ചുകൊണ്ടിരിക്കെ 33-ാമത്തെ വയസ്സിൽ സെറിബ്രൽ ഹെമറേജുമൂലം മരിക്കുകയുണ്ടായി.

●



## മണ്ണൂർ - തൈത്തോട്ടം ശാഖ



# മണ്ണൂർ തൈത്തോട്ടം ശാഖ

## I ചെറിയത് മകൻ തൊമ്മൻ

മണ്ണൂർ തറവാട്ടിൽ താമസിച്ച ചെറിയതിൻെറ (കുഞ്ഞച്ചൻ) മൂത്ത പുത്രൻ തൊമ്മച്ചൻ തൈത്തോട്ടം പുരയിടത്തിലേയ്ക്ക് മാറിത്താമസിച്ചു. ഇദ്ദേഹം ചേർപ്പുങ്കൽ കുളപ്രത്താഴെനിന്നും അന്നയെ വിവാഹം ചെയ്തു. ഇവർക്ക് ഔസേപ്പ്, കുഞ്ഞേലി എന്നീ രണ്ട് സന്താനങ്ങൾ ജനിച്ചു.

തൊമ്മച്ചൻെറ ഭാര്യ അന്നമ്മ യൗവ്വനത്തിൽ തന്നെ മരിച്ചുപോകയാൽ ഒളശ്ശയിൽ നിന്നും അന്നമ്മയെ പുനർവിവാഹം ചെയ്തു. ഈ വിവാഹത്തിൽ ചാണ്ടി, മാമ്മി, ചെറിയാൻ, തോമസ്, ഏലിയാമ്മ, ജോർജ്ജ്, ക്ലാരമ്മ എന്നീ ഏഴ് മക്കൾ ജാതരായി.

## IA തൊമ്മൻ മകൻ ഔസേപ്പ് (ആവൂഞ്ഞ്)

ഔസേപ്പ് കുറുമ്പനാടത്ത് കുറ്റിക്കണ്ടത്തിൽ നിന്നും കുഞ്ഞേലിയെ വിവാഹം ചെയ്ത് തൈത്തോട്ടം വടക്കേപുരയിടത്തിലേയ്ക്ക് മാറിത്താമസിച്ചു. ഇവർക്ക് ഏലിക്കുട്ടി, അന്നമ്മ, അച്ചാമ്മ എന്നീ മൂന്ന് പുത്രിമാർ ജനിച്ചു.

## $IA_1$ ഔസേപ്പ് മകൾ ഏലിക്കുട്ടി

ഔസേപ്പിൻെറ മൂത്തപുത്രി ഏലിക്കുട്ടിയെ പൈങ്ങുളത്ത് പുന്നക്കുന്നേൽ മാണി വിവാഹം ചെയ്തു. ഇവർക്ക് പെണ്ണമ്മ, ഔസേപ്പച്ചൻ, കുഞ്ഞച്ചൻ, മാമ്മച്ചൻ, എൽസി എന്നീ അഞ്ച് മക്കൾജനിച്ചു.

## $IA_1a$ പെണ്ണമ്മ

പെണ്ണമ്മ സി.എം.സി സന്യാസിനീസഭയിൽ ചേർന്ന് സി. മേരി ഡോറീസ് എന്ന പേര് സ്വീകരിച്ചു. ഇപ്പോൾ നാടുകാണിമഠത്തിൽ സേവനം ചെയ്യുന്നു.

## $IA_1b$ ഔസേപ്പച്ചൻ

ഔസേപ്പച്ചൻ കാടങ്കാവിൽ ഡെയ്സിയെ വിവാഹം ചെയ്ത് തിരുവമ്പാടിയിൽ താമസിക്കുന്നു. ഇവർക്ക് ജോബി, ജോഷി എന്നീ രണ്ട് കുട്ടികൾ ഉണ്ട്. ജോബി അഗ്രികൾച്ചർ എൻജിനീയറിംഗ് M.Tech ബിരുദധാരിയാണ്. ഇപ്പോൾ ധനലക്ഷ്മി ബാങ്കിൽ അഗ്രിക്കൾച്ചർ ഓഫീസറാണ്. ജോഷി







ഇരിക്കുന്നവർ : ജോസഫ്, മറിയക്കുട്ടി, ഡെയ്സി
നിൽക്കുന്നവർ : ജോബി, നിഷ, കാവ്യാമോൾ, ജോഷി

കമ്പ്യൂട്ടർ ആനിമേഷൻ ചെയ്യുന്നു. റിട്ടയേർഡ് ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായ ഔസേപ്പച്ചൻ നാട്ടിലെ സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ രംഗങ്ങളിൽ മുന്നിട്ടു നിന്നു പ്രവർത്തിക്കുന്ന വ്യക്തിയാണ്. ഇദ്ദേഹം ലിസ ചാരിറ്റബിൾ ട്രസ്റ്റ് ഫോർ ഹെൽത്ത് സയൻസിന്റെ ട്രസ്റ്റി കൂടിയാണ്.

ആധുനിക രീതിയിലുള്ള കൃഷിസമ്പ്രദായം നാട്ടിൽ പ്രചരിപ്പിക്കുന്ന വ്യക്തികൂടിയാണ് ഔസേപ്പച്ചൻ.

## $IA_1c$ കുഞ്ഞച്ചൻ

കുഞ്ഞച്ചൻ വാഴക്കുളം തോട്ടുമാരിക്കൽ വീട്ടിൽ നിന്നും മേരിയെ വിവാഹംചെയ്ത് തിരുവമ്പാടിയിൽ താമസിക്കുന്നു. ഇവർക്ക് അജു, ജൂലി എന്നീ രണ്ട് കുട്ടികൾ ഉണ്ട്


## $IA_1d$ മാമ്മച്ചൻ

മാമ്മച്ചൻ തലയാട് മേൽവട്ടം വീട്ടിൽനിന്നും ലിസ്സിയെ വിവാഹം ചെയ്ത് തിരുവമ്പാടിയിൽ താമസിക്കുന്നു. ഇവർക്ക് ഡോ. അരുൺ, ഡോ. ജെന്നി, പ്രവീൺ എന്നീ മൂന്ന് കുട്ടികൾ ഉണ്ട്. M.B.B.S, M.Dബിരുദ ധാരിയായ ഡോ. മാമ്മച്ചൻ തിരുവമ്പാടിയിൽ പ്രശസ്തമായ ലിസ ഹോസ്പിറ്റൽ



മാമ്മച്ചനും കുടുംബാംഗങ്ങളും. ഇരിക്കുന്നവർ: ഡോ. മാമ്മച്ചൻ, ഭാര്യ ലിസ്സി, നില്ക്കുന്നത്: പ്രവീൺ, ഡോ. ജെന്നി, ഡോ. അരുൺ.





ലിസ്സ ഹോസ്പിറ്റൽ തിരുവമ്പാടി.

നടത്തിവരുന്നു. കോഴിക്കോട് ജില്ലയിലെ മികച്ച ഹോസ്പിറ്റലുകളിൽ ഒന്നായ ഇതിനോടനുബന്ധിച്ച് 2002 മുതൽ നഴ്സിംഗ് സ്കൂളും ആരംഭിച്ചിട്ടുണ്ട്. മാമ്മച്ചൻെറ മക്കളായ ഡോ. അരുൺ, ഡോ. ജെന്നി എന്നിവർ ലിസ ഹോസ്പിറ്റലിൽ പ്രാക്ടീസ് ചെയ്തുവരുന്നു. ഇതിനോടനുബന്ധിച്ചുള്ള ലിസ ചാരിറ്റബിൾ ട്രസ്റ്റ് ഫോർ ഹെൽത്ത് സയൻസ് എന്ന സ്ഥാപനത്തിൽ ഈ വർഷം മുതൽ B.Sc, MLT തുടങ്ങിയ കോഴ്സുകൾക്ക് അംഗീകാരം കിട്ടിയിട്ടുണ്ട്.

## $IA_1e$ എൽസി

ഏലിക്കുട്ടിയുടെ ഇളയപുത്രിയായ എൽസിയെ കോതമംഗലം മാലിപ്പാറ കുഞ്ഞുകുട്ടി വിവാഹം ചെയ്തു. ഇവർക്ക് ബിന്ദു, മീര, സീമ, ജോസ്, പീറ്റർ, മാനുവൽ എന്നീ ആറ് കുട്ടികൾ ഉണ്ട്. എൽസി അദ്ധ്യാപികയാണ്.

## $IA_2$ ഔസേപ്പ് മകൾ അന്നമ്മ

ഔസേപ്പിൻെറ രണ്ടാമത്തെ പുത്രി അന്നമ്മയെ പാലായിൽ മൂല യിൽ മാത്യു വിവാഹം ചെയ്ത് ദത്തവകാശത്തിൽ തൈത്തോട്ടത്തിൽ താമസിച്ചു. പിതാവായ ഔസേപ്പിൻെറ നിര്യാണശേഷം മാത്യുവും കുടുംബവും സ്വഭവനമായ മൂലയിലേയ്ക്കു മാറിത്താമസിച്ചു. ഇവർക്ക് ജോസ്, കുര്യാച്ചൻ, ഫ്രാൻസിസ് എന്നീ മൂന്ന് പുത്രന്മാർ ജനിച്ചു.

ജോസ് ഭരണങ്ങാനം ചെറുശ്ശേരിയിൽ നിന്നും മോളിയെ വിവാഹം ചെയ്ത് മംഗലാപുരത്തിനടുത്ത് മാള എന്ന സ്ഥലത്ത് താമസിക്കുന്നു. ഇവർക്ക് മിനി, ടെസ്സി, മാത്യു, മെറീന എന്നീ നാല് കുട്ടികൾ ഉണ്ട്.

കുര്യാച്ചൻ വയലാ വെമ്പള്ളി പൊതിയിട്ടേൽ റോസമ്മയെ വിവാഹം ചെയ്ത് കർണ്ണാടകസ്റ്റേറ്റിൽ ആനന്ദപുരം എന്ന സ്ഥലത്ത് താമസിക്കുന്നു. ഇവർക്ക് അനു, മനു എന്നീ രണ്ട് കുട്ടികൾ ഉണ്ട്.

ഇളയ പുത്രനായ ഫ്രാൻസിസ് അരുവിത്തുറ വെട്ടുകല്ലേൽ വിമ ലയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് മിഥുൻ, മിലൻ എന്നീ രണ്ട് പുത്രന്മാരുണ്ട്. ഫ്രാൻസിസ് പാലാ ബാറിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുന്നു.

## $IA_3$ ഔസേപ്പ് മകൾ അച്ചാമ്മ

ഔസേപ്പിൻെറ ഇളയപുത്രി അച്ചാമ്മ ക്ലാരമഠത്തിൽ ചേർന്ന് സി. ലോറൻസ് എന്ന പേര് സ്വീകരിച്ചു. സ്കൂൾ അദ്ധ്യാപികയായി റിട്ടയർ ചെയ്ത സി. ലോറൻസ് 1972-ൽ നിര്യാതയായി.





ഔസേപ്പ് (ആവൂഞ്ഞ്) 1968 ആഗസ്റ്റ് 3-ന് 85-ാം വയസ്സിൽ നിര്യാതനായി.

## IB തൊമ്മൻ മകൾ കുഞ്ഞേലി

കുഞ്ഞേലിയെ പാലായിൽ കടമ്പുകാട്ടിൽ വിവാഹം ചെയ്തയച്ചു. കുഞ്ഞേലിക്ക് സന്താനങ്ങൾ ഉണ്ടായിരുന്നില്ല. യൗവ്വനത്തിൽതന്നെ നിര്യാതയായി.

## IC തൊമ്മൻ മകൻ ചാണ്ടി

തൊമ്മച്ചൻെറ രണ്ടാം വിവാഹത്തിലെ മൂത്ത പുത്രനായ ചാണ്ടി തോട്ടയ്ക്കാട്ട് കൊണ്ടോടിക്കൽ നിന്നും ചിന്നമ്മയെ വിവാഹം കഴിച്ചു. അദ്ദേഹം സന്താനങ്ങളില്ലാതെ ചരമം പ്രാപിച്ചു.

## ID തൊമ്മൻ മകൾ മാമ്മി

തൊമ്മൻെറ പുനർവിവാഹത്തിലെ രണ്ടാമത്തെ ആളായ മാമ്മിയെ പൂവരണി മണ്ഡപത്തിൽ സ്കറിയാ വിവാഹം ചെയ്തു. ഇവർക്ക് ഉമ്മച്ചൻ, അന്നമ്മ, ത്രേസ്യാമ്മ, മേരി (സി.ഡൊറാളി) ഔസേപ്പച്ചൻ, ജോയിച്ചൻ എന്നീ ആറ് മക്കൾ ഉണ്ട്.

## IE തൊമ്മൻ മകൻ ചെറിയാൻ (അപ്പച്ചൻ)

ചെറിയാൻ പാലായിൽ തെരുവിൽ നിന്നും റോസയെ വിവാഹം ചെയ്ത് തൈത്തോട്ടം തറവാട്ടിൽ താമസിച്ചു. ഇവർക്ക് അന്നമ്മ, അക്കമ്മ, കുഞ്ഞമ്മ, കുഞ്ഞച്ചൻ എന്നീ നാല് മക്കൾ ജനിച്ചു. ചെറിയാൻ 1995 മാർച്ച് ഒന്നാം തീയതി നിര്യാതനായി.

## $IE_1$ ചെറിയാൻ മകൾ അന്നമ്മ

ചെറിയാൻെറ മൂത്ത പുത്രി അന്നമ്മയെ ചേർപ്പുങ്കൽ ഐരമനയിൽ ചെറിയാൻ വിവാഹം ചെയ്തു. സി. ലില്ലി(മിഷനറി സിസ്റ്റർ), റോസമ്മ, ആനിയമ്മ, ബേബിച്ചൻ എന്നീ നാല് മക്കൾ ഉണ്ടായി.

## $IE_2$ ചെറിയാൻ മകൾ അക്കമ്മ

അക്കമ്മയെ പുളിങ്കുന്ന് കണ്ണാടിയിൽ പുത്തൻകളത്തിൽ മാത്യു വിവാഹം ചെയ്ത് കോട്ടയത്ത് താമസിക്കുന്നു. ഇവർക്ക് മോൻ, മറിയമ്മ, ഡെയിസമ്മ, ഷൈനി എന്നീ നാല് മക്കൾ ഉണ്ട്. ഡെയിസമ്മ ഗ്രീൻഗാർഡൻസ് സഭയിൽ സന്യാസിനിയായി സേവനം ചെയ്യുന്നു. മാത്യു വിമല ഫിലിംസിൻെറ മാനേജരായിരുന്നു.

## $IE_3$ ചെറിയാൻ മകൾ കുഞ്ഞമ്മ

ചെറിയാൻെറ മൂന്നാമത്തെ മകളായ കുഞ്ഞമ്മ അവിവാഹിത യായി തറവാട്ടിൽ പിതാവിനോടൊപ്പം താമസിച്ചു. 1985-ൽ നിര്യാതയായി.

## $IE_4$ ചെറിയാൻ മകൻ തോമസ് (കുഞ്ഞച്ചൻ)

അപ്പച്ചൻെറ ഇളയ പുത്രനായ കുഞ്ഞച്ചൻ മരങ്ങാട്ടു പള്ളി ഇട്ടിയേക്കാട്ടിൽ നിന്നും തങ്കമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ഡെയ്സി, സാബു എന്നീ രണ്ട് മക്കൾ ഉണ്ടായി. കുഞ്ഞച്ചൻ 1974 മെയ് 25-ന് നിര്യാതനായി.

കുഞ്ഞച്ചൻെറ മൂത്തപുത്രി ഡെയ്സിയെ പാലാ തെരുവിൽ അഗസ്റ്റിൻ മകൻ ജോണി വിവാഹം ചെയ്തു. ഇവർക്ക് ജോൺസൺ, ടോംജോ എന്നീ രണ്ട് പുത്രന്മാരുണ്ട്. ജോണി കിഴതടിയൂർ സർവ്വീസ് സഹകരണബാങ്കിൽ ജോലി ചെയ്യുന്നു.

ഇളയപുത്രനായ സാബു ഉള്ളനാട് മഠത്തിൽ ചാണ്ടി മകൾ സുജയെ വിവാഹം കഴിച്ച് തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് സോന (മറിയം) എന്നൊരു പുത്രിയുണ്ട്. സാബു കോൺട്രാക്ടറായി ജോലി ചെയ്യുന്നു.

## IF തൊമ്മച്ചൻ മകൻ തോമസ് (ഇച്ച്)

തൊമ്മച്ചൻെറ പുനർവിവാഹത്തിലെ മൂന്നാമത്തെ പുത്രനായ തോമസ് പറവൂർ മാണിക്കനാംപറമ്പിൽ നിന്നും മറിയക്കുട്ടിയെ വിവാഹം കഴിച്ച് മലബാറിൽ തിരുവമ്പാടിയിൽ താമസിച്ചു. ഇവർക്ക് കുട്ടികൾ ഉണ്ടായിരുന്നില്ല. അവരുടെ സംരക്ഷണത്തിനു വേണ്ടി സ്വസഹോദരൻ ഔസേപ്പിൻെറ മൂത്തമകൾ ഏലിക്കുട്ടിയുടെ മകൻ ജോസഫിനെ (ഔസേപ്പച്ചൻ) കൂടെത്താമസിപ്പിച്ചു. ഔസേപ്പച്ചൻ ഞാവള്ളിയിൽ കാടൻകാവിൽ ഡെയ്സിയെ വിവാഹംചെയ്തു. ഇവർക്ക് ജോബി, ജോഷി എന്നീ രണ്ട് പുത്രന്മാരുണ്ട്. ജോബി കളമശ്ശേരി കള്ളിവളത്തിൽ നിഷയെ വിവാഹം ചെയ്തു. ഇവർക്ക് കാവ്യാമോൾ എന്നൊരു പുത്രിയുണ്ട്.

## IG തൊമ്മൻ മകൾ ഏലിമ്മ

ഏലിമ്മ അവിവാഹിതയായി തറവാട്ടിൽ സഹോദരൻ ചെറിയാനോടൊപ്പം താമസിച്ചു. 1984 ആഗസ്റ്റ് 1-ന് 80-ാം വയസ്സിൽ ഏലിമ്മ നിര്യാതയായി.

## IH ജോർജ്ജ് തൈത്തോട്ടം

ഇരുപതാം നൂറ്റാണ്ടിൻെറ മദ്ധ്യദശകങ്ങളിൽ ക്രൈസ്തവനാടക കലാരംഗത്ത് നിസ്തുലമായ സംഭാവനകൾ അർപ്പിച്ച ഒരു മഹത്വ്യക്തി





യാണ് ശ്രീ. ജോർജ്ജ് തൈത്തോട്ടം. മണ്ണൂർ തൈത്തോട്ടം കുടുംബത്തിൽ തോമസ്-അന്നമ്മ ദമ്പതികളുടെ നാലാമത്തെ പുത്രനായി 1910-ൽ ശ്രീ. ജോർജ്ജ് ജാതനായി. പ്രാഥമികവിദ്യാഭ്യാസം മുത്തോലി സെൻറ് ജോർജ്ജ് എൽ.പി.സ്ക്കൂളിലും ഹൈസ്ക്കൂൾ വിദ്യാഭ്യാസം പാലാ സെൻറ് തോമസ് ഹൈസ്ക്കൂളിലും പൂർത്തിയാക്കി.

ഓശിപ്പാപ്പൻ എന്ന് ബന്ധുക്കളുടെയും, സുഹൃത്തുക്കളുടെയും, നാട്ടുകാരുടെയും ഇടയിൽ അറിയപ്പെട്ടിരുന്ന അദ്ദേഹം എല്ലാത്തരത്തിലും ഉത്തമനായ ഒരു വ്യക്തിയായിരുന്നു. ആജീവനാന്തം ബ്രഹ്മചര്യം പുലർത്തിയിരുന്ന വിശിഷ്ടപുരുഷനായിരുന്നു അദ്ദേഹം എന്നത് എടുത്തുപറയേണ്ട വസ്തുതയാണ്. വിരക്തി എന്ന പുണ്യത്തിൻെറ പൂർണ്ണോപാസകനായിരുന്നു അദ്ദേഹം. അതിനെതിരായ ഒരു വാക്കുപോലും ഉച്ചരിച്ചതായി ആരും പറയുകയില്ല.

സ്വകാര്യജീവിതം വിശുദ്ധമായിരുന്നതുപോലെ തന്നെ ശ്രീ. ജോർജിൻെറ പൊതുജീവിതവും കളങ്കരഹിതമായിരുന്നു. സ്വകാര്യജീവിതത്തിനു വേണ്ടി ചെലവഴിച്ചിരുന്നതിനെക്കാൾ വളരെ കൂടുതൽ സമയം പൊതുജീവിതത്തിനു വേണ്ടിയാണ് അദ്ദേഹം വിനിയോഗിച്ചിട്ടുള്ളത്. ലാഭേച്ഛ കൂടാതെയും സ്ഥാനമാനങ്ങൾ ആഗ്രഹിക്കാതെയും പൊതുപ്രവർത്തനങ്ങൾ നടത്തിയ ഒരു മാതൃകാപുരുഷനായിരുന്നു ശ്രീ. ജോർജ്ജ്.

മുത്തോലിയെ സംബന്ധിച്ചിടത്തോളം ഓശിപ്പാപ്പൻെറ സംഭാവനകൾ ഒരു കാലത്തും വിസ്മരിക്കാനാവാത്തതാണ്. നാടകകലാസാംസ്കാരികരംഗങ്ങളിൽ മാത്രമല്ല സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലും അദ്ദേഹത്തിൻെറ സംഭാവനകൾ ജാജ്വല്യമാനങ്ങളാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ നാടക രംഗത്താണ് ഇദ്ദേഹത്തിൻെറ സേവനങ്ങൾ ഏറ്റവും കൂടുതൽ പ്രകാശം വിതറിയിട്ടുള്ളത്. നാടക സംവിധായകൻ, രചയിതാവ് എന്നീ നിലകളിൽ അദ്ദേഹം പ്രശസ്തനായിരുന്നു. മുപ്പതിൽപ്പരം നാടകങ്ങൾ ശ്രീ ജോർജ്ജ് സംവിധാനം ചെയ്തിട്ടുണ്ട്. അവയിൽ ഏറെയും അദ്ദേഹത്തിൻെറ തന്നെ രചനകളാണ്. ഭൂരിപക്ഷവും ചരിത്രനാടകങ്ങളായിരുന്നു. കഥാതന്തുക്കളുടെ സമൃദ്ധമായ നിയന്ത്രണത്തിലൂടെയും ആകർഷണീയമായ രംഗസംവിധാനങ്ങളിലൂടെയും ചടുലമായ സംഭാഷണങ്ങളിലൂടെയും പ്രേക്ഷകമനസ്സുകളെ ത്രസിപ്പിക്കുവാൻപോന്നതായിരുന്നു ശ്രീ. ജോർജ്ജിൻെറ നാടകങ്ങളെല്ലാം തന്നെ. സർ തോമസ് മൂർ, വലിയ മുക്കുവൻ, സ്നാപകയോഹന്നാൻ, കന്യക എന്നിവ ശ്രീ. ജോർജ്ജ് തൈത്തോട്ടത്തിൻെറ പ്രശസ്തമായ നാടകങ്ങളാണ്. കേരളത്തിൻെറ വിവിധ ഭാഗങ്ങളിലായി ഇവയിൽ പലതും പലതവണ അവതരിപ്പിക്കപ്പെടുകയും സഹൃദയസദസ്യരാൽ പ്രകീർത്തിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. മുത്തോലിയിലും പരിസരങ്ങളിലുമുള്ള വാസനാസമ്പന്നരായ അനേകം

നടീനടന്മാർക്കും കലാകാരന്മാർക്കും ആത്മഹർഷവും അനുഭൂതിയും നൽകുവാൻ ശ്രീ. ജോർജ്ജ് തൈത്തോട്ടത്തിൻെറ നാടകങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. മുൻപറഞ്ഞവയ്ക്കു പുറമെ പക്രേഷ്യസ്, മാർ അല്ലേശ്, ദൈവസഹായം പിള്ള, മാർത്താണ്ഡവർമ്മ, നീറോയുടെ ഗർജ്ജനം, മരിയാഗൊരേത്തി, സെൻറ് സെബാസ്റ്റ്യൻ, അസ്സീസിയിലെ ഗായകൻ എന്നിവയും തൈത്തോട്ടം നാടകങ്ങളുടെ ഗണത്തിൽ പെടുന്നു. ഇവയെ പറ്റി ഗവേഷണ പഠനങ്ങൾ നടത്തുകയും കൈയെഴുത്തു പ്രതികൾ കണ്ടെടുത്ത് പ്രസിദ്ധീകരിക്കുകയും ചെയ്യുന്നത് കേരളത്തിലെ ക്രൈസ്തവ നാടകവേദികൾക്ക് എന്നല്ല മലയാളനാടകസാഹിത്യത്തിനുതന്നെ ഒരു മുതൽക്കൂട്ടായിരിക്കും.

അവശജനവിഭാഗങ്ങളുടെ സാംസ്കാരികവും സാമ്പത്തികവുമായ ഉദ്ധാരണം എന്നതായിരുന്നു ശ്രീ. ജോർജ്ജിൻെറ അടിസ്ഥാന ലക്ഷ്യം. അതിനുവേണ്ടിയുള്ള അശ്രാന്തപരിശ്രമം തന്നെയായിരുന്നു അദ്ദേഹത്തിൻെറ ജീവിതം എന്നു പറയുന്നതിൽ തെറ്റില്ല. മുത്തോലിയിലെ ദളിത് ക്രൈസ്തവരിൽ അന്തർലീനമായിരുന്ന കലാവാസനകൾ കണ്ടറിഞ്ഞ അദ്ദേഹം അതിനെ പരിപോഷിപ്പിക്കുന്നതിനു വേണ്ടി അനുസ്യൂതം പരിശ്രമിക്കുകയുണ്ടായി. അവരെ ബോധവാന്മാരാക്കി അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനു വേണ്ടി ശ്രീ. ജോർജ്ജ് ശ്രദ്ധാർഹമായ പങ്കാണ് നിർവ്വഹിച്ചിട്ടുള്ളത്.

ഓശിപ്പാപ്പൻ ശരിയായ ഒരു കർഷകൻകൂടിയായിരുന്നു. കാർഷിക രംഗത്ത് ഉൽക്കർഷേച്ഛുവായിരുന്നു അദ്ദേഹം. കാർഷിക ഗ്രാമമായ മുത്തോലിയിൽ പുതിയ ഇനം വിത്തുകൾ പ്രചരിപ്പിക്കുന്നതിനും പുതിയ കൃഷിരീതികൾ നടപ്പിലാക്കുന്നതിനും മുന്നിട്ടുനിന്ന് പ്രവർത്തിക്കുകയുണ്ടായി. ഗതാഗതസൗകര്യങ്ങൾ ഉണ്ടായെങ്കിലേ മറ്റു വികസനങ്ങളും എത്തുകയുള്ളു എന്ന് മനസ്സിലാക്കിയിരുന്ന ഈ ക്രാന്തദർശി മുൻനിന്ന് നിർമ്മിച്ചിട്ടുള്ള റോഡുകൾ പലതാണ്. തലക്കുളം-കൊങ്ങാണ്ടൂർ റോഡ്, മുത്തോലി-കൊഴുവനാൽ റോഡ്, മുത്തോലി-ചേർപ്പുങ്കൽ റോഡ് എന്നിവയൊക്കെ ഇന്നത്തെ രീതിയിൽ യാഥാർത്ഥ്യമായതിൻെറ പിന്നിൽ ശ്രീ. ജോർജ്ജിൻെറ കഠിനാദ്ധ്വാനമുണ്ട്. ഇദ്ദേഹം മുത്തോലി പള്ളിയുടെ കൈക്കാരൻ എന്ന നിലയിലും ആത്മാർത്ഥമായി പ്രവർത്തിച്ചിട്ടുണ്ട്. ഈ കാലത്താണ് പന്തത്തല-മക്കുതറ റോഡ് വെട്ടിത്തുറന്നത്.

മുത്തോലിയിലെ വിൻസൻറ് ഡിപോൾ സൊസൈറ്റിയുടെ സ്ഥാപക പ്രസിഡൻറും ആയുഷ്കാലം ഇതിൻെറ സജീവപ്രവർത്തകനുമായിരുന്നു ശ്രീ ജോർജ്ജ്. ജാതിമതഭേദമന്യേ പാവപ്പെട്ടവർക്ക് വിൻസൻറ് ഡിപോൾവഴി സാധാരണ സഹായങ്ങൾക്കു പുറമെ നിരവധിവീടുകൾ നിർമ്മിച്ചു കൊടുത്തിട്ടുണ്ട് എന്നത് ഇദ്ദേഹത്തെ അവിസ്മരണീയനാക്കുന്ന മറ്റൊരു കാര്യമാണ്. ഈ സ്മരണ നിലനിർത്തുന്നതിനുവേണ്ടി മുത്തോലി





കടവിനു സമീപം ഒരു സ്മാരകമന്ദിരം നിർമ്മിക്കുകയും അതിന് ശ്രീ. ജോർജിൻെറ പേര് നൽകുകയും ചെയ്തിരിക്കുന്നു. ആ കെട്ടിടത്തിലാണ് ഇപ്പോൾ വിൻസൻെറ് ഡിപോൾ സൊസൈറ്റി പ്രവർത്തിക്കുന്നത്. മുത്തോലി സി.വൈ.എം.ഐയുടെ ആഭിമുഖ്യത്തിൽ ഒരു വായനശാലാകെട്ടിടം പണിയുന്നതിനും അതിൻെറ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനും ഇദ്ദേഹം നൽകിയിട്ടുള്ള സേവനങ്ങൾ തികച്ചും വിലപ്പെട്ടതായിരുന്നു. പ്രസ്തുത കെട്ടിടത്തിൽ ശ്രീ. ജോർജ്ജിൻെറ ഛായാചിത്രം അനാച്ഛാദനം ചെയ്തിട്ടുണ്ട്.


എറകോന്നി കുടുംബയോഗവുമായി ബന്ധപ്പെട്ട ഒരു സുപ്രധാന വ്യക്തിയാണ് ഓശിപ്പാപ്പൻ. ബഹുമാന്യ വൈദികനായ റവ.ഡോ. സി.റ്റി. കൊട്ടാരം അറുപതുകളുടെ അവസാനഘട്ടത്തിൽ എറകോന്നി കുടുംബചരിത്രത്തിൻെറ ആദ്യഗ്രന്ഥം രചിച്ച അവസരത്തിൽ അദ്ദേഹത്തോടൊപ്പം ശ്രീ. ജോർജ്ജ് രാപകൽ പ്രവർത്തിക്കുകയുണ്ടായി. നാഗനൂലിൽ ശാഖയുടെ കുടുംബചരിത്രം എറകോന്നി കുടുംബചരിത്രത്തിൽ ഇന്നു കാണുന്ന രീതിയിൽ ഉൾക്കൊള്ളിക്കുന്നതിനും വിലപ്പെട്ട രേഖകൾ സംഘടിപ്പിക്കുന്നതിനും ഇദ്ദേഹം ചെയ്ത സേവനങ്ങൾ ഏറെ വിലപ്പെട്ടതാണ്. ഇന്നു നാഗനൂലിൽ-മണ്ണൂർ കുടുംബചരിത്രം പുറത്തിറങ്ങുന്നതിന് ഏറ്റവും സഹായകമായി ഭവിച്ചിട്ടുള്ളത് ശ്രീ. ജോർജ്ജിൻെറ മേൽ പറഞ്ഞ രചനയാണെന്നുള്ള വസ്തുത നന്ദിപൂർവ്വം അനുസ്മരിക്കട്ടെ.

വിനീതനും നിഷ്കളങ്കനുമായി വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിച്ച ശ്രീ. എം.റ്റി. ജോർജ്ജ് തൈത്തോട്ടം ഒരു മാതൃകാപുരുഷൻ തന്നെയായിരുന്നു എന്നു പറയുന്നതിൽ അതിശയോക്തിയില്ല. മണ്ണൂർ-നാഗനൂലിൽ കുടുംബസമുച്ചയത്തിൻെറ അഭിമാനസ്തംഭങ്ങളിലൊന്നായിരുന്ന അദ്ദേഹം 1980 സെപ്തംബർ മാസം 20-ാം തീയതി തൻെറ കർമ്മങ്ങൾ പൂർത്തിയാക്കി ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹത്തിൻെറ ഭൗതികശരീരം മുത്തോലി സെൻെറ് ജോർജ്ജ് പള്ളിയുടെ സെമിത്തേരിയിൽ ഉള്ള കുടുംബക്കല്ലറയിൽ സംസ്കരിക്കപ്പെട്ടു.

## II തൊമ്മൻ മകൾ ക്ലാര

തൊമ്മൻെറ ഇളയ പുത്രിയായ ക്ലാരയെ ചേന്നങ്കരി കൂട്ടുമ്മേൽ മാത്യു വിവാഹം ചെയ്തു. ഇദ്ദേഹം അദ്ധ്യാപകനായി റിട്ടയർചെയ്തു. ഇവർക്ക് പുഷ്പമ്മ, കുഞ്ഞുകുട്ടപ്പൻ, തോമസ്കുട്ടി എന്നീ മൂന്ന് മക്കൾ ഉണ്ട്. കുഞ്ഞുകുട്ടപ്പൻ നിര്യാതനായി. പുഷ്പമ്മ ബാങ്ക് ഉദ്യോഗസ്ഥയാണ്.

## മണ്ണൂർ മണിമല ശാഖ






# മണ്ണൂർ മണിമല ശാഖ

മണ്ണൂർ കുഞ്ഞച്ചൻ(ചെറിയാൻ) തൻെറ ആദ്യ ഭാര്യ അകാല ത്തിൽ നിര്യാതയായതിനെ തുടർന്ന് പുളിങ്കുന്ന് മാളിയംപുരക്കൽ നിന്നും വിവാഹം കഴിച്ചു. ഈ വിവാഹത്തിൽ ഔസേപ്പ്, വർക്കി എന്ന പുത്രന്മാരും, മറിയാമ്മ എന്ന പുത്രിയും ജനിച്ചു. ചെറിയാൻ പുനർവിവാഹത്തിലെ മക്കളുമായി കൊങ്ങാണ്ടൂരിൽ (പാദുവാ) സ്ഥലമെടുത്ത് താമസിച്ചു. പാദുവാപള്ളിയുടെ നിർമ്മാണത്തിൽ ഇദ്ദേഹം മുൻപന്തിയിൽ നിന്നു പ്രവർത്തിച്ചു.

### IA ചെറിയാൻ (കുഞ്ഞച്ചൻ) മകൻ ജോസഫ് (ഔസേപ്പ്)

ഔസേഫ് ചേർപ്പുങ്കൽ ചെറുശ്ശേരിയിൽനിന്നും ബ്രജീത്തായെ വിവാഹം കഴിച്ച് മണിമലയിൽ പഴയിടത്ത് താമസമാക്കി. ഇവർക്ക് ചെറിയാൻ, ദേവസ്യ, ഔസേപ്പ്, തോമസ് എന്നീ പുത്രന്മാരും മറിയാമ്മ എന്ന പുത്രിയും ജനിച്ചു. മറിയാമ്മ ഏഴാം വയസ്സിൽ ചരമം പ്രാപിച്ചു.

### $IA_1$ ഔസേപ്പ് മകൻ ചെറിയാൻ (കൊച്ച്)

ഔസേപ്പിൻെറ മൂത്തപുത്രൻ കൊച്ച് ആദ്യം മറ്റക്കര മീമ്പുഴ ക്കൽനിന്നും വിവാഹം ചെയ്തു. ഭാര്യ സന്താനങ്ങളില്ലാതെ അകാലത്തിൽ നിര്യാതയായി. കൊച്ച് പിന്നീട് പുന്നത്തുറ (ആറുമാനൂർ) ചാത്തിമറ്റത്തിൽ നിന്നും കത്രിയെ വിവാഹം കഴിച്ചു. ഇവർക്ക് ജോസഫ്, കുഞ്ഞുപെണ്ണ്, മേരി, അന്നക്കുട്ടി, ത്രേസ്യാമ്മ എന്ന അഞ്ച് സന്താനങ്ങൾ ജനിച്ചു.

### ചെറിയാൻ (കൊച്ച്) മകൻ ജോസഫ് (കുട്ടപ്പൻ)

ജോസഫ് ചെറിയാൻ ആനിക്കാട്ട് പുഞ്ചാൽ കുടുംബത്തിൽ നിന്നും അന്നമ്മയെ വിവാഹം ചെയ്തു. ഇപ്പോൾ തിരുമേനിയിൽ താമസിക്കുന്നു. ഇവർക്ക് ലൂസ്സി, ടോമി, ജോസുകുട്ടി, സിബിച്ചൻ, സിനി എന്നീ അഞ്ച് മക്കളുണ്ടായി.

### ചെറിയാൻ ജോസഫ് മകൾ ബ്രിജീത്ത (കുഞ്ഞുപെണ്ണ്)

കുഞ്ഞുപെണ്ണിനെ വെച്ചൂച്ചിറ ഒഴുകയിൽ പാപ്പച്ചൻ വിവാഹം ചെയ്തു. ഇവർക്ക് മക്കളില്ല. പാപ്പച്ചൻ നിര്യാതനായി.

## ചെറിയാൻ ജോസഫ് മകൾ മേരി

മേരിയെ കൊഴുവനാൽ മണിയങ്ങാട്ട് പാപ്പച്ചൻ വിവാഹം ചെയ്തു. ഇപ്പോൾ തിരുമേനിയിൽ താമസിക്കുന്നു. ഇവർക്ക് ടോമി, ജെയ്സൻ എന്നീ രണ്ട് പുത്രന്മാരും ടെസി എന്ന ഒരു പുത്രിയും ജനിച്ചു. പാപ്പച്ചൻ നിര്യാതനായി.

## ചെറിയാൻ മകൾ അന്നക്കുട്ടി

അന്നക്കുട്ടിയെ ചേനപ്പാടി പുറയാറ്റ് അപ്രേം വിവാഹം കഴിച്ചു. ഇവർക്ക് ആൻസി, അനിത, അനുഭ എന്നീ മൂന്ന് പെൺകുട്ടികളും ബിനോയ്, മനോജ് എന്ന രണ്ട് ആൺകുട്ടികളും ജനിച്ചു.

## ചെറിയാൻ ജോസഫിന്റെ മകൾ ത്രേസ്യാമ്മ

ത്രേസ്യാമ്മയെ വിളക്കുമാടം തെക്കേകൂറ്റ് കുഞ്ഞ് വിവാഹം കഴിച്ചു. ഇവർക്ക് റാണി, പ്രകാശ്, പ്രീത, പ്രിയ എന്നീ നാലുമക്കൾ ഉണ്ട്.

## $IA_2$ ഔസേപ്പ് മകൻ ദേവസ്യാ

ദേവസ്യാ ആറുമാനൂർ താഴത്തുകുന്നേൽ കത്രിയെ വിവാഹം ചെയ്തു പഴയിടത്ത് താമസിക്കുന്നു. ഇവർക്ക് ഇത്തമ്മ, മറിയാമ്മ, ത്രേസ്യാമ്മ, കത്രിക്കുട്ടി, അപ്പിക്കുഞ്ഞ്, കുഞ്ഞന്നമ്മ, ചാക്കോച്ചൻ എന്നീ ഏഴ് മക്കൾ ഉണ്ട്. കത്രി 2002 ജൂൺമാസത്തിൽ നിര്യാതയായി.

## ദേവസ്യാ മകൾ ഇത്തമ്മ

ഇത്തമ്മയെ അയർകുന്നത്ത് കണിയാംകുന്നിൽ ദേവസ്യാ വിവാഹം കഴിച്ചു. ഇപ്പോൾ പാലക്കാട്ട് താമസിക്കുന്നു. ഇവർക്ക് ജോയി, ബേബി, തങ്കമ്മ, ബീനാമ്മ, ബാബു, ഫിലോമി, മേരി, കുഞ്ഞുമോൾ, കുഞ്ഞുമോൻ എന്നീ ഒമ്പത് മക്കൾ ഉണ്ട്. ദേവസ്യാ നിര്യാതനായി.

## ദേവസ്യാ മകൾ മറിയാമ്മ

മറിയാമ്മയെ മൂഴൂർ തുളുമ്പൻമാക്കൽ മത്തക്കൊച്ച് വിവാഹം കഴിച്ചു. ഇപ്പോൾ കൊന്നക്കാട്ട് താമസിക്കുന്നു. ഇവർക്ക് സി. ഗ്രേസി (ആസ്സാമിൽ ജോലി ചെയ്യുന്നു) ബേബി (S.B.Tയിൽ ജോലി ചെയ്യുന്നു) ടോമി, ലിസ്സി, (സി. ആൻസിറ്റ് ഉജ്ജയിനിൽ ജോലി ചെയ്യുന്നു.) ജെയിംസ്, ഡെന്നീസ്, ജോസഫ്(സെൻറ് പോൾസ് സൊസൈറ്റിയിൽ വൈദികനായ ഇദ്ദേഹം





എറണാകുളത്ത് ബുക്ക് സെൻററിൽ ജോലി ചെയ്യുന്നു.) ജോജി, ഷാജി, ലാലു, ലിൻസ് എന്നീ പതിനൊന്ന് മക്കളുണ്ട്.

## ദേവസ്യാ മകൾ ത്രേസ്യാമ്മ

ത്രേസ്യാമ്മയെ കോട്ടാങ്ങൽ മാതിരംപള്ളിയിൽ (തിരുനല്ലൂർ) കുഞ്ഞച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ബോബി, സാബു, ബീന, ബിജു, ബിജോ, ബിൻസൺ, റ്റീനാ എന്നീ ഏഴ് മക്കൾ ഉണ്ട്.

## ദേവസ്യാ മകൾ കത്രിക്കുട്ടി

കത്രിക്കുട്ടിയെ മുത്തോലി ആൻഡ്രൊത്ത് അപ്പച്ചൻ വിവാഹം ചെയ്തു. ഇപ്പോൾ കുറ്റിയാടിയിൽ താമസിക്കുന്നു. ഇവർക്ക് സി. റ്റിസി (കോഴിക്കോട് മെഡിക്കൽ കോളേജിൽ ജോലി ചെയ്യുന്നു.) ഫാ. ജോസ് ആൻഡ്രൊത്ത്, ബാബു, സാലി, ലൗലി എന്നീ ആറ് മക്കൾ ഉണ്ട്.

## ദേവസ്യാ മകൻ അപ്പികുഞ്ഞ് (എം.ഡി. ജോസഫ്)

അപ്പിക്കുഞ്ഞ് ആർപ്പൂക്കര താഴത്ത് കരിമ്പ്മാലിൽ നിന്നും മേരിക്കുട്ടിയെ വിവാഹം ചെയ്ത് പഴയിടത്ത് താമസിക്കുന്നു. ഇവർക്ക് റിജിനി, സിജോ, റിജോ, ലിജിനി എന്നീ നാല് മക്കൾ ഉണ്ട്.

റിജിനിയെ പുളിങ്കുന്ന് കരിയിൽ ജോണിച്ചൻ വിവാഹം ചെയ്തു. മറ്റുള്ളവർ വിദ്യാർത്ഥികൾ ആണ്.

അപ്പിക്കുഞ്ഞ് മണിമലയിലെ പ്രമുഖ റബ്ബർവ്യാപാരിയും ഒരു നല്ല പ്ലാൻററുമാണ്.

## ദേവസ്യാ മകൾ കുഞ്ഞന്നാമ്മ

കുഞ്ഞന്നാമ്മയെ കാഞ്ഞിരപ്പള്ളി പന്തിരുവേലിൽ ജോളി വിവാഹം ചെയ്ത് കൊന്നക്കാട്ട് താമസിക്കുന്നു. ഇവർക്ക് സി. റിന്നി (റോം) സി. സിനി (ആന്ധ്ര), ബിനു, ബിന്ദു, ബിസി എന്നീ അഞ്ച് മക്കളുമുണ്ട്.

## ദേവസ്യാ മകൻ ചാക്കോച്ചി (ചാക്കോച്ചൻ)

ചാക്കോച്ചൻ കൂവപ്പള്ളിയിൽ മോളോപറമ്പിൽ മേരിയമ്മയെ വിവാഹം ചെയ്തു. ഇവർക്ക് റിസ്മി, റിൻറു, റിനിൻ എന്നീ മൂന്ന് മക്കൾ ഉണ്ട്. ഇവർ വിദ്യാർത്ഥികളാണ്.



മണ്ണൂർ ജോസഫ് അന്നമ്മ ദമ്പതികൾ ആലക്കോട്-തേർതല്ലി.

## IA$_3$ ജോസഫ് മകൻ കുഞ്ഞേപ്പ് (ജോസഫ് ജോസഫ്)

ജോസഫ് (കുഞ്ഞേപ്പ്) വാളക്കയം (ചിറക്കടവ്) മന്നാത്ത് അന്നമ്മയെ വിവാഹം ചെയ്ത് ആലക്കോട്ട് 1974-ൽ താമസമാക്കി. ഇവർക്ക് കുഞ്ഞച്ചൻ, പാപ്പച്ചൻ, ബേബി, ഗ്രേസി, ജോയി എന്നീ അഞ്ച് മക്കൾ ഉണ്ട്. കുഞ്ഞേപ്പ് 1992 ആഗസ്റ്റ് 3-ാം തീയതി നിര്യാതനായി.

## കുഞ്ഞേപ്പ് മകൻ കുഞ്ഞച്ചൻ

കുഞ്ഞച്ചൻ പഴയിടത്ത് പതാലിൽ ലീനാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് വത്സ, ജോജോ, ഷൈല, ഡാൽമി എന്നീ നാല് മക്കൾ ഉണ്ട്. ഇവർ ആലക്കോട്ട് കുട്ടാപറമ്പിൽ താമസിക്കുന്നു.

കുഞ്ഞച്ചന്റെ മകൾ വത്സയെ ചിറ്റാരിക്കാൽ ഇലഞ്ഞിമറ്റത്തിൽ ജേക്കബ് ചെറിയാൻ വിവാഹം ചെയ്ത് എറണാകുളത്ത് താമസിക്കുന്നു. ജേക്കബ് എൻജിനീയറാണ്. ഇവർക്ക് പ്രിയ, അരുൺ എന്നീ രണ്ട് മക്കളുണ്ട്. കുഞ്ഞച്ചന്റെ മകൻ ജോജോ ആലക്കോട് തെക്കേകണ്ടത്തിൽ ജോജിയെ വിവാഹം ചെയ്തു. ഇവർക്ക് മനു, മിനു, നീനുഎന്നീ മൂന്ന് മക്കൾ ഉണ്ട്.






കുഞ്ഞച്ചന്റെ മകൾ ഷൈലയെ ശ്രീകണ്ഠാപുരം കൈതോലിൽ ആഗസ്തി (അസിസ്റ്റന്റ് എൻജിനീയർ K.S.E.B) വിവാഹം ചെയ്തു. ഷൈല ശ്രീകണ്ഠാപുരം കോളേജിൽ അദ്ധ്യാപികയാണ്. ഇവർ തളിപ്പറമ്പിൽ താമസിക്കുന്നു. ഇവർക്ക് ടോമിൻ, ജോമിൻ എന്നീ രണ്ടു മക്കളുണ്ട്. കുഞ്ഞച്ചന്റെ മകൻ ഡാൽമി ചാണകക്കുണ്ട് പ്ലാക്കാട്ട് സണ്ണി മകൾ ഷീജയെ വിവാഹം ചെയ്തു.

## കുഞ്ഞേപ്പ് മകൻ പാപ്പച്ചൻ (വർഗ്ഗീസ്)

പാപ്പച്ചൻ ആലക്കോട് മണലിൽ റോസമ്മയെ വിവാഹം ചെയ്ത് തളിപ്പറമ്പിൽ താമസിക്കുന്നു. ഇവർക്ക് ജോസ്സൻ, ജാസ്മിൻ, ജോബി എന്നീ മൂന്ന് മക്കൾ ഉണ്ട് വെറ്റിനറി ഡോക്ടറായ പാപ്പച്ചൻ അടുത്ത കാലത്ത നിര്യാതനായി. പാപ്പച്ചന്റെ മകൻ ജോസൻ കൂരാച്ചുണ്ട് ഒറ്റപ്ലാക്കൽ ബേബി മകൾ സിന്ധുവിനെ വിവാഹം ചെയ്തു. പാപ്പച്ചന്റെ മകൾ ജാസ്മിനെ തളിപ്പറമ്പ് മങ്കര ബോബി വിവാഹം ചെയ്തു.



ഡോ. എം.ജെ. വർഗീസ് - മണ്ണൂർ തളിപ്പറമ്പ്

പാപ്പച്ചന്റെ ഇളയപുത്രനായ ജോബി M.C.A ബിരുദധാരിയാണ്.

## കുഞ്ഞേപ്പ് മകൻ ബേബി

ബേബി ആലക്കോട്ട് വേരനാനിക്കൽ സ്കസിയാ മകൾ സോഫിയെ വിവാഹം ചെയ്തു. ഇവർക്ക് പ്രീത, പ്രവീൺ എന്നീ രണ്ട് മക്കൾ ഉണ്ട്. ഇവർ വിദ്ധ്യാർത്ഥികളാണ്.

## കുഞ്ഞേപ്പിൻെറ മകൾ ഗ്രേസി

ഗ്രേസിയെ വായാട്ട്പറമ്പ് മേവട അഴകത്ത് തോമസ്കുട്ടി വിവാഹം ചെയ്തു. ഇവർക്ക് നിഷ, നിമ്മി, നീതു, നിഥിൻ എന്നീ നാലു മക്കളുണ്ട്.

## കുഞ്ഞേപ്പ് മകൻ ജോയി (സെബാസ്റ്റ്യൻ)

ജോയി മേലുകാവ് തെക്കേകണ്ടത്തിൽ കുര്യാക്കോസ് മകൾ റോസിലിയെ വിവാഹം ചെയ്തു. ഇവർക്ക് അനിത, ജോ, സിറിൾ എന്നീ മൂന്ന് മക്കൾ ഉണ്ട്. ഇവർ വിദ്യാർത്ഥികളാണ്. ജോയി അഡ്വക്കേറ്റായി തളിപ്പറമ്പിൽ പ്രാക്ടീസ് ചെയ്യുന്നു.

## $IA_4$ ചെറിയാൻ ജോസഫ് മകൻ തോമസ് (തൊമ്മച്ചൻ)

കൊരട്ടി കടമ്പനാട്ട്താഴെ നിന്നും ഏലിയാമ്മയെ വിവാഹംചെയ്ത് പഴയിടത്ത് താമസിക്കുന്നു. ഇവർക്ക് ജോസഫ്, ചാക്കോച്ചൻ, കുഞ്ഞുകുട്ടി, മോളി, ദീനാമ്മ, പാപ്പച്ചൻ, ബാവുക്കുട്ടി, മേഴ്സി, അക്കമ്മ, റ്റോമി എന്നീ പത്തുമക്കളുണ്ട്.

## തൊമ്മച്ചൻ മകൻ ജോസഫ് (അപ്പച്ചൻ)

ജോസഫ് മണിമല പാണ്ടിയാമ്മാക്കൽ അച്ചാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് സിബി, സിനി, എന്നീ രണ്ട് മക്കൾ ഉണ്ട്.

അപ്പച്ചൻ മകൻ സിബി പൈക കൊരട്ടിയിൽ ജിജിയെ വിവാഹം ചെയ്തു. ഇവർക്ക് അലോഷ്യസ് എന്ന ഒരു പുത്രനുണ്ട്.

അപ്പച്ചൻെറ മകൾ സിനിയെ വെള്ളിക്കുളങ്ങര അഴകത്ത് (മേവിട) ജോജോ വിവാഹം ചെയ്തു.

## തൊമ്മച്ചൻെറ മകൻ ചാക്കോച്ചൻ

അയിലൂപ്പറമ്പിൽ മറിയാമ്മയെ വിവാഹം ചെയ്ത് ഇളങ്ങുളത്ത് താമസിക്കുന്നു. ഇവർക്ക് ഷിബി, ഷിജു, ഷിലു, ഷീന എന്നീ നാല് മക്കൾ ഉണ്ട്.





ചാക്കോച്ചൻെറ മകൻ സിബി വെള്ളയാംകുടി മൂലേച്ചാലിൽ ബിന്ദുവിനെ വിവാഹം ചെയ്ത് ഇളങ്ങുളത്ത് താമസിക്കുന്നു. ഇവർക്ക് മരിയറ്റ് എന്നൊരു പുത്രിയുണ്ട്. ചാക്കോച്ചൻെറ മകൻ ഷിജു ബാംഗ്ലൂരിൽ എൻജിനീയറായി ജോലി നോക്കുന്നു.

ചാക്കോച്ചൻെറ മകൾ ഷിലു B.P.T പാസ്സായി ബാംഗ്ലൂരിൽ ജോലി നോക്കുന്നു. ഷിലു തൊടുപുഴ ചെട്ടിയാരേത്ത് കൊച്ചുറാണിയെ വിവാഹം ചെയ്തു. കൊച്ചുറാണി ലണ്ടനിൽ നഴ്സായി ജോലി നോക്കുന്നു.

ചാക്കോച്ചൻെറ ഇളയമകൾ ഷീന M.B.A ബിരുദധാരിയാണ്. ഷീന B.P.L കമ്പനിയിൽ കോയമ്പത്തൂരിൽ ജോലി ചെയ്യുന്നു.

## തൊമ്മച്ചൻ മകൻ കുഞ്ഞുകുട്ടി

കുഞ്ഞുകുട്ടി അവിവാഹിതനായി മാതാവിനോടൊപ്പം പഴയിടത്ത് താമസിക്കുന്നു.

## തൊമ്മച്ചൻ മകൾ മോളി

തൊമ്മച്ചൻെറ മകൾ മോളിയെ പൊൻകുന്നത്ത് പൊടിമറ്റത്തിൽ തോമസ് വിവാഹം ചെയ്ത് പൊൻകുന്നത്ത് താമസിക്കുന്നു. ഇവർക്ക് സോണി, സെൽമ എന്നീ രണ്ട് കുട്ടികൾ ഉണ്ട്.

## തൊമ്മച്ചൻ മകൾ ദീനാമ്മ

തൊമ്മച്ചൻെറ മകൾ ദീനാമ്മയെ മൂലമറ്റം പനച്ചിക്കൽ സെബാസ്റ്റ്യൻ വിവാഹം ചെയ്തു. ഇവർക്ക് ശാലിനി, മാലിനി എന്നീ രണ്ട് കുട്ടി കളുണ്ട്.

## തൊമ്മച്ചൻ മകൻ ചെറിയാൻ (പാപ്പച്ചൻ)

ചെറിയാൻ വെള്ളിക്കുളങ്ങര ഈഴപറമ്പിൽ ഗ്രേസിയെ വിവാഹം ചെയ്ത് മുണ്ടക്കയത്ത് താമസിക്കുന്നു. ഇവർക്ക് സനി, സിറിൾ, സ്നേഹ, റ്റോണി എന്നീ നാല് മക്കൾ ഉണ്ട്.

## തൊമ്മച്ചൻ എബ്രാഹം (ബാബുക്കുട്ടി)

ബാബുകുട്ടി പിണ്ണാക്കനാട് ഈററത്തോട്ട് ആനിയെ വിവാഹം ചെയ്ത് പഴയിടത്ത് താമസിക്കുന്നു. ഇവർക്ക് നീനു, തോമസ്കുട്ടി എന്നീ രണ്ട് മക്കളുണ്ട്.

## തൊമ്മച്ചൻ മകൾ മേഴ്സി

തൊമ്മച്ചൻ മകൾ മേഴ്സിയെ അരുവിത്തുറ പ്ലാത്തോട്ടത്തിൽ സ്റ്റീഫൻ വിവാഹം ചെയ്തു. ഇവർക്ക് ഗോൾഡ്വാ, സ്റ്റീഫൻ എന്നീ രണ്ട് മക്കൾ ഉണ്ട്.

## തൊമ്മച്ചൻ മകൾ അക്കമ്മ

തൊമ്മച്ചൻ മകൾ അക്കമ്മയെ മല്ലികശ്ശേരി കിണറ്റുകര ഔസേപ്പച്ചൻ വിവാഹം ചെയ്ത് മല്ലികശ്ശേരിയിൽ താമസിക്കുന്നു. ഇവർക്ക് ലിൽറ്റ്യ, സുബിൻ എന്നീ രണ്ട് കുട്ടികൾ ഉണ്ട്.

## തൊമ്മച്ചൻ മകൻ റ്റോമി


റ്റോമി തിടനാട് തയ്യിൽ ലൂസിയെ വിവാഹം ചെയ്ത് പഴയിടത്ത് താമസിക്കുന്നു. ഇവർക്ക് സെബിൻ, ഷെറിൻ, ഇമ്മാനുവൽ എന്നീ മൂന്ന് കുട്ടികൾ ഉണ്ട്.

## $IA_5$ ഔസേപ്പ് മകൾ മറിയാമ്മ

ചെറിയാൻ ജോസഫിൻെറ ഇളയപുത്രിയായ മറിയാമ്മ 7-ാം വയസ്സിൽ ചരമം പ്രാപിച്ചു.



## മണ്ണൂർ - അങ്കമാലി ശാഖ



# മണ്ണൂർ അങ്കമാലി ശാഖ

മണ്ണൂർ കുഞ്ഞച്ചൻെറ (ചെറിയാൻ) പുനർവിവാഹത്തിൽ ഔസേപ്പ്, വർക്കി എന്നീ പുത്രന്മാരും മറിയാമ്മ എന്ന പുത്രിയും ജനിച്ചു. മൂത്തപുത്രൻ ഔസേപ്പ് മണിമലയിൽ താമസമാക്കി. ഇളയപുത്രനായ വർക്കി തൊടുപുഴ യിലേക്കു താമസമാക്കി.

## IG ചെറിയാൻ മകൻ വർക്കി

കുഞ്ഞച്ചൻെറ രണ്ടാംവിവാഹത്തിലുള്ള ഇളയപുത്രനായ വർക്കി അയർക്കുന്നത്ത് കുടകശ്ശേരി കുന്നപ്പള്ളിൽനിന്നും മറിയാമ്മയെ വിവാഹം ചെയ്ത് ആദ്യം പാദുവായിൽ താമസിച്ചു. ഇവർക്ക് ഏലി, ചെറിയാൻ, മറിയം, തൊമ്മൻ, ചിന്നമ്മ, ആൻറണി എന്നീ ആറുമക്കളുണ്ടായി. വർക്കി കുടുംബസമേതം പാദുവായിൽനിന്നും 1927-ൽ തൊടുപുഴയിലേക്കു താമ സംമാറ്റി. രണ്ടുവർഷത്തിനുശേഷം മൂത്തപുത്രനായ ചെറിയാനെ തൊടു പുഴയിൽ താമസിപ്പിക്കുകയും ഇളയമക്കളെകൂട്ടി അങ്കമാലിക്കടുത്ത് തുറവൂർ എന്ന സ്ഥലത്തേയ്ക്ക് താമസംമാറ്റി. ഇവിടെ ഈ കുടുംബം വാക്യാമഠ ത്തിൽ എന്ന പേരിലും അറിയപ്പെടുന്നു. വർക്കിയുടെ ഭാര്യ മറിയാമ്മ 1965-ൽ 80-ാം വയസ്സിലും വർക്കി 1968-ൽ 85-ാം വയസ്സിലും നിര്യാതരായി.

## $IG_1$ വർക്കി മകൾ ഏലി (ചാച്ചി)

ഏലി ക്ലാരിസ്റ്റ് സന്യാസിനീസമൂഹത്തിൽ ചേർന്ന് സി. കരോളിനാ എന്ന പേരു സ്വീകരിച്ചു. മറ്റക്കര മഞ്ഞാമറ്റംമഠത്തിൽ തൻെറ സന്യാസി ജീവിതത്തിൻെറ സിംഹഭാഗവും സേവനംചെയ്തു. അവിടെവച്ചുതന്നെ നിര്യാതയാവുകയും ചെയ്തു.

## $IG_2$ വർക്കി മകൻ ചെറിയാച്ചൻ

ചെറിയാച്ചൻ അയർക്കുന്നത്ത് തോട്ടുപുറത്തുനിന്നും ഉലഹന്നൻ മകൾ ത്രേസ്യാമ്മയെ വിവാഹംചെയ്തു. ഇവർക്ക് വർഗ്ഗീസ്, മറിയാമ്മ, ജോസ്, ചിന്നമ്മ, ഉലഹന്നൻ, കുര്യാച്ചൻ എന്നീ ആറ് മക്കൾ ജനിച്ചു. ചെറിയാൻ, ഇളയമകൻ കുര്യാച്ചനോടൊപ്പം തൊടുപുഴ തെക്കുംഭാഗം എന്നസ്ഥലത്തു താമസിച്ചു. പിന്നീട് ചാലക്കുടിയ്ക്കടുത്ത് ചായിപ്പംകുഴി യിലേക്ക് താമസം





മാറ്റി. മറ്റു മക്കൾ വിവാഹിതരായി മലബാറിലേക്കു താമസംമാറ്റി. ത്രേസ്യാമ്മ 1990 നവംബർ മൂന്നിന് നിര്യാതയായി. ചെറിയാൻ 1997 ഡിസംബർ ഏഴിന് 91-ാം വയസ്സിൽ നിര്യാതനായി.

## $IG_2$ൻറ ചെറിയാച്ചൻ മകൻ വർഗ്ഗീസ്

വർഗ്ഗീസ് തൊടുപുഴ മൈലക്കൊമ്പിൽ വാഴപ്ലാംകുടിയിൽ വർക്കി മകൾ ഏലിക്കുട്ടിയെ വിവാഹംചെയ്തു ഇപ്പോൾ മലബാറിൽ തളിപ്പറമ്പിന ടുത്ത് പെരുമ്പടവിൽ പറയാനിക്കൽ എന്ന വീട്ടുപേരിൽ താമസിക്കുന്നു. ഇവർക്ക് ജോയി, മോളി, ആൻസി, മാത്യു, കുര്യാക്കോസ്, ആൻറണി എന്നീ ആറുമക്കളുണ്ടായി.

## ചെറിയാൻ മകൻ ജോയി

ജോയി കോഴിക്കോട്ട് മഞ്ഞുവയൽ പൊരിയത്ത് അബ്രാഹം മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു പെരുമ്പടവിൽ താമസിക്കുന്നു. ഇവർക്ക് ഷിജി, ജിജി, വൽസൻ എന്നീ മൂന്നു മക്കളുണ്ട്. ഷിജിയെ വിമലശ്ശേരി പീടിയേക്കൽ മത്തായി മകൻ റോയി വിവാഹംചെയ്തു. ഇവർക്ക് അലൻ എന്നൊരു പുത്രനുണ്ട്.

ജിജി തൃശൂർ സെൻറ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിൽ ജോലിചെയ്യുന്നു.വൽസൻ ബിസിനസ്സ് ചെയ്യുന്നു.

## വർഗ്ഗീസ് മകൾ മോളി

മോളിയെ എടക്കോം ചീരമറ്റത്തിൽ തോമസ് മകൻ ജോൺ വിവാഹം ചെയ്തു. ഇവർക്ക് മനോജ്, ബിൻസി, ജിൻസി എന്നീ മൂന്നു മക്കളുണ്ട്.

## വർഗ്ഗീസ് മകൾ ആൻസി

ആൻസി എസ്.എച്ച്. സന്യാസിനീസമൂഹത്തിൽ ചേർന്ന് സി. ആൻസി എന്ന പേരുസ്വീകരിച്ചു ഇപ്പോൾ കർണ്ണാടകയിൽ സിദ്ധാപുരം എന്ന സ്ഥലത്ത് സേവനം ചെയ്യുന്നു.

## വർഗ്ഗീസ് മകൻ മാത്യു

മാത്യു പെരുമ്പടവ് മഠത്തിൽ ചാക്കോ മകൾ മോളിയെ വിവാഹം ചെയ്ത് പെരുമ്പടവിൽ താമസിക്കുന്നു. ഇവർക്ക് നീതു, സീതു, ഗീതു, മാളു എന്നീ നാലു മക്കളുണ്ട്.

## വർഗ്ഗീസ് മകൻ കുര്യാക്കോസ്

കുര്യാക്കോസ് മാതാപിതാക്കളോടൊപ്പം തറവാട്ടിൽ താമസിക്കുന്നു.

## വർഗ്ഗീസ് മകൻ ആൻറണി

ആൻറണി ചെമ്പൻതൊട്ടി പനകത്തിൽ ലില്ലിയെ വിവാഹം ചെയ്തു തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് അഖിൽ എന്ന പുത്രനുണ്ട്.

## $IG_2b$ ചെറിയാച്ചൻ മകൾ മറിയാമ്മ

മറിയാമ്മയെ കോടിക്കുളം കുമ്പുളുമൂട്ടിൽ ഫ്രാൻസീസ് മകൻ ജോൺ വിവാഹംചെയ്തു. ഇവർക്ക് വത്സമ്മ, ജോസ്, സ്ക്കറിയാച്ചൻ, സേവ്യർ, ഫ്രാൻസീസ്, സൈമൺ എന്നീ ആറുമക്കളുണ്ട്.

## $IG_2c$ ചെറിയാച്ചൻ മകൻ ജോസ്

ജോസ് തോടുപുഴ തെനങ്കുന്ന് ഭഗവതിക്കുന്നേൽ കൊച്ചുദേവസ്യാ മകൾ ഏലിക്കുട്ടിയെ വിവാഹംചെയ്തു. ഇപ്പോൾ മലബാറിൽ കാഞ്ഞ ങ്ങാടിനടുത്തു താന്നിയടിയിൽ പറയാനിക്കൽ എന്നവീട്ടുപേരിൽ താമസി ക്കുന്നു. ഇവർക്ക് ചെറിയാച്ചൻ, ത്രേസ്യാമ്മ എന്നീ രണ്ടുകുട്ടികൾ ജനിച്ചു. ജോസിൻെറ മകൻ ചെറിയാൻ ചിറ്റാരിക്കൽ തെങ്ങുംപള്ളിൽനിന്നും ജയയെ വിവാഹംചെയ്തു. ഇവർക്ക് റൈസ എന്ന ഒരുകുട്ടിയുണ്ട്. ജോസിൻെറ മകൾ ത്രേസ്യാമ്മയെ കുന്നംകൈ മണ്ഡപത്തിൽ ടോമി വിവാഹംചെയ്തു. ഇവർക്ക് സിൽവി, അജിൽ എന്നീ രണ്ടുകുട്ടികളുണ്ട്.

## $IG_2d$ ചെറിയാൻ മകൾ ചിന്നമ്മ

ചിന്നമ്മയെ തൃശ്ശൂർ ചേരുകുഴി പാപ്പാടിയിൽ ജോസഫ് മകൻ ജോർജ്ജ് വിവാഹംചെയ്തു. ഇവർക്ക് ലിസ്സി, പൗളി, ജാൻസി, ഫാ.ജോ സഫ് സി.എം.ഐ., മേഴ്സി, ഷൈനി, ചെറിയാൻ, പ്രിൻസി, സണ്ണി എന്നീ ഒൻപതുമക്കളുണ്ടായി. ജോർജ്ജ് നിര്യാതനായി. ഫാ. ജോസഫ് സി.എം. ഐ. ഇപ്പോൾ കൽക്കട്ടായിൽ സേവനംചെയ്യുന്നു.

## $IG_2e$ ചെറിയാച്ചൻ മകൻ ഉലഹന്നൻ

ഉലഹന്നൻ കരിങ്കുന്നം ഈറ്റയ്ക്കൽ കൊച്ചാപ്പി മകൾ അന്ന ക്കുട്ടിയെ വിവാഹംചെയ്തു. ഇപ്പോൾ മലബാറിൽ ബളാൽ എന്ന സ്ഥലത്ത് പറയാനിക്കൽ എന്ന വീട്ടിൽ താമസിക്കുന്നു. ഇവർക്ക് സിനോയി, സിജോ, സിൻേറാ, ലിസമ്മ എന്നീ ആറുമക്കളുണ്ട്.





## $IG_2f$ ചെറിയാച്ചൻ മകൻ കുര്യാച്ചൻ

ചെറിയാച്ചൻെറ ഇളയപുത്രനായ കുര്യാച്ചൻ പുറപ്പുഴ മലവെട്ട ത്തിൽ ജോസഫ് മകൾ ലീലാമ്മയെ വിവാഹംചെയ്തു. ഇപ്പോൾ ചാലക്കുടി ക്കടുത്തു ചായിപ്പൻകുഴിയിൽ പറയാനിക്കൽ എന്ന വീട്ടുപേരിൽ താമസിക്കു ന്നു. ഇവർക്ക് ചെറിയാച്ചൻ, നിർമ്മല, ജോസഫ് എന്നീ മൂന്നുമക്കളുണ്ട്.

## $IG_4$ വർക്കി മകൻ തൊമ്മൻ (കൊച്ചുകുട്ടൻ)

തൊമ്മൻ ചാലക്കുടി മഞ്ഞളിവീട്ടിൽ പൗലോസ് മകൾ മറിയ ക്കുട്ടിയെ വിവാഹംചെയ്തു അങ്കമാലിയിൽ താമസിക്കുന്നു. ഇവർക്ക് വക്കച്ചൻ, പൗലോസ്, മേരി, അൽഫോൻസാ എന്നീ നാലുമക്കളുണ്ട്.



തോമസ് വാക്യമത്തിൽ (മണ്ണൂർ) ഭാര്യ മറിയക്കുട്ടിയുമൊത്ത്.

## $IG_4a$ തൊമ്മൻ മകൻ വക്കച്ചൻ

വക്കച്ചൻ അങ്കമാലി കിടങ്ങൂർ വല്ലത്തുകാരൻവീട്ടിൽനിന്നും എൽ സിയെ വിവാഹംചെയ്തു. അദ്ദേഹം അകാലത്തിൽ നിര്യാതനായി. ഇവർക്ക് മക്കളുണ്ടായിരുന്നില്ല. എൽസിയെ പിന്നീട് പുനർവിവാഹംചെയ് തയച്ചു.

## $IG_4b$ തൊമ്മൻ മകൻ പൗലോസ്

പൗലോസ് പെരുമ്പാവൂരിനടുത്ത് പുല്ലുവഴി നടാംകുഴി പത്രോസിൻെറ മകൾ നിർമ്മലയെ വിവാഹംചെയ്തു. പൗലോസ് ആന്ധ്രയിൽ ജോലിചെയ്യുന്നു. ഇവർക്ക് സിജോ, ലിജോ, ജോജോ എന്നീ മൂന്ന് ആൺകുട്ടികളുണ്ട്. ഇവർ വിദ്യാർത്ഥികളാണ്.

## IG$_4$c തൊമ്മൻ മകൾ മേരി

മേരിയെ പെരുമ്പാവൂർ സമീപം കൂടാലപ്പാടം മാണിക്യത്താൻ പൈലി മകൻ പൗലോസ് വിവാഹംചെയ്തു. പൗലോസ് അങ്കമാലി TELC ൽ ജോലി ചെയ്യുന്നു. ഇവർക്ക് പ്രസീദ, പ്രശാന്ത്, പ്രീതി എന്നീ മൂന്നു മക്കളുണ്ട്.

## IG$_4$d തൊമ്മൻ മകൾ അൽഫോൻസാ

അൽഫോൻസായെ അങ്കമാലി നായത്തോട് (നെടുമ്പാശ്ശേരി) പാലാട്ടിവീട്ടിൽ പാപ്പു മകൻ ഔസേപ്പ് വിവാഹം ചെയ്തു. ഇദ്ദേഹം കൊച്ചിൻ ഷിപ്പ്യാർഡിൽ ജോലിചെയ്യുന്നു. അൽഫോൻസാ അദ്ധ്യാപികയാണ്. ഇവർക്ക് ജിൻസ, മേരി എന്നീ രണ്ടു പെൺകുട്ടികളുണ്ട്.



തോമസ് മകൾ മേരിയും ഭർത്താവ് പൗലോസും തോമസ് മകൾ അൽഫോൻസും ഭർത്താവ് ഔസേപ്പും

## IG$_6$ വർക്കി മകൻ ആൻറണി

ആൻറണി ചാലക്കുടി മഞ്ഞളിവീട്ടിൽനിന്നും അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ജോസഫ്, പൗലോസ്, ജോർജ്ജ്, ഫ്രാൻസീസ്, ഫിലിപ്പ്, അഗസ്റ്റിൻ എന്നീ ആറു പുത്രന്മാരുണ്ട്. ആൻറണി ആഴകം ഗവ. എൽ.പി. സ്കൂൾ ഹെഡ്മാസ്റ്ററായി ജോലിയിൽനിന്നും പിരിഞ്ഞു. അദ്ദേഹം 25-09-2001-ൽ നിര്യാതനായി.





## IG$_6$a ആൻറണി മകൻ ജോസഫ്

ജോസഫ് കൊരട്ടി പുതുശ്ശേരിൽ ചാമക്കാലാ ഔസേപ്പിൻെറ മകൾ മേരിയെ വിവാഹംചെയ്തു. ജോസഫ് കൊച്ചിൻഷിപ്പ്യാർഡിൽ ജോലിചെയ്യുന്നു. ഇവർക്ക് സനൽ, സിമ്മി എന്നീ രണ്ടു മക്കളുണ്ട്.

## IG$_6$b ആൻറണി മകൻ പൗലോസ്

പൗലോസ് ദേവഗിരി മാണിക്യത്താൽനിന്നും കൊച്ചുദേവസ്യാ മകൾ മറിയാമ്മയെ വിവാഹംചെയ്തു. ഇവർക്ക് ദീപ്തി, അലക്സ് എന്നീ രണ്ടു കുട്ടികളുണ്ട്.

## IG$_6$c ആൻറണി മകൻ ജോർജ്ജ്

ജോർജ്ജ് പൂവത്തുശ്ശേരി ഇരുമ്പൻവീട്ടിൽനിന്നും ജോസിൻെറ മകൾ ലാലിയെ വിവാഹംചെയ്തു. ഇവർക്ക് നിത, ജോസുമോൻ എന്നീ രണ്ടു കുട്ടികളുണ്ട്.

## IG$_6$d ആൻറണി മകൻ ഫ്രാൻസീസ്

ഫ്രാൻസീസ് മഞ്ഞപ്ര പടയാടൻ കുട്ടപ്പൻെറ മകൾ റെനിയെ വിവാഹംചെയ്തു തറവാട്ടിൽ താമസിക്കുന്നു. ഇദ്ദേഹം തുറവൂരിൽ കലാ പ്രിൻേറഴ്സ് എന്ന സ്ഥാപനം നടത്തുന്നു. ഇവർക്ക് അനുഷ, ഫെബിൻ എന്നീ രണ്ടു കുട്ടികളുണ്ട്.

## IG$_6$e ആൻറണി മകൻ ഫിലിപ്പ്


ഫിലിപ്പ് ആലപ്പുഴ തെങ്ങുംമൂട്ടിൽ കുരുവിള മകൾ മിനിയെ വിവാഹം ചെയ്ത് ഡൽഹിയിൽ താമസിക്കുന്നു. ഇദ്ദേഹം BEL-ൽ എൻജിനീയറാണ്. മിനി ഡൽഹിയിൽ അദ്ധ്യാപികയാണ്. ഇവർക്ക് സെവിൻ, സണ്ണി എന്നീ രണ്ടു മക്കളുണ്ട്.

## IG$_6$f ആൻറണി മകൻ അഗസ്റ്റിൻ

ആൻറണിയുടെ ഇളയമകൻ അഗസ്റ്റിൻ 29-ാമത്തെ വയസ്സിൽ നിര്യാതനായി.

ആൻറണിയുടെ സഹോദരിമാരായ മാമ്മിയും(മറിയം) ചിന്നമ്മയും അവിവാഹിതരായി ആൻറണിയോടൊപ്പം തുറവൂർ തറവാട്ടിൽ താമസിച്ചു. പിന്നീട് നിര്യാതരായി.

## വള്ളിക്കാട്ടുകുഴിയിൽ ശാഖ






# മണ്ണൂർ വള്ളികാട്ടുകുഴിയിൽ ശാഖ

## 1 ചെറിയത് മകൻ ലൂക്കാ



മണ്ണൂർ ചെറിയത് മകൻ ലൂക്കായുടെ ഭാര്യ മറിയാമ്മയും. മകൻ ഫാ. റെമിജിയൂസും.

മണ്ണൂർ ചെറിയതിന്റെ രണ്ടാമത്തെ പുത്രൻ ലൂക്കാ ചേർപ്പുങ്കൽ അറയ്ക്കൽ നിന്നും മറിയാമ്മയെ വിവാഹം ചെയ്ത് ദത്തവകാശത്തിൽ താമസിച്ചു. പിന്നീട് വള്ളികാട്ടുകുഴിയിൽ മാറിത്താമസിച്ചു. ഇവർക്ക് ഔസേഫ്, കുഞ്ഞമ്മൻ, കുഞ്ഞേലി, ഇത്താക്ക്, ഫാ.റെമിജിയൂസ്, ലൂക്കാ, സി.പൗളിന, ദേവസ്യ എന്നീ എട്ടു മക്കൾ ഉണ്ടായി.

## 1A ലൂക്കാ മകൻ ഔസേപ്പ് (കുഞ്ഞൗത)



ഔസേപ്പ് മറിയം വള്ളിക്കാട്ടുകുഴിയിൽ സഹോദരൻ മാർ സെബാസ്റ്റ്യൻ വയലിൻ പിതാവിനോടൊപ്പം.

ലൂക്കായുടെ മക്കളിൽ മൂത്തയാളായ ഔസേപ്പ് പാലാ വയലിൽകളപ്പുരയിൽ നിന്നും മറിയാമ്മയെ (മാമ്മി) വിവാഹം ചെയ്ത് ചേർപ്പുങ്കൽ ചെറുകിഴങ്ങനാനിക്കൽ താമസിച്ചു. മറിയാമ്മ പാലാ രൂപതയുടെ പ്രഥമമെത്രാനായ മാർ സെബാസ്റ്റ്യൻ

വയലിൽ പിതാവിൻെറ സഹോദരിയാണ്. ഔസേപ്പ്-മറിയാമ്മ ദമ്പതികൾക്ക് ജോസഫ്, ലൂക്കാ, ദേവസ്യ , സ്കറിയ, മറിയക്കുട്ടി, അച്ചാമ്മ, അന്നമ്മ, ഏലിയമ്മ എന്നീ എട്ടു പുത്രീപുത്രന്മാർ ഉണ്ടായി.

## 1A (1) ഔസേപ്പ് മകൻ ജോസഫ് (അപ്പച്ചൻ)

ജോസഫ് 1930-ൽ തീക്കോയി മരവിക്കല്ല് എന്ന സ്ഥലത്ത് താമസം തുടങ്ങി. എലിവാലി വെള്ളരിങ്ങാട്ട് ചാക്കോച്ചൻെറ മകൾ ബ്രിജീത്തിനെ വിവാഹം ചെയ്ത് അദ്ദേഹം പിന്നീട് മൂന്നിലവ് കൂട്ടക്കല്ലിലേക്ക് താമസം മാറ്റി. അപ്പച്ചൻ-ബ്രിജീത്ത് ദമ്പതികൾക്ക് മറിയക്കുട്ടി, പെണ്ണമ്മ, ഇത്തമ്മ, തങ്കമ്മ, പാപ്പച്ചൻ, അമ്മിണി, ജയിംസ്, സെബാസ്റ്റ്യൻ എന്നീ എട്ടു മക്കൾ ജനിച്ചു.

അപ്പച്ചൻ 1977 ജൂലായ് 18-നും, ബ്രിജീത്ത് 1990 ജനുവരി 23-നും നിര്യാതരായി.

## ജോസഫ് മകൾ മറിയക്കുട്ടി

മറിയക്കുട്ടിയെ മൂന്നിലവ് കൂട്ടക്കല്ല് എളബ്ലാശ്ശേരി വക്കച്ചൻ വിവാഹം ചെയ്തു. ഇവർക്ക് റോസമ്മ, ജോസ്, കുട്ടപ്പൻ, മേഴ്സി, തങ്കമ്മ, ലൗലി, സാലിയമ്മ, ജോയ്സ്, ജോബി, ജെയ്സൺ എന്നീ പത്തു മക്കൾ ജനിച്ചു. മറിയക്കുട്ടി 2000 സെപ്റ്റംബർ 8-ന് നിര്യാതയായി. സാലിയമ്മ ഹോളി ക്രോസ് കോൺഗ്രിഗേഷനിൽ ചേർന്ന് സി. സാലിയമ്മ ജോർജ്ജ് എന്ന പേര് സ്വീകരിച്ച് ഇപ്പോൾ നെടുംകണ്ടത്ത് സേവനം ചെയ്യുന്നു.

## ജോസഫ് മകൾ പെണ്ണമ്മ


പെണ്ണമ്മയെ പെരിങ്ങുളം വടക്കയിൽ സെബാസ്റ്റ്യൻ വിവാഹം ചെയ്ത് കട്ടപ്പനക്കടുത്ത് നിർമ്മലാസിറ്റിയിൽ താമസിക്കുന്നു. ഇവർക്ക് നാല് ആൺമക്കളും നാല് പെൺമക്കളും ഉണ്ട്. വൽസമ്മ, സിബി, നോബിൾ, മോളി, ആലീസ്, ബേബി, സുനിൽ, ഷേർളി എന്നിവരാണവർ. മോളി , സി. ക്രിസ്റ്റി എന്ന പേര് സ്വീകരിച്ച് കണ്ണാടിയുറുമ്പ് ക്ലാരിസ്റ്റ് കോൺവൻറിൽ സേവനം ചെയ്യുന്നു.

## ജോസഫ് മകൾ തങ്കമ്മ

തങ്കമ്മ അവിവാഹിതയായി സഹോദരൻ ജയിംസിൻെറ കൂടെ മൂന്നിലവ് കൂട്ടക്കല്ലിൽ താമസിക്കുന്നു.







പ്രൊഫ. വി.ജെ. ജോസഫ്
Ex.MLA

## ജോസഫ് മകൻ പാപ്പച്ചൻ
## (പ്രഫ. വി.ജെ.ജോസഫ് എക്സ്എം.എൽ.എ.)

ജോസഫ്-ബ്രിജീത്ത ദമ്പതികളുടെ സീമന്തപുത്രനായ പാപ്പച്ചൻ (വി.ജെ.ജോസഫ്) കൂടല്ലൂർ അമ്മൻകുഴിയിൽ ജോസഫ് മകൾ ക്ലാരമ്മയെ വിവാഹം ചെയ്ത് അരുവിത്തുറയിൽ താമസിക്കുന്നു. ഇവർക്ക് സിപ്പി, സിമി എന്നീ രണ്ടു മക്കൾ ഉണ്ട്.

ശ്രീ. വി.ജെ. ജോസഫ് രാഷ്ട്രീയ-സാമൂഹിക-വിദ്യാഭ്യാസരംഗങ്ങളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച്, കേരളത്തിൽ അറിയപ്പെടുന്ന ഒരു വ്യക്തിയാണ്. കലാലയ വിദ്യാഭ്യാസ കാലത്ത് 1964-65 വർഷത്തിൽ അദ്ദേഹം പാലാ സെൻറ് തോമസ് കോളേജ് യൂണിയൻ ജനറൽ സെക്രട്ടറിയായിരുന്നു. ഉന്നതനിലയിൽ പൊളിറ്റിക്സ് വിഷയത്തിൽ ബിരുദാനന്തരബിരുദം നേടിയ ഇദ്ദേഹം പാലാ കോളജിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. യൂത്ത്ഫ്രണ്ടിൻെറ ആദ്യത്തെ സംസ്ഥാന പ്രസിഡൻറായി 1971-ൽ പ്രവർത്തിച്ച ഇദ്ദേഹം തൻെറ സംഘാടക വൈഭവം



പ്രൊഫ. വി.ജെ. ജോസഫും കുടുംബവും.

തെളിയിച്ചു. പിന്നീട് കേളേജ് അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതു സംബന്ധിച്ച് ഗവ. നിയമിച്ച കമ്മറ്റി അംഗമായി പ്രവർത്തിച്ച് കേരളത്തിലെ പ്രൈവറ്റ് കോളേജ് അദ്ധ്യാപകരുടെ അവകാശങ്ങൾ നേടിയെടുത്തു. 1977 പൂഞ്ഞാർ നിയോജക മണ്ഡലത്തെ കേരള നിയമസഭയിൽ പ്രതിനിധീകരിച്ച ശ്രീ. വി.ജെ.ജോസഫ് നാടിന്റെ പുരോഗതിക്കു വേണ്ടി തന്നാലാവുന്നതു പ്രവർത്തിച്ചു. നിയോജക മണ്ഡലത്തിലുടനീളം ദൃഢമായ വ്യക്തിബന്ധങ്ങൾ സ്ഥാപിക്കുവാനും ഇദ്ദേഹത്തിനു കഴിഞ്ഞു. K.S.R.T.C. ഡയറക്ടർ ബോർഡ് മെമ്പർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഡയറക്ടർ, മീനച്ചിൽ എ.ഡി. ബാങ്ക് ഡയറക്ടർ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, കേരളസാക്ഷരതാസമിതിയംഗം, കേരള കോൺഗ്രസ്സ് സ്റ്റേറ്റ് ജനറൽ സെക്രട്ടറി തുടങ്ങിയ നിലകളിലെല്ലാം ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ഇദ്ദേഹം 2000 മാർച്ചിൽ സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്തു. ഇപ്പോൾ തീക്കോയി സഹകരണ തേയില ഫാക്ടറിയുടെ ചെയർമാൻ സ്ഥാനം അലങ്കരിക്കുന്നു.



പ്രൊഫ. വി.ജെ. ജോസഫും സഹോദരങ്ങളും ഭാര്യമാരോടും സഹോദരി സി. അമ്മിണിയോടുമൊപ്പം.

ശ്രീ. വി.ജെ.ജോസഫിന്റെ ഭാര്യ ക്ലാരമ്മ അരുവിത്തുറ സെന്റ് ജോർജ് കോളേജിൽ അദ്ധ്യാപികയായി ജോലിയിൽ നിന്നും വിരമിച്ചു. മക്കളായ സിപ്പി ഇലക്ട്രോണിക്സ് ആന്റ് കംപ്യൂട്ടർ എഞ്ചിനീയറായി അമേരിക്കയിൽ വാഷിംഗ്ടണിൽ ജോലി ചെയ്യുന്നു. മകൾ സിമി കൊച്ചിൻ മെഡിക്കൽ കേളേജിൽ MBBS ന് പഠിക്കുന്നു.





## ജോസഫ് മകൾ അമ്മിണി

അമ്മിണി കോഴിക്കോട് ബഥനി സന്യാസിനീസഭയിൽ ചേർന്ന് സി. ജോസ് തെരേസ് എന്ന പേര് സ്വീകരിച്ചു. സഭയിൽ മദർ സുപ്പീരിയറായി സേവനം ചെയ്തിട്ടുണ്ട്. കോഴിക്കോട് വെസ്റ്റ് ഹിൽ മൈക്കിൾ ഹൈസ്കൂൾ ഹെഡ്മിസ്ട്രസായി സേവനം ചെയ്യുന്നു. അംഗീകൃത കബഡി റഫറി കൂടിയാണ് ബഹു. സിസ്റ്റർ.

## ജോസഫ് മകൻ ജയിംസ്

ജയിംസ് കളത്തൂക്കടവ് പുളിക്കൽ വീട്ടിൽ നിന്നും അന്നക്കുട്ടിയെ വിവാഹം ചെയ്തു. മൂന്നിലവ് കൂട്ടക്കല്ല് തറവാട്ടു ഭവനത്തിൽ താമസിക്കുന്നു. ഇവർക്ക് ജോസ്, ഷാർലറ്റ് എന്നീ രണ്ട് മക്കൾ ഉണ്ട്. ജോസ് ഇരിഞ്ഞാലക്കുട അവിട്ടത്തൂർ ലാൽ ബഹദൂർശാസ്ത്രി മെമ്മോറിയൽ ഹയർ സെക്കൻററി സ്കൂൾ അദ്ധ്യാപകനാണ്. ഷാർലറ്റ് വിദ്യാർത്ഥിനിയാണ്.

## ജോസഫ് മകൻ സെബാസ്റ്റ്യൻ


സെബാസ്റ്റ്യൻ അരുവിത്തുറ കൊച്ചുപുരയ്ക്കൽ മേഴ്സിയെ വിവാഹം ചെയ്ത് പൂഞ്ഞാറ്റിൽ താമസിക്കുന്നു. ഇവർക്ക് സീക്കോ, നദിയ, അനില എന്നീ മൂന്ന് മക്കൾ ഉണ്ട്. ഇവർ എല്ലാവരും വിദ്യാർത്ഥികളാണ്.

## 1A (2) ഔസേപ്പ് മകൻ ലൂക്കാ

ലൂക്കാ ചെങ്ങളത്ത് കാരക്കാട്ടിൽ റോസിയെ വിവാഹം ചെയ്തു. കുറ്റ്യാടിയിലേക്കു കുടിയേറിപ്പാർത്തു. ഇപ്പോൾ ഇരിട്ടിയ്ക്കടുത്തു കരിക്കോട്ടക്കരി എന്ന സ്ഥലത്തു താമസിക്കുന്നു. ഇവർക്ക് മേരി, ലീലാ എന്നീ രണ്ടു പെൺമക്കൾ ഉണ്ട്. മേരിയെ ഇല്ലിക്കൽ കുഞ്ഞ് വിവാഹം ചെയ്ത് കോഴിക്കോട് താമസിക്കുന്നു. ഇവർക്ക് ജയിംസ്, വൽസമ്മ. എന്ന രണ്ടു മക്കളുണ്ട്. രണ്ടുപേരും അദ്ധ്യാപകരാണ്.

ലീലയെ വയലാ തടത്തിൽവീട്ടിൽ പോൾ (പൈലി) വിവാഹം ചെയ്ത് ദത്തവകാശത്തിൽ താമസിക്കുന്നു. ജിജി, ആൻേറാ എന്നീ രണ്ടു മക്കളുണ്ട്.

ലൂക്കാ സ്വാതന്ത്ര്യസമരസേനാനിയും പൊതുപ്രവർത്തകനുമാണ്. കേന്ദ്ര ഗവൺമെന്റ് താമ്രപത്രം നല്കി ഇദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്.



പരേതനായ വള്ളിക്കാട്ടുകുഴിയിൽ ജോസഫ് സെബാസ്റ്റ്യനും ഭാര്യ മറിയക്കുട്ടിയും.

## 1A (3) ഔസേപ്പ് മകൻ ദേവസ്യ (പാപ്പ)

ദേവസ്യ വൈക്കത്ത് വെട്ടിക്കാപ്പള്ളി വീട്ടിൽ നിന്നും മറിയക്കുട്ടിയെ വിവാഹം ചെയ്ത് ചെറുകിഴങ്ങനാനിക്കൽ തറവാട്ടിൽ താമസിച്ചു. ഇവർക്ക് കൊച്ചുത്രേസ്യ, ജോസ്, മേരി, ദേവസ്യാച്ചൻ, കറിയാച്ചൻ എന്നീ അഞ്ചു മക്കൾ ഉണ്ട്.

### ദേവസ്യാ മകൾ കൊച്ചുത്രേസ്യ

കൊച്ചുത്രേസ്യായെ കുമരകം ചിറ്റൂർകളത്തിൽ ചാക്കോ മകൻ തോമസ് (ബേബി) വിവാഹം ചെയ്തു. ഇവർക്ക് ജിസ്മോൾ, ജൂലി, ജെയ്സൺ എന്നീ മൂന്നു മക്കൾ ഉണ്ട്.

### ദേവസ്യ മകൻ ജോസ്

ദേവസ്യയുടെ മൂത്തമകൻ ജോസ് ആറുമാനൂർ പുളിക്കൽ തോമസ് മകൾ മോളിക്കുട്ടിയെ വിവാഹം ചെയ്ത് ചേർപ്പുങ്കൽ താമസിക്കുന്നു. ഇവർക്ക് അജിത്, അനൂപ്, ആൻവി, അമൽ എന്നീ നാല് പുത്രീപുത്രന്മാർ ഉണ്ട്. ജോസ് പാലായിൽ സ്റ്റുഡിയോ നടത്തുന്നു. മോളി ചേർപ്പുങ്കൽ ഹോളിക്രോസ് ഹൈസ്കൂൾ അദ്ധ്യാപികയാണ്. ജോസിന്റെ മകൻ അജിത് കംപ്യൂട്ടർ എഞ്ചിനീയറിംഗിനുശേഷം പാലായിൽ കംപ്യൂട്ടർ





സോഫ്റ്റ്‌വെയർ സ്ഥാപനം നടത്തുന്നു. ജോസ് പാലായിലെ കലാ-സാംസ്കാരിക രംഗങ്ങളിൽ അറിയപ്പെടുന്ന ഒരു വ്യകതിയാണ്.

### ദേവസ്യ മകൾ മേരി

മേരിയെ തൊടുപുഴ കലൂർ ചുണ്ടാട്ട് ജോണി വിവാഹം ചെയ്തു. ഇവർക്ക് ജോമറ്റ്, ജോജി എന്നീ രണ്ടു കുട്ടികൾ ഉണ്ട്. ജോണി കൃഷി ഓഫീസറായി ജോലി ചെയ്യുന്നു.

### ദേവസ്യ മകൻ സെബാസ്റ്റ്യൻ (ദേവസ്യാച്ചൻ)

ദേവസ്യായുടെ മക്കളിൽ നാലാമത്തെയാളായ സെബാസ്റ്റ്യൻ കാവക്കാട് കളപ്പുരയ്ക്കൽ വർഗ്ഗീസ് മകൾ വൽസമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ഫ്ളെമി, ഫ്ലിൻറാ, ഫെബിൻ എന്നീ മൂന്നു മക്കൾ ഉണ്ട്. ഇദ്ദേഹം അമ്മയോടൊപ്പം ചേർപ്പുങ്കൽ തറവാട്ടിൽ താമസിക്കുന്നു. സെബാസ്റ്റ്യൻ പാലായിൽ സ്റ്റുഡിയോ നടത്തുന്നു.

### ദേവസ്യ മകൻ സ്കറിയ

ദേവസ്യായുടെ ഇളയപുത്രനായ സ്കറിയ ചെങ്ങളം വയലുങ്കൽ തടത്തിൽ സെൻസ്ലാവോസ് മകൾ സുസമ്മയെ വിവാഹം ചെയ്തു. ഇവർക്ക് സുസ്മി, സുബി, സുസ്മിത, സുബിത എന്നീ നാല് മക്കൾ ഉണ്ട്. ഇവർ വിദ്യാർഥികളാണ്. സ്കറിയാച്ചൻ പാലായിൽ സ്റ്റുഡിയോ നടത്തുന്നു.



പരേതനായ ജോസഫ് സെബാസ്റ്റ്യൻ വള്ളിക്കാട്ടുകുഴിയിലിന്റെ ഭാര്യ മറിയക്കുട്ടി സെബാസ്റ്റ്യനും കുടുംബവും.

**1A (4) ഔസേപ്പ് മകൻ സ്കറിയ**

സ്കറിയ ചെറുപ്പത്തിൽ നിര്യാതനായി.

**1A (5) ഔസേപ്പ് മകൾ മറിയക്കുട്ടി**

മറിയക്കുട്ടിയെ പ്രവിത്താനം ചന്ദ്രൻകുന്നേൽ ജോസഫ് വിവാഹം ചെയ്തു. ഇരിട്ടിക്കടുത്ത് അങ്ങാടിക്കടവ് എന്ന സ്ഥലത്തു താമസിക്കുന്നു. ഇവർക്ക് ദേവസ്യ, തൊമ്മച്ചൻ, പേപ്പ്, കുഞ്ഞപ്പൻ, ബേബി, മേരി, ലീല, അന്നമ്മ, തെയ്യാ, തങ്ക എന്നീ പത്തു മക്കൾ ഉണ്ട്. ജോസഫും മറിയക്കുട്ടിയും നിര്യാതരായി.

**1A (6) ഔസേപ്പ് മകൾ അച്ചാമ്മ**

അച്ചാമ്മയെ ആർപ്പൂക്കര പാലമറ്റത്തിൽ (പറയംകാലായിൽ) ജോസഫ് (കുഞ്ഞ്) വിവാഹം ചെയ്തു. ഇവർക്ക് മേരിക്കുഞ്ഞ് എന്ന ഒരു പുത്രിയുണ്ട്. മേരിയെ പൂവരണി പാറേക്കാട്ടിൽ പാപ്പു വിവാഹം ചെയ്ത് ആർപ്പൂക്കരയിൽ താമസിക്കുന്നു.

**1A (7) ഔസേപ്പ് മകൾ ഏലിയാമ്മ**

ഏലിയാമ്മ ക്ലാര മഠത്തിൽ ചേർന്ന് സി. റോസ് മേരി എന്ന പേര് സ്വീകരിച്ചു. അദ്ധ്യാപികയായി ജോലിയിൽ നിന്നും വിരമിച്ച സി. റോസ് മേരി നിര്യാതയായി.

**1A (8) ഔസേപ്പ് മകൾ അന്നമ്മ**

ഔസേപ്പിൻെറ ഏറ്റവും ഇളയപുത്രിയായ അന്നമ്മ ക്ലാരമഠത്തിൽ ചേർന്ന് സി. ഫെൽസിത്താസ് എന്ന പേര് സ്വീകരിച്ചു. ബഹു. സിസ്റ്റർ 1981-ൽ നിര്യാതയായി.

●



# വള്ളികാട്ടുകുഴിയിൽ - തെക്കേ മണ്ണൂർ ശാഖ

**1B ലൂക്കാ മകൻ കുഞ്ഞമ്മൻ**

വള്ളികാട്ടുകുഴിയിൽ ലൂക്കായുടെ രണ്ടാമത്തെ മകൻ കുഞ്ഞമ്മൻ (തോമസ്), ചെറുവാണ്ടൂർ കൊച്ചുപുരയ്ക്കൽ ഇട്ടിയവിരായുടെ മകൾ കുഞ്ഞേലിയെ വിവാഹം ചെയ്ത് മുത്തോലിയിൽ തെക്കേ മണ്ണൂരിലേയ്ക്ക് മാറിത്താമസിച്ചു. ഇവർക്ക് മാമ്മി, കുഞ്ഞേലി, ലൂക്കാ എന്നീ മൂന്നു സന്താനങ്ങളുണ്ടായി.

**1B (3)** ലൂക്കാ ചെറുപ്പത്തിലെ മരിച്ചുപോയി.

**1B (1) കുഞ്ഞമ്മൻ മകൾ മാമ്മി**

മൂത്ത മകൾ മാമ്മിയെ കിഴക്കേ നാഗനൂലിൽ പോത്തൻ (പാപ്പച്ചൻ) വിവാഹം ചെയ്തു. ഇവർക്ക് റോസ, തോമസ് (കൊച്ച്) ജോസഫ് (അപ്പച്ചൻ), മാത്യു, ഏലിക്കുട്ടി, ഫിലിപ്പ്, ജോർജ്ജ്, സെബാസ്റ്റ്യൻ എന്നീ എട്ടു പുത്രീപുത്രന്മാർ ഉണ്ടായിരുന്നു. *(കൂടുതൽ വിവരങ്ങൾക്ക് കിഴക്കേനാഗനൂലിൽ ശാഖാചരിത്രം വായിക്കുക.)*


**1B (2) കുഞ്ഞമ്മൻ മകൾ കുഞ്ഞേലി.**

രണ്ടാമത്തെ പുത്രി കുഞ്ഞേലിയെ പൈക പാമ്പ്ലാനിയിൽ മത്തായി ജോസഫ് വിവാഹം ചെയ്തു. ഇപ്പോൾ മാനത്തൂരിൽ താമസിക്കുന്നു. ഇവർക്ക് മേരി, ജോയി, പെണ്ണമ്മ, ഡായി, വത്സമ്മ, ലിസി എന്നീ ആറു മക്കൾ ഉണ്ടായി. മേരി മിഷൻ സന്യാസിനീ സമൂഹത്തിൽ ചേർന്ന് പാറ്റ്നയിൽ സേവനം ചെയ്യുന്നു.

കുഞ്ഞമ്മൻെറ ഭാര്യ മരിച്ചു പോയതിനാൽ പൈങ്ങുളത്ത് പുന്നക്കുന്നേൽ മത്തായിയുടെ മകൾ മറിയാമ്മയെ പുനർവിവാഹം ചെയ്തു. ഇവർക്ക് മാത്യു, മറിയക്കുട്ടി, ചാച്ചിയമ്മ, അന്നമ്മ, സ്കറിയ, പെണ്ണമ്മ, ഇത്തമ്മ, ലിസിയമ്മ എന്നീ എട്ടു പുത്രീപുത്രന്മാർ ജനിച്ചു.

**1B (4) കുഞ്ഞമ്മൻ മകൻ മാത്യു**

മാത്യു ആനിക്കാട് പാലാപ്പറമ്പിൽ ഫിലിപ്പ് മകൾ കത്രീനായെ വിവാഹം കഴിച്ചു. ഇവർക്ക് ഗ്രേസി, ആനി, കൊച്ചുത്രേസ്യ, സൂസമ്മ എന്നീ നാലു പെൺകുട്ടികൾ ഉണ്ടായി.



മണ്ണൂർ ലൂക്കാതൊമ്മൻ മകൻ മാത്യുവും കുടുംബാംഗങ്ങളും ബന്ധുക്കളും.



## മാത്യു മകൾ ഗ്രേസി

ഗ്രേസിയെ കരൂർ ആണ്ടൂക്കുന്നേൽ സ്കറിയാ മകൻ ജോസഫ് വിവാഹം ചെയ്ത് നിലമ്പൂർ താമസിക്കുന്നു. ഇവർക്ക് ജോയിച്ചൻ, ഡോളിയമ്മ, ലിൻസി, മാത്യൂച്ചൻ, മേരിക്കുട്ടി, ഷാലിമോൾ, വിൻസൻറ് എന്നീ ഏഴു പുത്രീപുത്രന്മാരുണ്ട്.

## മാത്യു മകൾ ആനി

ആനിയെ പാലാ ഞാവള്ളിപുത്തൻപുര കുര്യൻ മകൻ ഐസക്ക് വിവാഹം കഴിച്ച് ചാലക്കുടിയിൽ താമസിക്കുന്നു. ഇവർക്ക് ഗീത, ലത, റാണി, ദിലീപ്, അൽഫോൻസ് എന്നീ അഞ്ചു സന്താനങ്ങളുണ്ട്.

## മാത്യു മകൾ കൊച്ചുത്രേസ്യ

കൊച്ചുത്രേസ്യായെ കൊഴുവനാൽ പുതിയാത്ത് വക്കച്ചൻ മകൻ ജോയി വിവാഹം കഴിച്ച് വണ്ണപ്പുറത്ത് താമസിക്കുന്നു. ഇവർക്ക് ഷാർളറ്റ്, ഷിനോജ് എന്നി രണ്ടു മക്കളുണ്ട്.

## മാത്യു മകൾ സൂസമ്മ

ഇളയപുത്രിയായ സൂസമ്മ സെൻറ് ആൻസ് സന്യാസിനി സമൂഹത്തിൽ ചേർന്ന് സി. സൂസി എന്ന പേര് സ്വീകരിച്ചു. ഇപ്പോൾ വിശാഖപട്ടണത്ത് അദ്ധ്യാപികയായി സേവനം ചെയ്യുന്നു.

മാത്യുവിൻെറ ഭാര്യ മരിച്ചു പോകയാൽ അരുവിത്തുറ കൂറ്റനാൽ കുന്നേപ്പറമ്പിൽ തോമസ് മകൾ ത്രേസ്യായെ പുനർവിവാഹം കഴിച്ചു. ഈ വിവാഹത്തിൽ ടോമി, കൊച്ചുറാണി, സാലി എന്നീ മൂന്നു മക്കളുണ്ട്.

## മാത്യു മകൻ ടോമി

ടോമി മുഴൂർ പറമ്പകത്ത് കുഞ്ഞിൻെറ മകൾ മേരിക്കുട്ടിയെ വിവാഹം കഴിച്ച് ഇപ്പോൾ ചാമംപതാലിൽ താമസിക്കുന്നു. ഇവർക്ക് അനു, അഞ്ചു, അരുൺ എന്നീ മൂന്നു കുട്ടികൾ ഉണ്ട്. ഇവർ വിദ്യാർത്ഥികളാണ്.

## മാത്യു മകൾ കൊച്ചുറാണി

കൊച്ചുറാണിയെ വാഴൂർ പുളേളാലിൽ ഔസേപ്പച്ചൻെറ മകൻ ജോബി വിവാഹം ചെയ്തു. ഇവർക്ക് അനിൽ, അനു എന്നീ രണ്ടുമക്കളുണ്ട്.

## മാത്യു മകൾ സാലി

സാലിയെ എരുമേലി പുത്തൻപുര വക്കച്ചൻെറ മകൻ സാജൻ വിവാഹം ചെയ്തു. ഇവർക്ക് പ്രകാശ്, പ്രശാന്ത് എന്നീ രണ്ടു മക്കളുണ്ട്. സാജൻ എരുമേലിയിൽ ബിസിനസ്സ് ചെയ്യുന്നു. സാലി അദ്ധ്യാപികയാണ്.

**1B (5), 1B (6) കുഞ്ഞമ്മൻ മകൾ മറിയക്കുട്ടിയും ചാച്ചിയമ്മയും ഇരട്ട** സഹോദരികളാണ്. ഇവർ രണ്ടുപേരും ആരാധന സന്യാസിനി സമൂഹത്തിൽ ചേർന്ന് സിസ്റ്റർ അകിലീനാ, സിസ്റ്റർ ഫെലിക്കുള എന്നീ പേരുകൾ സീകരിച്ച് അദ്ധ്യാപികമാരായി സേവനം ചെയ്ത് റിട്ടയർ ചെയ്തു. സി. അകിലീന നിര്യാതയായി. സി. ഫെലിക്കുള ഇപ്പോൾ ചീങ്കല്ലേൽ മഠത്തിൽ വിശ്രമിക്കുന്നു.

## 1B (7) കുഞ്ഞമ്മൻ മകൾ അന്നമ്മ

അന്നമ്മയെ ചെങ്ങളം മേപ്രത്ത് കൊച്ച് വിവാഹം ചെയ്ത് ഇപ്പോൾ മലബാറിൽ ആലക്കോട്ട് താമസിക്കുന്നു. ഇവർക്ക് മോളി, ജോസ്, ജോർജ്ജ് കുട്ടി, ലിസി, ആൻസി എന്നീ അഞ്ചു പുത്രീപുത്രന്മാർ ഉണ്ട്. മോളി കന്യാസ്ത്രീയായി. ലിസിയും ആൻസിയും അദ്ധ്യാപികമാരാണ്.

## 1B (8) കുഞ്ഞമ്മൻ മകൻ സ്കറിയ
## (റവ. ഫാ. സക്കറിയാസ് മണ്ണൂർ ജൂനിയർ)

മുത്തോലി മണ്ണൂർ തോമസ്- മറിയം ദമ്പതികളുടെ ദ്വിതീയ പുത്രനായി സക്കറിയാസ് 1927 മാർച്ച് 19-ന് ജാതനായി. പ്രാഥമികവിദ്യാഭ്യാസം, മുത്തോലി മഠം വക സ്കൂളിലും, കൊവേന്ത സ്കൂളിലും ആയിരുന്നു. മാന്നാനം ഹൈസ്കൂളിൽ നിന്നും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനു ശേഷം വൈദികപഠനത്തിനു സെമിനാരിയിൽ ചേർന്നു. 1956 മാർച്ച് 15-ന് ആലുവ സെൻറ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും പൗരോഹിത്യം സീകരിച്ചു.

കയ്യൂർ, പൈങ്ങുളം, മേലുകാവ്, കടുത്തുരുത്തി, തീക്കോയി എന്നീ പള്ളികളിലും തുടങ്ങനാട്, മുട്ടുചിറ എന്നീ ഫൊറോനാ പള്ളികളിലും വികാരിയായി സക്കറിയാസച്ചൻ സ്തുത്യർഹ്യമാം വിധം സേവനം ചെയ്തിട്ടുണ്ട്.

പാലാ രൂപത വക സീവ്യൂ എസ്റ്റേറ്റ് മാനേജരായും അതോടൊപ്പം പറത്താനം പള്ളിയുടെ വികാരിയായും ദീർഘനാൾ സേവനം ചെയ്തിട്ടുണ്ട്. പറത്താനം ദേവാലയം പുതുക്കിപണിതതും, സീവ്യൂ എസ്റ്റേറ്റ് ആദായകരമാക്കിയതും ഇദ്ദേഹത്തിൻെറ അകഷിണ പ്രയത്നം കൊണ്ടാണ്. ഇദ്ദേഹത്തിൻെറ പ്രവർത്തനഫലമായാണ് പൈങ്ങുളം പാരീഷ്ഹാൾ, മേലുകാവ് മഠം വക അനാഥമന്ദിരം, കടുത്തുരുത്തി പാരീഷ്ഹാൾ, തുടങ്ങനാട് പള്ളിമേടയും പാരീഷ് ഹാളും, മുട്ടുചിറയിൽ രൂപതവക പ്രീസ്റ്റ് ഹോം എന്നിവ നിർമ്മിക്കപ്പെട്ടിട്ടുളളത്.





ബഹു. സക്കറിയാസച്ചൻ മുട്ടുചിറ ഫൊറോനാപള്ളി വികാരിയായിരുന്നപ്പോൾ അദ്ദേഹത്തിൻെറ ശ്രമഫലമായിട്ടാണ് വാലാച്ചിറ ഇടവകപള്ളിയും പള്ളിമുറിയും നിർമ്മിക്കപ്പെട്ടിട്ടുള്ളത്. അദ്ദേഹം തുടങ്ങനാട് പള്ളിയിൽ വികാരിയായിരുന്ന കാലത്താണ് കാക്കൊമ്പ് പള്ളി പുതിയ ഇടവകയായി ഉയർത്തിയത്. മുട്ടുചിറ കുരിശുംമൂട്ടിലെ കപ്പേളയും തുടങ്ങനാട് ചെറുപുഷ്പം കപ്പേളയും ഇദ്ദേഹത്തിൻെറ കഠിനാദ്ധ്വാനത്തിൻെറ ഫലമായി നിർമ്മിക്കപ്പെട്ടിട്ടുള്ളതാണ്. മേലുകാവ് ടൗണിലുള്ള പള്ളിവക കെട്ടിടങ്ങളും ആശുപത്രി കെട്ടിടങ്ങളും നിർമ്മിച്ചത് സക്കറിയാസച്ചൻ വികാരിയായിരുന്ന കാലത്താണ്.

ബഹു. സക്കറിയാസച്ചൻ തീക്കോയി പള്ളി വികാരിയായിരിക്കുമ്പോഴാണ് ഇടവകയിൽ പ്ലസ്-ടൂ അനുവദിപ്പിച്ചതും, അതിനാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തത്. തീക്കോയിൽ ശാന്തിഗിരി എന്ന പുതിയ ദേവാലയം നിർമ്മിച്ചത് ഇദ്ദേഹത്തിൻെറ ശ്രമഫലമാണ്.

ബഹു. സക്കറിയാസച്ചൻ 2002 ഫെബ്രുവരി 2-ന് രൂപതാ സേവനങ്ങളിൽ നിന്നും വിരമിച്ച് വിശ്രമജീവിതം നയിച്ചുവരുന്നു.

## 1B (9) കുഞ്ഞമ്മൻ മകൾ പെണ്ണമ്മ

ആരാധനാമഠത്തിൽ ചേർന്ന് സന്യാസിനിയായി സി. ആനി എന്ന പേര് സീകരിച്ചു. റിട്ടയാർഡ് അദ്ധ്യാപികയായ ആനി ഇപ്പോൾ പാലാ ചെത്തിമറ്റം പ്രെയർ ഹൗസിൽ വിശ്രമിക്കുന്നു.

## 1B (10) കുഞ്ഞമ്മൻ മകൾ ഇത്തമ്മ

കർമ്മലീത്താ സന്യാസിനീസമൂഹത്തിൽ ചേർന്ന് സി. മലാക്കി എന്ന പേരു സീകരിച്ചു. അദ്ധ്യാപികയായി റിട്ടയർ ചെയ്ത സിസ്റ്റർ ഇപ്പോൾ തുടങ്ങനാട് മഠത്തിൽ മദർ സുപ്പീരിയറായി സേവനം അനുഷ്ഠിക്കുന്നു.

## 1B (11) കുഞ്ഞമ്മൻ മകൾ ലിസിയമ്മ

കർമ്മലീത്താ സന്യാസിനീസമൂഹത്തിൽ ചേർന്ന് സി. ലെയോൺഷ്യ എന്ന പേരു സീകരിച്ചു. പാലാ അൽഫോൻസാ കോളേജിൽ സുവോ

ളജി വകുപ്പിൽ പ്രഫസർ ആയി റിട്ടയർ ചെയ്ത ഇവർ ഇപ്പോൾ പാലാ കാർമ്മൽ ഹോസ്റ്റലിൻെറ വാർഡനായി സേവനം ചെയ്യുന്നു. സിസ്റ്റർ കർമ്മലീത്താ സന്യാസസമൂഹത്തിൻെറ അസിസ്റ്റൻറ് പ്രൊവിൻഷ്യാളായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

## 1C ലൂക്കാ മകൾ കുഞ്ഞേലി

കുഞ്ഞേലിയെ പുളിങ്കുന്നിൽ മാളിയംപുരയ്ക്കൽ കുഞ്ഞവിരാ (മാണി ചാക്കോ) വിവാഹം കഴിച്ചു. ഇവർക്ക് കുഞ്ചാക്കോ, ചാച്ചിയമ്മ, മറിയാമ്മ, പാപ്പച്ചൻ, അപ്പച്ചൻ, അന്നമ്മ, കുഞ്ഞ്, തങ്കമ്മ എന്നീ എട്ടു മക്കൾ ജനിച്ചു.

മൂത്തപുത്രനായ കുഞ്ചാക്കോ ഉദയ ഫിലിംസ് മാനേജരായും സംവിധായകനായും സിനിമാ രംഗത്ത് പ്രശസ്തിയാർജ്ജിച്ച വ്യക്തിയാണ്. അപ്പച്ചൻ നവോദയ ഫിലിംസ് മാനേജരായും നിർമ്മാതാവായും പ്രശസ്തി നേടിയിട്ടുണ്ട്. പ്രശസ്തിയാർജ്ജിച്ച ബൈബിൾ ടെലിഫിലിം നിർമ്മിച്ചത് അപ്പച്ചനാണ്. ഇപ്പോൾ മദ്രാസിൽ കിഷ്കിന്ധ എന്ന അമ്യൂസ്മെൻറ് പാർക്കും നടത്തിവരുന്നു.

കുഞ്ഞവിരാ-കുഞ്ഞേലി ദമ്പതികളുടെ മക്കളായ ചാച്ചിയമ്മയും മറിയാമ്മയും സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി എന്ന സന്യാസിനി സഭയിൽ ചേർന്ന് സി. എമരൻസ്യാന, സി. സെലിൻ എന്നീ പേരുകൾ യഥാക്രമം സ്വീകരിച്ച് എറണാകുളത്തും കോഴിക്കോട്ടും സേവനം ചെയ്യുന്നു.

## 1D ലൂക്കാ മകൻ ഇത്താക്ക്

ലൂക്കായുടെ മക്കളിൽ നാലാമത്തെയാളായ ഇത്താക്ക് പാലാ തെരുവിൽ നിന്ന് തൊമ്മൻ മകൾ ഏലിക്കുട്ടിയെ വിവാഹം ചെയ്ത് ചേർപ്പുങ്കൽ താമസിച്ചു. ഇവർക്ക് മറിയാമ്മ (മാമ്മി), തോമസ് (പാപ്പച്ചൻ), ലൂക്കോസ് (കുട്ടപ്പൻ), ആഗസ്സ് (കുഞ്ഞുപെണ്ണ്), സ്കറിയ, ഏലിക്കുട്ടി, ത്രേസ്യാമ്മ (തെയ്യാമ്മ), ശോശാമ്മ (സൂസന്ന) എന്നീ എട്ടു മക്കളുണ്ടായി.



ലൂക്കാ മകൻ ഇത്താക്കും ഭാര്യ ഏലിക്കുട്ടിയും.





## 1D (1) ഇത്താക്ക് മകൾ മാമ്മി (മറിയാമ്മ)

ഇത്താക്കിൻെറ മൂത്തപുത്രി മാമ്മിയെ മുത്തോലി മാധവപ്പള്ളി തോമസ് (കൊച്ചുകുഞ്ഞ്) വിവാഹം ചെയ്ത് ആലക്കോട്ട് താമസിച്ചു. ഇവർക്ക് വർക്കി, ഐസക്ക്, മറിയാമ്മ, ആഗസ്സ്, ത്രേസ്യ, ഏലി, അന്നമ്മ, ഫിലോമിന, തോമസ്, ജോസ്, ചെറിയാൻ, പയസ്സ് എന്നീ പന്ത്രണ്ട് മക്കൾ ഉണ്ടായി. (കൂടുതൽ വിവരങ്ങൾക്ക് മാധവപ്പള്ളി ശാഖ നോക്കുക)

## 1D (2) ഇത്താക്ക് മകൻ തോമസ് (പാപ്പച്ചൻ)

ഇത്താക്കിൻെറ മക്കളിൽ രണ്ടാമത്തെയാളായ പാപ്പച്ചൻ പാലാ കണിയാരശ്ശേരിൽ ഔസേപ്പ് മകൾ മറിയക്കുട്ടിയെ വിവാഹം ചെയ്ത് മംഗലംഡാം - ചിറ്റടിയിൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് ഐസക്ക്, ജോസഫ് (ബേബി) എന്നീ രണ്ടു മക്കളുണ്ടായി. ഏറെത്താമസിയാതെ മറിയക്കുട്ടി നിര്യാതയായി.

## പാപ്പച്ചൻ മകൻ ഐസക്ക് (കുട്ടിയച്ചൻ)

പാപ്പച്ചൻെറ മക്കളിൽ മൂത്തയാളായ കുട്ടിയച്ചൻ കുഴിക്കുളം മത്തായി മകൾ മറിയക്കുട്ടിയെ വിവാഹം ചെയ്ത് മംഗലംഡാം ചിറ്റടിയിൽ താമസിക്കുന്നു. ഇവർക്ക് മേരി, മനോജ്, സ്മിത എന്നീ മൂന്നു മക്കളുണ്ട്. കുട്ടിച്ചൻ 31-7-1989-ൽ നിര്യാതനായി.

## ഐസക്ക് മകൾ മേരി

ഐസക്കിൻെറ മക്കളിൽ മൂത്തയാളായ മേരി (ശുഭ) യെ മഞ്ഞിലാട്ട് ചാക്കോ മകൻ റോയി വിവാഹം ചെയ്തു.

ഐസക്കിൻെറ ഇളയ മക്കളായ മനോജും സ്മിതയും പഠിക്കുന്നു.

## പാപ്പച്ചൻ മകൻ ബേബി (ജോസഫ്)

പാപ്പച്ചൻെറ മക്കളിൽ രണ്ടാമത്തെയാളായ ബേബി കരുവാരുകുണ്ട് മണിമല മാനുവൽ മകൾ ലീലാമ്മയെ വിവാഹം ചെയ്തു.



വള്ളിക്കാട്ടുകുഴി ഇത്താക്ക് മകൻ പാപ്പച്ചനും ഭാര്യ അന്നക്കുട്ടിയും.

ഇവർക്ക് ജയ്ജി, ജിബിൻ, ജിൻസി, ലിജി എന്നീ നാലു മക്കളുണ്ട്. ജയ്ജിയെ പീച്ചി വെട്ടത്തു കുടുംബാംഗം ബെന്നി വിവാഹം ചെയ്തു.

പാപ്പച്ചൻെറ ആദ്യഭാര്യ മരിച്ചു പോകയാൽ മൂവാറ്റുപുഴ ആരക്കുഴ ഇട്ടിയേക്കാട്ട് തോമസ് മകൾ അന്നക്കുട്ടിയെ പുനർവിവാഹം ചെയ്തു. ഇവർക്ക് ലിസി, സിസിലി, മാമ്മച്ചൻ, ലൂക്കോസ് എന്നീ നാലു മക്കളുണ്ട്.



പാപ്പച്ചൻെറ മകൻ ബേബിയും കുടുംബവും.

## പാപ്പച്ചൻ മകൾ ലിസി (ഏലി)

പാപ്പച്ചൻെറ മക്കളിൽ മൂന്നാമത്തെയാളായ ലിസിയെ എറണാകുളം കണ്ണമ്പുഴ കുടുംബം അന്തോണി മകൻ പിയൂസ് വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് മക്കൾ ഉണ്ട്. ഇപ്പോൾ ചെറുപുഴ താമസിക്കുന്നു.

## പാപ്പച്ചൻ മകൾ സിസിലി

പാപ്പച്ചൻെറ മക്കളിൽ നാലാമത്തെയാളായ സിസിലിയെ പാലക്കാട് പിലാപ്പുറ്റ കാവാലത്ത് ദേവസ്യ മകൻ മാത്യു വിവാഹം ചെയ്തു. ഇവർക്ക് ദേവസ്യ എന്നൊരു മകനുണ്ട്.





## പാപ്പച്ചൻ മകൻ മാമ്മച്ചൻ

(തോമസ്)

പാപ്പച്ചൻെറ മക്കളിൽ അഞ്ചാമത്തെയാളായ മാമ്മച്ചൻ ആലുവ പറവൂർ വിതയത്തിൽ പൗലോസ് മകൾ അന്നക്കുട്ടിയെ വിവാഹം ചെയ്തു. ഇവർക്ക് അന്നക്കുട്ടി, തോമസ് എന്നീ രണ്ടു മക്കളുണ്ട്.



പാപ്പച്ചൻ മകൻ മാമ്മച്ചനും കുടുംബവും.

## പാപ്പച്ചൻ മകൻ ലൂക്കോസ്

പാപ്പച്ചൻെറ മക്കളിൽ ഇളയപുത്രനായ ലൂക്കോസ് അന്തീനാട് പുതിയിടത്തിൽ മൈക്കിൾ മകൾ ഷേർളിയെ വിവാഹം ചെയ്തു. ഇവർക്ക് തോമസ്, അന്നക്കുട്ടി, ലിയാമോൾ എന്നീ മൂന്നു മക്കളുണ്ട്



പാപ്പച്ചൻെറ മകൻ ലൂക്കാച്ചൻ, ഭാര്യ ഷേർളി, സഹോദരി സിസിലി, മക്കൾ.

## 1D (3) ഇത്താക്ക് മകൻ ലൂക്കോസ് (കുട്ടപ്പൻ)

ഇത്താക്കിൻെറ മക്കളിൽ മൂന്നാമത്തെയാളായ കുട്ടപ്പൻ അറവാറ പെരിയിലംകാട്ടിൽ ഔസേപ്പ് മകൾ അന്നയെ വിവാഹം ചെയ്തു മംഗലംഡാം ചിറ്റടിയിൽ താമസിക്കുന്നു. ഇവർക്ക് എലിസബത്ത്

(കുട്ടിയമ്മ), ഐസക്ക് (ബേബി), ജോയി, ഗ്രേസി, കുസുമം, സണ്ണി (മാത്യു). മേഴ്സി, ടോമി (തോമസ്), സാവൂൾ എന്നീ ഒമ്പതു മക്കളുണ്ട്.



ഇത്താക്ക് മകൻ ലൂക്കോസും (കുട്ടപ്പൻ) കുടുംബവും.

## കുട്ടപ്പൻ മകൾ കുട്ടിയമ്മ

കുട്ടപ്പന്റെ മക്കളിൽ മൂത്തയാളായ കുട്ടിയമ്മ തിരുഹൃദയ സന്യാസസമൂഹത്തിൽ ചേർന്ന് സി. അഡ്‌ലെയ്ഡ് എന്ന പേരു സ്വീക രിച്ചു. ഇപ്പോൾ കുഴിക്കാട്ടുശ്ശേരി ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു.

## കുട്ടപ്പൻ മകൻ ഐസക്ക് (ബേബി)


കുട്ടപ്പന്റെ മക്കളിൽ രണ്ടാമത്തെയാളായ ബേബി പാതാമ്പുഴ പ്ലാത്തോട്ടത്തിൽ ഉണ്ണി മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് സ്വപ്ന, വന്ദന, പവന എന്നീ മൂന്നു മക്കളുണ്ട്. സ്വപ്ന ഫിസിയോതെറാപ്പിസ്റ്റ് ആയി ഉപരിപഠനാർത്ഥം ലണ്ടനിലാണ്.

## കുട്ടപ്പൻ മകൻ ജോയി

കുട്ടപ്പന്റെ മക്കളിൽ മൂന്നാമത്തെയാളായ ജോയി ചെറുപ്പത്തിൽ മരണമടഞ്ഞു.







കുട്ടപ്പന്റെ മകൻ ഐസക്കും (ബേബി) കുടുംബവും.

## കുട്ടപ്പൻ മകൾ ഗ്രേസി


കുട്ടപ്പന്റെ മക്കളിൽ നാലാമത്തെയാളായ ഗ്രേസിയെ മാൻവെട്ടം തയ്യിൽ ലൂക്കാ മകൻ തോമസ് വിവാഹം ചെയ്തു. ഇവർക്ക് ജറിൽ (ലൂക്കാ), സിറിൽ (തോമസ്), മെർളിൻ എന്നീ മൂന്നു മക്കളുണ്ട്. തോമസ് അദ്ധ്യാപകനാണ്.

## കുട്ടപ്പൻ മകൾ കുസുമം

കുട്ടപ്പന്റെ മക്കളിൽ അഞ്ചാമത്തെയാളായ കുസുമത്തിനെ കൊഴുവനാൽ പൊറുങ്ങനാൽ മാണി മകൻ വിജയൻ വിവാഹം ചെയ്തു. ഇവർക്ക് റോജിസ്, റോജി, റോബിൻ എന്നീ മൂന്നു മക്കളുണ്ട്. ഇവർ ആലക്കോട്ടു നടുവിൽ താമസിക്കുന്നു.

## കുട്ടപ്പൻ മകൻ സണ്ണി (മാത്യു)

കുട്ടപ്പന്റെ മക്കളിൽ ആറാമത്തെയാളായ സണ്ണി അരുവിത്തുറ പ്ലാത്തോട്ടത്തിൽ ചാക്കോ മകൾ സലോമിയെ വിവാഹം ചെയ്ത് മംഗലംഡാം ചിറ്റടിയിൽ താമസിക്കുന്നു. ഇവർക്ക് സിസാ, നിവിൻ, ചാക്കോ എന്നീ മൂന്നു മക്കളുണ്ട്. സിസായെ കൂട്ടിക്കൽ കാരന്താനം വീട്ടിൽ തോമസ് മകൻ അരുൺ വിവാഹം ചെയ്തു.



കുട്ടപ്പൻ മകൻ മാത്യുവിൻെറ കുടുംബം. നിവിൻ, മാത്യു, സലോമി, സിസാ, ചാക്കോ.

## കുട്ടപ്പൻ മകൾ മേഴ്സി

കുട്ടപ്പൻെറ മക്കളിൽ ഏഴാമത്തെയാളായ മേഴ്സിയെ ഭരണങ്ങാനം കണിയാംപടിക്കൽ സ്കറിയ മകൻ തങ്കച്ചൻ വിവാഹം ചെയ്തു. ഇവർക്ക് നിതാ, നിഷ, നിമ്മി, നോബിൾ എന്നീ നാലു മക്കളുണ്ട്.

## കുട്ടപ്പൻ മകൻ ടോമി (തോമസ്)

കുട്ടപ്പൻെറ എട്ടാമത്തെ മകനായ ടോമി തീക്കോയി പുതനപ്പറക്കുന്നേൽ ചാക്കോ മകൾ അന്നയെ (ആൻറിമ) വിവാഹം ചെയ്തു. ഇവർക്ക് ഡോൺ, ഡാർവിൻ, ഡാനിയേൽ എന്നീ മൂന്നു മക്കളുണ്ട്. ഇവർ പഠിക്കുന്നു.



ലൂക്കോസ് മകൻ ടോമിയും കുടുംബവും. ഡാനിയേൽ, ഡോൺ, ഡാർവിൻ, ടോമി ആൻറിമ





## കുട്ടപ്പൻ മകൻ സാവൂൾ

കുട്ടപ്പൻെറ ഏറ്റവും ഇളയ പുത്രനായ സാവൂൾ ചെറുപ്പത്തിൽ മരിച്ചു.

കുട്ടപ്പൻെറ ഭാര്യ അന്നമ്മ 01-02-1982-ൽ നിര്യാതയായി. കുട്ടപ്പൻ പിന്നീട് കുറവിലങ്ങാട് നസ്രത്ത്ഹിൽ തൊടുപുഴ തോട്ടത്തിൽ മറിയാമ്മയെ പുനർ വിവാഹം ചെയ്തു. ഇപ്പോൾ മംഗലംഡാം ചിറ്റടിയിൽ ഇളയപുത്രൻ ടോമിയോടൊപ്പം താമസിക്കുന്നു.

## 1D (4) ഇത്താക്ക് മകൾ അക്കമ്മ (ആഗ്നസ്)

ഇത്താക്കിൻെറ മക്കളിൽ നാലാമത്തെയാളായ അക്കമ്മയെ ഇടമറ്റം മുണ്ടാട്ട് ജോസഫ് മകൻ അബ്രാഹം വിവാഹം ചെയ്തു. ഇവർക്ക് ജോസ് (അപ്പച്ചൻ), ലീലാമ്മ (ഏലി), വത്സമ്മ, സണ്ണി (ഐസക്ക്), കൊച്ചുറാണി, കിലാനി, ബോബൻ, മോളി, ലൂസി, കുര്യൻ എന്നീ 10 മക്കളുണ്ട്.

## 1D (5) ഇത്താക്ക് മകൻ സ്കറിയ

ഇത്താക്കിൻെറ മക്കളിൽ അഞ്ചാമത്തെയാളായ സ്കറിയാച്ചൻ വൈക്കത്ത് മാറായിൽ വർക്കി മകൾ മേരിയെ വിവാഹം ചെയ്ത് കർണ്ണാടകയിൽ മംഗലാപുരത്തിനടുത്ത് മൂഡബിദ്രിയിൽ താമസിക്കുന്നു. ഇവർക്ക്



വള്ളിക്കാട്ടുകുഴി സ്കറിയായും മകൻ ഐസക്കും കുടുംബവും. സി.എൽസി, വൽസമ്മ, മേരി, ഫാ. ലൂക്കോസ് CMI, ഐവിൻ, ഫാ. ജോർജ്ജ് MCBS, സ്കറിയ



വള്ളിക്കാട്ടുകുഴി ഇത്താക്ക് മകൻ സ്കറിയായുടെ മക്കളും കുടുംബാംഗങ്ങളും.

ഐസക്ക്, ഏലിയാമ്മ, ജോർജ്ജ് (ബാബു), ഗ്രേസി (കൊച്ചുത്രേസ്യ), ലാലി (മേരി), സ്കറിയ (ജിജോ), അന്ന (ആൻസി) എന്നീ ഏഴു മക്കളുണ്ട്.

## സ്കറിയാ മകൻ ഐസക്ക്

സ്കറിയായുടെ മൂത്ത മകൻ ഐസക്ക് അരുവിത്തുറ വലിയവീട്ടിൽ ജോസഫ് മകൾ മേരിയെ വിവാഹം ചെയ്തു. ഇവർക്ക് ഐവി (മേരി), ഐവിൻ (തോമസ്) എന്നീ രണ്ടു മക്കളുണ്ട്. ഇപ്പോൾ നെന്മാറയിൽ കയറാടിയിൽ താമസിക്കുന്നു. ഐവി കർണ്ണാടകയിൽ BSc കമ്പ്യൂട്ടർ വിദ്യാർത്ഥിനിയാണ്. ഐവിൻ സ്കൂൾ വിദ്യാർത്ഥിയാണ്.

## സ്കറിയാ മകൾ ഏലിയാമ്മ (മോളി)

സ്കറിയായുടെ മക്കളിൽ രണ്ടാമത്തെയാളായ മോളി ഡി.എസ്.ടി സന്യാസസമൂഹത്തിൽ ചേർന്ന് സി. എൽസി എന്ന പേരു സ്വീകരിച്ചു. ഇപ്പോൾ പാലക്കാട് ഒലിപ്പാറ എന്ന സ്ഥലത്ത് സ്കൂൾ ടീച്ചറായി സേവനം ചെയ്യുന്നു.

## സ്കറിയാ മകൻ ജോർജ്ജ് (ബാബു) (ഫാ.ജോർജ്ജ് വള്ളികാട്ടുകുഴി)

സ്കറിയായുടെ മക്കളിൽ മൂന്നാമത്തെയാളായ ജോർജ്ജ് വൈദികനാണ്. എം.സി.ബി.എസ് സന്യാസസഭയിൽ ചേർന്ന് 1987 മെയ് 7-ന് പൗരോഹിത്യം





സ്വീകരിച്ചു. ഇപ്പോൾ കർണ്ണാടകത്തിൽ ഷിമോഗയിൽ എം.സി.ബി.എസ്. വക സ്കൂൾ പ്രിൻസിപ്പലായി സേവനം ചെയ്യുന്നു.

## സ്കറിയാ മകൾ ഗ്രേസി

സ്കറിയായുടെ മക്കളിൽ നാലാമത്തെയാളായ ഗ്രേസിയെ എറണാകുളം കുമ്പളം തിരുനിലത്തിൽ തോമസ് മകൻ രാജു വിവാഹം ചെയ്തു. ഇവർക്ക് തോമസ് (തോബിൻ), മേരി (താര) എന്നീ രണ്ടു മക്കളുണ്ട്. രാജു ഭഗീരഥാ കൺസ്ട്രക്ഷൻ കമ്പനിയിൽ ജോലി ചെയ്യുന്നു.

## സ്കറിയാ മകൾ മേരി (ലാലി)

സ്കറിയായുടെ മക്കളിൽ അഞ്ചാമത്തെയാളായ ലാലിയെ കൊഴുവനാൽ തെക്കെമുറി വർക്കി മകൻ മെൻറാനച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ടെസ്മരിയ എന്നൊരു കുട്ടിയുണ്ട്. മെൻറാനച്ചൻ എടത്തനാട്ടുകരയിൽ റബ്ബർവ്യാപാരിയാണ്.

## സ്കറിയാ മകൻ ജിജോ

സ്കറിയായുടെ മക്കളിൽ ആറാമത്തെയാളായ ജിജോ തുറവൂർ വാളൂക്കാരൻ കുടുംബം (കർണ്ണാടക) ജോൺ മകൾ റോസ (വിജി) യെ വിവാഹം ചെയ്ത് മൂഡുബിദ്രിയിൽ താമസിക്കുന്നു.

## സ്കറിയാ മകൾ അന്ന (ആശാമോൾ)

സ്കറിയായുടെ മക്കളിൽ ഇളയപുത്രിയായ ആശയെ ചേർത്തല കുറവംവെളി, കുട്ടപ്പൻ - തങ്കമ്മ മകൻ ജേക്കബ് വിവാഹം ചെയ്തു. ഇദ്ദേഹം ബിസിനസ്സ് ചെയ്യുന്നു.

## 1D (6) ഇത്താക്ക് മകൾ ഏലിക്കുട്ടി

ഇത്താക്കിൻെറ മക്കളിൽ ആറാമത്തെയാളായ ഏലിക്കുട്ടിയെ അറക്കുളം മൈലാടൂർ കുര്യൻ മകൻ ജോസഫ് വിവാഹം ചെയ്തു. ഇവർക്ക് ജോയി, അന്നമ്മ, മാമ്മച്ചൻ എന്നീ മൂന്നു മക്കളുണ്ട്. ജോയി നിര്യാതനായി.

## 1D (7) ഇത്താക്ക് മകൾ ത്രേസ്യാമ്മ

ഇത്താക്കിൻെറ മക്കളിൽ ഏഴാമത്തെയാളായ ത്രേസ്യാമ്മയെ വിളക്കുമാടം ചെമ്പകശ്ശേരിൽ ആഗസ്തി മകൻ ജോസ് വിവാഹം ചെയ്തു. ഇവർക്ക് ബാബു, ബെന്നി, ഷിബിച്ചൻ എന്നീ മൂന്നു മക്കളുണ്ട്.

## 1D (8) ഇത്താക്ക് മകൾ ശോശാമ്മ

ഇത്താക്കിന്റെ മക്കളിൽ ഇളയപുത്രിയായ ശോശാമ്മയെ കുറവിലങ്ങാട് വെള്ളായിപറമ്പിൽ കുര്യൻ മകൻ തോമസ് വിവാഹം ചെയ്തു. ഇവർക്ക് അന്ന (ഷൈനി), കുര്യൻ (ഷിബിച്ചൻ) എന്നീ രണ്ടു മക്കളുണ്ട്.

## 1E ലൂക്കാ മകൻ റെമിജിയൂസ് (റവ.ഫാ. റെമിജിയൂസ് C.M.I)

വള്ളികാട്ടുകുഴിയിൽ ലൂക്കാ-മറിയാമ്മ ദമ്പതികളുടെ അഞ്ചാമത്തെ പുത്രനായി റെമിജിയൂസ് 1897 ജൂലൈ മാസം 25-ാം തീയതി ഭൂജാതനായി. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം കർമ്മലീത്ത സന്യാസസമൂഹത്തിൽ ചേർന്ന ഇദ്ദേഹം 1918 ഒക്ടോബർ 20-ന് വ്രതവാഗ്ദാനം ചെയ്തു. 1926 ജൂൺ 29-ാം തീയതി ഗുരുപ്പട്ടം സ്വീകരിച്ച് വൈദികനായി. കൂനമ്മാവ്, അമ്പഴക്കാട്, ചെത്തിപ്പുഴ, പുളിങ്കുന്ന്, കോട്ടയം എന്നീ കൊവേന്തകളിൽ പ്രിയോരായും കർമ്മലീത്താസഭയുടെ കൺസൾട്ടന്റ് ആയും ദീർഘകാലം പ്രശസ്തമാം വിധം സേവനം അനുഷ്ഠിച്ചു. പിന്നീട് പാലാ കൊവേന്തയിൽ രൂപതയിലെ മഠങ്ങളുടെ വിസിറ്റററായി ജോലി നോക്കി വന്ന ഇദ്ദേഹം 1988 ഏപ്രിൽ 5-ന് ഭാഗ്യമരണം പ്രാപിച്ചു.

## IF ലൂക്കാ മകൻ ലൂക്കാ

ലൂക്കായുടെ മക്കളിൽ ആറാമത്തെ ആളായ ലൂക്കാ പൂവരണി പുല്ലാട്ടുനിന്നും മാണി മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്ക് മറിയക്കുട്ടി, ഏലിക്കുട്ടി, ലൂക്കാ, ത്രേസ്യ. അന്നമ്മ, റോസമ്മ, ജോസഫ്, കൊച്ചുത്രേസ്യ, ബ്രിജീറ്റ് എന്നീ ഒമ്പതു മക്കൾ ജനിച്ചു.

## IF (1) ലൂക്കാ മകൾ മറിയക്കുട്ടി

ലൂക്കായുടെ മൂത്ത മകൾ മറിയക്കുട്ടി അവിവാഹിതയായി തറവാട്ടിൽ താമസിക്കുന്നു.

## IF (2) ലൂക്കാ മകൾ ഏലിക്കുട്ടി

ഏലിക്കുട്ടിയെ അന്ത്യാളം പുത്തൻകണ്ടത്തിൽ ചാക്കോ മകൻ മത്തായി വിവാഹം കഴിച്ചു. ഇവർക്ക് ജോസഫ് എന്ന ഏക പുത്രൻ ജനിച്ചു.

## IF (3) ലൂക്കാ മകൻ ലൂക്കാ (കുട്ടപ്പൻ)

കുട്ടപ്പൻ പൈങ്ങുളം കരണാട്ട് വീട്ടിൽ നിന്നും ഏലിക്കുട്ടിയെ വിവാഹം ചെയ്ത് ചേർപ്പുങ്കൽ താമസിക്കുന്നു. ഇവർക്ക് അഡ്വ. വി.എൽ.ജോസ്, ഫാ. ലൂക്കാ, ജോർജ്, മാനുവൽ, ഫ്രാൻസീസ് എന്നീ അഞ്ചു മക്കളുണ്ട്.



## കുട്ടപ്പൻ മകൻ ജോസ്

ജോസ് കെഴുവങ്കുളം മണ്ണൂകോട്ടയിൽ ജോൺ മകൾ ഷേർളിയെ വിവാഹം ചെയ്ത് കുമ്മണ്ണൂർ താമസിക്കുന്നു. ഇവർക്ക് ഗോഡ്വിൻ (ലൂക്കാ) എന്നൊരു മകനുണ്ട്. ഇദ്ദേഹം പാലാ ബാറിൽ അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്യുന്നു.

## കുട്ടപ്പൻ മകൻ ലൂക്കാ (ഫാ. ലൂക്കോസ് വള്ളികാട്ടുകുഴി CMI)

സി.എം.ഐ സന്യാസ സഭയിൽ ചേർന്ന് 1999 ജനുവരി 2-ാം തീയതി പൗരോഹിത്യം സ്വീകരിച്ചു. ദീപികയിൽ ജോലി ചെയ്തതിനു ശേഷം ഇപ്പോൾ പശ്ചിമജർമ്മനിയിൽ മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു.

## കുട്ടപ്പൻ മകൻ ജോർജ് (ജിജോ)

ജിജോ മെയിൽ നേഴ്സായി ഡൽഹിയിൽ ജോലി ചെയ്യുന്നു.

കുട്ടപ്പൻ മകൻ മാനുവൽ (മാണി) മംഗലാപുരത്ത് പ്ലാന്റർ ആണ്.

കുട്ടപ്പൻ മകൻ പ്രിൻസ് പാലാ സെന്റ് തോമസ് കോളേജിൽ വിദ്യാർത്ഥിയാണ്.

## IF (4) ലൂക്കാ മകൾ ത്രേസ്യ

ത്രേസ്യായെ തൈപ്പറമ്പിൽ തോമസ് വിവാഹം ചെയ്ത് മുത്തോലിയിൽ താമസിക്കുന്നു. ഇവർക്ക് മോളി, ആന്റോ, സോണി എന്നീ മൂന്നു മക്കളുണ്ട്.

## IF (5) ലൂക്കാ മകൾ അന്നമ്മ

അന്നമ്മ സെന്റ് ജോസഫ് ഓഫ് ക്ലൂനി എന്ന സന്യാസസമൂഹത്തിൽ ചേർന്ന് ഇപ്പോൾ കൽക്കത്തയിൽ മിഷൻ പ്രവർത്തനം നടത്തുന്നു.

## IF (6) ലൂക്കാ മകൾ റോസമ്മ

റോസമ്മയെ കുറവിലങ്ങാട് വെള്ളാക്കൽ വക്കച്ചൻ (ജോർജ്) വിവാഹം ചെയ്തു. ഇവർക്ക് അലക്സ്, സിൽവി എന്നീ രണ്ടു മക്കളുണ്ട്.

## IF (7) ലൂക്കാ മകൻ ജോസഫ് (അപ്പച്ചൻ പുളിക്കീൽ)

അപ്പച്ചൻ കുറിച്ചിത്താനം കുറ്റിയ്ക്കൽ തോമസ് മകൾ റോസമ്മയെ വിവാഹം ചെയ്തു. ഇവർക്ക് മിനി (അന്നമ്മ), ലീന. സുമി (റോസമ്മ), ജോബിൻ (തോമസ്) എന്നീ നാലു മക്കളുണ്ട്.

## അപ്പച്ചൻ മകൾ മിനി

മിനിയെ പാലയ്ക്കാട്ടുമല പുതിയാമറ്റത്തിൽ മാത്യു മകൻ ജോസഫ് വിവാഹം ചെയ്തു. ഇവർക്ക് ഫെബിൻ, ഫ്ളിൻറാ എന്നീ രണ്ടു മക്കളുണ്ട്. ജോസഫ് കെ.എസ്.ആർ.ടി.സി.യിൽ ഉദ്യോഗസ്ഥനാണ്.

## അപ്പച്ചൻ മകൾ ലീന

ലീനായെ മണർകാട് മൈലക്കാട് വർഗ്ഗീസ് മകൻ സാംസൺ വിവാഹം ചെയ്തു. ഇവർക്ക് റിച്ചു എന്നൊരു മകനുണ്ട്. ലീന സൗദിയിലും സാംസൺ മദ്രാസിലും ജോലി ചെയ്യുന്നു.

## അപ്പച്ചൻ മകൾ സുമി

സുമിയെ കുന്നോന്നി ഇലഞ്ഞിമറ്റത്തിൽ സ്കറിയ മകൻ ജിമ്മി വിവാഹം ചെയ്തു. ഇവർ രണ്ടുപേരും ഡൽഹിയിൽ ജോലി ചെയ്യുന്നു.

## അപ്പച്ചൻ മകൻ ജോബിൻ

ജോബിൻ പാലാ സെൻറ് തോമസ് കോളേജ് വിദ്യാർഥിയാണ്.

## IF (8) ലൂക്കാ മകൾ കൊച്ചുത്രേസ്യ

കൊച്ചുത്രേസ്യായെ ഏഴാച്ചേരിൽ നെടുംമ്പള്ളിൽ കുഞ്ഞേട്ടൻ മകൻ ജോസഫ് (അപ്പച്ചൻ) വിവാഹം ചെയ്തു. ഇവർ റിട്ടയേർഡ് അദ്ധ്യാപകരാണ്. ഇവർക്ക് ജെസ്സി, ജെയിൻ, ജിജി, ജിസ്സ് എന്നീ നാലു പെൺമക്കൾ ഉണ്ട്.

## IF (9) ലൂക്കാ മകൾ ബ്രിജീറ്റ് (ഇത്തമ്മ)

ഇത്തമ്മയെ ഭരണങ്ങാനത്ത് അകത്ത് പറമുണ്ടയിൽ ജോസഫ് (ജോയിച്ചൻ) വിവാഹം ചെയ്തു. ഇവർക്ക് റെജി, പയസുകുട്ടി, മാത്തുക്കുട്ടി, ജിജി എന്നീ നാലു മക്കൾ ജനിച്ചു.

## IG ലൂക്കാ മകൾ സി. പൗളിന

ലൂക്കായുടെ മക്കളിൽ ഏഴാമത്തെയാൾ കർമ്മലീത്ത സന്യാസിനീ സഭയിൽ ചേർന്ന് സി. പൗളിൻ എന്ന പേരു സ്വീകരിച്ചു.

## IH ലൂക്കാ മകൻ ദേവസ്യ

ലൂക്കായുടെ മക്കളിൽ ഇളയപുത്രനായ ദേവസ്യ പാലാ കടമ്പുകാട്ടിൽ മാത്യു മകൾ കുഞ്ഞുമറിയത്തിനെ വിവാഹം ചെയ്തു. ഇവർക്ക് മറിയ







വള്ളിക്കാട്ടുകുഴിയിൽ ദേവസ്യായും കുടുംബാംഗങ്ങളും.

ക്കുട്ടി, ചിന്നമ്മ, ജോസഫ് (പാപ്പച്ചൻ), ഏലിക്കുട്ടി എന്നീ നാലു മക്ക... ണ്ടായി. കുഞ്ഞുമറിയം 1994 ആഗസ്റ്റ് 16-ന് നിര്യാതയായി. ദേവസ്യ... 2002 ഡിസംബർ 26-ന് നിര്യാതനായി.

## IH (1) ദേവസ്യാ മകൾ മറിയക്കുട്ടി

ദേവസ്യായുടെ മക്കളിൽ മൂത്തയാളായ മറിയക്കുട്ടിയെ പാലാ പയപ്പ... മൈലാടൂർ കുഞ്ഞേപ്പ് വിവാഹം ചെയ്തു. ഇവർക്ക് കുഞ്ഞച്ച... സി. ബർത്താ എഫ്.സി.സി., ആനി, ദേവസ്യാച്ചൻ, ഫിലോ, ജോ... ചാക്കോ, എൽസാ, തെയ്യാ, മരിയറ്റ്, റീത്താമ്മ, സിസിലി, ലൂക്കാ, ജ... എന്നീ പതിനാലു മക്കൾ ഉണ്ടായി.

## IH (2) ദേവസ്യ മകൾ ചിന്നമ്മ

ദേവസ്യായുടെ മക്കളിൽ രണ്ടാമത്തെയാളായ ചിന്നമ്മയെ പുളിങ്കു... കപ്പാംമൂട്ടിൽ കുഞ്ചപ്പൻ (കുഞ്ചെറിയ) വിവാഹം ചെയ്തു. ഇവർക്ക് ജോർജ്... കുട്ടി, സൂസമ്മ, സോണി, കുഞ്ചെറിയ, മാത്തുക്കുട്ടി, ജോസി എന്നീ ആ... മക്കളുണ്ട്.

## IH (3) ദേവസ്യാ മകൻ പാപ്പച്ചൻ

ദേവസ്യായുടെ മക്കളിൽ മൂന്നാമത്തെയാളായ പാപ്പച്ചൻ ഭരണങ്ങാന... കുറ്റ്യാനി ഔസേപ്പിന്റെ മകൾ ത്രേസ്യായെ വിവാഹം കഴിച്ചു. ഇവർക്ക് മേരി, ബാബു, സണ്ണി, റോസിലി, ലൂക്കാ, മാത്തുക്കുട്ടി എന്നീ ആറുമക്ക... ളുണ്ട്. പാപ്പച്ചൻ 1987 മെയ് 6-ാം തീയതി 53-ാം വയസ്സിൽ നിര്യാതനായി.

## പാപ്പച്ചൻ മകൾ മേരി

പാപ്പച്ചന്റെ മക്കളിൽ മൂത്തയാളായ മേരിയെ നിലമ്പൂരിനടുത്ത് മണി മൂളി എന്ന സ്ഥലത്ത് കാച്ചാംക്കോടത്ത് കുഞ്ചെറിയ മകൻ ജോസ് വിവാഹം ചെയ്തു. ഇവർക്ക് ജോസ്മി, ജോജി, ജിനു എന്നീ മൂന്നു മക്കളുണ്ട്. ഇവർ വിദ്യാർത്ഥികളാണ്.

## പാപ്പച്ചൻ മകൻ ബാബു

പാപ്പച്ചന്റെ മക്കളിൽ രണ്ടാമനായ ബാബു മേലുകാവ് പയസ്മൗണ്ട് വടക്കേൽ അപ്പച്ചന്റെ മകൾ ആനിയമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ഔസേപ്പച്ചൻ, ചെറിയാച്ചൻ, ദേവസ്യാച്ചൻ എന്നീ മൂന്നു മക്കളുണ്ട്. ഇവർ വിദ്യാർത്ഥികളാണ്.



## പാപ്പച്ചൻ മകൻ സജി

പാപ്പച്ചന്റെ മക്കളിൽ മൂന്നാമത്തെയാളായ സജി നിലമ്പൂർ ചെമ്പക ...ിൽ ഔസേപ്പച്ചന്റെ മകൾ ബീനായെ വിവാഹം കഴിച്ചു. ഇവർക്ക് അരുൺ, അമൽ, അൽഫോൻസാ എന്നീ മൂന്നു മക്കളുണ്ട്. ഇവരിപ്പോൾ നിലമ്പൂരിനടുത്ത് റൂബി എസ്റ്റേറ്റിൽ താമസിക്കുന്നു.

## പാപ്പച്ചൻ മകൾ റോസിലി

പാപ്പച്ചന്റെ മക്കളിൽ നാലാമത്തെയാളായ റോസിലിയെ നിലമ്പൂർ മണിമൂളി തെള്ളിയിൽ വർഗ്ഗീസ് മകൻ ബിജി വിവാഹം ചെയ്തു. ഇവർക്ക് ജോർജ് (അപ്പൂസ്), അനു (അന്ന), ജോസുകുട്ടി എന്നീ മൂന്നു മക്കളുണ്ട്. ബിജി പഞ്ചാബിൽ ഉദ്യോഗസ്ഥനാണ്.

പാപ്പച്ചന്റെ മക്കളിൽ അഞ്ചാമത്തെയാളായ ലൂക്കാച്ചൻ തോടനാൽ [illegible]ണ്ടാനത്ത് സെലീനെ വിവാഹം ചെയ്തു.

മാത്തുക്കുട്ടി മാതാവിനോടൊത്ത് തറവാട്ടിൽ താമസിക്കുന്നു.

## IH (4) ദേവസ്യാ മകൾ ഏലിക്കുട്ടി

ദേവസ്യായുടെ ഇളയ പുത്രിയായ ഏലിക്കുട്ടി കോതമംഗലം ധർമ്മഗിരി സന്യാസിനി സമൂഹ ത്തിൽ ചേർന്ന് സി. ഡൊറോത്തി എന്ന പേരു സ്വീകരിച്ചു. ബഹുമാനപ്പെട്ട സിസ്റ്റർ 1991 മാർച്ച് ...-ന് നിര്യാതയായി.



സി.ഡൊറോത്തി MSJ

# പ്ലാക്കാട്ട് ശാഖ

ഈപ്പൻ പ്ലാക്കാട്ട് | തൊമ്മൻ മണ്ണൂർ | ചെറിയത് മാധവപ്പള്ളി

മത്തായി 1 പ്ലാക്കാട്ട് തറവാട് | വർക്കി 2 കിഴക്കേക്കര | ഔസേപ്പ് 3 തറവാട് | റോസ 4 കൈനകരി, കോയിത്ര

സ്ക്കറിയാ 1 A തൈത്തോട്ടം | കോര 1 B തറവാട് | ഉലഹന്നൻ 1C തറവാട് | മാമ്മി 1D കൂറ്റനാൽ, ഭരണങ്ങാനം

$1B_1$ മത്തായി (കുട്ടി) തറവാട് | $1B_2$ തോമസ് (ഫാ.) | $1B_3$ ഏലി കോക്കപ്പുറം, മുത്തോലി | $1B_4$ മറിയം കിഴക്കേനാഗനൂലിൽ

$1B_1a$ മറിയാമ്മ പനമറ്റം, പേരമ്പ്ര | $1B_1b$ കുര്യാക്കോസ് തളിപ്പറമ്പ് വിളക്കന്നൂർ | $1B_1c$ ചെറിയാൻ (ഫാദർ) | $1B_1d$ അച്ചാമ്മ തണ്ണിപ്പാറ, മുത്തോലി

കുട്ടിയച്ചൻ | മേരിയമ്മ | തോമസ് | ദേവസ്യാച്ചൻ



മത്തായി തലക്കുളം | പുത്രി തെരുവിൽ, പാലാ | പുത്രി തയ്യിൽ, മുത്തോലി

ചാച്ചിയമ്മ 5 അരുവിത്തുറ, വലിയവീട്ടിൽ | പുത്രി 6 കുറവിലങ്ങാട് മറ്റം | മറിയം 7 കാഞ്ഞിരപ്പള്ളി, കിഴക്കേതലയ്ക്കൽ

1E ഏലി കുന്നത്തേടം, പടിഞ്ഞാറ്റിൻകര | 1F ത്രേസ്യാ കോലടി

$1B_5$ ത്രേസ്യാ (സിസ്റ്റർ) | $1B_6$ ഈപ്പൻ പ്ലാക്കാട്ട്, ഊരോന്ന് | $1B_7$ ചിന്നമ്മ മച്ചിയാനിക്കൽ, ഭരണങ്ങാനം

$1B_1e$ തോമസ് ആലക്കോട് | $1B_1f$ കുട്ടിയമ്മ (സിസ്റ്റർ) | $1B_1g$ ജോസഫ് ആലക്കോട് | $1B_1h$ മാത്യു തറവാട്

$1B_6a$ മേരിക്കുട്ടി പ്ലാക്കാട്ട്, ഐക്കര | $1B_6b$ പെണ്ണമ്മ നാഗനൂലിൽ, കർണ്ണാടക | $1B_6c$ എൽസി പ്ലാക്കാട്ട്, ഐക്കര | $1B_6d$ അച്ചാമ്മ (സിസ്റ്റർ)

ഈപ്പച്ചൻ | പാപ്പച്ചൻ

ലിൻസി | റാണി | ജോജോ | ആൻസി | ശോഭ | മാത്യൂസ്

# പ്ലാക്കാട്ട് കുടുംബശാഖ

## ഇട്ടിച്ചെറിയത് മകൻ ഈപ്പൻ

മണ്ണൂർ ഇട്ടിച്ചെറിയയുടെ ആൺമക്കളിൽ മൂത്തയാളായ ഈപ്പൻ പ്ലാക്കാട്ട് മാറിത്താമസിച്ചു. ഇദ്ദേഹം വിവാഹം ചെയ്തത് കുറവിലങ്ങാട് നിധീരിക്കൽ കുടുംബത്തിൽ നിന്നാണ്. ഇദ്ദേഹത്തിന് മത്തായി, വർക്കി, ഔസേപ്പ് എന്നീ മൂന്നു പുത്രന്മാരും റോസ, ചാച്ചിയമ്മ, മറിയം, പേര് ലഭ്യമല്ലാത്ത ഒരാൾ ഉൾപ്പെടെ നാലു പുത്രിമാരും ജനിച്ചു. മുത്തോലി കൊവേന്ത, മഠം, മുത്തോലി പള്ളി മുതലായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം തന്റെ മൂന്നു സഹോദരന്മാരോടൊപ്പം ഇദ്ദേഹം ദാനം ചെയ്തിട്ടുള്ളതാണ്.

## 4 ഈപ്പൻ മകൾ റോസ



റോസയെ കൈനകരി കോയിത്ര ചാക്കോ ഔസേപ്പിന്റെ പുത്രൻ ഔസേപ്പ് ചാക്കോ വിവാഹം ചെയ്തു. ഇവർക്ക് നാലു പുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു. മൂത്തപുത്രൻ യാക്കൂബ് ശെമ്മാശൻ (ഔസേപ്പച്ചൻ) സി.എം.ഐ സഭയിൽ സേവനം ചെയ്തു. പൗരോഹിത്യസ്വീകരണത്തിനു മുമ്പ് 1900-ൽ അമ്പഴക്കാട് കൊവേന്തയിൽ വെച്ച് നിര്യാതനായി. രണ്ടാമത്തെ പുത്രൻ ചാക്കോ കോയിത്ര പുത്തൻപുരയിൽ താമസിച്ചു. മൂന്നാമത്തെ പുത്രൻ കോയിത്ര പകലോമറ്റത്ത് ചാക്കോ തൊമ്മി എന്നയാളാണ്. (ഇദ്ദേഹം പൂർവ്വകുടുംബപ്പേര് സ്വീകരിച്ചു.) നാലാമത്തെ പുത്രൻ ചാക്കോ ഈപ്പൻ കോയിത്രതറവാട്ടിൽ താമസിച്ചു. മൂത്തമകൾ മറിയാമ്മയെ പള്ളിപ്പുറത്ത് പുല്ലുകാട്ടും രണ്ടാമത്തെ പുത്രി ഏലിയാമ്മയെ പായിപ്പാട്ട് വെട്ടിക്കാട്ടും മൂന്നാമത്തെ പുത്രി അന്നമ്മയെ കൈനകരി വെള്ളൂരും വിവാഹം ചെയ്തയച്ചു.

## 5 ഈപ്പൻ മകൾ ചാച്ചിയമ്മ


ചാച്ചിയമ്മയെ അരുവിത്തുറ വലിയവീട്ടിൽ ആഗസ്തി വിവാഹം ചെയ്തു. അദ്ദേഹം പിന്നീട് വള്ളിക്കാപ്പിൽ മാറിത്താമസിച്ചു. ഇവർക്ക് രണ്ടു പുത്രന്മാരും അഞ്ച് പുത്രിമാരും ജനിച്ചു. മൂത്തപുത്രൻ തൊമ്മൻ കൊട്ടുകാപ്പള്ളിൽനിന്നും വിവാഹം കഴിച്ചു. രണ്ടാമത്തെ പുത്രൻ കുഞ്ഞൗസേപ്പ് ഭരണങ്ങാനം ഓലിക്കൽ നിന്നും അന്നമ്മയെ വിവാഹം ചെയ്തു. പെൺമക്കളിൽ മൂത്ത ആളായ അന്നമ്മയെ കുഴിഞ്ഞാലിൽ മത്തായിയും രണ്ടാമത്തെ പുത്രി കൊച്ചേലിയെ ഭരണങ്ങാനം പെരുമ്പള്ളിൽ മഴുവഞ്ചേരിൽ മത്തായിയും മൂന്നാമത്തെ പുത്രി കുഞ്ഞുമറിയത്തിനെ കാഞ്ഞിരപ്പള്ളി പൊട്ടംകുളത്ത് കെ.വി. സക്കറിയാസും നാലാമത്തെ പുത്രി കുഞ്ഞൊറോതയെ പ്രവിത്താനം കുഴിഞ്ഞാലിൽ ചെറിയാനും ഇളയപുത്രി ത്രേസ്യായെ പ്രവിത്താനത്ത് കല്ലറയ്ക്കൽ കുരുവിളയും വിവാഹം ചെയ്തു.





പ്ലാക്കാട്ട് കോരയും ഭാര്യ മറിയാമ്മ കേരയും.




പ്ലാക്കാട്ട് കോര മത്തായി(കുട്ടി)യും ഭാര്യ അന്നമ്മ മാത്യുവും.



പ്ലാക്കാട്ട് മാത്യു സഹോദരിമാരായ മറിയാമ്മയും (വലത്തേയറ്റം), അച്ചാമ്മയും (ഇടത്തേയറ്റം) മകൾ സി. മെർലിറ്റ് CMC യോടുമൊപ്പം.



സി. ലിസ്യുമേരി പ്ലാക്കാട്ട് SH സി.മെർലിറ്റ് CMC, ഫാ. ക്രിസ്റ്റ്യൻ പ്ലാക്കാട്ട്, സി. വിമല പ്ലാക്കാട്ട്.

### 6. ഈപ്പന്റെ മൂന്നാമത്തെ പുത്രി-യെ കുറവിലങ്ങാട്ടു മറ്റത്തിൽ വിവാഹം ചെയ്തയച്ചു. ഇവരെപ്പറ്റി കൂടുതൽ വിവരങ്ങൾ കിട്ടിയിട്ടില്ല.

### 7. ഈപ്പൻ മകൾ മറിയം

ഈപ്പന്റെ നാലാമത്തെ പുത്രി മറിയത്തെ കാഞ്ഞിരപ്പള്ളി കിഴക്കേത്തലയ്ക്കൽ കുഞ്ഞാക്കോ മകൻ ഈപ്പൻ വിവാഹം ചെയ്തു. ഇവർക്ക് ഈപ്പൻ, ത്രേസ്യാ, ഏലി, മറിയം, തൊമ്മച്ചൻ, ചാക്കോ, കുഞ്ഞുപാപ്പൻ (ദ്രുമ്മിനി) എന്നീ ഏഴുമക്കൾ ജനിച്ചു.

മൂത്തമകൻ ഈപ്പൻ ഒരു ബൈബിൾ പണ്ഡിതനും പ്രവചനഗ്രന്ഥങ്ങൾ എഴുതി തയ്യാറാക്കിയ മഹത് വ്യക്തിയുമായിരുന്നു. രണ്ടാമത്തെ മകൾ ത്രേസ്യായെ കാഞ്ഞിരപ്പള്ളി കല്ലറയ്ക്കൽ വിവാഹം ചെയ്യതയച്ചു. ഇവർക്കു സന്താനങ്ങൾ ഉണ്ടായിരുന്നില്ല. പുത്രി ഏലിയെ ചങ്ങനാശ്ശേരി ഇടിഞ്ഞില്ലത്ത് കളരിക്കൽ കുടുംബത്തിൽ വിവാഹം ചെയ്തയച്ചു. നാലാമത്തെ പുത്രി മറിയത്തിനെ ചങ്ങനാശ്ശേരി തുരുത്തിയിൽ ആലഞ്ചേരിയിൽ വിവാഹം ചെയ്തയച്ചു. മക്കളിൽ അഞ്ചാമത്തെ യാൾ തൊമ്മച്ചൻ ചിറക്കടവ് വെട്ടിക്കാട്ടു നിന്നും വിവാഹം ചെയ്തു, കുമ്പുക്കൽ എന്ന പേരിൽ താമസിക്കുന്നു. ആറാമത്തെയാളായ ചാക്കോ, പാമ്പാടി പാലാക്കുന്നേലായ തുരുത്തിപ്പറമ്പിൽ നിന്നും വിവാഹം ചെയ്തു.

ദ്രുമ്മിനി കാഞ്ഞിരപ്പള്ളി കൊച്ചു കരിപ്പാപറമ്പിൽ നിന്നും വിവാഹം ചെയ്തു. ഇദ്ദേഹത്തിന്റെ പുത്രനാണ് മോൺ, തോമസ് ഇടശ്ശേരി.





### 3. ഈപ്പൻ മകൻ ഔസേപ്പ്

ഈപ്പന്റെ ഇളയ പുത്രനായ ഔസേപ്പ് ചേന്നങ്കരി വല്യാറ, ചാക്കോ മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്ക് പന്ത്രണ്ടു വർഷത്തെ വൈവാഹിക ജീവിതത്തിൽ സന്താനലാഭമുണ്ടായില്ല. ഔസേപ്പ് യൗവനത്തിൽത്തന്നെ അകാലചരമമടയുകയും വിധവയായ അന്നമ്മയെ ചമ്പക്കുളത്ത് കുര്യാളശ്ശേരിയിൽ ചാക്കോ പുനർവിവാഹം ചെയ്യുകയുംചെയ്തു. ഇവർക്കുണ്ടായ പുത്രനാണ് ചങ്ങനാശ്ശേരി അതിരൂപതയുടെ അദ്ധ്യക്ഷനായിത്തീർന്ന ദൈവദാസൻ കുര്യാളശ്ശേരിൽ തോമാമെത്രാൻ. ഇദ്ദേഹവും കുടുംബാംഗങ്ങളും പിന്നീട് പലപ്രാവശ്യം പ്ലാക്കാട്ട് തറവാട്ടിൽ സന്ദർശനം നടത്തിയിട്ടുണ്ട്.

### 2. ഈപ്പൻ മകൻ വർക്കി

ഈപ്പന്റെ ആൺമക്കളിൽ രണ്ടാമനായ വർക്കി മുത്തോലി കിഴക്കേക്കര പുരയിടത്തിലേയ്ക്ക് മാറിത്താമസിച്ചു. ഇദ്ദേഹം പ്രവിത്താനം തെങ്ങും പള്ളിൽ നിന്നും വിവാഹം ചെയ്തു.

*(പ്ലാക്കാട്ട് കിഴക്കേക്കര ശാഖാ ചരിത്രം വായിക്കുക.)*

### 1. ഈപ്പൻ മകൻ മത്തായി

മൂത്തപുത്രൻ മത്തായി മാന്നാനം ഇല്ലിച്ചിറയിൽനിന്നും ഏലിയെ വിവാഹം ചെയ്ത് പ്ലാക്കാട്ട് തറവാട്ടിൽ താമസിച്ചു. ഇവർക്ക് സ്കറിയ, കോര, ഉലഹന്നൻ, മാമ്മി, ഏലി, ത്രേസ്യാ എന്നീ ആറു മക്കൾ ജനിച്ചു.

### 1A മത്തായി മകൻ സ്കറിയ

സ്കറിയാ ചേർപ്പുങ്കൽ ആരംപുളിക്കൽനിന്നും മറിയത്തിനെ വിവാഹം ചെയ്ത് തൈത്തോട്ടം പുരയിടത്തിലേയ്ക്ക് മാറിതാമസിച്ചു.

*(പ്ലാക്കാട്ട് തൈത്തോട്ടം ശാഖാ ചരിത്രം വായിക്കുക)*

### 1C മത്തായി മകൻ ഉലഹന്നൻ

ഉലഹന്നൻ ചേർപ്പുങ്കൽ കോലടിയിൽ നിന്നും വിവാഹം ചെയ്തു. ഇവർക്കു മക്കളുണ്ടായിരുന്നില്ല.

### 1D മത്തായി മകൾ മാമ്മി (മറിയം)

മാമ്മിയെ(മറിയത്തെ) ഇടമറ്റം കൂറ്റനാൽ ചാക്കോ വിവാഹം

ചെയ്തു. ഇവർക്ക് കുര്യൻ, ത്രേസ്യാ, ഏലി, അന്നമ്മ, ഔത, ചിന്നമ്മ എന്നീ ആറു മക്കൾ ജനിച്ചു.

കുര്യൻ ഞണ്ടുപാറ മടുക്കാവിൽ നിന്നും റോസയെ വിവാഹം ചെയ്ത് ഉരുളുകുന്നത്തു താമസിക്കുന്നു. ഇവർക്ക് ചാക്കോ, മറിയം, കുട്ടി യമ്മ, ബേബി, ഉമ്മച്ചൻ, ജോർജ്ജ് എന്നീ ആറു മക്കൾ ഉണ്ടായി. ത്രേസ്യായെ ചെങ്ങളത്തുപറമ്പിൽ വർക്കി വിവാഹം ചെയ്തു. ഏലിയെ ചേർപ്പുങ്കൽ ആരംപുളിക്കലും, അന്നമ്മയെ തലനാട് തറവട്ടത്തിലും വി വാഹം ചെയ്തയച്ചു. ഔത, ഇരിട്ടിചരളിൽ താമസിക്കുന്നു. ചിന്നമ്മ വിളക്കുമാടം മഠത്തിൽ താമസിക്കുന്നു. കുര്യൻ 20-7-94-ലും റോസ 6-10-2001-ലും നിര്യാതരായി.

## 1E മത്തായി മകൾ ഏലി

ഏലിയെ പൈങ്ങുളം കുന്നത്തേടത്ത് ആഗസ്തി വിവാഹം ചെയ്തു. ഇവർക്ക് അന്നമ്മ, കുഞ്ഞേലി, കുഞ്ഞുറോസ, തോമാച്ചൻ, പൗലോസ് (പാപ്പച്ചൻ) എന്നീ അഞ്ചു മക്കളുണ്ടായി.ഏലി 1954 ഏപ്രിൽ 4-ന് 80-ാം വയസ്സിൽ നിര്യാതയായി. തോമാച്ചന്റെ പുത്രനാണ് കേരളാ യൂണിവേഴ്സിറ്റി ബയോകെമിസ്ട്രി വിഭാഗം തലവനായി റിട്ടയർ ചെയ്ത ഡോ. അഗസ്റ്റിൻ കുന്നത്തേടം. ഇദ്ദേഹം കുന്നത്തേടം കുടുംബചരിത്ര രചയിതാവുകൂടിയാണ്.

## 1F മത്തായി മകൾ ത്രേസ്യാ

ത്രേസ്യായെ ചേർപ്പുങ്കൽ കോലടിയിൽ വിവാഹം ചെയ്തയച്ചു.

## 1B മത്തായി മകൻ കോര

മത്തായിയുടെ രണ്ടാമത്തെ പുത്രൻ കോര, പാലാ പുഞ്ചക്കുന്നേൽ മണിമലപുരയിടത്തിൽ നിന്നും മറിയാമ്മയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിച്ചു. ഇവർക്ക് മത്തായി, തോമസ്, ഈപ്പൻ, ഏലി, മറിയ, ത്രേസ്യാ, ചിന്ന എന്നീ ഏഴു പുത്രീപുത്രന്മാർ ജനിച്ചു. ശ്രീ കോര ഒരു പൊതുക്കാ ര്യപ്രസക്തനും കൂടിയായിരുന്നു. 20-1-1936-ൽ നിര്യാതനായി. മറിയം 1960 മാർച്ച് 13-നു നിര്യാതയായി.

## $1B_1$ കോര മകൻ മത്തായി (കുട്ടി)

കോരയുടെ മൂത്തപുത്രൻ മത്തായി 1888 ജനുവരിയിൽ ജാത നായി. ഇദ്ദേഹം കൊങ്ങാണ്ടൂർ കൂർക്കമറ്റത്തിൽ (ചൂരക്കാട്ട്) അന്നമ്മയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിച്ചു. അവർക്ക് മറിയാമ്മ, കുര്യാ ക്കോസ്, ചെറിയാൻ, അച്ചാമ്മ, തോമസ്, കുട്ടിയമ്മ, ജോസഫ്, മാത്യു എന്നീ എട്ടു പുത്രീപുത്രന്മാർ ജാതരായി.

ശ്രീ. മത്തായി ഒരു നല്ല കർഷകൻ, സാമൂഹിക സാമുദായിക പ്രവർത്തകൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചയാളാണ്. 1952-ൽ നടന്ന ആദ്യ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നെയ്യൂർ വാർഡിൽ നിന്നും കോൺഗ്രസ് പാർട്ടിയുടെ ടിക്കറ്റിൽ





മത്സരിക്കുകയും തെരഞ്ഞെടുക്കപ്പെ ടുകയും ചെയ്തു. അദ്ദേഹം പഞ്ചായത്ത് വൈസ് പ്രസിഡൻറായും സേവനംചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭരണകാലത്താണ് പഞ്ചായത്തിന് സ്വന്തമായി ഓഫീസ് പണിയുന്നതിനും മുത്തോലി കൊഴുവനാൽ റോഡിൽ മുത്തോലി പള്ളിവാതുക്കലും മുത്തോലി ചേർപ്പുങ്കൽ റോഡിൽ മുത്തോലി കടവിലും പാലങ്ങൾ നിർമ്മിക്കുന്നതിനും സാധിച്ചത്. കേരളത്തിൽ റബ്ബർകൃ ഷിയുടെ ആരംഭകാലം ഉദ്ദേശം 80 കൊല്ലം മുമ്പാണ്. അന്ന്, മുത്തോലിൽ ആദ്യമായി റബ്ബർകൃഷി ആരംഭിച്ചത് കോര മത്തായി ആണ്. പാലാ വലിയപള്ളിയിൽ മണ്ണൂർ നാഗനൂലിൽ കുടുംബക്കാർക്ക് അവകാശമായി ലഭിച്ചിരുന്ന പള്ളി കമ്മറ്റിയംഗങ്ങളുടെ പദവി വഹിച്ചിരുന്നത് ശ്രീ കോര മത്തായി പ്ലാക്കാട്ടും, ഔസേപ്പ് തൊമ്മൻ കോയിപ്പുറവും ആയിരുന്നു. അതോടൊപ്പം തന്നെ രാക്കുളി തിരുനാളിനും മറ്റ് തിരുനാളുകൾക്കും തോമ്മാശ്ലീഹായുടെ തിരുസ്വരൂപത്തിങ്കൽ നിൽക്കുവാനുള്ള അവകാശവും ഇവർക്കായിരുന്നു. മുത്തോലി പള്ളിയുടെയും അതുപോലെ പള്ളിയോട നുബന്ധിച്ചുള്ള നാനാവിധ പ്രവർത്തനങ്ങൾക്കും ശ്രീ കോര മത്തായിയു ടെ സേവനം എടുത്തു പറയേണ്ടതാണ്, ശ്രീ കോര മത്തായി 1969 ഒക് ടോബർ 29-നും ശ്രീമതി അന്നമ്മ 1951 ജൂൺ 8-നും നിര്യാതരായി.



പ്ലാക്കാട്ട് കുര്യാക്കോസും ഭാര്യ അച്ചാമ്മയും മകൾ മേരിയും.

## $1B_1a$ മത്തായി മകൾ മറിയാമ്മ

മറിയാമ്മയെ കരൂർ ഞാവള്ളിൽ പനമറ്റത്തിൽ ചാക്കോ വിവാഹം ചെയ്ത് ഇപ്പോൾ പേരാമ്പ്രയ്ക്കടുത്ത് ചക്കിട്ടപാറ എന്ന സ്ഥലത്ത് താമ സിക്കുന്നു. ഇവർക്ക് വക്കച്ചൻ, മാത്യു, ജോസഫ്, തോമസ്സ്, കുട്ടിയച്ചൻ, റ്റോമി, വത്സ, ഡോളി എന്നീ എട്ട് പുത്രീപുത്രന്മാർ ഉണ്ട്. ചാക്കോ 82-ാം വയസ്സിൽ 20-11-9-ൽ നിര്യാതനായി. റ്റോമി പേരാമ്പ്ര ബ്ലോക്ക് വൈ സ്പ്രസിഡൻെറും കോൺഗ്രസിൻെറ ഒരു സജീവപ്രവർത്തകനുമാണ് വക്കച്ചൻ ചെറുപുഴയും മാത്യു ആലക്കോടും ജോസഫ് പേരാമ്പ്ര ചക്കിട്ട പാറയും തോമസും കുട്ടിച്ചനും ആലക്കോട്ടും റ്റോമി പേരാമ്പ്ര ചക്കിട്ടു പാറ തറവാട്ടിലും താമസിക്കുന്നു. വൽസ കോഴിക്കോട്ടും ഡോളി വിലങ്ങാട്ടും താമസിക്കുന്നു.

## $1B_1b$ മത്തായി മകൻ കുര്യക്കോസ് (പാപ്പച്ചൻ)

മത്തായിയുടെ മക്കളിൽ രണ്ടാമത്തെ ആളായ പാപ്പച്ചൻ പാലാ വരിക്കമാക്കൽ നിന്നും അച്ചാമ്മയെ വിവാഹം ചെയ്തു, ചുങ്കപ്പാറയ്ക്കടുത്ത് പെരുമ്പട്ടി എന്ന സ്ഥലത്ത് താമസമാക്കി. അതിനുശേഷം തളിപ്പറമ്പിനടുത്ത് വിളക്കന്നൂർ എന്ന സ്ഥലത്ത് താമസിക്കുന്നു. ഇവർക്ക് മാത്യുസ്, ചിന്നമ്മ, ജോർജ്ജ്, മേരി, തോമസ്സ്, ആലീസ്, തങ്കച്ചൻ, ലൂസ്സി, ജാകി ലിൻ എന്നീ ഒമ്പത് പുത്രീ പുത്രന്മാർ ഉണ്ടായി. ശ്രീ. പാപ്പച്ചൻ 2002 ഒക്ടോബർ 31-ാം തീയതി നിര്യാതനായി.



മാത്യുസും ഭാര്യ സെലിനും.





## കുര്യാക്കോസ് മകൻ മാത്യൂസ്


പാപ്പച്ചൻെറ മൂത്തപുത്രൻ മാത്യു കടയിനിക്കാട് ചെല്ലന്തറയിൽ നിന്നും സെലിനെ വിവാഹം ചെയ്തു. മലബാറിൽ തളിപ്പറമ്പിനടുത്ത് പടപ്പെങ്ങാട്ട് താമസിയ്ക്കുന്നു. ഇവർക്ക് സിറിൾ, ക്രിസ് പിൻ, ജോൺസൺ എന്നീ മൂന്ന് ആൺമക്കൾ ഉണ്ട്. ഇവർ വിദ്യാർത്ഥികളാണ്.

## കുര്യാക്കോസ് മകൾ ചിന്നമ്മ

കുര്യാക്കോസ് മകൾ ചിന്നമ്മ തിരുഹൃദയ മഠത്തിൽ ചേർന്ന് സി. വിമല എന്ന പേര് സ്വീകരിച്ച് തലശ്ശേരി രൂപതയിൽ പുലിക്കുരുമ്പ എന്ന സ്ഥലത്ത് സേവനം ചെയ്യുന്നു.

## കുര്യാക്കോസ് മകൻ ജോർജ്ജ്

കുര്യാക്കോസിൻെറ മക്കളിൽ മൂന്നാമത്തെ ആളായ ജോർജ്ജ് പുന്നത്തറ കാവനാൽ കുടുംബാംഗമായ ലീലാമ്മയെ വിവാഹം ചെയ്ത് കർണ്ണാടകത്തിൽ കുന്ദാപുരം എന്ന സ്ഥലത്ത് താമസിക്കുന്നു. ഫസ്റ്റ് റാങ്കിൽ എം.എ. ബിരുദം നേടിയ ശേഷം ന്യൂനപക്ഷാവകാശങ്ങളെക്കുറിച്ചു ള്ള ഗവേഷണത്തിൽ ഡോക്ടറേറ്റ് ബിരുദം നേടി കുന്താപൂർ കോളേജിൽ പ്രൊഫസറായി ജോലിനോക്കി. അടുത്തകാലത്ത് ജോലി രാജിവെച്ചശേഷം സിസ എന്ന അന്തർദേശീയ സാമൂഹ്യസേവനസംഘടനയുടെ ട്രസ്റ്റ് മെമ്പറായി



ഡോ. ജോർജ്ജ് പ്ലാക്കാട്ടും ഭാര്യ പ്രൊഫ. ലീലാമ്മയും.

മുഴുവൻ സമയ സാമൂഹ്യസേവന പ്രവർത്തനം നടത്തു ന്നു. ഈ സംഘടന ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായി 500-ൽ അധിക വിദ്യാർത്ഥികളെ സാമ്പത്തികമായും മറ്റും സഹായിക്കുന്നുണ്ട്. ഭാ ലീലാമ്മ കോളേജ് പ്രൊഫസറാണ്. സന്തോഷ്, സിന്ധു എന്ന് രണ്ട് മക്കളുണ്ട്. സന്തോഷ് കമ്പ്യൂട്ടർ എൻജിനീയറായി ഹിന്ദുജാകമ്പനിയിൽ ജോലി ചെയ്യുന്നു. സിന്ധു എൻജിനീയറിം വിദ്യാർത്ഥിനിയാണ്.

## കുര്യാക്കോസ് മകൾ മേരി

മക്കളിൽ നാലാമത്തെ ആളായ മേരി മാതാപിതാക്കളോടൊപ്പം വീട്ടിൽ താമസിക്കുന്നു.

## കുര്യാക്കോസ് മകൻ തോമസ്

മക്കളിൽ അഞ്ചാമത്തെ ആളായ തോമസ് തീക്കോയി മുതുകാ ട്ടിൽ നിന്നും എൽസിയെ വിവാഹം ചെയ്ത് നിലമ്പൂരിനടുത്ത് ഇടിവണ്ണയിൽ താമസിക്കുന്നു. രണ്ടുപേരും ഹൈസ്ക്കൂൾ അദ്ധ്യാപകരാണ്. ഇവർക്ക് കവിത, കല, കാഞ്ചന എന്നീ മൂന്ന് പെൺകുട്ടികൾ ഉണ്ട്. കവിത ഇൻഡോറിൽ ബി.എസ്.സി നഴ്സിങ് വിദ്യാർത്ഥിനിയാണ്. കലയും കാഞ്ചനയും വിദ്യാർത്ഥിനികളാണ്.

## കുര്യാക്കോസ് മകൾ ആലീസ്

കുര്യാക്കോസിൻെറ മക്കളിൽ ആറാമത്തെ ആളായ ആലീസിനെ ചാണകക്കുണ്ടിൽ തേക്കുംപറമ്പിൽ മാത്തുക്കുട്ടി വിവാഹം ചെയ്ത് ചാണകക്കുണ്ടിൽ താമസിക്കുന്നു. ഇവർക്ക് ഷാൻറി, ഷിൻേറാ, ഷിബിൻ എന്നീ മൂന്ന് കുട്ടികളുണ്ട്.

## കുര്യാക്കോസ് മകൻ തങ്കച്ചൻ

മക്കളിൽ ഏഴാമത്തെ ആളായ തങ്കച്ചൻ കരുവഞ്ചാലിൽ തട്ടുങ്കൽ ജോസഫ് മകൾ മോളിയെ വിവാഹം ചെയ്ത് തളിപ്പറമ്പിനടുത്ത് വിള ക്കന്നൂരിൽ താമസിക്കുന്നു. തങ്കച്ചൻ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു. ഇവർക്ക് മിഥുൻ, ചിഞ്ചു എന്നീ രണ്ട് കുട്ടികളുണ്ട്.

## കുര്യാക്കോസ് മകൾ ലൂസ്സി

മക്കളിൽ എട്ടാമത്തെ ആളായ ലൂസ്സിയെ ഇരിട്ടി കരിക്കോട്ടക്കരിയിൽ കണ്ടത്തിൽ ബന്നി വിവാഹം ചെയ്തു. ഇവർക്ക് ബറ്റി, ബിൻസി എന്നീ രണ്ട് കുട്ടികളുണ്ട്. ലൂസ്സി ഇപ്പോൾ കരിക്കോട്ടക്കരി പഞ്ചായത്ത് മെമ്പറാണ്.

## കുര്യാക്കോസ് മകൾ ജാക്വലിൻ

കുര്യാക്കോസിൻെറ ഇളയപുത്രി ജാക്വലിനെ കുടിയാൻമല കിഴക്കേക്കര കുട്ടിച്ചൻ വിവാഹം ചെയ്തു. കുടിയാൻമലയ്ക്കടുത്ത് പൊട്ടൻ പ്ലാവിൽ താമസിക്കുന്നു. ഇവർക്ക് നീതു, നിതിൻ എന്നീ രണ്ട് കുട്ടികൾ ഉണ്ട്.



## ...c ഫാ. ക്രിസ്റ്റ്യൻ പ്ലാക്കാട്ട് സി.എം.ഐ

(...ചറിയാച്ചൻ)

പ്ലാക്കാട്ട് മത്തായി അന്നമ്മ ദമ്പതികളുടെ മക്കളിൽ രണ്ടാമനായ ...ചറിയാച്ചൻ 1923 ഡിസംബർ 4-ാം തീയതി ഭുജാതനായി. ...ത്തോലിയിലെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം പാലാ സെൻറ് തോമസ്സ് ഹൈസ്ക്കൂളിൽ നിന്നും എസ്.എസ്.എൽ.സി പാസ്സായി. തുടർന്ന് മാന്നാനത്ത് വൈദിക വിദ്യാർത്ഥിയായി പഠനം ആരംഭിച്ചു. 1953 ഡിസംബർ 8-ാം തീയതി അത്യുന്നത കർദ്ദിനാൽ ട്രിസ്റ്ററൻറ് തിരുമേനിയിൽ നിന്നും മംഗലപ്പുഴ സെമിനാരിയിൽ വെച്ച് പൗരോഹിത്യം സ്വീകരിച്ച് ഫാ. ക്രിസ്റ്റ്യനായി മാറി.

## ...ന്ദാമിഷനും ഫാ. ക്രിസ്റ്റ്യനും.

പുരോഹിതനായശേഷം പൂഞ്ഞാർ കൊവേന്തയിൽ പ്രൊക്കുറേറ്റർ പദവിയാണ് അദ്ദേഹത്തെ ആദ്യമായി തേടി എത്തിയത്. തുടർന്ന് ...ളിക്കുന്ന് കൊവേന്തയിൽ സ്ക്കൂൾ അഡ്മിനിസ്ട്രേറ്ററായി. 1955-ൽ മാന്നാനത്ത് യോഗാർത്ഥികളുടെ ലത്തീൻ ഭാഷാ അദ്ധ്യാപകനായും സേവനം ചെയ്തിട്ടുണ്ട്.

"നിങ്ങൾ പോയി സകലജാതികളെയും എൻെറ സുവിശേഷം അറിയിക്കുക" എന്ന യേശുനാഥൻെറ വചനം ശിരസാവഹിച്ച് 1956 മെയ് മാസത്തിൽ സഭാധികാരികളുടെ നിർദ്ദേശാനുസരണം മദ്ധ്യപ്രദേശത്തുള്ള റെയ്ഗാർ-അംബികപൂർ രൂപതയിൽ മിഷ്യൻ പ്രവർത്തനങ്ങൾക്കായി അദ്ദേഹം പുറപ്പെട്ടു. അക്കാലത്ത് കേരളത്തിനു വടക്കുള്ള സഭാപ്രവർത്തനങ്ങൾ ലത്തീൻ റീത്തുകാർക്ക് മാത്രം അവകാശപ്പെട്ടതായിരുന്നു. പോർട്ടു ഗീസുകാരുടെ വരവോടെ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കുണ്ടായിരുന്ന പല അവകാശങ്ങളും നിഷേധിക്കപ്പെട്ടിരുന്നു. ഈ വ്യവസ്ഥിതിക്ക് മാറ്റം സംഭവിക്കുന്നത് 1955 നോടടുത്താണ്. അന്ന് റെയ്ഗാർ- അംബികപൂർ രൂപയതുടെ അദ്ധ്യക്ഷനായിരുന്ന റൈറ്റ് റവ. ഡോ. ഓസ്കാർ സെവിൽ തൻെറ രൂപതയിലേയ്ക്ക് സി.എം. ഐ സഭയിൽ നിന്നും വൈദിക മിഷനറിമാരെ ആവശ്യപ്പെട്ടു. അങ്ങനെ സി.എം.ഐ സഭയിൽ നിന്നും ആദ്യമായി അയക്കപ്പെട്ട അഞ്ചു മിഷനറിമാരിൽ ഒരാളാണ് ക്രിസ്റ്റ്യനച്ചൻ.

വിദ്യാവിഹീനരായ ആദിവാസികളുടെയും ദളിത് ജാതിക്കാരുടെ യുമിടയിൽ മിഷൻപ്രവർത്തനം നടത്തുന്നതിനായി ഹിന്ദി, ഉറാവ് ഭാഷ കൾ ക്രിസ്റ്റ്യനച്ചൻ പഠിച്ചു. ഭോപ്പാൽ ആർച്ചു ബിഷപ്പായിരുന്ന പാസ്കൽ ടൊപ്പാനോയുടെ വാക്കുകൾ കടമെടുക്കട്ടെ. "ക്രിസ്റ്റ്യനച്ചൻെറ കഠിനാദ്ധ്വാനവും ആത്മാർത്ഥതയും ഇവിടുത്തെ ജനങ്ങൾ ആദരിക്കുന്നു. അദ്ദേഹം ഇവിടെ ഉണ്ടായിരുന്ന കാലം ഇന്നും മനസ്സിൽ സന്തോഷം ജനിപ്പിക്കുന്നതാണ്." ആദ്യമെത്തിയ

അഞ്ചു മിഷനറിമാരും പതിനാലു വർഷം അവിടെ സേവനമനുഷ്ഠിച്ചശേഷം തിരികെപോന്നു. ഇത് സി.എം.ഐ സഭയുടെ ധീരമായ ഒരു കാൽവയ്പായിരുന്നു

സി.എം.ഐ സഭയ്ക്കും വിശിഷ്യ സീറോമലബാർ സഭക്കു മിഷൻപ്രവർത്തനം നടത്തുന്നതിന് സഹായകരമായി തീർന്ന ഒന്നായിരു ന്നു 1962-ലെ ഛാന്ദാരൂപതയുടെ സ്ഥാപനം. ക്രിസ്റ്റ്യനച്ചൻ 1969-ലാണ് ഛാന്ദാരൂപതയിലെത്തിയത്. ഛാന്ദാരൂപതയുടെ ബിഷപ്പായിത്തീരുന്നതിനു മുമ്പ് മോൺസിഞ്ഞോറായി പ്രവർത്തിച്ച ജനുവാരിയൂസ് പാലാതുരുത്തി സി.എം.ഐയുടെ താൽപര്യമനുസരിച്ചാണ് അച്ചൻ അവിടെയെത്തിയത്. നിരാലംബരും നിരക്ഷരരുമായ ആദിവാസികളുടെയിടയിൽ പ്രവർത്തിക്കുന്നതിന് സർക്കാരിന് അശേഷം താൽപര്യമുണ്ടായിരുന്നില്ല. സുവിശേഷ പ്രചരണത്തിന് സാധ്യത അന്വേഷിച്ച ക്രിസ്റ്റ്യനച്ചൻ അതിനു വഴികണ്ടെത്തി. തൻെറ ആദ്യകാല പ്രവർത്തനകേന്ദ്രമായിരുന്ന റെയ്ഗാർ-അംബികപൂർ രൂപതയിൽ നിന്നും ആദിവാസി കുടുംബങ്ങളെ ഈ പ്രദേശത്തുള്ള ആദിവാസികളുടെയിടയിൽ കൊണ്ടുവന്ന് അച്ചൻ പാർപ്പിച്ചു.

ഇട്ടാപ്പള്ളി പ്രദേശത്തെ മുന്നുറോളം ഗ്രാമങ്ങളിൽ ക്രിസ്തുവിനെ അറിയിക്കുവാൻ ക്രിസ്റ്റ്യനച്ചന് സാധിച്ചു. നാട്ടുകാരെല്ലാം അദ്ദേഹത്തെ ബഹുമാനപൂർവം ഫാദറെന്നാണ് വിളിച്ചിരുന്നത്. പതിനെട്ടു വർഷത്തെ ദീർഘമായ സേവനത്തിനു ശേഷം 1987-ൽ ആന്ധ്രായിലെ മഞ്ചേരിയായിലേയ്ക്ക് അദ്ദേഹം സ്ഥലം മാറി. അവിടെയുള്ള അനുധാവന നൊവിഷ്യേറ്റ് ഹൗസിൽ അഡ്മിനിസ്ട്രേറ്ററായും തുടർന്ന് വൊക്കേഷൻ പ്രമോട്ടറായും നിയമിച്ചു. പിന്നീട് നാലു വർഷക്കാലം ചാവറ പിതാവിൻെറ നാമകരണ നടപടികളുടെ വൈസ് പോസ്റ്റുലേറ്ററായി സേവനം ചെയ്തു. ഭോപ്പാലിലെ പൂർണ്ണോദയ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ബാംഗ്ലൂർ ധർമ്മാരാം കോളജ് എന്നിവിടങ്ങളിലും അദ്ദേഹം സേവനമനുഷ്ഠിച്ചു.

ഇപ്പോൾ ആലുവായിലെ ചാന്ദാപ്രോവിൻസിൻെറ കീഴിലുള്ള തൈയ്ക്കാട്ടുകര തേരാനൂർ ആശ്രമത്തിൽ വിശ്രമജീവിതം നയിക്കുന്നു.

## $1B_1d$ മത്തായി മക അച്ചാമ്മ

അച്ചാമ്മയെ മുത്തോലി തണ്ണിപ്പാറ സ്കറിയ മകൻ ചാണ്ടി വിവാഹം ചെയ്തു. ഇവർക്ക് ചെറിയാൻ, മാത്യു, കുഞ്ഞാപ്പച്ചൻ, മേരിക്കുട്ടി, ബേബി, വർക്കിച്ചൻ, ആൻസി, തോമസ്സ്കുട്ടി എന്നീ എട്ട് പുത്രീപുത്രന്മാർ ഉണ്ടായി. ചാണ്ടി അറിയപ്പെടുന്ന റബർ വ്യാപാരിയും ഒരു പ്ലാൻററും ആയിരുന്നു.





## $1B_1e$ മത്തായി മകൻ തോമസ്സ്

മത്തായിയുടെ മക്കളിൽ അഞ്ചാമത്തെ ആളായ തോമസ്സ് മേവിട ഐക്കരയിൽ ജോസഫിൻെറ മകൾ അന്നക്കുട്ടിയെ വിവാഹം ചെയ്തു. ഇപ്പോൾ ഇവർ മലബാറിൽ ആലക്കോട്ടു താമസിക്കുന്നു.



പ്ലാക്കാട്ട് തോമസ്സും ഭാര്യ അന്നക്കുട്ടിയും.

ശ്രീ തോമസ്സും സഹോദരന്മാരും 1957-ൽ മലബാറിൽ കുടിയേറിയ ആദ്യകാല കർഷ കരാണ്. യാതൊരു യാത്രാസൗകര്യവുമില്ലാത്ത കാലത്ത് മലബാറിലെ വടക്കേയറ്റമായ ആലക്കോട്ട് ദേഹണ്ഡം നടത്തുകയെന്നത് ഒരു സാഹസം തന്നെ ആയിരുന്നു. മഴയോടും മലമ്പനിയോടും ചെറുത്തുനിന്ന് തൻെറ ദൗത്യം പൂർത്തിയാക്കിയ ഒരു നല്ല കർഷകനും കലാസാംസ്കാരിക രംഗങ്ങളിൽ നാട്ടിലും, മലബാറിലും അറിയപ്പെട്ട ഒരാളുമായിരുന്നു ശ്രീ. തോമസ്സ്. അദ്ദേഹം 1988 ജനുവരി 22-ന് നിര്യാതനായി. അദ്ദേഹത്തിൻെറ സ്മരണക്കായി ആലക്കോട്ട് മനോഹരമായ ഒരു വായനശാലാമന്ദിരം പഞ്ചായത്തിൽനിന്നും നിർമ്മിച്ചിട്ടുണ്ട്. ശ്രീ. തോമസ്സ്-അന്നക്കുട്ടി ദമ്പതികൾക്ക് കുഞ്ഞാപ്പച്ചൻ, ബേബി, ഗ്രേസി, വത്സമ്മ, ടോമി, ജെസി, തങ്കച്ചൻ, വാവച്ചൻ എന്നീ എട്ട് പുത്രീപുത്രന്മാർ ഉണ്ടായി.

## തോമസ്സ് മകൻ കുഞ്ഞാപ്പച്ചൻ (ജോസഫ്)

ഉദയഗിരി പരിപ്പീറ്റത്തോട്ട് ചെറിയാൻെറ മകൾ വത്സമ്മയെ വിവാഹം ചെയ്ത് ആലക്കോട്ട് താമസിക്കുന്നു. ഇവർക്ക് ബിന്ദു, സിന്ധു, ഇന്ദു, മാർട്ടിൻ എന്നീ നാല് പുത്രീപുത്രന്മാർ ഉണ്ട്. മൂത്തപുത്രി ബിന്ദുവിനെ കാർത്തികപുരം വേലന്മാരുകുടിയിൽ ബന്നി വിവാഹം കഴിച്ചു. ഇവർക്ക് ആനന്ദ്, ആകാശ് എന്നീ രണ്ട് മകൾ ഉണ്ട്. മാർട്ടിൻ ആലക്കോട്ട് ബിസിനസ്സ് നടത്തുന്നു. സിന്ധുവും, ഇന്ദുവും വിദ്യാർത്ഥിനികളാണ്.

## തോമസ് മകൻ ബേബി (മാത്യു)

വെള്ളാട് മണ്ണൂർ ജോസഫ് മകൾ മേരിക്കുട്ടിയെ വിവാഹം കഴിച്ചു തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് സീന, ജിനോ, ജിബിൻ എന്നീ മൂന്ന് കുട്ടികൾ ഉണ്ട്. ബേബി ബിസിനസുകാരനാണ്.

## തോമസ് മകൾ ഗ്രേസി

ഗ്രേസിയെ മാനന്തവാടിയിൽ ഓലിക്കൽ വർഗ്ഗീസിൻെറ മകൻ ജോർജ്ജ് വിവാഹം കഴിച്ച് കൂത്തുപറമ്പിൽ താമസിക്കുന്നു. ജോർജ്ജ് കൂത്തുപറമ്പ് നിർമ്മ ലഗിരി കോളേജിൽ അദ്ധ്യാപകനാണ്. ഇവർക്ക് ജിൻസ്, ജിൻസി എന്നീ രണ്ട് മക്കളുണ്ട്. ഇവർ എൻജിനീയറിംഗ് വിദ്യാർത്ഥിനികളാണ്.

## തോമസ് മകൾ വത്സമ്മ

വത്സമ്മയെ മണിമല അഴകത്ത് ആൻറണിയുടെ മകൻ ചാക്കോച്ചൻ വിവാഹം ചെയ്ത് തളിപ്പറമ്പിൽ താമസിക്കുന്നു. ഇരുവരും ഹൈസ്ക്കൂൾ അദ്ധ്യാപകരാണ്. ഇവർക്ക് ബോണി, ബോബി, അനുജ എന്നീ മൂന്ന് മക്കൾ ഉണ്ട്. ഇതിൽ ബോണി എൻജിനീയറിംഗ് വിദ്യാർത്ഥിയാണ്.

## തോമസ് മകൻ ടോമി

ടോമി അവിവാഹിതനായി സഹോദരൻ ബേബിയോടൊപ്പം തറവാട്ടിൽ താമസിക്കുന്നു.

## തോമസ് മകൾ ജെസി

ജെസിയെ തളിപ്പറമ്പിനടുത്ത് കാലിക്കടവ് പ്ലാത്തോട്ടത്തിൽ ലൂക്കാച്ചൻെറ മകൻ ജോസ് വിവാഹം ചെയ്ത് കാലിക്കടവിൽ താമസിക്കുന്നു. ഇദ്ദേഹം സൈ നികസേവനത്തിൽ നിന്നും വിരമിച്ച ആളാണ്. ഇവർക്ക് ജിസ്, ജിൻസ് എന്നീ രണ്ട് കുട്ടികൾ ഉണ്ട്.





## തോമസ് മകൻ തങ്കച്ചൻ

തങ്കച്ചൻ വെള്ളാട് വെളുത്തേടത്ത്കാട്ടിൽ ഫിലിപ്പ് മകൾ മോളിയെ വിവാഹം കഴിച്ച് കുട്ടാപറമ്പിൽ താമസിക്കുന്നു. ഇവർക്ക് ടിൻറു, ജിൻേറാ, ആൽബിൻ എന്നീ മൂന്ന് മക്കളുണ്ട്. ഇവർ വിദ്യാർത്ഥികളാണ്.

## തോമസ് മകൻ വാവച്ചൻ


വാവച്ചൻ കുറ്റിയാടി വെട്ടിക്കൽ പാപ്പച്ചൻെറ മകൾ വിൻസിയെ വിവാഹം ചെയ്ത് കരുവഞ്ചാലിൽ താമസിച്ചു. ഇവർക്ക് ടോണി, സോനു എന്നീ രണ്ട് മക്കളുണ്ട്. വിൻസി 1998 ഏപ്രിൽ 8-നും വാവച്ചൻ 2000 ജനുവരി 11-നും നിര്യാതരായി. കുട്ടികൾ വല്യമ്മയായ അന്നക്കുട്ടിയോടൊപ്പം കുട്ടാ പറമ്പിലുള്ള തറവാട്ടിൽ താമസിച്ചു പഠിക്കുന്നു.

## $1B_1f$ മത്തായി മകൾ കുട്ടിയമ്മ (ത്രേസ്യാ)

കുട്ടിയമ്മ തിരുഹൃദയമഠത്തിൽ ചേർന്ന് സി. ലിസ്യൂ മേരി എന്ന പേരു സ്വീകരിച്ചു. അദ്ധ്യാപികയായും പ്രധാനാദ്ധ്യാപികയായും താമരശ്ശേരി രൂപതയിൽ ജോലി ചെയ്തതിനു ശേഷം ജോലിയിൽനിന്നും വിര മിച്ച് ഇപ്പോൾ കോഴിക്കോട് എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ വിശ്ര മജീവിതം നയിക്കുന്നു. ബ. സിസ്റ്റർ കൂരാച്ചുണ്ട്, കല്ലാനോട്, തിരൂർ, കുളിരാമുട്ടി എന്നീ സ്ഥലങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

## $1B_1g$ മത്തായി മകൻ ജോസഫ് (ഔസേപ്പച്ചൻ)

ഔസേപ്പച്ചൻ ചുങ്കപ്പാറ കോട്ടാങ്കൽ കലയത്തുംമുറിയിൽ തോമസിൻെറ മകൾ തങ്കമ്മയെ വിവാഹം ചെയ്ത് ഇപ്പോൾ ആലക്കോടി നടുത്ത് ചാണകകുണ്ടിൽ താമസിക്കുന്നു. ഇവർക്ക് സണ്ണി, ലൂസ്സി, കുട്ടിയച്ചൻ, തോമാച്ചൻ, സുബി എന്നീ അഞ്ച് പുത്രീപുത്രന്മാർ ഉണ്ട്. ഔസേപ്പച്ചൻ 1989 ഒക്ടോബർ 19-ാം തീയതി നിര്യാതനായി. ഔസേപ്പച്ചൻ തൻെറ സഹോദരന്മാരോടൊപ്പം 1957-ൽ മലബാറിൽ ആലക്കോട്ട് കുടിയേറിയ ഒരു ആദ്യകാല കുടിയേറ്റ കർഷകനാണ്. അതിനുശേഷം ആലക്കോട്ടു നിന്നും ചാണകക്കുണ്ടിൽ സ്ഥലം വാങ്ങി അങ്ങോട്ട് സ്ഥലം മാറി താമസിച്ചു. അദ്ദേഹത്തിൻെറ നിരന്തരമായ പരിശ്രമത്തിൻെറ ഫലമായി തരിശുഭൂമികൾ എല്ലാം നല്ല വിളഭൂമികൾ ആക്കി മാറ്റുന്നതിന് സാധിച്ചു.



ജോസഫ് പ്ലാക്കാട്ട്



പ്ലാക്കാട്ട് സണ്ണിയും കുടുംബാംഗങ്ങളും മാതാവ് തങ്കമ്മയോടും പിതൃസഹോദരൻ ഫാ.ക്രിസ്റ്റ്യൻ പ്ലാക്കാട്ടിനോടുമൊപ്പം.

## മൂത്തയാളായ സണ്ണി

സണ്ണി പെരുമ്പടവ് മുടയാനിക്കൽ ചാക്കോ മകൾ എൽസിയെ വിവാഹം ചെയ്ത് ചാണകകുണ്ടിൽ താമസിക്കുന്നു. ഇവർക്ക് ഷീജ, ഷൈജു, ഷൈനി എന്നീ മൂന്ന് മക്കൾ ഉണ്ട്. സണ്ണിയു ടെ മൂത്തപുത്രി ഷീജയെ കുട്ടാപറമ്പ് മണ്ണൂർ കുഞ്ഞച്ചൻെറ മകൻ ഡാൽമി വിവാഹം ചെയ്ത് കുട്ടാപറമ്പിൽ താമസിക്കുന്നു. മറ്റുള്ളവർ വിദ്യാർത്ഥി കളാണ്.

## ഔസേപ്പച്ചൻെറ മക്കളിൽ രണ്ടാമത്തെ ആളായ ലൂസി

ലൂസിയെ മേപ്രക്കാവിൽ ജോർജ്ജ് വിവാഹം ചെയ്ത് കുട്ടാപ്പറമ്പിൽ താമസിക്കു ന്നു. ഇവർക്ക് ഷൈൻ, രമ്യ, സൗമ്യ എന്നീ മൂന്ന് മക്കളുണ്ട് ഇവരിൽ ഷൈൻ 20-ാമത്തെ വയസ്സിൽ 2001-ൽ നിര്യാതനായി. രമ്യയും, സൗമ്യ യും വിദ്യാർത്ഥികളാണ്.

## ഔസേപ്പച്ചൻെറ മൂന്നാമത്തെ പുത്രനായ കുട്ടിയച്ചൻ

കുട്ടിയച്ചൻ 12-ാമത്തെ വയസ്സിൽ നിര്യാതനായി.





## ഔസേപ്പച്ചൻെറ നാലാമത്തെ പുത്രനായ തോമാച്ചൻ

വിമലശ്ശേരി ചെട്ടിയാകുന്നേൽ ജോസഫ് മകൾ ലിസ്സിയെ വിവാഹം ചെയ്ത് ചാണകക്കുണ്ടിൽ തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് ജിൻേറാ, മനു, അമ്പിളി എന്നീ മൂന്ന് പുത്രീപുത്രന്മാർ ഉണ്ട്. ഇവർ വിദ്യാർത്ഥികളാണ്. ഔസേപ്പച്ചൻെറ മക്കളിൽ അഞ്ചാമത്തെ ആളായ മോളി(സുബി)യെ കുടിയാന്മല മണ്ണാപറമ്പിൽ ബേബി വിവാഹം കഴിച്ച് കുടിയാന്മലയിൽ താമസിക്കുന്നു. ഇവർക്ക് പ്രതിഭ, വീണ, അക്ഷയ എന്നീ മൂന്ന് കുട്ടികൾ ഉണ്ട്, ഇവർ വിദ്യാർത്ഥികളാണ്.

## $1B_1h$ മത്തായി മകൻ മാത്യു (അപ്പച്ചി)

പ്ലാക്കാട്ട് മത്തായിയുടെ മക്കളിൽ ഇളയ ആളായി 1939 ജൂലായ് 10-ന് മാത്യു ജനിച്ചു. ഭരണങ്ങാനത്ത് ചൊവ്വാറ്റുകുന്നേൽ ദേവസ്യാ-ബ്രിജീത്താ മകൾ ചാച്ചിയമ്മയെ (അന്ന) വിവാഹം കഴിച്ച് മുത്തോലിയിൽ പ്ലാക്കാട്ട് തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് ആൻസി, ജോയിച്ചൻ, ജെസ്സി, റോയി, വിൻസി ഡെൻസി എന്നീ ആറു മക്കൾ ഉണ്ട്. ശ്രീ മാത്യു അറിയപ്പെടുന്ന ഒരു രാഷ്ട്രീയ



പ്ലാക്കാട്ട് മാത്യുവും കുടുംബവും.

സാമൂഹിക പ്രവർത്തകനാണ്. നാഗനൂലിൽ മണ്ണൂർ കുടുംബത്തിന്റെ ചരിത്രരചനാ കമ്മിറ്റി പ്രസിഡന്റും ഏറകോന്നി കുടുംബയോഗത്തിന്റെ വൈസ്പ്രസിഡന്റും ആണ്. എ.കെ.സി.സി മുത്തോലി ശാഖാ പ്രസിഡന്റായും പാലാ രൂപത ട്രഷററായും ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്.

വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ നേതൃത്വ നിരയിലുണ്ടായിരുന്ന മാത്യു മുത്തോലിയിൽ കെ.എസ്.യു സംഘടിപ്പിക്കുന്നതിനു വേണ്ടി മുൻനിരയിൽ നിന്നു പ്രവർത്തിച്ചു. 1959-ലെ വിമോചന സമരത്തിൽ ഒരു മാസം തുടർച്ചയായി പുലിയന്നൂർ വില്ലേജ് ഓഫീസ് പിക്കറ്റിംഗിന് മാത്യു നേതൃത്വം നൽകി.

ഇ.എം.എസ് സർക്കാരിനെ കേന്ദ്രഗവൺമെന്റ് പിരിച്ചുവിട്ടെങ്കിലും തുടർന്നു വന്ന കോൺഗ്രസ് സർക്കാർ കർഷ വിരുദ്ധനയങ്ങൾ സ്വീകരിച്ചു. ഇതിനെതിരെ നടന്ന സമരത്തിൽ സജീവമായി ഇദ്ദേഹം പങ്കെടുത്തു. മലനാട് കർഷകയൂണിയൻ സെൻട്രൽ കമ്മറ്റി മെംബറായും മാത്യു പ്രവർത്തിച്ചിരുന്നു. കേരള കോൺഗ്രസ്സ് ജന്മംകൊണ്ടപ്പോൾ മുതൽ മാത്യു സജീവപ്രവർത്തകനാണ്.

എ.കെ.സി.സിയിലുള്ള പ്രവർത്തനങ്ങൾക്കു പുറമെ സാമുദായി കരംഗത്തും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. മുത്തോലി പള്ളി പുതുക്കി പണിത കാലഘട്ടത്തിൽ അന്നത്തെ വികാരിയായിരുന്ന റവ. ഫാ.കുര്യാക്കോസ് പാങ്ങോട്ടിലിനൊപ്പം ഇദ്ദേഹം അക്ഷീണം യത്നിച്ചു. മാത്യുവിന്റെ കൂട്ട് കൈക്കാരന്മാർ ജോയി മണ്ഡപത്തിൽ, ജോസഫ് മാണി തൊടുക, പോത്തൻ തോമസ്സ് ഞാറ്റുകാലക്കുന്നേൽ എന്നിവരായിരുന്നു. മുത്തോലി എസ്.ജി ആർട്സിന്റെ സജീവ പ്രവർത്തകനായി പ്രവർത്തിച്ചിട്ടുണ്ട്. മുത്തോലി സെ. ജോർജ്ജ് വായനശാലയുടെ പ്രസിഡന്റായി ദീർഘനാൾ സേവനം ചെയ്തിട്ടുണ്ട്. ഏകദേശം 35 വർഷം മുമ്പ് മുത്തോലിയിൽ വൈദ്യുതി വരുത്തുന്നതിൽ ശ്രീ മാത്യു വഹിച്ച പങ്ക് എടുത്തുപറയത്തക്കതാണ്. നാട്ടുകാർ ആദരപൂർവം അദ്ദേഹത്തെ അപ്പച്ചി എന്നാണു വിളിക്കുന്നത്.

നാഗനൂലിൽ-മണ്ണൂർ ചരിത്രരചനയ്ക്ക് ശ്രീ. മാത്യു ചെയ്ത ത്യാഗവും സേവനവും എത്രമാത്രം വർണ്ണിച്ചെഴുതിയാലും അധികമാവുകയില്ല.





## മാത്യു മകൾ ആൻസി

ആൻസിയെ വെള്ളിയാമറ്റത്ത് മൈലാടൂർ തോമസിന്റെ മകൻ ബേബിച്ചൻ വിവാഹം ചെയ്ത് വെള്ളിയാമറ്റത്ത് താമസിക്കുന്നു. ഇവർക്ക് അനിറ്റ, ടിനു, എബിൻ എന്നീ മൂന്ന് മക്കളുണ്ട്. മൂവരും വിദ്യാർത്ഥികളാണ്.

## മാത്യു മകൻ ജോയിച്ചൻ

ജോയിച്ചൻ അരുവിത്തുറ വാളി പ്ലാക്കൽ അപ്പച്ചന്റെ മകൾ സുജയെ വിവാഹം കഴിച്ച് മൂലമറ്റത്ത് താമസിക്കുന്നു. ഇവർക്ക് അനുജ, മാത്യൂസ് എന്നീ രണ്ട് മക്കൾ ഉണ്ട്. ഇവർ വിദ്യാർത്ഥികളാണ്.



പ്ലാക്കാട്ട് ജോയിച്ചനും കുടുംബവും.

## മാത്യു മകൾ ജെസി

ജെസിയെ ചെങ്ങളത്ത് കുറ്റിക്കാട്ട് തോമസിന്റെ മകൻ ടോമി വിവാഹം ചെയ്ത് ചെങ്ങളത്ത് തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് ജിൻേറാ എന്ന ഒരാൺകുട്ടിയുണ്ട്.

## മാത്യു മകൻ റോയി

റോയി കാഞ്ഞിരപ്പള്ളി കരിപ്പാപ്പറമ്പിൽ തോമസിന്റെ മകൾ ഷാൻറിയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് രോഷൻ, രേഷ്മ എന്നീ രണ്ട് കുട്ടികൾ ഉണ്ട്.

## മാത്യു മകൾ വിൻസി

വിൻസി സി.എം.സി സഭയിൽ ചേർന്ന് 16-4-91-ൽ സി. മെർലിറ്റ് എന്ന പേരിൽ സഭാവസ്ത്രം സ്വീകരിച്ചു. ഇപ്പോൾ ചാന്ദാ മിഷനിൽ സേവനം ചെയ്യുന്നു.

## മാത്യുവിൻെറ മക്കളിൽ ആറാമത്തെ ആളായ ഡെൻസി

ഡെൻസിയെ പ്രവിത്താനത്ത് പുല്ലാന്തനാൽ ഫിലിപ്പിൻെറ മകൻ കുഞ്ഞുമോൻ വിവാഹം കഴിച്ച് ഇപ്പോൾ മോനിപ്പള്ളി അടുത്ത് ആലപുരത്ത് താമസിക്കുന്നു. ഇവർക്ക് ആൽഫിൻ, ഫിലിപ്പ്, അനുജ എന്നീ മൂന്ന് മക്കൾ ഉണ്ട്.

## $1B_2$ കോര മകൻ തോമസ് (ഫാ.തോമസ് പ്ലാക്കാട്ട്)

ബഹുമാനപ്പെട്ട തോമാച്ചൻ 1898 ജൂലൈ 10-ാം തീയതി പ്ലാക്കാട്ട് കോര-മറിയം ദമ്പതികളുടെ രണ്ടാമത്തെ പുത്രനായി ജനിച്ചു. മുത്തോലി സെൻെറ് ജോർജ്ജ് എൽ. പി സ്കൂളിൽ ആദ്യത്തെ വിദ്യാർത്ഥിയായി ചേർന്ന് പ്രാഥമികവിദ്യാഭ്യാസവും പിന്നീട് ചങ്ങനാശ്ശേരിയിൽ ഹൈസ്കൂൾ വിദ്യാ ഭ്യാസവും പൂർത്തിയാക്കി.

സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം വൈദികപഠനത്തിന് മംഗലപ്പുഴ സെമിനാരിയിൽ ചേരുകയും 1927 ഡിസംബർ 21-നു വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു. ചെറുപ്പം മുതൽതന്നെ തോമാച്ചൻ തൻെറ ജീവിത വൃത്തിയുടെ പരിശുദ്ധിയും പരിപാവനതയും കാത്തുസൂക്ഷിക്കു ന്നതിൽ ശ്രദ്ധാലുവായിരുന്നു. ഇദ്ദേഹത്തിൻെറ മൈനർ സെമിനാരി പഠനകാലഘട്ടത്തിൽ സെമിനാരി നേരിട്ടു നടത്തിയതോ അഥവാ മറ്റേ തെങ്കിലും സംഘടന നടത്തിയതോ ആയ ഒരു ഭാഗ്യക്കുറി നറുക്കെടുപ്പി ലൂടെ 3000-രൂപാ ഒന്നാം സമ്മാനമായി ലഭിച്ചത് ആ കാലഘട്ടത്തിലെ കൗതുകകരമായ സംഭവമായിരുന്നു.

വൈദികനായി ആദ്യകാലഘട്ടത്തിൽ അരുവിത്തുറ, അതിരമ്പുഴ എന്നീ പള്ളികളിൽ അസേന്തിയായും പിന്നീട് വെട്ടിമുകൾ, ഇടമറുക്, തിടനാട്, തോടനാൽ, മണിമല, ചെങ്ങളം, കാഞ്ഞിരമറ്റം, തുടങ്ങനാട്, ചേർപ്പുങ്കൽ, കടുത്തുരുത്തി, വടകര, മുട്ടുചിറ, പ്രവിത്താനം എന്നീ പള്ളികളിൽ വികാരിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ ത്യാഗനിർഭരവും അസാധാരണവുമായ ഭരണപാടവം ഇടവകക്കാർ ഇന്നും പ്രകീർത്തിക്കാറുണ്ട്. കടുത്തുരുത്തി ടൗണിൽ ഇന്നു കാണുന്ന മനോഹരമായ കുരിശുപള്ളി ഇദ്ദേഹം നിർമ്മിച്ചതാണ്.





തോടനാൽ ഉണ്ണിമിശിഹായുടെ നാമത്തിൽ കാണുന്ന മനോഹരമായ പുതിയ ദേവാലയം അദ്ദേഹത്തിൻെറ കഠിനാദ്ധ്വാനത്തിൻെറ ഫലമായുണ്ടായതാണ്. അദ്ദേഹം ഒരു നല്ല വാഗ്മിയും, മികച്ച ഗായകനും ആയിരുന്നു. ഇദ്ദേഹത്തിൻെറ ജീവിതത്തിൻെറ സായംകാലം മുത്തോ ലിപള്ളിയിൽ സ്വന്തമായി പണികഴിപ്പിച്ച പള്ളിമേടയിൽ ആയിരുന്നു. 1977 ജൂൺമാസം 2-ാം തീയതി ഇഹലോകവാസം വെടിയുകയും മുത്തോലി പള്ളിയിൽ കബറടക്കം നടത്തുകയും ചെയ്തു.

## $1B_3$ കോര മകൾ ഏലി

കോരയുടെ മക്കളിൽ മൂന്നാമത്തെ ആളായ ഏലിയെ കോക്കപ്പുറത്ത് പോത്തൻെറ മകൻ ജോസഫ് (ഔത) വിവാഹം ചെയ്തു. ഇവർ ഔതയുടെ മാതൃഭവനം ആയ കരൂർ കയത്തിൻകരയിലാണ് താമസിച്ച ത്. ഇവർക്ക് തെയ്യാമ്മ, കുട്ടപ്പൻ, കുഞ്ഞൂഞ്ഞ്, തോമ്മാച്ചൻ, ഫിലിപ്പ് എന്നീ അഞ്ച് മക്കൾ ഉണ്ടായി. (കൂടുതൽ വിവരങ്ങൾക്ക് കോക്കപ്പുറം ശാഖ വായിക്കുക)

## $1B_4$ കോര മകൾ മറിയം

കോരയുടെ മക്കളിൽ നാലാമത്തെ ആളായ മറിയത്തിനെ (കുഞ്ഞാമി). മുത്തോലി കിഴക്കേനാഗനൂലിൽ മത്തൻ (ചീരാങ്കുഴി) തൻെറ ആദ്യഭാര്യ മരിച്ചു പോയശേഷം പുനർവിവാഹം ചെയ്ത് ചെറുകുന്നേൽ താമസമാക്കി. ഇവർക്ക് തോമസ്, കുര്യൻ, ജോസഫ്, മാത്യു, തെയ്യാമ്മ, മറിയാമ്മ, വക്കച്ചൻ, ദേവസ്യാച്ചൻ, ചാക്കോച്ചൻ, ഏലമ്മ എന്നീ പത്ത് മക്കൾ ഉണ്ടായി. (കൂടുതൽ വിവരങ്ങൾക്ക് കിഴക്കേനാഗനൂലിൽ ചെറുകു ന്നേൽ ശാഖ വായിക്കുക)

## $1B_5$ കോര മകൾ ത്രേസ്യ

ത്രേസ്യാ 1903 മാർച്ച് 8-ന് ജാതയായി. സി.എം.സി. സന്യാസ സഭയിൽ ചേർന്ന് സി. മേരി എന്ന പേരു സ്വീകരിച്ചു. 1925 ജൂൺ 19-ന് മുത്തോലി കർമ്മലീത്താമഠത്തിൽ ചേർന്നാണ് വ്രതവാഗ്ദാനം നടത്തിയ ത്. ബഹുമാനപ്പെട്ട സിസ്റ്റർ 1929 ജനുവരി 6-ന് 26-ാമത്തെ വയസ്സിൽ നിര്യാതയായി. മൃതദേഹം മുത്തോലിപ്പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## $1B_7$ കോര മകൾ ചിന്നമ്മ

കോരയുടെ മക്കളിൽ ഏറ്റവും ഇളയ ആളായ ചിന്നമ്മ 12-2-1912-ൽ ജനിച്ചു ഭരണങ്ങാനത്ത് മച്ചിയാനിക്കൽ ചാണ്ടി വിവാഹം ചെയ്തു. ഇവർക്ക് റോസമ്മ (സിസ്റ്റർ ജെയിൻ), ഈപ്പച്ചൻ, കുര്യാച്ചൻ,

മേരി, ചാണ്ടികുഞ്ഞ്, തെയ്യാമ്മ, തോമസ് എന്നി ഏഴ് മക്കൾ ഉണ്ട്. ചാണ്ടി ഹൈസ്ക്കൂൾ അദ്ധ്യാപകനായി ജോലിയിൽ നിന്നും വിരമിച്ചു. ചാണ്ടി 1962 മാർച്ച് 20-ന് നിര്യാതനായി.



ചിന്നമ്മ ചാണ്ടി മച്ചിയാനിക്കൽ

ചിന്നമ്മ തൻെറ സ്കൂൾ വിദ്യാഭ്യാസം അതിരമ്പുഴ ഗേൾസ് ഹൈസ്കൂളിൽ പൂർത്തിയാക്കിയ ശേഷം സ്കൂളദ്ധ്യാപികയായി വാകക്കാടും ഭരണങ്ങാനത്തും സേവനം ചെയ്യുകയുണ്ടായി. വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയോടൊപ്പം അദ്ധ്യാപികയായി ജോലിചെയ്യുവാനുള്ള ഭാഗ്യവും ചിന്നമ്മക്കു ലഭിച്ചു.

നാട്ടിൽ അറിയപ്പെടുന്ന രാഷ്ട്രീയ സാമൂഹിക പ്രവർത്തകയായിരുന്നു ചിന്നമ്മ. സർ.സി.പിയുടെ ഭരണകാലത്ത് വിദ്യാഭ്യാസ പ്രക്ഷോഭണത്തിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. പിന്നീട് വിമോചന സമരകാലത്ത് ശ്രീ. ജോർജ്ജ് തോമസ് കൊട്ടുകാപ്പള്ളി, ചെറിയാൻ ജെ. കാപ്പൻ, കെ.എം. ചാണ്ടി, മിസ്സിസ് ആർ.വി തോമസ് എന്നിവരോടൊത്ത് സജീവമായി പ്രവർത്തിക്കുകയും, അറസ്റ്റ് വരിക്കുകയും ചെയ്തിട്ടുണ്ട്. ഭരണങ്ങാനം പഞ്ചായത്ത് മെംബറായും പാലാരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗമായും പ്രവർത്തിച്ചിട്ടുള്ള ശ്രീമതി ചിന്നമ്മ ചാണ്ടിയുടെ കർമ്മനിരതമായ ജീവിതം 1985 ജനുവരി 26-ന് അസ്തമിച്ചു.

## ചിന്നമ്മ മകൾ സിസ്റ്റർ ജെയിൻ

സിസ്റ്റർ ജയിൻ അദ്ധ്യാപികയായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. മൂന്നുപ്രാവശ്യം ചങ്ങനാശ്ശേരി എസ്.എച്ച്. പ്രോവിൻസിൻെറ പ്രോവിൻഷ്യാളായി സേവനം ചെയ്തിട്ടുണ്ട്. ജോലിയിൽനിന്നും വിരമിച്ചു. ചങ്ങനാശ്ശേരിയിൽ വിശ്രമജീവിതം നയിക്കുന്നു.

## ചിന്നമ്മ മകൻ ഈപ്പച്ചൻ (എം.സി.ജോസഫ്)

ഈപ്പച്ചൻ എരുമേലി അമ്പാട്ടു പറമ്പിൽ മേരിക്കുട്ടിയെ വിവാഹം ചെയ്ത് ഇരിങ്ങാലക്കുടയിൽ താമസിക്കുന്നു. ഈപ്പച്ചൻ ദക്ഷിണറെയിൽവേ സ്റ്റേഷൻ സൂപ്രണ്ടായി ജോലിയിൽ നിന്നും വിരമിച്ചു. മേരിക്കുട്ടി ഇരിങ്ങാലക്കുട സെൻറ് ജോസഫ് കോളജിൽ പ്രാഫസറായി ജോലിയിൽ നിന്നും വിരമിച്ചു.





## ചിന്നമ്മ മകൻ കുര്യാച്ചൻ

കുര്യാച്ചൻ വൈക്കത്ത് കൊച്ചുകുട്ടിത്തറ മാമ്മച്ചൻ മകൾ ലിസിയമ്മയെ വിവാഹം ചെയ്തു. കുര്യൻ എൽ.ഐ.സി. ഡെവലപ്മെൻറ് ഓഫീസറായി ഔദ്യോഗിക ജീവിതത്തിൽനിന്നും വിരമിച്ചു പാലായിൽ താമസിക്കുന്നു. ഇവരുടെ പുത്രൻ അലക്സ് (എൻജിനീയർ) ഇന്ത്യൻ ആർമിയിൽ മേജറായി സേവനം ചെയ്യുന്നു. രണ്ടാമത്തെ പുത്രൻ അജയ് കാനഡയിൽ എൻജിനീയറായി സേവനം ചെയ്യുന്നു.

## ചിന്നമ്മ മകൾ മേരി

മേരിയെ അരുവിത്തുറ കോളജ് പ്രൊഫ.ശ്രീ ആൻെറണി മണിയങ്ങാട്ട് വിവാഹം ചെയ്ത് പൂഞ്ഞാറിൽ താമസിക്കുന്നു. ആൻെറണി റിട്ടയർ ചെയ്തു. മേരി ഹൈസ്ക്കൂൾ ടീച്ചറായി റിട്ടയർചെയ്തു

## ചിന്നമ്മ മകൻ ചാണ്ടിക്കുഞ്ഞ്

ചാണ്ടിക്കുഞ്ഞ് പാലാ പുല്ലാട്ട് ജോസഫ് മകൾഅന്നമ്മയെ വിവാഹം ചെയ്ത് അരുണാപുരത്ത് താമസിക്കുന്നു. ചാണ്ടിക്കുഞ്ഞ് പാലാ സെൻറ് തോമസ് കോളേജിൽ ഇംഗ്ലീഷ് പ്രൊഫസറായും, അന്നമ്മ പാലാ അൽഫോൻസാ കോളജിൽ നിന്നും ഇക്കണോമിക്സ് പ്രൊഫസറായും ജോലിയിൽ നിന്നും വിരമിച്ചു. ഇവർക്ക് സോയ, റ്റെസ് എന്നീ രണ്ടു മക്കളുണ്ട്.

## ചിന്നമ്മ മകൾ തെയ്യാമ്മ (എം. സി. ത്രേസ്യാമ്മ)

തെയ്യാമ്മയെ ഡോ.എം.വി ജോൺ (മാർ ഇവാനിയോസ് കോളജ്, തിരുവനന്തപുരം) വിവാഹം ചെയ്ത് തിരുവനന്തപുരത്തു താമസിക്കുന്നു. തെയ്യാമ്മ തിരുവനന്തപുരത്ത് ആൾ സെയ്ൻറ് കോളേജിൽ നിന്നും അദ്ധ്യാപികയായി ജോലിയിൽ നിന്നും വിരമിച്ചു.


## ചിന്നമ്മ മകൻ തോമസ്

തോമസ് അരുവിത്തുറ പേഴുംകാട്ടിൽ സിസിലിയെ വിവാഹം ചെയ്ത് ഇടപ്പാടിയിലുള്ള തറവാട്ടുഭവനത്തിൽ താമസിക്കുന്നു. ഇദ്ദേഹം മീനച്ചിൽ ഈസ്റ്റ് കോർപറേറ്റീവ് ബാങ്കിൽ മാനേജരായി ജോലിനോക്കുന്നു.

തോമസിൻെറ പുത്രന്മാരായ അലക്സ്, സെബി എന്നിവർ കംപ്യൂട്ടർ എൻജിനീയേഴ്സ് ആണ്. അലക്സ് അമേരിക്കയിലും, സെബി ഹൈദ്രാബാദിലും ജോലി ചെയ്യുന്നു. ഇളയ പുത്രൻ അനീഷ് വിദ്യാർത്ഥിയാണ്.

# പ്ലാക്കാട്ട് ഐക്കരശാഖ

## $1B_6$ കോര മകൻ ഈപ്പൻ



ഈപ്പൻ പ്ലാക്കാട്ട്

കോരയുടെ മക്കളിൽ ആറാമനായ ഈപ്പൻ പാലാ മാധവത്ത് അന്തോനി മകൾ മാമ്മിയെ വിവാഹംചെയ്തു പന്തത്തല ഉരോത്ത് എന്ന സ്ഥലത്ത് താമസിച്ചു. ഇവർക്ക് മേരിക്കുട്ടി, പെണ്ണമ്മ, എൽസി, അച്ചാമ്മ എന്നീ നാലു പെൺമക്കളുണ്ടായി. ഈപ്പൻ ഏറെത്താമസിയാതെ 1934 സെപ്റ്റംബർ ഒന്നിന് 27-ാം വയസ്സിൽ നിര്യാതനായി. 25-ാം വയസ്സിൽ വിധവയായ മാമ്മി തൻെറ മക്കളെ



കുട്ടപ്പൻ മകൻ മാത്യുവിൻെറ കുടുംബം. നിവിൻ, മാത്യു, സലോമി, സിസാ, ചാക്കോ.

വളർത്തിവലുതാക്കി എൺപതാം വയസ്സിൽ 1987 ഒക്ടോബർ ഇരുപത്തി ഒന്നിന് നിര്യാതയായി. കുഞ്ഞു കുട്ടി 2002 മാർച്ച് 25-ന് തൻെറ 78-ാം വയസ്സിൽ നിര്യാതനായി.





## $1B_9$ ഈപ്പൻ മകൾ മേരിക്കുട്ടി



മേരിക്കുട്ടി ജോസഫ് പ്ലാക്കാട്ട്

മേരിക്കുട്ടിയെ മേവിട ഐക്കരയിൽ ജോസഫിൻെറ മകൻ കുഞ്ഞുകുട്ടി (ജോസഫ്) വിവാഹംചെയ്തു. 12-ാമത്തെ വയസ്സിലായിരുന്നു മേരിക്കുട്ടിയുടെ വിവാഹം. ഇവർക്ക് ഈപ്പച്ചൻ, പാപ്പച്ചൻ എന്നീ രണ്ടു പുത്രന്മാർ ജനിച്ചു. മേരിക്കുട്ടി 1948 മെയ് നാലിന് തൻെറ 21-ാമ ത്തെ വയസ്സിൽ അകാലചരമം പ്രാപിച്ചു. വളരെ ചെറുപ്പത്തിൽ ത്തന്നെ വിഭാര്യനായ കുഞ്ഞുകുട്ടി തൻെറ കുടുംബത്തിൻെറയും പിഞ്ചു കുഞ്ഞുങ്ങളുടെയും സംരക്ഷണത്തിനുവേണ്ടി ആദ്യഭാര്യയുടെ സഹോദരി എൽസ്സിയെ വിവാഹംചെയ്തു. കുഞ്ഞുകുട്ടി എൽസി ദമ്പതികൾക്ക് കുട്ടിയച്ചൻ, മേരിയമ്മ, തോമസ്, ദേവസ്യാച്ചൻ, ലിൻസി, റാണി, ആൻസി, ശോഭ, ജോജോ, മാത്യൂസ് എന്നീ പത്തുമക്കൾ ജനിച്ചു. പിന്നീട് കുഞ്ഞുകുട്ടിയും കുടുംബവും പുലിയന്നൂർക്ക് സ്ഥലംമാറി താമസിച്ചു. ഇപ്പോൾ പുലിയന്നൂരിൽ പ്ലാക്കാട്ട് ഐക്കര എന്ന വീട്ടുപേരിൽ താമസിക്കുന്നു.

### കുഞ്ഞുകുട്ടി മകൻ ഈപ്പച്ചൻ

ഈപ്പച്ചൻ മുത്തോലി മണ്ഡപത്തിൽ ജോസഫ് മകൾ ചിന്നമ്മയെ വിവാഹംചെയ്തു. ഇവർക്ക് ബിജു, പ്രിൻസ്, അനിത എന്നീ മൂന്നുമക്കളുണ്ട്. M.Sc. ബിരുദധാരിയായ ഈപ്പച്ചൻ കുറച്ചുകാലം പാലാ സെൻറ് തോമസ് കോളേജിൽ ജോലിചെയ്തു. തുടർന്ന് ഘാന, നൈജീരിയ തുടങ്ങിയ രാജ്യങ്ങളിലും അദ്ധ്യാപകനായി ജോലിചെയ്തു. ഇപ്പോൾ പുലിയന്നൂരിൽ താമസിക്കുന്നു.

ഈപ്പച്ചൻെറ മൂത്തമകൻ ബിജു, നെടുമുടി പടവുപുരയ്ക്കൽ നിന്നും സിനുവിനെ വിവാഹംചെയ്തു. ഇരുവരും അമേരിക്കയിൽ ജോലി ചെയ്യുന്നു. ഇവർക്ക് ആലിന എന്നൊരുപുത്രിയുണ്ട്.

രണ്ടാമത്തെ മകൻ പ്രിൻസ് അമ്പാറ തുരുത്തിയിൽ ബിബിയെ വിവാഹം ചെയ്തു. പ്രിൻസ് ദുബായിൽ ജോലിചെയ്യുന്നു. ഇവർക്ക് അൽമാ എന്നൊരു പുത്രിയുണ്ട്.

ഈപ്പച്ചൻെറ ഏകപുത്രി അനിതയെ പൂവരണി പുരയിടത്തിൽ റ്റോണി വിവാഹംചെയ്തു. ഇരുവരും അബുദാബിയിൽ ജോലിചെയ്യുന്നു.

## കുഞ്ഞുകുട്ടി മകൻ പാപ്പച്ചൻ

കുഞ്ഞുകുട്ടിയുടെ രണ്ടാമത്തെ പുത്രൻ പാപ്പച്ചൻ പാലാ ചക്കങ്കു തറപ്പേൽ ജോസഫ് മകൾ ലീലാമ്മയെ വിവാഹംചെയ്തു പാലായിൽ താമസിക്കുന്നു. ഇവർക്ക് ഡോണി, സിൽവി, സിറിൾ എന്നീ മൂന്നുമക്കളുണ്ട്.

ഡോണി എഞ്ചിനീയറിംഗ് പഠനത്തിനുശേഷം പാലായിൽ ജോലി ചെയ്യുന്നു. ഡോണി അമ്പലപ്പുഴ കന്നീട്ടയിൽ ബെറ്റ്സിയെ വിവാഹംചെയ്തു. ഇവർക്ക് കിരൺ, കരിഷ്മ, ക്യാരൺ എന്നീ മൂന്നുമക്കളുണ്ട്. സിൽവിയെ പൂഞ്ഞാർ വാണിയപ്പുരയ്ക്കൽ സൈമൺ വിവാഹംചെയ്തു. ഇരുവരും ദുബായിൽ ജോലിചെയ്യുന്നു. ഇവർക്ക് ജോയൽ എന്നൊരു പുത്രനുണ്ട്.

പാപ്പച്ചന്റെ ഇളയപുത്രൻ സിറിൾ കംമ്പ്യൂട്ടർവിദ്യാഭ്യാസത്തിനു ശേഷം ദുബായിൽ ജോലിചെയ്യുന്നു.

## കുഞ്ഞുകുട്ടി മകൻ കുട്ടിയച്ചൻ

കുട്ടിയച്ചൻ പാലായിൽ ചാലിൽ തോമസ് മകൾ പെണ്ണമ്മയെ വിവാഹംചെയ്ത് കർണ്ണാടക സംസ്ഥാനത്ത് സൗത്ത് കാനറായിലെ തോട്ട ത്താടിയിൽ താമസിക്കുന്നു. ഇവർക്ക് ബോബി, ബിബിൻ, ബബിത, റോസ്മി, അപ്പു എന്നീ അഞ്ചുമക്കളുണ്ട്.

മൂത്തപുത്രൻ ബോബി ഇംഗ്ലണ്ടിൽ ലിവർപൂളിൽ ജോലിചെയ്യുന്നു. മറ്റുള്ളവർ വിദ്യാർത്ഥികളാണ്.

## കുഞ്ഞുകുട്ടി മകൾ മേരിയമ്മ

മേരിയമ്മയെ കൊഴുവനാൽ മറ്റത്തിൽ ഉലഹന്നാൻ മകൻ ഡോ. തോമസ് വിവാഹംചെയ്തു. ഇവർക്ക് വിനോദ്, വിയോള എന്നീ രണ്ടു മക്കളുണ്ട്. മേരിയമ്മയും കുടുംബവും ഇപ്പോൾ ജർമ്മനിയിൽ ജോലിചെയ്യുന്നു.

## കുഞ്ഞുകുട്ടി മകൻ തോമസ്

തോമസ് തൊടുപുഴ പടിഞ്ഞാറെ കോടിക്കുളത്ത് ചിറമാട്ടേൽ ചെറിയാൻ മകൾ ജയിനമ്മയെ വിവാഹംചെയ്തു. ഇവർക്ക് ടിനു, അനു എന്നീ രണ്ടുമക്കളുണ്ട്. തോമസും ജയിനമ്മയും ഏതാനും വർഷം നൈ ജീരിയാ, ലെസോത്തോ, ദക്ഷിണാഫ്രിക്ക തുടങ്ങിയ





സ്ഥലങ്ങളിൽ അദ്ധ്യാപകരായി ജോലി ചെയ്തശേഷം നാട്ടിൽ തിരിച്ചെത്തി ഇപ്പോൾ പുലിയന്നൂരിൽ താമസിക്കുന്നു. തോമസ് ഇപ്പോൾ പാലാ T.T.I യിലും ജയിനമ്മ മുത്തോലി T.T.I-യിലും അദ്ധ്യാപകരായി ജോലിചെയ്യുന്നു.

## കുഞ്ഞുകുട്ടി മകൻ ദേവസ്യാച്ചൻ

ദേവസ്യാച്ചൻ കൂത്താട്ടുകുളം പുത്തൻപുരയക്കൽ അഗസ്റ്റിൻ മകൾ ജിജിലിയെ വിവാഹംചെയ്തു. ഇരുവരും U.A.E-യിലെ റാസ-അൽ-ഖൈമയിൽ ജോലിചെയ്യുന്നു. ഇവർക്ക് സ്നോഡി, സംഗീത എന്നീ രണ്ടുമക്കളുണ്ട്. ഇവർ വിദ്യാർത്ഥികളാണ്.

## കുഞ്ഞുകുട്ടി മകൾ ലിൻസി

പെൺമക്കളിൽ രണ്ടാമത്തെ ആളായ ലിൻസിയെ കുറവിലങ്ങാട് മണ്ണാനിക്കാട്ട് മാണി മകൻ ജോണി വിവാഹംചെയ്തു. ഇവർക്ക് ജിമിൽ, ജൂലി, ജോയൽ, ജെസിൻ എന്നീ നാലുമക്കളുണ്ട്. ഇവർ കുടുംബസമേതം സ്വിസ്സ്സർലണ്ടിൽ ജോലിചെയ്യുന്നു.

## കുഞ്ഞുകുട്ടി മകൾ റാണി

റാണിയെ തൊടുപുഴ കുഴിക്കാട്ടിൽ തോമസ് മകൻ അഡ്വ. കെ.റ്റി. ജോസഫ് വിവാഹംചെയ്തു. ജോസഫ് എറണാകുളത്ത് ബിസിനസ്സ് ചെയ്യുന്നു. ഇവർക്ക് വീണ, അരുൺ, അഞ്ചു എന്നീ മൂന്നുമക്കളുണ്ട്. എല്ലാവരും വിദ്യാർത്ഥികളാണ്. റാണിയും കുടുംബവും എറണാകുളത്തു താമസിക്കുന്നു. അഡ്വ കെ.റ്റി. ജോസഫ് കോൺഗ്രസിന്റെ അറിയപ്പെടുന്ന നേതാവാണ്. ഏഴുവർഷം കെ.എസ്.യു സംസ്ഥാന ജനറൽസെക്രട്ടറിയായി സേവനം ചെയ്തിട്ടുണ്ട്.

## കുഞ്ഞുകുട്ടി മകൾ ആൻസി

കുഞ്ഞുകുട്ടിയുടെ മക്കളിൽ ഒൻപതാമത്തെ ആളായ ആൻസിയെ ചേർത്തല അന്ത്രപ്പേർ ജോസഫ് മകൻ മാമച്ചൻ വിവാഹംചെയ്തു. ഇരുവരും U.A.E യിൽ റാസ്-അൽ-ഖൈമയിൽ ജോലിചെയ്യുന്നു. ഇവർക്ക് പ്രീമ, തങ്കു, ജോവിൻ എന്നീ മൂന്നുമക്കളുണ്ട്. മൂവരും വിദ്യാർത്ഥികളാണ്.



മാത്യു സ്റ്റീഫൻ EX-MLA യും കുടുംബവും.

## കുഞ്ഞുകുട്ടി മകൾ ശോഭ

കുഞ്ഞുകുട്ടിയുടെ മക്കളിൽ പത്താമത്തെ ആളായ ശോഭയെ കരിങ്കുന്നത്ത് തുടിയംപ്ലാക്കൽ സ്റ്റീഫൻ മകൻ മാത്യു സ്റ്റീഫൻ വിവാഹം ചെയ്തു. ഇവർക്ക് ശീതൾ, സ്റ്റീഫൻ എന്നീ രണ്ടു മക്കളുണ്ട്.

മാത്യു സ്റ്റീഫൻ കേരളാകോൺഗ്രസ്സിൻെറ വിദ്യാർത്ഥിപ്രസ്ഥാന മായ K.S.C യുടെ സംസ്ഥാന പ്രസിഡൻററായും, യുവജന പ്രസ്ഥാനമായ യൂത്ത് ഫ്രണ്ടിൻെറ സംസ്ഥാന ജനറൽസെക്രട്ടറിയുമായി സേവനം ചെയ്തിട്ടുണ്ട്. 1986-ൽ ഉടുമ്പഞ്ചോല മണ്ഡലത്തെയും, 1991-ൽ ഇടുക്കി മണ്ഡലത്തെയും പ്രതിനിധീകരിച്ച് കേരളാനിയമസഭയിൽ M.L.A. ആയിട്ടുണ്ട്. ഇദ്ദേഹം സംസ്ഥാനമൊട്ടുക്ക് അറിയപ്പെടുന്ന ഒരു സംഘാടകനും വാഗ്മിയുമാണ്.

മാത്യു സ്റ്റീഫൻ സംസ്ഥാന ഔഷധി കോർപ്പറേഷൻ ചെയർമാനായി സേവനം ചെയ്യുന്നു. ശോഭ ഇപ്പോൾ വഴിത്തല സെൻറ് സെബാസ്റ്റ്യൻസ് H.S.S-ൽ അദ്ധ്യാപികയായി ജോലിചെയ്യുന്നു.





## കുഞ്ഞുകുട്ടി മകൻ ജോജോ

ജോജോ മൂക്കന്നൂർ കൈപ്പറമ്പാട്ട് ചാക്കോ മകൾ മേരിയെ വിവാഹം ചെയ്തു. ഇരുവരും ഓസ്ട്രിയയിൽ ജോലിചെയ്യുന്നു. ഇവർക്ക് ഈനസ്, ഇറീസ് എന്നീ രണ്ടുകുട്ടികളുണ്ട്.

## കുഞ്ഞുകുട്ടി മകൻ മാത്യൂസ്

കുഞ്ഞുകുട്ടിയുടെ മക്കളിൽ എറ്റവും ഇളയവനായ മാത്യൂസ് തീക്കോയി വലിയവീട്ടിൽ ജോസഫ് മകൾ നിഷയെ വിവാഹംചെയ്ത് മാതാവിനോടൊപ്പം പുലിയന്നൂർ തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് നിമിഷ, ജോസ്മോൻ എന്നീ രണ്ടുമക്കളുണ്ട്.

## 1B$_6$b ഈപ്പച്ചൻ മകൾ പെണ്ണമ്മ


ഈപ്പച്ചൻെറ രണ്ടാമത്തെ മകൾ പെണ്ണമ്മയെ മുത്തോലി നാഗനൂലിൽ പാപ്പു(ചെറിയാൻ) വിവാഹംചെയ്ത് കർണ്ണാടകയിൽ സൗത്ത് കാനറായിൽ തോട്ടത്താടിയിൽ താമസിക്കുന്നു. ഇവർക്ക് ജോയി, ബേബി, സണ്ണി, ബന്നി, ലീന എന്നീ അഞ്ചുമക്കളുണ്ട്.

(*നാഗനൂലിൽശാഖയുടെ ചരിത്രം കാണുക*)

## 1B$_6$d ഈപ്പച്ചൻ മകൾ അച്ചാമ്മ

ഈപ്പച്ചൻെറ ഇളയപുത്രി അച്ചാമ്മ B.Sc, B.Ed ബിരുദപഠനത്തിനു ശേഷം കർമ്മലീത്താ സന്യാസിനി സഭയിൽചേർന്ന് സി. ആൻസി ജോസ് എന്നപേരുസ്വീകരിച്ചു. സി. ആൻസി കുറവിലങ്ങാട്, മുട്ടുചിറ എന്നീ സ്കൂളുകളിൽ അദ്ധ്യാപികയായും, മുത്തോലി സെൻറ് ജോസഫ്സ് ഹൈസ്ക്കൂളിൻെറയും, T.T.I-യുടെ ഹെഡ്മിസ്ട്രസ്സായും സേവനംചെയ്തിട്ടുണ്ട്. 1989-ൽ ഔദ്യോഗികജീവിതത്തിൽനിന്നും വിരമിച്ച സി. ആൻസി ഇപ്പോൾ മുത്തോലി കർമ്മലീത്താമഠത്തിൽ വിശ്രമജീവിതം നയിക്കുന്നു.

## പ്ലാക്കാട്ട് കിഴക്കേക്കര ശാഖ








## പ്ലാക്കാട്ട് കിഴക്കേക്കര ശാഖ

### കുര്യൻ മകൻ വർക്കി

മണ്ണൂർ നിന്നും പ്ലാക്കാട്ട് മാറിത്താമസിച്ച ഈപ്പൻെറ രണ്ടാമത്തെ പുത്രൻ വർക്കി, മുത്തോലി കിഴക്കേക്കരയിലേയ്ക്ക് മാറിത്താമസിച്ചു. പ്രവിത്താനത്ത് തെങ്ങുംപള്ളിൽ നിന്നും വിവാഹം കഴിച്ച വർക്കിക്ക് ഈപ്പൻ, വർക്കി, ഔസേപ്പ് എന്നീ മൂന്ന് പുത്രന്മാരും, കൊച്ചേലി, മറിയം എന്നീ രണ്ടു പുത്രിമാരും ജനിച്ചു. കൊച്ചേലിയെ ചേർപ്പുങ്കൽ കൊളപ്രത്താഴയും, മറിയത്തിനെ പ്രവിത്താനത്ത് തെങ്ങുംപള്ളിയിലും വിവാഹം ചെയ്തയച്ചു.

### I വർക്കി മകൻ വർക്കി

കിഴക്കേക്കര മാറിത്താമസിച്ച വർക്കിയുടെ രണ്ടാമത്തെ മകൻ വർക്കി മുത്തോലി കളപ്പുരയ്ക്കൽ (വടക്കേകോയിപ്പുറം) മറിയത്തിനെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിച്ചു. ഇവർക്ക് കുഞ്ചിലോ (ഉലഹന്നൻ), കുഞ്ഞൗത (ഔസേപ്പ്), മത്തായി എന്ന മൂന്ന് പുത്രന്മാരും ഇത്തമ്മ (എലിസബത്ത്) എന്ന ഒരു പുത്രിയും ജനിച്ചു.

### ID വർക്കി മകൾ ഇത്തമ്മ

ഇത്തമ്മയെ കുര്യനാട് മറ്റത്തിൽ മാണി വിവാഹം കഴിച്ചു. ഇവർക്ക് പാപ്പച്ചൻ, വക്കച്ചൻ, കുട്ടപ്പി, ബേബി, ജോയി, മേരി, ലീലാമ്മ, തെയ്യാമ്മ എന്നീ എട്ട് പുത്രീപുത്രന്മാർ ഉണ്ട്.

### IA വർക്കി മകൻ കുഞ്ചിലോ (ഉലഹന്നൻ)


വർക്കിയുടെ മൂത്തപുത്രൻ കുഞ്ചിലോ ചേർപ്പുങ്കൽ കൊച്ചയ്യങ്കാനാൽനിന്നും മറിയാമ്മയെ വിവാഹം ചെയ്തു ഇളങ്ങുളത്ത് മാറിത്താമസിച്ചു. ഇവർക്ക് സന്താനഭാഗ്യം ഉണ്ടായില്ല. വിശാലമനസ്കനായ കുഞ്ചിലോ തൻെറ സംരക്ഷണത്തിനു വേണ്ടി ഭാര്യാസഹോദരിയുടെ പുത്രൻ മുത്തോ ലപുരം പള്ളിക്കുന്നേൽ പി.ജെ. മാത്യുവിനെ ദത്തെടുത്തു. കുഞ്ചിലോ താമസം ഉാക്കാട്ടൂർക്ക് മാറ്റി. അദ്ദേഹം 1976–ലും ഭാര്യ മറിയാമ്മ 1979–ലും നിര്യാതരായി.

### IB വർക്കി മകൻ ജോസഫ് (കുഞ്ഞൗത)

കുഞ്ഞൗത മറ്റക്കര മീൻപുഴയ്ക്കൽ ഏലിയാമ്മയെ വിവാഹം കഴിച്ചു. കുഞ്ഞുവർക്കി എന്ന ഒരു പുത്രൻ മാത്രം ജനിച്ച് ഒരു വർഷം കഴിഞ്ഞപ്പോൾ കുഞ്ഞൗത ചരമം പ്രാപിച്ചു. മകൻ വർക്കിയും

മാതാവ് ഏലിയാമ്മയും മാതൃഭവനത്തിൽ വളർന്നു. വിദ്യാഭ്യാ ത്തിനുശേഷം മാതൃ വീട്ടുകാർ കൊടുത്ത സമ്പത്തും പിതൃസമ്പത്ത ചേർത്ത് കുഞ്ഞു വർക്കി ളാക്കാട്ടൂർ ചേന്നാമറ്റത്ത് സ്ഥലം വാങ്ങി മാതാവുമൊത്ത് മാറിത്താമസിച്ചു.

## $IB_1$ കുഞ്ഞൗത മകൻ വർക്കി




പി.എം. വർക്കി
പ്ലാക്കാട്ടുകിഴക്കേക്കര

വർക്കി ആനിക്കാട്ട് ഇല്ലിക്കൽ ഐസക്ക് മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു ഇവർക്ക് ജോസ്, ആലീസ്, മേരി, ഐസക്ക് ഫ്ളവറി, ആനീസ്, ക്ലാരമ്മ, മാഗി എന്നീ എട്ട് പുത്രീ പുത്രന്മാർ ഉണ്ട്. ശ്രീ വർക്കി ചെന്നാമറ്റം സ്ക്കൂൾ അദ്ധ്യാപകനായി ജോലി ചെയ്ത് 1977-ൽ റിട്ടയർ ചെയ്തു. ഇദ്ദേഹത്തിന്റെ മാതാവ് ഏലിയാമ്മ 1966 ഏപ്രിൽ 15-ന് ചരമടഞ്ഞു.

ശ്രീ വർക്കി, ചേപ്പുമ്പാറ സെൻറ്മേരീസ് ദേവാലയം, ചേന്നാമറ്റം സിസ്റ്റർ അൽഫോൻസ് യു.പി. സ്ക്കൂൾ എന്നിവയുടെ സ്ഥാപനത്തിന് മുന്നിട്ടു പ്രവർത്തിച്ചിട്ടുണ്ട്. കൂരോപ്പട സർവ്വീസ് സഹകരണബാങ്ക്, ളാക്കാട്ടൂർ ഗ്രാമോദ്ധാരണകേന്ദ്രം, ചേന്നാമറ്റം ഗ്രാമോ ദ്ധാരണഗ്രന്ഥശാല, ചേന്നാമറ്റം റബ്ബർ ഉൽപ്പാദകസംഘം എന്നിവയുടെ സ്ഥാപനത്തിനും അവയുടെ പ്രവർത്തനങ്ങൾക്കും ദീർഘകാലം പങ്കെടുത്ത് നാടിന്റെ നന്മക്കുവേണ്ടി തന്റെ കഴിവുകൾ വിനിയോഗിച്ചിട്ടുണ്ട്.

## $IB_1a$ വർക്കി മകൻ ജോസഫ് (ബാബു)



സി.വി. ജോസ്

വർക്കിയുടെ മക്കളിൽ മൂത്തപുത്രനായ ക്യാപ്റ്റൻ സി.വി. ജോസ് കാഞ്ഞിരപ്പള്ളിൽ കരിപ്പാപറമ്പിൽ കെ.റ്റി. ജോസഫിന്റെ മകൾ മറിയാ മ്മയെ വിവാഹം ചെയ്തു. ശ്രീ ജോസ് കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഡപ്യൂട്ടി കൺസർവേറ്റർ ആയിരുന്നു. ഇദ്ദേഹം 2002 നവംബർ 5-ന് നിര്യാതനായി. ഇവർക്ക് റ്റെസമ്മ എന്ന പുത്രിയും ജോർജ്ജ് എന്നൊരു പുത്രനും ഉണ്ട്. റ്റെസമ്മയെ പാലായിൽ (ചെത്തിമറ്റം) മണ്ണൂരെട്ടൊന്നിൽ ദേവസ്യാ മകൻ ജിമ്മി വിവാഹം ചെയ്തു. ജോർജ്ജ് മർച്ചൻറ്







പ്ലാക്കാട്ടുകിഴക്കേക്കര ഔസേപ്പ് വർക്കിയും കുടുംബവും.

നേവിയിൽ ജോലി ചെയ്യുന്നു. ജോസിൻെറ കുടുംബം കൊച്ചിയിൽ താമസിക്കുന്നു.

## $IB_1b$ വർക്കി മകൾ ആലീസ്

ആലീസ് യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയിൽ ജോലി ചെയ്യുന്നു. ആലീസിനെ ആറുമാനൂർ വലിയമറ്റത്തിൽ വി.എ. ജോസഫ് വിവാഹം കഴിച്ചു. അദ്ദേഹം എസ്.ബി.റ്റി.യിൽ മാനേജരായി ജോലി ചെയ്യുന്നു. ഇവർക്ക് സോണിയാ, സാജു, സുനിത എന്നീ മൂന്ന് മക്കളുണ്ട്. മൂവരും വിദ്യാർത്ഥികളാണ്.



സി. പ്രേമ വർക്കി

## $IB_1c$ വർക്കി മകൾ മേരി

മേരി മംഗലാപുരം ആസ്ഥാനമായുള്ള സിസ്റേറഴ്സ് ഓഫ് ചാരിറ്റിയിൽ ചേർന്ന് സിസ്റ്റർ പ്രേമ എന്ന പേരു സ്വീകരിച്ചു. 1977 ഫെബ്രുവരി 21-ാം തീയതി സഭാവസ്ത്രം സ്വീകരിച്ചു. ഇപ്പോൾ വൈത്തിരിയിൽ അദ്ധ്യാപികയായി ജോലി ചെയ്യുന്നു.

## $IB_1d$ വർക്കി മകൻ ഐസക്ക് (അപ്പച്ചൻ)

വർക്കിയുടെ മക്കളിൽ നാലാമത്തെ ആളായ അപ്പച്ചൻ എസ്.ബി.റ്റി കോട്ടയം സോൺ ഓഫീസിൽ ഓഫീസറായി ജോലി ചെയ്യുന്നു. ഇദ്ദേഹം വെട്ടിമുകൾ പുല്ലാട്ട് തോമസിൻെറ പുത്രി റോസ്സിലിനെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് അരുൺ, അനിൽ, അലൻ എന്നീ മൂന്നു പുത്രന്മാർ ഉണ്ട്. മൂവരും വിദ്യാർത്ഥികളാണ്.

## $IB_1e$ വർക്കി മകൾ ഫ്ളവറി (ത്രേസ്യാമ്മ)

ത്രേസ്യാമ്മയെ എടത്വാപള്ളി ഇടവക ചന്ദ്രത്തിൽ ജോസ് കുര്യൻ വിവാഹം ചെയ്തു. ഇദ്ദേഹം കേണലായി ഡൽഹിയിൽ ആർമി ഹെഡ് ക്വാർട്ടേഴ്സിൽ ജോലി ചെയ്യുന്നു. ഇവർക്ക് ഷെറിൻ, ദീപക് എന്നീ രണ്ടു മക്കളുണ്ട്. ഇരുവരും വിദ്യാർത്ഥികളാണ്.

## $IB_1f$ വർക്കി മകൾ ആനീസ്

ആനീസിനെ പൊങ്ങന്താനം പള്ളി ഇടവക കാലായിൽ സി.സി. ആൻറണി വിവാഹം ചെയ്തു. ഇവർക്ക് അഞ്ജലി, ആർഷ്ലി എന്നീ രണ്ടു പെൺമക്കളുണ്ട്. ശ്രീ ആൻറണി ഗോവയിൽ





മിലിട്ടറിയിൽ ആഡിറ്ററായി ജോലി ചെയ്യുന്നു. ആലീസ് ഗോവയിൽ അദ്ധ്യാപികയാണ്.

## $IB_1g$ വർക്കി മകൾ ക്ലാരമ്മ

ക്ലാരമ്മയെ ചിറക്കടവ് കുന്നപ്പള്ളിൽ പ്രഫ. ടോം കെ. മാത്യു വിവാഹം ചെയ്ത് മണർകാട്ട് താമസിക്കുന്നു. ടോം കാഞ്ഞിരപ്പള്ളി എസ്. ഡി. കോളേജിൽ ഫിസിക്സ് ഡിപ്പാർട്ടുമെൻറിൽ പ്രൊഫസറാണ്. ഡോ. ക്ലാരമ്മ എം.ജി. യൂണിവേഴ്സിറ്റിയിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസ്സിൽ ടെക്നിക്കൽ ഓഫീസർ ആയി ജോലി ചെയ്യുന്നു. ഇവർക്ക് ലിസ്സ്, മാത്യു എന്നീ രണ്ടു മക്കളുണ്ട്.

## $IB_1h$ വർക്കി മകൾ മാഗി

വർക്കിയുടെ ഇളയ പുത്രിയായ മാഗിയെ ചുങ്കപ്പാറ തടത്തിൽ റ്റി.വി. സിറിയക്ക് വിവാഹം ചെയ്തു. ഇപ്പോൾ ഇദ്ദേഹം ജെലീറ്റാ അഡ്വർടൈസിംഗ് കമ്പനിയിൽ എറണാകുളം ജനറൽ മാനേജരായി ജോലി ചെയ്യുന്നു. ഇവർക്ക് ജോർജ്ജ്, ജോഫി, മറീന എന്ന മൂന്നു കുട്ടികൾ ഉണ്ട്.

## IC വർക്കി മകൻ മത്തായി

കിഴക്കേക്കര തറവാട്ടിൽ താമസിച്ച വർക്കിയുടെ മൂന്നാമത്തെ പുത്രനായ മത്തായി മറ്റക്കര ഐക്കരയിൽ റോസമ്മയെ വിവാഹം ചെയ്തു കിഴക്കേക്കര തറവാട്ടിൽ താമസിച്ചു. ഇവർക്ക് വർക്കി (അപ്പച്ചൻ), ജോസ്, ജോൺ, മേരി, തോമസ് എന്നീ അഞ്ച് സന്താനങ്ങൾ ജാതരായി.

## $IC_1$ മത്തായി മകൻ വർക്കി (അപ്പച്ചൻ)

അപ്പച്ചൻ ചേർപ്പുങ്കൽ മുത്തശ്ശേരി വീട്ടിൽ നിന്നും മത്തായി മകൾ അന്നമ്മയെ വിവാഹം ചെയ്തു കൂടരഞ്ഞിയിൽ കുടിയേറിപ്പാർത്തു. ഭാര്യ മരിച്ചു പോകയാൽ രണ്ടാമത് തൊടുപുഴ പ്ലാത്തോട്ടത്തിൽ വീട്ടിൽ നിന്നും അന്നമ്മയെ വിവാഹം ചെയ്തു.

ആദ്യ വിവാഹത്തിൽ ശോശാമ്മ, മാത്തുക്കുട്ടി, മേരി, ബേബി, എന്നീ നാലുമക്കളും പുനർവിവാഹത്തിൽ ലിസി, ലൂസി, ജോയി, സിബി, സന്തോഷ് എന്നീ അഞ്ചു മക്കളും ജനിച്ചു. ശോശാമ്മയെ തിരുവാമ്പാടി കുഴിമണ്ണിൽ വർഗീസ് മകൻ അച്ചൻകുഞ്ഞ് (മാത്യു) വിവാഹം ചെയ്തു. ഇവർക്ക് ശാന്തമ്മ, സാജു, സജി, ബാബു, സീമാ, ടോം, പോൾസൺ, സിസ്റ്റർ. സുമ, കുട്ടൻ, ആൽഫി,

എന്നീ പത്തു മക്കൾ ഉണ്ടായി. മാത്തുക്കുട്ടി കോടഞ്ചേരി വടക്കേൽ ദേവസ്യാ മകൾ അന്നമ്മയെ (അച്ചാമ്മയെ) വിവാഹം ചെയ്ത് കൂടരഞ്ഞിയിൽ താമസിക്കുന്നു. ഇവർക്ക് ജിമ്മി, ജോബി, ജോജൻ, മേരി(ജെയിനി) എന്നീ നാല് മക്കളുണ്ട്. മേരി സന്യാസിനി സഭയിൽ ചേർന്ന് സി. മെർലിനാ എന്ന പേരു സ്വീകരിച്ചു. ബേബി (ഇമ്മാനുവേൽ) മലപ്പുറത്തിനടുത്ത് വെറ്റിലപ്പാറ പൊള്ളാശ്ശേരിയിൽ ആഗസ്തിയുടെ മകൾ ആലീസിനെ വിവാഹം ചെയ്ത് കൂടരഞ്ഞിയിൽ താമസിക്കുന്നു. ഇവർക്ക് ലിറ്റി, മേരി എന്നീ രണ്ടു പെൺകുട്ടികൾ ഉണ്ട്.

പുനർവിവാഹത്തിലെ മൂത്തപുത്രിയായ ലിസിയെ തിരുവാമ്പാടിയിൽ കുളവട്ടത്ത് ജോസഫ് മകൻ റ്റോമി വിവാഹം ചെയ്തു. ഇവർക്ക് സോബൻ, സജിൻ എന്നീ രണ്ടുകുട്ടികളുണ്ട്.

ലൂസിയെ ചാപ്പൻതോട്ടത്ത് കുറ്റിയാനി മറ്റത്തിൽ ജോസഫിൻെറ മകൻ ജെയിംസ് വിവാഹം ചെയ്തു. ഇവർക്ക് ശാലു, മാളൂട്ടി എന്നീ രണ്ടു കുട്ടികളുണ്ട്. ഇവർ ബോംബെയിൽ ജോലിചെയ്യുന്നു. ഇളയ മക്കളായ ജോയി, സിബി, സന്തോഷ് എന്നിവർ വിദ്യാർത്ഥികളാണ്.

## $IC_2$ മത്തായി മകൻ ജോസ്

ജോസ് കൂടരഞ്ഞി പുഞ്ചത്തറപ്പിൽ തോമസ് മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് റോസമ്മ, ഗ്രേസി, ജോയി, തോമാച്ചൻ, തങ്കച്ചൻ, സണ്ണി, ബെന്നി എന്നീ ഏഴ് മക്കൾ ജനിച്ചു.

റോസമ്മ (ലീലാമ്മ) നിർമ്മലാസന്യാസിനീ സഭയിൽ ചേർന്ന് സി. അരുണ എന്ന പേരു സ്വീകരിച്ചു. ഇപ്പോൾ ആന്ധ്രാപ്രദേശിൽ മച്ചിലി പട്ടണം എന്ന സ്ഥലത്ത് സേവനം ചെയ്യുന്നു.

ഗ്രേസി (മോനി) സമരറ്റൻ സന്യാസിനി സഭയിൽ ചേർന്ന് സിസ്റ്റർ ഗ്രേസ് മേരി എന്ന പേരു സ്വീകരിച്ചു. ഇപ്പോൾ ഒറീസ്സായിൽ സേവനം ചെയ്യുന്നു. ജോയി 1972-ൽ അകാലത്തിൽ നിര്യാതനായി. തോമാച്ചൻ വെട്ടിക്കുളങ്ങര (തിരുവാമ്പാടി) ആൻറണി മകൾ ഡെയിസ്സിയെ വിവാഹം ചെയ്ത് കൂടലഞ്ഞിയിൽ താമസിക്കുന്നു. ഇവർക്ക് സെബിൻ, വിപിൻ, നിധിൻ എന്നീ മൂന്ന് മക്കളുണ്ട്. എല്ലാവരും വിദ്യാർത്ഥികളാണ്.

ജോസഫ് (തങ്കച്ചൻ) മരുതോംകര കാഞ്ഞിരത്തുങ്കൽ ദേവസ്യായുടെ മകൾ മോളിയെ വിവാഹം ചെയ്ത് മലപ്പുറം ജില്ലയിൽ തേഞ്ഞിപ്പാലം എന്നസ്ഥലത്ത് താമസിക്കുന്നു ഇരുവരും അദ്ധ്യാപകരാണ്. ഇവർക്ക് റോബി, നീതു എന്നീ രണ്ടു കുട്ടികൾ ഉണ്ട്.





സെബാസ്റ്റ്യൻ (സണ്ണി) പുല്ലൂരാംപാറയിൽ കണയിങ്കൽ മാത്യുവിൻെറ മകൾ ഷൈന (അന്നമ്മയെ) വിവാഹം ചെയ്ത് കൂടലഞ്ഞിയിൽ തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് അഞ്ചു, ജോസഫ്, മാത്യു എന്നീ മൂന്നു കുട്ടികളുണ്ട്. ജോസഫിൻെറ ഇളയ പുത്രൻ ജോൺ (ബെന്നി) മലപ്പുറത്തു താമസിക്കുന്നു. ബെന്നി വെറ്റിലപ്പാറ ചിറകണ്ടത്തിൽ ജോർജ്ജ് മകൾ ഡെജിയെ വിവാഹംചെയ്തു. ഇരുവരും അധ്യാപകരാണ്. ഇവർക്ക് ജോസഫ് എന്നൊരാൺകുട്ടിയുണ്ട്.

## $IC_3$ മത്തായി മകൻ ജോൺ (കുഞ്ചിലോ)

മത്തായിയുടെ മൂന്നാമത്തെ മകനായ കുഞ്ചിലോ ആറുമാനൂർ താഴത്തെകുന്നേൽ ജോസഫിൻെറ മകൾ തങ്കമ്മയെ (അന്നമ്മ) വിവാഹം ചെയ്തു തോട്ടുമുക്കത്ത് താമസിച്ചു. ഇവർക്ക് സാലി, ഷേർളി, ബാജി, മേരി, ആനിയമ്മ, തങ്കച്ചൻ, ലൂസി, കുട്ടൻ, സിൽവി, സിജി എന്നീ പത്ത് മക്കളുണ്ട്. കുഞ്ചിലോ 1982-ൽ നിര്യാതനായി.

മൂത്തമകൾ സാലിയെ കല്ലുരുട്ടി, റാണിക്കാട് ചാക്കോയുടെ പുത്രൻ അബ്രഹാം (അപ്പച്ചൻ) വിവാഹം ചെയ്തു. ഷേർളിയെ ചെമ്പനോട് വടക്കേ മുറി മാത്യു മകൻ ജോർജ്ജ് വിവാഹം ചെയ്തു. ബാജി (മാത്യു) ചാപ്പൻ തോട്ടത്തിൽ ഈഴാറാത്ത് ജോസഫിൻെറ പുത്രി സിസ്സിയെ (ഏലിയാമ്മ) വിവാഹം ചെയ്തു. ഇവർക്ക് ജോൺ (ആകാശ്) ജോസഫ് എന്ന രണ്ടു പുത്രന്മാരുണ്ട്. മേരിയെ കൂടത്തായി കാനാക്കാരിതോട്ടം ജോസഫ് മകൻ വിൽസ് വിവാഹം ചെയ്തു. ആനിയമ്മയെ വയനാട് മൂന്നാനക്കുഴി വർക്കി മകൻ മാത്യു (സാബു) വിവാഹം ചെയ്തു.

ഇളയ മക്കളായ തങ്കച്ചൻ (ജോസഫ്), ലൂസി(ഏലിയാമ്മ), കുട്ടൻ (തോമസ്), സിൽവി (മാർഗരറ്റ്), സിജി (അൽഫോൻസ) എന്നിവർ വിദ്യാർ ത്ഥികളാണ്.

## $IC_4$ മത്തായി മകൾ മേരി

മേരി തിരുഹൃദയസഭയിൽ ചേർന്ന് സി. സ്റ്റെല്ലാമരിയാ എന്ന പേരു സ്വീകരിച്ച് കോട്ടയം ജില്ലയിൽ മുക്കൂട്ടുതറ എന്ന സ്ഥലത്ത് സേവനം ചെയ്യുന്നു.

## $IC_5$ മത്തായി മകൻ തോമസ്

ഇളയപുത്രനായ തോമസ് ഭരണങ്ങാനം കുടക്കച്ചിറ വീട്ടിൽ എൽസിയെ വിവാഹം ചെയ്ത് കോഴിക്കോടിനടുത്ത്

വാലില്ലാപ്പുഴയിൽ താമസിക്കുന്നു. ഇവർക്ക് ബെന്നി, റോസ, വത്സമ്മ, ഡെയ്സി, മേരി, ലൂസി, റോയി, സിബി എന്നീ എട്ട് പുത്രീപുത്രന്മാർ ഉണ്ട്.

മൂത്തപുത്രനായ ബെന്നി(മാത്യു) ചുണ്ടത്തുംപൊയിൽ തുണ്ട ത്തിൽ ഫിലിപ്പ് മകൾ ബീനായെ (ഏലിക്കുട്ടി) വിവാഹം ചെയ്ത് വാലില്ലാപ്പുഴയിൽ താമസിക്കുന്നു. ഇവർക്ക് ചിഞ്ചു, റിജു എന്നീ രണ്ടു കുട്ടികളുണ്ട്.

തോമസിൻെറ മക്കളിൽ രണ്ടാമത്തെ ആളായ റോസ പ്രസൻേറഷൻ സന്ന്യാസസഭയിൽ ചേർന്ന് സി. ലിസ്സി എന്ന പേരു സ്വീകരിച്ചു. ഇപ്പോൾ റോമിൽ ഉപരിപഠനം നടത്തുന്നു. വത്സമ്മയെ (ഏലി) വെറ്റിലപ്പാറ പതിപ്പള്ളിയിൽ തോമസ് മകൻ തങ്കച്ചൻ (ജോസഫ്) വിവാഹം ചെയ്തു. ഇവർക്ക് അനു, റിനു, സിനു എന്നീ മൂന്നു മക്കളുണ്ട്.

ഡെയ്സിയെ (ത്രേസ്യാ) കൂടരഞ്ഞിയിൽ മലപ്രവാനാൽ തോമസ് മകൻ ജോസ് വിവാഹം ചെയ്തു കൂടരഞ്ഞിയിൽ താമസിക്കുന്നു. ഇവർക്ക് ഡിസ്നി, ഡീഹ എന്നീ രണ്ടു കുട്ടികളുണ്ട്. മേരിയെ ചെമ്പുക്കടവ് കൊട്ടുകാപ്പള്ളിയിൽ ദേവസ്യാ മകൻ സണ്ണി (ജോസഫ്) വിവാഹം കഴിച്ചു ചെമ്പുകടവിൽ താമസിക്കുന്നു. ലൂസിയെ (അന്ന) വയനാട്ടിൽ നടവയലിലുള്ള പരുന്തന്നാനി ജോസഫ് മകൻ റ്റോമി വിവാഹം ചെയ്തു. നടവഴിയിൽ താമസിക്കുന്ന ഇവർക്ക് ടോണി, പുഷ്പ എന്നീ രണ്ടു മക്കളുണ്ട്.

റോയി (ജോർജ്ജ്) ദിവ്യരക്ഷകസന്ന്യാസസഭയിൽ ചേർന്ന് വൈദികപഠനം നടത്തുന്നു. തോമസിൻെറ ഇളയ പുത്രനായ സിബി വിദ്യാർത്ഥിയാണ്.


## II വർക്കി മകൻ ഔസേപ്പ്

ഔസേപ്പ് മുത്തോലി കിഴക്കേനാഗനൂലിൽ പോത്തൻെറ ഏകപുത്രി ഏലിയെ വിവാഹം ചെയ്ത് ദത്തവകാശമായി കിഴക്കേനാഗനൂലിൽ താമസമാക്കി. ഇവർക്ക് റോസ, ബ്രിജീത്ത എന്നീ രണ്ടു പുത്രിമാർ ജനിച്ചു.

*(കിഴക്കേ നാഗനൂലിൽ ശാഖ വായിക്കുക.)*



# പ്ലാക്കാട്ട് തൈത്തോട്ടം ശാഖ



# പ്ലാക്കാട്ട് തൈത്തോട്ടം ശാഖ

## I മത്തായി മകൻ സ്കറിയ

പ്ലാക്കാട്ട് തറവാട്ടിൽ താമസിച്ച മത്തായിയുടെ മൂത്തപുത്രൻ സ്കറിയാ ചേർപ്പുങ്കൽ ആരംപുളിക്കൽ മറിയത്തിനെ വിവാഹം ചെയ്ത് മുത്തോലി തൈത്തോട്ടത്തിൽ മാറിത്താമസിച്ചു. ഇവർക്ക് മത്തായി, ജോസഫ്, ജോൺ, തോമസ് എന്നീ നാലു പുത്രന്മാരും, ത്രേസ്യാമ്മ എന്ന ഒരു പുത്രിയും ജനിച്ചു.




സി.കൊച്ചുത്രേസ്യാ CMC പ്ലാക്കാട്ട്

## IE സ്കറിയ മകൾ ത്രേസ്യാമ്മ

സ്കറിയായുടെ മക്കളിൽ ഏകപുത്രിയായ ത്രേസ്യാമ്മ കർമ്മലീത്താമഠത്തിൽ ചേർന്ന് കൊച്ചുത്രേസ്യാ എന്ന പേരു സ്വീകരിച്ചു. സിസ്റ്റർ കൊച്ചുത്രേസ്യാ 1984 നവംബർ 24-ന് നിര്യാതയായി. ചേർപ്പുങ്കൽ മഠത്തിൽ സംസ്കരിച്ചു.

## IAസ്കറിയ മകൻ മത്തായി

സ്കറിയായുടെ മക്കളിൽ മൂത്തയാളായ മത്തായി ചേർപ്പുങ്കൽ മറ്റത്തിൽനിന്ന് മറിയാമ്മയെ വിവാഹം ചെയ്തു. ചേർപ്പുങ്കൽ വയലിൽ പുരയിടത്തിൽ താമസിച്ചു. ഇവർക്ക് സ്കറിയാ, ഏലിക്കുട്ടി, ജോൺ, മറിയാമ്മ, അന്നമ്മ, റോസമ്മ എന്നീ ആറു പുത്രീപുത്രന്മാർ ജനിച്ചു. ഇവർ പിതാവിൻെറ മരണശേഷം കോഴിക്കോട് തിരുവമ്പാടിക്കടുത്ത് കൂടരഞ്ഞിയിൽ സ്ഥലമെടുത്ത് താമസിക്കുന്നു.



പ്ലാക്കാട്ട് സ്കറിയാ മകൻ മത്തായിയും ഭാര്യ മറിയവും.

## IA1 മത്തായി മകൻ സ്കറിയ

സ്കറിയാ കൊഴുവനാൽ കൈപ്പൻപ്ലാക്കൽ (തെക്കേൽ) വർക്കി മകൾ മറിയത്തിനെ വിവാഹം കഴിച്ചു. മറിയം അധികം താമസിയാതെ നിര്യാതയായി. സ്കറിയാ പിന്നീട് കുറുമ്പനാട് കാനാറാക്കാവുങ്കൽ (പൗവ്വത്ത്) കുഞ്ഞുമറിയത്തെ വിവാഹം ചെയ്തു. ഇവർക്ക് മത്തായി





(അപ്പച്ചൻ), മറിയം (അച്ചാമ്മ), ഏലി (തങ്കമ്മ), ആൻറണി (ജോയി), തോമാച്ചൻ, അന്നമ്മ (ലിസ്സി) എന്നീ ആറ് മക്കൾ ജനിച്ചു. കുഞ്ഞുമറിയം 1990, ആഗസ്റ്റ് 4-ാം തീയതി നിര്യാതയായി. സ്കറിയ 2002 മെയ് മാസം 22-ന് നിര്യാതനായി.



പ്ലാക്കാട്ട് മത്തായി മകൻ സ്കറിയയും ഭാര്യ മറിയവും.

## IA1a സ്കറിയ മകൻ അപ്പച്ചൻ (മത്തായി)

സ്കറിയായുടെ മൂത്തമകൻ അപ്പച്ചൻ കോടഞ്ചേരി പുലയൻ പറമ്പിൽനിന്നും ഏലിക്കുട്ടിയെ വിവാഹം ചെയ്തു. ഇവർക്ക് മറിയം (ജെസ്സി) ഏലി (മിനി), സ്കറിയാ (ബിജു), അന്നമ്മ (സിനി) എന്നീ നാലു പുത്രീപുത്രന്മാർ ഉണ്ടായി.

അപ്പച്ചൻെറ മൂത്ത മകൾ ജെസിയെ തോട്ടുമുക്കം വാത്തോലിൽ ജോസ് വിവാഹം കഴിച്ചു. ജോസ് അദ്ധ്യാപകനാണ്. അമൽ, അനിൽ എന്നീ രണ്ടു കുട്ടികൾ ഉണ്ട്. അപ്പച്ചൻെറ രണ്ടാമത്തെ മകൾ മിനിയെ മഞ്ഞക്കടവിൽ പൊയ്ക്കുന്നേൽ ടോമി വിവാഹം കഴിച്ചു. ബിജു വിദ്യാർത്ഥിയാണ്. സിനിയെ നിലമ്പൂർ കാളികാവ് കളരിപ്പറമ്പിൽ ബെറ്റ്സൺ വിവാഹം ചെയ്തു.

## IA1b സ്കറിയ മകൾ അച്ചാമ്മ

അച്ചാമ്മയെ തിരുവാമ്പാടിയിൽ ഇളംതുരുത്തിയിൽ ലൂക്കോസ് (അപ്പച്ചൻ) വിവാഹം ചെയ്തു. ഇവർക്ക് സിബി, ബെറ്റി, റിക്സ, ഡെന്നീസ് എന്നീ നാലു മക്കളുണ്ട്. ലൂക്കോസ് അകാലത്തിൽ നിര്യാതനായി.

## IA1c സ്കറിയ മകൾ തങ്കമ്മ

തങ്കമ്മയെ വേനപ്പാറ കണ്ണേഴത്ത് ചാക്കോച്ചൻ വിവാഹം ചെയ്തു. ഇവർക്ക് സിൽവി, സിമ്മി, സിബു എന്നീ മൂന്നു കുട്ടികളുണ്ട്.

## IA1d സ്കറിയ മകൻ ജോയി

ജോയി കല്ലാനോട് കുമ്പളാങ്കൽനിന്ന് ഏലിയാമ്മയെ വിവാഹം ചെയ്തു തിരുവാമ്പാടിയിൽ താമസിക്കുന്നു. ഇവർക്ക് സ്കറിയാ (അജു), മേരി (അനു) ആഗസ്തി (അഖിൽ) എന്നീ മൂന്നു മക്കൾ ജാതരായി. ഇവരെല്ലാവരും വിദ്യാർത്ഥികളാണ്.

## IA1e സ്കറിയ മകൻ തോമാച്ചൻ

തോമാച്ചൻ വയനാട് പടിഞ്ഞാറെത്തറ കുന്നുമ്പുറത്തുനിന്ന് ലില്ലിയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് സ്കറിയാ (ഷൈജു), മറിയം (ഷപ്ന), ജോസഫ് (റിബിൻ) എന്നീ മൂന്നു മക്കളുണ്ട്. ഇവർ വിദ്യാർത്ഥികളാണ്. ഷൈജു ഇപ്പോൾ ഉപരിപഠനാർത്ഥം ലണ്ടനിലാണ്.

## IA1f സ്കറിയ മകൾ ലിസ്സി


സ്കറിയായുടെ ഇളയപുത്രി ലിസ്സിയെ കുറവിലങ്ങാട് പാക്കുരുമ്പേൽ മാണി (മാമച്ചൻ) വിവാഹം ചെയ്തു. ഇപ്പോൾ ഗാന്ധിനഗർ അമ്മഞ്ചേരിയിൽ താമസിക്കുന്നു. ഇവർക്ക് രജിത, രോഷ്ണി എന്നീ രണ്ടുമക്കളുണ്ട്. ഇദ്ദേഹം ഫെഡറൽബാങ്ക് മാനേജരായി ജോലിചെയ്യുന്നു.

## IA2 മത്തായി മകൾ ഏലിക്കുട്ടി

ഏലിക്കുട്ടിയെ കൊഴുവനാൽ തോണക്കര ഇറാനിമോസ് മകൻ ജോസഫ് (വക്കച്ചൻ) വിവാഹം ചെയ്ത് കെഴുവംകുളത്ത് താമസിക്കുന്നു. ഇവർക്ക് കൊച്ചുകുഞ്ഞ്, മേരി, അച്ചാമ്മ, ഏത്സമ്മ, ഈപ്പച്ചൻ, ചിന്നമ്മ, ജോസ്, റോസമ്മ എന്നീ എട്ടു മക്കൾ ജനിച്ചു.

## IA3 മത്തായി മകൻ ജോൺ

ജോൺ വിളക്കുമാടത്ത് ഞൊണ്ടിമാക്കൽനിന്നും മറിയത്തെ (മാമ്മിയെ) വിവാഹം ചെയ്തു. ഇവർക്ക് മത്തായി (കുട്ടി), ദേവസ്യ (ജോർജ്ജ്), മറിയം (അമ്മിണി), ഏലി (ലൂസി), റോസമ്മ, ജോസഫ് (ബാബു), ജോൺ (ജോണി), സ്കറിയാ (തോമാച്ചൻ), തോമസ് (റോയി), ജെയിംസ് എന്നീ പത്തു മക്കൾ ജനിച്ചു. ഇവർ കൂടരഞ്ഞിയിൽ താമസിക്കുന്നു. ജോൺ 2002 ഡിസംബർ 14-ന് നിര്യാതനായി.



പ്ലാക്കാട്ട് മത്തായി മകൻ ജോണും ഭാര്യ മറിയവും.





## IA3a ജോൺ മകൻ കുട്ടി (മത്തായി)

കുട്ടി പുഷ്പഗിരി കിഴക്കാരക്കാട്ട് റോസക്കുട്ടിയെ വിവാഹം കഴിച്ച് കൽപനിയിൽ താമസിക്കുന്നു. ഇവർക്ക് മറിയം (ജിൻസി), കൊച്ചുത്രേസ്യാ (നൈസി) എന്നീ രണ്ടു പുത്രിമാരുണ്ട്. ജിൻസിയെ പൂഞ്ഞാറ്റിൽ മേക്കലാത്ത് റോണി വിവാഹംകഴിച്ചു. ഇവർ ഗൾഫിൽ ജോലിചെയ്യുന്നു. നൈസിയെ മണിമൂളി അണിയനാംകുന്നേൽ ജോസി വിവാഹം കഴിച്ചു.



പ്ലാക്കാട്ട് ജോൺ മകൻ കുട്ടിയും കുടുംബവും.

## IA3b ജോൺ മകൻ ജോർജ്ജ് (ദേവസ്യ)



പ്ലാക്കാട്ട് ജോൺ മകൻ ജോർജ്ജും കുടുംബവും.

ജോർജ്ജ് കല്ലാനോട് തടത്തിൽ മേരിയെ വിവാഹം ചെയ്ത് കൂടരഞ്ഞി പെരുമ്പൂളയിൽ താമസിക്കുന്നു. ഇവർക്ക് മറിയം (ബെറ്റ്സിൻ), ജോസഫ് (ജെന്നിസ്), അൽഫോൻസാ (സോനാ) എന്നീ മൂന്നു പുത്രീപുത്രന്മാരുണ്ടായി. ബെറ്റ്സിനെ നിലമ്പൂർ ഇടിവെണ്ണ ഞള്ളംപുഴ മനോജ് വിവാഹം ചെയ്തു. മറ്റുള്ളവർ വിദ്യാർത്ഥികളാണ്.


## IA3c ജോൺ മകൾ അമ്മിണി (മേരി)

അമ്മിണിയെ തലയാട് പെരുംചെല്ലൂർ ജോണി വിവാഹം ചെയ്തു. ഇവർക്ക് മിനി, പ്രീതി, സവിത, ദീപ, ജോസ് എന്നീ അഞ്ച് മക്കളുണ്ട്.



പ്ലാക്കാട്ട് ജോൺ മകൾ അമ്മിണിയും കുടുംബവും.

## IA3d ജോൺ മകൾ ലൂസി (ഏലി)



പ്ലാക്കാട്ട് ജോൺ മകൾ ലൂസിയും കുടുംബവും.

ലൂസിയെ തേക്കുംകുറ്റി പുതുപ്പറമ്പിൽ തോമസ് (ടോമി) വിവാഹം കഴിച്ചു. ഇവർക്ക് ലിൻേറാ, ലിൻസി, ലൈമി എന്നീ മൂന്നു മക്കളുണ്ട്.

## IA3e ജോൺ മകൾ റോസമ്മ (സി. റോയിസ് ജോൺ)




സി.റോയിസ് ജോൺ

റോസമ്മ തിരുഹൃദയമഠത്തിൽ ചേർന്ന് സിസ്റ്റർ റോയിസ് ജോൺ എന്ന പേരു സ്വീകരിച്ചു. ഇപ്പോൾ താമരശ്ശേരി രൂപതയിൽ കോഴിക്കോട് അശോകപുരം കോൺവെന്റിൽ മദർ സുപ്പീരിയറായി സേവനം ചെയ്യുന്നു.

## IA3f ജോൺ മകൻ ബാബു (ജോസഫ്)

ബാബു പുഷ്പഗിരിയിൽ നിന്നും കിഴക്കരക്കാട്ട് ത്രേസ്യാമ്മ (ഷൈനി)യെ വിവാഹം ചെയ്ത് കൂടരഞ്ഞിയിൽ കൽപൂർ എന്ന



പ്ലാക്കാട്ട് ജോൺ മകൻ ബാബുവും കുടുംബവും.



പ്ലാക്കാട്ട് ജോൺ മകൻ ജോണിയും കുടുംബവും.






സ്ഥലത്ത് താമസിക്കുന്നു. ഇവർക്ക് അമൽമേരി, അബിൻ, അഞ്ജുറാണി, എന്നീ മൂന്നു മക്കൾ ജനിച്ചു. ഇവർ വിദ്യാർത്ഥികളാണ്.

## IA3g ജോൺ മകൻ ജോണി

ജോണി കല്ലാനോടുനിന്നും വടക്കേൽ ജൂലിയറ്റിനെ (ജോഷി) വിവാഹം ചെയ്തു കൂടരഞ്ഞിയിൽ താമസിക്കുന്നു. ഇവർക്ക് അലൻമേരി, ആറ്റ്ലിൻ, എഡ്വിൻ എന്നീ മൂന്നുമക്കളുണ്ട്.

## IA3h ജോൺ മകൻ സ്കറിയാ (തൊമ്മച്ചൻ)



പ്ലാക്കാട്ട് ജോൺ മകൻ തോമസും ഭാര്യ ജെയ്സിയും.

തൊമ്മച്ചൻ കാറ്റുള്ളമലനിന്നും കണയിങ്കൽ ഫിലോമിന (ജെയ്സി)യെ വിവാഹം ചെയ്തു. ഇവർക്ക് റോസ്മിൻ, റ്റെസ്മിൻ എന്നീ രണ്ടു പുത്രിമാരുണ്ട്.

## IA3i ജോൺ മകൻ തോമസ് (റോയി)



പ്ലാക്കാട്ട് ജോൺ മകൻ റോയിയും കുടുംബവും.

റോയി പാലക്കയത്തു നിന്നും കുന്നുംഭാഗത്ത് ബ്രിജീത്തായെ (ബീന) വിവാഹം ചെയ്തു തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് മേരി (മരീന) എന്ന പുത്രിയും ജോൺസൺ എന്ന പുത്രനുമുണ്ട്.

## IA3j ജോൺ മകൻ ഫാ. ജെയിംസ്

ജെയിംസ് ഡോൺ ബോസ്കോ സലേഷ്യൻസഭയിൽ ചേർന്ന് 2000 ജനുവരി ഒന്നിന് വൈദികനായി. ഇപ്പോൾ എറണാകുളം സലേഷ്യൻ ഭവനത്തിൽ പ്രിൻറിംഗ് ടെക്നോളജി പഠിപ്പിക്കുന്ന സ്ഥാപനത്തിൽ സേവനം ചെയ്യുന്നു. ഈ ചരിത്രഗ്രന്ഥത്തിൻെറ നിർമ്മാണത്തിന് വളരെയേറെ സഹായം ചെയ്തിട്ടുള്ള വ്യക്തിയുംകൂടിയാണ് അദ്ദേഹം.



വൈദികപട്ടം സ്വീകരിച്ച ഫാ. ജെയിസ് പ്ലാക്കാട്ടിനെ സഹോദരി സി. റോയിസ് അനുമോദിക്കുന്നു.

## IA4 മത്തായി മകൾ മറിയാമ്മ

മറിയാമ്മയെ കൂരാച്ചുണ്ട് ഒറ്റപ്ലാക്കൽ സെബാസ്റ്റ്യൻ (കുഞ്ഞ്) വിവാഹം ചെയ്തു. ഇവർക്ക് ജോയി, വത്സമ്മ, ബേബി, കുഞ്ഞുമേരി എന്നീ നാലു മക്കൾ ജനിച്ചു. സെബാസ്റ്റ്യൻ 2000-ാമാണ്ട് ജൂൺ 18-ന് നിര്യാതനായി. ആദ്യകാല കുടിയേറ്റക്കാരിൽ ഒരാളായിരുന്ന ഇദ്ദേഹം ഒരു വ്യവസായപ്രമുഖൻകൂടിയായിരുന്നു.

മറിയാമ്മ-സെബാസ്റ്റ്യൻ ദമ്പതികളുടെ മൂത്തമകൻ ജോയി കുളത്തുവയൽ എമ്പ്രയിൽ മത്തായി മകൾ കുട്ടിയമ്മയെ വിവാഹം ചെയ്തു. ഇവർക്ക് സിബി, ദീപ, സുനിൽ, ബോബി എന്നീ നാലുമക്കളുണ്ട്. സിബി വൈദിക വിദ്യാർത്ഥിയാണ്.

വത്സമ്മയെ തിരുവമ്പാടിയിൽ കയത്തിങ്കൽ ബാബു വിവാഹം ചെയ്തു. ഇവർക്ക് അമ്പിളി, സിജി, സന്ധ്യ എന്നീ മൂന്നു മക്കളുണ്ട്. ബാബു 1999-ൽ നിര്യാതനായി.

ബേബി മരുതോങ്കര പൊങ്ങംപാറ ദേവസ്യായുടെ മകൾ ലീലയെ വിവാഹം ചെയ്തു ഇവർക്ക് സിന്ധു, മനു, ജിനു എന്നീ മൂന്നു മക്കളുണ്ട്.






മേരിയെ മുള്ളൻകൊല്ലിയിൽ കുഴിപ്പാക്കൽ ജോസ് വിവാഹം ചെയ്തു. ഇവർക്ക് നിഥിൻ, നീതു എന്നീ രണ്ടു മക്കളുണ്ട്. ജോസ് അധ്യാപക നാണ്.

## IA5 മത്തായി മകൾ അന്നമ്മ (സി. ആൻസലം)

അന്നമ്മ 1969-ൽ ക്ലാരമഠത്തിൽ ചേർന്ന് സി. ആൻസലം എന്ന പേരുസ്വീകരിച്ച് ഇപ്പോൾ കാസർകോടു ജില്ലയിൽ ഉദയപുരം എന്ന സ്ഥലത്തു സേവനം ചെയ്യുന്നു.



സി. ആൻസലം FCC

സി. ആൻസലം സ്കൂൾ അധ്യാപികയായി ജോലിയിൽനിന്നും വിരമിച്ചു വിശ്രമജീവിതം നയിക്കുന്നു.

## IA6 മത്തായി മകൾ റോസമ്മ

റോസമ്മയെ പാലാ കെടുമ്പൻപുരയിടത്തിൽ മാത്യു (കുട്ടി) വിവാഹം ചെയ്തു. ഇപ്പോൾ നിലമ്പൂർ റൂബി എസ്റ്റേറ്റിൽ താമസിക്കുന്നു. ഇവർക്ക് മോളി, മേഴ്സി, തോമസ്, ബേബി, മേരി, ആനി, ബിജി, സജി, മായ എന്നീ ഒമ്പതു മക്കളുണ്ട്. മാത്യു 1995-ൽ നിര്യാതനായി.

## IB സ്കറിയാ മകൻ ജോസഫ് (കുഞ്ഞൗത)

കുഞ്ഞൗത പാലാ മുതുകുളത്തുനിന്നും കുഞ്ഞേലിയെ വിവാഹം ചെയ്തു. ഇദ്ദേഹം യൗവ്വനത്തിൽ നിര്യാതയായി. കുഞ്ഞേലിയെ പാലാ രാമപുരം വീട്ടിലേക്ക് പുനർവിവാഹം ചെയ്തയച്ചു.

## IC സ്കറിയാ മകൻ ജോൺ (കുട്ടപ്പൻ)

മക്കളിൽ മൂന്നാമനായ കുട്ടപ്പൻ ചങ്ങനാശ്ശേരി ഒളശയിൽനിന്നും മറിയാമ്മയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് ജോസഫ് (ഔതച്ചൻ), സ്കറിയാ (അപ്പച്ചൻ) ചിന്നമ്മ, ജോൺ (ജോയിച്ചൻ), മാത്യു (പാപ്പച്ചൻ), പെണ്ണമ്മ എന്നീ ആറ് മക്കളുണ്ട്.



പ്ലാക്കാട്ട് ജോണും (കുട്ടപ്പൻ) ഭാര്യ മറിയാമ്മയും.

**IC1ജോൺ മകൻ ജോസഫ് (ഔതച്ചൻ)**

ഔതച്ചൻ അതിരമ്പുഴ പണ്ടാരകളത്തുനിന്നും മേരിക്കുട്ടിയെ വിവാഹം ചെയ്ത് ആലക്കോടിനടുത്ത് കരുവഞ്ചാലിൽ താമസിക്കുന്നു. ഇവർക്ക് ബേബി, ജോണി, മോളി എന്നീ മൂന്നു മക്കളുണ്ട്.

ജോസഫിൻെറ മൂത്തമകൻ ബേബി പാലാക്കുന്നേൽ ജാൻസിയെ വിവാഹം ചെയ്ത് കരുവഞ്ചാലിൽ താമസിക്കുന്നു. ഇവർക്ക് അനു, അഞ്ചു എന്നീ രണ്ടു മക്കളുണ്ട്. ജോസഫിൻെറ രണ്ടാമത്തെ പുത്രനായ ജോണി ബീനയെ വിവാഹം ചെയ്തു. ഇവർക്ക് മിനു, മിഥിൻ എന്നീ രണ്ടുമക്കളുണ്ട്. ജോസഫിൻെറ ഇളയമകൾ മോളിയെ കാർത്തികപുരത്തിനടുത്ത് താബോറിൽ പൊന്നാംപാറയിൽ റെജി വിവാഹം ചെയ്ത് താബോറിൽ താമസിക്കുന്നു. ഇവർക്ക് ഷിനു, തോമസ്, കുഞ്ചു എന്നീ മൂന്നു കുട്ടികളുണ്ട്.

**IC2 ജോൺ മകൻ സ്കറിയാ (അപ്പച്ചൻ)**

അപ്പച്ചൻ അതിരമ്പുഴ പേമലയിൽനിന്നും ലിസ്സിയമ്മയെ വിവാഹം ചെയ്ത് കാർത്തികപുരത്തിനടുത്ത് അരിവിളഞ്ഞപോയിൽ താമസിക്കുന്നു. ഇവർക്ക് ബീനാ, ബിജു, ബിന്ദു എന്നീ മൂന്നു മക്കളുണ്ട്. ബീനായെ ചെമ്പേരി ചാലിൽ ടോമി വിവാഹം കഴിച്ച് മലപ്പുറത്ത് താമസിക്കുന്നു. ടോമി ബാങ്കു ജീവനക്കാരനാണ്. ബീന അദ്ധ്യാപികയാണ്. ഇവർക്ക് ജിലു എന്നൊരു പുത്രിയും ജോസഫ് എന്നൊരു പുത്രനുമുണ്ട്.







സി. ജോൺ പ്ലാക്കാട്ട്

അപ്പച്ചൻെറ മകൻ ബിജു സംസ്ഥാനതല വോളിബോൾ താരമാണ്. ഇപ്പോൾ കേന്ദ്രസർവ്വീസിൽ P&T വകുപ്പിൽ ജോലിചെയ്യുന്നു. ഇളയമകളായ ബിന്ദു വിദ്യാർത്ഥിനിയാണ്. അരിവളഞ്ഞപോയിൽ സെൻറ് തോമസ് പള്ളി നിർമ്മിക്കുവാനാവശ്യമായ സ്ഥലം അപ്പച്ചൻ ദാനമായി നൽകിയതാണ്.

**IC3 ജോൺ മകൾ ചിന്നമ്മ (സി. ജോൺ)**

ചിന്നമ്മ ചാരിറ്റീസ് ഓഫ് സിസ്റ്റേഴ്സ് എന്ന സന്യാസിനീസമൂഹത്തിൽ ചേർന്ന് സി. ജോൺ എന്ന പേരു സ്വീകരിച്ചു. ഇപ്പോൾ ആന്ധ്രാപ്രദേശിൽ വിജയവാഡയിൽ മേരിമാതാ ഹോസ്പിറ്റലിൽ സേവനം ചെയ്യുന്നു.

**IC4 ജോൺ മകൻ ജോയിച്ചൻ**


ജോയിച്ചൻ ആർമിയിൽ ചേർന്ന് റിട്ടയർ ചെയ്തു. അവിവാഹിതനായ ഇദ്ദേഹം സഹോദരൻ പാപ്പച്ചനോടും മാതാപിതാക്കളോടുമൊപ്പം തറവാട്ടിൽ താമസിക്കുന്നു.

**IC5 ജോൺ മകൻ പാപ്പച്ചൻ**

പാപ്പച്ചൻ കടപ്ലാമറ്റത്ത് അമ്പലത്തുരുത്തേൽ ചെറിയാൻ മകൾ സെലീനാമ്മയെ വിവാഹം ചെയ്തു തറവാട്ടിൽ താമസിക്കുന്നു.

**IC6 ജോൺ മകൾ പെണ്ണമ്മ**

പെണ്ണമ്മയെ ആലക്കോടിനടുത്ത് ഉദയഗിരിയിൽ മംഗലത്ത് ലൂക്കാച്ചൻ വിവാഹം ചെയ്ത് ഉദയഗിരിയിൽ താമസിക്കുന്നു. ഇവർക്ക് ജസ്റ്റിൻ, ബെസ്റ്റിൻ എന്നീ രണ്ട് ആൺകുട്ടികളുണ്ട്. രണ്ടുപേരും വിദ്യാർത്ഥികളാണ്. ലൂക്കാച്ചൻ മുപ്പത്തിമൂന്നാം വയസ്സിൽ നിര്യാതനായി.




പ്ലാക്കാട്ട് സ്കറിയ
മകൻ തോമസ്

**ID സ്കറിയാ മകൻ തോമസ്**

സ്കറിയായുടെ ഇളയമകൻ തോമസ് അവിവാഹിതനായി ജ്യേഷ്ഠൻ ജോണിനൊപ്പം തറവാട്ടിൽ താമസിച്ചു. ഇദ്ദേഹം 1989-ൽ 80-ാം വയസ്സിൽ നിര്യാതനായി.

# പ്ലാക്കാട്ട് - മഠത്തിക്കാട്ടു കുന്നേൽ ശാഖ



# പ്ലാക്കാട്ട് മഠത്തിക്കാട്ടുകുന്നേൽ ശാഖ

## 1 ഈപ്പൻ മഠത്തിക്കാട്ടുകുന്നേൽ

പ്ലാക്കാട്ടുതറവാട്ടിൽ താമസിച്ച ഈപ്പന്റെ രണ്ടാമത്തെ മകൻ വർക്കി മുത്തോലി കിഴക്കേക്കരയിലേക്കു മാറിത്താമസിച്ചു. അദ്ദേഹത്തിന്റെ മൂത്ത പുത്രനായ ഈപ്പൻ പ്രവിത്താനത്ത് തെങ്ങുംപള്ളിൽ (തെക്കേവീട്) തൊമ്മച്ചന്റെ മകൾ മറിയത്തിനെ വിവാഹംചെയ്ത് മഠത്തിക്കാട്ടുകുന്നേലേക്കു മാറിത്താമസിച്ചു. ഇവർക്ക് കുഞ്ചിലോ, തൊമ്മൻ, കുഞ്ഞേപ്പ്, ഇട്ടിച്ചെറിയാ, വർക്കി, ത്രേസ്യാ, ഈത്തമ്മ, ഏലി എന്നീ എട്ടുമക്കൾ ജനിച്ചു.

## IF ഈപ്പൻ മകൾ ത്രേസ്യാ

ത്രേസ്യായെ പാലാ മേനാംപറമ്പിൽ വിവാഹംചെയ്തയച്ചു. ഭർത്താവ് അകാലത്തിൽ മരണമടഞ്ഞതിനാൽ ത്രേസ്യാ തിരികെ തറവാട്ടിൽവന്ന് ഇളയസഹോദരൻ വർക്കിയോടൊപ്പം താമസിച്ചു.

## IG ഈപ്പൻ മകൾ ഈത്തമ്മ

ഈത്തമ്മയെ പാലായിൽ തൊഴുത്തുങ്കവയലിൽ തൊമ്മൻ മകൻ ഔസേപ്പ് വിവാഹംചെയ്തു. ഇവർക്ക് തോമസ്, ഈപ്പൻ എന്നീ രണ്ടു പുത്രന്മാരും മറിയം (കുഞ്ഞുപെണ്ണ്) എന്ന പുത്രിയും ജനിച്ചു. മൂത്തപുത്രൻ തൊമ്മൻ (റവ. ഫാ. തോമസ് തലച്ചിറ സീനിയർ) വൈദികപഠനം പൂർത്തിയാക്കി പൗരോഹിത്യം സ്വീകരിച്ച് വീട്ടിലേക്കു മടങ്ങുന്നവഴി ഏറ്റുമാനൂരിനടുത്ത് പട്ടിത്താനത്തുവച്ച് ബസ്സപകടത്തിൽ അകാലചരമംപ്രാപിച്ചു. രണ്ടാമത്തെപുത്രൻ ഈപ്പൻ വരിക്കമാക്കൽനിന്നും കത്രിയെ വിവാഹം ചെയ്ത് തൃശൂരിനടുത്ത് മുടിയൂർക്കര താമസിക്കുന്നു. ഇദ്ദേഹത്തിന്റെ പുത്രന്മാരിൽ ഒരാളായ മോൺ. തോമസ് തലച്ചിറ (ജൂനിയർ) കല്യാൺ രൂപതയിലെ വികാരി ജനറലായി സേവനംചെയ്യുന്നു. ഔസേപ്പിന്റെ മകളായ മറിയത്തിനെ പാലാ പനക്കൽവിവാഹംചെയ്തയച്ചു.





## IH ഈപ്പൻ മകൾ ഏലി

ഈപ്പന്റെ മൂന്നാമത്തെ പുത്രി ഏലിയെ പാലായിൽ ചീരാങ്കുഴിയിൽ വിവാഹംചെയ്തയച്ചു. ഭർത്താവ് അകാലത്തിൽ മരിച്ചുപോകയാൽ ഏലി തിരികെ സ്വഭവനത്തിൽവന്ന് സഹോദരൻ വർക്കിയോടൊപ്പം താമസിച്ചു. ഏറെത്താമസിയാതെ ഏലി നിര്യാതയായി.

## IE ഈപ്പൻ മകൻ വർക്കി

ഈപ്പന്റെ ഏറ്റവും ഇളയപുത്രനായ വർക്കി കരൂർ ആണ്ടൂക്കുന്നേൽ (ഞാവള്ളിൽ ചൂരനാട്) ചാണ്ടി മകൾ സാറാമ്മയെ (അന്നമ്മ) വിവാഹം ചെയ്തു. ഇവർക്ക് ഈപ്പൻ, ചാണ്ടി, മേരി, കുഞ്ഞമ്മ, തോമസ് എന്നീ അഞ്ച് മക്കൾ ജനിച്ചു. വർക്കി 1972 ഒക്ടോബർ എട്ടിനും സാറാമ്മ 1996 സെപ്റ്റംബർ 24-നും നിര്യാതരായി.



അന്ന വർക്കി
മഠത്തിക്കാട്ടുകുന്നേൽ

## IE1 വർക്കി മകൻ ഈപ്പൻ

വർക്കിയുടെ മൂത്തപുത്രനായ ഈപ്പൻ കൈനകരി കണി ച്ചേരിൽ മാർഗരറ്റിനെ വിവാഹം ചെയ്തു. ഇദ്ദേഹം പിന്നീട് മലബാറിൽ വെള്ളരിക്കു ണ്ടിലേയ്ക്കു കുടിയേറി ത്താമസിച്ചു. മലബാറിലെ ആദ്യകാല കുടിയേറ്റ കർഷകരിൽ ഒരാളാണ് ഇദ്ദേഹം. വെള്ളരിക്കുണ്ട് ഫൊറോനാപള്ളിയുടെയും സ്ക്കൂളിന്റെയും നിർമ്മാണത്തിന് മുൻപന്തിയിൽനിന്ന് പ്രവർത്തിച്ചിട്ടുണ്ട്. റബ്ബർകൃഷി കാസർകോടുജില്ലയിൽ പ്രചരിപ്പിക്കുന്നതിൽ ഇദ്ദേഹം മുഖ്യ പങ്കുവഹിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ രണ്ടാമത്തെ റബ്ബർനേഴ്സറിയുടെ പ്രൊപ്രൈറ്റർ ഇദ്ദേഹമായിരുന്നു. ഇദ്ദേഹത്തിന്റെ ഉടമസ്ഥതയിൽ കാസിനോ, വീനസ് എന്നീ എന്നീ രണ്ടു സിനിമാ തിയേറ്ററുകൾ വെള്ളരിക്കുണ്ടിൽ പ്രവർത്തിക്കുന്നു.

ഈപ്പച്ചന് ജോർജ്ജ്(പാപ്പച്ചി), തോമസുകുട്ടി, ചേച്ചമ്മ (അൽഫോൻസാ), രാരിച്ചൻ, കൊച്ചുറാണി, ജെയിംസ്, കുഞ്ഞുമോൾ എന്നീ ഏഴു പുത്രീപുത്രന്മാരുണ്ട്. ഈപ്പച്ചൻ 2001 ഫെബ്രുവരി എട്ടിന് നിര്യാതനായി.



മത്തിക്കാട്ടുകുന്നേൽ ഈപ്പച്ചനും ഭാര്യ മാർഗ്ഗരറ്റും.

## IE1a ഈപ്പൻ മകൻ ജോർജ്ജ് (പാപ്പച്ചി)

മക്കളിൽ മൂത്തയാളായ പാപ്പച്ചി തളിപ്പറമ്പിനടുത്ത് വിളക്കന്നൂർ പൊറുങ്ങനാൽ മാണിയുടെ മകൾ ക്ലാരമ്മയെ (ഓമന) വിവാഹംചെയ്തു വെള്ളരിക്കുണ്ടിൽ താമസിക്കുന്നു. ഇദ്ദേഹം ഇപ്പോൾ മാലോത്ത് ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ പ്രിൻസിപ്പലായി സേവനംചെയ്യുന്നു. ഇവർക്ക് നിധീഷ് (ഈപ്പൻ), നിധിൻ (മാണി) എന്നീ രണ്ടു പുത്രന്മാരുണ്ട്.

## IE1b ഈപ്പൻ മകൻ തോമസ്

തോമസ് ചേന്നങ്കരി ഐക്കര ചെറുകോട്ടുനിന്നും ചാണ്ടി മകൾ സാലിയെ വിവാഹംചെയ്ത് വെള്ളരിക്കുണ്ടിൽ താമസിക്കുന്നു. കേരളാ കോൺഗ്രസ് ജില്ലാ സെക്രട്ടറിയായും സിനി എക്സിബിറ്റേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി മെമ്പറായും പ്രവർത്തിച്ചിട്ടുണ്ട്. നാട്ടിൽ അറിയപ്പെടുന്ന സാമൂഹിക, രാഷ്ട്രീയപ്രവർത്തകൻകൂടിയാണ് അദ്ദേഹം. തോമസിന് ടിന്റു (മാർഗരറ്റ്), ടിനു (ത്രേസ്യാ), മരിയാ എന്നീ മൂന്നു പെൺകുട്ടികൾ ഉണ്ട്. ഇവർ വിദ്യാർത്ഥിനികളാണ്.





## IE1c ഈപ്പൻ മകൾ ചേച്ചമ്മ (അൽഫോൻസാ)

ചേച്ചമ്മയെ ചെറുപുഴ ചൊവ്വാറ്റുകുന്നേൽ ദേവസ്യാ മകൻ ജോയി വിവാഹംചെയ്തു. ഇവർക്ക് ജൂബിൻ (സെബാസ്റ്റ്യൻ), ഷെറിൻ (റോസ) എന്നീ രണ്ടുമക്കളുണ്ട്. ജോയി ചെറുപുഴയിൽ ബിസിനസ്സ് ചെയ്യുന്നു.

## IE1d ഈപ്പൻ മകൻ രാരിച്ചൻ (ജോസ്)

രാരിച്ചൻ കുറ്റിയാടിയിൽ തേവർകോട്ടയിൽ സേവ്യർ മകൾ ഷൈനിയെ വിവാഹംചെയ്തു വെള്ളരിക്കുണ്ടിൽ താമസിക്കുന്നു. ഇവർക്ക് നീതു, മേരി, മുത്ത് എന്നീ മൂന്നു മക്കളുണ്ട്. ഇവർ വിദ്യാർത്ഥിനികളാണ്.

## IE1e ഈപ്പൻ മകൾ കൊച്ചുറാണി

കൊച്ചുറാണിയെ അമ്പലപ്പുഴ തകഴി, കാളകെട്ടുംപറമ്പിൽ ചാക്കോച്ചൻ വിവാഹംചെയ്തു. ഇവർക്ക് സ്റ്റെഫി, മൈക്കിൾ, മാർഗരറ്റ് എന്നീ മൂന്നു മക്കളുണ്ട്.

## IE1f ഈപ്പൻ മകൻ ജെയിംസ്


ജെയിംസുകുട്ടി കൂരാച്ചുണ്ട് തലക്കുളത്തിൽ ചെറിയാൻ മകൾ റീനയെ വിവാഹംചെയ്തു തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് സ്നേഹ, ആൻമേരി എന്നീ രണ്ടു മക്കളുണ്ട്.

## IE1g ഈപ്പൻ മകൾ കുഞ്ഞുമോൾ (അന്ന)

ഈപ്പച്ചന്റെ ഇളയപുത്രി കുഞ്ഞുമോളെ കോഴിക്കോടിനടുത്ത്, ഓമശ്ശേരി, ചെമ്പകശ്ശേരി മാത്യുവിന്റെ മകൻ ഷാജു വിവാഹംചെയ്തു. ഇദ്ദേഹം ഗവ. സർവ്വീസിൽ ഡോക്ടറായി സേവനംചെയ്യുന്നു. ഇവർക്ക് റിയാ എന്നൊരുപുത്രിയും മാത്യു എന്നൊരു പുത്രനുമുണ്ട്.

## IE2 വർക്കി മകൻ ചാണ്ടി

വർക്കിയുടെ രണ്ടാമത്തെ മകനായ ചാണ്ടി, കോലടി ഐക്കര (കാരപുഴക്കൽ) മാത്യു മകൾ ചിന്നമ്മയെ വിവാഹംചെയ്തു തറവാട്ടിൽ താമസിക്കുന്നു. ഇദ്ദേഹം രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന ഒരു വ്യക്തിയാണ്.



മടത്തിക്കാട്ടുകുന്നേൽ ചാണ്ടിക്കുഞ്ഞും കുടുംബവും.

മുത്തോലിയിലെ ആദ്യകാല കോൺഗ്രസ് പ്രവർത്തകരിൽ ഒരാളാണ് ചാണ്ടിക്കുഞ്ഞ്. മുത്തോലിപ്പള്ളി പുനർ നിർമ്മാണത്തിൽ ഇദ്ദേഹം വഹിച്ചിട്ടുള്ള പങ്ക് അവിസ്മരണീയമാണ്. കുടുംബചരിത്രരചനാക്കമ്മിറ്റി അംഗംകൂടിയാണ് ഇദ്ദേഹം. ഇദ്ദേഹത്തിന് ആനിയമ്മ, ജോജി, സിബി എന്നീ മൂന്നു മക്കളുണ്ട്.

## IE2a ചാണ്ടി മകൾ ആനിയമ്മ


ചാണ്ടിയുടെ മൂത്തമകൾ ആനിയമ്മയെ (ചിറ്റാർ) നെച്ചിപ്പുഴൂർ, മണ്ണാപറമ്പിൽ മാത്യുവിന്റെ മകൻ തോമസ് (മാമ്മച്ചൻ) വിവാഹംചെയ്തു. ഇവർക്ക് ബോസ്, അമ്പിളി, ആൻസ് എന്നീ മൂന്നുമക്കളുണ്ട്. ഇവർ വിദ്യാർത്ഥികളാണ്.

## IE2b ചാണ്ടി മകൻ ജോജി

ചാണ്ടിയുടെ മക്കളിൽ രണ്ടാമത്തെയാളായ ജോജി മുണ്ടക്കയം ഇഞ്ചിയാനി, പാലയ്ക്കൽ തോമസ് മകൾ ഷൈനിയെ







മടത്തിക്കാട്ടുകുന്നേൽ പ്രൊഫ. ജോജിയും കുടുംബവും.

വിവാഹംചെയ്തു മുത്തോലിയിൽ താമസിക്കുന്നു. ഇദ്ദേഹം പാലാ സെൻറ് തോമസ് കോളേജിൽ കെമിസ്ട്രിവിഭാഗം അദ്ധ്യാപകനാണ്. ഇദ്ദേഹം അറിയപ്പെടുന്ന സംസ്ഥാന യൂണിവേഴ്സിറ്റി കായികതാരംകൂടിയാണ്. രാഷ്ട്രീയ സാമൂഹികരംഗ ങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന ഇദ്ദേഹം രൂപതാ പാസ്റ്ററൽ കൗൺസിൽ മെമ്പറും, വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ഹെഡ്മാസ്റ്ററും കൂടി യാണ്. നാഗനൂലിൽ മണ്ണൂർകുടുംബചരിത്രരചന കമ്മിറ്റിയുടെ സെക്രട്ടറിയായ ഇദ്ദേഹം ചരിത്രരചനയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി സജീവമായി പ്രവർത്തിച്ചിട്ടുള്ള വ്യക്തിയാണ്. ഇവർക്ക് അലക്സ്, അലൻ എന്നീ രണ്ടുപുത്രന്മാരുണ്ട്. ഇരുവരും വിദ്യാർത്ഥികളാണ്.

## IE2c ചാണ്ടി മകൻ സിബി

ചാണ്ടിയുടെ ഇളയപുത്രനായ സിബി ഉള്ളനാട് മഠത്തിൽ ദേവസ്യാ മകൾ റീനയെ വിവാഹംചെയ്ത് തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് മാർട്ടിൻ, അന്ന എന്നീ രണ്ടുമക്കളുണ്ട്.

## IE3 വർക്കി മകൾ മേരി

വർക്കിയുടെ മക്കളിൽ മൂന്നാമത്തെ ആളായ മേരിക്കുട്ടിയെ കുറവിലങ്ങാട് പാറ്റാനിയിൽ കുര്യച്ചൻ വിവാഹംചെയ്ത് മുത്തോലിയിൽ താമസിക്കുന്നു. മേരി മുത്തോലി സെൻറ് ജോസഫ്സ് ഗേൾസ് ഹൈസ് ക്കൂളിൽ അദ്ധ്യാപികയായി സർവ്വീസിൽനിന്നും വിരമിച്ചു. കുര്യച്ചൻ കൊഴു വനാൽ, പാലാ സെൻറ് തോമസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ ഹെഡ്മാ സ്റ്ററായി സേവനംചെയ്ത് റിട്ടയർചെയ്തു. ഇവർക്ക് സുമി, ലിമ, ഹൈമ എന്നീ മൂന്നു പെൺമക്കളുണ്ട്. സുമിയെ കോതമംഗലം തെക്കേക്കര ചെറിയാച്ചൻ വിവാഹംചെയ്ത് കോതമംഗലത്തു താമസിക്കുന്നു. ചെറിയാച്ചൻ ഫെഡറൽബാങ്ക് മാനേജരാണ്. ലീമ M.B.B.S. , M.D. ബിരുദധാരിണിയാണ്. ലീമയെ തടിയൂർ താഴത്തെക്കുറ്റ് ഷിബു വിവാഹംചെയ്തു. ഷിബു എഞ്ചിനീ യറാണ്. ഇരുവരും ബഹറിനിൽ ജോലിചെയ്യുന്നു. ഇളയപുത്രി ഹൈമയെ വാഴക്കുളം കപ്യാരുമലയിൽ തോമസ് വിവാഹംചെയ്തു, വാഴക്കുളത്തു താമസിക്കുന്നു. ഇരുവരും കോളേജ് അദ്ധ്യാപകരാണ്.



സി.ആനി കാതറൈൻ SH

## IE4 വർക്കി മകൾ കുഞ്ഞമ്മ

കുഞ്ഞമ്മ തിരുഹൃദയമഠത്തിൽചേർന്ന് സി. ആനി കാതറൈൻ എന്ന പേരുസ്വീകരിച്ചു. സ്ക്കൂളദ്ധ്യാപികയായി ജോലിയിൽനിന്നും വിരമിച്ച സിസ്റ്റർ ഇപ്പോൾ മുണ്ടക്കയത്തിനടുത്ത് വണ്ടൻപതാൽ മഠത്തിൽ സേവനംചെയ്യുന്നു.

## IE5 വർക്കി മകൻ തോമസ് (തൊമ്മച്ചൻ)

ഇളയപുത്രനായ തൊമ്മച്ചൻ മുട്ടം കണ്ടത്തിൽ ദേവസ്യാമകൾ പൊന്നമ്മയെ വിവാഹംചെയ്ത് മുത്തോലിയിൽ താമസിക്കുന്നു. ഇവർക്ക് റോഷൻ, റോബിൻ, ശുഭ എന്നീ മൂന്നു മക്കളാണുള്ളത്. റോഷൻ മറ്റക്കര മീമ്പുഴക്കൽ എബ്രഹാം മകൾ ദീപയെ വിവാഹംചെയ്ത് തറവാട്ടിൽ താമസിക്കുന്നു. റോബിൻ കോയമ്പത്തൂരിൽ M.C.A. വിദ്യാർത്ഥിയാണ്. ശുഭ B.Sc നേഴ്സിംഗ് പഠനത്തിനു ശേഷം ഇപ്പോൾ ബോംബെയിൽ ഹിന്ദുജാ ഹോസ്പിറ്റലിൽ ജോലിചെയ്യുന്നു.







മടത്തിക്കാട്ടുകുന്നേൽ തോമച്ചനും കുടുംബവും.

# മറ്റത്തിക്കാട്ടുകുന്നേൽ (വാഴൂർ) ശാഖ

## IA ഈപ്പൻ മകൻ കുഞ്ചിലോ (ഉലഹന്നൻ)

കുഞ്ചിലോ മുട്ടാർ ശ്രാമ്പിക്കൽ കട്ടത്തറ ബ്രിജീത്തയെ വിവാഹം കഴിച്ച് കടയനിക്കാട്ട് മാറിത്താമസിച്ചു. ഇവർക്ക് ഈപ്പൻ എന്ന ഏകപുത്രൻ ജനിച്ചു.

## IA1 ഉലഹന്നൻ മകൻ ഈപ്പൻ

ഈപ്പൻ പഴയിടം പള്ളിപ്പുറത്തുശ്ശേരിൽ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ജോൺ (കുട്ടപ്പി), ജോസ്, റ്റോമിക്കുട്ടി, ആൻേറാച്ചൻ എന്നീ നാല് ആൺമക്കളും ബ്രിജീത്ത, ഡെയിസമ്മ എന്നീ രണ്ടു പെൺമക്ക ളുമുണ്ടായി.

## IA1a ഈപ്പൻ മകൻ ജോൺ

ജോൺ(കുട്ടപ്പി) നാരങ്ങാനം കൊച്ചുതുണ്ടിയിൽ റോസമ്മയെ വിവാഹംചെയ്ത് ചങ്ങനാശ്ശേരിയിൽ താമസിക്കുന്നു. ഇവർക്ക് ജോഫിൻ എന്ന ഒരു പുത്രനുണ്ട്. I.C.W.I.A യ്ക്ക് പഠിക്കുന്നു.

## IA1b ഈപ്പൻ മകൻ ജോസ്

ജോസ് തീക്കോയി ചെങ്ങഴശ്ശേരിയിൽ ലില്ലിക്കുട്ടിയെ വിവാഹം ചെയ്ത് കടയനിക്കാട്ടു താമസിക്കുന്നു. ഇവർക്ക് ഷോബി, ഷാലു എന്നീ രണ്ടു പെൺമക്കളുണ്ട്. ഇരുവരും വിദ്യാർത്ഥികളാണ്.

## IA1c ഈപ്പൻ മകൻ റ്റോമി (എം.ജെ. തോമസ്)

റ്റോമിച്ചൻ മുത്തോലി ഞാറ്റുകാലക്കുന്നേൽ ജോസഫ് മകൾ ആനിയമ്മയെ വിവാഹംചെയ്ത് ചേർപ്പുങ്കൽ താമസിക്കുന്നു. ഇദ്ദേഹം റബ്ബർ ബോർഡിൽ ഉദ്യോഗസ്ഥനാണ്. ആനിയമ്മ ചേർപ്പുങ്കൽ ഹോളിക്രോസ് ഹൈസ്ക്കൂൾ അദ്ധ്യാപികയാണ്. ഇവർക്ക് രഞ്ജിത്, അജിത് എന്നീ രണ്ടു ആൺമക്കളുണ്ട്. ഇവർ വിദ്യാർത്ഥികളാണ്.

## IA1d ഈപ്പൻ മകൻ ആൻറണി (ആൻേറാച്ചൻ)

ഈപ്പൻെറ നാലാമത്തെ മകൻ ആൻറണി ചെമ്മലമറ്റം തെക്കേടത്ത് മേരിക്കുട്ടിയെ വിവാഹംചെയ്ത് തറവാട്ടിൽ താമസിക്കുന്നു. ഇദ്ദേഹം കണമല സെൻറ് തോമസ് ഹൈസ്ക്കൂൾ അദ്ധ്യാപകനാണ്. ഇവർക്ക് അപ്പുക്കുട്ടൻ, ആശ എന്നീ രണ്ടുമക്കളുണ്ട്.





## IA1e ഈപ്പൻ മകൾ ബ്രിജീത്താ (തങ്കമ്മ)

ബ്രിജീത്തായെ കടയനിക്കാട്ട് തലക്കുളത്തിൽ ഔസേപ്പച്ചൻ വിവാഹം ചെയ്തു. ഇവർക്ക് തങ്കച്ചൻ, ജാൻസി, സിബിച്ചൻ എന്നീ മൂന്നുമക്കളുണ്ട്. ഈപ്പൻെറ ഇളയപുത്രിയായ ഡെയ്സമ്മ അവിവാഹിതയായി വീട്ടിൽ താമസിക്കുന്നു.

## IB ഈപ്പൻ മകൻ തൊമ്മൻ

തൊമ്മൻ കൊഴുവനാൽ ആലയ്ക്കൽ (പുലിക്കുന്നേൽ) ഏലിയെ വിവാഹംചെയ്ത് കടയനിക്കാട്ടു താമസിക്കുന്നു. ഇവർക്ക് ഈപ്പൻ, മറിയം, ഏലി എന്നീ മൂന്നു മക്കൾ ജനിച്ചു.

## IB1 തൊമ്മൻ മകൻ ഈപ്പൻ

ഈപ്പൻ തോട്ടയ്ക്കാട് കൊണ്ടോടിയ്ക്കൽ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ജോസ് എന്നൊരു പുത്രനുണ്ട്.

## IB1a ഈപ്പൻ മകൻ ജോസ്

ജോസ് പുളിങ്കുന്ന് വാച്ചാപറമ്പിൽ (മംഗലപ്പള്ളിൽ) ചാക്കോച്ചൻെറ മകൾ ലീലാമ്മയെ വിവാഹംചെയ്ത് കടയനിക്കാട്ടു താമസിക്കുന്നു. ഇദ്ദേഹം എഞ്ചിനീയറിംഗ് ബിരുദധാരിയാണ്. ഇവർക്ക് ജോ, ജേക്കബ് എന്നീ രണ്ടുമക്കളുണ്ട്. ജോ, ബി.ടെക് ബിരുദത്തിനുശേഷം ദുബായിൽ എഞ്ചിനീ യറായി ജോലിചെയ്യുന്നു. ജേക്കബ് എം.ബി.എ. ബിരുദധാരിയാണ്.

## IB2 തൊമ്മൻ മകൾ പെണ്ണമ്മ (മറിയം)

പെണ്ണമ്മയെ മണിമല കളത്തൂർ (ചെമ്മരപ്പള്ളിൽ) പാപ്പച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ആലീസ്, തങ്കമ്മ എന്നീ രണ്ടു പെൺകുട്ടികളുണ്ടായി.

## IB3 തൊമ്മൻ മകൾ ഏലി

ഏലിക്കുട്ടിയെ ഭരണങ്ങാനം പറമുണ്ടയിൽ കുഞ്ഞാപ്പൻ വിവാഹം ചെയ്തു. ഇവർക്ക് ജോമോൻ, വത്സമ്മ, എത്സമ്മ, ഷേർലി എന്നീ നാലു മക്കളുണ്ടായി.

**IC** ഈപ്പൻ മകൻ കുഞ്ഞേപ്പ് (ജോസഫ്)

കുഞ്ഞേപ്പ് മറ്റക്കര കുഴിമറ്റത്തിൽ അന്നമ്മയെ വിവാഹംചെയ്ത് കടയനിക്കാട്ടു താമസിക്കുന്നു. ഇവർക്ക് മറിയാമ്മ എന്ന ഒരു പുത്രി ജനിച്ചു.

**IC1** കുഞ്ഞേപ്പ് മകൾ മറിയാമ്മ

മറിയാമ്മയെ ചങ്ങനാശ്ശേരിയിൽ കാക്കാംതോട്ടത്തിൽ അബ്രാഹം വിവാഹം ചെയ്ത് ദത്തവകാശത്തിൽ കടയനിക്കാട്ട് താമസിച്ചു. ഇവർക്ക് ബേബിച്ചൻ, ജോസ് എന്നീ രണ്ട് ആൺമക്കളും കുഞ്ഞൂഞ്ഞമ്മ, ലീലാമ്മ, ഉണ്ണിയമ്മ, വത്സമ്മ എന്നീ നാലു പെൺമക്കളുമുണ്ട്.

**IC1a** അബ്രാഹം മകൻ ബേബിച്ചൻ (കുര്യാക്കോസ്)

ബേബിച്ചൻ ഭരണങ്ങാനം പോർക്കാട്ടിൽ ശോശാമ്മയെ വിവാഹം ചെയ്ത് കടയനിക്കാട്ടു താമസിക്കുന്നു. ഇവർക്ക് തങ്കച്ചൻ, ടോമിച്ചൻ എന്നീ രണ്ട് ആൺമക്കളുണ്ട്. ബേബിച്ചൻ 2000 ആഗസ്റ്റ് 18-ന് നിര്യാ തനായി.

ബേബിച്ചൻ മകൻ തങ്കച്ചൻ

തങ്കച്ചൻ തമ്പലയ്ക്കാട് തേക്കിൻതോട്ടത്തിൽ ലിസമ്മയെ വിവാഹം ചെയ്ത് കടയനിക്കാട്ട് താമസിക്കുന്നു. ഇവർക്ക് അഞ്ജന, അഞ്ജലി എന്നീ രണ്ടുപെൺകുട്ടികളുണ്ട്. ഇരുവരും വിദ്യാർത്ഥികളാണ്.

ബേബിച്ചൻ മകൻ ടോമിച്ചൻ

ഇദ്ദേഹം അവിവാഹിതനായി സഹോദരൻ തങ്കച്ചൻെറകൂടെ താമസിക്കുന്നു.

**IC1b** അബ്രാഹം മകൻ ജോസ്

അബ്രാഹം-മറിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ മകൻ ജോസ് അവിവാഹിതനായി തറവാട്ടിൽ താമസിക്കുന്നു.

**IC1c** അബ്രാഹം മകൾ കുഞ്ഞൂഞ്ഞമ്മ (മേരി)

കുഞ്ഞൂഞ്ഞമ്മയെ തൃക്കൊടിത്താനം ഒട്ടാലത്തിൽ ജോർജ്ജ് കുരുവിള വിവാഹം ചെയ്തു. ഇദ്ദേഹം തഹസിൽദാരായി





റിട്ടയർചെയ്തു. ഇവർക്ക് ബിനി, ബിന്ദു, ബിൻസി, ബൈനി എന്നീ നാലുമക്കളുണ്ട്.

**IC1d** അബ്രാഹം മകൾ ലീലാമ്മ

ലീലാമ്മയെ കടനാട് പൂവത്താനിയിൽ പാപ്പച്ചൻ വിവാഹം കഴിച്ചു. ഇവർക്ക് മഞ്ചു എന്നൊരു പുത്രിയുണ്ട്.

**IC1e** അബ്രാഹം മകൾ ഉണ്ണിയമ്മ

ഉണ്ണിയമ്മ അവിവാഹിതയായി സഹോദരൻ ജോസിൻെറകൂടെ താമസിക്കുന്നു.

**IC1f** അബ്രാഹം മകൾ വത്സമ്മ

വത്സമ്മയെ വേരൂർ കണ്ണോത്ത് ജോർജുകുട്ടി വിവാഹംചെയ്തു. ഇവർക്ക് സ്മിത, സോണിയ, സോബിൽ, ജിബൽ എന്നീ പുത്രീപുത്രന്മാരുണ്ട്. വത്സമ്മ 21-01-1986-ൽ നിര്യാതയായി.

**ID** ഈപ്പൻ മകൻ ഇട്ടിച്ചെറിയ

ചെറിയാൻ മണിമല പൈങ്ങോട്ടുനിന്നും അച്ചാമ്മയെ വിവാഹം ചെയ്തു കടയനിക്കാട്ടു താമസിച്ചു. ഇവർക്ക് കുട്ടപ്പൻ എന്നൊരു പുത്രനും കുട്ടിയമ്മ, ക്ലാര, ഈത്തമ്മ, തെയ്യാമ്മ എന്നീ നാലുപെൺമക്കളുമുണ്ട്.

**ID1** ചെറിയാൻ മകൻ കുട്ടപ്പൻ

കുട്ടപ്പൻ കൗമാരത്തിൽത്തന്നെ നിര്യാതനായി.

**ID2** ചെറിയാൻ മകൾ കുട്ടിയമ്മ

കുട്ടിയമ്മ അവിവാഹിതയായി കുടുംബത്തിൽ താമസിക്കുന്നു.

**ID3** ചെറിയാൻ മകൾ ക്ലാരമ്മ

ക്ലാരമ്മയെ എറണാകുളം മുഴങ്ങുംതറ ഫ്രാൻസീസ് വിവാഹം ചെയ്ത് എറണാകുളത്തു താമസിക്കുന്നു. ക്ലാരമ്മ നിര്യാതയായി.

**ID4 ചെറിയാൻ മകൾ ഈത്തമ്മ**

ഈത്തമ്മയെ കാട്ടിത്തറ വർഗ്ഗീസ് വിവാഹംചെയ്ത് എറണാകുളത്തു താമസിക്കുന്നു. ഇദ്ദേഹം P.W.D. കോൺട്രാക്ടറാണ്. ഇവർക്ക് രണ്ട് ആൺ കുട്ടികളുണ്ട്.


**ID5 ചെറിയാൻ മകൾ തെയ്യാമ്മ**

തെയ്യാമ്മയെ ചങ്ങനാശ്ശേരി കയ്യാലകത്ത് അപ്പച്ചൻ വിവാഹം കഴിച്ച് എറണാകുളത്തു ഇടപ്പള്ളിൽ താമസിക്കുന്നു. ഇരുവരും അദ്ധ്യാപകരായി റിട്ടയർ ചെയ്തു. ഇവർക്ക് നാല് പെൺകുട്ടികളുണ്ട്.

●



## തലക്കുളം ശാഖ



# തലക്കുളം ശാഖ

മണ്ണൂർ ഇട്ടിച്ചെറിയയുടെ നാലാമത്തെ പുത്രൻ മത്തായി തലക്കുളത്തിലേയ്ക്കു മാറിത്താമസിച്ചു. മത്തായിക്ക് ചെറിയത്, തൊമ്മൻ, മറിയം, ഏലി എന്നീ നാലു സന്താനങ്ങൾ ജനിച്ചു. ചെറിയത് തെക്കേതലക്കുളത്തിലും, തൊമ്മൻ വടക്കേതലക്കുളത്തിലും താമസിച്ചു. മറിയത്തിനെ പുളിങ്കുന്നു കാഞ്ഞിക്കലും ഏലിയെ ചങ്ങനാശ്ശേരി ഒളശ്ശയിലും വിവാഹം ചെയ്തയച്ചു.

## 1 മത്തായി മകൻ ചെറിയത്

ചെറിയത് പാലായിൽ പുഞ്ചക്കുന്നേൽ നിന്നും മറിയത്തെ വിവാഹം ചെയ്ത് തെക്കേ തലക്കുളത്തിൽ താമസിച്ചു. ഇവർക്ക് മത്തായി, തോമസ്, ഇട്ടിച്ചെറിയ എന്നീ മൂന്നു പുത്രന്മാരും ഏലി, മറിയം, ത്രേസ്യാ എന്നീ മൂന്നു പുത്രിമാരും ജനിച്ചു.

## 1 A ചെറിയത് മകൻ മത്തായി

ചെറിയതിൻെറ മൂത്ത പുത്രൻ മത്തായി, കുറുമ്പനാട് മറ്റത്തിൽ നിന്നും വിവാഹം ചെയ്ത് തെക്കേതലക്കുളത്തിൽ താമസിച്ചു. ഏറെ താമസിയാതെ ഭാര്യ മരിച്ചുപോകയാൽ, കുറുമ്പനാടത്ത് മുക്കാട്ടു കുന്നേൽ നിന്നും അന്നയെ വിവാഹം ചെയ്തു. അവർക്ക് ചെറിയത് (പാപ്പച്ചൻ), തോമസ് എന്നീ പുത്രന്മാർ ജനിച്ചു.

## 1 A (1) മത്തായി മകൻ ചെറിയത് (പാപ്പച്ചൻ)

ചെറിയത് പാലായിൽ പുതുമനയിൽ നിന്നും അന്നയെ വിവാഹം ചെയ്ത്, വാഴൂർ കടയനിക്കാട്ട് സ്ഥലമെടുത്തു താമസിച്ചു. ഇവർക്ക് ചിന്നമ്മ, കുട്ടപ്പൻ, കുഞ്ഞമ്മച്ചൻ, കുഞ്ഞുകുട്ടി, ഏലിക്കുട്ടി, ഔസേപ്പച്ചൻ എന്നീ ആറ് പുത്രീപുത്രന്മാർ ജനിച്ചു.

## 1A(1) a ചെറിയത് മകൾ ചിന്നമ്മ

ചിന്നമ്മയെ പാലാ അരുണാപുരം പതിപ്പള്ളിൽ ജോസഫ് വിവാഹം ചെയ്ത് അരുണാപുരത്ത് താമസിക്കുന്നു. ഇവർക്ക് വത്സമ്മ, പാപ്പച്ചൻ, ചെറിയാച്ചൻ, മേഴ്സി എന്നീ നാലു മക്കളുണ്ട്. ചെറിയാച്ചൻ VSSC-യിൽ ജോലി ചെയ്യുന്നു. മേഴ്സി പാലാ അൽഫോൻസാ കോളേജ്







തലക്കുളത്തിൽ കുഞ്ഞമ്മച്ചനും കുടുംബവും മാതാവ് അന്നമ്മയോടൊപ്പം.

പ്രൊഫസറാണ്. മേഴ്സിയുടെ ഭർത്താവ് പ്രൊഫ. ഏ. സി. ജോസഫ് അടയ്ക്കാമുണ്ടയ്ക്കൽ, പാലാ സെൻറ് തോമസ് കോളേജ് അദ്ധ്യാപകനും ഇപ്പോൾ പാലാ മുനിസിപ്പൽ കൗൺസിൽ ചെയർമാനുമാണ്.

## 1A(1)b ചെറിയത് മകൻ കുട്ടപ്പൻ

കുട്ടപ്പൻ കൗമാരത്തിൽ നിര്യാതനായി

## 1A(1)c ചെറിയത് മകൻ കുഞ്ഞമ്മച്ചൻ (ചെറിയാൻ തോമസ്)

തലക്കുളത്തിൽ ചെറിയാൻ തോമസ് (കുഞ്ഞമ്മച്ചൻ) ഇളങ്ങുളത്ത് ചീരാംകുഴിയിൽ നിന്നും വർക്കിച്ചൻ മകൾ അന്നക്കുട്ടിയെ വിവാഹം ചെയ്തു. ഇവർക്ക് ചെറിയാൻ, ആനിയമ്മ, ജോർജ്ജ്, തോമസുകുട്ടി, മേഴ്സി, മോളി എന്നീ ആറ് മക്കളുണ്ടായി.

## കുഞ്ഞമ്മച്ചൻ മകൻ ചെറിയാൻ (ഫാ.ചെറിയാൻ തലക്കുളം CMI)

കടയനിക്കാട് തലക്കുളത്തിൽ തോമസ് അന്നമ്മ ദമ്പതികളുടെ മൂത്തപുത്രനായ ചെറിയാച്ചൻ 1946 മാർച്ച് 18-ന് ജാതനായി. 1976 ഡിസംബർ 27ന് മാർ ജോസഫ് പൗവ്വത്തിൽ പിതാവിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. ചരിത്രത്തിൽ റാങ്കോടുകൂടി ബിരുദാനന്തര ബിരുദവും നേടിയിട്ടുള്ള ഇദ്ദേഹം പോണ്ടിച്ചേരി യൂണിവേഴ്സിറ്റിയിൽ നിന്നും എം.ഫിൽ ബിരുദവും നേടിയിട്ടുണ്ട്. അദ്ദേഹം ഹിസ്റ്ററിയിൽ പി.എച്ച്.ഡി.യ്ക്ക് പഠിച്ചുകൊണ്ടിരിക്കുന്നു.



തലക്കുളത്തിൽ കുഞ്ഞമ്മച്ചൻെറ ഭാര്യ പെണ്ണമ്മയും മകൻ തോമസ് കുട്ടിയും കുടുംബവും.

ഇദ്ദേഹം മാന്നാനം കെ.ഇ കോളേജിൽ അദ്ധ്യാപകനായും ഹോസ്റ്റൽ വാർഡനായും സേവനം ചെയ്തിട്ടുണ്ട്. പിന്നീട് എടത്വാ സെൻറ് അലോഷ്യസ് കോളേജിലും, കാഞ്ഞിരപ്പള്ളി സെൻറ് ഡൊമിനിക്സ് കോളേജിലും പ്രിൻസിപ്പലായി സേവനം ചെയ്തിട്ടുണ്ട്. ദീപികയുടെ തൃശൂർ എഡീഷൻ റസിഡൻറ് എഡിറ്ററായി 1986 മുതൽ 89 വരെ പ്രവർത്തിച്ചു. ഐക്കഫിൻെറ കോട്ടയം റീജിയണൽ ഡയറക്ടറായും, ആൾ കേരളാ പ്രൈവറ്റ് കോളേജ് പ്രിൻസിപ്പൽ കൗൺസിൽ വൈസ്പ്രസിഡൻറായും, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സെനറ്റ് മെമ്പറായും ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ നാഷണൽ അസ്സസ്സ്മെൻറ് ആൻറ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC) മെമ്പറായും സേവനം ചെയ്യുന്നു.

മൂന്നു വർഷത്തെ അജപാലനശുശ്രൂഷക്കായി മേലധികാരികൾ ഫാദർ ചെറിയാൻ തലക്കുളത്തിനെ ഇപ്പോൾ അമേരിക്കയിലെ ചാൾസ്റ്റൺ രൂപതയിലേയ്ക്ക് അയച്ചിരിക്കയാണ്.

## കുഞ്ഞമ്മച്ചൻ മകൾ ആനിയമ്മ

കുഞ്ഞമ്മച്ചൻെറ മകൾ ആനിയമ്മയെ ചേർപ്പുങ്കൽ കോയിക്കൽ എബ്രഹാം മകൻ ടോമി വിവാഹം ചെയ്തു. ഇദ്ദേഹം റെയിൽവേ സ്റ്റേഷൻ മാസ്റ്ററായി സർവ്വീസിൽ നിന്ന് വിരമിച്ചു. ഇവർക്ക് ജെയ്സ് മോൻ, ജീനാമോൾ, എന്നീ രണ്ട് മക്കളുണ്ട്.





## കുഞ്ഞമ്മച്ചൻ മകൻ ജോർജ്ജ് (വക്കച്ചൻ)

കുഞ്ഞമ്മച്ചൻെറ മകൻ ജോർജ്ജ് (വക്കച്ചൻ) ചെമ്പേരി മുണ്ടയ്ക്കൽ മോളിയെ വിവാഹം ചെയ്തു. ഇവർക്ക് അമ്പിളി, അഞ്ചു, ആഷ്‌ലി എന്നീ മൂന്നു മക്കളുണ്ട്. അമ്പിളിയെ കോയമ്പത്തൂർ വിവാഹം ചെയ്തയച്ചു. മറ്റുള്ളവർ വിദ്യാർത്ഥികളാണ്. വക്കച്ചൻ എസ്.ബി.ഐ യിൽ ഉദ്യോഗസ്ഥനാണ്.



തലക്കുളത്തിൽ വക്കച്ചനും കുടുംബാംഗങ്ങളും. ഇടത്തുനിന്നും - അഞ്ചു, വക്കച്ചൻ, അമ്പിളി, മോളി ആഷ്‌ലി എന്നിവർ.

## കുഞ്ഞമ്മച്ചൻ മകൻ തോമസുകുട്ടി (ടോം)

കുഞ്ഞമ്മച്ചൻ മകൻ തോമസുകുട്ടി (ടോം) ചങ്ങനാശ്ശേരി മണമേൽ ഫിലിപ്പ് മകൾ വത്സമ്മയെ വിവാഹം ചെയ്തു. ഇദ്ദേഹം ടെക്നീഷനായി ജോലി ചെയ്യുന്നു. ഇവർക്ക് റ്റിബിൻ, വിബിൻ എന്നീ രണ്ടു കുട്ടികളുണ്ട്. ഇരുവരും വിദ്യാർത്ഥികളാണ്.

## കുഞ്ഞമ്മച്ചൻ മകൾ മേഴ്സി

കുഞ്ഞമ്മച്ചൻ മകൾ മേഴ്സിയെ വേഴപ്ര ഇല്ലിക്കൽ തൈപ്പറമ്പിൽ എബ്രാഹം മകൻ ജോസുകുട്ടി വിവാഹം ചെയ്തു. ഇവർക്ക് ഇന്ദു എന്നൊരു പെൺകുട്ടിയുണ്ട്. മേഴ്സി അകാലത്തിൽ നിര്യാതയായി. ജോസ് സോയിൽ കൺസർവേഷൻ ഓഫീസറാണ്.

## കുഞ്ഞമ്മച്ചൻ മകൾ മോളി

കുഞ്ഞമ്മച്ചന്റെ മകൾ മോളിയെ കൂവപ്പള്ളിൽ മുട്ടത്ത് ദേവസ്യാ മകൻ ബേബിച്ചൻ വിവാഹം ചെയ്തു. ഇദ്ദേഹം ഹൈസ്കൂൾ അദ്ധ്യാപകനാണ്. ഇവർക്ക് മോബി, ഉണ്ണിക്കുട്ടൻ എന്നീ രണ്ടു കുട്ടികളുണ്ട്.

## 1A(1)d ചെറിയാൻ മകൻ കുഞ്ഞുകുട്ടി (ടി.എ. ചെറിയാൻ)

കുഞ്ഞുകുട്ടി ഇളങ്ങോയി കല്ലൂർ ഔസേപ്പച്ചന്റെ മകൾ അന്നമ്മയെ വിവാഹം ചെയ്ത് മലബാറിൽ കൂരാച്ചുണ്ടിൽ താമസിക്കുന്നു. ഇവർക്ക് ടി.സി.മാത്യു (പാപ്പച്ചൻ), ജോസ്, ലീലാമ്മ, വത്സമ്മ, മേഴ്സി, തങ്കച്ചൻ, റ്റോമിച്ചൻ, സിലി, സിബി, റീന എന്നീ പത്തു മക്കൾ ജനിച്ചു.

## കുഞ്ഞുകുട്ടി മകൻ പാപ്പച്ചൻ

കുഞ്ഞുകുട്ടിയുടെ മൂത്തപുത്രൻ പാപ്പച്ചൻ (മാത്യു) മീനങ്ങാടി ഭാഗത്ത് ചരലിൽ കുഞ്ഞപ്പന്റെ മകൾ മേഴ്സിയെ വിവാഹം ചെയ്തു. പാപ്പച്ചൻ കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ ചീഫ് എഞ്ചിനീയറായി ജോലി ചെയ്യുന്നു. മേഴ്സി തൃശൂർ കോർപ്പറേഷൻ ചീഫ് എഞ്ചിനീയറായി ജോലി നോക്കുന്നു. ഇവർക്ക് അനിത, മനോജ് എന്നീ രണ്ടു മക്കളുണ്ട്. അനിത ആയുർവേദ ഡോക്ടറാണ്. മനോജ് സി.എ.യ്ക്ക് പഠിക്കുന്നു.

## കുഞ്ഞുകുട്ടി മകൻ ജോസ്

കുഞ്ഞുകുട്ടിയുടെ മകൻ ജോസ് കുമ്പ്ളാനിക്കൽ ജോസഫിന്റെ മകൾ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. ഇവർക്ക് ഷെയിൻ, ഷാൻസി, റ്റിഷാ എന്നീ മൂന്നു മക്കളുണ്ട്. ഇവർ ആലക്കോട് താമസിക്കുന്നു.

## കുഞ്ഞുകുട്ടി മകൾ ലീലമ്മ

കുഞ്ഞുകുട്ടിയുടെ മകൾ ലീലമ്മയെ കല്ലാനോട് എട്ടിയിൽ ചാക്കോയുടെ മകൻ ദേവസ്യാ വിവാഹം ചെയ്തു. ഇവർക്ക് സിലി, സിജോ, സ്മിത എന്നീ മൂന്നു മക്കൾ ജനിച്ചു. ഇവർ കല്ലാനോട് താമസിക്കുന്നു.

## കുഞ്ഞുകുട്ടി മകൾ വത്സമ്മ

കുഞ്ഞുകുട്ടിയുടെ മകൾ വത്സമ്മയെ നടവയൽ മണ്ണുകുളത്തിൽ മത്തായി മകൻ മാത്തച്ചൻ വിവാഹം ചെയ്തു. ഇദ്ദേഹം അദ്ധ്യാപകനായി ജോലി ചെയ്യുന്നു. ഇവർക്ക് പ്രദീപ്, പ്രീത എന്നീ രണ്ടു കുട്ടികളുണ്ട്.





## കുഞ്ഞുകുട്ടി മകൾ മേഴ്സി

കുഞ്ഞുകുട്ടിയുടെ മകൾ മേഴ്സിയെ കൽപ്പറ്റയിൽ പുളിക്കയത്തിൽ തോമസിന്റെ മകൻ കുഞ്ഞച്ചൻ വിവാഹം ചെയ്തു. ഇദ്ദേഹം ബിസിനസ്സ് ചെയ്യുന്നു. ഇവർക്ക് അനൂപ്, ഹെൽവിൻ എന്നീ രണ്ട് മക്കളുണ്ട്.

## കുഞ്ഞുകുട്ടി മകൻ തങ്കച്ചൻ

കുഞ്ഞുകുട്ടിയുടെ മകൻ തങ്കച്ചൻ അകാലത്തിൽ നിര്യാതനായി.

## കുഞ്ഞുകുട്ടി മകൻ റ്റോമിച്ചൻ

കുഞ്ഞുകുട്ടിയുടെ മകൻ റ്റോമിച്ചൻ തിരുവാംപാടിയിൽ തെക്കേക്കര കുര്യന്റെ മകൾ വത്സമ്മയെ വിവാഹം ചെയ്തു. ഇവർക്ക് നിഥിൻ, നിതാര എന്നീ രണ്ടു കുട്ടികൾ ഉണ്ട്. ഇവർ കൂരാച്ചുണ്ടിൽ താമസിക്കുന്നു.

## കുഞ്ഞുകുട്ടി മകൾ ലിസി

കുഞ്ഞുകുട്ടിയുടെ മകൾ ലിസിയെ കോടഞ്ചേരി വലിയ മറ്റത്തിൽ ദേവസ്യാ മകൻ സേവ്യർ വിവാഹം ചെയ്തു. ഇവർ ഇരുവരും അദ്ധ്യാപകരാണ്. ഇവർക്ക് ബ്ലെസി, ക്രിസ്റ്റി, എബി എന്നീ മൂന്നു മക്കളുണ്ട്.

## കുഞ്ഞുകുട്ടി മകൻ സിബി

കുഞ്ഞുകുട്ടിയുടെ മകൻ സിബി, തിരുവമ്പാടി തെക്കേക്കര കുര്യന്റെ മകൾ ലൗലിയെ വിവാഹം ചെയ്തു. ഇവർക്ക് ടിൽനാ, ചെറിയാൻ എന്നീ രണ്ടു കുട്ടികളുണ്ട്. ഇവർ തറവാട്ടിൽ താമസിക്കുന്നു.

## കുഞ്ഞുകുട്ടി മകൾ റീന

കുഞ്ഞുകുട്ടിയുടെ ഇളയ പുത്രിയായ റീനയെ വെള്ളരിക്കുണ്ട് മാത്തിക്കാട്ടുകുന്നേൽ ഈപ്പൻ മകൻ ജെയിംസ് കുട്ടി വിവാഹം ചെയ്തു. ഇവർക്ക് സ്നേഹ, ആൻമേരി, എന്നീ രണ്ടു കുട്ടികൾ ഉണ്ട്.

## 1 A (1)e പാപ്പച്ചൻ മകൾ ഏലിക്കുട്ടി

ഏലിക്കുട്ടിയെ കാവാലത്ത് ആശാരിപറമ്പിൽ മാമ്മച്ചൻ വിവാഹം ചെയ്തു. ചങ്ങനാശ്ശേരിക്കടുത്ത് മാമ്മൂട്ടിൽ താമസിക്കുന്നു. ഇവർക്ക് ഗ്രേസി, ടോമിച്ചൻ, ബീനമ്മ, ജോസ്മോൻ എന്നീ നാലു മക്കളുണ്ട്. ജോസ്മോൻ അമേരിക്കയിൽ ജോലി ചെയ്യുന്നു.

# 1 A (1)f പാപ്പച്ചൻ മകൻ ഔസേപ്പച്ചൻ

ഔസേപ്പച്ചൻ മത്തിക്കാട്ടുകുന്നേൽ (മുട്ടാറ്റിൽ) ഉലഹന്നാൻ ഈപ്പന്റെ മകൾ ബ്രിജീത്ത (തങ്കമ്മ) യെ വിവാഹം ചെയ്തു. ഇവർക്ക് തങ്കച്ചൻ,



തലക്കുളത്തിൽ ഔസേപ്പച്ചനും (കടയനിക്കാട്) കുടുംബവും.

ജാൻസി, സിബിച്ചൻ എന്നീ മൂന്നു മക്കളുണ്ട്. ഔസേപ്പച്ചന്റെ മകൻ തങ്കച്ചൻ (ടി.ജെ.ചെറിയാൻ) കടയനിക്കാട് തൊടുകയിൽ ടി.വി. ജോസഫിന്റെ മകൾ ജോളിയെ വിവാഹം ചെയ്തു. എം.കോം. ബിരുദധാരിയായ തങ്കച്ചൻ ചങ്ങനാശ്ശേരി, യുവദീപ്തി കോളേജ് അദ്ധ്യാപകനാണ്. ഇപ്പോൾ ചങ്ങനാശ്ശേരിയിൽ താമസിക്കുന്നു. ഇവർക്ക് വീണ, വാണി എന്നീ രണ്ടു പെൺമക്കളുണ്ട്.

ഔസേപ്പച്ചന്റെ മകൾ ജാൻസിയെ നെടുമുടി നടുവിലേപ്പറമ്പിൽ എൻ.ജെ. ജോസഫിന്റെ മകൻ എൻ.ജെ.ജെയിംസ് വിവാഹം ചെയ്തു. ഇദ്ദേഹം ബിസിനസ്സ് ചെയ്യുന്നു. ഇവർക്ക് പ്രീമ, പ്രശാന്ത്, പ്രിയ എന്നീ മൂന്ന് മക്കളുണ്ട്.

ഔസേപ്പച്ചന്റെ മകൻ ഷാജി (സിബിച്ചൻ) തണ്ണീർമുക്കം, വാരണം ഇരവിമംഗലം പിച്ചനാട്ട് ജോൺജോസഫിന്റെ മകൾ വത്സമ്മയെ വിവാഹം ചെയ്തു. ഇവർ ഇരുവരും ഹൈസ്കൂൾ അദ്ധ്യാപകരായി ജോലി നോക്കുന്നു. ഇവർക്ക് ക്ലിൻറ്, ക്ലെമൻറ് എന്നീ രണ്ടു മക്കളുണ്ട്.








തലക്കുളത്തിൽ തങ്കച്ചനും കുടുംബവും.

# 1 A (2) മത്തായി മകൻ തോമസ്

(മുത്തോലി)



തലക്കുളത്തിൽ മത്തായി മകൻ തോമസ് തലക്കുളത്തിൽ തോമസ് മകൻ ചെറിയാൻ (പാപ്പച്ചൻ), തലക്കുളത്തിൽ അന്നമ്മ തോമസ്.

തലക്കുളത്തിൽ മത്തായിയുടെ രണ്ടാമത്തെ പുത്രൻ തോമ്മാച്ചൻ മുട്ടാർ ചിറയിൽപറമ്പിൽ നിന്നും തോമസിന്റെ മകൾ അന്നമ്മയെ വിവാഹം ചെയ്തു മുത്തോലി തെക്കേ തലക്കുളം തറവാട്ടിൽ താമസിച്ചു. ഇവർക്ക് മാമ്മി, മറിയക്കുട്ടി, അപ്പച്ചൻ, കുഞ്ഞമ്മച്ചൻ, ഏലിക്കുട്ടി, തെയ്യാമ്മ, ശോശാമ്മ, പാപ്പച്ചൻ, ഔസേപ്പച്ചൻ, പെണ്ണമ്മ, അച്ചാമ്മ എന്നീ പതിനൊന്ന് പുത്രീ പുത്രന്മാരുണ്ടായി.

പിതാവായ തൊമ്മച്ചൻ 1965 ജൂലൈ 20നും ഭാര്യ അന്നമ്മ 1983 ജൂലൈ 27നും നിര്യാതരായി.

## 1 A (2)a തോമസ് മകൾ മാമ്മി

മാമ്മിയെ വിളക്കുമാടം തേവർകോട്ടയിൽ ടി.എ.മാത്യു വിവാഹം ചെയ്തു. അദ്ധ്യാപകനായ മാത്യു ഒരു ഭാഷാപണ്ഡിതനും കോഴിക്കോട്ടു കോർപ്പറേഷൻ ഡപ്യൂട്ടി മേയറുമായിരുന്നു. ഇപ്പോൾ കോഴിക്കോട്ടു താമസിക്കുന്നു. ഇവർക്ക് റോസക്കുട്ടി, ഫിലിപ്പ്, അന്നമ്മ, തങ്കമ്മ, ബേബി, ഫിലോമിന എന്നീ ആറു പുത്രീപുത്രന്മാരുണ്ട്.

## 1 A (2)b തോമസ് മകൾ മറിയക്കുട്ടി

മറിയക്കുട്ടിയെ തൊടുപുഴയിൽ പൈകട തൊമ്മൻ മകൻ തോമസ് വിവാഹം ചെയ്ത് തൊടുപുഴയിൽ താമസിക്കുന്നു. ഇവർക്ക് ചിന്നമ്മ, തോമസ്, ജോസഫ്, മേരിക്കുട്ടി, എൽസി, ത്രേസ്യാമ്മ, സിറിയക്ക്, സെലിൻ, എമ്മാനുവേൽ, അലക്സ്, വൽസമ്മ എന്നീ പതിനൊന്നു പുത്രീപുത്രന്മാർ ജനിച്ചു. ഇവരിൽ ചിന്നമ്മ (സി. സാവിയോ), മേരിക്കുട്ടി (സി. അനസ്താസിയ), എൽസി (സി. ബെയിസിൽ), ത്രേസ്യാമ്മ (സി. ബർത്ത) എന്നിവർ സന്യാസിനികളായി.

## 1 A (2)c തോമസ് മകൻ അപ്പച്ചൻ

അപ്പച്ചൻ കടനാട് തെക്കേതിൽ മേരിയെ വിവാഹം ചെയ്തു. ഇപ്പോൾ മലബാറിൽ കൂടരഞ്ഞിക്കടത്ത് കക്കാടുംപോയിൽ എന്ന സ്ഥലത്തു താമസിക്കുന്നു. ഇവർക്ക് ചിന്നമ്മ, കുട്ടിയച്ചൻ, ദേവസ്യാച്ചൻ, വൽസമ്മ, ജോയി, ഷാജു, മിനി എന്നീ ഏഴു പുത്രീപുത്രന്മാർ ജനിച്ചു. മേരി 1994-ൽ മരണമടഞ്ഞു.

അപ്പച്ചൻ മകൾ ചിന്നമ്മയെ കൂരാച്ചുണ്ട് പിണക്കാട്ട് മാത്യുവിന്റെ മകൻ ജോർജ്ജ് വിവാഹം ചെയ്തു. ഇവർക്ക് ബീന, ബിജു, ബിന്ദു (സി. പ്രിൻസി), ബിജോ എന്നീ നാലു മക്കൾ ജനിച്ചു.

അപ്പച്ചന്റെ മകൻ കുട്ടിയച്ചൻ മുകുളത്ത് മുളക്കുന്നേൽ തോമസിന്റെ മകൾ മേരിയെ വിവാഹം ചെയ്തു. ഇവർക്ക് സിന്ധു, ബിന്ദു എന്നീ രണ്ടുമക്കൾ ഉണ്ട്.

അപ്പച്ചന്റെ മകൻ ദേവസ്യാച്ചൻ കുളത്തുവയൽ കുഴിവേലിൽ ജോസഫിന്റെ മകൾ ഗ്രേസിയെ വിവാഹം ചെയ്തു. ഇവർക്ക് മെയ്ജ്ജു, അജ്ജു, സിജ്ജു എന്നീ മൂന്നു മക്കളുണ്ട്. ദേവസ്യാച്ചൻ ഒരപകടത്തിൽ നിര്യാതനായി.

അപ്പച്ചന്റെ മകൾ വൽസമ്മയെ ആനക്കാംപോയിൽ അടയ്ക്കാപ്പാറ ജോസഫിന്റെ മകൻ കുട്ടിയച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ഷിജ്ജു, ഷിനി, ഷിൻജോ എന്നീ മൂന്നു മക്കളുണ്ട്. അപ്പച്ചൻ മകൻ ജോയി





കാസർകോഡ് പാറക്കൽ അബ്രാഹിമിന്റെ മകൾ ജാൻസിയെ വിവാഹം ചെയ്തു. ഇവർക്ക എബിൻ, ബിബിൻ എന്നീ രണ്ടുമക്കളുണ്ട്. അപ്പച്ചൻ മകൻ ഷാജി ആനയ്ക്കാംപോയിൽ വാഴേപറമ്പിൽ ജോസഫിന്റെ മകൾ മേരിക്കുട്ടിയെ വിവാഹം ചെയ്തു. ഇവർക്ക് ലിസ്ന, ലിമേഷ് എന്നീ രണ്ടു മക്കളുണ്ട്.

അപ്പച്ചൻ മകൾ മിനിയെ നെടുങ്കണ്ടം പ്ലാമൂട്ടിൽ മാത്യുവിന്റെ മകൻ ജെയിംസുകൂട്ടി വിവാഹം ചെയ്തു. ഇവർക്ക് ആൽഫി, ഫെമി എന്നീ രണ്ടു മക്കളുണ്ട്.

## 1 A (2)d തോമസ് മകൻ കുഞ്ഞമ്മച്ചൻ

കുഞ്ഞമ്മച്ചൻ രാമപുരം മാടവനയിൽ ആഗസ്തി മകൾ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. കട്ടപ്പനയിൽ താമസിച്ചു. ഇവർക്ക് ലീല, ബേബി, മേരി, കുട്ടപ്പൻ, എൽസമ്മ, റോസമ്മ, ആൻസി എന്നീ ഏഴു മക്കൾ ജനിച്ചു.

കുഞ്ഞമ്മച്ചന്റെ മകൾ ലീല ഉർസുലൈൻ കോൺഗ്രിഗേഷനിൽ ചേർന്നു സി. അന്നമ്മ എന്ന പേരു സ്വീകരിച്ചു. ഇപ്പോൾ റോമിൽ സേവനമനുഷ്ഠിക്കുന്നു.

കുഞ്ഞമ്മച്ചന്റെ മക്കളിൽ രണ്ടാമത്തെയാളായ ബേബി കൈനകരി കൊച്ചുകളപുരയ്ക്കൽ ചാക്കോയുടെ മകൾ അന്നമ്മയെ വിവാഹം ചെയ്തു.



തലക്കുളത്തിൽ അന്നമ്മതോമസും കുടുംബവും.

ഇവർക്ക് ബോബീന, തോമാച്ചൻ, ചാക്കോച്ചൻ എന്നീ മൂന്നു മക്കളുണ്ട്. ബേബി 1983 ഏപ്രിൽ മാസത്തിൽ നിര്യാതനായി. അന്നമ്മയും കുട്ടികളും ചങ്ങനാശ്ശേരിയിൽ പെരുമ്പനച്ചിയിൽ താമസിക്കുന്നു. ബോബീനായെ ആലപ്പുഴ ജീമംഗലം അബ്രാഹം മകൻസോണി വിവാഹം ചെയ്ത് ആലപ്പുഴയിൽ താമസിക്കുന്നു. സോണി ബിസിനസ്സ് ചെയ്യുന്നു. തോമാച്ചൻ മർച്ചൻറ് നേവിയിൽ ജോലിക്കാരനാണ്. ചാക്കോച്ചൻ വിദ്യാർത്ഥിയാണ്. കുഞ്ഞമ്മച്ചൻെറ മകൾ മേരി ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സഭയിൽ ചേർന്ന് സി. ലിറ്റി മരിയ എന്ന പേരു സ്വീകരിച്ചു. ഇപ്പോൾ ബീഹാറിൽ മാഷ്യൻ രംഗത്തു സേവനമനുഷ്ഠിക്കുന്നു.

കുഞ്ഞമ്മച്ചൻെറ മക്കളിൽ നാലാമത്തെയാളായ കുട്ടപ്പൻ കൂട്ടാർ മുപ്രാപ്പള്ളിൽ കുര്യൻെറ മകൾ ലിസിയെ വിവാഹം ചെയ്തു കട്ടപ്പനയിൽ താമസിക്കുന്നു. ഇവർക്ക് ആഷിസ്, അമൽ എന്നീ രണ്ടു മക്കളുണ്ട്.

കുഞ്ഞമ്മച്ചൻെറ മകൾ എൽസമ്മയെ വാഴവര അറയ്ക്കപ്പറമ്പിൽ ജോസഫിൻെറ മകൻ ജോസ് വിവാഹം ചെയ്ത് വാഴവര താമസിക്കുന്നു. ഇവർക്ക് ജോസ്മി, ദിവ്യ എന്നീ രണ്ടു മക്കളുണ്ട്.

കുഞ്ഞമ്മച്ചൻെറ മകൾ റോസമ്മ അവിവാഹിതയായി വീട്ടിൽ താമസിക്കുന്നു.

കുഞ്ഞമ്മച്ചൻെറ ഇളയപുത്രിയായ ആൻസിയെ മുണ്ടിയെരുമ കൈതാരം ജോസഫിൻെറ മകൻ സോണി വിവാഹം ചെയ്തു. ഇവർക്ക് ജോസഫ്, തോമസ് എന്നീ രണ്ടു മക്കളുണ്ട്.

## 1 A (2)e തോമസ്സ് മകൾ ഏലിക്കുട്ടി

ഏലിക്കുട്ടിയെ ഭരണങ്ങാനം കുടക്കച്ചിറ എബ്രാഹത്തിൻെറ മകൻ ഇട്ടിയവിര വിവാഹം ചെയ്തു. ഇവർക്ക് എൽസി, പാപ്പച്ചൻ, ചിന്നമ്മ,ജോയി, മേരി (സി.പ്രമോദ), ആലീസ്, ബേബി, സോമി എന്നീ എട്ടു മക്കളുണ്ട്. മേരി സ്നേഹഗിരി സഭാംഗമായി സേവനമനുഷ്ഠിക്കുന്നു.

## 1 A (2)f തോമസ് മകൾ തെയ്യാമ്മ

തെയ്യാമ്മയെ കുരുവിനാൽ ആറ്റുപുറത്ത് സ്കറിയായുടെ മകൻ ജോസഫ് വിവാഹം ചെയ്തു. ഇവർക്ക് ജോസ്, ചിന്നമ്മ (സി.ജോയിസ്), ബേബി, എൽസമ്മ, സണ്ണി, ബാബു, സിബി, മിനി എന്നീ എട്ടുമക്കളുണ്ട്. സി.ജോയിസ് ഡി.എം സഭയിൽ സേവനം ചെയ്യുന്നു.





## 1 A (2)g തോമസ് മകൾ ശോശാമ്മ (സി.ഹെലൻ)



സി.ഹെലൻ തലക്കുളം

ശോശാമ്മ ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ഓഫ് സെൻറ് ജോസഫ് എന്ന സന്യാസിനി സമൂഹത്തിൽ ചേർന്ന് സി. ഹെലൻ എന്ന പേരു സ്വീകരിച്ചു. ഇപ്പോൾ മദ്രാസ് സെൻറ് ഡേവിഡ് കോൺവൻറിൽ വിശ്രമജീവിതം നയിക്കുന്നു.

## 1 A (2)h തോമസ് മകൻ പാപ്പച്ചൻ

പാപ്പച്ചൻ മുത്തോലിയിൽ പാലക്കുടിയിൽ (അരിപ്പൻ കുന്നേൽ) വർക്കി മകൾ ചിന്നമ്മയെ വിവാഹം ചെയ്ത് തലക്കുളം തറവാട്ടിൽ താമസിച്ചു. ഇവർക്ക് തോമസുകുട്ടി, ജോർജ്, മിനി, സോജി എന്നീ നാലു മക്കളുണ്ട്. പാപ്പച്ചൻ 1984 മെയ് 11ന് ഒരു വാഹനാപകടത്തിൽ പെട്ട് മരണമടഞ്ഞു.



തലക്കുളത്തിൽ അന്നമ്മ ചെറിയാനും കുടുംബാംഗങ്ങളും.

പാപ്പച്ചൻ മകൻ തോമസുകുട്ടി നെടുങ്കണ്ടത്തു പ്ലാമൂട്ടിൽ മാത്യുമകൾ എൽസമ്മയെ വിവാഹം ചെയ്തു. ഇവർക്ക് അലൻ, അനു ട്രീസ എന്നീ രണ്ടു മക്കളുണ്ട്.

പാപ്പച്ചൻെറ മകൻ ജോർജ് ചെറുവാണ്ടൂർ കൊച്ചുപുരയ്ക്കൽ ചെറിയാൻെറ മകൾ സിമ്മിയെ വിവാഹം ചെയ്തു. ഇവർക്ക് ചെറിയാൻ എന്നൊരു മകനുണ്ട്.

പാപ്പച്ചൻെറ മകൾ മിനിയെ കുറിഞ്ഞി മണക്കാട്ടുമറ്റത്തിൽ ദേവസ്യ മകൻ ജോയിക്കുഞ്ഞ് വിവാഹം ചെയ്തു. ഇവർക്ക് മേരി എന്നൊരു മകളുണ്ട്. പാപ്പച്ചൻെറ ഇളയപുത്രൻ സോജി മാതാവിനോടൊപ്പം തറവാട്ടിൽ താമസിക്കുന്നു.

## 1 A (2)i തോമസ് മകൻ ഔസേപ്പച്ചൻ

ഔസേപ്പച്ചൻ കൊഴുവനാൽ പൊന്നുംപുരയിടം എബ്രാഹം മകൾ ചിന്നമ്മയെ വിവാഹം ചെയ്ത് മുത്തോലിയിൽ താമസിക്കുന്നു. ഇവർക്ക് ജോസ് (തോമസ്), ആൻസി, അവിരാച്ചൻ, റെജി, ജോസഫുകുഞ്ഞ്, സിബി., ദിവ്യമോൾ, എന്നീ എട്ടു മക്കളുണ്ട്.

## ഔസേപ്പച്ചൻ മകൻ ജോസ്
**(Fr. തോമസ് തലക്കുളം OFM CAP )**

ഫാദർ തോമസ് തലക്കുളം മുത്തോലി തലക്കുളത്തിൽ ജോസഫ്ചിന്നമ്മ ദമ്പതികളുടെ സീമന്ത പുത്രനായി 1959 നവംബർ26-ന് ജാതനായി.പാലാ സെൻറ് തോമസ് കോളേജിൽനിന്നും ബി.എസ്.സി. ബിരുദം നേടിയ ശേഷം1982-ൽ ഫ്രാൻസിസ്ക്കൻ കപ്പൂച്ചിൻ സഭയുടെ കേരള സെൻറ് ജോസഫ്സ് പ്രൊവിൻസ് അംഗമായി ചേർന്നു. 1993 ജനുവരി 2-ാം തീയതി വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് സെമിനാരിയിൽ പ്രൊഫസർ അസിസ്റ്റൻറ് റെക്ടർ, പ്രൊക്കുറേറ്റർ തുടങ്ങിയ ചുമതലകൾ വഹിച്ചു. കാഞ്ഞിരപ്പള്ളി രൂപതയിലെ പെരുവനന്താനം, മാനന്തവാടി രൂപതയിലെ വടക്കനാട്, കല്ലുമുക്ക് മുതലായ ഇടവകകളിൽ സേവനം ചെയ്തിട്ടുണ്ട്. മാനന്തവാടി രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗമായും സേവനം ചെയ്തിട്ടുണ്ട്. ഭരണങ്ങാനം അസ്സീസ്സി, ബത്തേരി അൽവേർണ്ണ, മൂവാറ്റുപുഴ ലൊറേറ്റോ, തൃശൂർ കാൽവരി, അരിമണൽ യേശു നിവാസ്, കോട്ടയം കപ്പൂച്ചിൻ വിദ്യാഭവൻ എന്നീ ആശ്രമങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2000 മാർച്ചിൽ റോമിലെ ലാറ്ററൽ യൂണിവേഴ്സിറ്റിയിൽ നിന്നും ദൈവശാസ്ത്രത്തിൽ ഉപരിപഠനം പൂർത്തിയാക്കി നാട്ടിൽ തിരിച്ചെത്തി.

സുൽത്താൽ ബത്തേരിയിലുള്ള കപ്പൂച്ചിൻ സെമിനാരിയിൽ റെക്ടറായും ആശ്രമം സുപ്പീരിയറായി സേവനമനുഷ്ഠിച്ചശഷം ഇപ്പോൾ കട്ടപ്പന കപ്പൂച്ചിൻ വിദ്യാർഥികളുടെ റെക്ടറാണ്.

## ഔസേഫച്ചൻ മകൾ ആൻസി

ഔസേഫച്ചൻെറ മകൾ ആൻസിയെ കൊഴുവനാൽ മണിയങ്ങാട്ട് മത്തായി മകൻ മാത്തച്ചൻ വിവാഹം ചെയ്ത് പൂവത്തിളപ്പിൽ താമസിക്കുന്നു. ഇവർക്ക് ആൽവിൽ മാത്യു, റോസ് ആൻ മാത്യു എന്നീ രണ്ടു കുട്ടികളുണ്ട്. മാത്തച്ചൻ അദ്ധ്യാപകനായി ജോലി ചെയ്യുന്നു.







തലക്കുളത്തിൽ ഔസേപ്പച്ചൻ കുടുംബം (മുത്തോലി).

## ഔസേപ്പച്ചൻ മകൻ അവിരാച്ചൻ

ഔസേപ്പച്ചൻെറ മകൻ അവിരാച്ചൻ ഇഞ്ചിയാനി കുന്നയ്ക്കാട്ട് ആൻറണി മകൾ ഷൈലാമോളെ (എലിസബത്ത്) വിവാഹം ചെയ്തു മുത്തോലിയിൽ താമസിക്കുന്നു. ഇവർക്ക് ജോയൻ മോൻ എന്നൊരു കുട്ടിയുണ്ട്. ഷൈലയും അവിരാച്ചനും ഇംഗ്ലണ്ടിൽ ജോലി ചെയ്യുന്നു.

## ഔസേപ്പച്ചൻ മകൻ റെജി

ഔസേപ്പച്ചൻെറ മകൻ റെജി കടപ്ലാമറ്റം കോട്ടക്കപ്പുറത്ത് ചെറിയാൻെറ മകൾ നീനറ്റിനെ (എലിസബത്ത്) വിവാഹം ചെയ്തു മുത്തോലിയിൽ താമസിക്കുന്നു. ഇവർക്ക് ജോൺസ്മോൻ എന്നൊരു മകനുണ്ട്.

ഔസേപ്പച്ചൻ മകൻ ജോസഫ്കുഞ്ഞ് ശൈശവത്തിൽ മരണമടഞ്ഞു.

## ഔസേപ്പച്ചൻ മകൻ സിബി

ഔസേപ്പച്ചൻ മകൻ സിബി മാന്നാനം വില്ലൂന്നി ഇടവക മുകളേൽ പറമ്പിൽ ജോർജിൻെറ മകൾ ലിൻസിയെ (എലിസബത്ത്) വിവാഹം ചെയ്തു. ഇവർ ഇരുവരും ഗൾഫിൽ ജോലി ചെയ്യുന്നു. ഇവർക്ക് ക്രിസ്റ്റ് എന്നൊരാൺകുട്ടിയുണ്ട്.

ഔസേപ്പച്ചൻെറ ഇളയ പുത്രിയായ ദിവ്യാമോൾ നേഴ്സിംഗ് വിദ്യാർത്ഥിനിയാണ്.

## 1 a (2)j തോമസ് മകൾ പെണ്ണമ്മ

പെണ്ണമ്മയെ തൊടുപുഴ പുഞ്ചക്കുന്നേൽ ഈപ്പച്ചൻെറ മകൻ ചെറിയാച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ഡെയ്സി, ജോസ്, സാലി, കുഞ്ഞുമേരി, തോമസുകുട്ടി, തെരേസ, അൽഫോൺസി, ബിനു, സോജൻ എന്നീ ഒൻപതു മക്കളുണ്ട്. ചെറിയാച്ചൻ 1983-ൽ മരണമടഞ്ഞു.

## 1 a (2)k തോമസ് മകൾ അച്ചാമ്മ (സി. ഗ്രാസ്യാ)



സി.ഗ്രാസ്യാ


അച്ചാമ്മ ഫ്രാൻസിസ്ക്കൻ സിസ്റ്റേഴ്സ് ഓഫ് സെൻറ് ജോസഫ് എന്ന സന്യാസസമൂഹത്തിൽ ചേർന്ന് സിസ്റ്റർ ഗ്രാസ്യ എന്ന പേരു സ്വീകരിച്ചു. ഇപ്പോൾ മദ്രാസിൽ സേവനമനുഷ്ഠിക്കുന്നു.

## 1 B ചെറിയത് മകൻ തോമസ്

ചെറിയതിൻെറ രണ്ടാമത്തെ പുത്രനായ തോമസ് വൈദിക വിദ്യാർത്ഥിയായിരിക്കെ അകാലത്തിൽ നിര്യാതനായി.



## തൈത്തോട്ടം ശാഖ



## തെക്കേ തലക്കുളം തൈത്തോട്ടം ശാഖ


### IC ചെറിയത് മകൻ ഇട്ടിച്ചെറിയ

തെക്കേ തലക്കുളത്തിൽ ചെറിയതിൻെറ മൂന്നാമത്തെ പുത്രൻ ഇട്ടിച്ചെറിയ കുറുമ്പനാടത്ത് പൗവ്വത്തിൽ ഏലിയെ വിവാഹം ചെയ്ത് മുത്തോലി തൈത്തോട്ടത്തിൽ താമസിച്ചു. ഇവർക്ക് സ്കറിയാ, ജേക്കബ്, കുഞ്ഞൗത, ജോൺ, മറിയാമ്മ, ത്രേസ്യാമ്മ എന്നീ ആറു മക്കൾ ജനിച്ചു. കുഞ്ഞൗതയും ത്രേസ്യാമ്മയും ചെറുപ്പത്തിൽ മരിച്ചുപോയി.

### 1 C (1) ഇട്ടിച്ചെറിയാ മകൾ മറിയാമ്മ

മക്കളിൽ മൂത്തയാളായ മറിയാമ്മയെ കരൂർ ഞാവള്ളിൽ ചൂരനാട്ട് ജോസഫ് വിവാഹം ചെയ്തു. ഏറെ താമസിയാതെ മറിയാമ്മ നിര്യാതയായി.

### 1 C (2) ഇട്ടിച്ചെറിയാ മകൻ സ്കറിയ



തലക്കുളത്തിൽ സ്കറിയായും ഭാര്യ ഏലിക്കുട്ടിയും.

മക്കളിൽ രണ്ടാമത്തെയാളായ സ്കറിയാ കാവാലത്ത് നെടുമ്പറമ്പിൽ ത്രേസ്യായെ വിവാഹം ചെയ്തു. ഭാര്യ അകാലത്തിൽ നിര്യാതയാകയാൽ സ്കറിയാ കൂത്രപ്പള്ളി ഇടവക കൂത്രപ്പള്ളിയിൽ നിന്നും ഏലിയെ വിവാഹം ചെയ്തു. ഈ വിവാഹത്തിൽ തങ്കമ്മ എന്ന ഒരു പുത്രി ജനിച്ചു. അധികം താമസിയാതെ ഏലിയും നിര്യാതയായി. സ്കറിയ പിന്നീട് പാലായിൽ പനയ്ക്കൽ കൊച്ചേലിയെ പുനർവിവാഹം ചെയ്തു.

വടക്കേ തലക്കുളത്തിൽ താമസിച്ചിരുന്ന തൊമ്മൻെറ അനന്തരാവകാശികളായി വന്ന ചിന്നയും മേരിയും സന്യാസിനികളായി മുത്തോലി മഠത്തിൽ ചേരുകയും, തറവാട് കൈവിട്ടു പോവാതിരിക്കാൻ





വേണ്ടി പകരം സ്ഥലം നൽകി തറവാട് വീണ്ടെടുത്ത് ഇട്ടിച്ചെറിയാ മകൻ സ്കറിയായെ വടക്കേ തലക്കുളത്തിൽ താമസിപ്പിച്ചു.

സ്കറിയാ-കൊച്ചേലി ദമ്പതികൾക്ക് ഒരു പുത്രനും അഞ്ചു പുത്രിമാരും ജനിച്ചു. പെണ്ണമ്മ, മറിയക്കുട്ടി, ചിന്നമ്മ, പാപ്പച്ചൻ (ചെറിയാൻ), റോസമ്മ, ഫിലോമിന എന്നിവരായിരുന്നു ഇവർ.

### 1 C (2)a സ്കറിയാ മകൾ തങ്കമ്മ

സ്കറിയായുടെ രണ്ടാം വിവാഹത്തിലെ ഏക പുത്രിയായ തങ്കമ്മയെ കരൂർ ആണ്ടുക്കുന്നേൽ ജോസഫ് വിവാഹം ചെയ്തു. ഇവർ ആലക്കോടിനടുത്ത് വെള്ളാട് എന്ന സ്ഥലത്ത് താമസമാക്കി. ഇവർക്ക് ഗ്രേസി, ജോയി, എൽസമ്മ, സ്കറിയാ, മോളി, ഫാൻസി, ലെറ്റ് എന്നീ ഏഴു മക്കൾ ജനിച്ചു.

### 1 C (2)b,c,d,f,g

സ്കറിയാ-കൊച്ചേലി ദമ്പതികളുടെ പെൺമക്കളായ അഞ്ചുപേരും സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി എന്ന സന്യാസിനി സമൂഹത്തിൽ അംഗങ്ങളായി ചേർന്നു. ഇവരിൽ മറിയക്കുട്ടി (സി.തുലിയോള), ഫിലോമിന (സി.ജയിംസ്) ഇവർ ഇസ്രായേൽ നസ്രത്തിൽ സേവനം ചെയ്യുന്നു. പെണ്ണമ്മ (സി.ഐഡ),



തലക്കുളത്തിൽ റ്റി.എസ്. ചെറിയാനും ഭാര്യ തങ്കമ്മയും സഹോദരിമാരോടൊപ്പം.

റോസമ്മ (സി.മേരി) ഇവർ ഹൈദ്രാബാദിൽ സേവനം ചെയ്യുന്നു. ചിന്നമ്മ (സി.ദാനിയേല) കോഴിക്കോട്ട് പയ്യോളി എന്ന സ്ഥലത്തു ജോലി ചെയ്യുന്നു.



തലക്കുളത്തിൽ റ്റി.എസ്. ചെറിയാനും കുടുംബാംഗങ്ങളും.

## 1 C (2)e സ്കറിയാ മകൻ ചെറിയാൻ (പാപ്പച്ചൻ)

സ്കറിയായുടെ ഏക പുത്രനായ ചെറിയാൻ കുടമാളൂർ കരിമ്പുവാലിൽ ജോസഫ്-റോസ മകൾ തങ്കമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ഡോളി, ബാബു, ഐസക്ക്, ജയിംസ്, നൈസി, മെർസി എന്നീ ആറു മക്കളുണ്ട്. ഇദ്ദേഹം നാഗനൂലിൽ - വണ്ണൂർ കുടുംബത്തിൻെറ ചരിത്ര രചന കമ്മിറ്റിയംഗം കൂടിയാണ്.

മൂത്തപുത്രി ഡോളിയെ നാഗനൂലിൽ ശാഖയിൽ പെട്ട പുതിയാത്ത് ജോസഫ് മകൻ ബാബു വിവാഹം ചെയ്തു കൊഴുവനാൽ താമസിക്കുന്നു. ഇവർക്ക് ജോസഫ്, അന്ന എന്നീ രണ്ടു മക്കളുണ്ട്.

ചെറിയാൻെറ മക്കളിൽ രണ്ടാമത്തെയാളായ ബാബു പുളിങ്കുന്ന് ചക്കുപുരയ്ക്കൽ ജോസഫിൻെറ മകൾ ജോളിയെ വിവാഹം ചെയ്തു. ഇവർക്ക് റോസ്മി എന്ന ഒരു പുത്രിയുണ്ട്. ബാബു മുത്തോലിയിൽ ബിസിനസ്സ് നടത്തുന്നു.

മക്കളിൽ മൂന്നാമത്തെയാളായ ഐസക്ക് മുണ്ടക്കയം വാണിയപ്പുരയ്ക്കൽ പാപ്പച്ചൻെറ മകൾ ഷൈനിയെ വിവാഹം ചെയ്തു. ഇവർക്ക് ഐസി എന്ന ഒരു പുത്രിയുണ്ട്. ഐസക്ക് കേരള സർക്കാരിൻെറ





സംസ്ഥാനതലത്തിലുള്ള മികച്ച ക്ഷീരകർഷകനുള്ള 2000-ലെ ക്ഷീരധാര അവാർഡ് നേടിയിട്ടുണ്ട്. ഇദ്ദേഹം ഇപ്പോൾ മുത്തോലിയിൽ ബിസിനസ്സ് ചെയ്യുന്നു.

മക്കളിൽ നാലാമത്തെയാളായ ജയിംസ് ബിസിനസ്സ് രംഗത്തു പ്രവർത്തിക്കുന്നു.

അഞ്ചാമത്തെയാളായ മകൾ നൈസിയെ സുപ്രസിദ്ധ സാഹിത്യകാരനായ കൂടല്ലൂർ വെള്ളാക്കൽ തോമസ്സ്ഖാൻ വയലായുടെ പുത്രൻ ജോബിഷ് വിവാഹം ചെയ്തു. ഇദ്ദേഹം അദ്ധ്യാപകനാണ്. ഇവർക്ക് തോമസ് എന്ന പുത്രനുണ്ട്.

പാപ്പച്ചൻെറ ഇളയ മകളായ മെർസിയെ കരിമ്പനക്കുളം മുട്ടത്ത് ഷിലു വിവാഹം ചെയ്തു, കരിമ്പനക്കുളത്ത് താമസിക്കുന്നു.

## 1 C (3)e ഇട്ടിച്ചെറിയാ മകൻ ജേക്കബ്ബ്


### (ഫാ. ജേക്കബ്ബ് തൈത്തോട്ടം)

ഇട്ടിച്ചെറിയായുടെ മക്കളിൽ മൂന്നാമത്തെയാളായ ജേക്കബ്ബ് 1900-ാമാണ്ട് ഒക്ടോബർ മാസം 20-ാം തീയതി ജാതനായി. മംഗലപ്പുഴ, വരാപ്പുഴ എന്നീ സെമിനാരികളിൽ നിന്നും വൈദിക പഠനം പൂർത്തിയാക്കുകയും 1928-ാമാണ്ട് ഡിസംബർ 23-ന് വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു. ബഹു. തൈത്തോട്ടത്തിലച്ചൻ ആദ്യകാലം ആലപ്പുഴ, തത്തംപള്ളി, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ അസി. വികാരിയായി സേവനമനുഷ്ഠിച്ചു. അതിനുശേഷം പുറക്കാട്, കവീക്കുന്ന്, മീനച്ചിൽ, കുടയത്തൂർ, വയലാ, ആർപ്പൂക്കര, നീലൂർ, മേലുകാവ്, പൂഞ്ഞാർ, തിടനാട്, ചേർപ്പുങ്കൽ, കൊഴുവനാൽ, മരങ്ങാട്ടുപള്ളി എന്നീ പള്ളികളിൽ വികാരിയായും സഭാസേവനം ചെയ്തിട്ടുണ്ട്. മേലുകാവ് പള്ളി ഇന്നത്തെ നവീന രീതിയിൽ പുതുക്കി പണിതത് ഇദ്ദേഹത്തിൻെറ പരിശ്രമഫലമാണ്. സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ ബഹു. തൈത്തോട്ടത്തിലച്ചൻെറ സേവനം സ്മരണീയമാണ്. സേവനങ്ങളിൽ നിന്ന് വിരമിച്ച് വാർദ്ധക്യ കാലത്ത് കുമ്മണ്ണൂർ പ്രീസ്റ്റ്ഹോമിൽ വിശ്രമജീവിതം നടത്തുകയും അതിനുശേഷം സഹോദരൻ സ്കറിയായുടെ ഭവനത്തിൽ താമസിക്കുകയും ചെയ്തു. അദ്ധ്വാനപൂർണ്ണമായ ആ ധന്യ ജീവിതം 1984 ഫെബ്രുവരി മാസം 9-ാം തീയതി 84-ാം വയസ്സിൽ അവസാനിച്ചു. അദ്ദേഹത്തിൻെറ ഭൗതിക ശരീരം മുത്തോലി പള്ളിയിൽ കബറടക്കി.

## 1 C (4) ഇട്ടിച്ചെറിയാ മകൻ കുഞ്ഞൗത

കുഞ്ഞൗത ബാല്യത്തിൽ തന്നെ നിര്യാതനായി.

## 1 C (5) ഇട്ടിച്ചെറിയാ മകൻ ജോൺ (കൊച്ച്)



ചെറിയത് ജോൺ
തൈത്തോട്ടം

ഇട്ടിച്ചെറിയായുടെ ഇളയ മകൻ ജോൺ ചേർപ്പുങ്കൽ കുളപ്രാത്താഴെ നിന്നും ഏലിക്കുട്ടിയെ വിവാഹം ചെയ്തു തൈത്തോട്ടത്തിൽ താമസിച്ചു. ഭാര്യ അകാലചരമം പ്രാപിക്കുകയാൽ മിത്രക്കരിനെച്ചി വീട്ടിൽ നിന്നും തങ്കമ്മയെ (ഏലി) പുനർവിവാഹം ചെയ്യുകയും ചെയ്തു. ഇവർക്ക് എൽസി, പാപ്പച്ചൻ (ചെറിയാൻ), അച്ചാമ്മ, ജയിംസ്, ജോസ്, ടോമിച്ചൻ എന്നീ ആറു പുത്രീപുത്രന്മാരുണ്ടായി. ജോൺ 2001 സെപ്റ്റംബർ 17–ാം തീയതി നിര്യാതനായി.

## 1 C (5)a ജോൺ മകൾ എൽസി

ജോണിന്റെ മൂത്തമകൾ എൽസിയെ ചങ്ങനാശ്ശേരി മാറാട്ടുകളത്തിൽ തോമസുകുട്ടി വിവാഹം ചെയ്ത് തൃപ്പൂണിത്തുറ പുത്തൻ കുരിശ്ശിൽ താമസിക്കുന്നു. ഇവർക്ക് ബിജു, ബിന്ദു, ബോബി, ബിനു എന്നീ നാല് പുത്രീപുത്രന്മാർ ഉണ്ട്.

## 1 C (5)b ജോൺമകൻ പാപ്പച്ചൻ (ചെറിയാൻ)

ജോണിന്റെ മക്കളിൽ രണ്ടാമത്തെയാളായ പാപ്പച്ചൻ അതിരമ്പുഴ പൈനയിൽ ജോസഫ് മകൾ അല്ലിയെ വിവാഹം ചെയ്ത് മുത്തോലിയിൽ താമസിക്കുന്നു. ഇവർക്ക് ലിനു, ലാലു എന്നീ രണ്ടു പുത്രന്മാർ ഉണ്ട്. ലാലു അബുദാബിയിൽ ജോലി ചെയ്യുന്നു. ലിനു തെള്ളകം നെടുമലക്കുന്നേൽ ജോയിയുടെ പുത്രി ലിജിയെ വിവാഹം ചെയ്തു.

## 1 C (5)c ജോൺ മകൾ അച്ചാമ്മ

അച്ചാമ്മയെ (മേരി) കടുത്തുരുത്തിയിൽ നെയ്യെത്തും പറമ്പിൽ ജോയിച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ജെയ്മോൾ, ജോജോ, ജോയിസ് എന്നീ മൂന്ന് കുട്ടികൾ ഉണ്ട്. ജെയ്മോൾ ആരാധനമഠത്തിൽ സന്യാസിനിയായി ചേർന്ന് സിസ്റ്റർ ആൽഫി എന്ന പേരു സ്വീകരിച്ച് ഇപ്പോൾ കടനാട് മഠത്തിൽ സേവനം ചെയ്യുന്നു.





## 1C (5)d ജോൺ മകൻ ജെയിംസ്

ജോണിന്റെ മക്കളിൽ നാലാമത്തെയാളായ ജെയിംസ് അതിരമ്പുഴ ഒഴുകയിൽ തോമസ്മകൾ എത്സമ്മയെ വിവാഹം ചെയ്ത് മുത്തോലിയിൽ മാ1താവിനോടൊപ്പം താമസിക്കുന്നു. ഇവർക്ക് സ്മിത, സ്മിജോ എന്നി രണ്ടു കുട്ടികൾ ഉണ്ട്. ഇരുവരും വിദ്യാർത്ഥികൾ ആണ്. ജെയിംസ് മുത്തോലിയിൽ ബിസ്സിനസ്സ് ചെയ്യുന്നു.



തൈത്തോട്ടത്തിൽ ജെയിംസും കുടുംബവും മാതാവ് ഏലിക്കുട്ടിയോടും സഹോദരൻ റവ.ഫാ.ടോം ജോണിനോടുമൊപ്പം.

## 1 C (5)e ജോൺ മകൻ ജോസ്

ജോസ് ആർപ്പൂക്കര ചാവറ വീട്ടിൽ നിന്നും ആൻറണി മകൾ കുഞ്ഞമ്മയെ വിവാഹം ചെയ്ത് തൈത്തോട്ടം തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് ലിറ്റി, തോമസുകുട്ടി എന്നീ രണ്ടു കുട്ടികളുണ്ട്. ഇവർ വിദ്യാർത്ഥികളാണ്.

## 1 C (5) Fr. ഫാ. ടോം ജോൺ തൈത്തോട്ടം OFM

മുത്തോലി തലക്കുളത്തിലായ തൈത്തോട്ടത്തിൽ ജോൺ–ഏലിക്കുട്ടി ദമ്പതികളുടെ ഇളയ പുത്രനായി ജനിച്ചു. മുത്തോലി സെൻറ് ആൻറണീസ്

സ്കൂളിൽ നിന്നും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം OFM സഭയിൽ ചേർന്ന് വൈദിക പഠനം നടത്തി. 1993-ൽ ആന്ധ്രാ പ്രദേശിൽ നൊവീഷ്യയേറ്റ് പൂർത്തിയാക്കി. പിന്നീട് സെൻറ് ആൻറണീസ് പ്രയറി ബാംഗ്ലൂരിൽ നാലുവർഷത്തെ ഫിലോസഫി പഠനം നടത്തി. 1997 മുതൽ 2001 വരം കൃപാലയയിൽ(മൈസൂർ) പഠിച്ച് തിയോളജി പഠനം പൂർത്തിയാക്കി.

2000-ാം ആണ്ടിൽ നിത്യവ്രതം സ്വീകരിച്ചു. ഭോപ്പാൽ യൂണിവേഴ്സിറ്റിയിൽ നിന്നും പൊളിറ്റിക്കൽ സയൻസിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുണ്ട്. 2002 ഏപ്രിൽ 23-ന് ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ പിതാവിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു.

സ്റ്റാമ്പുശേഖരിച്ചുകൊണ്ട് ഇന്ത്യയിലും ഇന്ത്യയുടെ വെളിയിലും ശ്രദ്ധ പിടിച്ചു പറ്റിയിട്ടുണ്ട്. ഏതാണ്ട് 32000 സറ്റാമ്പുകൾ ഇദ്ദേഹത്തിൻെറ ശേഖരത്തിലുണ്ട്.

### 1 C (6) ഇട്ടിച്ചെറിയ മകൾ ത്രേസ്യാ

ത്രേസ്യാ ബാല്യത്തിൽ നിര്യാതയായി.

### 1 D ചെറിയത് മകൾ ഏലി

ചെറിയതിൻെറ പെൺമക്കളായ ഏലിയെ കടനാട്ടിൽ നെടുങ്കുന്നേൽ വിവാഹം ചെയ്തയ്ച്ചു.

### 1 E ചെറിയത് മകൾ മറിയം

മറിയത്തെ അയർക്കുന്നത്ത് കുടകശ്ശേരി പടിഞ്ഞാറെക്കരയിൽ വിവാഹം ചെയ്തയച്ചു.

### 1 F ചെറിയത് മകൾ ത്രേസ്യാ.

ത്രേസ്യായെ കാഞ്ഞിരപ്പള്ളി കൊണ്ടൂപ്പറമ്പിൽ വിവാഹം ചെയ്തയച്ചു.

●



## വടക്കേ തലക്കുളം ശാഖ

### 2 മത്തായി മകൻ തൊമ്മൻ

മണ്ണൂരിൽ നിന്നും തലക്കുളത്തിൽ വന്നു താമസമാക്കിയ മത്തായിയുടെ മകൻ തൊമ്മൻ വടക്കേ തലക്കുളത്തിൽ (തറവാട്ടിൽ) താമസിച്ചു. അദ്ദേഹം ഇടമറ്റം കള്ളിവയലിൽ നിന്നും വിവാഹം ചെയ്തു. അവർക്ക് മത്തായി എന്ന ഏകപുത്രനും ഒരു പുത്രിയും ജനിച്ചു. പുത്രിയെ കടനാട്ടിൽ ഉപ്പുമാക്കൽ വിവാഹം ചെയ്തയച്ചു.

### 2A തൊമ്മൻ മകൻ മത്തായി

മത്തായി പുഞ്ചക്കുന്നേൽ കണിയാരശ്ശേരിൽ അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്ക് മറിയാമ്മ എന്ന ഒരു പുത്രി മാത്രം ജനിച്ചു.

### 2A(1) മത്തായി മകൾ മറിയാമ്മ

മറിയാമ്മയെ അയർക്കുന്നത്ത് പടിഞ്ഞാറെക്കര കുടകശ്ശേരിൽ കുഞ്ഞാക്കോയെക്കൊണ്ട് വിവാഹം കഴിച്ച് ദത്തു നിറുത്തി. ചിന്ന, മേരി എന്നീ രണ്ടു പുത്രിമാർ മാത്രം ജനിച്ചു. കാലാന്തരത്തിൽ മറിയാമ്മയും ഭർത്താവ് കുഞ്ഞാക്കോയും ചരമം പ്രാപിക്കയാൽ പുത്രിമാർ രണ്ടു പേരും വല്യമ്മയായ അന്നമ്മയുടെ സംരക്ഷണയിൽ വളർന്നുവന്നു. യൗവ്വനാരംഭത്തോടുകൂടി ചിന്നമ്മയും മേരിയും വലിയമ്മയോടുകൂടി മുത്തോലി കർമ്മലീത്താമഠത്തിൽ ചേർന്ന് കന്യാസ്ത്രീകളായി.


### 2A(1) a & b മറിയാമ്മ മക്കൾ ചിന്നയും മേരിയും



സി. മർത്തായും സി. മേരിയും

കർമ്മലിത്ത സന്യാസ സമൂഹത്തിൽ ചേർന്ന ഇവർ യഥാക്രമം മർത്താ - മറിയം എന്നീ പേരുകൾ സ്വീകരിച്ചു. അവർ തങ്ങൾക്ക് അവകാശമായി കിട്ടിയ കുടുംബസ്വത്തുക്കൾ മഠത്തിന് ദാനമായി നൽകി. തറവാട് കൈമാറ്റ വിലയ്ക്ക് തെക്കേ തലക്കുളത്തിൽ ഇട്ടിചെറിയയ്ക്ക് നൽകുകയും ചെയ്തു.

# മാധവപ്പള്ളി ശാഖ





# മാധവപ്പള്ളി ശാഖ

മണ്ണൂർ ഇട്ടിച്ചെറിയയുടെ ആൺമക്കളിൽ മൂന്നാമത്തെ ആളായ ചെറിയത് കടുത്തുരുത്തി നിലപ്പന വീട്ടിൽ നിന്നും വിവാഹം ചെയ്ത് മാധവപ്പള്ളി പുരയിടത്തിലേക്ക് മാറിത്താമസിച്ചു.

മാധവപ്പള്ളി എന്ന വീട്ടുപേരിനെക്കുറിച്ച് മലബാറിലുള്ള നീലേശ്വരം എന്ന സ്ഥലത്ത് മാധവപ്പള്ളി എന്നു വീട്ടുപേരുള്ള ഒരു നമ്പൂതിരി കുടുംബത്തിൽ നിന്നും അറിയാൻ കഴിഞ്ഞത് ഇപ്രകാരമാണ്: പണ്ട് ടിപ്പു സുൽത്താൻെറ ആക്രമണത്തെ ഭയന്ന് ഇവരുടെ പൂർവ്വികർ മലബാറിൽനിന്നും തെക്ക് തിരുവിതാംകൂറിൽ മേവിട എന്ന സ്ഥലത്തെത്തി താമസം തുടങ്ങി. മുത്തോലി എന്ന സ്ഥലനാമം അന്നുണ്ടായിരുന്നില്ല. (ഇപ്പോഴും മുത്തോലിയിലെ മാധവപ്പള്ളിൽ വീട്ടിൽനിന്നും ആരെങ്കിലും കാഞ്ഞിരപ്പള്ളിയിലുള്ള അവരുടെ ബന്ധുവീട്ടിൽ ചെന്നാൽ മേവിടയിലെ ഇന്ന ആൾ വന്നു എന്നാണ് പറയുന്നത്.) അവരുടെ ആവശ്യത്തിനായി തൊട്ടടുത്ത് ഒരു അമ്പലവും ഉണ്ടായിരുന്നു. ആ അമ്പലമാണ് ഇന്നത്തെ നെയ്യൂർ കാവായി തീർന്നത് എന്നു കരുതുന്നു. ഇവർ താമസിച്ചിരുന്ന വീട് മാധവപ്പള്ളി പുരയിടത്തിൽ, തച്ചുശാസ്ത്രപ്രകാരം ദേവഖണ്ഡത്തിൽ, നൂറ്റാണ്ടുകൾ നിലനിൽക്കത്തക്ക ദേവതുല്യർ മാത്രം വസിക്കാൻ യോഗ്യമായ രീതിയിൽ വിധിപ്രകാരം നിർമ്മിച്ച് താമസമാക്കി. ടിപ്പു സുൽത്താനും മറ്റും മലബാറിൽനിന്നും നീങ്ങിയെന്നു ബോദ്ധ്യപ്പെട്ടപ്പോൾ അവർ സ്ഥലവും വീടും മണ്ണൂർ എന്ന കുടുംബത്തിലെ ആർക്കോ കൊടുത്തിട്ട് നീലേശ്വരത്തേക്ക് തിരികെപ്പോയി. നീലേശ്വരത്തുള്ള ഇവരുടെ മാധവപ്പള്ളി ഇല്ലത്തു നിന്നും കിഴക്കോട്ട് പോയാൽ പാലാ എന്ന സ്ഥലവും വീടിന് ഇടതുവശത്തുള്ള പുഴ കടന്നാൽ പുലിയന്നൂർ എന്ന സ്ഥലവും ഉണ്ട്.

മാധവപ്പള്ളിൽ ചെറിയത് ചെറിയത് ഒരു ദേവഖണ്ഡത്തിൽ താമസിക്കാൻ യോഗ്യതയുള്ള വ്യക്തിയായിരുന്നു. ഇദ്ദേഹവും ഇദ്ദേഹത്തിൻെറ മൂന്നു സഹോദരന്മാരും കൂടി ദാനമായി നൽകിയ പതിനാല് ഏക്കർ സ്ഥലത്താണ് മുത്തോലി കൊവേന്ത സ്ഥാപിച്ചിരിക്കുന്നത്. അദ്ദേഹത്തിൻെറ ദാനശീലത്തെപ്പറ്റി പല കഥകളുമുണ്ട്. അദ്ദേഹം പലർക്കും താമസത്തിനായി തൻെറ പുരയിടത്തിൽ തന്നെ വസ്തുവകകൾ ദാനം ചെയ്തിട്ടുണ്ട്. ഇതിൽ മൂന്നര ഏക്കർ സ്ഥലംവരെ ലഭിച്ചിട്ടുള്ള വ്യക്തികളുമുണ്ട്.

മലയാളം പ്രാർത്ഥനാപുസ്തകങ്ങളില്ലാതിരുന്ന കാലഘട്ടത്തിൽ തമിഴായിരുന്നു ഭാഷ. മാതാവിൻെറ മെയ് മാസവണക്ക പ്രാർത്ഥനകൾ നാട്ടുകാരെ കൂട്ടി മാധവപ്പള്ളിൽ വച്ചായിരുന്നു നടത്തിയിരുന്നത്. ഇത് മുത്തോലിക്കടവിൽ കുരിശുപള്ളി പണിയുന്നതു വരെ തുടർന്നു.

## ചെറിയത് മാധവപ്പള്ളി

ചെറിയതിന് ചെറിയാൻ, വർഗ്ഗീസ് എന്നീ രണ്ടു പുത്രന്മാരും രണ്ട് പുത്രിമാരും ജനിച്ചു. മൂത്തപുത്രൻ ചെറിയാൻ ചേർപ്പുങ്കൽ നെല്ലിപ്പുഴയിൽ നിന്നും വിവാഹം ചെയ്ത് ചെല്ലങ്കോട്ടു പുരയിടത്തിൽ മാറിത്താമസിച്ചു. ചെല്ലങ്കോട്ട് കുടുംബം ഇദ്ദേഹത്തിൻെറ സന്തതിപരമ്പരയാണ്. രണ്ടാമത്തെ പുത്രൻ വർഗ്ഗീസ് ചേർപ്പുങ്കൽ പാറയിൽ നിന്നും അന്നയെ വിവാഹം കഴിച്ച് തറവാട്ടിൽ താമസിച്ചു. മൂത്ത പുത്രിയെ പാലായിൽ കളരിയാമ്മാക്കൽ വിവാഹം ചെയ്തയച്ചു. അവർക്ക് സന്താനങ്ങൾ ഉണ്ടായില്ല. രണ്ടാമത്തെ പുത്രിയെ ഭരണങ്ങാനം ഓലിക്കൽ വീട്ടിൽ ദേവസ്യ വിവാഹം കഴിച്ച് തറവാട്ടിൽ താമസിച്ചു.

## ചെറിയത് മകൻ വർഗ്ഗീസ്

വർഗ്ഗീസ് ചേർപ്പുങ്കൽ പാറയിൽ നിന്നും അന്നയെ വിവാഹം കഴിച്ച് മാധവപ്പള്ളിൽ തറവാട്ടിൽ താമസിച്ചു. ഇവർക്ക് ചെറിയാൻ, വർഗ്ഗീസ്, മത്തായി, തോമസ്, ഔസേപ്പ്, കൊച്ചൂഞ്ഞ്, അന്നമ്മ, ത്രേസ്യാമ്മ എന്നീ 8 പുത്രീപുത്രന്മാർ ജനിച്ചു.

ഇവരിൽ ഇളയ പുത്രന്മാരായ ഔസേപ്പ് പാലായിൽ തുമ്പശ്ശേരിൽ നിന്നും; കൊച്ചൂഞ്ഞ് പാലായിയിൽ പുഞ്ചക്കുന്നേൽ നിന്നും വിവാഹം ചെയ്തിരുന്നു. ഇവർ രണ്ടുപേരും കുട്ടികൾ ഉണ്ടാകുന്നതിനു മുൻപേ മരണമടഞ്ഞു. ഔസേപ്പിൻെറ ഭാര്യ ഭർത്താവിൻെറ മരണശേഷം സന്യാസിനിയായി വാഴമഠത്തിൽ ശേഷിക്കുന്ന ജീവിതം നയിച്ചു. കൊച്ചുകുഞ്ഞിൻെറ ഭാര്യയെ രണ്ടാമത് പാലാ കിഴക്കേക്കരയിൽ വിവാഹം കഴിച്ചയച്ചു.

## 7. വർഗ്ഗീസ് മകൾ അന്നമ്മ

വർഗ്ഗീസിൻെറ മൂത്തപുത്രി അന്നമ്മയെ കാഞ്ഞിരപ്പള്ളിയിൽ കരിമ്പനാൽ ഇട്ടിയവിരാ വിവാഹം ചെയ്തു. അവർക്ക് കുഞ്ഞമ്മച്ചൻ, പാപ്പച്ചൻ, കൊച്ചുകുഞ്ഞ്, മാമ്മി, കുഞ്ഞുമറിയാമ്മ എന്നീ പുത്രീപുത്രന്മാർ ഉണ്ടായി. മൂത്തപുത്രൻ കുഞ്ഞമ്മച്ചൻ ഞരളമറ്റത്തിലും രണ്ടാമത്തെ പുത്രൻ പാപ്പച്ചൻ താഴത്തേ കരിമ്പനാലും മൂന്നാമത്തെ പുത്രൻ കൊച്ചുകുഞ്ഞ് കരിമ്പനാൽ തറവാട്ടിലും താമസിച്ചു. പെൺമക്കളിൽ മാമ്മിയെ ആനത്താനത്ത് മത്തായിച്ചനും കുഞ്ഞുമറിയാമ്മയെ പടപ്പാടിയിൽ ഏറ്റുമാനൂർക്കാരൻ ഔസേപ്പച്ചനും വിവാഹം ചെയ്തു.

## 8. വർഗ്ഗീസ് മകൾ ത്രേസ്യാമ്മ

വർഗ്ഗീസിൻെറ ഇളയപുത്രി ത്രേസ്യാമ്മയെ കാഞ്ഞിരപ്പള്ളിയിൽ കരിപ്പാപ്പറമ്പിൽ ചാക്കോച്ചൻ വിവാഹം ചെയ്തു. അവർക്ക് തോമാ





ച്ചൻ, ചെറിയാച്ചൻ, ജോർജ്, ദേവസ്യാച്ചൻ, അപ്പച്ചൻ, അക്കമ്മ, പെണ്ണമ്മ, മറിയാമ്മ, ആലിമ്മ എന്നീ 9 പുത്രീപുത്രന്മാർ ജനിച്ചു.

മൂത്ത പുത്രൻ തോമാച്ചൻ (കെ.ജെ. തോമസ്) എം.എൽ.എ ആയിരുന്നു. പെൺമക്കളിൽ അക്കമ്മയെ കാഞ്ഞിരപ്പള്ളിൽ കല്ലറക്കൽപറമ്പിലും, പെണ്ണമ്മയെ കോഴിക്കോട് കണ്ടകുടി അപ്പച്ചനും (കൈനടി അപ്പച്ചൻ), മറിയാമ്മയെ മണ്ണാർകാട് വാച്ചാപറമ്പിൽ തെക്കേ മാളിയേക്കൽ എം. എസ്സ് ജോസഫും ആനിയമ്മയെ മാള പൊയ്ക അമ്പൂക്കൻ അപ്രേമും വിവാഹം ചെയ്തു. ആൺമക്കൾ എല്ലാവരും മണ്ണാർകാട്ടാണ് താമസിക്കുന്നത്.

## 1. വർഗ്ഗീസ് മകൻ ചെറിയാൻ

വർഗ്ഗീസിൻെറ മൂത്ത പുത്രൻ ചെറിയാൻ ചേർപ്പുങ്കൽ മൂത്തശ്ശേരിൽ നിന്നും ഏലിയെ വിവാഹം ചെയ്ത് മാധവപ്പള്ളിൽ തറവാട്ടിൽ താമസ്സിച്ചു. ഇവർക്ക് വർക്കി, അന്നമ്മ, കുഞ്ഞുമറിയം, കുഞ്ഞുപെണ്ണ്, ത്രേസ്യ, ഇത്ത എന്നീ ആറു മക്കൾ ജനിച്ചു.

മുത്തോലി കൊവേന്തയ്ക്കു നേരെതാഴെ മുത്തോലി കൊടുങ്ങൂർ റോഡിലേക്ക് ഇറങ്ങാനുള്ള വഴിയിൽ കുറെഭാഗം (ഇപ്പോൾ കുരിശുംതൊട്ടി ഇരിക്കുന്ന സ്ഥലം) ചെറിയാൻ മുത്തോലി കൊവേന്തയ്ക്കു ദാനമായി കൊടുത്തതാണ്.

## 1.b ചെറിയാൻ മകൾ അന്നമ്മ

ചെറിയാൻെറ മൂത്ത പുത്രി അന്നമ്മയെ മുത്തോലി നാഗനൂലിൽ ഔസേപ്പ് വിവാഹം ചെയ്ത് നാഗനൂലിൽ തറവാട്ടിൽ താമസിച്ചു. *(നാഗനൂലിൽ കുടുംബശാഖ വായിക്കുക).*

## 1.c ചെറിയാൻ മകൾ ത്രേസ്യ

ത്രേസ്യായെ പൂവരണിയിൽ ഈറ്റത്തോട്ടത്തിൽ മാളിയേക്കൽ ഔസേപ്പച്ചൻ വിവാഹം ചെയ്തു. ഇപ്പോൾ പൂവരണി പഞ്ചായത്ത് പ്രസിഡൻറ് അനിൽ ത്രേസ്യായുടെ ഇളയ പുത്രൻെറ മകനാണ്.

## 1.e ചെറിയാൻ മകൾ കുഞ്ഞുപെണ്ണ് (സി. ഇമേൽഡാ)

കുഞ്ഞുപെണ്ണ് (സി. ഇമേൽഡാ) 1901 നവംബർ 17–ന് ജനിച്ചു. സാമാന്യ വിദ്യാഭ്യാസത്തിനു ശേഷം 1918 ജൂലൈ 16–ന് മുത്തോലി കർമ്മലീത്താമഠത്തിൽ ചേർന്നു. 1925 മാർച്ച് 6–ന് നിത്യവ്രതം സ്വീകരിച്ചു. 1921–ൽ രാമപുരത്ത് ഒരു പുതിയ സ്കൂൾ സ്ഥാപിച്ച് അതിൻെറ ഹെഡ്മിസ്ട്രസായി

നിയമിക്കപ്പെട്ടു. സ്കൂൾ മിഡിൽ സ്കൂളായി ഉയർത്തപ്പെട്ടപ്പോൾ സി. ഇമേൽഡാ ആയിരുന്നു ഹെഡ്മിസ്ട്രസ്. 1945 വരെ അദ്ധ്യാപികയായി സേവനം ചെയ്തു. പിന്നീട് ചേർപ്പുങ്കൽ മഠത്തിൽ മദർ സുപ്പീരിയറായും സേവനം ചെയ്തിട്ടുണ്ട്. തലശ്ശേരി രൂപത സ്ഥാപിച്ചപ്പോൾ അവിടെ ആസ്പിരൻസ് മിസ്ട്രസ് ആയും സേവനം ചെയ്തു. പരിപൂർണ്ണമല്ലെങ്കിലും സ്വപ്രയത്നംകൊണ്ട് ഒരു ഇംഗ്ലീഷ് നിഘണ്ടു രചിച്ചിട്ടുണ്ട്. പിന്നീട് ആലുവാ, കറുകുറ്റി എന്നീ ധ്യാനകേന്ദ്രങ്ങളിൽ ധ്യാനാത്മകമായ ജീവിതം നയിച്ചു. 1995 ഡിസംബർ 18-ന് നിര്യാതയാകുകയും മൃതദേഹം രാമപുരം പള്ളി സെമിത്തേരിയിൽ സംസ്കരിക്കുകയും ചെയ്തു.

## 1.d ചെറിയാൻ മകൾ കുഞ്ഞുമറിയം (സി. അന്ന)

കുഞ്ഞുമറിയം മുത്തോലി കർമ്മലീത്താമഠത്തിൽ ചേർന്ന് സി. അന്ന എന്ന പേരു സ്വീകരിച്ചു. 1907 ഒക്ടോബർ 17-ന് ജനിച്ചു. മാമ്മോദീസാ പ്പേര് മറിയം എന്നായിരുന്നു. 1934 മെയ് 13-ന് മഠപ്രവേശനം നടത്തി. വിളക്കുമാടം, തുടങ്ങനാട്, രാമപുരം, വെള്ളികുളം, മല്ലികശ്ശേരി, തലശ്ശേരി പ്രോവിൻസ് ഹൗസ് എന്നിവിടങ്ങളിൽ സ്തുത്യർഹ്യമായ സേവനം ചെയ്തിട്ടുണ്ട്. 1984 സെപ്തംബർ 13-ന് നിര്യാതയായി. രാമപുരം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

മുത്തോലി കർമ്മലീത്താ മഠത്തിൽ ചേർന്ന സി. ഇമേൽഡാ, സി. അന്നമ്മ എന്നിവരുടെ പത്രമേനിയായി മുത്തോലി മഠത്തിന് വടക്കു വശമായി കൊവേന്തയ്ക്കു താഴെ സ്ഥലം മഠത്തിന് നൽകിയിട്ടുണ്ട്

## 1.f ഇത്തമ്മ (സി. ജയിൻ)

ചെറിയാന്റെ ഇളയ മകളായ ഇത്തമ്മ കോട്ടയം കർമ്മലീത്ത ഒന്നാം സഭയിൽ (മിണ്ടാമഠം) ചേർന്ന് സി. ജയിൻ എന്ന പേരു സ്വീകരിച്ചു. 2001 -ൽ ചരമം പ്രാപിച്ചു.

## 1.a ചെറിയാൻ മകൻ വർക്കിയച്ചൻ

ചെറിയാന്റെ ഏക പുത്രൻ വർക്കിയച്ചൻ മുത്തോലി വടക്കേ കോയിപ്പുറത്ത് കുഞ്ഞമ്മന്റെ മകൾ ത്രേസ്യായെ വിവാഹം ചെയ്തു. ഇവർക്ക് ഏലിക്കുട്ടി, ചെറിയാൻ (പാപ്പച്ചൻ), തോമസ് (കൊച്ചൂഞ്ഞ്), തെയ്യാമ്മ, വക്കച്ചൻ (ജോർജ്) എന്നീ 5 പുത്രീപുത്രന്മാർ ജനിച്ചു.

## 1.a (1) വർക്കിയച്ചൻ മകൾ ഏലിക്കുട്ടി

ഏലിക്കുട്ടിയെ ചിറക്കടവ് കിഴക്കേത്തലയ്ക്കൽ ചാക്കോച്ചൻ വിവാഹം ചെയ്തു. ഇപ്പോൾ മണ്ണാർക്കാടിനടുത്ത് അരപ്പാറ എന്ന സ്ഥലത്ത് താമസിക്കുന്നു. ഇവർക്ക് പെണ്ണമ്മ, ഡോമി, ജോർജ്, മറിയമ്മ, ഈപ്പച്ചൻ, എത്സമ്മ, ഫിലോകുട്ടി, സാലമ്മ (Sr. സെലിൻ ജേക്കബ് H.F.) എന്നീ 8 പുത്രീപുത്രന്മാർ ജനിച്ചു.





## 1.a (4) വർക്കിയച്ചൻ മകൾ തെയ്യാമ്മ

തെയ്യാമ്മയെ അന്തിനാട് പുതിയിടത്ത് ഔസേപ്പച്ചൻ വിവാഹം ചെയ്ത് അന്തിനാട് താമസിക്കുന്നു. ഇവർക്ക് ബേബിച്ചൻ, റോയിച്ചൻ, ലിസമ്മ, റ്റെസി മോൾ എന്നീ 4 മക്കൾ ജാതരായി.

## 1.a (2) വർക്കിയച്ചൻ മകൻ പാപ്പച്ചൻ (ചെറിയാൻ)

വർക്കിയച്ചന്റെ മൂത്തപുത്രൻ ചെറിയാൻ പാലാ മണ്ണാറമറ്റത്തിൽ നിന്നും തങ്കമ്മയെ വിവാഹം ചെയ്ത് കർണ്ണാടക സ്റ്റേറ്റിൽ ശുളളിയായ്ക്ക് സമീപം ദൊടതോട എന്ന സ്ഥലത്ത് താമസിച്ച് പ്ലാൻറേഷനിൽ ഏർപ്പെട്ടിരിക്കുന്നു. ഇവർക്ക് ജോർജ്, ബേബിച്ചൻ, ചെറിയാൻ, ജോസുകുട്ടി, തോമസുകുട്ടി, കുര്യാച്ചൻ, മാത്തച്ചൻ, മേരിക്കുട്ടി, ജോയിച്ചൻ എന്നീ 9 മക്കളുണ്ട്.

പാപ്പച്ചന്റെ മൂത്തമകൻ എം.സി.ജോർജ് തൃശ്ശൂർ എരിഞ്ചേരിൽ തോമസ് മകൾ റോസിലിയെ വിവാഹം ചെയ്തു ശുളളിയായിൽ താമസിക്കുന്നു. ബി.ഇ., എം.ടെക് ബിരുദധാരിയായ ജോർജ് ഇപ്പോൾ ഗൾഫിൽ ജോലി ചെയ്യുന്നു. റോസിലിയും എഞ്ചിനീയറാണ്. ഇവർക്ക് അനു (അന്നക്കുട്ടി), റ്റീനാ (ത്രേസ്യ), ഉണ്ണിമോൾ (മേരി), ലിസ (എലിസബത്ത്) എന്നീ 4 പെൺമക്കളുണ്ട്.

പാപ്പച്ചന്റെ രണ്ടാമത്തെ മകൻ ബേബിച്ചൻ ഭാര്യയായ റീത്തയോടൊപ്പം ആലുവായിൽ താമസിക്കുന്നു. ഇവർക്ക് മനു (ചെറിയാൻ), മീന (അന്നമ്മ) എന്നീ 2 കുട്ടികളുണ്ട്.

പാപ്പച്ചന്റെ മൂന്നാമത്തെ മകൻ ചെറിയാൻ പാലാ ഇല്ലിമൂട്ടിൽ തോമസ് മകൾ സെൽവിയെ വിവാഹം ചെയ്ത് ദൊടതോടയിൽ താമസിക്കുന്നു. ഇവർക്ക് എബി (എബ്രഹാം), ഷൈബി (ജോൺ) എന്നീ രണ്ടു കുട്ടികളുണ്ട്.

പാപ്പച്ചന്റെ നാലാമത്തെ പുത്രനായ ജോസുകുട്ടിയും അഞ്ചാമൻ തോമസുകുട്ടിയും അവിവാഹിതരാണ്.

ആറാമത്തെ പുത്രൻ കുര്യാച്ചൻ (അഡ്വ. എം.സി. കുര്യൻ) എറണാകുളം നാല്പതാംകളത്തിൽ നിന്നും റീബയെ വിവാഹം ചെയ്തു. അദ്ദേഹം പാലക്കാട് ജില്ലാ കോടതിയിൽ സീനിയർ അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്യുന്നു.

ഏഴാമത്തെ പുത്രൻ മാത്തച്ചൻ (എം.സി.മാത്യൂസ്) ചങ്ങനാശ്ശേരി കാഞ്ഞിരത്തിൻമൂട്ടിൽ നിന്നും സേവ്യർ മകൾ ജിസിയെ വിവാഹം ചെയ്ത് മലപ്പുറം ഡിസ്ട്രിക്ട് കോർപ്പറേറ്റ് ബാങ്കിൽ ലീഗൽ അഡ്വൈസറായി സേവനം ചെയ്യുന്നു.

ചെറിയാന്റെ (പാപ്പച്ചന്റെ) ഏക പുത്രി മേരിക്കുട്ടിയെ പാവറട്ടി ചീരൻ കുടുംബത്തിൽ മാണി മകൻ ജസ്റ്റിൻ വിവാഹം ചെയ്ത് പാവറട്ടിയിൽ താമസിക്കുന്നു. ഇവർക്ക് നിധിൻ (ജോസഫ്), നീതു (അന്നമ്മ) എന്നീ 2 കുട്ടികളുണ്ട്. ജസ്റ്റിൻ റബ്ബർബോർഡിൽ ജോലിചെയ്യുന്നു.

പാപ്പച്ചന്റെ ഇളയ പുത്രൻ ജോയിച്ചൻ പിതാവിനോടൊപ്പം തറവാട്ടിൽ താമസിക്കുന്നു.

## 1.a (3) വർക്കിയച്ചൻ മകൻ കൊച്ചൂഞ്ഞ് (തോമസ്)

കൊച്ചൂഞ്ഞ് വിളക്കുമാടം പഴൂർ വടക്കേടത്ത് മാത്യു മകൾ മേരിയെ വിവാഹം ചെയ്ത് മാധവപ്പള്ളി പുരയിടത്തിന് വടക്കു വശത്തുള്ള ചാത്തയ്ക്കൽ പുരയിടത്തിൽ മാറിത്താമസിച്ചു. പിന്നീട് ആ പുരയിടം പാറേൽ ഉമ്മച്ചന് വിറ്റശേഷം മലബാറിൽ കുടിയേറിപ്പാർത്തു. പിന്നീട് കാസർകോട് ജില്ലയിൽ നറുക്കിലക്കാട് താമസമാക്കി. ഇവർക്ക് ജോയി (ആപ്പച്ചൻ), ജോർജ്, സിബി (മാത്യു), ഗ്രേസി, ലീലാമ്മ, വത്സമ്മ, ഫിലോമിന എന്നീ 7 പുത്രിപുത്രന്മാരുണ്ട്. കൊച്ചൂഞ്ഞ് 2001 ഡിസംബറിൽ നിര്യാതനായി.

കൊച്ചൂഞ്ഞിന്റെ മൂത്ത പുത്രൻ ജോയി (ആപ്പച്ചൻ) മണിമല മുണ്ടപ്ലാക്കൽ വീട്ടിൽ നിന്നും ഡെയ്സിയെ വിവാഹം ചെയ്ത് ആലുവായ്ക്ക് സമീപം വാഴക്കുളം എന്ന സ്ഥലത്ത് താമസിക്കുന്നു. ഇവർക്ക് തോമസുകുട്ടി എന്നൊരു പുത്രനുണ്ട്. ജോയി ആലുവ എം.ഇ.എസ് കോളജ് അദ്ധ്യാപകനാണ്. ഡെയ്സി ബ്ലോക്ക് ഓഫീസറായി ജോലി ചെയ്യുന്നു.

കൊച്ചൂഞ്ഞിന്റെ രണ്ടാമത്തെ പുത്രൻ ജോർജ് ചെമ്പേരി പുളിക്കൽ സെബാസ്റ്റ്യൻ മകൾ മോളിയെ വിവാഹം ചെയ്ത് നറുക്കലക്കാട്ട് താമസിക്കുന്നു. ഇവർക്ക് മേരി, എലിസബത്ത്, മാർഗരറ്റ് എന്നീ 3 കുട്ടികളുണ്ട്.

കൊച്ചൂഞ്ഞിന്റെ മൂന്നാമത്തെ മകൻ സിബി (മാത്യു) കുറ്റിയാടി മറ്റപ്പള്ളിൽ വർക്കിയച്ചൻ മകൾ സജിയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് തോമസ്, മേരിക്കുട്ടി എന്ന് രണ്ടു കുട്ടികളുണ്ട്.

കൊച്ചൂഞ്ഞിന്റെ മൂത്തമകൾ ഗ്രേസിയെ കണ്ണൂർ കോഴിച്ചാൽ കാണ്ടാമനം വീട്ടിൽ തോമസ് വിവാഹം ചെയ്തു. ഇവർക്ക് റ്റിജോ (ഏലിയാമ്മ), ജിമ്മി (മാത്യു) എന്നീ 2 കുട്ടികളുണ്ട്.

കൊച്ചൂഞ്ഞിന്റെ രണ്ടാമത്തെ പുത്രി ലീലാമ്മയെ (എലിസബത്ത്) തളിപ്പറമ്പിനടുത്ത് കുറ്റിക്കോവിൽ എലവുങ്കൽ അപ്പച്ചൻ വിവാഹം ചെയ്തു.





ഇവർക്ക് ഏലിക്കുട്ടി, മേരി, സാജോ എന്നീ 3 കുട്ടികളുണ്ട്. അപ്പച്ചൻ കോൺട്രാക്ടറായി ജോലി ചെയ്യുന്നു.

കൊച്ചൂഞ്ഞിന്റെ മകൾ വത്സമ്മയെ പ്രവിത്താനം തെക്കേൽ തോമസ് വിവാഹം ചെയ്തു. ഇവർക്ക് ലിസാ (മാളി) എന്നൊരു പുത്രിയുണ്ട്. വത്സമ്മ നേഴ്സിംഗ് ഡയറക്ടറായി ന്യൂയോർക്കിൽ ജോലിചെയ്യുന്നു. തോമസ് ന്യൂയോർക്കിൽ റെയിൽവേ മാനേജരായി ജോലി നോക്കുന്നു.

കൊച്ചൂഞ്ഞിന്റെ ഇളയപുത്രി ഫിലോമിനയെ കണ്ണൂർ ജില്ലയിൽ പെരുമ്പടവ് പാലമൂട്ടിൽ ജോർജ് മകൻ അലോഷ്യസ് വിവാഹംചെയ്തു. ജോർജ് കാനഡായിൽ എഞ്ചിനീയറാണ്. ഇവർക്ക് എബി, ട്രീസ എന്നീ 2 കുട്ടികളുണ്ട്.

## 1.a (5) വർക്കിയച്ചൻ മകൻ വക്കച്ചൻ (ജോർജ്)

വർക്കിയച്ചന്റെ ഇളയപുത്രനായ വക്കച്ചൻ അതിരംപുഴ പേമല കുഞ്ഞൗസേഫ് മകൾ മേരിയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിച്ചു. പിന്നീട് തന്റെ സ്ഥലം തോപ്പിൽ വീട്ടുകാർക്ക് വിറ്റശേഷം പാലക്കാട് ജില്ലയിൽ പുലാപ്പറ്റയിൽ കുടിയേറിപ്പാർത്തു. ഇവർക്ക് ജോർജ്, ജോസ്, ചെറിയാൻ, സാബിച്ചൻ, ത്രേസ്യാക്കുട്ടി, (സി. ലിസ്യൂ മരിയ O.S.F.), മാഗി, ആൻസി, കൊച്ചുറാണി എന്നീ 9 പുത്രിപുത്രന്മാർ ജനിച്ചു.

വക്കച്ചന്റെ മൂത്തമകൻ ജോർജ് പാലക്കാട് കല്ലടിക്കോട് തുണ്ടിയിൽ കുഞ്ഞ് മകൾ ഗ്രേസിയെ വിവാഹം ചെയ്ത് പുലാപ്പറ്റയിൽ മാറിതാമസിക്കുന്നു. എൽ.ഐ.സി. ഓഫീസറായ ജോർജിന് ജിനു, ജിൻസി എന്നീ 2 കുട്ടികളുണ്ട്.

വക്കച്ചന്റെ രണ്ടാമത്തെ പുത്രൻ ജോസ് പരിയാപുരം അവുസേപ്പുപറമ്പിൽ ഔസേഫ് മകൾ ഓമനയെ വിവാഹം ചെയ്ത് പുലാപ്പറ്റയിൽ താമസിക്കുന്നു. ഇവർക്ക് ജോസന, ജിയോ, അൽഫോൻസ്മേരി എന്നീ 3 കുട്ടികളുണ്ട്.

വക്കച്ചന്റെ മൂന്നാമത്തെ മകൻ ചെറിയാൻ കുറ്റിയാടി ചെമ്പനാനിക്കൽ ജോസഫ് മകൾ പൗളിനെ വിവാഹം ചെയ്ത് പുലാപ്പറ്റയിൽ താമസിക്കുന്നു. ഇദ്ദേഹം അദ്ധ്യാപകനാണ്. വക്കച്ചന്റെ നാലാമത്തെ മകൻ സാബിച്ചൻ (ഡൊമിനിക് സാവിയോ) പിതാവിനോടൊപ്പം തറവാട്ടിൽ താമസിക്കുന്നു.

പെൺമക്കളിൽ മൂത്തയാളായ ത്രേസിക്കുട്ടി സെന്റ്.ഫ്രാൻസീസ് അസീസി സന്യാസി സഭയിൽ ചേർന്ന് സന്യാസിനിയായി. ഇപ്പോൾ ഭോപ്പാലിൽ ഒരു കോൺവെന്റ് സ്കൂളിൽ ഹെഡ്മിസ്ട്രസായി ജോലി ചെയ്യുന്നു.

രണ്ടാമത്തെ മകൾ മാഗിയെ അതിരക്കുളങ്ങര വീട്ടിൽ ജോസ് വിവാഹം ചെയ്ത് പാലക്കാടിനടുത്ത് കടമ്പൂർ എന്ന സ്ഥലത്ത് താമസിക്കുന്നു.

മൂന്നാമത്തെ മകൾ ലിസമ്മയെ പാലക്കാട് ജില്ലയിൽ കല്ലടിക്കോട് നടുപ്പടവിൽ ജോസ് വിവാഹം ചെയ്ത് പാലാക്കാട് താമസിക്കുന്നു.

നാലാമത്തെ മകൾ ആൻസിയെ വടക്കേടത്ത് ജോർജ് വിവാഹം ചെയ്ത് പാലക്കാട് ജില്ലയിൽ പൊൻപാറ എന്ന സ്ഥലത്ത് താമസിക്കുന്നു. ആൻസി അദ്ധ്യാപികയാണ്.

അഞ്ചാമത്തെ മകൾ കൊച്ചുറാണി ചെറുപ്പത്തിൽ മരിച്ചു.

## 2. വർഗ്ഗീസ് മകൻ വർഗ്ഗീസ്

മാധവപ്പള്ളിൽ ചെറിയത് വർഗ്ഗീസിന്റെ രണ്ടാമത്തെ പുത്രൻ വർഗ്ഗീസ് (കുഞ്ഞച്ചൻ) കാഞ്ഞിരപ്പള്ളിൽ കല്ലറയ്ക്കൽ പറമ്പിൽ മറിയാമ്മയെ വിവാഹം ചെയ്ത് വാഴവേലിക്കകത്ത് പുരയിടത്തിലേക്കു മാറിത്താമസിച്ചു. ഇവർക്ക് മാമ്മി, പാപ്പച്ചൻ, മറിയാമ്മ, ത്രേസ്യ, കൊച്ചൂഞ്ഞ്, ഏലിക്കുട്ടി എന്നീ 6 പുത്രീപുത്രന്മാർ ജനിച്ചു.

## 2.a വർഗീസ് വർക്കി മകൾ മാമ്മി

കുഞ്ഞച്ചന്റെ മൂത്ത മകൾ മാമ്മിയെ വിളക്കുമാടം തേവർകോട്ടയിൽ തൊമ്മൻ (കുഞ്ഞ്) വിവാഹം ചെയ്തു. ഇവർക്ക് കുഞ്ഞൂഞ്ഞ് (ചാക്കോ), കുഞ്ഞാപ്പൻ (വർക്കിയച്ചൻ), അച്ചാമ്മ എന്നീ 3 മക്കളുണ്ട്.

## 2.f വർഗീസ് മകൾ മറിയാമ്മ

മറിയാമ്മയെ എടത്വ വെള്ളാപ്പള്ളിൽ വീട്ടിൽ വർക്കിച്ചൻ (വി.സി. വർക്കി ബി.എ.;എൽ.റ്റി.) വിവാഹം ചെയ്തു. അദ്ദേഹം സെൻറ് അലോഷ്യസ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്നു. ഇവർക്ക് കറിയാച്ചൻ (ജനറൽ മാനേജർ ഭാരത് പെട്രോളിയം കമ്പനി), ബേബിച്ചൻ (ജനറൽ മാനേജർ, ടി.സി.സി ആലുവ), എന്നീ 2 ആൺമക്കളുണ്ട്. പെണ്ണമ്മ (കാഞ്ഞിരപ്പള്ളിൽ കരിപ്പാപ്പറമ്പിൽ മൈക്കിൾ വക്കീൽ മകൻ ജോർജ്ജുകുട്ടി വിവാഹം ചെയ്തു.), അന്നമ്മ (കെ.കെ.എബ്രാഹം കയത്തുംകര, റിട്ട. പ്രൊഫ. സെൻറ്. തോമസ് കോളേജ് പാലാ, വൈസ് പ്രസിഡൻറ് ഡി.സി.സി. കോട്ടയം വിവാഹം ചെയ്തു.), ത്രേസ്യാമ്മ (കാനഡയിൽ ജോലിചെയ്യുന്നു) എന്നീ 3 പെൺമക്കളുമുണ്ട്.





## 2.d വർഗ്ഗീസ് മകൾ ത്രേസ്യ

ചെറിയത് വർഗ്ഗീസിന്റെ മൂന്നാമത്തെ പുത്രി ത്രേസ്യായെ പാലായിൽ കിഴക്കേക്കര പുലിമലക്കുന്നേൽ ഇട്ടി വിവാഹം ചെയ്തു. ഇവർക്ക് തോമാച്ചൻ, വർക്കിയച്ചൻ, ജോസ്, ജോണി, മേരി, ത്രേസി, റോസ എന്നീ 7 പുത്രീപുത്രന്മാരുണ്ട്. ഇവരിൽ മേരിയും റോസയും ക്ലാരിസ്റ്റ് സന്യാസിനി സമൂഹത്തിൽ ചേർന്ന് സി. ഇമാക്കുലേറ്റ്, സി. ഗൈൽസ്മേരി എന്നീ പേരുകൾ യഥാക്രമം സ്വീകരിച്ചു. ത്രേസി മേരിഗിരി മെഡിക്കൽ മിഷൻസഭയില ചേർന്ന് സേവനം ചെയ്യുന്നു.

## 2.f വർഗ്ഗീസ് മകൾ ഏലിക്കുട്ടി

ചെറിയത് വർഗ്ഗീസിന്റെ നാലാമത്തെ പുത്രി ഏലിക്കുട്ടിയെ കിഴക്കേക്കര കൈതോലിൽ വർക്കിയച്ചൻ വിവാഹം ചെയ്തു. ഇവർക്ക് ഈപ്പൻ, പെണ്ണമ്മ, കുട്ടിയമ്മ, അന്നമ്മ, ജോർജ്ജുകുട്ടി, മാത്തച്ചൻ, വത്സ, പുഷ്പ, ടോമി, സാലി എന്നീ 10 പുത്രീപുത്രന്മാർ ജനിച്ചു.

ഈപ്പൻ പാലാ സെൻറ് തോമസ് കോളേജിൽ അദ്ധ്യാപകനായിരിക്കെ നൈജീരിയയിൽ വച്ച് ഒരു കാറപകടത്തിൽ മരിച്ചു. പെണ്ണമ്മ ഫ്രാൻസിസ്ക്കൻ സന്യാസിനി സഭയിൽ ചേർന്ന് സി. മേരി ജോസ് ലിൻ എന്ന പേരു സ്വീകരിച്ച് മദ്രാസ്സിൽ സെൻറ് മേരീസ് ഹയർ സെക്കൻററി സ്കൂൾ പ്രിൻസിപ്പലായി ജോലിയിൽ നിന്നും വിരമിച്ചു. കുട്ടിയമ്മയെ വിളക്കുമാടം പിണമറുകിൽ മത്തായിച്ചൻ വിവാഹം ചെയ്തു. അദ്ദേഹം ഹൈസ്കൂൾ അദ്ധ്യാപകനായിരുന്നു.

അന്നമ്മയെ പ്രൊഫസർ മാത്യു മാതേക്കൽ (റിട്ട. വൈസ് പ്രിൻസിപ്പൽ, സെൻറ് തോമസ് കോളേജ്, പാലാ) വിവാഹം ചെയ്ത് മുത്തോലിയിൽ താമസിക്കുന്നു.

ജോർജ്ജുകുട്ടി സെൻറ് പോൾ സന്യാസസഭയിൽ ചേർന്ന് വൈദികനായി. റവ. ഡോക്ടർ ജോർജ് കൈതോലിൽ എന്ന പേരിൽ ഇപ്പോൾ ബോംബെയിൽ ജോലി ചെയ്യുന്നു. മാത്തച്ചൻ ഞാവള്ളി കുന്താനത്തു നിന്നും വിവാഹം ചെയ്ത് നിലമ്പൂരിൽ താമസിക്കുന്നു. വത്സയെ തമ്പലക്കാട് തേക്കുംതോട്ടത്തിൽ ബേബിച്ചൻ വിവാഹം ചെയ്ത് കോഴിക്കോട് താമസിക്കുന്നു. പുഷ്പയെ കടനാട് പൂവത്തിങ്കൽ ജോസ് വിവാഹം ചെയ്ത് വരന്തരപ്പള്ളിൽ താമസിക്കുന്നു. ടോമി പാലാ വടക്കേൽ നിന്നും മോളമ്മയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിക്കുന്നു. ഇളയ പുത്രി സാലിയെ തൊടുപുഴ പാടത്തിൽ ജോസഫ് വിവാഹം ചെയ്ത് ബോംബെയിൽ താമസിക്കുന്നു. ഇദ്ദേഹം ജെറ്റ് എയർവെയ്സിൽ എഞ്ചിനീയറാണ്.

## 2.b വർഗ്ഗീസ് മകൻ പാപ്പച്ചൻ (എം.വി.ജോർജ്ജ്)

വർഗ്ഗീസിൻെറ മൂത്ത പുത്രൻ പാപ്പച്ചൻ ഇളങ്ങുളം കരിപ്പാൽ മാടത്താനിയിൽ കുഞ്ഞൗസേപ്പു മകൾ മറിയാമ്മയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിച്ചു. ഇവർക്ക് മാമ്മി, വർക്കിയച്ചൻ, അന്നമ്മ എന്നീ 3 മക്കൾ ജനിച്ചു.

പാപ്പച്ചൻ അന്ന് തിരുവിതാംകൂറിൽ കോളേജുകൾ ഇല്ലാതിരുന്നതിനാൽ പാളയംകോട്ട് കോളജിൽ പോയി പഠിച്ച് ബി.എ. ബിരുദം നേടി. പാപ്പച്ചൻ 1957 ജൂൺ 2–ന് നിര്യാതനായി.

## 2.b (1) പാപ്പച്ചൻ മകൾ മാമ്മി

പാപ്പച്ചൻെറ മൂത്തമകൾ മാമ്മിയെ ആലപ്പുഴ മലയിൽ ലോനച്ചൻ (ജോൺ സി. മലയിൽ) വിവാഹം ചെയ്ത് അങ്കമാലിയിൽ താമസിക്കുന്നു. ഇവർക്ക് ജയിംസ് (ഇൻകം ടാക്സ് ഇൻസ്പെക്ടർ, ഭോപ്പാൽ), ജോസ് (ഓഫീസർ–ബാങ്ക് ഓഫ് ഇന്ത്യ), ജോർജ്ജ് (ഭഗീരഥാ എഞ്ചിനീയറിംഗ്) അന്നമ്മ, ജോഷി (റോമിൽ ജോലിചെയ്യുന്നു), മെറ്റി (ബോംബെ) എന്നീ 6 മക്കളുണ്ട്.

## 2.b (3) പാപ്പച്ചൻെറ മകൾ അന്നമ്മ

അന്നമ്മയെ ഏറ്റുമാനൂർ ചിറയിൽ തങ്കപ്പൻ (സി.വി.പോൾ) വിവാഹം ചെയ്തു. ഇവർക്ക് തങ്കമ്മ, ഏലിയാമ്മ, ജിജി, കുട്ടിയച്ചൻ, കുസുമം (അജിത), സുരേഷ്, രാജേഷ്, സതീഷ്, നിഷ എന്നീ 9 മക്കളുണ്ട്. തങ്കമ്മ സന്യാസ സഭയിൽ ചേർന്ന് സൗത്ത് ആഫ്രിക്കയിൽ ജോലി ചെയ്യുന്നു. ജിജി നിര്യാതനായി. കുസുമം നഴ്സിംഗ് സൂപ്രണ്ട് ആയി മിലാനിൽ ജോലി ചെയ്യുന്നു. സുരേഷ് അലഹബാദിൽ പത്രപ്രവർത്തകനായി ജോലി ചെയ്യുന്നു. നിഷ റോമിൽ ജോലി ചെയ്യുന്നു.

## 2.b (2) പാപ്പച്ചൻ മകൻ വർക്കിയച്ചൻ (പ്രൊഫ. എം.വി. ജോർജ്ജ്)

പാപ്പച്ചൻെറ ഏക മകൻ വർക്കിയച്ചൻ മൂവാറ്റുപുഴ പിട്ടാപ്പള്ളിൽ മത്തായി ഉതുപ്പ് (മാത്യു) മകൾ ലിസിയമ്മയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിക്കുന്നു. വർക്കിയച്ചൻ 1964–ൽ പാലാ സെൻറ് തോമസ് കോളേജിൽ സുവോളജി വകുപ്പ് മേധാവിയാകുകയും പിന്നീട് അൽഫോൻസാ കോളേജ് സ്ഥാപിതമായപ്പോൾ സുവോളജി ഡിപ്പാർട്ടുമെൻറിൻെറ സ്ഥാപക പ്രൊഫസറുമായിരുന്നു. ഇവർക്ക് ജോജി, അനിൽ, നിഷ, ഇന്ദു എന്നീ 4 പുത്രീപുത്രന്മാർ ഉണ്ട്.

വർക്കിയച്ചൻ നാഗന്നൂലിൽ മണ്ണൂർ കുടുംബചരിത്ര രചനാ കമ്മറ്റിയിലെ അംഗമാണ്. പ്രൊഫസർ ജോർജിൻെറ മൂത്തമകൻ ജോജി (ജോർജി)







മാധവപ്പള്ളിൽ പ്രൊഫ. എം.വി. ജോർജ്ജും കുടുംബാംഗങ്ങളും.

ബി.ഇ., എം.ബി.എ ബിരുദധാരിയാണ്. ഇദ്ദേഹം തെള്ളകം ചെറുവള്ളിൽ പ്രൊഫസർ സെബാസ്റ്റ്യൻ ജോസഫിൻെറ പുത്രി ഡോ. സുജ എം.ബി.ബി.എസ്– നെ വിവാഹം ചെയ്തു. ഇരുവരും അമേരിക്കയിൽ ജോലി ചെയ്യുന്നു. ഇവർക്ക് ചിഞ്ചു (ആൻ ജോർജ്ജ്) എന്നൊരു പെൺകുട്ടിയുണ്ട്.

ജോർജിൻെറ രണ്ടാമത്തെ പുത്രൻ അനിൽ (അഡ്വ. അനിൽ ജി.മാധവപ്പള്ളിൽ) കിഴപറയാർ തറപ്പേൽ ഔസേപ്പച്ചൻ മകൾ റിജോയെ (റിൻസി ജോസഫ്) വിവാഹം ചെയ്ത് തറവാട്ടിൽ താമസിക്കുന്നു. അനിൽ കോട്ടയം ജില്ലാ കോടതിയിൽ പ്രാക്ടീസ് ചെയ്യുന്നു. ഇവർക്ക് മിന്നാ (അന്ന) എന്നൊരു പെൺകുട്ടിയും ജോർജ്ജ് എന്ന ഒരു ആൺകുട്ടിയുമുണ്ട്. അനിൽ നാഗനൂലിൽ കുടുംബചരിത്ര രചനാ കമ്മറ്റിയുടെ ട്രഷറർ ആണ്.

ജോർജിൻെറ മക്കളിൽ മൂന്നാമത്തെ ആളായ നിഷയെ ഇലഞ്ഞിക്കൽ നെടുവേലിൽ ജസ്റ്റിസ് കുര്യൻ മകൻ ചെറിയാച്ചൻ വിവാഹം ചെയ്തു. ഇവർക്ക് പഞ്ചിമ, നവീന എന്നീ രണ്ടു പെൺകുട്ടികൾ ഉണ്ട്. നിഷയും ചെറിയാച്ചനും ഫെഡറൽ ബാങ്കിൽ ഓഫീസറന്മാരാണ്.

ജോർജിൻെറ ഇളയ പുത്രി ഇന്ദുവിനെ നരിയങ്ങാനം തെങ്ങുംപള്ളിൽ മത്തായി മകൻ ബെന്നി വിവാഹം ചെയ്തു. ഇരുവരും സൗദി അറേബ്യയിൽ ജോലി ചെയ്യുന്നു. ഇവർക്ക് കെവിൻ എന്ന ഒരു മകനുണ്ട്.

## 2.E വർഗ്ഗീസ് മകൻ കൊച്ചൂഞ്ഞ് (തോമസ്)

മാധവപ്പള്ളിൽ വർഗ്ഗീസ് വർക്കിയുടെ (കുഞ്ഞച്ചൻ) രണ്ടാമത്തെ പുത്രൻ കൊച്ചൂഞ്ഞ് (തോമസ്) മുത്തോലി മണ്ണൂർ വള്ളികാട്ടുകുഴിയിൽ ഇത്താക്ക് മകൾ മാമ്മിയെ വിവാഹം ചെയ്തു. ഇവർക്ക് വർക്കിയച്ചൻ, കുട്ടിയച്ചൻ, മറിയമ്മ, ആനിയമ്മ, ത്രേസ്യാമ്മ, പെണ്ണമ്മ, അന്നമ്മ, ഓമന, തോമസ്, ജോസ്, ചെറിയാൻ, പയസ്സ് എന്നീ 12 പുത്രീപുത്രന്മാരുണ്ട്. കൊച്ചൂഞ്ഞ് 1960-നു മുൻപു തന്നെ മലബാറിൽ ആലക്കോട് ഭാഗത്ത് കുടിയേറി പാർത്തു. കൊച്ചൂഞ്ഞ് 3-9-1988-ലും മാമ്മി 15-9-1989-ലും നിര്യാതരായി.

## 2.E (1) തോമസ് (കൊച്ചൂഞ്ഞ്) മകൻ വർക്കിയച്ചൻ

(ജോർജ്ജ് തോമസ്)

വർക്കിയച്ചൻ ആലക്കോട് പരപ്പയിൽ കാടൻകാവിൽ തോമസ് മോനി മകൾ ചിന്നമ്മയെ വിവാഹം ചെയ്ത് കാഞ്ഞങ്ങാട് പരപ്പയിൽ താമസിക്കുന്നു. ഇവർക്ക് ഗീത, ലത എന്നീ 2 പെൺമക്കളുണ്ട്. ഇരുവരും ബോംബെയിൽ ജോലി ചെയ്യുന്നു.

മൂത്തമകൾ ഗീതയെ വെള്ളരിക്കുണ്ട് കൊട്ടുകാപ്പള്ളി ജോസഫ് മകൻ റെജി (ജോസഫ്) വിവാഹം ചെയ്തു.

## 2.E (2) കൊച്ചൂഞ്ഞ് മകൻ കുട്ടിയച്ചൻ

കുട്ടിയച്ചൻ അരങ്ങം പനമറ്റത്തിൽ ജോസഫ് മകൾ കുട്ടിയമ്മയെ വിവാഹം ചെയ്ത് ഉദയഗിരിയിൽ താമസമാക്കി. ഇവർക്ക് ദിലിപ്, റീന എന്നീ 2 മക്കളുണ്ട്. കുട്ടിയച്ചൻ യൗവ്വനത്തിൽ നിര്യാതനായി. ദിലീപ് കരുണാപുരം മരുതോലിൽ ദീപയെ വിവാഹം ചെയ്തു. റീന ലക്നൗവിൽ ജോലി ചെയ്യുന്നു.

## 2.E (3) കൊച്ചൂഞ്ഞ് മകൾ മറിയാമ്മ

മറിയാമ്മയെ ഒറ്റത്തെ ചെറുവള്ളാത്ത് മാത്യു മകൻ പാപ്പച്ചൻ (മാത്യു) വിവാഹം ചെയ്തു. ഇവർക്ക് ജോർജ്ജ്, ഡെയ്സി, സാലി, ഡെന്നി എന്നീ 4 മക്കൾ ജനിച്ചു.

## 2.E (4) കൊച്ചൂഞ്ഞ് മകൾ ആനിയമ്മ

ആനിയമ്മ സെൻറ് ജോൺസ് സന്യാസിനി സഭയിൽ ചേർന്ന് സി. സരള എന്ന പേരു സ്വീകരിച്ച് ഇപ്പോൾ ആഫ്രിക്കയിൽ മൊസാംബിക് എന്ന സ്ഥലത്ത് സേവനം ചെയ്യുന്നു.





## 2.E (5) കൊച്ചൂഞ്ഞ് മകൾ ത്രേസ്യാമ്മ

ത്രേസ്യാമ്മയെ വായാട്ടുപറമ്പിൽ ഓണംകുളത്ത് അബ്രാഹം മകൻ സെബാസ്റ്റ്യൻ വിവാഹം ചെയ്തു. ഇവർക്ക് അനിൽ, സുനിൽ, സതി, അനില എന്നീ 4 മക്കളുണ്ട്.

## 2.E (6) കൊച്ചൂഞ്ഞ് മകൾ പെണ്ണമ്മ

പെണ്ണമ്മയെ ചെറുപുഴ കണ്ണമ്പുഴ ആൻറണി മകൻ റോയി വിവാഹം ചെയ്തു. ഇവർക്ക് ദീപ, പ്രീത, ശില്പ എന്നീ 3 പെൺമക്കളുണ്ട്.

## 2.E (7) കൊച്ചൂഞ്ഞ് മകൾ അന്നമ്മ

അന്നമ്മയെ ആനിക്കാട് പൊട്ടനാനിയ്ക്കൽ ജേക്കബ് മകൻ ബേബിച്ചൻ വിവാഹം ചെയ്തു. ഇപ്പോൾ കോട്ടയത്ത് താമസിക്കുന്നു. ഇവർക്ക് ജീനാ, ജെഫ് എന്നീ 2 മക്കൾ ഉണ്ട്.

## 2.E (8) കൊച്ചൂഞ്ഞ് മകൾ ഓമന

ഓമനയെ മൈലാടൂർ തോമസ് മകൻ ജോസഫ് വിവാഹം ചെയ്ത് തേർത്തല്ലിയിൽ താമസിക്കുന്നു. ഇവർക്ക് ഫ്രാങ്ക്, കിരൺ എന്നീ 2 മക്കളുണ്ട്.

## 2.E (9) കൊച്ചൂഞ്ഞ് മകൻ തോമസ്

തോമസ് കോട്ടയത്ത് വല്ലൂത്തറയിൽ മാത്തുക്കുട്ടിയുടെ മകൾ സോമിനിയെ വിവാഹം ചെയ്ത് ജർമ്മനിയിൽ താമസിക്കുന്നു. ഇവർക്ക് റ്റാനിയ, റ്റീനാ, അനീറ്റാ എന്നീ 3 പെൺമക്കളുണ്ട്.

## 2.E (10) കൊച്ചൂഞ്ഞ് മകൻ ജോസ്

ജോസ് വടക്കഞ്ചേരി തെരുവൻകുന്നേൽ ജോസഫ് മകൾ സെലീനയെ വിവാഹം ചെയ്ത് ഉദയഗിരിയിൽ താമസിക്കുന്നു. ഇവർക്ക് ജ്യോസ്ന, ജ്യോതി എന്നീ 2 പെൺമക്കളുണ്ട്.

## 2.E (11) കൊച്ചൂഞ്ഞ് മകൻ ചെറിയാൻ

ചെറിയാൻ വെള്ളാട് വല്യപറമ്പിൽ ജോസഫ് മകൾ സാലിയെ വിവാഹം ചെയ്ത് നെല്ലിപ്പാറയിൽ താമസിക്കുന്നു. ഇവർക്ക് ഉണ്ണി, മനു, വിനു എന്നീ 3 ആൺമക്കളുണ്ട്.

## 2.E (12) കൊച്ചൂഞ്ഞ് മകൻ പയസ്സ്

പയസ്സ് തൊടുപുഴ വാഴചാരിയ്ക്കൽ ജോൺ മകൾ ക്ലാരമ്മയെ വിവാഹം ചെയ്ത് സ്വിറ്റ്സർലണ്ടിൽ ജോലി ചെയ്യുന്നു. ആലക്കോട് ബസ് സ്റ്റാൻറിനു

സമീപമുള്ള മാധവപ്പള്ളി ബിൽഡിംഗ്സ് പയസ്സിൻെറ വകയാണ്. ഇവർക്ക് ടോമി, ജിമ്മി എന്നീ രണ്ടു മക്കളുണ്ട്.

## 3. വർഗ്ഗീസ് മകൻ മത്തായി

മാധവപ്പള്ളിൽ വർഗ്ഗീസ് മകൻ മത്തായി വൈക്കം കാരിത്താനം വീട്ടിൽ മറിയാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് അച്ചാമ്മ, കുഞ്ഞുമറിയാമ്മ, ത്രേസ്യാമ്മ (മാമ്മി) എന്നീ മൂന്നു പെൺമക്കളും ജോർജ്ജ് (വർക്കിയച്ചൻ) എന്ന മകനും ഉണ്ടായി.

പെൺമക്കളിൽ മൂത്തയാളായ അച്ചാമ്മ ബാല്യത്തിൽ തന്നെ മരിച്ചു.

രണ്ടാമത്തെ പുത്രിയായ മറിയത്തിനെ നെയ്യൂർ ഐക്കരയിൽ തോമസ് വിവാഹം ചെയ്തു. ഏറെത്താമസിയാതെ മറിയം നിര്യാതയായി. മക്കൾ ഉണ്ടായിരുന്നില്ല.

മത്തായിയുടെ ഇളയ മകൾ മാമ്മിയെ കരൂർ ഉഴുത്തുവാൽ പുത്തൻപുരയ്ക്കൽ ജോസഫ് വിവാഹം ചെയ്തു. ഇവർക്ക് അപ്പച്ചൻ, തങ്കമ്മ, മേരി, ത്രേസ്യാമ്മ, എൽസി, മോളി എന്നീ 6 മക്കളുണ്ട്. മേരി ഹോളിക്രോസ് സന്യാസിനി സമൂഹത്തിൽ ചേർന്ന് സി. യൂജീനിയ എന്ന പേരു സ്വീകരിച്ച് സിക്കിമിൽ മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു.

## 3.a മത്തായി മകൻ വർക്കിയച്ചൻ

വർഗ്ഗീസ് മത്തായിയുടെ ഏകപുത്രൻ വർക്കിയച്ചൻ കുര്യനാട് മറ്റത്തിൽ മാത്യു മകൾ മേരിയെ വിവാഹം ചെയ്ത് മുത്തോലിയിൽ പതിനാട്ടുപുരയിടത്തിൽ താമസിച്ചു. ഇവർക്ക് മേരിക്കുട്ടി, മാത്തച്ചൻ, ജോർജ്, കൊച്ചുത്രേസ്യ, സിസിലി , ഫിലോമിന, ഫ്രാൻസീസ്, ലൂസി, ജോസ്, ജോയി, തോമസ്, മാർട്ടിൻ എന്നീ 12 മക്കൾ ജനിച്ചു. പിന്നീട് വർക്കിയച്ചൻ കുടുംബസഹിതം കാസർകോട് ജില്ലയിൽ ഉടയംചാലിനടുത്ത് കോസാമിൽ താമസമാക്കി.

### 3.a (1) വർക്കിയച്ചൻ മകൾ മേരിക്കുട്ടി

വർക്കിയച്ചൻെറ മൂത്തമകൾ മേരിക്കുട്ടി (മാമച്ചൻ) യെ അതിരമ്പുഴ മാങ്കോട്ടിൽ ജോസഫിൻെറ മകൻ തോമസ് വിവാഹം ചെയ്തു. ഇവർക്ക് ജയശ്രീ, പ്രതാപ്, അനിത, ജോർജ് എന്നീ നാലു മക്കളുണ്ട്. ഇവർ ഇപ്പോൾ മാന്നാനത്ത് താമസിക്കുന്നു.

### 3.a (2) വർക്കിയച്ചൻ മകൻ മാത്തച്ചൻ

വർക്കിയച്ചൻെറ മക്കളിൽ രണ്ടാമത്തെയാളായ മാത്തച്ചൻ യൗവ്വനത്തിൽ തന്നെ നിര്യാതനായി.





### 3.a (3) വർക്കിയച്ചൻ മകൻ ജോർജ്

ജോർജ് പറയരുതോട്ടത്തിൽ ചാക്കോയുടെ മകൾ ആനിയമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ജീനിയസ്, ജോർജുകുട്ടി, പ്രിൻസി, സിസി എന്നീ നാലു മക്കളുണ്ട്. ഇവർ വിദ്യാർത്ഥികളാണ്.

### 3.a (4) വർക്കിയച്ചൻ മകൾ കൊച്ചുത്രേസ്യ

കൊച്ചുത്രേസ്യായെ കാനാട്ട് ജോസഫ് മകൻ തോമസ് വിവാഹം ചെയ്തു. ഇവർക്ക് ആശ, അജീഷ് എന്നീ രണ്ടു മക്കളുണ്ട്.

### 3.a (5) വർക്കിയച്ചൻ മകൾ സിസിലി

സിസിലിയെ രാമപുരം കോലത്ത് കണിയാംകുഴിയിൽ ജോണിൻെറ മകൻ മാത്യു വിവാഹം ചെയ്തു. ഇവർക്ക് സിജോ, ജോജോ, ജിജോ, റോസ്മിൻ എന്നീ നാല് മക്കളുണ്ട്.

### 3.a (6) വർക്കിയച്ചൻ മകൾ ഫിലോമിന

ഫിലോമിന ഇപ്പോൾ ആന്ധ്രായിൽ ഏലൂർ എന്ന സ്ഥലത്ത് സേവനം ചെയ്യുന്നു.

### 3.a (7) വർക്കിയച്ചൻ മകൻ ഫ്രാൻസീസ്

ഫ്രാൻസീസ് കൈനകരി കണിച്ചേരിൽ തോമസിൻെറ മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്ത് ഉടയംചാലിനടുത്ത് താമസിക്കുന്നു. ഇവർക്ക് മിന്നു, ജോർജ്, സാവ്യോ എന്നീ മൂന്നു മക്കളുണ്ട്.

### 3.a (8) വർക്കിയച്ചൻ മകൾ ലൂസി

ലൂസിയെ പറയരുതോട്ടത്തിൽ തോമസിൻെറ മകൻ മാത്യു വിവാഹം ചെയ്തു. ഇവർക്ക് തോമസുകുട്ടി, ജോർജുകുട്ടി എന്നീ രണ്ട് മക്കളുണ്ട്.

### 3.a (9) വർക്കിയച്ചൻ മകൻ ജോസ്

ജോസ് ചങ്ങനാശ്ശേരി പുത്തൻപുരയിൽ കുന്നുംപുറത്ത് ജോസഫിൻെറ മകൾ ഷീലയെ വിവാഹം ചെയ്തു. രണ്ടുപേരും ബോംബെ ഹൈക്കോർട്ടിൽ പ്രാക്ടീസ് ചെയ്യുന്നു.

### 3.a (10) വർക്കിയച്ചൻ മകൻ ജോയി

ജോയി പാലക്കൽ ജോസഫിൻെറ മകൾ മേരിയെ വിവാഹം ചെയ്ത് ഉടയംചാലിൽ താമസിക്കുന്നു.

### 3.a (11) വർക്കിയച്ചൻ മകൻ തോമസ്

തോമസ് ആലപ്പുഴ കുന്നുതറയിൽ പൂന്തോപ്പിൽ ജോസഫിൻെറ മകൾ ആനിയെ വിവാഹം ചെയ്തു. തോമസ് അഡ്വക്കേറ്റായി നീലേശ്വരത്ത് പ്രാക്ടീസ് ചെയ്യുന്നു. ഇവർക്ക് അജയ് എന്നൊരു കുട്ടിയുണ്ട്.

### 3.a (12) വർക്കിയച്ചൻ മകൻ മാർട്ടിൻ

മാർട്ടിൻ തറവാട്ടിൽ താമസിക്കുന്നു. ഇദ്ദേഹം ഇപ്പോൾ കണ്ണൂർ ഡിസ്ട്രിക്ട് യൂത്ത് കോൺഗ്രസ് പ്രസിഡൻറാണ്.

## 4. ഫാ. തോമസ് മാധവപ്പള്ളി

മാധവപ്പള്ളിൽ വർഗ്ഗീസ് - അന്നമ്മ ദമ്പതികളുടെ നാലാമത്തെ പുത്രനായ തോമസ് 1885-ൽ വൈദികപട്ടം സ്വീകരിച്ചു. തൻെറ അജപാലനജീവിതത്തിൻെറ ആദ്യ രണ്ടുവർഷം മാത്രമേ അദ്ദേഹം പള്ളി ഭരണത്തിൽ ചെലവഴിച്ചുള്ളൂ. എടത്വാ സെൻറ് അലോഷ്യസ് ഫൊറോന പള്ളി ആയിരുന്നു തൻെറ ആദ്യ സേവനരംഗം. വിദ്യാഭ്യാസപരമായി അക്കാലത്ത് വളരെ പിന്നിലായിരുന്ന പാലായുടെ ശോച്യാവസ്ഥ മനസ്സിലാക്കിയ ഫാ.തോമസ് തൻെറ പ്രവർത്തനം മുഴുവൻ നാടിൻെറ വിദ്യാഭ്യാസ ഉന്നമനത്തിനു വേണ്ടി ചെലവഴിച്ചു കൊണ്ട് പാലാ കേന്ദ്രമായി പ്രവർത്തിക്കുവാൻ താല്പര്യപ്പെട്ടു. അച്ചൻെറ കഠിനപരിശ്രമത്തിൻെറ ഫലമാണ് പാലായുടെ അഭിമാനമായ സെൻറ് തോമസ് ഹൈസ്കൂൾ എന്നു പറയുന്നതിൽ തെല്ലും അതിശയോകതി ഇല്ല. പാലായിൽ ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കുന്നതിനുള്ള സർക്കാർ അനുവാദത്തിനായി തോമസച്ചൻ തിരുവനന്തപുരത്തിനു പോയിരുന്നപ്പോൾ പള്ളി യോഗം കൂടി, പള്ളി ഫണ്ടിൻെറ ഒരു വലിയ ഭാഗം ഉപയോഗിച്ച് അന്നത്തെ രാജാക്കളുടെ പള്ളിയിൽ നിന്ന് (ഇന്നത്തെ കത്തീഡ്രൽ നില്ക്കുന്ന സ്ഥലത്ത് നിലനിന്നിരുന്ന പഴയ പള്ളി) വലിയ പള്ളിയിലേക്കും, അവിടെ നിന്ന് കുരിശുംതൊട്ടിയിലേക്കും, ആറ്റിലേക്കും നട കെട്ടിച്ചുവെന്നും, അച്ചൻ തിരിച്ചെത്തി പള്ളിക്കൂടം പണി ആരംഭിച്ചപ്പോൾ പണമില്ലാതെ വളരെയധികം ബുദ്ധിമുട്ടേണ്ടി വന്നു എന്നും പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്. ഏതായാലും നിരാശനാകാതെ അദ്ദേഹം ശ്രമം തുടർന്നു. കെട്ടിടം പണിക്കു വേണ്ടി രാജവൃക്ഷമായിരുന്ന തേക്കു വെട്ടുന്നതിനുള്ള അനുവാദം റാണി ലക്ഷ്മീഭായിയിൽ നിന്നും സമ്പാദിച്ചു.

1896-ൽ താല്കാലികമായി പള്ളിമേടയിൽ സ്കൂൾ ആരംഭിച്ചു. സ്കൂൾ പണിയുന്നതിനുള്ള സ്ഥലം 1892-ൽ വാങ്ങി. ഈ സ്ഥലത്തിൻെറ ആധാരം സ്വപിതാവായ വർഗ്ഗീസ് ചെറിയതിൻെറ പേരിലായിരുന്നു. കെട്ടിടത്തിനു






ള്ള പ്ലാൻ വരപ്പിച്ചത് ഒരു ബ്രിട്ടീഷ് എഞ്ചിനീയറെക്കൊണ്ടായിരുന്നു. ഇംഗ്ലണ്ടിലുള്ള ഏറ്റവും നല്ല ഒരു സ്കൂളിൻെറ മാതൃകയിലായിരുന്നു ആ പ്ലാൻ എന്നാണ് കേട്ടിട്ടുള്ളത്. ഇംഗ്ലണ്ടിൽ ഒരു ചൊല്ലുണ്ട് "The battle of water loo was won in the fields of Etton and Harrow" എന്ന്. ഈ രണ്ടു പബ്ലിക് സ്കൂളുകളുടെ വിശാലമായ മൈതാനങ്ങളിൽ കളിച്ചു വളർന്ന ചുണക്കുട്ടികളാണ് ആ യുദ്ധം ജയിച്ചതെന്നു സാരം. ഇതൊക്കെ നന്നായി അറിയാവുന്ന മാധവപ്പള്ളിയിലച്ചൻ സ്കൂളിൻെറ പ്ലേ ഗ്രൗണ്ടായി കണ്ടെത്തിയത് കൊട്ടാരമറ്റം മൈതാനമായിരുന്നു. അന്ന് തിരുവിതാംകൂറിൽ ഹജൂർ കച്ചേരി കഴിഞ്ഞാൽ പിന്നെ ഏറ്റവും നല്ല കെട്ടിടം പാലാ സെൻറ് തോമസ് ഹൈസ്കൂളായിരുന്നു. സ്കൂൾ ഓഫീസിലെ ഫർണിച്ചറിലും കാണാം അച്ചൻെറ ഈ ശ്രേഷ്ഠതാനിഷ്കർഷ.

അന്യസമുദായക്കാരായ ചിലരുടെ എതിർപ്പു മൂലം കെട്ടിടം പണി തീർന്നിട്ടും ക്ലാസ്സുകൾ അവിടെ നടത്താൻ കഴിയാതെ വന്നു. ഇതൊരു തൊഴുത്താക്കി മാറ്റി അവിടെ കന്നുകാലികളെ കെട്ടിക്കും എന്ന് അവർ പറഞ്ഞു നടന്നു പോലും! തിരുവിതാംകൂറിൽ അന്നു ദിവാൻ സർ ഹെൻട്രി വാട്സൺ ആയിരുന്നു. ഉദ്യോഗം നിർത്തി മടങ്ങിപോകുന്നതിനായി അദ്ദേഹം ആലുവ കൊട്ടാരത്തിൽ താമസിക്കുമ്പോൾ അച്ചൻ നിവേദനവുമായി അദ്ദേഹത്തെ കണ്ടു. തിരുവിതാംകൂറിനോട് വിടപറഞ്ഞ് തീവണ്ടി കയറുന്നതിന് മുൻപായി, തൻെറ അവസാനത്തെ ഉത്തരവായി, പാലാ സെൻറ് തോമസ് സ്കൂൾ പുതിയ കെട്ടിടത്തിൽ തുടങ്ങുന്നതിനുള്ള സർക്കാർ അനുവാദം, റെയിൽവേ സ്റ്റേഷനിൽ വച്ച് അദ്ദേഹം അച്ചനെ ഏൽപ്പിച്ചു. അങ്ങനെ 1910-ൽ പുതിയ കെട്ടിടത്തിൽ സ്കൂൾ തുടങ്ങിക്കൊണ്ട് പാലായുടെ വിദ്യാഭ്യാസ ചരിത്രത്തിൽ അവിസ്മരണീയനായ വ്യകതിയായി മാറി മാധവപ്പള്ളിയിലച്ചൻ. ഒരു പുരുഷായുസ്സ് മുഴുവൻ വിദ്യാഭ്യാസ വളർച്ചക്കു വേണ്ടി ഉഴിഞ്ഞു വച്ച ആ മഹത്വ്യകതി 1933-ൽ നിര്യാതനായി.

അച്ചൻെറ സ്കൂൾ ഭരണത്തിനുശേഷം സ്കൂൾ മാനേജർ സ്ഥാനം ഏറ്റെടുത്തത് തൻെറ കുടുംബസഹോദരനായ നാഗനൂലിൽ ബഹു. കുഞ്ഞുവർക്കിച്ചൻ ആയിരുന്നു.


*(മാധവപ്പള്ളി ശാഖാചരിത്രം തയ്യാറാക്കിത്തന്നത് പ്രൊഫ. എം. വി. ജോർജ്ജ് മാധവപ്പള്ളിയാണ്.)*

# ചെല്ലക്കോട്ട് ശാഖ



മണ്ണൂർ
തൊമ്മൻ മണ്ണൂർ
ഈപ്പൻ പ്ലാക്കാട്ട്
ചെറിയത് മാധവപ്പള്ളിൽ
മത്തായി തലക്കുളം
ചെറിയത് ചെറിയത് ചെല്ലക്കോട്ട് + നെല്ലിപ്പുഴ, ചേർപ്പുങ്കൽ
വർഗ്ഗീസ് മാധവപ്പള്ളിൽ
അന്നമ്മ പെരിയപുറത്ത് ചങ്ങനാശ്ശേരി
മറിയം കാവാലത്ത്
ചെറിയത് ചെറിയത്(പാപ്പ) അന്നമ്മ, ചക്കൻകുളത്ത് (I)
ചെറിയത് ഔസേപ്പ് അന്നമ്മ ഇല്ലിച്ചിറ (II)
കുഞ്ഞേലി പനച്ചിക്കൽ (ആദ്യവിവാഹം) ചാത്തനാട് (രണ്ടാം വിവാഹം)
കുഞ്ഞ് താന്നിക്കൽ അന്നമ്മ (IA)
അന്നമ്മ ഉണ്ണിച്ചെറിയ ഒഴുകയിൽ
കുഞ്ഞുതൊമ്മൻ ഏലി, ആനക്കല്ലിൽ കൊളക്കാട്, പേരാവൂർ (IB)
(IIA) സ്കറിയ മറിയം തലവയലിൽ കാഞ്ഞിരമറ്റം
(IIB) കുറു അന്നമ്മ കളപ്പുരയ്ക്കൽ പാലാ
(IIC) ഔസേപ്പ് മറിയാമ്മ
(IID) കുഞ്ഞാമ്മൻ ഏലി
ചെറിയത് ഏലി (IIIA)
മത്തായി റോസ (IIIB)
ഏലി IIIC മാണി പുള്ളീറ്റ്
ജോസഫ് ഏലി, തുരുത്തിയിൽ IIID
(IVA) സ്കറിയ ഏലി
ഏലി തൊമ്മൻ
(IVB) ആഗസ്തി ഏലി
മറിയം കുഞ്ഞ്
(IVC) പാപ്പച്ചൻ ഏലി, തെറ്റുവഴി
കുഞ്ഞാപ്പൻ മറിയം നെല്ലിക്കൽ (VA)
മത്തായി അന്നമ്മ നെല്ലിക്കൽ ആലക്കോട് (VB)
സി. മേരി കുമളി
തോമാച്ചൻ അന്നക്കുട്ടി കബിനിഗിരി (VC)
ഇട്ടിച്ചെറിയ
ബ്ര. ഔസേപ്പ്
മകൾ പാലാതെരുവിൽ
മകൾ മുരിക്കനാട് തയ്യിൽ
മകൾ കളരിയാംമാക്കൽ പാലാ
മകൾ ഓലിക്കൽ ഭരണങ്ങാനം
ചെറിയത് മത്തായി മറിയം (III)
ചെറിയത് ചാണ്ടി മറിയം പുത്തേട്ട് (IV)
ചെറിയത് തൊമ്മൻ അന്നമ്മ നെല്ലക്കൽ (V)
റോസ ചാക്കോ എടത്താഴെ, പേരാവൂർ
കൊച്ചിക്ക കുഞ്ഞന്ന പുല്ലുവേലിൽ, ആലക്കോട് (IC)
മത്തായി (ID) ത്രേസ്യാ പുല്ലുവേലിൽ, കല്ലടി
(IIE) പാലു അന്നമ്മ (ഒന്നാംവിവാഹം) അന്നമ്മ (രണ്ടാംവിവാഹം)
അന്നമ്മ വളയത്തുമാലി മുതുകുളം
നിര്യാതനായി
ഫാ. ജോർജ് ചെല്ലങ്കോട് IIIE
മാമ്മി പീലി,ഇരുപ്പക്കാട്ട് IIIF
(IVD) പാപ്പ മറിയക്കുട്ടി, തെറ്റുവഴി
അന്നമ്മ
അന്നമ്മ ചാക്കോ
ഏലിയാമ്മ ചാക്കോ
സ്കറിയ (VD) ഏലിയാമ്മ വരമ്പുംമാക്കൽ ഇളംപള്ളി

## ചെല്ലങ്കോട്ട് ചേർപ്പുങ്കൽ ശാഖ (മൂന്നാം ശാഖ)






# മാധവപ്പള്ളിൽ ചെല്ലങ്കോട്ട്

## (മൂന്നാം ശാഖ)

മണ്ണൂർ ഇട്ടിച്ചെറിയയുടെ മൂന്നാമത്തെ പുത്രൻ ചെറിയത് മാധവപ്പള്ളിൽ മാറിത്താമസിച്ചു. അദ്ദേഹത്തിൻെറ മൂത്തപുത്രൻ ചെറിയത് ചെല്ലങ്കോട്ടും രണ്ടാമത്തെ പുത്രൻ വർഗ്ഗീസ് മാധവപ്പള്ളിൽ തറവാട്ടിലും താമസിച്ചു.

### ചെറിയത് മകൻ ചെറിയത്

ചെറിയത് ചേർപ്പുങ്കൽ നെല്ലിപ്പുഴയിൽനിന്നും വിവാഹം ചെയ്ത് ചെല്ലങ്കോട്ടു താമസിച്ചു. ഇവർക്ക് അന്നമ്മ, മറിയം, ചെറിയത്(പാപ്പ), ഔസേപ്പ്, മത്തായി, ചാണ്ടി, തൊമ്മൻ എന്നീ ഏഴ് മക്കൾ ജനിച്ചു.

### ചെറിയത് മകൾ അന്നമ്മ

മൂത്ത മകൾ അന്നമ്മയെ മുളങ്കുന്നത്ത് പെരിയപ്പുറത്തു വിവാഹം ചെയ്തയച്ചു.

### ചെറിയത് മകൾ മറിയം

മറിയത്തിനെ ചങ്ങനാശ്ശേരി കാവാലത്ത് വിവാഹം ചെയ്തയച്ചു.

### III ചെറിയത് മകൻ മത്തായി (മൂന്നാംശാഖ)

ചെറിയതിൻെറ മൂന്നാമത്തെ പുത്രൻ മത്തായി കൊഴുവനാൽ കുന്നത്തുമാക്കൽനിന്നും മറിയത്തിനെ വിവാഹം ചെയ്തു ചെല്ലങ്കോട്ടു തറവാട്ടിൽ താമസിച്ചു. ഇവർക്ക് ചെറിയത്, മത്തായി, ഏലി, ജോസഫ്, ജോർജ്ജ്, മാമ്മി എന്നീ ആറ് പുത്രീപുത്രന്മാർ ജനിച്ചു.

### III A മത്തായി മകൻ ചെറിയത്

മത്തായിയുടെ മൂത്തപുത്രൻ ചെറിയത് മേവിട പരിന്തിരിക്കൽ ഏലിയെ വിവാഹം ചെയ്ത് കെഴുവൻകുളം പടിഞ്ഞാറേക്കുന്ന് പുരയിടത്തിൽ താമസിച്ചു. ഇവർക്ക് മത്തായി, അപ്പച്ചൻ (ജോസഫ്) എന്നീ രണ്ട് പുത്രന്മാർ ജനിച്ചു. മത്തായി ചെറുപ്പത്തിൽ മരിച്ചു.

## III A2 ചെറിയത് മകൻ അപ്പച്ചൻ

അപ്പച്ചൻ ചേർപ്പുങ്കൽ മൂത്തശ്ശേരിയിൽനിന്നും ത്രേസ്യായെ വിവാഹം കഴിച്ച് ചേർപ്പുങ്കൽ തുരുത്തിക്കുഴിയിൽ, ചെല്ലങ്കോട്ട് എന്ന വീട്ടുപേരിൽ താമസിക്കുന്നു. ഇവർക്ക് കുട്ടിയമ്മ, മേരി, അന്നമ്മ, തോമസ്, സ്കറിയാ, ജോർജ്ജ്, ജെസ്സി എന്നീ ഏഴ് മക്കൾ ജനിച്ചു.

### അപ്പച്ചൻ മകൾ കുട്ടിയമ്മ

മൂത്തപുത്രി കുട്ടിയമ്മയെ കുരുവിനാൽ ആറ്റുപുറത്ത് മാത്യു വിവാഹം കഴിച്ചു. ഇവർക്ക് ഷിബു, ഷീബ എന്നീ രണ്ട് മക്കൾ ഉണ്ട്.

### അപ്പച്ചൻ മകൾ മേരി

മേരിയെ ഭരണങ്ങാനം തറപ്പേൽ മാണി വിവാഹം ചെയ്തു. ഇവർക്ക് മനോജ്, എമിലി എന്നീ രണ്ടുമക്കളുണ്ട്.

### അപ്പച്ചൻ മകൾ അന്നമ്മ

അന്നമ്മയെ കുറവിലങ്ങാട് വള്ളോംശ്ശേരിയിൽ വക്കച്ചൻ വിവാഹം ചെയ്തു. ഇവർക്ക് അനിശ, ബിനീഷ് എന്നീ രണ്ടുമക്കളുണ്ട്.

### അപ്പച്ചൻ മകൻ തോമസ്

അപ്പച്ചൻെറ മക്കളിൽ നാലാമത്തെ ആളായ തോമസ് രാമപുരത്ത് പേരൂക്കുന്നേൽ കെസ്സിനെ വിവാഹം കഴിച്ചു. സൗത്ത് ഇൻഡ്യൻ ബാങ്കിൽ മാനേജരായി ബാംഗ്ളൂരിൽ ജോലി ചെയ്യുന്നു. ഇവർക്ക് ജറിക്സ്, കോളിൻസ് എന്നീ രണ്ട് ആൺമക്കളുണ്ട്.

### അപ്പച്ചൻ മകൻ സ്കറിയാ

സ്കറിയാ വാഴക്കുളത്ത് വടക്കേക്കുറ്റ് വീട്ടിൽ സലുവിനെ വിവാഹം ചെയ്ത് ചേർപ്പുങ്കൽ ചെല്ലങ്കോട്ട് താമസിക്കുന്നു. ഇവർക്ക് നിധിൻ, റാണി എന്നീ രണ്ട് മക്കളുണ്ട്. സ്കറിയാ മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് ആൻറ് പ്രോസ്സസിംഗ് സഹകരണസംഘത്തിൽ ജോലി ചെയ്യുന്നു.

### അപ്പച്ചൻ മകൻ ജോർജ്ജ്

ജോർജ്ജ് കൈനകരി പുത്തൻകളം വീട്ടിൽനിന്നും വത്സമ്മയെ വിവാഹം കഴിച്ചു. ഇരുവരും ബോംബേയിൽ ജോലി ചെയ്യുന്നു. ഇവർക്ക് അരുൺ എന്ന ഒരു ആൺകുട്ടിയുണ്ട്.





### അപ്പച്ചൻ മകൾ ജെസ്സി

ജെസ്സിയെ അരീക്കര (ഉഴവൂർ) കപ്പടക്കുന്നേൽ സത്യൻ വിവാഹം ചെയ്തു. ഇരുവരും ഡൽഹിയിൽ പാനിപ്പട്ടിൽ ജോലി ചെയ്യുന്നു. ഇവർക്ക് രണ്ട് പെൺകുട്ടികൾ ഉണ്ട്.

## III B ചെറിയത് മത്തായി മകൻ മത്തായി

മത്തായി കൊഴുവനാൽ കൊച്ചുകൊഴുവനാൽ വീട്ടിൽ നിന്നും റോസയെ വിവാഹം ചെയ്ത് കൊഴുവനാൽ താമസിച്ചു. പിന്നീട് ചേർപ്പുങ്കൽ മുറിഞ്ഞകല്ലേൽ പുരയിടം വാങ്ങി താമസം അങ്ങോട്ടു മാറ്റി. ഇവർക്ക് ആറ് പെൺകുട്ടികളും നാല് ആൺകുട്ടികളുമായി പത്ത് മക്കൾ ജനിച്ചു. നാല് പെൺകുട്ടികളും ബാല്യത്തിൽ മരിച്ചു. മൂന്നാമത്തെ മകൾ മറിയാമ്മയെ പാലായിൽ മേടയ്ക്കൽ കുഞ്ഞ് വിവാഹം ചെയ്തു. ഇവർക്ക് കുട്ടിയമ്മ എന്നൊരു പുത്രിയുണ്ട്. മൂത്തപുത്രൻ ജോസഫ് കൗമാരത്തിൽ നിര്യാതനായി.

## III B3 മത്തായി മകൻ മത്തായി (കുഞ്ഞാപ്പൻ)

മത്തായിയുടെ ഇപ്പോഴുള്ളവരിൽ മൂത്തപുത്രൻ കുഞ്ഞാപ്പൻ കൂടല്ലൂർ മൂശാരിയേട്ട് ചിന്നമ്മയെ വിവാഹംചെയ്ത് ചേർപ്പുങ്കൽ മുറിഞ്ഞകല്ലേൽ താമസിക്കുന്നു. ഇവർക്കു മൂന്നു പെൺമക്കൾ ഉണ്ട്.

മൂത്തപുത്രി കുട്ടിയമ്മയെ കുറവിലങ്ങാട്ട് മറ്റപ്പള്ളിൽ തോമസ് വിവാഹം ചെയ്തു. ഇരുവരും മലപ്പുറത്ത് അദ്ധ്യാപകരായി ജോലി ചെയ്യുന്നു. ഇവർക്ക് ജൂവൽ, ജിറ്റു എന്നീ രണ്ട് ആൺകുട്ടികൾ ഉണ്ട്.

കുഞ്ഞാപ്പൻെറ രണ്ടാമത്തെ പുത്രി എത്സമ്മയെ വാഴക്കുളം മുല്ലശ്ശേരി മാണി വിവാഹംചെയ്ത് പയ്യന്നൂരിൽ താമസിക്കുന്നു. ഇരുവരും ഹൈസ്ക്കൂൾ അദ്ധ്യാപകരാണ്. ഇവർക്ക് ഒരു പെൺകുട്ടിയും ഒരു ആൺകുട്ടിയും ഉണ്ട്.

കുഞ്ഞാപ്പൻെറ ഇളയപുത്രി ആനിയമ്മയെ കടപ്ലാമറ്റം ഓണംകുളത്ത് ജേക്കബ് വിവാഹം ചെയ്ത് കടപ്ലാമറ്റത്ത് താമസിക്കുന്നു. ഇവർക്ക് രണ്ട് പുത്രന്മാരും ഒരു പുത്രിയും ഉണ്ട്.

## III B4 മത്തായി മകൻ വർക്കി

വർക്കി ചേർപ്പുങ്കൽ വെട്ടിക്കൊമ്പിൽനിന്നും ഔസേപ്പ് മകൾ ത്രേസ്യായെ വിവാഹം ചെയ്തു മുറിഞ്ഞകല്ലേൽ താമസിക്കുന്നു. ഇവർക്ക് റോസക്കുട്ടി, ത്രേസ്യാക്കുട്ടി, മാത്തുക്കുട്ടി, ജോസ്, മേരിക്കുട്ടി,

അന്നമ്മ(ബിന്നി) എന്നീ ആറ് പുത്രീപുത്രന്മാർ ഉണ്ട്. വർക്കിയുടെ ഭാര്യ ത്രേസ്യ 1994 ഒക്ടോബർ 13-ന് നിര്യാതയായി.

വർക്കിയുടെ മൂത്ത മകൾ റോസക്കുട്ടിയെ നിലമ്പൂർ മണിമൂളി യിൽ കണ്ടത്തിൽ അഗസ്റ്റ്യൻ വിവാഹം ചെയ്തു. അഗസ്റ്റ്യൻ ബാങ്ക് ഉദ്യോഗസ്ഥനാണ്. റോസക്കുട്ടി പ്ലസ്ടൂ അദ്ധ്യാപികയായി ജോലി ചെയ്യുന്നു. ഇവർക്ക് തോമസ്, ജോർജ്ജ് എന്നീ രണ്ട് ആൺ മക്കളുണ്ട്.

വർക്കിയുടെ രണ്ടാമത്തെ മകൾ ത്രേസ്യാക്കുട്ടിയെ മണ്ണത്തൂർ തോലാനിക്കുന്നേൽ ജോർജ്ജ് വിവാഹം ചെയ്ത് മൂവാറ്റുപുഴ താമസി ക്കുന്നു. ഇവർക്ക് ജേർളി, സെബു എന്നീ രണ്ട് കുട്ടികളുണ്ട്.

വർക്കിയുടെ മൂത്തമകൻ മാത്തുക്കുട്ടി പ്രവിത്താനത്ത് വാഴക്കാ ലായിൽ മത്തായി മകൾ മോളിയെ വിവാഹം ചെയ്ത് മുറിഞ്ഞ കല്ലേൽ താമസിക്കുന്നു. ഇവർക്ക് ജോർജ്ജ്, മത്തായി എന്നീ രണ്ട് ആൺമക്കളുണ്ട്.

വർക്കിയുടെ മക്കളിൽ നാലാമത്തെ ആളായ ജോസ് തീക്കോയി ഞള്ളമ്പുഴ ജോസഫ് മകൾ റോസമ്മയെ വിവാഹം ചെയ്ത് മറയൂർ താമസിക്കുന്നു. ഇവർക്ക് ജോസഫ്, ജോർജ്ജ് എന്നീ രണ്ട് മക്കളുണ്ട്.

വർക്കിയുടെ മകൾ മേരിക്കുട്ടിയെ ചമ്പക്കുളം താമല്ലൂർ വർഗ്ഗീസ് മകൻ മാത്തുക്കുട്ടി വിവാഹം ചെയത് ബോംബെയിൽ താമസിക്കുന്നു. ഇവർക്ക് ആർക്കാഞ്ചന എന്നൊരു പുത്രിയുണ്ട്.

വർക്കിയുടെ ആറാമത്തെ മകൾ ബിന്നി(അന്നമ്മ)യെ കലയ ന്താനി പീടിയേക്കൽ ബിനോയി വിവാഹം ചെയ്തു. ബിന്നി കുവൈറ്റിൽ നഴ്സായി ജോലി ചെയ്യുന്നു.

## III B5 മത്തായി മകൻ അബ്രഹാം (കുഞ്ഞൂഞ്ഞ്)

അബ്രഹാം അയർക്കുന്നത്ത് വെട്ടുവയലിൽ മേരിയെ വിവാഹം ചെയ്ത് ചേർപ്പുങ്കൽ മുറിഞ്ഞകല്ലേൽ താമസിക്കുന്നു. ഇവർക്ക് ലൈസമ്മ, മേഴ്സി, ബിനോയ് എന്നീ മൂന്നു മക്കളുണ്ട്.

മൂത്തപുത്രി ലൈസമ്മയെ ഏറ്റുമാനൂർ മുട്ടത്തുപാടത്ത് ജോർജ്ജ് വിവാഹം ചെയ്തു. ഇവർക്ക് ജോസഫ്, എബ്രഹാം എന്നീ രണ്ട് ആൺകുട്ടികൾ ഉണ്ട്.

രണ്ടാമത്തെപുത്രി മേഴ്സിയെ തെള്ളകം പന്തനാനിയ്ക്കൽ തെക്കേതിൽ ബേബി വിവാഹം ചെയ്തു. ഇവർക്ക് ബിപിൻ, എബ്രഹാം എന്നീ രണ്ട് ആൺകുട്ടികൾ ഉണ്ട്.





ഇളയപുത്രൻ ബിനോയ് ചിറക്കടവിൽ മഞ്ഞാടിയിൽ വീട്ടിൽ ജോസഫ് മകൾ ആൻസിയെ വിവാഹം ചെയ്ത് ചേർപ്പുങ്കൽ മുറിഞ്ഞ കല്ലേൽ താമസിക്കുന്നു. ഇവർക്ക് ആൽവിൻ എന്ന ഒരു ആൺകുട്ടിയും ബിൽബി എന്ന ഒരു പെൺകുട്ടിയും ഉണ്ട്.

## III C ചെറിയത് മത്തായി മകൾ ഏലി

മത്തായിയുടെ മക്കളിൽ മൂന്നാമത്തെ ആളായ ഏലിയെ കൊഴു വനാൽ പുള്ളീറ്റ് മാണി വിവാഹം ചെയ്തു. ഇവർക്ക് 3 ആൺ മക്കളും 4 പെൺമക്കളുമുണ്ട്. ഇവർ മലബാറിൽ താമസിക്കുന്നു.

## III D ചെറിയത് മത്തായി മകൻ ജോസഫ് (ഔസേപ്പ്)

മക്കളിൽ നാലാമത്തെ ആളായ ഔസേപ്പ് ചേർപ്പുങ്കൽ പുല്ലാ നപ്പള്ളിൽ തുരുത്തിയിൽ ഏലിയെ വിവാഹം ചെയ്ത് ചേർപ്പുങ്കൽ താമസിച്ചു. ഇവർക്ക് ജോസഫ് (ഔത) എന്ന ഏകപുത്രൻ മാത്രം ജനിച്ചു. ജോസഫ് ജനിച്ച് രണ്ടുവർഷം കഴിയുംമുമ്പ് പിതാവ് ഔസേപ്പ് നിര്യാതനായി.

## III D1 ഔസേപ്പ് മകൻ ജോസഫ് (ഔത)

ജോസഫ് അതിരമ്പുഴ പേമലയിൽ ഏലിക്കുട്ടിയെ വിവാഹം ചെയ്ത് ചേർപ്പുങ്കൽ താമസിക്കുന്നു. ഇവർക്ക് ജോസഫ്, മാത്യു, ജോർജ്ജ്, ജോയി, ജോസ്, ബെന്നി എന്നിങ്ങനെ ആറ് പുത്രന്മാർ ഉണ്ടായി.

## III D1A ജോസഫ് മകൻ ജോസഫ് (പാപ്പച്ചൻ)

പാപ്പച്ചൻ അയർക്കുന്നം പേരാലുങ്കൽ മാത്യു മകൾ എത്സമ്മയെ വിവാഹം ചെയ്തു ചേർപ്പുങ്കൽ താമസിക്കുന്നു. ഇവർക്ക് അനിൽ, സുനിൽ, ബിനിൽ എന്നീ മൂന്ന് ആൺകുട്ടികളുണ്ട്. പാപ്പച്ചൻ മുത്തോലി സർവ്വീസ് സഹകരണബാങ്ക് ഡയറക്ടർബോർഡ് മെമ്പറായി ദീർഘകാലമായി സേവനം ചെയ്യുന്നു. നാട്ടിലെ സാമൂഹിക രാഷ്ട്രീയരംഗങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന ഒരു വ്യക്തികൂടിയാണ്. നാഗനൂലിൽ മണ്ണൂർ കുടും ബചരിത്ര രചനാ കമ്മറ്റി അംഗം കൂടിയാണ് ഇദ്ദേഹം.

### ജോസഫ് (പാപ്പച്ചൻ) മകൻ അനിൽ

പാപ്പച്ചന്റെ മൂത്ത പുത്രനായ അനിൽ തൃശൂരിനടുത്ത് ചിറ്റാ ട്ടുകര ചിറ്റിലപ്പള്ളിൽ വൈദ്യക്കാരൻ ജോസഫ് മകൾ സീനയെ

വിവാ ഹംചെയ്ത് ബോംബെയിൽ താമസിക്കുന്നു. അനിൽ ഒരു മൾട്ടി നാഷണൽ കമ്പനിയിൽ (Frost and Sulliven) മാനേജരായി ജോലി നോക്കുന്നു. സീന TATA Consulting Services-ൽ സോഫ്റ്റ്‌വെയർ എൻജിനീയറായി ജോലി നോക്കുന്നു. ഇവർക്ക് എൽസ എന്നൊരു പുത്രിയുണ്ട്.

പാപ്പച്ചൻെറ ഇളയ പുത്രന്മാരായ സുനിലും ബിനിലും ഇരട്ട സഹോദരങ്ങളാണ്. ഇരുവരും M. C .A വിദ്യാർത്ഥികളാണ്.

## III $D_1$ B ജോസഫ് (ഔത) മകൻ ഡോ.മാത്യു

ജോസഫിൻെറ രണ്ടാമത്തെ പുത്രനായ മാത്യു കാഞ്ഞിരപ്പള്ളി വാലുമണ്ണേൽ ലീലാമ്മയെ വിവാഹംചെയ്തു തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് എൽസാ എന്നൊരു പുത്രിയുണ്ട്. മാത്യു സർക്കാർ സർവ്വീസിൽ ഡോക്ടറായിരുന്നു. പ്രസിദ്ധനായ ഒരു E.N.T സ്പെഷ്യലിസ്റ്റായ ഇദ്ദേഹം ഇപ്പോൾ ഈരാറ്റുപേട്ടയിൽ സേവനം ചെയ്യുന്നു.

മാത്യുവിൻെറ മകൾ എത്സയെ ചങ്ങനാശ്ശേരി കല്ലുകളത്തിൽ ഡോ.ബിജു വിവാഹം ചെയ്തു.

## III $D_1$ C ജോസഫ് (ഔത) മകൻ ജോർജ്ജ്

മൂന്നാമത്തെ പുത്രനായ ജോർജജ് മണിമല മുണ്ടപ്ലാക്കൽ അന്നമ്മയെ വിവാഹം ചെയ്ത് മണ്ണാർക്കാട്ട് താമസിക്കുന്നു. ഇവർക്ക് ദീപു, ദീപാ, ദീപ്തി എന്നീ മൂന്ന് മക്കളുണ്ട്. ഇവർ വിദ്യാർത്ഥികളാണ്. ജോർജ്ജ് മണ്ണാർകാട് M.E.S കോളജിൽ ഊർജ്ജതന്ത്ര വിഭാഗത്തിൽ അദ്ധ്യാപകനായി ജോലി നോക്കുന്നു. അന്നമ്മ ഹൈസ്ക്കൂൾ ടീച്ചറാണ്.

## III $D_1$ D ജോസഫ് (ഔത) മകൻ ജോയി

നാലാമത്തെ പുത്രനായ ജോയി അവിവാഹിതനായി പിതാവിനോടൊപ്പം തറവാട്ടിൽ താമസിക്കുന്നു.

## III $D_1$ E ജോസഫ് (ഔത) മകൻ ചെറിയാൻ (ജോസ്)

അഞ്ചാമത്തെ പുത്രനായ ജോസ് കൊഴുവനാൽ സ്രാകത്ത് കുട്ടിയച്ചൻെറ മകൾ ബീനയെ വിവാഹം ചെയ്തു ചേർപ്പുങ്കൽ താമസിക്കുന്നു. ഇവർക്ക് കെവിൻ, മാനുവൽ, അയറിൻ, റോസ് മോൾ എന്നീ നാലുമക്കളുണ്ട്. ജോസ് കാത്തലിക് സിറിയൻ ബാങ്കിൽ ജോലി നോക്കുന്നു.





## III $D_1$ F ജോസഫ് (ഔത) മകൻ ബെന്നി

ജോസഫിൻെറ ആറാമത്തെ പുത്രനായ ബെന്നി തിരുവനന്തപുരം ചൂരക്കളത്ത് പ്രൊഫ. അഗസ്റ്റിൻെറ പുത്രി മീനാ (ഫിലോമിന)യെ വിവാഹം ചെയ്ത് കോഴിക്കോട്ട് താമസിക്കുന്നു. ബെന്നി കോഴിക്കോട്ട് ദേവഗിരി കോളജിൽ ഫിസിക്സ് വകുപ്പിൽ അദ്ധ്യാപകനായി ജോലി നോക്കുന്നു. ഇവർക്ക് ജോസ്സ് (കുട്ടു), അഗസ്റ്റിൻ (ഉണ്ണി) എന്നീ രണ്ട് ആൺകുട്ടി കളുണ്ട്.

## III E ചെറിയതു മകൻ ജോർജജ്
(റവ.ഫാ.ജോർജ്ജ് ചെല്ലങ്കോട്ട്)

ചെല്ലങ്കോട്ട് മത്തായി, മറിയം ദമ്പതികളുടെ നാലാമത്തെ പുത്രനായി 1907-ൽ ജാതനായി. മുത്തോലിയിൽ പ്രാഥമിക വിദ്യാഭ്യാസവും തുടർന്ന് പാലാ St. Thomas ഹൈസ്ക്കൂളിൽ സ്ക്കൂൾ വിദ്യാഭ്യാസവും നടത്തി. അതിനുശേഷം വൈദീകപഠനത്തിനായി മംഗലപ്പുഴ സെമിനാരിയിൽ ചേർന്നു. 1938 ഡിസംബർ 21 ന് ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് കാളാശേരിയിൽനിന്നും വൈദിക പട്ടം സ്വീകരിച്ചു. കുറുമ്പനാടം, പുന്നത്തുറ, മരങ്ങാട്ടുപള്ളി, ചേർപ്പുങ്കൽ എന്നീ പള്ളികളിൽ അസിസ്റ്റൻറ് വികാരിയായും പാളയം, വെള്ളികുളം, കൊഴുവനാൽ, ചേർപ്പുങ്കൽ, വിളക്കുമാടം എന്നീ പള്ളികളിൽ വികാരിയായും സ്തുത്യർഹമായ സേവനം ചെയ്തു. 1966-ൽ പാലാ രൂപതവക മുണ്ടക്കയത്തുള്ള സീവ്യൂ എസ്റ്റേറ്റ് മാനേജരായും 1967-ൽ പീരുമേട് പാലാഭവൻ മാനേജരായും ഇദ്ദേഹം സേവനം ചെയ്തിട്ടുണ്ട്. ഇദ്ദേഹം പാളയം പള്ളിയിൽ വികാരിയായിരുന്ന കാലഘട്ടത്തിൽ ചേർപ്പുങ്കൽ-പാളയം റോഡ് നിർമ്മിക്കുവാൻ മുന്നിട്ടുനിന്നു പ്രവർത്തിക്കുകയും പണി പൂർത്തിയാക്കുകയും ചെയ്തു. വെള്ളികുളം പള്ളി വികാരിയായിരുന്നപ്പോൾ തീക്കോയി -വാഗമൺ റോഡിൻെറ നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കി. വെള്ളികുളത്ത് ഇന്നുകാണപ്പെടുന്ന ഗ്രോട്ടോ ബഹു. ജോർജച്ചൻെറ കാലത്ത് നിർമ്മിച്ചതാണ്. കൊഴുവനാൽ പള്ളി ഇന്നു കാണപ്പെടുന്ന രീതിയിൽ പുതുക്കിപണിതത് ഇദ്ദേഹത്തിൻെറ അശ്രാന്ത പരിശ്രമം കൊണ്ടാണ്. കൊഴുവനാൽ ഫാത്തിമാതാ ഹോസ്പിറ്റലിൻെറ വികസനത്തിനുവേണ്ടിയും ഇദ്ദേഹം വളരെയധികം പ്രയത്നിച്ചിട്ടുണ്ട്. അറിയപ്പെടുന്ന വാഗ്മിയും, ഗായകനും, സംഘാടകനുമാ യിരുന്ന ഇദ്ദേഹത്തിൻെറ ത്യാഗനിർഭരമായ ജീവിതം 1969 ഡിസംബർ15 ന്

അവസാനിച്ചു. ചേർപ്പുങ്കൽ ഫൊറോന പള്ളിയിൽ കബറടക്കം നടത്തി.

### III F ചെറിയത് മത്തായി മകൾ മാമ്മി

ചെറിയത് മത്തായിയുടെ ഇളയപുത്രിയായ മാമ്മിയെ കട്ടച്ചിറ ഇരുപ്പക്കാട്ടിൽ പീലി വിവാഹംചെയ്ത് വയനാട്ടിൽ കാക്കവയലിൽ താമസിക്കുന്നു. ഇവർക്ക് മറിയക്കുട്ടി, ഏലിക്കുട്ടി, കുട്ടപ്പൻ, പാപ്പച്ചൻ, കുഞ്ഞ്, പെണ്ണമ്മ എന്നീ ആറു മക്കളുണ്ട്.

●



# മാധവപ്പള്ളിൽ ചെല്ലക്കോട്ട് ഒന്നാംശാഖ

## (പുളിക്കിയിൽ ശാഖ)

ചെല്ലക്കോട്ട് തറവാട്ടിൽ താമസിച്ച ചെറിയത് ചെറിയതിൻെറ മൂത്തപുത്രൻ പാപ്പ (ചെറിയത് ചെറിയത്) പാലാ ചക്കംകുളത്തുനിന്നും അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്ക് കുഞ്ഞേലി, കുഞ്ഞ്, അന്നമ്മ, കുഞ്ഞുതൊമ്മൻ, റോസ, കൊച്ചിക്ക, മത്തായി എന്നീ ഏഴ് മക്കൾ ജനിച്ചു. ആൺമക്കളായ കുഞ്ഞ് താന്നിക്കൽ ഭവനത്തിൽനിന്നും ആദ്യവിവാഹം ചെയ്തു. ഈ വിവാഹത്തിൽ അന്നമ്മ എന്നൊരു പുത്രി ജനിച്ചു. ആദ്യ ഭാര്യ മരിച്ചു പോയതിനെ തുടർന്ന് അദ്ദേഹം ചീരംകുന്നേൽ നിന്നും അന്നമ്മയെ വിവാഹം ചെയ്ത് മലബാറിൽ കോടഞ്ചേരിൽ കുടിയേറി പാർത്തു. ഇവർക്ക് പാപ്പച്ചൻ, തൊമ്മച്ചൻ, കുഞ്ഞുകുട്ടൻ, അന്നമ്മ, കുഞ്ഞുമത്തായി, കുട്ടിപ്പെണ്ണ്, അന്തോണി എന്നീ ഏഴ് മക്കൾ ജനിച്ചു.


പാപ്പയുടെ മകൻ കുഞ്ഞുതൊമ്മൻ ആനക്കല്ലിൽ ഏലിയെ വിവാഹം ചെയ്തു പേരാവൂരിന് സമീപം കുളക്കാട് കുടിയേറി പാർത്തു. ഇവർക്ക് അന്നക്കുട്ടി, കറിയാക്കുട്ടി, കുഞ്ഞൗത, ഏലിക്കുട്ടി, കുട്ടി, തോ മാച്ചൻ,ചാക്കോച്ചൻ എന്നീ ഏഴ് മക്കൾ ജനിച്ചു.

പാപ്പയുടെ മൂന്നാമത്തെ മകനായ കൊച്ചിക്കാ (വിവാഹാനന്തരം) ആലക്കോട്ടേയ്ക്ക് കുടിയേറിപാർത്തു. ഇദ്ദേഹത്തിന് കുഞ്ഞ്, അന്നക്കുട്ടി, കുട്ടി, കുഞ്ഞേപ്പ്, മാമ്മച്ചൻ, Sr. മേരി എന്നീ ആറ് മക്കൾ ജനിച്ചു.

പാപ്പയുടെ ഏറ്റവും ഇളയപുത്രനായ മത്തായി വിവാഹാനന്തരം പേരാവൂരിന് സമീപം കല്ലടിയിൽ പുല്ലുവേലിയിൽ കുടിയേറി പാർത്തു.


ഇവരുടെയെല്ലാം അനന്തരതലമുറയുടെ വിശദവിവരങ്ങൾ ചുവടേ തന്നിരിക്കുന്ന ചാർട്ടിൽ ചേർത്തിരിക്കുന്നു.


## ചെല്ലങ്കോട്ട് പുളിക്കയിൽ ശാഖ (ഒന്നാം ശാഖ)







## ചെല്ലങ്കോട്ട് പുളിക്കയിൽ ശാഖ (ഒന്നാം ശാഖ)




കൊച്ചിക്ക (IC)
+ കുഞ്ഞന്ന
പുല്ലുവേലിൽ
ആലക്കോട്
അന്നക്കുട്ടി
+കുഞ്ഞ്
ചിറപ്പുറം
കോത്തല
കോട്ടയം
കുഞ്ഞ്
+മാമ്മി
+ഏലിക്കുട്ടി
പന്നിയൂർ
കുട്ടി
+ കൊച്ച്
മുണ്ടക്കൽ
നെല്ലിപ്പാറ
ആലക്കോട്
കുഞ്ഞേപ്പ്
+പെണ്ണമ്മ
കോഴിച്ചാൽ
മാമച്ചൻ
+എൽസി
ഭീമനടി
Sr.മേരി
കൃഷ്ണനഗർ
W ബംഗാൾ
ജോസ്
പന്നിയൂർ
മേരി
+ജോർജ്
കരുവൻചാൽ
തേനാംകണ്ടം
ജോർജ്
ജോണി
ജോയി
വിജി
ജോസ്
ജിജി
ആനിയമ്മ
മേരിക്കുട്ടി
+ റോയി
ആനിക്കോട്
ഷാജു
ജയിംസ്
ബൈജു






മത്തായി (ID)
+ ത്രേസ്യ
പുല്ലുവേലിൽ
കല്ലടി, പേരാവൂർ
കറിയാച്ചൻ
+മറിയക്കുട്ടി
കല്ലടി
പേരാവൂർ
കുട്ടിയമ്മ
+കുഞ്ഞുവർക്കി
ആനിക്കാത്തോട്ടത്തിൽ
കല്ലടി
മേരി
+പാപ്പൻ
ഇരിപ്പക്കാട്ട്
വിലങ്ങാട്
പാപ്പച്ചൻ
+മേരി
കല്ലടി
കുഞ്ഞ്
+തെയ്യാമ്മ
കല്ലടി
തോമസ്
കൂരോപ്പട
Sr.അച്ചാമ്മ
ബാംഗ്ളൂർ
ഷാജു
ജോസുകുട്ടി
ഡോമിച്ചൻ
റെനി
Fr.സജി
റോജി
റജി
റജി
ത്രേസ്യ
തങ്കമ്മ
+കുട്ടിച്ചൻ
മണിപ്പാറ
ഗ്രേസി
+പാപ്പച്ചൻ
കോക്കാട്
പേരാവൂർ
അമ്മിണി
+റ്റോമി
കറുകയിൽ
പേരാവൂർ
ബേബി
+ലൗലി
പേരാവൂർ
സോജൻ
+മിനി
പേരാവൂർ
ഫിലോ
+ജോണി
കുളസാംകുഴി
അമ്പായത്തോട്
ജോണി
ജോജോ

# മാധവപ്പള്ളിൽ ചെല്ലങ്കോട്ട്

## (രണ്ടാം ശാഖ)


## (ചാത്തയ്ക്കൽ ശാഖ)


ചെല്ലങ്കോട്ട് ചെറിയത് ചെറിയതിന്റെ രണ്ടാമത്തെ പുത്രൻ ചെറിയത് ഔസേഫ് ചാത്തയ്ക്കൽ പുരയിടത്തിൽ താമസമാക്കി. അദ്ദേഹം വിവാഹം ചെയ്തത് മാന്നാനത്ത് ഇല്ലിച്ചിറയിൽ നിന്നും അന്നമ്മയെയാണ്. മാന്നാനത്ത് ഇല്ലിച്ചിറവീട് ദത്തവകാശമായി ലഭിച്ച ഔസേഫ് കാലാന്തരത്തിൽ അവിടെ താമസമാക്കുകയും ചെയ്തു. ഔസേഫിന് സ്കറിയാ, കുറു, ഔസേഫ്, കുഞ്ഞമ്മൻ, പാലു എന്നീ അഞ്ച് പുത്രന്മാരും രണ്ട് പുത്രിമാരും ജനിച്ചു. സ്കറിയാ കാഞ്ഞിരമറ്റം തലവയലിൽനിന്നും മറിയത്തിനെ വിവാഹം ചെയ്തു. കുറു പാലായിൽ കളപ്പുരയ്ക്കൽ അന്നമ്മയെ വിവാഹം ചെയ്ത് ദത്തവകാശത്തിൽ താമസിച്ചു. ഇളയ പുത്രൻ പാലു മാന്നാനത്ത് ഇല്ലിച്ചിറവീട്ടിൽ താമസിച്ചു.

ഇവരുടെ എല്ലാം പിൻതലമുറക്കാരുടെ വിശദവിവരങ്ങൾ താഴെക്കൊടുത്തിരിക്കുന്ന ചാർട്ടിൽ ചേർക്കുന്നു.




## ചെല്ലങ്കോട്ട് ചാത്തക്കൽ ശാഖ (രണ്ടാം ശാഖ)





കുറു (II B)
+ അന്നമ്മ
കളപ്പുരയ്ക്കൽ, പാലാ
കുട്ടി
+ മേരിക്കുട്ടി
(ആദ്യവിവാഹം)
+ ആനിയമ്മ
(രണ്ടാം വിവാഹം)
പാപ്പച്ചൻ
+ കുഞ്ഞമ്മ
ജംസൽപൂർ
അന്നക്കുട്ടി
+ പാപ്പച്ചൻ
തടിയംപ്പാക്കൽ
കരിംകുന്നം
ഏലിക്കുട്ടി
+ അപ്പച്ചൻ
കോക്കാട്
പൂവരണി
കുഞ്ഞമ്മൻ
+ ചിന്നമ്മ
കാരിത്താസ്
പെണ്ണമ്മ
+ സ്കറിയ
നടക്കൽ
പൂവരണി
കുട്ടപ്പൻ
+ ജോളി
കളപ്പുരയ്ക്കൽ
കടനാട്
ജൂലി
+ റ്റോമി
പുൽപ്പറമ്പിൽ, തൊടുപുഴ
റ്റോജോ
സുജിത്
സുനി
മോളി
+ കുര്യൻ
കദളിക്കാട്, USA
ഷാജി
+ മേഴ്സി
USA
ജോണിച്ചൻ
+ ലീമ
ബാംഗ്ലൂർ
സിബിച്ചൻ
+ സിനി
ബാഗ്ലൂർ







ഔസേപ്പ് (II C)
+ മറിയം
അമലഗിരി, കോട്ടയം
ഔതക്കുട്ടി
+മറിയാമ്മ
അമലഗിരി
ലൂക്കാച്ചൻ
+മേരി
ഗാന്ധിനഗർ
തൊമ്മൻ
+ഏലിക്കുട്ടി
ഏറ്റുമാനൂർ
ചിന്നമ്മ
+കുഞ്ഞവുത
പൂവന്തിക്കുന്നേൽ
കാരിത്താസ്
തങ്കമ്മ
+സാമുവേൽ
ജോസ്
+തെയ്യാമ്മ
ഏറ്റുമാനൂർ
വിക്ടർ
+ലീലാമ്മ
വില്ലൂന്നി
കോട്ടയം
ബാബു
+തങ്കമ്മ
ഏറ്റുമാനൂർ
ജോർജ്ജുകുട്ടി
+ലില്ലിക്കുട്ടി
ഏറ്റുമാനൂർ
ഫിലോമിന
+കുഞ്ഞുമോൻ
നടയ്ക്കൽ
ഏറ്റുമാനൂർ
സാബു
+റോസിലിൻ
U.S.A.
റജി
+ജെയ്സി
U.S.A.
ഷൈനി
+സാബു
U.S.A.
മോനായി
U.S.A.
ബേബി
+മറിയാമ്മ
ഗാന്ധിനഗർ
കുഞ്ഞ്
+വത്സമ്മ
ഗാന്ധിനഗർ
തോമാച്ചൻ
+തങ്കമ്മ
കോഴിക്കോട്
ജയ്സമ്മ
+കുഞ്ഞുമോൻ
ഇലവുങ്കൽ
അമയന്നൂർ
ലീലാമ്മ
+ബേബിച്ചൻ
വേങ്ങത്താനം
കോഴിക്കോട്
സുനു
+സെലിൻ
ആലപ്പുഴ
സൂസി
+വറീച്ചൻ
പറപ്പള്ളി
എടത്വ
ബന്നി
+ബീന
കോഴിക്കോട്
ബിനു
+ബിന്ധു
കോഴിക്കോട്
ജോയി
+മറിയക്കുട്ടി
അമലഗിരി
അപ്പച്ചൻ
+കുഞ്ഞമ്മ
വടക്കംഞ്ചേരി
ഗ്രേസിക്കുട്ടി
+ബേബിച്ചൻ
വാഴപ്പള്ളി
ചങ്ങനാശ്ശേരി
ലൂക്കാച്ചൻ
+ലില്ലിക്കുട്ടി
അമലഗിരി
തങ്കച്ചൻ
+ആൻസി
നെന്മാറ
പാലക്കാട്
പുഷ്പ
ആലീസ്
+അപ്പച്ചൻ
പറയരുതോട്ടം
രാമപുരം
കൊച്ചുറാണി
+ജോയ്
ആനിത്തോട്ടം
കോതനല്ലൂർ


കുഞ്ഞമ്മൻ (II D)
+ഏലി
കുഞ്ഞ്
ഇല്ലിച്ചിറ
മല്ലികശ്ശേരി
+അന്നമ്മ + ഏലിക്കുട്ടി
(ആദ്യവിവാഹം) (രണ്ടാംവിവാഹം)
ഏൽസിക്കുട്ടി
കുട്ടിയച്ചൻ
മേരിക്കുട്ടി
+സണ്ണി
കുഞ്ഞ്
+മേരിക്കുട്ടി
തിക്കോയി
ഫാ. തോമസ്
ഡാർലിംഗ്
ഏലിക്കുട്ടി
ബിജ്ജുനോർ
UP
ജിൻസി
ജസ്സി
ജോളി
ജോമി






പാലു
അന്നമ്മ
(ആദ്യവിവാഹം)
ഔസേപ്പച്ചൻ
ചിന്നമ്മ
കാരിത്താസ്
സിസിലി
ജോസഫ്
ചാണ്ടിക്കുഞ്ഞ്
മറിയക്കുട്ടി
അമലഗിരി
സ്കറിയ
ജോർജ്ജ്
അജി
അനില
അജിത
അജിറ്റ
അജു
അജിലി
തങ്കച്ചൻ
ജോളി
പയ്യന്നൂർ
കുഞ്ഞുമോൻ
ലൈസമ്മ
കാരിത്താസ്
ഷാജി
ജസ്സി
സിബി
കാരിത്താസ്
ജറീന
ജയ്ന
അഖിൽ
അലീന
ആൽവിൻ
+അന്നമ്മ
(രണ്ടാംവിവാഹം)
സ്കറിയ
റോസമ്മ
ആർപ്പൂക്കര
ജോർജ്ജ്
ലില്ലിക്കുട്ടി
ആർപ്പൂക്കര
മേരി
ബേബി
വിളയങ്ങാടിൽ
അമലഗിരി
എൽസി
അപ്പച്ചൻ
മുണ്ടപ്പാക്കൽ
ലൂക്കാച്ചൻ
കുഞ്ഞമ്മ
ആർപ്പൂക്കര
സണ്ണി
ലിസ
ആർപ്പൂക്കര
ചിപ്പി
റിൻസി
റിജോയ്സ്
റീനറ്റ്
ഡെന്നി
ഡോണി
ഡാനി
ലാൻസി
ലിബിൻ

# മാധവപ്പള്ളിൽ ചെല്ലങ്കോട്ട്


## (നാലാം ശാഖ)

ചെല്ലങ്കോട്ട് ചെറിയത് ചെറിയതിൻെറ നാലാമത്തെ പുത്രൻ ചെറിയതു ചാണ്ടി തറവാട്ടിൽ താമസിച്ചു. അദ്ദേഹം വിവാഹം ചെയ്തത് കുടക്കച്ചിറ പുത്തേട്ട് ഭവനത്തിൽനിന്നും മറിയത്തേയാണ്. ഇവർക്ക് സ്കറിയാ, ഏലി, ആഗസ്തി, മറിയം, പാപ്പച്ചൻ, പാപ്പ, അന്നമ്മ എന്നീ ഏഴുമക്കൾ ജനിച്ചു. ആൺമക്കളായ സ്കറിയാ, പാപ്പച്ചൻ, പാപ്പ എന്നിവർ വിവാഹിതരായി മലബാറിൽ തെറ്റുവഴി എന്ന സ്ഥലത്ത് കുടിയേറിപാർത്തു. ആഗസ്തി ചെറുപ്പത്തിലേ നിര്യാതനായി.

അനന്തരതലമുറക്കാരുടെ വിശദവിവരങ്ങൾ ചുവടെ ചാർട്ടിൽ ചേർക്കുന്നു.



## ചെല്ലങ്കോട്ട്




# മാധവപ്പള്ളി ചെല്ലക്കോട്ട്

## (അഞ്ചാം ശാഖ)

ചെല്ലക്കോട്ട് ചെറിയതിൻെറ അഞ്ചാമത്തെ പുത്രൻ തൊമ്മൻ ആനിക്കാട്ട് പനച്ചിക്കൽ (നെല്ലക്കൽ) കുടുംബത്തിൽനിന്നും അന്നമ്മയെ വിവാഹം ചെയ്ത് ദത്തവകാശത്തിൽ താമസിച്ചു. ഇവർക്ക് കുഞ്ഞാപ്പൻ, മത്തായി, സി.മേരി, തോമ്മാച്ചൻ, അന്നമ്മ, ഏലിയാമ്മ, സ്കറിയാ എന്നീ ഏഴുമക്കൾ ജനിച്ചു. മൂത്തപുത്രൻ കുഞ്ഞാപ്പന് സന്താനങ്ങൾ ഉണ്ടായില്ല. ഇളയവർ വിവാഹിതരായി മലബാറിലേയ്ക്ക് കുടിയേറി പാർത്തു. ഇവരുടെ വിവരങ്ങൾ ചാർട്ടിൽ ചേർക്കുന്നു.







# പ്ലാത്തോട്ടം ശാഖ

പതിനേഴാം നൂറ്റാണ്ടിൽ എറകോന്നിയിൽ നിന്നും വെട്ടിക്കാട്ട് പുരയിടത്തിൽ താമസമാക്കിയ ഇട്ടിച്ചെറിയ എന്ന കാരണവരുടെ ഏഴു പുത്രന്മാരിൽ ഒരാളായ പോത്തൻ മുത്തോലി നാഗനൂലിൽ കുടുംബത്തിൻെറ തലവനായി തീർന്നു. നാഗനൂലിൽ താമസമാക്കിയ പോത്തന് നാല് ആൺമക്കളുണ്ടായി. അവരിൽ ഒരാളായ പോത്തൻ തറവാട്ടിൽ താമസിച്ചു. മറ്റു മൂന്നു പേരിൽ ഒരാളായ ഇട്ടിച്ചെറിയത് മണ്ണൂരേയ്ക്ക് മാറിത്താമസിച്ചു. ഒരാൾ പാലാ കൊട്ടുകാപ്പള്ളിയിൽ ദത്തവകാശത്തിൽ താമസിച്ചു. ഒരു പുത്രൻ മുത്തോലി പ്ലാത്തോട്ടം പുരയിടത്തിലേക്ക് മാറിത്താമസിച്ചു.

പ്ലാത്തോട്ടം തറവാട്ടിൽ താമസിച്ച പുത്രൻെറ രണ്ടു തലമുറകളുടെ സന്തതികളേക്കുറിച്ച് വ്യക്തമായ വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ഈ തായ്‌വഴിയുടെ മൂന്നാം തലമുറയിൽ പെട്ട നാലു സഹോദരങ്ങളിൽ ഒരാളായ സ്കറിയ മരവുത്താങ്കലേയ്ക്ക് മാറിതാമസിച്ചതായറിയാം. മറ്റൊരു സഹോദരൻ ഒരപ്പാങ്കൽ ഭാഗത്ത് മറ്റത്തിലും, വേറൊരു സഹോദരനായ ചാണ്ടി കതമ്പയിലും താമസിച്ചു.

## മരവുത്താങ്കൽ ശാഖ

പ്ലാത്തോട്ടത്തിൽ നിന്നും മരവുത്താങ്കലേക്ക് മാറിത്താമസിച്ച സ്കറിയായ്ക്ക് നാല് ആൺ മക്കൾ ഉണ്ടായി. ഇവരിൽ മൂത്ത സഹോദരങ്ങളായ അവിരാ, തൊമ്മൻ, സ്കറിയാ എന്നിവർ വാഴൂർക്ക് കുടിയേറിപ്പാർത്തു. ഇളയ പുത്രനായ ഔത മരവുത്താങ്കൽ തറവാട്ടിൽ താമസിച്ചു. വാഴൂർ താമസമാക്കിയ അവിരാ, തൊമ്മൻ എന്നിവർക്ക് ഓരോ പുത്രന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. സ്കറിയായ്ക്ക് പെൺമക്കൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

## മറ്റം ശാഖ

മുത്തോലി ഒരപ്പാങ്കൽ ഭാഗത്ത് മറ്റത്തിൽ താമസിച്ചിരുന്ന കാരണവരുടെ മക്കൾ പിന്നീട് സ്ഥലം വിറ്റ് മലബാറിലേയ്ക്ക് കുടിയേറിപ്പാർത്തു.

## കതമ്പയിൽ ശാഖ

കതമ്പയിൽ താമസമാക്കിയ ചാണ്ടിയുടെ മകൻ സ്കറിയ മേവിട സ്വർണ്ണപ്പള്ളി വീട്ടിൽ ദത്തവകാശത്തിൽ താമസിച്ചു. പ്ലാത്തോട്ടത്തിലെ കാരണവരുടെ നാലാം തലമുറയിലെ അഞ്ചു പുത്രന്മാരിൽ ഒരാൾ ആഗസ്തി മുത്തോലി ചെത്തിയിലേക്ക് മാറി താമസിച്ചു. രണ്ടാമൻ മാണി പ്ലാത്തോട്ടത്തിൽ താമസിച്ചു. മൂന്നാമത്തെയാളായ പാപ്പൻ മേവിട കരുവേൽ ദത്തവ





കാശത്തിൽ താമസിച്ചു. നാലാമൻ തൊമ്മൻ കോരുത്തോട് കുടിയേറി താമസിച്ചു. ഇളയ പുത്രൻ ചൂരനോലിൽ (ഓലിക്കൽ) താമസിച്ചു.

## ചെത്തിയിൽ ശാഖ

ചെത്തിയിൽ താമസിച്ച ആഗസ്തിയുടെ മൂന്നു മക്കളിൽ മൂത്തയാൾ മത്തായി പിന്നീട് മലബാറിൽ ചന്ദനയ്ക്കാംപാറയിലേക്ക് കുടിയേറി താമസിച്ചു. രണ്ടാമൻ ചെറുക്കൻ മുക്കൂട്ടുതറയിൽ താമസിച്ചു. ഇളയ പുത്രനായ ഉമ്മൻ തറവാട്ടിൽ താമസിച്ചു. ഇദ്ദേഹത്തിന് ആറു പെൺമക്കൾ മാത്രമേ ഉണ്ടായിരുന്നുള്ളു.

## ചൂരനോലിൽ ശാഖ

പ്ലാത്തോട്ടം തറവാട്ടിൽ താമസിച്ച നാലാം തലമുറയിൽ പെട്ട കാരണവരുടെ മക്കളിൽ ഒരാൾ ചൂരനോലിലേയ്ക്ക് മാറിത്താമസിച്ചു. ഒരു സഹോദരിയെ കിഴക്കേ കദംബയിൽ തുപ്പലഞ്ഞി വീട്ടിൽ നിന്നും ഒരു കാരണവർ വിവാഹം ചെയ്ത് ദത്തവകാശത്തിൽ താമസിച്ചു. ഇവരുടെ സന്തതി പരമ്പരയിൽ പെട്ടവരാണ് ഇന്ന് മുത്തോലി കിഴക്കേകദംബയിൽ താമസിക്കുന്ന ടോമി, തൊമ്മച്ചൻ, ആൻറണി, ജയിംസ് എന്നിവർ

ചൂരനോലിൽ താമസിച്ച കാരണവരുടെ മക്കളിൽ തൊമ്മൻ, മത്തായി എന്നിവർ വാഴൂരേക്ക് കുടിയേറി.

## ചൂരനോലിൽ (ഓലിക്കൽ) ശാഖ

ചൂരനോലിൽ ഓലിക്കൽ താമസിച്ച കാരണവരുടെ മക്കളിൽ കുഞ്ഞെറുക്കൻ എന്നയാൾ വാഴൂരും മത്തൻ മുത്തോലിയിലും താമസിച്ചു.

## കൊച്ചുപുരയ്ക്കൽ (കിഴക്കേ പ്ലാത്തോട്ടം)

പ്ലാത്തോട്ടം തറവാട്ടിൽ മൂന്നാം തലമുറയിൽ പെട്ട ഒരു സഹോദരിയെ കിഴക്കേ പ്ലാത്തോട്ടത്തിൽ ദത്തവകാശത്തിൽ താമസിപ്പിച്ചു.

## പ്ലാത്തോട്ടം തറവാട്ടു ശാഖ

പ്ലാത്തോട്ടം തറവാട്ടിൽ താമസിച്ച തൊമ്മൻ ആനിക്കാട് പാറയിൽ കുടുംബത്തിൽ നിന്നും മറിയത്തിനെ വിവാഹം ചെയ്തു. ഇവർക്ക് കത്രി, ഏലി, മറിയം, ഔത എന്നീ നാലു മക്കൾ ജനിച്ചു.

മൂത്ത പുത്രി കത്രിയെ ഇളങ്ങുളം കല്ലറയ്ക്കൽ വിവാഹം ചെയ്തയച്ചു. രണ്ടാമത്തെപുത്രി ഏലിയെ മറ്റക്കരഎടപ്പള്ളിക്കുന്നേലും മൂന്നാമത്തെ പുത്രി മറിയത്തിനെ ഭരണങ്ങാനം തുടിപ്പാറയിലും വിവാഹം ചെയ്തയച്ചു. ഇളയ പുത്രൻ ഔത തറവാട്ടിൽ താമസിച്ചു.

## പ്ലാത്തോട്ടം ശാഖ

പ്ലാത്തോട്ടത്തിൽ സ്കറിയാ മകൻ ഔത ചേർപ്പുങ്കൽ വട്ടമറ്റത്തിൽ നിന്നും അന്നമ്മയെ വിവാഹം ചെയ്ത് പ്ലാത്തോട്ടം തറവാട്ടിൽ താമസിച്ചു. ഇവർക്ക് സ്കറിയാ, സെബാസ്റ്റ്യൻ, ജോസഫ്, മറിയക്കുട്ടി എന്നീ നാലു മക്കൾ ജനിച്ചു. മക്കളിൽ ഇളയ ആളായ മറിയക്കുട്ടി ചെറുപ്പത്തിൽ മരിച്ചു. മൂന്നാമത്തെ ആളായ ജോസഫ്, ഫ്രാൻസിസ്കൻ സഭയിൽ ചേർന്ന്, ബ്രദർ ആയി സേവനം ചെയ്തു. ഇദ്ദേഹം 1996-ൽ, ബാംഗ്ലൂരിൽ വെച്ച് നിര്യാതനായി.

## ഔത മകൻ സ്കറിയ

സ്കറിയ, കൊഴുവനാൽ പാറത്താനത്ത് സ്കറിയാ മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്ക് മറിയക്കുട്ടി,ജോസഫ്, അവിരാച്ചൻ അന്നക്കുട്ടി എന്നീ നാലുമക്കൾ ജനിച്ചു.

മൂത്തമകൾ മറിയക്കുട്ടിയെ ഇരട്ടയാർ ചുളയില്ലാപ്പ്ലാക്കൽ വർക്കി വിവാഹം ചെയ്തു.

മക്കളിൽ രണ്ടാമനായ ജോസഫ് നെല്ലിപ്പാറ ചൊഴലിയാങ്കൽ മേരിയെ വിവാഹം ചെയ്തു. മക്കളിൽ മൂന്നാമത്തെ ആളായ അവിരാച്ചൻ പേരാവൂർ പേണ്ടാനത്ത് പെണ്ണമ്മയെ വിവാഹം ചെയ്തു. ഇളയ പുത്രി അന്നക്കുട്ടിയെ കട്ടപ്പന നിരപ്പേൽ കുട്ടിയച്ചൻ വിവാഹം ചെയ്തു. സ്കറിയാ തൻെറ ആദ്യഭാര്യ അന്നമ്മ നിര്യാതയായതിനേതുടർന്ന് എരുമേലി ചെത്തിയിൽ ഉമ്മൻ മകൾ ത്രേസ്യായെ വിവാഹം ചെയ്തു. ഈ വിവാഹത്തിൽ തോമസ്, സകറിയാ, സെബാസ്റ്റ്യൻ, ലൂസി, മാത്യു, ഷേർളി, ബെന്നി, വിൻസെൻറ്, സരിത, റ്റിങ്കിൾ എന്നീ പത്തു മക്കൾ ജനിച്ചു.

1. മൂത്ത പുത്രൻ തോമസ് ചാത്തൻതറ കുരിശുകുന്നേൽ ജെസ്സിയെ വിവാഹം ചെയ്ത് നെല്ലിപ്പാറ താമസിക്കുന്നു. ഇവർക്ക് കെവിൻ, ഷെർളിൻ, ഷെറിൻ, ഡൊമിനിക്ക് എന്നീ നാല് മക്കളുണ്ട്

2. രണ്ടാമൻ സ്കറിയാ, നാഗനൂലിൽ ചെറിയാൻ മകൾ ലീനയെ വിവാഹം ചെയ്ത് നെല്ലിപ്പാറ താമസിക്കുന്നു. ഇവർക്ക് സുജാത എന്നൊരു പുത്രിയുണ്ട്.

3. മൂന്നാമത്തെ പുത്രനായ സെബാസ്റ്റ്യൻ മരിയാപുരം എമ്പ്രയിൽ സാലിയെ വിവാഹം ചെയ്ത് നെല്ലിപ്പാറ താമസിക്കുന്നു. ഇവർക്ക് സ്കറിയാ എന്നൊരു പുത്രനുണ്ട്.

4. മക്കളിൽ നാലാമത്തെ ആളായ ലൂസിയെ ചിറ്റാർ വയ്യാറ്റു പുഴ തെക്കേൽ ജോണി വിവാഹം ചെയ്തു. ഇവർ ബോംബേയിൽ ജോലി ചെയ്യുന്നു. ഇവർക്ക് ലിസാ തെരേസ് എന്നൊരു പുത്രിയുണ്ട്.





5. മക്കളിൽ അഞ്ചാമത്തെയാളായ മാത്യു ബോംബെയിൽ ജോലിചെയ്യുന്നു.

6. മക്കളിൽ ആറാമത്തെ ആളായ ഷേർളി സി.എം.സി. സഭയിൽ ചേർന്ന് സിസ്റ്റർ സുജിതാ ഗ്രേയ്സ് എന്ന പേരു സ്വീകരിച്ച് ഇപ്പോൾ ബീഹാറിൽ ജോലി ചെയ്യുന്നു.

7. ഏഴാമത്തെ ആളായ ബെന്നി മസ്കറ്റിൽ ജോലി ചെയ്യുന്നു.

8. എട്ടാമത്തെ പുത്രൻ വിൻസൻറ് പൂവരണി തുണ്ടത്തിക്കുന്നേൽ മഞ്ജുവിനെ വിവാഹം ചെയ്തു. മസ്കറ്റിൽ ജോലി ചെയ്യുന്നു. ഇവർക്ക് അൽഫോൻസാ എന്നൊരു പുത്രി ഉണ്ട്.

9. ഒൻപതാമത്തെ ആളായ സരിത ഡൽഹിയിൽ നേഴ്സിംഗ് ട്യൂട്ടറായി ജോലി ചെയ്യുന്നു.

10. ഇളയ പുത്രനായ റ്റിങ്കിൾ ബോംബെയിൽ അക്കൗണ്ടൻറായി ജോലി ചെയ്യുന്നു.

## ഔത മകൻ സെബാസ്റ്റ്യൻ

സെബാസ്റ്റ്യൻ വാഴൂർ ഉള്ളുരുപ്പിൽ അന്നമ്മയെ വിവാഹം ചെയ്തു. ഇപ്പോൾ മലബാറിൽ താമസിക്കുന്നു. ഇവർക്ക് തോമസ്, എൽസമ്മ, ബോനമ്മ, ലില്ലിക്കുട്ടി, ജോണി, ലിസ എന്നീ ഏഴു മക്കളുണ്ടായി.

1. മൂത്തമകൻ തോമസ് ഈട്ടിത്തോപ്പ് ഐക്കരയിൽ മേരിയെ വിവാഹം ചെയ്തു.

2. മക്കളിൽ രണ്ടാമത്തെ ആളായ എൽസമ്മ ചെറുപ്പത്തിലെ മരിച്ചു.

3. മക്കളിൽ മൂന്നാമത്തെ ആളായ ബോനമ്മയെ കൊല്ലം സ്വദേശി സുരേഷ് വിവാഹം കഴിച്ചു. ഇരുവരും പൂനയിൽ ജോലി ചെയ്യുന്നു.

4. നാലാമത്തെ ആളായ ലില്ലിക്കുട്ടി എഫ്.സി.സി. സന്യാസ സഭയിൽ ചേർന്ന് സിസ്റ്റർ ലില്ലി ഗ്രെയ്സ് എന്ന പേരു സ്വീകരിച്ച് ഇപ്പോൾ പൈങ്ങോട്ടൂർ എന്ന സ്ഥലത്ത് സേവനം ചെയ്യുന്നു.

5. അഞ്ചാമത്തെ ആളായ ജോണി ഡോൺബോസ്കോ സഭയിൽ ചേർന്ന് വൈദികനായി ഇപ്പോൾ ബാംഗ്ലൂരിൽ സേവനം ചെയ്യുന്നു.

6. ആറാമത്തെ ആളായ കുഞ്ഞുമോളെ കൊട്ടിയൂർ സ്വർണ്ണപ്പള്ളി വീട്ടിൽ മാത്യു വിവാഹം ചെയ്തു.

7. ഇളയപുത്രിയായ ലിസ്സ, സന്യാസ സഭയിൽ ചേർന്ന് സിസ്റ്റർ ലിസ തെരേസ് എന്നപേരു സ്വീകരിച്ച് തിരുവനന്തപുരത്ത് സേവനം ചെയ്യുന്നു.

# കൊട്ടുകാപ്പള്ളി ശാഖ

വെട്ടിയ്ക്കാട്ട്നിന്നും നാഗനൂലിൽ താമസ്സമാക്കിയ പോത്തന്റെ നാല് ആൺമക്കളിൽ ഒരാൾ പാലാ കൊട്ടുകാപ്പള്ളിയിൽ നിന്നും ഒരു പെൺകുട്ടിയെ വിവാഹം ചെയ്ത് ദത്തവകാശത്തിൽ താമസ്സിച്ചു. കൊട്ടുകാപ്പള്ളി കുടുംബക്കാർ പറവൂരിൽ നിന്നും വന്നവരാണെന്നാണ് പറയപ്പെടുന്നത്. തോമ്മാശ്ലീഹാ പറവൂരിൽ സ്ഥാപിച്ച കോട്ടക്കാവ് പള്ളിയുടെ അടുത്തുണ്ടായിരുന്ന ഇല്ലത്തെ ഒരു നമ്പൂതിരി ക്രിസ്തുമതത്തിൽ ചേരുകയും വീട്ടുകാരുടെ എതിർപ്പിനെ തുടർന്ന് അദ്ദേഹം നാടുവിട്ട് പാലായിൽ എത്തിച്ചേർന്നു. പാലായിൽ വന്നു താമസ്സിച്ച കുടുംബം കോട്ടയ്ക്കാപ്പള്ളി എന്നു പറഞ്ഞുവരികയും പിന്നീട് കൊട്ടുകാപ്പള്ളി ആയി മാറുകയുമാണുണ്ടായത്. പാലാ അങ്ങാടിയിൽ ഉണ്ടായിരുന്ന കാപ്പിൽ കുടുംബത്തിലെ ഒരംഗം കൊട്ടുകാപ്പള്ളിയിൽ നിന്നും വിവാഹം ചെയ്ത് ദത്തവകാശത്തിൽ താമസിച്ചു. ഒരു പെൺകുട്ടി ജനിച്ചപ്പോൾ ഭാര്യ മരിച്ചുപോകയാൽ ഭർത്താവ് സ്വന്തം കുടുംബത്തിലേയ്ക്ക് തിരിച്ചുപോയി. അദ്ദേഹം പുനർവിവാഹം ചെയ്തു. ആദ്യ വിവാഹത്തിലെ പെൺകുട്ടിയെയാണ് നാഗനൂലിൽ പോത്തന്റെ പുത്രൻ വിവാഹം ചെയ്ത് ദത്തവകാശത്തിൽ താമസ്ഥിച്ചയത്.


കൊട്ടുകാപ്പള്ളിൽ കുടുംബത്തിൽ പാരമ്പര്യമായി പെൺകുട്ടികൾ മാത്രം ജനിച്ചുകൊണ്ടിരിക്കെ ഈ വിവാഹത്തിൽ പതിവിൽ നിന്നും വ്യത്യസ്ഥക്കൾമായി മൂന്ന് ആൺകുട്ടികൾ ജനിച്ചു. കുഞ്ഞുതൊമ്മൻ, ഇത്താക്ക്, ചെറിയത് എന്നിവരായിരുന്നു ഈ കുട്ടികൾ. മൂത്തപുത്രനായ കുഞ്ഞുതൊമ്മൻ കാഞ്ഞിരപ്പള്ളി കടമപ്പുഴയിൽ നിന്നുമാണ് വിവാഹം ചെയ്തത്. ഇപ്പോൾ കൊട്ടുകാപ്പള്ളി ഗൃഹം സ്ഥിതി ചെയ്യുന്ന കരോട്ടഗ്നകൊട്ടുകാപ്പള്ളിൽ താമസമാക്കി. ഇദ്ദേഹമാണ് പാലായിലുണ്ടായ കുടവഴക്കിലെ പ്രശസ്തനായ കഥാനായകൻ. ഇദ്ദേഹത്തിന് ഇട്ടിച്ചെറിയ എന്ന ഏകപുത്രൻ ജനിച്ചു. രണ്ടാമനായ ഇത്താക്ക് കുടക്കച്ചിറ വീടിന് സമീപം പുതിയ വീട് പണിത് മാറിതാമസിച്ചു. ഇളയ സഹോദരനായ ചെറിയത് കടപ്പാട്ടൂർ കരയിലുള്ള മേനാംപറമ്പിൽ പോയിതാമസ്സിച്ചു. ഇത്താക്ക് വിവാഹം ചെയ്തത് തെരുവിൽ കുടുംബത്തിൽനിന്നുമാണ്. ഇദ്ദേഹത്തിന് ഇട്ടിച്ചെറിയത്, തോമസ്സ് എന്നീ രണ്ട് പുത്രന്മാർ ജനിച്ചു.

കൊട്ടുകാപ്പപ്പള്ളികുടുംബത്തിലെ പലർക്കും ചെറിയത് എന്ന പേര് ലഭിച്ചിട്ടുള്ളത് നാഗനൂലിൽ കുടുംബം വഴിയാണ്. കൊട്ടുകാപ്പ്പള്ളി എന്ന കുടുംബനാമം കേരളത്തിനകത്തും പുറത്തും ഏറെക്കുറെ പ്രശസ്തമായ





ഒന്നാണ്.



ജോർജ്ജ് തോമസ്
കൊട്ടുകാപ്പള്ളി

ഇതിന് കാരണഭൂതർ ജോർജ്ജ് ജോസഫ്, ജോർജ്ജ് തോമസ്സ് എന്നീ സഹോദരങ്ങൾ ആണ്. ജോർജ്ജ് ജോസഫ് 26–ാമത്തെ വയസ്സിൽ പണ്ടത്തെ തിരുവിതാംകൂറിലെ ജനപ്രതിനിധി സ്ഥാപനമായ ശ്രീമൂലം പ്രജാസഭയിലേയ്ക്ക് രണ്ടു പ്രാവശ്യം എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. ജോർജ്ജ് തോമസ് പഴയ വില്ലേജ് യൂണിയന്റെ പ്രസിഡന്റായിരുന്നു. രണ്ടുപ്രാവശ്യം പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. പാലാ മുനിസിപ്പാലിറ്റിയുടെ ദ്വിതീയ ചെയർമാൻ ഇദ്ദേഹമാണ്. ഈ തെരഞ്ഞെടുപ്പു എതിരില്ലാതെയായിരുന്നു. അദ്ദേഹത്തിന്റെ മൂത്തപുത്രൻ ശ്രീ. തോമസ് ജോസഫ് കൊട്ടുകാപ്പള്ളി പതിനഞ്ചുവർഷക്കാലത്തോളം പാലായുടെ നഗരപിതാവായി സേവനം ചെയ്തിട്ടുണ്ട്. ശ്രീ. ജോർജ്ജ് തോമസ് വിവാഹം ചെയ്തത് മാന്നാനം പെരുമാലിൽ കുടുംബത്തിൽ ഔതച്ചന്റെ മകൾ റോസമ്മയെയാണ് (ചേച്ചമ്മ). പാലാ സെൻട്രൽ ബാങ്ക് സ്ഥാപനത്തിൽ മുന്നിട്ടു നിന്ന് പ്രവർത്തിച്ചത് ശ്രീ. തൊമ്മച്ചനാണ്.

ഇന്ത്യയിലുള്ള 372 ബാങ്കുകളിൽ 17–ാമത്തെ ബാങ്കായി പാലാ ബാങ്ക് വളർന്നു വന്നു. 1927 ജനുവരി 10–നാണ് ഇതു ജന്മമെടുത്തത്. തെക്കെ ഇന്ത്യയിലെ ബാങ്കുകളിൽ ആദ്യമായി ഇന്ത്യയുടെ തലസ്ഥാന മുൾപ്പെടെ പ്രധാനകേന്ദ്രങ്ങളിൽ ശാഖകൾ സ്ഥാപിക്കുവാൻ ഈ ബാങ്കിന് കഴിഞ്ഞു. 1961–ൽ ലിക്വിഡേറ്റ് ചെയ്തില്ലെങ്കിൽ ഇന്ത്യയിലെ ഏറ്റവും വലിയ ഒരു ബാങ്കായി ഇതു വളർന്നു വരുമായിരുന്നു.

ഇടുക്കിയിൽ ഒരു ജലവൈദ്യുത പദ്ധതി ഉണ്ടാക്കുവാനുള്ള സാധ്യ തയെക്കുറിച്ച് ആദ്യമായി പാർലമെന്റിൽ ആവശ്യപ്പെട്ടത് ശ്രീ. കൊട്ടുകാപ്പ ള്ളിയായിരുന്നു. ഇന്ത്യയിലെ റബ്ബർകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ആവർത്തനകൃഷിക്ക് സബ്സീഡി കൊടുക്കണമെന്ന് ആദ്യമായി ആവശ്യപ്പെട്ടത് ഇദ്ദേഹമാണ്. 1958 സെപ്റ്റംബറിൽ ന്യൂയോർക്കിൽ വെച്ചു നടന്ന യു. എൻ. ഒ യുടെ 13–ാമത്തെ സെഷനിലെ 978–ാമത്തെ സമ്മേളനത്തിൽ ഇന്ത്യയെ പ്രതിനിധീകരിക്കാൻ ഔദ്യോഗികമായി നിയോഗിക്കപ്പെട്ട ശ്രീ. ജോർജ് തോമസ് കൊട്ടുകാപ്പള്ളി ആയിരുന്നു. ഈ സമ്മേളനത്തിൽ കൊറിയൻ പ്രശ്നത്തെ കുറിച്ച് അദ്ദേഹം ചെയ്ത പ്രസംഗം ഇന്ത്യൻ നിലപാടിനെ വ്യക്തമാക്കുന്നതായിരുന്നു.

## കൊട്ടുകാപ്പള്ളി കുടുംബം

നാഗനൂലിൽനിന്നും കൊട്ടുകാപ്പള്ളിലേക്ക് ദത്തുപോയ കാരണ വരുടെ മൂത്തപുത്രനായ കുഞ്ഞുതൊമ്മൻ കാഞ്ഞിരപ്പള്ളി കടമപ്പുഴയിൽ നിന്നു വിവാഹം ചെയ്തു, കൊട്ടുകാപ്പള്ളിൽ തറവാട്ടിൽ താമസിച്ചു. കുഞ്ഞുതൊമ്മൻെറ ഏകമകൻ ഇട്ടിച്ചെറിയ കിഴക്കേക്കര മറിയം എന്ന കുലീനകുലജാതയെ വിവാഹം ചെയ്തു. ഇട്ടിചെറിയ കാലാന്തരത്തിൽ തൻെറ മൂലകുടുംബമായ നാഗനൂലിൽ മണ്ണൂർ കുടുംബത്തിൻെറ ഉറ്റബന്ധുവും കുടുബസുഹൃത്തും ആയിരുന്നു. കർമ്മലീത്താ ആശ്രമം, കർമ്മലീത്താ മഠം, മുത്തോലി ഇടവകപ്പള്ളി എന്നീ സ്ഥാപനങ്ങൾ മുത്തോ ലിൽ ഉണ്ടാകുന്നതിൽ വളരെയധികം പ്രയത്നങ്ങൾ ചെയ്തിട്ടുള്ളയാളാണ് ഇദ്ദേഹം. 1850 കാലഘട്ടത്തിൽ വാഴ്ത്തപ്പെട്ട ചാവറയച്ചനും മണ്ണൂർ കുടും ബക്കാരും തമ്മിൽ കൊവേന്ത, മഠം എന്നീ സ്ഥാപനങ്ങളെ സംബന്ധിച്ചു നടന്ന സംഭാഷണത്തിൽ ഒരു കുടുംബത്തിലെ അംഗമെന്നനിലയിൽ ഇരുകൂട്ടരും തമ്മിൽ സംസാരിക്കാൻ കൊട്ടുകാപ്പള്ളി ഇട്ടിച്ചെറിയായുമു ണ്ടായിരുന്നു. (മുത്തോലി കൊവേന്തയുടെ നാളാഗമത്തിൽ കാണുന്നു)

ഇനി കൊട്ടുകാപ്പള്ളി ചരിത്രത്തിലേയ്ക്കു നമുക്കു പോകാം. കൊട്ടുകാപ്പള്ളി കുഞ്ഞുതൊമ്മൻെറ മകൻ ഇട്ടിചെറിയക്കു വീണ്ടും ചരിത്രം ആവർത്തിച്ചു. അദ്ദേഹത്തിന് രണ്ടു പെൺസന്താനങ്ങളെ ഉണ്ടായുള്ളു. ഇവരെ ജ്യേഷ്ഠാനുജന്മാരാണ് വിവാഹം ചെയ്തത്. മൂത്തമകളെ അതിരമ്പുഴ പീടികക്കൽ ഔസേപ്പും രണ്ടാമത്തെ മകളെ പീടികക്കൽ തോമ്മായും വിവാഹം ചെയ്തു.

തോമ്മായ്ക്ക് രണ്ടു പെൺകുഞ്ഞുങ്ങളാണ് ഉണ്ടായത്. മൂത്തമ കളെ കള്ളിവയലിൽ കല്യാണം കഴിച്ചു. സന്താനരഹിതരായി ഇരുവരും അകാല ചരമം പ്രാപിക്കുകയുണ്ടായി.

ഇളയ മകളായ ചാച്ചിയമ്മയെ മുട്ടുചിറ പുതുക്കരി കുടുംബാംഗ മായ ഒരാൾ കല്യാണം കഴിച്ചു. ചാച്ചിയമ്മയും ഭർത്താവും പോണാട്ടിലു ള്ള പരുത്തിക്കുറ്റിക്കലേയ്ക്ക് മാറിത്താമസിച്ചു. ഈ ദമ്പതികൾക്ക് രണ്ടാ ണും ഒരു പെണ്ണും സന്താനങ്ങൾ ജനിച്ചു.

കൊട്ടുകാപ്പള്ളി ഇട്ടിച്ചറിയയുടെ മൂത്തമകളെ കല്യാണം കഴിച്ച അതിരമ്പുഴ പീടിയേക്കൽ ഔസേഫ് കരോട്ടു കൊട്ടുകാപ്പള്ളിൽ തന്നെ യാണ് താമസിച്ചത്. ഇവർക്കും ഒരു പെൺകുട്ടി മാത്രമേ ജനിച്ചുള്ളു. ഒരു ആൺകുട്ടി ജനിച്ചമാത്രയിൽ തന്നെ ചരമമടഞ്ഞു. തുടർന്നു മാതാവും നിര്യാതയായി. ഈ പെൺകുട്ടിയാണ് കൊട്ടുകാപ്പള്ളിൽ കുഞ്ഞേലി എന്ന നാമത്തിൽ അറിയപ്പെടുന്ന





കുലകന്യക. ഈ കുലകന്യകയെ കൊട്ടുകാപ്പള്ളിയിൽ നിന്നും മേനാമ്പറമ്പിലേയ്ക്കു മാറിതാമസിച്ച ചെറിയതിൻെറ സന്തതി പരമ്പരയിൽപെട്ട വർക്കി വിവാഹം ചെയ്ത് കൊട്ടുകാപ്പള്ളിൽ ദത്തവകാശിയായി താമസിച്ചു. ഇവർക്ക് ഉണ്ടായ മക്കളാണ് ജോർജ്ജ് ജോസഫ്, ജോർജ്ജ് തോമസ് എന്നിവർ.

നാഗനൂലിൽ തറവാട്ടിൽ നിന്നും കൊട്ടുകാപ്പള്ളിയിൽ താമസിച്ച കാരണവരുടെ മകൻ ഇത്താക്ക് തെരുവിൽ നിന്നു വിവാഹം കഴിച്ച് പടിഞ്ഞാറെ കൊട്ടുകാപ്പള്ളിൽ താമസിച്ചു. ഇത്താക്കിൻെറ മൂത്തമകൻ ഇട്ടിചെറിയ തോട്ടയ്ക്കാട്ട് കൊണ്ടോടിക്കൽ നിന്നും വിവാഹം ചെയ്തു. അദ്ദേഹത്തിനു മൂന്നു പുത്രന്മാർ ഉണ്ടായി. മൂത്ത ആളായ ഇത്താക്ക് കട പ്പാട്ടൂർ പുതുമനയും രണ്ടാമൻ മത്തായി കുടക്കച്ചിറ തറവാട്ടിൽ ദത്തു പോകുകയും ചെയ്തു. ഈവിവാഹം മുഖാന്തിരം പടിഞ്ഞാറെ കൊട്ടുകാപ്പള്ളിയും കുടക്കച്ചിറ തറവാടും ഒന്നായിത്തീർന്നു. ഇത്താക്കിൻെറ ഇളയ മകനായ തോമസ് ആയിരുന്നു പ്രസിദ്ധനായ കൊട്ടുകാപ്പള്ളിൽ തോമ്മാ കത്തനാർ.

# എറകോന്നി മൂലകുടുംബത്തിലെ മറ്റു ശാഖകൾ

## എറകോന്നി പുത്തൻപുര ശാഖ പാലാ

### പുത്തമ്പുരക്കൽ തൊമ്മപ്പണിക്കർ

എറകോന്നി ഇട്ടിച്ചെറിയായുടെ ഇളയപുത്രൻ തൊമ്മൻ 1696ൽ കിഴതടിയൂർ പ്രദേശത്തുവന്ന് കോട്ടയ്ക്കകത്ത് പീടിയേക്കൽ തൊമ്മൻ തരകനുമായി ചേർന്ന് ഒരു പങ്കു കച്ചവടം തുടങ്ങി. ഉദ്ദേശം രണ്ടു വർഷത്തിനുശേഷം പങ്കുപിരിഞ്ഞ് സ്വകുടുംബമായ വെട്ടിക്കാട്ടേയ്ക്ക് തിരിച്ചു പോയി. അക്കാലത്ത് കിഴതടിയൂർ ഭാഗത്ത് വള്ളോാണ്ടനായർ, ചോറ്റുകുലനായർ, പടവിൽനായർ തുടങ്ങിയ നായർ കുടുംബങ്ങൾ വലിയ പ്രതാപികളായി കഴിഞ്ഞിരുന്നു. ഇവരുടെ ആവശ്യത്തിനുവേണ്ട സാധനങ്ങൾ തൊമ്മൻെറ കടയിൽ നിന്നാണ് വാങ്ങിയിരുന്നത്. തൊമ്മൻ കച്ചവടം നിർത്തിയപ്പോൾ മറ്റു കടകളൊന്നും ഇല്ലാതിരുന്നതിനാൽ ഇവർക്ക് വലിയ അസൗകര്യം നേരിട്ടു. അതുകൊണ്ട് തൊമ്മനെ കച്ചവടത്തിനായി എങ്ങനെ യും തിരികെ കൊണ്ടുവരണമെന്ന് അവർ തീരുമാനിച്ചു. എന്നാൽ വീണ്ടും വരണമെന്നുണ്ടെങ്കിൽ കിഴതടിയൂർ ഭാഗത്തുതന്നെ പുരവയ്ക്കുവാൻ സ്ഥലവും പുരയ്ക്കുവേണ്ട സാമഗ്രികളും കിട്ടണമെന്ന് തൊമ്മൻ ആവശ്യപ്പെട്ടു. നായന്മാർ ഈ ആവശ്യം അംഗീകരിക്കുകയും, വിവരം നമ്പിക്കാട്ടു കർത്താവിനെ അറിയിച്ച് വേണ്ട അനുവാദം സമ്പാദിക്കുകയും ചെയ്തു. സ്ഥലം അന്വേഷിച്ചതിൽ പുത്തൻപുരയ്ക്കൽ നായരുടെ വക അന്യംനിൽപ്പായ പുത്തമ്പുരയ്ക്കൽ പുരയിടം സൗകര്യമാണെന്ന് കണ്ടു. അതനുസരിച്ച് നമ്പിക്കാട്ടുമഠത്തിൽ മൂപ്പായിരുന്ന ഒരു വല്യമ്മ വന്ന് പത്തൽ കുത്തികൊടുക്കുകയും ചെയ്തു. അക്കാലങ്ങളിൽ രാജസ്ഥാനത്തു നിന്ന് പത്തൽ കുത്തികൊടുക്കാതെ പുരവയ്ക്കുവാൻ അന്നു അനുവാദമില്ലായിരുന്നു.





തൊമ്മൻ പൊരുന്നോലിൽ താമസിച്ചുകൊണ്ട് പുരപണി ആരംഭിക്കുകയും താമസിയാതെ പണിതീർത്ത് ഭാര്യ ചൂരനോലിക്കൽ ഏലിയോടൊത്ത് താമസം മാറ്റുകയും, കച്ചവടം പുനരാരംഭിക്കുകയും ചെയ്തു. ഈവീട് കിഴക്കേകര താഴെ എന്നപേരിൽ ഇന്നും നിലനിൽക്കുന്നു. ഈ ഭവനത്തിൻെറ പടിവാതിൽക്കലൂടെയാണ് അക്കാലങ്ങളിൽ മീനച്ചിൽ നിന്നു തൊടുപുഴക്കു പോകുവാനുള്ള നാട്ടുവഴി ഉണ്ടായിരുന്നത്. പിന്നീട് തൊമ്മ ൻെറ മൂത്തപുത്രൻ ഇട്ടിച്ചെറിയാ മീനച്ചിൽ കർത്താവിൻെറ മന്ത്രിയായി. മന്ത്രിപിതാവിന് കർത്താവ് പണിക്കർ പദവി നൽകി ആദരിച്ചു. അങ്ങനെ യാണ് തൊമ്മപ്പണിക്കർ എന്നുപേരുണ്ടായത്.

പുത്തമ്പുരക്കൽ തൊമ്മപ്പണിക്കർ കച്ചവടസംബന്ധമായി ഏതോ കാര്യം പ്രമാണിച്ച് ഒരിക്കൽ വടക്കും ദിക്കിനുപോയി. പിറവത്തു ചെന്നപ്പോൾ വടക്കും മനയ്ക്കൽ ഇല്ലത്തെ ഒരു ഉണ്ണിയെ വഴിമദ്ധ്യേ മറിപ്പു വച്ചിരിക്കുന്നതായി കണ്ടു. അക്കാലങ്ങളിൽ കടം വാങ്ങിയ തുക ഈടാക്കാൻ ഉടമസ്ഥൻ ഒരാളെ അയച്ചാൽ പണം കിട്ടാത്തപക്ഷം കടക്കാരനെ പിടിച്ചു തടവിൽ വെയ്ക്കുവാൻ അവകാശം ഉണ്ടായിരുന്നു. കടം കൊടുക്കാതെ യാതൊരാവശ്യത്തിനും അയാളെ വിടുകയില്ല. ഈ സമ്പ്രദായത്തിനാ ണ് മറിപ്പുവെയ്ക്കുക എന്നു പറഞ്ഞുപോന്നിരുന്നത്. പ്രായപൂർത്തിയായ തമ്പുരാക്കന്മാർ സ്ഥലത്തില്ലാതിരുന്നതിനാലാണ് ഇപ്രകാരം പണം കൊടു ക്കുവാൻ സാധിക്കാതെ വന്നത്. ഇതുകണ്ട തൊമ്മപ്പണിക്കർ കാര്യമെന്തെന്നന്വേഷിച്ചു. ഉണ്ണി, മറിപ്പു ചീട്ടിനിരിക്കയാണെന്നും കുളിച്ചിട്ടില്ലെന്നും പറഞ്ഞപ്പോൾ ഉണ്ണി പൊയ്ക്കൊള്ളട്ടെ, പകരം ഞാനിരുന്നുകൊള്ളാം എന്ന് പണിക്കർ നിർദ്ദേശിച്ചു. പണത്തിൻെറ ഉത്തരവാദിത്തം തൊമ്മപണിക്കർ ഏൽക്കുകയും ഉണ്ണിയെ സ്വതന്ത്രനാക്കുകയും ചെയ്തു. ഉണ്ണി ഇല്ലത്തുചെന്നപ്പോൾ അന്തർജ്ജനമായ വല്യതമ്പുരാട്ടി കാര്യം തിരക്കി. തെക്കൻ ഒരു മാപ്പിള വഴിക്കുവന്ന് കടം ഏറ്റുതന്നെ വിട്ടയച്ചതാണ് എന്ന് ഉണ്ണി പറഞ്ഞു. ഉടൻതന്നെ ആ മാപ്പിളയെ ഇല്ലത്തേയ്ക്കു കൂട്ടികൊണ്ടു വരുവാൻ തമ്പുരാട്ടി ഉണ്ണിയെ തന്നെ പറഞ്ഞയച്ചു. ഉണ്ണി അവിടെച്ചെന്നപ്പോൾ കടം കൊടുക്കുവാനുള്ള 150 രാശി തൻെറ മുളവടിയുടെ അഗ്രം തുറന്ന് ഒരിലയിൽ കുടഞ്ഞിട്ടുകൊടുത്ത് തൊമ്മപ്പണിക്കർ ഇല്ലത്തേയ്ക്കു ചെന്നു. തമ്പുരാട്ടി സന്തോഷപൂർവം അദ്ദേഹത്തിൻെറ ജന്മസ്ഥലവും പേരും വീട്ടുപേരും ചോദിച്ചു മനസ്സിലാക്കുകയും, പ്രത്യുപകാരമായി എന്തെങ്കിലും

സ്വീകരിക്കണമെന്നു നിർബന്ധിക്കുകയും ചെയ്തു. എന്നാൽ താൻ ധർമ്മം നിറവേറ്റിയിട്ടേയുള്ളു എന്നും പ്രതിഫലമൊന്നും ആവശ്യമില്ലെന്നും പറഞ്ഞ് തൊമ്മപണിക്കർ അവിടെ നിന്നു യാത്രയാകുകയാണ് ചെയ്തത്.

പിന്നീട് ഒരവസരത്തിൽ തമ്പുരാൻ ളാലത്തമ്പലത്തിൽ വഴിപാടു കഴിക്കാനായി വന്നു. അദ്ദേഹം തൊമ്മപ്പണിക്കരെ ആളയച്ചു വരുത്തുകയും, പണിക്കർ എന്തെങ്കിലും ഉപഹാരം സ്വീകരിച്ചേ മതിയാവൂ എന്നു നിർബന്ധിക്കുകയും ചെയ്തു. അങ്ങനെയെങ്കിൽ തൻെറ വീടിനു സമീപം കാട്ടുപോത്തു വീഴുന്ന ഒരു കുഴിയും കുറെ വയലും കിടക്കുന്നത് തനിക്കു കിട്ടിയാൽമതി എന്നു പണിക്കർ ബോധിപ്പിച്ചു. ഇതനുസരിച്ച് പാമ്പൂരാം പാറയ്ക്ക് മേക്ക്, കവണാറിനു(മീനച്ചിലാർ) വടക്ക്, കാട്ടുകിടപ്പിനു തെക്ക്, ളാലം തോടിന് കിഴക്ക്, വടക്കും മനവക സ്ഥലങ്ങൾ എല്ലാം കാണിച്ച് ഒരാധാരം എഴുതി തമ്പുരാൻ പണിക്കർക്കു നൽകി. അങ്ങനെ കിട്ടിയ പാടവും വസ്തുക്കളും ഇന്നും തൊമ്മപ്പണിക്കരുടെ അനന്തരാവകാശികളുടെ കൈവശം തന്നെയിരിക്കുന്നു.

തൊമ്മപ്പണിക്കർക്ക് മൂന്നു പുത്രന്മാരും മൂന്നു പുത്രിമാരുമാണ് ഉണ്ടായിരുന്നത്. മൂത്തപുത്രിയെ പൊരുന്നോലിലും, രണ്ടാമത്തെ പുത്രിയെ മൈലാടുരും, മൂന്നാമത്തെ പുത്രിയെ കടനാട് വെട്ടിക്കാപ്പള്ളിയിലും വിവാഹം ചെയ്തയച്ചു. മൂത്തപുത്രൻെറ പേര് ഇട്ടിച്ചെറിയാ എന്നും രണ്ടാമൻെറ പേര് കൊച്ചിട്ടി ഐപ്പ് എന്നും മൂന്നാമൻെറ പേര് കൊച്ചുമത്തായി എന്നു മായിരുന്നു. ഇവർ മൂവരുമാണ് യഥാക്രമം ഒറ്റപ്ലാക്കൽ, കിഴക്കേക്കര, പടിഞ്ഞാറെക്കര എന്നീ കുടുംബങ്ങളുടെ നായകന്മാരായിതീർന്നത്. തൻെറ മൂന്ന് ആൺമക്കളെയും പറ്റി തൊമ്മപ്പണിക്കർക്കുണ്ടായിരുന്ന അഭിപ്രായം അദ്ദേഹംതന്നെ ഒരവസരത്തിൽ അവരോടു തന്നെ പറഞ്ഞതിപ്രകാരമാ യിരുന്നു. ''എൻെറ മക്കളിൽ കാര്യത്തിന് ഇട്ടിച്ചെറിയാ, മല്ലിന് കൊച്ചിട്ടി ഐപ്പ്, പണത്തിനു കൊച്ചുമത്തായി''.

തൊമ്മപ്പണിക്കരുടെ പ്രഥമപുത്രൻ ഇട്ടിച്ചെറിയാ വെള്ളാപ്പാടു കരയിൽ കയ്യാലയ്ക്കകത്തു നിന്ന് വിവാഹം കഴിച്ച് കിഴതടിയൂർ ഒറ്റപ്ലാക്കൽ പുരയിടത്തിൽ താമസമാരംഭിച്ചു. അതീവ ബുദ്ധിമാനും കർമ്മകുശലനുമാ യിരുന്ന ഇട്ടിച്ചെറിയായുടെ സാമർത്ഥ്യത്തിൽ ആകൃഷ്ടനായ മീനച്ചിൽ കർത്താവ്, അദ്ദേഹത്തെ തൻെറ മന്ത്രിയായി നിയമിച്ചു. ഈ അവസര ത്തിലാണ് പാലാ അങ്ങാടിയുടെ സ്ഥാപനം





നടന്നത്. കൊല്ലവർഷം 910–ാം ആണ്ടിൽ (എ.ഡി 1736) മീനച്ചിൽ കർത്താവ് കടപ്പാട്ടൂർ എന്ന സ്ഥലത്ത് ഒരു അങ്ങാടി സ്ഥാപിക്കുവാൻ തീരുമാനിക്കുകയും, വിവരം മന്ത്രിയെ അറിയിക്കുകയും ചെയ്തു. മന്ത്രി സ്വപിതാവായ തൊമ്മപ്പണിക്കരുമായി ആലോചിച്ച് തങ്ങളുടെ വകയായ തൊമ്മനാമറ്റത്തിൽ (ഇപ്പോൾ ടൗൺ ബസ്റ്റാൻഡ് സ്ഥിതിചെയ്യുന്ന സ്ഥലം) അങ്ങാടി സ്ഥാപിക്കുവാൻ കർത്താവിനോടപേക്ഷിച്ചു. തൊമ്മപ്പണിക്കരുടെ പേരിൽ നിന്നുമാണ് ആ സ്ഥലത്തിനു തൊമ്മനാമറ്റം എന്നു പേരുണ്ടായത്. മന്ത്രിയുടെ താൽപര്യം അനുസരിച്ച് മീനച്ചിലാറിൻെറ തീരത്ത്, തൊമ്മനാമറ്റത്തിൽ പാലാ പട്ടണം സ്ഥാപിക്കപ്പെടുകയാണുണ്ടായത്. അങ്ങാടിയുടെ നടുവിലായി തൊമ്മപ്പണിക്കർ ഒരു പള്ളിയും പണികഴിപ്പിച്ചു. ഇതാണ് പാലാ പട്ടണത്തിൽ ഇന്നും കാണുന്ന അമലോത്ഭവമാതാവിൻെറ കുരിശു പള്ളി. കുറെ നാളു കൾക്കുശേഷം കർത്താവുമായുള്ള അഭിപ്രായവ്യത്യാസത്തെ തുടർന്ന് ഇട്ടിച്ചെറിയാ മന്ത്രി സ്ഥാനത്തു നിന്ന് വിരമിച്ചു.

തൊമ്മപ്പണിക്കരുടെ ദ്വിതീയപുത്രൻ കൊച്ചിട്ടി ഐപ്പ് ആണ്ടൂർ കരയിൽ പള്ളിപ്പുറത്തു നിന്ന് വിവാഹം ചെയ്തു ദത്തവകാശമായി താമസിച്ചു പോന്നു. ഈ വിവാഹം നടക്കുന്നതിൽ ആണ്ടൂർ പ്രദേശത്തെ അധിപനായിരുന്ന അഞ്ചുകുള പണിക്കർക്ക് എതിർപ്പുണ്ടായിരുന്നു. ഈ എതിർപ്പ് പിന്നീട് പല വഴക്കുകൾക്കും വാക്കേറ്റങ്ങൾക്കും കാരണമായി. ആണ്ടൂരെ തൻെറ താമസം അപകടമാണെന്നു കണ്ട് കൊച്ചിട്ടി ഐപ്പ് ഭാര്യാസമേതം കിഴതടിയൂർക്ക് തിരിച്ചു പോരുകയും കിഴക്കേക്കരവീട്ടിൽ താമസം ആരംഭിക്കുകയും ചെയ്തു. ഇദ്ദേഹത്തിൻെറ പിന്തുടർച്ചവകാശികളാണ് ഇന്ന് നിലവിലുള്ള പുത്തൻപുരയ്ക്കൽ, പീടികയിൽ, ആലയ്ക്കൽ, പുലിമലക്കുന്നേൽ, മൂന്നുമാക്കൽ, തട്ടാംപറമ്പിൽ, കൈതോലിൽ, വാകാനി യിൽ, കുമ്പുക്കൽ, കൊച്ചുമറ്റത്തിൽ എന്നീ ശാഖകൾ ഉൾപ്പെട്ട കിഴക്കേ ക്കര കുടുംബം.

## പടിഞ്ഞാറെക്കര കുടുംബം

തൊമ്മപ്പണിക്കരുടെ ഇളയപുത്രൻ കൊച്ചുമത്തായി കാഞ്ഞിരപ്പള്ളി കല്ലറയ്ക്കൽ നിന്ന് വിവാഹം ചെയ്ത് പടിഞ്ഞാറെക്കര വീട്ടിൽ താമസിച്ചു. ഓലിപ്പാടത്തിൻെറ കിഴക്കും പടിഞ്ഞാറുമായി രണ്ടുകെട്ടിടങ്ങളുണ്ടായിരുന്നതിനെ കിഴക്കേക്കര എന്നും

പടിഞ്ഞാറെക്കര എന്നുമാണ് അക്കാല ത്ത് പറഞ്ഞു പോന്നിരുന്നത്. മത്തായി തരകൻ വളരെ ധനപുഷ്ടിയും അസാമാന്യ ജനസമ്മതിയുള്ളവനും ആയിരുന്നു. അക്കാലത്ത് കിഴതടിയൂർ പ്രദേശത്തെ ക്രിസ്ത്യാനികളുടെ പല അവശതകളും പരിഹരിച്ചു കൊടു ത്തിരുന്നത് അദ്ദേഹമായിരുന്നു. അധികൃതർക്കും അദ്ദേഹം സമ്മതനായി രുന്നു.

മത്തായി തരകൻെറ കാലത്ത് മീനച്ചിലാറിൻെറ ഇരുവശങ്ങളിലും ചെട്ടികൾ താമസിച്ചിരുന്ന ചെട്ടിത്തെരുവുകളായിരുന്നു. ക്രിസ്ത്യാനികളുടെ വിവാഹ ഘോഷയാത്ര, ശവസംസ്കാരയാത്ര തുടങ്ങിയവ പാലാ പള്ളിയിലേയ്ക്ക് പോകുമ്പോൾ ഇവർ പലപ്പോഴും തടസ്സം ഉണ്ടാക്കിയിരുന്നു. ഈ ശല്യത്തിന് ഒരു അവസാനം ഉണ്ടാക്കിയത് മത്തായിത്തരകൻ തന്നെ യായിരുന്നു. അദ്ദേഹത്തിൻെറ മൂത്ത പുത്രൻെറ വിവാഹ ഘോഷയാത്ര തുളുനാട്ടിൽ നിന്ന് വരുത്തിയ ആയുധാഭ്യാസികളുടെ അകമ്പടിയോടെ യാണ് പാലാ പള്ളിയിലേയ്ക്ക് തിരിച്ചത്. ചെട്ടിത്തെരുവിൽ എത്തിയപ്പോൾ ചെട്ടികൾ കല്യാണയാത്ര തടയുവാൻ തയ്യാറെടുത്തു. ചെട്ടിയുടെ വരാന്തയിലുണ്ടായിരുന്ന ഒരു ഉരുൾതൂൺ മുമ്പിൽ നിന്ന അഭ്യാസി വെട്ടി മുറിച്ചിട്ടു. തൂണിൻെറ അടിവശം വീഴുകയും മുകൾവശം വീഴാതെ നിൽക്കുകയും ചെയ്യുന്നതു കണ്ട് ഭയപ്പെട്ട ചെട്ടികൾ വൈരാഗ്യം വെടിഞ്ഞ് മത്തായി ത്തരകനുമായി രമ്യപ്പെടുകയാണുണ്ടായത്.

മറ്റൊരവസരത്തിൽ മത്തായിത്തരകനും ചെട്ടികളുമായി വാക്കേറ്റമുണ്ടായി. അതിൽ പിന്നെ മാപ്പിളമാരുടെ ചരക്കുകൾ ചെട്ടികൾക്ക് കൊടു ത്തുകൂടാ എന്ന് മത്തായിത്തരകൻ ആജ്ഞാപിക്കുകയും തന്മൂലം ചെട്ടിക ളുടെ വ്യാപാരത്തിന് മാന്ദ്യമുണ്ടാകുകയും ചെയ്തു. ചെട്ടികളുടെ നേതാവ് മത്തായി തരകനെ കണ്ട് ക്ഷമ പറഞ്ഞതിനുശേഷം മാത്രമാണ് അവരുമായി കച്ചവടം പുനരാരംഭിച്ചത്.

പടിഞ്ഞാറെക്കര മത്തായിതരകന് രണ്ട് പുത്രന്മാരുണ്ടായി. തൊമ്മനും കൊച്ചീപ്പനും. പടിഞ്ഞാറെക്കര തറവാട്ടിൽ താമസമാക്കിയ കൊച്ചീപ്പൻെറ സന്തതി പരമ്പരയിൽ പെട്ടതാണ് പടിഞ്ഞാറെക്കര, കുട്ടപ്ലാക്കൽ, തെക്കേതെരുവിൽ, മരുതോലിൽ, മേടയ്ക്കൽ എന്നീ കുടുംബാംഗങ്ങൾ. മൂത്തപുത്രൻ തൊമ്മൻ, വിവാഹശേഷം കളപ്പുരയ്ക്കലേയ്ക്ക് മാറിതാമസിച്ചു.






## കളപ്പുരയ്ക്കൽ തൊമ്മൻ

കളപ്പുരയ്ക്കൽ തൊമ്മൻ കോതമംഗലത്ത് ഇലഞ്ഞിക്കൽ നിന്ന് വിവാഹം ചെയ്തതിൽ മത്തായി, കുര്യൻ, തൊമ്മൻ എന്നിങ്ങനെ മൂന്നു പുത്രന്മാരുണ്ടായി. ഭാര്യമരിച്ചതിനാൽ അങ്കമാലി മുണ്ടാടൻെറ വീട്ടിൽ നിന്നും പുനർ വിവാഹം ചെയ്തു. ഈ വിവാഹത്തിൽ ഈപ്പൻ, വർഗ്ഗീസ്, പൈലോ എന്നിങ്ങനെ മൂന്നു പുത്രന്മാർകൂടിയുണ്ടായി.

ഇവരിൽ മൂത്തപുത്രൻ മത്തായിയാണ് തെരുവിൽ കുടുംബത്തിൻെറ കാരണവർ. രണ്ടാമനായ കുര്യനാണ് വെട്ടുകാട്ടിൽ പഴൂർ, കൈതോലിൽ, കുത്തിവളച്ചേൽ എന്നീ ശാഖകളടങ്ങുന്ന കൊട്ടാരത്തിൽ കുടുംബത്തിൻെറ പൂർവ പിതാവ്. മൂന്നാമത്തെ പുത്രൻ തൊമ്മൻെറ പിൻഗാമികളാണ് തലച്ചിറ, ചീരാങ്കുഴി, കെടുമ്പൻ പുരയിടം, തൊഴുത്തുങ്ക വയലിൽ, തറപ്പേൽ, വെള്ളിമൂഴയിൽ, കളപ്പുരയിൽ, പാലിയക്കുന്നേൽ എന്നീ ശാഖകളുള്ള ചക്കൻകുളം കുടുംബം. നാലാമൻ ഈപ്പൻെറ സന്താനങ്ങളാണ് തെക്കേകൊണ്ടം കുടുംബവും അതിൻെറ ശാഖകളായ ആലയ്ക്കാപ്പള്ളി, ഒഴാക്കൽ, അഞ്ചേരിൽ കുടുംബങ്ങളും. അഞ്ചാമത്തെ പുത്രനായ വർഗീസ് മണ്ടവത്തിൽ കുടുംബത്തിൻെറ ജനയിതാവാണ്. ആറാമനായ പൈലോ തറവാടായ കളപ്പുരയ്ക്കൽ തന്നെ താമസിച്ചു. അദ്ദേഹത്തിൻെറ പിൻഗാമികളാണ് മുണ്ടാങ്കൽ, വേലിക്കകത്ത് എന്നീ കുടുംബങ്ങൾ.

## ശ്രീ. മാത്യു ജോസഫ് ചക്കൻകുളത്തു കളപ്പുരയിൽ



മാത്യു ജോസഫ് ചക്കൻ കുളത്തു കളപ്പുരയിൽ

മേവിട എറകോന്നി തറവാട്ടിൽ നിന്നും പാലായിലേക്ക് കുടിയേറിയ എറകോന്നി ഇട്ടിച്ചെറിയയുടെ ഇളയ പുത്രൻ തൊമ്മന് മൂന്ന് ആൺമക്കൾ ജനിച്ചു. ഇവരിൽ ഇളയവനായ കൊച്ചുമത്തായിയുടെ മൂത്തമകൻ തൊമ്മനാണ് കളപ്പുരയ്ക്കൽ കുടുംബത്തിന്റെ കാരണവർ. ഇദ്ദഹത്തിന്റെ സന്തതിപരമ്പരയിൽപ്പെട്ട ആളാണ് ദിവംഗതനായ ശ്രീ മാത്യു ജോസഫ് ചക്കൻകുളത്ത്കളപ്പുരയിൽ.

ശ്രീ മാത്യു ജോസഫ് അൽമായനായ ഒരു സന്യാസസഭാസ്ഥാപകൻ എന്ന നിലയിൽ എല്ലാവരാലും

അറിയപ്പെടുന്ന വ്യക്തിയാണ്. ഇദ്ദേഹം സ്ഥാപിച്ച സന്യാസിനി സഭയാണ് ''സെന്റ് മർത്താസ് സന്യാസിനി സമൂഹം''.

കേരളത്തിലെ പുരാതന കത്തോലിക്കാ കുടുംബങ്ങളിൽ കർഷകർ, രാഷ്ട്രീയ നേതാക്കന്മാർ, വ്യവസായ പ്രമുഖർ, വിദ്യാഭ്യാസ പ്രവർത്തകർ, ഉന്നത ഉദ്യോഗസ്ഥർ മുതലായവർ ധാരാളമായി ഉണ്ടായിട്ടുണ്ട്. എന്നാൽ എറകോന്നി മഹാകുടുംബത്തിനു മാത്രം അവകാശപ്പെടുവാനും അഭിമാനിക്കുവാനും കഴിയുന്ന ഒന്നാണ് ഈ കുടുംബത്തിലെ ഒരു അൽമായൻ ഒരു സന്യാസഭ സ്ഥാപിച്ചു എന്നുള്ളത്.

## സെന്റ് മർത്താസ് സഭ

1956 നവംബർ 7 ന് പാലാരൂപതയിൽ മൂലമറ്റത്ത് ശ്രീ മാത്യു ജോസഫ് ചക്കൻകുളത്തുകളപ്പുരയ്ക്കൽ ആണ് ഈ സഭ സ്ഥാപിച്ചത്. സമർപ്പിത ജീവിതം നയിക്കുവാൻ ആഗ്രഹമുണ്ടെങ്കിലും, വിദ്യാഭ്യാസം, ആരോഗ്യം, പിതൃധനം മുതലായവയുടെ കുറവുകൊണ്ട് മറ്റുസന്യാസസഭകളിൽ പ്രവേശിക്കുവാൻ സാധിക്കാത്തവർക്കു വേണ്ടി ഉദ്ദേശിച്ചിട്ടുള്ളതായിരുന്നു ഇത്. ഭാരതത്തിലെ വിവിധ രൂപതകളിലും, വിദേശരാജ്യങ്ങളിലും സെന്റ്. മർത്താസ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിച്ചു വരുന്നു. ഈ സമൂഹത്തിന്റെ ജനറലേറ്റ് പാലായിലെ പുത്തൻപള്ളിക്കുന്നിൽ സ്ഥിതിചെയ്യുന്നു.

*(പാല രൂപത പ്രസിദ്ധീകരിച്ച അവർണ്ണനീയ ദാനങ്ങളുടെ സുവർണ്ണ വർഷങ്ങൾ എന്ന പുസ്തകത്തിൽ നിന്നും).*

## തെക്കേക്കണ്ടം കുടുംബം

കളപ്പുരയ്ക്കൽ തൊമ്മന്റെ നാലാമത്തെ പുത്രൻ ഈപ്പൻ വിവാഹാനന്തരം തറവാടിനു സമീപമായ തെക്കേണ്ടം പുരയിടത്തിലേയ്ക്കു മാറിതാമസിച്ചു. അദ്ദേഹത്തിന് ഇട്ടിച്ചെറിയാ, തൊമ്മൻ, ഈപ്പൻ, മത്തായി, വർക്കി എന്നിങ്ങനെ അഞ്ചാൺമക്കളാണ് ഉണ്ടായിരുന്നത്. ഇവരിൽ ഇട്ടിച്ചെറിയാ വിവാഹശേഷം അഞ്ചേരിയിലേയ്ക്കും, തൊമ്മൻ ഒഴാക്കലേയ്ക്കും മാറിതാമസിച്ചു. മൂന്നാമത്തെ പുത്രൻ ഈപ്പൻ തെക്കേക്കണ്ടത്തിൽ തന്നെ താമസിച്ചു. നാലാമത്തെ മകൻ മത്തായി വൈദികനായിതീർന്നു. തെക്കേ ക്കണ്ടത്തിൽ മത്തായി കത്തനാർ എന്ന പേരിൽ പിൽക്കാലത്തു പ്രസിദ്ധ നായ ഇദ്ദേഹം വാരാപ്പുഴ ബർണർദീനോസ് മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായി അനേകവർഷം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഈപ്പന്റെ ഇളയ മകൻ വർക്കി ആലയ്ക്കാപ്പള്ളിയിൽ നിന്നും വിവാഹം കഴിച്ച് ദത്തവകാശമായി പോകുകയാണുണ്ടായത്.






## അഞ്ചേരിൽ ശാഖ

തെക്കേക്കണ്ടത്തിൽ ഈപ്പന്റെ പ്രഥമപുത്രൻ ഇട്ടിച്ചെറിയാ കരിമണ്ണൂർ ചാലപ്പാട്ടു നിന്ന് വിവാഹം കഴിച്ച് അഞ്ചേരിയിലേയ്ക്ക് മാറിതാമസിച്ചു. പിൽക്കാലത്ത് അഞ്ചേരിൽ തറവാടായി മാറിയ ഈ വീട് പാലാ അങ്ങാടിയിൽ നിന്ന് വടക്കോട്ട് ളാലത്ത്മ്പലത്തിന്റെ കിഴക്കുഭാഗത്തുകൂടി ളാലം തോടുകടന്ന് പുലിമലക്കുന്ന് കയറിയിറങ്ങി പ്രവിത്താനം, അന്തീനാട്, കൊല്ലപ്പള്ളി, വഴി ഇന്നത്തെ പാലാ തൊടുപുഴ റോഡിന് ഏതാണ്ട് സമാന്തരമായിട്ട് 1755ൽ നിർമ്മിച്ചറോഡിന്റെ പടിഞ്ഞാറുവശത്ത് കിഴക്കു ദർശനമായിട്ടാണ്. 1889-ൽ ആണ് ഇന്നത്തെ വാഹനഗതാഗതയോഗ്യമായ റോഡ് വെട്ടിയത്. ഇദ്ദേഹത്തിന് ഈപ്പൻ എന്നപുത്രനും ഒരു പുത്രിയുമാണ് ഉണ്ടായിരുന്നത്. ചെറുപ്പത്തിൽ തന്നെ ഇദ്ദേഹം നിര്യാതനായി. പുത്രിയെ മൈലാടൂരു വിവാഹം ചെയ്തയച്ചു. അഞ്ചേരിൽ കുഞ്ഞച്ചൻ എന്നറിയപ്പെട്ടിരുന്ന പുത്രൻ ഈപ്പൻ മീനച്ചിൽ പൂവത്താനിക്കുന്നേൽ അന്നമ്മയെ വിവാഹം ചെയ്ത് അഞ്ചേരിൽ തന്നെ താമസിച്ചു. ഇദ്ദേത്തിന് ഇട്ടിച്ചെറിയാ, ഔസേപ്പ്, ഈപ്പൻ എന്ന മൂന്നു പുത്രന്മാരും രണ്ടു പുത്രിമാരും ജാതരായി. ഇവരിൽ മൂത്തപുത്രിയെ വെള്ളരിങ്ങാട്ടും ഇളയപുത്രിയെ കുമരകത്ത് കട്ടക്കയത്തും വിവാഹം ചെയ്തയച്ചു. ഇട്ടിച്ചെറിയാ, ഔസേപ്പ്, ഈപ്പൻ എന്നീ മൂന്നു സഹോ ദരന്മാരുടെ വംശാവലിയിൽ പെട്ടവരാണ് ഇന്ന് നിലവിലുള്ള വിവിധ അഞ്ചേരിൽ കുടുംബങ്ങൾ.

## എറകോന്നി തോടനാൽ ശാഖ






# എറകോന്നി തോടനാൽ ശാഖ

മേവിട വെട്ടിക്കാട്ട് പുരയിടത്തിൽ താമസമാക്കിയ ഇട്ടിച്ചെറിയായുടെ ഒരു സഹോദരന്റെ പേരാണ് തൊമ്മൻ. ഇദ്ദേഹം കിഴക്കേടത്ത് കർത്താവിന്റെ മുതലുപിടി കാര്യക്കാരനും കൊപ്രാവ്യാപാരിയുമായിരുന്നു. പന്തത്തല പരിന്തിരിക്കൽ തൊമ്മന്റെ മകളെയായിരുന്നു പ്രസ്തുത തൊമ്മൻ വിവാഹംകഴിച്ചിരുന്നത്. അവർ റവ. ഫാദർ തോമസ്സ് പരിന്തിരി യുടെ സഹോദരിയുമായിരുന്നു. തൊമ്മന് പോത്തൻ എന്ന പുത്രനും അന്നമ്മ, മറിയം എന്നീ രണ്ടുപുത്രിമാരും ജനിച്ചു.

മൂത്തപുത്രി അന്നമ്മയെ പൂവരണി ഈറ്റത്തോട്ട് ലൂക്കാ തൊമ്മൻ വിവാഹം ചെയ്തു. ഇളയപുത്രി മറിയത്തെ പാലാ ഇടവക മീനച്ചിൽ ഏഴാച്ചേരിവീട്ടിൽ ചാക്കോയാണ് വിവാഹം ചെയ്തത്. ഏകമകൻ പോത്തൻ പാലാപ്പള്ളി ഇടവക പാറപ്പള്ളി കൊല്ലുണ്ടയിൽനിന്നും വിവാഹംചെയ്തു. പോത്തന് രണ്ടാൺമക്കളും അഞ്ച് പെൺമക്കളും ജനിച്ചു. പോത്തൻ മേവിട ഉണ്ടായിരുന്ന എറകോന്നി പുരയിടം കിഴക്കേടത്ത് കർത്താവിന്ന് കൈമാറിയശേഷം തോടനാൽ കുരുന്നുംമലയ്ക്ക് മാറിത്താമസിച്ചു. പോത്തന്റെ അഞ്ചു പുത്രിമാരിൽ മൂത്തപുത്രി മറിയത്തെ മേവിട കണയങ്കൽ വെള്ളാപ്പള്ളി വർക്കി (പോപ്പ്) വിവാഹംചെയ്തു. രണ്ടാ മത്തെ മകൾ കൊച്ചേലിയെ മീനച്ചിൽ മുള്ളനാനിക്കൽ ചെറിയത് വിവാഹം ചെയ്തു. മൂന്നാമത്തെപുത്രി അന്നമ്മയെ കാഞ്ഞിരമറ്റം ഞായർകുളം സ്കറിയാ വിവാഹംചെയ്തു. നാലാമത്തെ പുത്രി റോസമ്മയെ ചെങ്ങളം വെറ്റക്കൊടിമാക്കൽ വിവാഹംചെയ്തയച്ചു. ഇളയപുത്രി ത്രേസ്യാ അനാരോഗ്യംമൂലം അവിവാഹിതയായി കുടുംബത്തിൽത്തന്നെ താമസിക്കുകയാണുണ്ടായത്.

പോത്തന്റെ രണ്ടാൺമക്കളിൽ മൂത്തപുത്രൻ തൊമ്മൻ പാലാപ്പള്ളി ഇടവക പാലക്കിയാൽ ഏലിയെ വിവാഹംചെയ്തു. തൊമ്മൻ ഏലി ദമ്പതിമാർക്കു രണ്ടുപുത്രന്മാരും ഒരുപുത്രിയും ജനിച്ചു. പുത്രി ചെറുപ്പത്തിലേ നിര്യാതയായി. പുത്രന്മാരിൽ മൂത്തയാൾ അന്തോണി (കുട്ടി) വാഴൂർ മാമ്പുഴക്കൽ ത്രേസ്യായെ വിവാഹംകഴിച്ചു.

ഇളയപുത്രൻ തൊമ്മൻ ഉരുളികുന്നം കാഞ്ഞമല ചിന്നമ്മ(ഏലി)യെ വിവാഹംചെയ്തു.

പോത്തന്റെ ഇളയപുത്രൻ ഇമ്മാനുവേൽ (മാണി) ആനിയ് ക്കാട് അടക്കാമുണ്ടയ്ക്കൽ മറിയത്തെ വിവാഹം ചെയ്തു. മാണി-മറിയം ദമ്പതിമാർക്ക് അന്നക്കുട്ടി എന്ന ഒരു മകളും ഫിലിപ്പ് (പാപ്പച്ചൻ) എന്ന മകനും ജനിച്ചു. അന്നക്കുട്ടിയെ ഉരുളികുന്നം കൊല്ലക്കൊമ്പിൽ ചാക്കോ (കുഞ്ഞുകുട്ടി) വിവാഹം ചെയ്തു. ഫിലിപ്പ്-അന്നക്കുട്ടി ദമ്പതികൾ കണ്ണൂർ ജില്ലയിൽ കൊട്ടിയൂരിൽ താമസമാക്കി. ഇവർക്ക് ബേബി, ജോസ്, എന്നു രണ്ടുപുത്രന്മാരും തങ്കമ്മ, വത്സമ്മ, ഇന്നാമ്മ എന്നീ മൂന്നു പുത്രിമാരും ജനിച്ചു. ഫിലിപ്പ്-അന്നക്കുട്ടി ദമ്പതികളുടെ മൂത്തപുത്രനായ ബേബി (ഇമ്മാനുവേൽ) കൊട്ടിയൂർ വാക്കയിൽ മേരിയെ വിവാഹംചെയ്തു വയനാട് ജില്ലയിലെ മാനന്തവാടിയിൽ താമസിക്കുന്നു. ഇവർക്ക് രണ്ടു പുത്രന്മാരും ഒരു പുത്രിയുമുണ്ട്. മൂത്തമകൾ ബിന്ദുവിനെ (അന്ന) കോഴിക്കോട് പാറോപ്പള്ളി ഇടവക തുരുത്തിപ്പറമ്പിൽ അഭിലാഷ് (ചാക്കോ) വിവാഹംചെയ്തു. ബേബിയുടെ മൂത്തപുത്രൻ ബിജു എം.ബി.എ.യ്ക്കു ശേഷം പിതാവിനോട് ഒപ്പം ബിസിനസ്സ് ചെയ്യുന്നു. ബേബിയുടെ രണ്ടാമത്തെ മകൻ ബിജോയി എൻജിനീയറിംഗ് വിദ്യാർത്ഥിയാണ്.

ഫിലിപ്പിന്റെ രണ്ടാമത്തെ മകനായ ജോസ് കണ്ണൂർജില്ലയിൽ ശ്രീകണ്ഠാപുരത്ത് ഏർത്തേടത്ത് ബിജിയെ (ത്രേസ്യാമ്മയെ) വിവാഹം ചെയ്തു കൊട്ടിയൂരുള്ള തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് അമൃത (അന്ന), നമിത (ത്രേസ്യാ) എന്നീ രണ്ടുപുത്രിമാരുണ്ട്. ഇവർ വിദ്യാർത്ഥികളാണ്.

ഫിലിപ്പിന്റെ മൂത്തമകൾ തങ്കമ്മയെ (മേരിയെ) എടത്താഴെ ജോയി വിവാഹം ചെയ്തു കണ്ണൂർജില്ലയിൽ ഒടാൽകോട്ട് താമസിക്കുന്നു. രണ്ടാമത്തെ മകൾ വത്സമ്മയെ (ഏലി) തളിപ്പറമ്പിൽ കുരിശുംമൂട്ടിൽ ടോമി വിവാഹം ചെയ്തു തളിപ്പറമ്പിൽ താമസിക്കുന്നു. ഇളയമകൾ ഇന്നാമ്മയെ (അന്ന) കണ്ണൂരടുത്ത് കച്ചേരിക്കടവിൽ മണിക്കൊമ്പേൽ ജോളി വിവാഹം ചെയ്തു കച്ചേരിക്കടവിൽ താമസിക്കുന്നു.

തൊമ്മന്റെ മൂത്തപുത്രൻ അന്തോണിയുടെ ഏകമകൻ തോമസ്സ് വെറ്റിലപ്പാറയിൽ ചേനാപറമ്പിൽ കുന്നേൽ അച്ചാമ്മയെ







എറകോന്നി ഫിലിപ്പ് മകൻ ബേബിയും കുടുംബാംഗങ്ങളും (മാനന്തവാടി)

വിവാഹം ചെയ്തു. ഇവർക്ക് ദീപാ (ത്രേസ്യാ), ദീപു (ആന്റണി) എന്നീ രണ്ടു മക്കളുണ്ട്.

തൊമ്മൻ-ഏലി ദമ്പതികളുടെ ഇളയമകനും ഇപ്പോൾ തോടനാലുള്ള എറകോന്നി കുടുംബത്തിൽ താമസിക്കുന്നയാളുമായ തൊമ്മച്ചൻ - ചിന്നമ്മ ദമ്പതികൾക്ക് രണ്ടു പുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു.

മൂത്തപുത്രൻ ജോസഫ് കുമളി വെള്ളാരംകുന്ന് ചെറുശ്ശേരിൽ വത്സമ്മയെ (മറിയം) വിവാഹം ചെയ്തു. ഇവർക്ക് ധന്യാറാണി, ആര്യാ എന്നീ രണ്ടു പുത്രിമാരും എഡ്വിൻ എന്ന പുത്രനും ജനിച്ചു. ഇവർ തറവാടിനു സമീപം താമസിക്കുന്നു.

രണ്ടാമത്തെ മകൻ ടോമി (തോമസ്) ചങ്ങനാശ്ശേരി തുരുത്തിയിൽ മുട്ടംചേരിൽ ജസ്സിയെ വിവാഹംചെയ്ത് തോടനാലുള്ള തറവാട്ടിൽ താമ സിക്കുന്നു. ഇവർക്ക് മേഘ(മേരി)യെന്ന പുത്രിയും ഉജ്ജ്വൽ (ആന്റണി) എന്ന പുത്രനുമുണ്ട്.

മൂത്തപുത്രി എത്സമ്മയെ (ചാച്ചി) മണിമല കൊല്ലാറയിൽ ജോൺ ജോസഫ് വിവാഹംചെയ്തു.

രണ്ടാമത്തെപുത്രി മിനിയെ ചങ്ങനാശ്ശേരി വേരൂർ കാർത്തിക പ്പള്ളി ബിജുമോൻ വിവാഹംചെയ്തു. ബിജു-മിനി ദമ്പതികൾ വിദേശത്ത് ജോലി ചെയ്യുന്നു.





# എറകോന്നി പുളിക്കൽ ശാഖ

എറകോന്നി മാപ്പിളയുടെ പുത്രന്മാരിൽ ഒരാൾ 17-ാം നൂറ്റാണ്ടിൻെറ ആരംഭഘട്ടത്തിൽ മേവിട, വെട്ടിക്കാട്ടുപുര യിടത്തിൽ താമസിച്ചു. അദ്ദേഹത്തിൻെറ ഏഴു പുത്രന്മാരിൽ ഒരാൾ മേവിട വന്നുതാമസിച്ചു. ഇദ്ദേഹത്തിൻെറ സന്തതി പിന്നീട് പുളിക്കലേക്ക് മാറിത്താമസിച്ചു. പരമ്പരകളെപ്പറ്റിയുള്ള ആദ്യകാലവിവരങ്ങൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. ഏകദേശം നൂറ്റമ്പതുവർഷംമുമ്പുള്ള ചരിത്രവിവരങ്ങൾ കൃത്യമായി ലഭിച്ചിട്ടുണ്ട്. അത് ഹ്രസ്വമായി താഴെ വിവരിക്കുന്നു;

പുളിക്കൽ തറവാട്ടിൽ താമസിച്ചിരുന്ന കാരണവർക്ക് അവിരാ, ഉണ്ണിച്ചെറിയത്, എന്നീ രണ്ടു മക്കളുണ്ടായിരുന്നു. ഇവരിൽ അവിരാ താഴത്തുപുളിക്കലും ഉണ്ണിച്ചെറിയത് പുളിക്കൽകരോട്ടും താമസമാക്കി.

## അവിരാ താഴത്തുപുളിക്കൽ

അവിരാക്ക് ഉലഹന്നാൻ, പോപ്പ്, മത്തായി, അവിരാ എന്നീ നാല് ആൺമക്കളും മറിയം, ഏലി എന്നീ രണ്ടു പെൺമക്കളും ജനിച്ചു. മൂത്തയാൾ ഉലഹന്നാൻ വെട്ടിമുകൾ മണ്ണുക്കുളത്തുനിന്നു വിവാഹം ചെയ്തു. പോപ്പ് (ഔസേപ്പ്) പന്തത്തല ഉള്ളാട്ടുനിന്നും ഏലിയെ വിവാഹം ചെയ്തു. ഇവർക്ക് അവിരാ, ഔത, മത്തായി, തൊമ്മച്ചൻ, വർക്കി, കുഞ്ഞുപെണ്ണ്, മാമ്മി എന്നീ ഏഴ് മക്കൾ ജനിച്ചു.

## പോപ്പ് മകൻ അവിരാ

അവിരാ മേവിട പാലപ്പുഴനിന്നും വിവാഹംകഴിച്ച് മേവിടയിൽ താമസിച്ചു. ഇവർക്ക് ജോസഫ്, മാത്യു, തോമസ്സ്, ജോർജജ്, ഏലി എന്നീ അഞ്ച് മക്കൾ ജനിച്ചു.

മൂത്തമകൻ ജോസഫ് കുടമാളൂർ പ്ലാക്കിയിൽ തങ്കമ്മയെ വിവാഹം ചെയ്ത് മേവിടയിൽ താമസിക്കുന്നു. ഇരുവരും ഹൈസ്ക്കൂൾ അദ്ധ്യാപക രാണ്. ഇവർക്ക് ബോസ്, സോളൻ, ലത എന്നി മൂന്നു മക്കളുണ്ട്. ബോസ് ഹൈസ്ക്കൂൾ അദ്ധ്യാപകനാണ്. അഡ്വക്കേറ്റായ സോളൻ അറിയപ്പെടുന്ന രാഷ്ട്രീയപ്രവർത്തകനാണ്. ലത വിദ്യാർത്ഥിനിയാണ്.

രണ്ടാമത്തെ പുത്രനായ മാത്യു തീക്കോയി ചങ്ങഴശ്ശേരിയിൽ നിന്നും മേരിയെ വിവാഹം ചെയ്ത് മേവിടയിൽ താമസിക്കുന്നു.

ഇവർക്ക് രജീഷ്, രമ്യ, രേഖ എന്നീ മൂന്നു കുട്ടികൾ ജനിച്ചു. രേഖ ബാല്യത്തിലേ മരണമടഞ്ഞു.

മൂന്നാമത്തെ പുത്രനായ തോമസ്സ് അതിരമ്പുഴ നാട്ടുവഴിപ്പറമ്പിൽ നിന്നും ആലീസിനെ വിവാഹംചെയ്തു. ഇവർക്ക് സിജോ, സിജി എന്നീ രണ്ടു കുട്ടികളുണ്ട്.

ഇളയപുത്രനായ ജോർജ്ജ് (വർക്കി) പാലാ അടിച്ചിലാമാക്കൽ നിന്നും മേരിയെ വിവാഹം ചെയ്തു മേവിടയിൽ താമസിക്കുന്നു. ഇവർക്ക് ജോബിൻ, മെറിൻ എന്നീ രണ്ടു കുട്ടികളുണ്ട്.

ഏകപുത്രിയായ ഏലി സെൻറ് ആൻസ് സന്യാസിനിസഭയിൽ ചേർന്ന് സിസ്റ്റർ ഹോളി ഫാമിലി എന്ന പേരുസ്വീകരിച്ചു. ഇപ്പോൾ ഇരിട്ടി യിൽ സേവനം ചെയ്യുന്നു.

## പോപ്പ് മകൻ ഔത

ഔതയുടെ ഏകപുത്രിയെ കലൂർ പുതിയാകുന്നേൽ ജോർജ്ജ് വിവാഹംചെയ്ത് നെടുങ്കണ്ടത്ത് താമസിക്കുന്നു.

## പോപ്പ് മകൻ മത്തായി

മത്തായി മരങ്ങാട്ടുപള്ളി തടിയനാനിക്കൽനിന്നും റോസമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ഏലമ്മ, റോസ, പാപ്പച്ചൻ, ചാക്കോ എന്നീ നാലു മക്കൾ ജനിച്ചു.

## പോപ്പ് മകൻ തൊമ്മച്ചൻ

തൊമ്മച്ചൻ പാലായിൽ തെരുവിൽനിന്നും അച്ചാമ്മയെ വിവാഹം ചെയ്ത് നെടുങ്കണ്ടത്ത് താമസിക്കുന്നു. ഇവർക്ക് നാല് ആൺമക്കളും രണ്ടു പെൺമക്കളുമുണ്ട്. പോപ്പ് മകൻ വർക്കി അവിവാഹിതനായി സഹോദരിയോടൊപ്പം താമസിക്കുന്നു.

പോപ്പിൻെറ മകൾ കുഞ്ഞുപെണ്ണിനെ പന്തത്തല പാലക്കുടിയിൽ വിവാഹംചെയ്തയച്ചു. ഇപ്പോൾ പിണ്ണാക്കിനാട്ട് താമസിക്കുന്നു പോപ്പി ൻെറ മകൾ മാമ്മിയെ കൊഴുവനാൽ പൊറത്തൂട്ട് വിവാഹംചെയ്ത് ഇപ്പോൾ നെല്ലിപ്പാറയിൽ താമസിക്കുന്നു.

## പുളിക്കൽ കരോട്ട് ശാഖ

കരോട്ട് പുളിക്കൽ താമസിച്ച ഉണ്ണിച്ചെറിയതിന് ഉലഹന്നാൻ, മത്തായി, അവിരാ, ഔസേപ്പ് എന്നീ നാലു ആൺമക്കൾ ജനിച്ചു.





## ഉണ്ണിച്ചെറിയത് മകൻ ഉലഹന്നാൻ

ഉണ്ണിച്ചെറിയത് മകൻ ഉലഹന്നാൻ ആദ്യം മേവിടെ കണയംമാക്കൽ നിന്നും വിവാഹം ചെയ്തു. ഈ വിവാഹത്തിൽ ജനിച്ച ഏകപുത്രിയെ കണികതോട് വിവാഹംചെയ്തയച്ചു. ആദ്യഭാര്യ മരണമടഞ്ഞപ്പോൾ അതിരമ്പുഴ വടാശ്ശേരിയിൽനിന്നും വിവാഹം കഴിച്ചു. ഈ വിവാഹത്തിൽ ഒരാണും മൂന്നു പെണ്ണും ജനിച്ചു. പുത്രൻ ചെറിയാൻ തോടനാൽ പാറക്കുളങ്ങരയിൽനിന്നും വിവാഹംചെയ്ത് തോക്കാട്ട് താമസിക്കുന്നു. ഇദ്ദേഹത്തിന്ന് അഞ്ചു ആൺമക്കളും മൂന്നു പെൺമക്കളുമുണ്ട്.

## ഉണ്ണിച്ചെറിയത് മകൻ മത്തായി

ഉണ്ണിച്ചെറിയതിൻെറ മകൻ മത്തായി മീനച്ചിൽ ചാത്തനാട്ടുനിന്നും ഏലിയെ വിവാഹം ചെയ്തു. ഇവർക്ക് ചെറിയാൻ, മത്തായി, ജോസഫ്, ഉലഹന്നാൻ (ജോൺ) എന്നീ നാലു ആൺമക്കളും മൂന്ന് പെൺമക്കളും ഉണ്ട്. മൂത്തപുത്രൻ ചെറിയാൻ കാഞ്ഞിരമറ്റം ചെരിപുറത്തു നിന്നും വിവാഹം കഴിച്ചു. ഇദ്ദേഹത്തിന്ന് മൂന്നു ആൺമക്കൾ ജനിച്ചു.

രണ്ടാമൻ മത്തായി പുവരണി പൗവ്വത്തിൽനിന്നും വിവാഹംകഴിച്ചു. ഇദ്ദേഹത്തിന് മൂന്ന് ആൺമക്കളുണ്ട്.

മൂന്നാമൻ ജോസഫ് കുഴിയാംപ്ലാവിൽനിന്നും വിവാഹം കഴിച്ചു. ഇവർക്ക് നാലു ആൺമക്കൾ ഉണ്ട്. ഇളയപുത്രൻ ഉലഹന്നാൻ വിവാഹിതനായി തോക്കാട്ട് താമസിക്കുന്നു. ഇദ്ദേഹത്തിന്ന് ആറ് ആൺമക്കളും രണ്ടു പെൺമക്കളുമുണ്ട്.

## ഉണ്ണിച്ചെറിയത് മകൻ അവിരാ

ഉണ്ണിച്ചെറിയത് മകൻ അവിരാ കാഞ്ഞിരമറ്റം ചെരിപുറത്തുനിന്നും വിവാഹംചെയ്തു. ഇവർക്ക് ഒരു ആൺകുട്ടിയും നാല് പെൺമക്കളും ഉണ്ട്. ഏകപുത്രൻ ഔസേപ്പ് (പാപ്പച്ചൻ) മൂഴൂരിൽ താമസിക്കുന്നു. അദ്ദേഹത്തിന്ന് രണ്ടാൺമക്കളും രണ്ടു പെൺമക്കളുമുണ്ട്.

## ഉണ്ണിച്ചെറിയത് മകൻ ഔസേപ്പ്

ഔസേപ്പ് പാലാ പൊടിമറ്റത്തുനിന്നും മറിയത്തിനെ വിവാഹം ചെയ്തു ഇവർക്ക് ഏലി, ചെറിയാൻ, ചാക്കോ, ജോസഫ്, ജോൺ,

സിസ്റ്റർ ജെന്നറ്റ്, മറിയാമ്മ എന്നീ ഏഴ് മക്കൾ ഉണ്ട്. ഔസേപ്പ് മകൾ ഏലിയെ പാലാ കിഴക്കേൽ ചാണ്ടി വിവാഹംചെയ്തു.

## ഔസേപ്പ് മകൻ ചെറിയാൻ

മേവിട പേണ്ടാനത്തു (മാളിയേക്കൽ)നിന്നും റോസമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ജോസഫ്, മേരി, തോമസ്സ്, ചാക്കോച്ചൻ, കുട്ടിയച്ചൻ, തങ്കമ്മ എന്നീ ആറു മക്കൾ ജനിച്ചു. ചെറിയാൻെറ മൂത്തപുത്രൻ ജോസഫ് രാമപുരം കാഞ്ഞിരത്താംകുന്നേൽ ത്രേസ്യാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് മൂന്ന് ആൺമക്കളുണ്ട്.

മേരിയെ തോടനാൽ ഉള്ളുരുപ്പിൽ ഉലഹന്നാൻ വിവാഹംചെയ്തു. തോമസ്സ് പാലാ പുതിയാപറമ്പിൽനിന്നും അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് മൂന്ന് മക്കളുണ്ട്. മൂത്തമകൾ നീത M.Sc. BEd പാലാ ബ്രില്യൻറ് സ്റ്റഡിസെൻററിൽ ടീച്ചറാണ്. രണ്ടാമത്തെ പുത്രി നൈസിമെഡിസിൻ വിദ്യാർത്ഥിയും, പുത്രൻ നോബി എഞ്ചിനിയറിംഗ് വിദ്യാർത്ഥിയു മാണ്. തോമസ്സ് വില്ലേജ്ഓഫീസർ ആണ്. അന്നമ്മ അദ്ധ്യാപികയാണ്.

ചെറിയാൻെറ നാലാമത്തെ പുത്രൻ ചാക്കോച്ചൻ നീറന്താനം പുന്നത്താനത്തുനിന്നും ഫിലോയെ വിവാഹംകഴിച്ചു. ഇവർക്ക് മൂന്ന് പെൺമക്കളുണ്ട്. ചെറിയാൻെറ മകൻ കുട്ടിയച്ചൻ കാഞ്ഞിരമറ്റം ചെരിപുറത്ത് വത്സമ്മയെ വിവാഹംചെയ്തു. ഇവർക്ക് രണ്ടാൺമക്കളും ഒരു പെൺകുട്ടിയുമുണ്ട്. കുട്ടിയച്ചൻ അകാലത്തിൽ നിര്യാതനായി. ചെറിയാൻെറ ഇളയപുത്രി തങ്കമ്മയെ പാലക്കാട് ചേറ്റാതിൽ ജോസ് വിവാഹം ചെയ്തു. തങ്കമ്മ കോളേജ് അദ്ധ്യാപികയാണ്.

## ഔസേപ്പ് മകൻ ചാക്കോ

ചാക്കോ തൊടുകയിൽ മത്തായി മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്ത് കുടിയാന്മല താമസിക്കുന്നു. ഇവർക്ക് ജോസ്, ജോയി എന്നീ രണ്ടാൺമക്കളും ആറു പെൺമക്കളുമുണ്ട്. ത്രേസ്യാമ്മ നിര്യാതയായി.

## ഔസേപ്പ് മകൻ ജോസഫ്

ജോസഫ് മൂഴൂർ വലിയകരോട്ടുനിന്നും കത്രിയെ വിവാഹം ചെയ്ത് അരുവിക്കുഴിയിൽ താമസിക്കുന്നു. ഇവർക്ക് ജോസ്, ബേബി എന്നീ രണ്ടു ആൺമക്കളും രണ്ട് പെൺമക്കളുമുണ്ട്.





## ഔസേപ്പ് മകൻ ജോൺ (കുഞ്ചിലോ)

ജോൺ കാഞ്ഞിരമറ്റം തൈക്കൂട്ടത്തിൽനിന്നും ഏലിയെ വിവാഹം ചെയ്തു കരുവഞ്ചാലിൽ താമസിക്കുന്നു. ഇവർക്ക് ബേബി, ജോളി, ജോയി എന്നീ മൂന്ന് ആൺമക്കളും ഷൈനിയെന്ന ഒരു പുത്രിയുമുണ്ട്. ജോളി വൈദികനായി ഇൻഡോറിൽ ജോലിചെയ്യുന്നു.

ഔസേപ്പിൻെറ ആറാമത്തെ പുത്രി സി. ജെനറ്റ് സി.എം.സി സഭയിൽ കന്യാസ്ത്രീയായി സേവനംചെയ്യുന്നു.

ഔസേപ്പിൻെറ ഇളയപുത്രി മറിയാമ്മയെ മേവിടയിൽ മേക്കാട്ടുകുന്നേൽ വർക്കി വിവാഹംചെയ്ത് മേവിടയിൽ താമസിക്കുന്നു. ഔസേപ്പ് മറിയാമ്മ ദമ്പതികളുടെ പുത്രനാണ് വടവാതൂർ സെമിനാരി പ്രൊഫ. റവ. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ.

# വെട്ടിക്കാട്ട്-വയലിൽ ശാഖ

എ.ഡി. 17-ാം നൂറ്റാണ്ടിൻെറ ആരംഭഘട്ടത്തിൽ വെട്ടിക്കാട്ട് തറവാട്ടിൽ താമസിച്ചിരുന്ന എറകോന്നി ഇട്ടിച്ചെറിയയുടെ ഏഴുമക്കളിൽ ഒരാളായ തൊമ്മൻ എന്നു പേരുള്ള ഒരു കാരണവർ മേവിട തോടിനു കിഴക്കുവശം വെട്ടിക്കാട്ട് വയലിൽ എന്ന കുടുംബപ്പേരിൽ മാറിത്താമസിച്ചു.

## ഐക്കരശാഖ

വെട്ടിക്കാട്ടു താമസിച്ച തൊമ്മൻെറ മക്കളിൽ ഒരാൾ മേവിട തോടിന് അക്കരെയിലേക്ക് (പടിഞ്ഞാറുവശം) മാറിത്താമസിച്ചു. പിൽക്കാലത്ത് ഐക്കര എന്നപേരിൽ അറിയപ്പെടുന്നതും പ്രശസ്തമായി ഇന്നും നിലകൊള്ളുന്നതുമായ ഐക്കര തറവാടിൻെറ ആരംഭം ഇപ്രകാരമാണെന്ന് വിശ്വസിക്കപ്പെടുന്നു.

## തണ്ണിപ്പാറ കുടുംബം

ഐക്കരയിൽനിന്നും പിരിഞ്ഞുപോയ ഒരു ശാഖയാണ് കൊഴുവനാലിലും പരിസരങ്ങളിലും ഉള്ള തണ്ണിപ്പാറ കുടുംബക്കാർ. ഈ കുടുംബങ്ങൾ മൂഴൂർ, വാഴൂർ, പാലാ എന്നീ സ്ഥലങ്ങളിൽ താമസിക്കുന്നു.

വയലിൽനിന്നും ഒരു കാരണവർ മേവിട മലയിരുത്തിയിൽ പൂവക്കുളത്ത് എന്ന വീട്ടുപേരിൽ മാറിത്താമസിച്ചു. തൊമ്മൻ എന്നുപേരുള്ള അദ്ദേഹത്തിന് അഞ്ച് പുത്രന്മാരാണുണ്ടായിരുന്നത്. അവരിൽ ചെറിയത് എന്നപേരിലറിയപ്പെട്ടിരുന്ന ആൾ പൂവക്കുളത്തു തറവാട്ടിലും വർക്കി എന്നയാൾ മുല്ലക്കരി തകിടിയേൽ എന്ന വീട്ടുപേരിലും എബ്രാഹം എന്നയാൾ വടയാറ്റുകുന്നേൽ എന്ന വീട്ടുപേരിലും തൊമ്മൻ എന്നയാൾ വടക്കേമുറിയിൽ എന്ന വീട്ടുപേരിലും അറിയപ്പെടുന്നു.

## പൂവക്കുളം ശാഖ

ഈ ശാഖയിൽപെട്ട വളരെയേറെ കുടുംബങ്ങൾ ഇപ്പോഴും കൊഴുവനാലുണ്ട്. വളരെ കുടുംബങ്ങൾ മലബാറിലും മറ്റും കുടിയേറിപ്പാർത്തിട്ടുമുണ്ട്. ഈ കുടുംബത്തിൽനിന്നും ധാരാളം വൈദികരും കന്യാസ്ത്രീകളും നാടിൻെറ പലഭാഗങ്ങളിലും സേവനം ചെയ്യുന്നു.





## വലിയപറമ്പിൽ കുടുംബം

ഈ ശാഖയിൽപെട്ട വളരെയധികം കുടുംബക്കാർ കാഞ്ഞിരമറ്റം, വാഴൂർ, ചാമംപതാൽ എന്നീ സ്ഥലങ്ങളിൽ മാറിത്താമസിച്ചുവരുന്നു. ഈ കുടുംബത്തിലെ സുപ്രധാനമായ ഒരു ശാഖയാണ് വരിക്കമാക്കൽ കുടുംബം. ഇവർ പള്ളിക്കത്തോട്ടിൽ താമസിക്കുന്നു.

## വടയാറ്റുകുന്നേൽ കുടുംബം

ഇവരിൽ പലരും കാഞ്ഞിരമറ്റം, വാഴൂർ എന്നീ സ്ഥലങ്ങളിലേയ്ക്ക് താമസം മാറിയിട്ടുണ്ട്. പലരും മലബാറിലേയ്ക്കും കുടിയേറിപ്പാർത്തു.

## വടക്കേമുറിയിൽ കുടുംബം

ഈ തായ്‌വഴിയിൽ അഞ്ചുപേരാണ് ഉണ്ടായിരുന്നത്. ഇവരിൽ തൊമ്മൻ കൊച്ചുമുറി എന്ന വീട്ടുപേരിലും ഔസേപ്പ് നെടുംതകിടിയേൽ എന്ന വീട്ടുപേരിലും മത്തായി കുഴുപ്പള്ളിൽ എന്നപേരിലും വർക്കി വടക്കേമുറിയിൽ എന്ന വീട്ടുപേരിലുമാണ് അറിയപ്പെടുന്നത്.

നെടുംതകിടിയേൽ കുടുംബത്തിൽ പ്രശസ്തരായ വൈദികരും കന്യാസ്ത്രീകളും ഉണ്ടായിട്ടുണ്ട്. വയലിൽ കുടുംബയോഗത്തിൻെറ ഇപ്പോഴത്തെ പ്രസിഡൻറ് ശ്രീ. വി. ഇ. എമ്മാനുവേൽ നെടുംതകിടിയേൽ, ഈ കുടുബശാഖയിൽപെട്ട ആളാണ്. ഇദ്ദേഹം റിട്ടയേർഡ് ഹൈസ്കൂൾ അദ്ധ്യാപകനാണ്.

## മറ്റു തായ്‌വഴികൾ

വയലിൽ കുടുംബത്തിൻെറമറ്റു സുപ്രധാന തായ്‌വഴികളാണ് മുണ്ടുപാലയ്ക്കൽ, ഇടിയാകുന്നേൽ, ചുരക്കുന്നേൽ, പതിക്കൽ, കിഴക്കേമുറിയിൽ എന്നീ കുടുംബങ്ങൾ.

വയലിൽ കുടുംബത്തിൻെറ ആദ്യകുടുംബയോഗം എറകോന്നി വയലിൽ കുടംബത്തിൽവച്ച് 1938 ഏപ്രിൽമാസം 3-ാം തീയതി ആരംഭിച്ചു. ഈ കുടുംബയോഗത്തിൻെറ സുവർണ്ണജൂബിലി 1990 ഡിസംബർ 2-ന് കൊഴുവനാൽ സ്കൂളിൽവച്ച് നടത്തുകയുണ്ടായി.

ഈ കുടുംബയോഗത്തിൻെറ ഇപ്പോഴത്തെ ഭരണസമിതിയംഗങ്ങൾ ശ്രീ. വി.ഇ. എമ്മാനു വേൽ നെടുംതകടി (പ്രസിഡൻറ്) ശ്രീ. പി.കെ. എമ്മാനുവേൽ പൂവക്കുളം (വൈസ്. പ്രസിഡൻറ്) ശ്രീ. ഷിബുജോൺ പൂവക്കുളം (സെക്രട്ടറി) ശ്രീ. തൊമ്മൻ ചെറിയാൻ കൊച്ചുമുറി (ട്രഷർ) എന്നിവരാണ്.

# തൊടുകയിൽ ശാഖ

എറകോന്നിയിൽ നിന്ന് വെട്ടിക്കാട്ടേയ്ക്ക് മാറിയ ആളിന്റെ പിൻതലമുറയിൽപ്പെട്ടതാണ് തൊടുകയിൽ കുടുംബത്തിലെ പ്രസിദ്ധനായ ഒരു തൊമ്മനാണ് തൊടുകയിൽ കൊച്ചുതൊമ്മൻ എന്നറിയപ്പെടുന്ന ഇട്ടി ഐപ്പ് കൊച്ചുതൊമ്മൻ.

ഇട്ടി ഐപ്പിന്റെ ആദ്യഭാര്യ മേവിട പരുവനാനിയ്ക്കൽ കുടുംബാംഗമായിരുന്നു. ആദ്യവിവാഹത്തിലെ ഏകമകൻ മാടത്താനിക്കുന്നേൽ താമസമാക്കി. ആദ്യഭാര്യയുടെ മരണശേഷം ഇട്ടി ഐപ്പ് രണ്ടാമത് ഏറ്റുമാനൂർ വടക്കുംകരയിൽ നിന്നും വിവാഹം ചെയ്തു. അതിൽ 4 ആൺമക്കളും 4 പെൺമക്കളും ഉണ്ടായി. ഇതിൽ മൂത്തയാൾ വർക്കി തൊടുകയിൽ താമസമാക്കി. രണ്ടാമത്തെയാൾ ഔസേപ്പ് കൊച്ചുകോട്ടയിൽ താമസമാക്കി. മൂന്നാമത്തെയാൾ മത്തായി മീനച്ചിൽ മൂലയിൽ താമസമാക്കി. പിന്നീട് നന്തികാട്ട് താമസിച്ചു. നാലാമൻ മാണി എഴുത്തുപള്ളിൽ താമസമാക്കി.

തൊടുകയിൽ താമസമാക്കിയ വർക്കിയുടെ എട്ടുമക്കളിൽ മൂത്തയാളായ വർക്കി മേവിട ഐക്കരയിൽ നിന്നും റോസമ്മയെ വിവാഹം ചെയ്തു. അവർ മുത്തോലിയിൽ താമസിച്ചിരുന്നു. 1916–ൽ മുത്തോലിയിൽ നിന്നും കടയനിക്കാടിന് താമസം മാറ്റി. ഇപ്പോൾ വർക്കിയുടെ മകന്റെ മകൻ അപ്പച്ചനും കുടുംബവും അവിടെ താമസിക്കുന്നു.

തൊടുകയിൽ വർക്കിയുടെ ഏകമകൾ ത്രേസ്യാമ്മയെ മീനച്ചിൽ കാഞ്ഞമല കുടുംബത്തിൽ കുഞ്ഞച്ചൻ വിവാഹം ചെയ്തു. ഇവർക്കു മക്കളില്ലായിരുന്നു.

തൊടുകയിൽ വർക്കിയുടെ രണ്ടാമത്തെ മകനായ തൊമ്മൻ പൊൻകുന്നം ഇടവകയിൽ അട്ടക്കുഴി ഏലിയാമ്മയെ വിവാഹം ചെയ്തു പൂവരണിപള്ളി ഇടവകയിൽ കൊച്ചുകൊട്ടാരത്ത് താമസമാക്കി. ഇവർക്ക് വർക്കി, തൊമ്മൻ, കുട്ടി, മറിയാമ്മ, തെയ്യാമ്മ എന്നീ അഞ്ചുമക്കൾ ഉണ്ടായിരുന്നു. വർക്കി പൂഞ്ഞാറ്റിൽ താമസമാക്കി. തൊമ്മൻ വാഴൂർ ചാമംപതാൽ ഇളങ്ങോയി പള്ളി ഇടവകയിൽ താമസമാക്കി. തൊമ്മന്റെ ഏറ്റവും ഇളയ മകൻ കുഞ്ഞൂഞ്ഞും കുടുംബവും ഇവിടെ താമസിക്കുന്നു.

തൊടുകയിൽ വർക്കിയുടെ മൂന്നാമത്തെ മകൻ ഔസേഫ് മുത്തോലി പള്ളിക്കു സമീപം താമസമാക്കി. ഔസേഫിന് മൂന്നാണും മൂന്നുപെണ്ണും മക്കളായി ഉണ്ട്. അവരിൽ മൂത്ത മകനായ ജോർജ്ജ് (കുഞ്ഞുസാർ) മുത്തോലി





സെന്റ് ജോർജ്ജ് സ്കൂളിൽ ദീർഘകാലം അദ്ധ്യാപകനായിരുന്നു. റിട്ടയർ ആയതിനുശേഷം ഇളയമകനായ മാണിക്കുട്ടിയോട് ഒപ്പം കുന്നോത്ത് (മലബാർ ഇരിട്ടി) താമസമാക്കി. ജോർജ്ജ് സാറിന്റെ മൂത്ത മകൻ കുട്ടപ്പൻ (ആന്റണി ജോർജ്ജ്) കുറച്ചുകാലം സെന്റ് തോമസ് ഹൈസ്കൂൾ പാലായിൽ അദ്ധ്യാപകനായിരുന്നു. ഇപ്പോൾ അമ്പായത്തോട് (മലബാർ) കുടുംബസമ്മേതം താമസിക്കുന്നു. ഔസേഫിന്റെ രണ്ടാമത്തെ മകനായ കൊച്ചാപ്പൻ പാപ്പിനിശ്ശേരിൽ താമസിച്ചിരുന്നു. കൊച്ചാപ്പനും ഭാര്യയും മരിച്ചുപോയി. മക്കളായ പാപ്പച്ചൻ, മാത്യു, ജോർജ്ജ്, മേരി എന്നിവർ പാപ്പിനിശ്ശേരിയിലും പരിസരത്തും താമസിക്കുന്നു. ഔസേഫിന്റെ മൂന്നാമത്തെ മകനായ കുഞ്ഞാപ്പൻ കോളയാട് താമസമാക്കി. കുഞ്ഞാപ്പന്റെ മക്കളായ അപ്പച്ചൻ, വത്സമ്മ, ലീലാമ്മ, ജോയി, സ്റ്റാനി, പ്രദീപ് എന്നിവർ സമീപ പ്രദേശങ്ങളിൽ താമസിക്കുന്നു. കുഞ്ഞാപ്പന്റെ ഭാര്യ ഏലിയാമ്മ മകൻ സ്റ്റാനിയോടൊപ്പം തറവാട്ടിൽ താമസിക്കുന്നു.

തൊടുകയിൽ വർക്കിയുടെ നാലാമത്തെ മകനായ പീലിപ്പോസ് വലിയ കൊട്ടാരത്തിൽ താമസമാക്കി. ആൺമക്കളായ വർക്കി പെരുവന്താനത്തും കുഞ്ഞൗത തറവാട് വീട്ടിലും കുഞ്ഞുകുട്ടി തറവാട് വീടിന് സമീപത്തും താമസമാക്കി. പീലിപ്പോസിന്റെ ഇന്നു ജീവിച്ചിരിക്കുന്ന ഏക മകൻ കുഞ്ഞുകുട്ടി ആകുന്നു. ത്രേസ്യാമ്മ എന്ന മകളും ജീവിച്ചിരിപ്പുണ്ട്. വർക്കി പീലിപ്പോസിന്റെ മൂത്ത മകൻ മേലോരത്തും രണ്ടാമൻ മണിയാറംകുടിയിലും താമസിക്കുന്നു. കുഞ്ഞൗതയുടെ മക്കളായ പുന്നൂസ്, തോമസ്, ജോസഫ്, ജോർജ്ജ്, മാണി, ഏലിക്കുട്ടി എന്നിവർ വലിയകൊട്ടാരം, ഉരുളികുന്നം പ്രദേശങ്ങളിൽ താമസിക്കുന്നു. കുഞ്ഞുകുട്ടിയുടെ മക്കളായ പോൾ, പെണ്ണമ്മ, അന്നമ്മ, മറിയമ്മ, റോസമ്മ, ഫിലോമ്മ എന്നിവർ വിവാഹിതരാണ്. പോൾ വലിയ കൊട്ടാരത്തിൽ മാതാപിതാക്കളോടൊപ്പം താമസിക്കുന്നു.

തൊടുകയിൽ വർക്കിയുടെ എട്ടുമക്കളിൽ ആറാമനായി ഉലഹന്നൻ പിറന്നു. ഭാര്യ ചിറക്കടവ് വാറ്റുകാട്ടിൽ കുടുംബാംഗം റോസമ്മ ആയിരുന്നു. ഉലഹന്നന് വർക്കി, മാമ്മി എന്നീ രണ്ടു മക്കൾ ഉണ്ടായിരുന്നു. വർക്കി ആദ്യം കൊച്ചുകൊട്ടാരത്തിലും പിന്നീട് വലിയകൊട്ടാരത്തിലും താമസമാക്കി. വർക്കിക്ക് ജോൺ, പാപ്പച്ചൻ, കുട്ടിയച്ചൻ, ജോസ് എന്നീ ആൺമക്കളും ചിന്നമ്മ, അക്കാമ്മ, മേരി എന്നീ പെൺമക്കളും ഉണ്ട്. അതിൽ ചിന്നമ്മയും അക്കാമ്മയും കന്യാസ്ത്രീകളാണ്. വർക്കിയുടെ മകൻ കുട്ടിയച്ചൻ ബാംഗ്ലൂരിൽ താമസിക്കുന്നു. വർക്കിയുടെ മക്കളുടെ മക്കളും ബാംഗ്ലൂരിൽ താമസിക്കുന്നുണ്ട്.

തൊടുകയിൽ വർക്കിയുടെ എട്ടുമക്കളിൽ ഏഴാമത്തെ മകനായി മാണി പിറന്നു. തറവാട്ടു വീടായ മേവിടയിൽ താമസിക്കുന്നു. മാണി കൊഴുവ

നാൽ പൊറുങ്ങനാൽ അന്നയെ വിവാഹം ചെയ്തു. മകനായ ജോസഫ് സാർ (കുഞ്ഞാപ്പൻ) ഭാര്യ അന്നക്കുട്ടിയോടൊപ്പം മേവിട താമസിക്കുന്നു. ജോസഫിന്റെ ഏകമകൻ 1965-ൽ മരണമടഞ്ഞു. പിന്നീട് ജോസഫ് തന്റെ സ്ഥലവും വീടും എസ്. ഡി. സന്യാസിനീസഭയ്ക്ക് അദ്ദേഹത്തിന്റെ മരിച്ചു പോയ മകന്റെ സ്മരണ നിലനിർത്തുന്നതിനായി ദാനം ചെയ്തു. ജോസഫും ഭാര്യയും കന്യാസ്ത്രീകളുടെ സംരക്ഷണത്തിൽ അവിടെത്തന്നെ താമസിക്കുന്നു. പെൺമക്കളായ ത്രേസ്യാ, റോസ എന്നിവർ കന്യാസ്ത്രീകളാണ്. ഇവരും ഏലി, അന്നക്കുട്ടി, മറിയം എന്നീ സഹോദരിമാരും മലബാറിന്റെ വിവിധ പ്രദേശങ്ങളിൽ കഴിയുന്നു. ഇവരിൽ മറിയം മരിച്ചുപോയി.

തൊടുകയിൽ വർക്കിയുടെ ഏറ്റവും ഇളയമകനായ മത്തായി മുത്തോലിയിൽ താമസമാക്കി. മത്തായി കൊഴുവനാൽ തെക്കെമുറിയിൽ റോസമ്മയെ വിവാഹം ചെയ്തു. ഇവർക്ക് മറിയം, അന്ന, ജോസഫ്, റോസ, ത്രേസ്യ, വർക്കി, മത്തായി എന്നീ മക്കൾ ഉണ്ടായി. കൊച്ച് എന്ന് വിളിക്കുന്ന റ്റി. എം. ജോസഫ് മംഗലത്തിൽ മറിയക്കുട്ടിയെ വിവാഹം ചെയ്ത് കൊച്ചു കൊട്ടാരത്തിൽ മകൻ ജയിംസിനോടൊപ്പം കഴിയുന്നു. മത്തായിയുടെ രണ്ടാമത്തെ മകനായ വർക്കി (പാപ്പച്ചൻ) കാഞ്ഞാറിൽ ചക്കിക്കാവിൽ താമസിക്കുന്നു. ആദ്യവിവാഹത്തിൽ രണ്ട് ആണുങ്ങളും മൂന്നു പെൺമക്കളും ഉണ്ട്. പാപ്പച്ചന്റെ രണ്ടാം വിവാഹത്തിൽ ഒരാൺകുട്ടിയും മൂന്നു പെൺകുട്ടികളുമുണ്ട്. മത്തായിയുടെ ഏറ്റവും ഇളയ മകനായ റ്റി. എം. മത്തായി (കുഞ്ഞൂഞ്ഞ്) മുത്തോലിയിൽ തറവാട്ടുവീട്ടിൽ താമസിക്കുന്നു. കുഞ്ഞൂഞ്ഞ് വിവാഹം കഴിച്ചിരിക്കുന്നത് മലയിഞ്ചിപ്പാറ മുളങ്കാശ്ശേരിൽ മറിയാമ്മയെയാണ്. മക്കളായി രണ്ട് ആണുങ്ങളും രണ്ടു പെൺകുട്ടികളും ഉണ്ട്. കുഞ്ഞൂഞ്ഞിന്റെ മകനായ സാബു ഡി. മാത്യു ഇപ്പോൾ പാലാ സെന്റ് തോമസ് കോളേജ് ലക്ചറ്റാണ്. സാബു. ഡി. മാത്യുവിന്റെ സഹോദരൻ സാനു അടിമാലിയിൽ താമസിക്കുന്നു. സാബു നാഗനൂലിൽ - മണ്ണൂർ കുടുംബചരിത്രകമ്മിറ്റിയിൽ അംഗമാണ്. കാഞ്ഞിരമറ്റം ഐയ്ക്കര ഷേർലിയാണ് ഭാര്യ. ഇവർക്ക് ഒരു ആൺകുട്ടിയും രണ്ടു പെൺകുട്ടികളും ഉണ്ട്.

## തൊടുകയിൽ ഇട്ടി ഐപ്പ് മകൻ തൊമ്മന്റെ വംശം

തൊടുകയിൽ ഇട്ടിഐപ്പ് തൊമ്മൻ ആദ്യം പരുവനാനിയ്ക്കൽ നിന്നും വിവാഹം ചെയ്തു. ആദ്യവിവാഹത്തിൽ 3 ആൺമക്കളും ഒരു മകളും ഉണ്ടായിരുന്നു. അതിൽ ഒരാളായ തൊമ്മൻ മാടത്താനിക്കുന്നേൽ താമസിച്ചിരുന്നു. ബാക്കി രണ്ട് ആണുങ്ങളും ചെറുപ്പത്തിലേ മരിച്ചുപോയി. മകളെ ഏറ്റുമാനൂർ കോഴിമുള്ളോർ കെട്ടിച്ചു. മാടത്താനിക്കുന്നേൽ തൊമ്മന്റെ മൂന്നാമത്തെ മകനായ മത്തായി ആദ്യം മേവിട തെക്കെ തൊടുകയിൽ താമസിച്ചിരുന്നു. പിന്നീട് പന്തത്തല താമസമാക്കിയ മത്തായിയെ മുത്തോലി പള്ളി





യിലെ സിമിത്തേരിയിൽ അടക്കിയതായി കാണുന്നു. തൊമ്മന്റെ മകനായ അവിരായുടെ മകൻ എടൂരിൽ താമസിക്കുന്നു.

## തൊടുകയിൽ ഇട്ടിഐപ്പ് മകൻ ഔസേഫ്, കൊച്ചുകോട്ട വംശം

തൊടുകയിൽ ഇട്ടി ഐപ്പ് മകൻ ഔസേഫ്, വർക്കി തൊടുക, എ.ഡി. 1851-ൽ ജനിച്ചു. ഇദ്ദേഹം കടുത്തുരുത്തി

മേപ്രത്ത് മറിയത്തെ വിവാഹം ചെയ്തു. ഇവർ തോടനാൽ താമസിച്ചു. ഇവർക്ക് രണ്ടു പെൺമക്കളും കുഞ്ഞ് എന്നു വിളിക്കുന്ന ഒരാണും ഉണ്ടായിരുന്നു. കുഞ്ഞിന്റെ മക്കളായി അഗസ്റ്റ്യൻ തൊടുക, മാത്യു തൊടുക, ജോസഫ് തൊടുക, മറിയം എന്നിവർ ഉണ്ടായിരുന്നു. അഗസ്റ്റ്യൻ തൊടുകയ്ക്ക് കുഞ്ഞച്ചൻ, മറിയം, അന്നക്കുട്ടി, അപ്പച്ചൻ എന്നീ നാലു മക്കൾ ഉണ്ടായി. കുഞ്ഞച്ചന് ആറു മക്കൾ ഉണ്ടായി. കുഞ്ഞച്ചൻ 35-ാം മൈലിൽ (മുണ്ടക്കയത്ത്) താമസിക്കുന്നു. മാത്യു തൊടുക മുണ്ടക്കയത്തു നിന്നും കല്ലാർപട്ടം കോളനിയിലേക്ക് കുടിയേറിപ്പാർത്തു. മാത്യു തൊടുകയുടെ മകനായ പാപ്പച്ചന് എട്ടു മക്കൾ ഉണ്ട്. ഇവർ കല്ലാർ - പട്ടം കോളനിയിൽ താമസിക്കുന്നു. മാത്യു തൊടുകയുടെ മറ്റൊരു പുത്രനായ ചെറിയാൻ തൊടുക 1946 - ൽ മരിച്ചു. മുണ്ടക്കയം, പുഞ്ചവയൽ, കല്ലാർ പട്ടം കോളനി എന്നീ പ്രദേശങ്ങളിൽ പിൻതലമുറക്കാർ താമസമാക്കിയിരിക്കുന്നു.

## തൊടുകയിൽ ഇട്ട്യേപ്പ് തൊമ്മൻ മകൻ മാണി- എഴുത്തു പള്ളിയിൽ വംശം

തൊടുകയിൽ ഇട്ട്യേപ്പ് തൊമ്മന്റെ ഇളയ മകൻ മാണി മേവിട അന്തീനാട് വീട്ടിൽ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. തുടർന്ന് അദ്ദേഹം എഴുത്തുപള്ളിയ്ക്കൽ താമസമാക്കി. ഇവർക്ക് നാലു മക്കൾ ഉണ്ട്. അതിൽ മൂത്ത മകൻ വർക്കി ചെറുപ്പത്തിലേ മരിച്ചു. മാണിയുടെ മൂന്നാമത്തെ മകൻ മത്തായി കിളിരൂർ മണിയാങ്കരിയിൽ ഏലിയെ വിവാഹം ചെയ്തു. മത്തായിക്ക് ആറ് ആൺമക്കളും ഒരു പെണ്ണും ഉണ്ടായി. ആൺമക്കളിൽ ജോസഫ്, പാപ്പച്ചൻ എന്നിവരേ ഇപ്പോൾ ജീവിച്ചിരിപ്പുള്ളൂ. മൂത്ത മകനായ ജോസഫ് ചേർപ്പുങ്കൽ അറയ്ക്കൽ മറിയക്കുട്ടിയെ 1943-ൽ വിവാഹം ചെയ്തു. ഇവർക്ക് എട്ടു മക്കൾ ഉണ്ട്. ആൺമക്കളെല്ലാവരും തന്നെ മേവിടയിൽ താമസിക്കുന്നു.

എഴുത്തുപള്ളിയ്ക്കൽ മത്തായിയുടെ മകൻ പാപ്പച്ചൻ വെട്ടിയ്ക്കാട്ടുകുന്നേൽ താമസമാക്കി. പാപ്പച്ചന് നാലു പെൺമക്കളും ഒരാണും ഉണ്ട്. മൂത്തമകളായ വത്സമ്മ കർമ്മലീത്താ മഠത്തിൽ ചേർന്ന് മംഗളഗിരിയിൽ സേവനം ചെയ്യുന്നു.

## തൊടുകയിൽ ഇട്ട്യേപ്പ് തൊമ്മൻ മകൻ മത്തായി - മൂലയിൽ വംശം

മത്തായി ആദ്യം മൂലയിൽ അന്നമ്മയെ വിവാഹം ചെയ്തു. ആ വിവാഹത്തിൽ മറിയം, ഏലി, തൊമ്മൻ, അന്ന എന്നീ നാലുമക്കൾ ഉണ്ടായിരുന്നു. ആദ്യഭാര്യയുടെ മരണശേഷം മത്തായി കൊച്ചുകരിപ്പാപ്പറമ്പിൽ മറിയാമ്മയെ വിവാഹം ചെയ്തു. രണ്ടാം വിവാഹത്തിൽ റോസ, ത്രേസ്യാ, മത്തായി, മറിയം എന്നീ നാലു മക്കൾ ഉണ്ടായി. മൂലയിൽ താമസമാക്കിയ മത്തായിയുടെ മൂത്ത മകനായ കുഞ്ഞച്ചൻ പാലാ കാപ്പിൽ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. തൊമ്മന്റെ മൂത്ത മകനായ മാത്യു (റ്റി. റ്റി. മാത്യു) തമ്പലയ്ക്കാട് കുന്നും പുറത്ത് ഏലിക്കുട്ടിയെ വിവാഹം ചെയ്ത് എരുമേലിയിൽ താമസമാക്കി. റ്റി. റ്റി. മാത്യുവിന് ആറ് പെൺമക്കളും രണ്ട് ആൺമക്കളും ഉണ്ട്. മാത്യുവിന്റെ ഇളയ മകൻ ജോ (മാത്യു) തിരവനന്തപുരം സെന്റ് സേവ്യേഴ്സ് കോളേജ് പ്രൊഫസർ ആണ്. കുഞ്ഞന്റെ രണ്ടുമത്തെ മകനായ തൊമ്മന് കുഞ്ഞ് എന്ന ഏകമകൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. കുഞ്ഞ് ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് പ്രൊഫസർ ആയിരുന്നു.

മൂലയിൽ താമസമാക്കിയ മത്തായി രണ്ടാം വിവാഹത്തിനുശേഷം മേവിട നന്തികാട്ട് താമസമാക്കി. മത്തായിക്ക് (മത്തൻ) മത്തായി എന്ന ഏകമകനെ ഉണ്ടായിരുന്നുള്ളൂ. മത്തന് മാത്യു, മറിയം, അന്ന, ജോൺ(അപ്പച്ചൻ) എന്നീ നാലു മക്കൾ ഉണ്ട്. മൂത്ത മകൻ മാത്യു കല്ലാറ്റിൽ താമസം തുടങ്ങി. ഇളയ മകനായ അപ്പച്ചൻ തറവാട്ടിൽ കഴിയുന്നു. അപ്പച്ചന് മൂന്ന് ആൺമക്കളും ഒരു മകളും ഉണ്ട്.



# എറകോന്നി പരിന്തിരിക്കൽ ശാഖ

എറകോന്നി ഇട്ടിച്ചെറിയായുടെ ഏഴുമക്കളിൽ ഒരാൾ മീനച്ചിൽ പരിന്തിരിക്കൽ മാറിത്താമസിക്കുക ഉണ്ടായി. എന്നാൽ കാലാന്തരത്തിൽ പരിന്തിരിക്കൽ കുടുംബക്കാർ എല്ലാവരും തന്നെ മീനച്ചിൽ പരിസരത്തുനിന്നും മറ്റിടങ്ങളിലേക്കു പോവുകയുണ്ടായി. നൂറ്റാണ്ടുകളായി ഈ കുടുംബക്കാരെ സംബന്ധിച്ച് യാതൊരു വിവരവും ഇല്ലായിരുന്നു. അടുത്ത നാളിൽ നാഗനൂലിൽ മണ്ണൂർ കുടുംബചരിത്ര പുസ്തകം എഴുതുവാൻ വേണ്ടിയുള്ള ഗവേഷണത്തിൽ പരിന്തിരിക്കൽ ശാഖയെപ്പറ്റി ചില വിവരങ്ങൾ കിട്ടുകയുണ്ടായി. എരുമേലി മുക്കൂട്ടുതറയിൽ പരിന്തിരിക്കൽ എന്നൊരു വീട്ടുകാർ ഉണ്ടെന്നും അവർ എറകോന്നി കുടുംബത്തിൽ നിന്നും പിരിഞ്ഞുപോയ തായ്‌വഴികൾ ആണെന്നും അറിഞ്ഞു. അതിനെത്തുടർന്ന് ഞങ്ങൾ ആ വീട്ടിൽ നേരിട്ടുപോയി കുടുംബകാര്യങ്ങൾ സംസാരിച്ചു. നമ്മുടെ കുടുംബത്തിൻെറ കാണാതെ കിടന്ന ശാഖ കണ്ടു കിട്ടിയപ്പോൾ ഞങ്ങൾക്കും അവർക്കും ഉണ്ടായ സന്തോഷം വർണ്ണനാതീതമായിരുന്നു. നമ്മുടെ ഉദ്യമത്തോട് സഹകരിച്ച്, കിട്ടാവുന്ന ചരിത്രരേഖകൾ സംഭരിച്ചു തരാമെന്ന് അവർ പറഞ്ഞു. നിർഭാഗ്യവശാൽ ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതുവരെയും മേൽപടി കുടുംബവിവരങ്ങൾ ഒന്നും ലഭിക്കുകയുണ്ടായില്ല. ആയതുകൊണ്ട് പരിന്തിരിക്കൽ കുടുംബത്തെക്കുറിച്ച് വിവരങ്ങൾ ഒന്നും ശേഖരിക്കാൻ സാധിച്ചില്ല. എങ്കിലും പരിന്തിരിക്കൽ ശാഖയിലെ കുടുംബങ്ങൾ എരുമേലിയിലും കേരളത്തിൻെറ പല ഭാഗങ്ങളിലും ഉണ്ടെന്ന് അറിയാൻ സാധിച്ചു. എന്നാൽ മേവിട, പന്തത്തല, തോടനാൽ എന്നീ പ്രദേശങ്ങളിൽ പരിന്തിരിക്കൽ എന്ന വീട്ടുപേരുള്ള കുടുംബങ്ങൾ മേവിട പുളിക്കൽ കുടുംബശാഖയിൽപ്പെട്ടവരാണ്.

# കുടകശ്ശേരിൽ ശാഖ

മേവിട വെട്ടിക്കാട്ട് പുരയിടത്തിൽ താമസിച്ച എറകോന്നി ഇട്ടിച്ചെറിയായുടെ ഏഴു മക്കളിൽ ഒരാളായ ഇട്ടിയവിരാ അയർക്കുന്നം കുടകശ്ശേരിൽ കുടുംബത്തിൽ നിന്നും ഒരു പെൺകുട്ടിയെ വിവാഹം കഴിച്ച് ദത്തവകാശമായി താമസിച്ചു. ഈ ഇട്ടിയവിരായുടെ പുത്രനായ ഇട്ടിത്തൊമ്മൻെറ സന്തതി പരമ്പരയിൽ പെട്ടവരാണ് ഇന്ന് അയർക്കുന്നം ഭാഗങ്ങളിൽ കാണുന്ന കുടകശ്ശേരിൽ കുടുംബക്കാർ. ഈ പെൺകുട്ടിയുടെ പൂർവ്വികർ കുറവിലങ്ങാട് പകലോമറ്റം കുടുംബക്കാരാണെന്ന് അവർ അവകാശപ്പെടുന്നു. കുടകശ്ശേരിൽ കുടുംബക്കാർ സംഭാവന ചെയ്ത സ്ഥലത്താണ് അയർക്കുന്നം പള്ളി, അയർക്കുന്നം മാർക്കറ്റ് മുതലായവ സ്ഥിതിചെയ്യുന്നത്. അയർക്കുന്നം പള്ളി സ്ഥാപകനായ റവ.ഫാ. സെബാസ്റ്റ്യൻ കുടകശ്ശേരി, നിമിഷകവി റവ. ഫാ. എബ്രാഹം കുടകശ്ശേരി, സാഹിത്യകാരനും പത്രാധിപരുമായിരുന്ന റവ. ഫാ. ലേത്തുസ് ഇ.ങ.ക. എന്നീ മഹാത്മാക്കൾ ഈ കുടുംബത്തിൽപെട്ടവരാണ്.

കുടകശ്ശേരിൽ കുടുംബയോഗം വളരെക്കാലമായി ഭംഗിയായി നടന്നുവരുന്നു. എറകോന്നി കുടുംബയോഗങ്ങളിലും 1998 ൽ നടത്തിയ എറകോന്നി മഹാസംഗമത്തിലും കുടകശ്ശേരി കുടുംബാംഗങ്ങൾ സജീവമായി പങ്കെടുത്തു. ഈ കുടുംബശാഖയെപ്പറ്റി കൂടുതൽ ചരിത്രരേഖകൾ ലഭിക്കാത്തതിനാൽ വളരെ വിശദമായ ഒരു ചരിത്രം ഈ ഗ്രന്ഥത്തിൽ ചേർക്കുവാൻ സാധിച്ചിട്ടില്ല.

ചരിത്രപരമായി ആയിരം വർഷങ്ങളിൽപരം പിന്നോട്ട് പോകുന്ന എറകോന്നി കുടുംബത്തിന്റെ ഏഴുശാഖകളിലൊന്നായ നാഗനൂലിൽ കുടുംബചരിത്രത്തെപ്പററിയുള്ള വിശദമായ പഠനമാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. ഈ ശാഖയോടൊപ്പം മററ് ആറു ശാഖകളെ പ്പററിയും രേഖപ്പെടുത്തിയിട്ടുള്ള ചരിത്രപരമായ വസ്തുതകൾ നാഗനൂലിൽ കുടുംബത്തിന്റെ സാമൂഹ്യമാനം എടുത്തുകാണിക്കുന്നു. ശാഖയുടെ പതിനേഴാം നൂററാണ്ടു മുതലുള്ള ചരിത്രപരമായ വളർച്ച വ്യക്തമാക്കുവാനുതകുന്ന ഒരു ഗ്രന്ഥമാണിത്.

നാഗനൂലിൽ കുടുംബത്തിന്റെ 60 - ൽപരം ശാഖകളെപ്പററിയും വിശദമായ ഒരു ചിത്രം വായനക്കാരന് അനായാസേന പകർന്നുകൊടുക്കുവാൻ സാധിക്കുന്നു എന്നുള്ളത് ഈ ചരിത്ര പുസ്തകത്തിന്റെ ഒരു പ്രത്യേകതയാണ്. ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഫോട്ടോകളും ചാർട്ടുകളും ചരിത്രപഠനം എളുപ്പമാക്കുന്നു.

അതോടൊപ്പം എറകോന്നി കുടുംബത്തിലെ നാഗനൂലിൽ ശാഖ സഭയുടെയും സമൂഹത്തിന്റെയും, വളർച്ചയ്ക്കായ് ചെയ്തിട്ടുള്ള സേവനങ്ങളും ഈ പുസ്തകത്തിന്റെ താളുകൾ വെളിപ്പെടുത്തുന്നു. ചരിത്രാന്വേഷകർക്ക് ഒരു വലിയ മുതൽക്കൂട്ടായിരിക്കും ഈ മഹത്ഗ്രന്ഥം.

Designed and Printed at : Don Bosco IGACT, Kochi-28. Ph: 0484-2806411